www.malankaralibrary.com

# വഴിവിളക്കുകൾ

(മലങ്കര സുറിയാനി കത്തോലിക്കാ സഭാ
പഞ്ചാംഗത്തിലെ വിശുദ്ധരുടെ ജീവചരിത്രം)

വൈദികർ 2018 – 2019

തിരുവനന്തപുരം മേജർ അതിഭദ്രാസനം

www.malankaralibrary.com

Title : **Vazhivilakkukal**
(Malayalam)

Contributors : Aby Attupurakadayil, Varghese Pulluvila Thekkethil,
Justin Kuzhivilayil, George Kurakkott,
Joshua Manimalaparambil,
Cyril Mavinazhikathu, Mathew Mundaplackal,
Abraham Muruppel

Published by : Commission for Theology & Publication
Major Archdiocese of Trivandrum

Printed at : St. Mary's Press
Pattom, Trivandrum 695004
Ph: 0471- 2446116

Copyright to : The Publisher

Published on : 15th July 2020

Copies : 500

Price : ₹250/-

© Commission for Theology & Publication
All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the Publisher.

www.malankaralibrary.com

# ഉള്ളടക്കം


| | |
|---|---|
| അനുഗ്രഹാശംസ | 5 |
| മുഖമൊഴി | 7 |
| നവംബർ മാസത്തിലെ വിശുദ്ധർ | 9–33 |
| ഡിസംബർ മാസത്തിലെ വിശുദ്ധർ | 34–49 |
| ജനുവരി മാസത്തിലെ വിശുദ്ധർ | 50–87 |
| ഫെബ്രുവരി മാസത്തിലെ വിശുദ്ധർ | 88–97 |
| മാർച്ച് മാസത്തിലെ വിശുദ്ധർ | 98–104 |
| ഏപ്രിൽ മാസത്തിലെ വിശുദ്ധർ | 105–116 |
| മെയ് മാസത്തിലെ വിശുദ്ധർ | 117–145 |
| ജൂൺ മാസത്തിലെ വിശുദ്ധർ | 146–164 |
| ജൂലൈ മാസത്തിലെ വിശുദ്ധർ | 165–185 |
| ആഗസ്റ്റ് മാസത്തിലെ വിശുദ്ധർ | 186–207 |
| സെപ്റ്റംബർ മാസത്തിലെ വിശുദ്ധർ | 208–220 |
| ഒക്ടോബർ മാസത്തിലെ വിശുദ്ധർ | 221–244 |

www.malankaralibrary.com

www.malankaralibrary.com

THE SYRO-MALANKARA CATHOLIC CHURCH
MAJOR ARCHDIOCESE OF TRIVANDRUM

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA

# അനുഗ്രഹാശംസ

ഈ ഭൂമികയിൽ ആർദ്രതയുടെയും വിശുദ്ധിയുടെയും വഴിവിളക്കുകായ് മാറുക എന്നതാണ് ഓരോ മനുഷ്യനും അർജ്ജിച്ചെടുക്കേണ്ട ജീവിത സുകൃതം. ക്രിസ്തുവിന്റെ സ്നേഹസാക്ഷ്യമായും.... മനുഷ്യ ജീവിതങ്ങൾക്കു അലിവിന്റെ ആൾരൂപമായും... കണ്ടുമുട്ടുന്നവർക്കെല്ലാം നൈർമല്യത്തിന്റെ പ്രതിബിംബമായും ഒപ്പം നടക്കുന്നവർക്ക് സാഹോദര്യത്തിന്റെ മുഖക്കണ്ണാടിയായും മാറുക എന്നതാണ് ഓരോ ക്രൈസ്തവന്റെയും ജീവിത നിയോഗം. അധികാര ധാർഷ്ഠ്യങ്ങളുടെയും, അധികരിക്കുന്ന സ്നേഹരാഹിത്യങ്ങളുടെയും നടുവിൽ സ്നേഹത്തിന്റയും ആർദ്രതയുടെയും വഴിവെളിച്ചമായി മാറുമ്പോഴാണ് ഓരോ മനുഷ്യ ജീവിതവും വെളിച്ചം പകരുന്ന മൺചിരാതുകളായി മാറുന്നത്.

'വഴിവിളക്കുകൾ' എന്ന പുസ്തകം, പാദങ്ങൾ പൂഴിമണ്ണിൽ ചവിട്ടിനടന്നപ്പോഴും സ്വർഗ്ഗത്തിലേക്കു മിഴികൾ പായിച്ചു ജീവിതം ക്രമീകരിച്ച കുറെ സുകൃത ജീവിതങ്ങളെ നമുക്ക് മുൻപിൽ അക്ഷരക്കൂടുകളിലൂടെ തുറന്നുവയ്ക്കുന്നു. നിശബ്ദമായ രാവിന്റെ ഇരുളിമയിൽ പൂത്തുലയുന്ന നക്ഷത്രവെട്ടങ്ങളെ ഓർമപ്പെടുത്തുന്നു, ഓരോ വിശുദ്ധനും. അതെ, ഭൂമിയിൽ പടർന്ന ഇരുളിമയെ മായ്ക്കുവാൻ പ്രകാശനൂപുരങ്ങളായി മാറിയ വിൺതാരകങ്ങൾ തന്നെയാണ് ഓരോ വിശുദ്ധനും/വിശുദ്ധയും.

www.malankaralibrary.com

ജീവിത വിശുദ്ധിയെന്നത് ഓരോ പുണ്യവാനും പുണ്യവതിയും തങ്ങളുടെ നിർമ്മലമായ ജീവിതത്തെ പകർത്തിയെഴുതിയതാണ്. ജീവിതത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകി, അവിടുത്തെ സ്നേഹത്തിന്റെ നീളവും വീതിയും ആഴവും പരപ്പും അളക്കുവാൻ ശ്രമിച്ച ഓരോരുത്തരുമാണ് ഓരോ കാലഘട്ടത്തിലെയും വിശുദ്ധാത്മാക്കൾ. 2018-ൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദികപട്ടം സ്വീകരിച്ച നവ വൈദികരാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാക്കൾ. അവരെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. ഓരോ ദിവസത്തെയും വിശുദ്ധ ജീവിതവും വിശുദ്ധ വായനയും വായനക്കാരെ കൂടുതൽ ദൈവസ്നേഹത്തിലേക്കും മനുഷ്യത്വത്തിലേക്കും ആനയിക്കട്ടെ!

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

www.malankaralibrary.com

# മുഖമൊഴി

മാർ സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് സഭയുടെ പ്രവർത്തനരംഗം ജറുസലേമിൽ നിന്ന് അന്ത്യോക്യയിലേക്ക് മാറി. എ.ഡി. 70-ൽ ജറുസലേം തകർന്നതോടെ അന്ത്യോക്യ ക്രൈസ്തവരുടെ ഏറ്റവും പ്രധാന സഭാകേന്ദ്രമായി. യേശുവിന്റെ ശിഷ്യന്മാർ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ്. ക്രിസ്തീയ സമൂഹമെന്ന നിലയിൽ അന്ത്യോക്യയിലെ ക്രിസ്തീയ വിശ്വാസികളുടേതായ ആരാധനക്രമത്തിലും മതാനുഷ്ഠാന രീതികൾക്കും രൂപം നല്കി. ഭക്തിരസം തുളുമ്പുന്ന ആരാധനരീതികൾ അന്ത്യോക്യൻ ആരാധനക്രമത്തെ സാധാരണ ക്കാരായ വിശ്വാസികൾക്ക് ഇടയിൽ സ്വീകാര്യതയുള്ളതാക്കി തീർത്തു. വിശ്വാസികളുടെ ആരാധനക്രമം എന്നാണ് ഈ ആരാധനക്രമത്തെ വിശേഷിപ്പിക്കുന്നത്. അന്ത്യോക്യയിലെ സുറിയാനി കത്തോലിക്കർ ഉപയോഗിച്ചിരുന്ന അതേ ആരാധനക്രമമാണ് മലങ്കര സുറിയാനി കത്തോലിക്കർ ഉപയോഗിക്കുന്നത്. എപ്പോഴാണ് മനുഷ്യജീവിതം സുന്ദരമാകുന്നത്. എപ്പോഴാണ് മനുഷ്യൻ സൗഭാഗ്യമുള്ളവനായി തീരുന്നത്. എപ്പോഴാണ് ജീവിതം വിജയിച്ചു എന്നു കരുതാവുന്നത്. ഈ ചോദ്യങ്ങൾക്ക് ജീവിതത്തിലൂടെ ഉത്തരം നൽകിയവരാണ് വി. ആത്മാക്കൾ. വിശുദ്ധരുടെ കാലം എന്നേക്കും അവസാനിച്ചു എന്ന് പറയുന്നവർക്ക് തെറ്റി. ദൈവം മതഗ്രന്ഥങ്ങളുടെ ജീർണ്ണിച്ച ഏടുകളിൽ ഒതുങ്ങിക്കഴിയും എന്ന് ഭാവന ചെയ്തവർക്കും തെറ്റി. ദൈവം വലിയ വിശുദ്ധരെ ഈ കാലഘട്ടത്തിനായി ഒരുക്കി തന്റെ സഭയ്ക്ക് നൽകുന്നുവെന്നത് കണ്ണുതുറന്ന് നമുക്ക് കാണാം. ലോകമോഹ ങ്ങളെയും സ്വന്തബന്ധങ്ങളെയും പരിത്യജിച്ച് എങ്ങനെ മുന്നേറാമെന്ന് വിശുദ്ധർ നമ്മെ പഠിപ്പിച്ചു. ഈ ലോകജീവിതം ഒരു വിപ്രവാസം ആണെന്നും നമ്മുടെ യഥാർത്ഥ ഭവനം സ്വർഗമാണെന്നും അവർ നമുക്ക് പറഞ്ഞുതന്നു.

www.malankaralibrary.com

ഈ പുസ്തകം ദൈവശാസ്ത്ര ചിന്തകളുടെ സമാഹാരമല്ല. ആത്മീയ ജീവിതങ്ങളുടെ ഒരു പുനർവായനയാണ്. ഇതിലെ വിവരങ്ങൾ മനുഷ്യജീവിതത്തിലെ പച്ചയായ ജീവിത അനുഭവങ്ങളാണ്. ഇത് നമ്മുടെ ക്രിസ്തീയ വിശ്വാസത്തെ ബലപ്പെടുത്തുന്നതിനും നമ്മുടെ ക്രിസ്തീയ ജീവിത വഴിയിൽ വഴിവിളക്കാകുന്നതിനും ഇടയാക്കും. ഈ പുസ്തകരചനയ്ക്ക് സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാ അനുഗ്രഹാശംസ ആത്മാവിന്റെ അക്ഷരങ്ങളിൽ എഴുതിച്ചേർത്തു. നിരന്തരം ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്ന, തിരക്കുകൾക്കിടയിലും പുസ്തകത്തിന് വേണ്ട തിരുത്തലുകളും നിർദ്ദേശവും നൽകിയ അഭിവന്ദ്യ ബാവാ തിരുമേനിയെ നന്ദിയോടെ ഓർക്കുന്നു. പൗരോഹിത്യ ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും ഈ പുസ്തകം സസൂക്ഷ്മം വായിച്ച് തിരുത്തലുകൾ നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥൻ ജോസഫ് പൂവത്തുംതറയിൽ അച്ചനും സെമിനാരിയിലെ എല്ലാ അധ്യാപകർക്കും ഞങ്ങളെ വിവിധ രീതിയിൽ സഹായിച്ച ശെമ്മാശ്ശന്മാർക്കും സി. ഉന്നത എസ്.ഐ.സി, ഉണ്ണി അമ്മയമ്പലം എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു. പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത കമ്മീഷൻ ഫോർ തിയോളജി & പബ്ലി ക്കേഷൻനും പുസ്തകത്തിന്റെ തിരുത്തലുകളും മുദ്രണവും ഭംഗിയായി നിർവ്വഹിച്ച സെന്റ് മേരീസ് പ്രസ്സിനും വിശിഷ്യാ അതിന്റെ ഡയറക്ടർ ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ അച്ചനും, ജോസഫ് പുളി മൂട്ടിൽ അച്ചനും സ്റ്റാഫംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി! ഈ എളിയ ഗ്രന്ഥം വായിക്കുകയും പഠിക്കുകയും ചെയ്യുന്ന എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്

വൈദികർ 2018-19

തിരുവനന്തപുരം മേജർ അതിഭദ്രാസനം

www.malankaralibrary.com

# നവംബർ
# (തെശ്രീൻ ഹ്രോയി)

## നവംബർ 1 സകല വിശുദ്ധർ

വിശുദ്ധർ എന്ന് നാമകരണം ചെയ്യപ്പെട്ടതും ചെയ്യപ്പെടാത്തതുമായി സ്വർഗത്തിലുള്ള എല്ലാ വിശുദ്ധരെയും ഓർക്കുന്ന ദിനമാണ് സകല വിശുദ്ധരുടെയും തിരുനാൾ. പാശ്ചാത്യ സഭയിൽ ഈ തിരുനാൾ നവംബർ 1-ാം തീയതിയും പൗരസ്ത്യ ഓർത്തഡോക്സ്, കത്തോലിക്കാ സഭകളിൽ ഈ തിരുനാൾ പെന്തിക്കൊസ്തിക്കു ശേഷം വരുന്ന ആദ്യ ഞായറാഴ്ചയുമാണ് ആഘോഷിക്കുന്നത്. ഈ തിരുനാളാഘോഷത്തിന്റെ അടിസ്ഥാനം സ്വർഗത്തിൽ ഉള്ളവരും (വിജയ സഭ) ഭൂമിയിലുള്ളവരും (സമരസഭയും) തമ്മിൽ വളരെ ശക്തമായ ഒരു ആദ്ധ്യാത്മികബന്ധം നിലനിൽക്കുന്നു എന്നുള്ളതാണ്. ക്രൈസ്തവ ജീവിതത്തിൽ നമുക്ക് മാതൃകയായി നിൽക്കുന്ന വിശുദ്ധരുടെ ജീവിതങ്ങളെപ്രതി ദൈവത്തിന് നന്ദി പറയുന്നതിനുള്ള ദിവസമാണിത്. അനേകം ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തെപ്രതി റോമൻ ചക്രവർത്തിമാരുടെ കാലഘട്ടത്തിൽ രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്. ഇവരെ ഓർക്കുന്നതിനായി പ്രത്യേക ദിനങ്ങൾ മാറ്റിവച്ചിരുന്നു. 8-ാം നൂറ്റാണ്ടിൽ പോപ്പ് ഗ്രിഗറി മൂന്നാമനാണ് നവംബർ 1 സകല വിശുദ്ധരുടെയും തിരുനാളായി പ്രഖ്യാപിച്ചത്.

*വിചിന്തനം: "വിശുദ്ധരാവുക എന്നത് പ്രത്യേകം ചില ആളുകൾക്കായി മാത്രം ദൈവം നൽകുന്ന വിളിയല്ല; സകല ക്രൈസ്തവർക്കും നൽകുന്ന വിളിയാണ് (1 കോറി. 1:2). പൗലോസ് ശ്ലീഹാ ക്രൈസ്തവരെ വിളിച്ചിരുന്നത് വിശുദ്ധർ എന്നാണ്. ക്രൈസ്തവൻ ഈ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയി മാറേണ്ടവനാണ്. ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള മാർഗങ്ങളായി മാറട്ടെ നമ്മുടെ ജീവിതങ്ങൾ"*

www.malankaralibrary.com


## നവംബർ 3 നിഖ്യായിലെ 318 പിതാക്കൻമാർ

സഭയുടെ സത്യവിശ്വാസ സംരക്ഷണത്തിനും, സഭയുടെ പൊതു പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, പരിഹാരം നിർദ്ദേശിക്കുന്നതിനും സഭയുടെ ആരംഭകാലം മുതൽ സഭാ നേതാക്കന്മാരുടെ സമ്മേളനങ്ങൾ കൂടുക പതിവായിരുന്നു. ആദിമ സഭയിൽ വിജാതീയരെ സഭയിലേക്ക് സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രശ്നം കൈകാര്യം ചെയ്യുന്നതിനാണ് ജറുസലേം സൂനഹദോസ് വിളിച്ചുകൂട്ടിയത് (അപ്പ. പ്രവ. 15:1-15). തുടർന്ന് വിവിധ സ്ഥലങ്ങളിലുള്ള സഭയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അതാത് ഇടങ്ങളിലെ നേതാക്കന്മാരുടെ യോഗങ്ങൾ കൂടിയിരുന്നു. എന്നാൽ സഭാചരിത്രത്തിലെ ഏറ്റവും വലിയ സമ്മേളനം നടന്നത് എ.ഡി. 325-ൽ നിഖ്യയിലാണ്. ഇതിനെ നിഖ്യാ സൂനഹദോസ് എന്നു വിളിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 318 പിതാക്കന്മാരാണ് ഈ സൂനഹദോസിൽ പങ്കെടുത്തത്. ഇവരെയാണ് നിഖ്യായിലെ 318 പിതാക്കന്മാർ അഥവാ 318 ബാവാമാർ എന്ന് സഭാ ചരിത്രത്തിൽ അറിയപ്പെടുന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തിയാണ് സൂനഹദോസ് വിളിച്ചുകൂട്ടിയത്.

ആരിയൂസ് എന്ന അലക്സാണ്ട്രിയൻ വൈദികന്റെ അബദ്ധോപദേശത്തെ ചെറുത്ത് സത്യവിശ്വാസം പഠിപ്പിക്കാനാണ് ഈ സൂനഹദോസ് കൂടിയത്. പുത്രൻ സൃഷ്ടിയാണെന്നും, ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവനാണെന്നും, അവൻ ഇല്ലാതിരുന്ന സമയം ഉണ്ടെന്നും, പിതാവും പുത്രനും രണ്ട് സത്തയാണെന്നും ആരിയൂസ് പഠിപ്പിച്ചു. ഈ അബദ്ധോപദേശത്തെ തള്ളിക്കളഞ്ഞ പിതാക്കന്മാർ നിഖ്യാ വിശ്വാസപ്രമാണത്തിന് രൂപം നൽകി. ഈ വിശ്വാസപ്രമാണം എ.ഡി. 381-ൽ കൂടിയ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ വച്ച് കുറച്ചുകൂടി വ്യക്തതയോടുകൂടി ചിട്ടപ്പെടുത്തി. അതാണ് നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്നറിയപ്പെടുന്നത്. നമ്മുടെ സഭയിൽ ഉപയോഗിക്കുന്നത് ഈ വിശ്വാസപ്രമാണമാണ്.

സിനഡ് ആരിയൂസിനെ സഭയിൽ നിന്ന് പുറത്താക്കി. പുത്രൻ ദൈവമാണെന്നും അവൻ സൃഷ്ടിയല്ലെന്നും, സാരാംശത്തിൽ പിതാവിനോട് സമനാണെന്നും നിഖ്യാപിതാക്കന്മാർ പഠിപ്പിച്ചു. വൈദിക ജീവിതം, മെത്രാന്മാർ, മെത്രാന്മാരുടെ സ്ഥാനം, ആരാധനക്രമം എന്നീ

www.malankaralibrary.com


വിഷയങ്ങളെ സംബന്ധിച്ചു 20 കാനോനകൾക്ക് രൂപം നൽകി.

*വിചിന്തനം:- "സത്യവിശ്വാസത്തിന്റെ കാവൽക്കാരായിരുന്നു സഭാപിതാക്കന്മാർ. സത്യത്തോട് അവർക്ക് അദമ്യമായ സ്നേഹമുണ്ടായിരുന്നു. സത്യവിശ്വാസത്തിൽ മായം ചേർക്കാൻ പാടില്ല എന്ന ചിന്ത അവരെ നയിച്ചിരുന്നു. സത്യവിശ്വാസത്തിന് വേണ്ടി ജീവൻ ത്യജിക്കാൻ അവർ തയ്യാറായി. സത്യവിശ്വാസത്തിനെതിരെ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകൾക്കെതിരെ നിതാന്ത ജാഗ്രത നാം പുലർത്തേണ്ടതുണ്ട്. നമ്മുടെ വി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നു. കർത്താവേ, വി. സൂനഹദോസുകളിൽ ഉറപ്പിക്കപ്പെട്ട സത്യവിശ്വാസമാകുന്ന പാറമേൽ കരുണാപൂർവ്വം ഞങ്ങളെ എല്ലാവരെയും ഉറപ്പിക്കണമെ".*

## നവംബർ 7 — മിലിത്തീനിലെ 33 സഹദേന്മാർ

ഏ.ഡി. 296–ൽ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെയും മാക്സിമിയൻ ചക്രവർത്തിയുടെയും സംയുക്ത ഭരണത്തിൻകീഴിൽ നടന്ന മർദ്ദനകാലത്ത് കപ്പേദോച്ചിയായിൽ വച്ച് രക്തസാക്ഷിത്വം വരിച്ച 33 ധീരസാക്ഷികളാണ് മിലിത്തീനിലെ 33 സഹദേന്മാർ. ഇവരുടെ നേതാവ് ഹീറോൻ എന്ന യുവാവായിരുന്നു. ഹീറോൻ കപ്പദോച്ചിയായിലെ തിയാന എന്ന പ്രദേശത്ത് ഭക്തരായ മാതാപിതാക്കൾക്ക് ജനിച്ചു. ഹീറോന്റെ അമ്മ അന്ധയായിരുന്നു. ഈ അമ്മയെ അവൻ സ്നേഹപൂർവ്വം പരിചരിച്ചു. അക്കാലത്ത് യുവാക്കൾ നിർബന്ധപൂർവ്വം പട്ടാളസേവനം നടത്തണം എന്ന നിയമമുണ്ടായിരുന്നു. എന്നാൽ തന്റെ നിരാലംബയായ അമ്മയെ ഉപേക്ഷിക്കാൻ സാധിക്കാത്തതുകൊണ്ടും പട്ടാള സേവനത്തിൻകീഴിൽ വിജാതീയ ദേവന്മാർക്ക് ബലിയർപ്പിക്കേണ്ടി വരുമെന്നതുകൊണ്ടും അവൻ പട്ടാളത്തിൽ ചേരാൻ വിസമ്മതിച്ചു. എന്നാൽ ലിസിയാസ് എന്ന സൈന്യാധിപന്റെ നേതൃത്വത്തിൽ റോമൻ സൈന്യം കപ്പദോച്ചിയായിൽ ക്രിസ്ത്യാനികളെ ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും യുവാക്കളെ നിർബന്ധപൂർവ്വം സൈന്യസേവനത്തിന് ചേർക്കുകയും ചെയ്തു. മറ്റ് ക്രിസ്ത്യാനികളോടൊപ്പം അവർ ഹീറോനെയും അറസ്റ്റ് ചെയ്ത്, മിലിത്തീനിലെ ഗവർണറുടെ മുൻപിൽ ഹാജരാക്കി. പോകുന്നവഴി ഹീറോന് ഒരു ദർശനം ഉണ്ടായി. വെള്ളവസ്ത്രം ധരിച്ച ഒരാൾ പ്രത്യക്ഷപ്പെട്ട് ഹീറോനോട് പറഞ്ഞു "ഹീറോൻ ഭൂമിയിലെ രാജാക്ക

www.malankaralibrary.com


ന്മാർക്കുവേണ്ടി നീ യുദ്ധം ചെയ്യില്ല. സ്വർഗീയ രാജാവിന്റെ പേരിൽ നീ യുദ്ധം ചെയ്യും. വേഗം നീ മഹത്വവും ബഹുമാനവും സ്വീകരിക്കാൻ ആ സ്വർഗ്ഗീയ രാജാവിന്റെ അടുക്കലെത്തും". ഇത് കേട്ടപ്പോൾ അവന്റെ ഹൃദയം സന്തോഷത്താൽ തുടിച്ചു.

മിലിത്തീനിൽ അവർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. കാരാഗൃഹത്തിൽ വച്ച് തന്റെ സഹതടവുകാരെ ഹീറോൻ വിശ്വാസത്തിൽ ഉറപ്പിച്ചു. ഒരാളൊഴികെ ബാക്കി എല്ലാവരും ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം ഏറ്റുപറഞ്ഞു. തങ്ങളെത്തന്നെ ബലിയർപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. സൈന്യം വിജാതീയ ദൈവങ്ങൾക്ക് ബലിയർപ്പിക്കാൻ അവരെ പ്രേരിപ്പിച്ചു. എന്നാൽ ഹീറോനും മറ്റ് ധീരന്മാരും തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിന്നു. പീഡകർ ഹീറോന്റെ ഒരു കൈ ഛേദിച്ചു. തുടർന്ന് ഹീറോനെയും മറ്റ് 32 പേരെയും ചമ്മട്ടികൊണ്ട് അടിക്കുകയും നിരവധി പീഡകൾക്ക് വിധേയമാക്കുകയും ചെയ്തശേഷം ശിരഛേദം ചെയ്തു. കൊലക്കളത്തിലേക്ക് നയിക്കപ്പെടുമ്പോൾ അവർ ആലപിച്ചു: "അപങ്കിലമായ മാർഗത്തിൽ ചരിക്കുന്നവർ, കർത്താവിന്റെ നിയമം അനുസരിക്കുന്നവർ, ഭാഗ്യവാന്മാർ" (സങ്കീ. 119:1).

ക്രിസാന്തോസ് എന്ന് വിളിക്കപ്പെടുന്ന ഒരു ഭക്തനായ ക്രിസ്ത്യാനി ഹീറോന്റെ ഛേദിക്കപ്പെട്ട ശിരസ് ഏറ്റു വാങ്ങുകയും ബഹുമതിപൂർവ്വം സംസ്കരിക്കുകയും ചെയ്തു. പിന്നീട് ഹീറോന്റെ നാമധേയത്തിൽ ഈ സ്ഥലത്ത് ഒരു ദേവാലയം നിർമ്മിച്ചു. ഹീറോനോടൊപ്പം വധിക്കപ്പെട്ട 32 രക്ഷസാക്ഷികളുടെയും ശരീരങ്ങൾ ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം സംസ്കരിച്ചു.

മറ്റ് 32 രക്തസാക്ഷികൾ: ഹെസിക്കിയോസ്, നിക്കാജർ, അത്തനാസ്യോസ്, മാമാസ്, ബറാക്കിയോസ്, കല്ലീനിക്കോസ്, തെയോഗെനെസ്, നിക്കോൻ, ലൊക്കീനൂസ്, തെയഡോർ, വലേറിയൂസ്, ക്സാൻതിയോസ്, തെയഡോളൂസ്, കല്ലിമാക്കോസ്, എവുജീനിയോസ്, തെയോദോക്കോസ്, ഒസ്ട്രിഘിലിയോസ്, എപ്പിഫാനിയോസ്, മക്സിമിയൻ, ഡൂച്ചിത്തിയോസ്, ക്ലാവുദിയന, തെയോഫിലോസ്, ജയ്ജാന്തിയോസ്, ഡൊറോതെയോസ്, തെയോഡോട്ടസ്, കാസ്ട്രിക്കിയോസ്, അതിക്ളേത്തോസ്, തെമീലിയോസ്, എവുത്തിക്കിയോസ്, ഹിലാരിയോൻ, ഡിയോട്ടോട്ടോസ്, അഗോനിന്തോസ്.

*വിചിന്തനം : "ദൈവത്തിന്റെ ഉടമ്പടി അനുസരിച്ച് ഞങ്ങളുടെ സഹോദരന്മാർ ഹ്രസ്വകാല പീഡനങ്ങൾക്കുശേഷം അനുസ്യൂതം പ്രവഹി*

www.malankaralibrary.com



*ക്കുന്ന ജീവൻ പാനം ചെയ്തിരിക്കുന്നു" (2 മക്ക. 7:36). ലോകത്തിന്റെ താത്കാലിക സന്തോഷങ്ങളേക്കാൾ നിത്യതയുടെ നിത്യാനന്ദത്തി നാണ് അവർ പ്രാധാന്യം നൽകിയത്.*

## നവംബർ 8 സകല മാലാഖമാർ

മാലാഖ എന്ന പദം "മലക്ക്" എന്ന ഹീബ്രു പദത്തിൽ നിന്നും ഉത്ഭവിച്ചതാണ്. മലക്ക് എന്ന വാക്കിന്റെ അർത്ഥം പ്രതിപുരുഷൻ, പ്രതിനിധി, സന്ദേശവാഹകൻ എന്നാണ്. പഴയനിയമത്തിൽ 200-ൽ പരം പ്രാവശ്യം മാലാഖമാരെപ്പറ്റി പരാമർശിക്കുന്നുണ്ട്. 'യാഹ്‌വേയുടെ ദൂതൻ' എന്നർത്ഥത്തിൽ ഉൽപ. 16:13, ഉൽപ. 12:10, ഉൽപ. 22:10–18, പുറ. 3:2–4 സംഹാരദൂതൻ എന്നർത്ഥത്തിൽ പുറ.12:23–24, 2 സാമു. 24:16–17, ദിനവൃത്ത. 21:12 എന്നിവിടങ്ങളിലും അവതരിപ്പിച്ചു. ദൈവഹിതം നിറവേറ്റുന്ന സേവകരായിട്ടാണ് മാലാഖമാരെ പഴയനിയമത്തിൽ അവതരിപ്പിക്കുന്നത്. ഈ സേവകരെ "ദൈവപുത്രന്മാർ" (ജോബ് 1:6, സങ്കീ. 29:1) എന്നും 'ദൈവങ്ങൾ' (സങ്കീ. 82:1–6, യോഹ. 10:34) എന്നും വിശേഷിപ്പിക്കാറുണ്ട്. വിവിധ ഗണം മാലാഖമാരെപറ്റി പഴയനിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഏശ. 6:1–2-ൽ സെറാഫുകളെക്കുറിച്ച് അലെങ്കിൽ സാപ്രേന്മാരെക്കുറിച്ചും ഉൽപ. 3:24, പുറ. 3:25, പുറ. 25:18 എന്നിവിടങ്ങളിൽ കെരൂബുകളെ ക്കുറിച്ചും ഗബ്രിയേൽ, മിഖായേൽ, റഫായേൽ തുടങ്ങിയ മുഖ്യദൂത ന്മാരെക്കുറിച്ച് ദാനി. 10:13–24, ദാനി. 16:9–21, തോബി. 3:17 എന്നിവിട ങ്ങളിലും കാണാം.

പഴയനിയമത്തിൽ മാലാഖമാരെക്കുറിച്ച് കാണുന്ന ആശയ ങ്ങൾ അതേപടി പുതിയനിയമത്തിൽ കാണാം. പുതിയനിയമത്തിൽ 171 തവണ മാലാഖമാരെപ്പറ്റി പരാമർശിക്കുന്നു. അതിൽ 67 തവണ വെളിപാട് പുസ്തകത്തിലാണ്. ദൈവത്തിന്റെ സന്ദേശവാഹകരും മനുഷ്യരുടെ സഹായികളുമായിട്ടാണ് അവതരിപ്പിക്കുന്നത്. യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കുന്നതും (ലൂക്കാ. 1:26–38) ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സ്തുതികീർത്തനങ്ങൾ ആലപിക്കുന്നതും (ലൂക്കാ. 1:14) ഈജിപ്തിലേക്ക് പലായനം ചെയ്യാനും മടങ്ങിവരാനും ആവശ്യപ്പെടുന്നതും ദൂതൻമാരാണ് (മത്താ. 12:13–21). ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം മരുഭൂമിയിൽ ഉപവസിച്ച

www.malankaralibrary.com


യേശുവിനെ ദൈവദൂതൻമാർ ശുശ്രൂഷിച്ചു എന്ന് മർക്കോ. 1:31-ൽ കാണുന്നു. യേശുവിന്റെ ശവകുടീരത്തിൽ കല്ല് ഉരുട്ടി മാറ്റുന്നതും (മത്താ. 28:2) യേശുവിന്റെ ഉത്ഥാനം ആദ്യം പ്രഘോഷിക്കുന്നതും ദൈവദൂതന്മാരാണ്. മാലാഖമാരുടെ സ്വഭാവത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും യേശു പഠിപ്പിക്കുന്നുണ്ട്. അവർ എപ്പോഴും ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവസാന്നിധ്യത്തിൽ സന്തോഷിക്കുന്നു. (മത്താ. 28:11) അവർ വിവാഹിതരാകുന്നില്ല (മത്താ. 23:30), പാപികളുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്നു (ലൂക്കാ. 15:7-10) ദൈവകൃപയിൽ മരിക്കുന്നവരെ സ്വർഗത്തിലേക്ക് സംവഹിക്കുന്നു (ലൂക്കാ. 16:22). അന്തിമവിധി ദിവസത്തിൽ കാഹളം മുഴക്കുന്നതും തിരഞ്ഞെടുക്കപ്പെടുന്നവരെ ഒരുമിച്ച് കൂട്ടുന്നതും ദൈവദൂതന്മാരാണ് (മർക്കോ. 24:31, മർക്കോ. 13:27). ഈശോയുടെ രണ്ടാമത്തെ വരവിൽ അവന് അകമ്പടി സേവിക്കുന്നതും മാലാഖമാരാണ് (മത്താ. 16:27, മത്താ. 25:31, എസെ. 1:7).

അപ്പോസ്തലന്മാരുടെ ജീവിതത്തിൽ മാലാഖമാരുടെ സാന്നിധ്യം നിരന്തരമായി ഉണ്ടായിരുന്നു. അപ്പോസ്തലന്മാരെ തടവറയിൽ നിന്നു മോചിപ്പിക്കുന്നു (അപ്പ. പ്രവ. 5:19). ഡീക്കൻ ഫീലിപ്പോസിനെ എത്യോപ്യാക്കാരന്റെ അടുത്തേയ്ക്ക് അയയ്ക്കുന്നതും (അപ്പ. പ്രവ. 8:26) കൊർണേലിയൂസിനെ സുവിശേഷം സ്വീകരിക്കാൻ ഒരുക്കുന്നതും മാലാഖമാരാണ് (അപ്പ. പ്രവ. 8:26). വെളിപാട് പുസ്തകത്തിലാണ് മാലാഖമാരെപ്പറ്റി പരാമർശം ഏറ്റവും കൂടുതലുള്ളത്.

അരിയോപ്പാഗസിലെ ദിവന്നാസിയോസിന്റെ അഭിപ്രായത്തിൽ 9 വൃന്ദം മാലാഖമാർ ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്നു. ഓരോ മാലാഖമാരുടെയും എണ്ണം അനുസരിച്ച് 3 ഹയരാർക്കികൾ ഉണ്ട്. 1 ഹയരാർക്കിയിൽ 3 വൃന്ദം മാലാഖമാരുണ്ട്.

I. ഒന്നാം ഹയരാർക്കി
   1. ഭക്തിജ്വാലകൻമാർ (സെറാഫുകൾ അല്ലെങ്കിൽ സ്രോപ്പേന്മാർ)
   2. ജ്ഞാനാധികൃന്മാർ (കെരൂബുകൾ)
   3. ഭദ്രാസനന്മാർ (സിംഹാസനങ്ങൾ)

II. രണ്ടാം ഹയരാർക്കി
   1. നാഥകൃത്യന്മാർ (അധികാരികൾ)
   2. തത്ത്വകന്മാർ (ശക്തികൾ)
   3. ബലവത്തുക്കൾ

www.malankaralibrary.com


III. മൂന്നാം ഹയരാർക്കി
1. സമാധാന മുഖ്യന്മാർ (പ്രധാനികൾ)
2. മുഖ്യദൂതന്മാർ
3. ദൈവദൂതന്മാർ

ദൈവത്തിന് നിരന്തരം സ്തുതികൾ അർപ്പിക്കുന്നവരും നമ്മുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തിക്കുന്നവരും മനുഷ്യരെ ശക്തീകരിക്കുന്നവരും തിന്മകളുടെ പോരാട്ടത്തിൽ മനുഷ്യരെ രക്ഷിക്കുന്നവരും ശത്രുക്കളിൽ നിന്നു കാത്തുരക്ഷിക്കുന്നവരുമാണ്. ദൈവം തന്റെ വിധി നടപ്പാക്കുന്നതും തന്റെ പദ്ധതി പൂർത്തീകരിക്കുന്നതും മാലാഖമാരിലൂടെയാണ്.

*വിചിന്തനം:- "പിന്നെ, ഞാൻ സിംഹാസനത്തിന്റെയും ജീവികളുടെയും ശ്രേഷ്ഠൻമാരുടെയും ചുറ്റും അനേകം ദൂതൻമാരെ കണ്ടു; അവരുടെ സ്വരവും ഞാൻ കേട്ടു. അവരുടെ എണ്ണം പതിനായിരങ്ങളുടെ പതിനായിരങ്ങളും ആയിരങ്ങളുടെ ആയിരങ്ങളും ആയിരുന്നു. ഉച്ചസ്വരത്തിൽ ഇവർ ഉദ്ഘോഷിച്ചു: കൊല്ലപ്പെട്ട കുഞ്ഞാടും ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യനാണ്. സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കിടയിലും സമുദ്രത്തിലുള്ള എല്ലാ സൃഷ്ടികളും ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു; സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വവും ആധിപത്യവും" (വെളി. 5:11-13).*

## നവംബർ 9 — വി. തിയഡോർ

തുർക്കിയിലെ ഒരു പാവപ്പെട്ട കുടുംബത്തിലാണ് വി. തിയഡോർ ജനിച്ചത്. അമാസിയിലുള്ള റോമൻ സൈന്യത്തിൽ ഒരു സൈനിക ഉദ്യോഗസ്ഥനായി ജോലി നോക്കിയിരുന്ന വ്യക്തിയാണ് വി. തിയഡോർ. സഹപട്ടാളക്കാരോട് ചേർന്ന് വിജാതീയ ദൈവങ്ങൾക്ക് ബലി അർപ്പിക്കാൻ വിസമ്മതിച്ചപ്പോൾ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. പക്ഷേ കൃത്യമായ ശാസനം നൽകി അദ്ദേഹത്തെ വിട്ടയച്ചു. കാരാഗൃഹത്തിൽ നിന്നും മോചിതനായ അദ്ദേഹം അന്ധവിശ്വാസത്തിനെതിരായി പോരാടി. 'സിബെല്ലെ' എന്ന വിജാതീയ ദേവതയുടെ ക്ഷേത്രം അഗ്നിക്കിരയാക്കി. ഇതുമൂലം അദ്ദേഹത്തെ അറസ്റ്റ്

www.malankaralibrary.com


ചെയ്യുകയും വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. വധശിക്ഷ നടപ്പാക്കുന്നതിന് മുമ്പ് ക്രിസ്തുവിലുള്ള വിശ്വാസം ത്യജിച്ച് ജീവൻ രക്ഷിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ തിയഡോർ പറഞ്ഞു: "ഞാൻ ഉള്ളിലേക്ക് ശ്വാസം എടുക്കുന്നതുവരെ എന്റെ ക്രിസ്തുവിന്റെ നാമം ഏറ്റുപറയും". ഇത് കേട്ട് അധികാരികൾ ക്രൂരമായ മർദ്ദനങ്ങൾ അഴിച്ചുവിട്ടു. നിരവധി പീഡനങ്ങൾക്ക് ശേഷം അദ്ദേഹത്തെ തീച്ചൂളയിൽ എറിഞ്ഞു. അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടം യൗസേബിയ എന്ന സ്ത്രീ ഏറ്റുവാങ്ങുകയും എവുക്കൈത്താ എന്ന സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്തു. അവിടെ ഒരു കപ്പേളയും സ്ഥാപിച്ചു. പിന്നീട് അത് ഒരു തീർത്ഥാടന കേന്ദ്രമാകുകയും ചെയ്തു. തിയഡോർ തന്റെ വിശ്വാസം കൊണ്ടും പ്രസംഗങ്ങൾ കൊണ്ടും വിശ്വാസികളെ ആഴമായി സ്വാധീനിച്ചിരുന്നു എന്നും യുദ്ധം പോലെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ തന്റെ പ്രാർത്ഥനവഴി മാദ്ധ്യസ്ഥം വഹിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്നും വി. ഗ്രിഗോറിയോസ് തിയഡോറിനെപ്പറ്റി പറഞ്ഞിട്ടുണ്ട്.

കുരിശുയുദ്ധക്കാർ അവരുടെ മദ്ധ്യസ്ഥനായി വി. തിയഡോറിനെയാണ് തിരഞ്ഞെടുത്തത്. അമാസിയ എന്ന സ്ഥലത്ത് ജനങ്ങൾക്ക് നാശംവിതച്ച ഒരു ഭീകരജീവിയെ കുരിശിന്റെ അടയാളത്താൽ അദ്ദേഹം നശിപ്പിച്ചു. വിവിധ കിരാതവർഗ്ഗക്കാരുടെ അക്രമങ്ങൾക്ക് വിധേയമായിരുന്ന അമാസിയ എന്ന സ്ഥലത്ത് വി. തിയഡോറിന്റെ പ്രാർത്ഥന സഹായിച്ചു എന്നും പറയപ്പെടുന്നു.

*വിചിന്തനം : "മരണംവരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കിരീടം നിനക്ക് ഞാൻ നൽകും" (വെളി. 2:10).*

## നവംബർ 10 — ലെയോ മാർപാപ്പ

ലെയോ മാർപാപ്പ റോമിലാണ് ജനിച്ചത്. വി. സെലസ്റ്റിൻ പാപ്പയാണ് അദ്ദേഹത്തെ സഭയുടെ ആർച്ചു ഡീക്കനാക്കിയത്. സിക്സ്റ്റസ് മാർപാപ്പായുടെ കാലശേഷം ലെയോയെ മാർപാപ്പയായി തിരഞ്ഞെടുത്ത് മെത്രാഭിഷേകം നൽകി. കിരാത വർഗ്ഗക്കാരുടെ അക്രമങ്ങൾ നിമിത്തം പാശ്ചാത്യ റോമാസാമ്രാജ്യം അധഃപതിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് 440-ൽ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടത്. ക്രിസ്തുവിജ്ഞാനീയ സംബന്ധമായ അഭിപ്രായ

www.malankaralibrary.com


വ്യത്യാസങ്ങൾ നിമിത്തം പൗരസ്ത്യ റോമാസാമ്രാജ്യം മുഴുവൻ അനൈക്യം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ സത്യവിശ്വാസത്തിന്റെ സംരക്ഷകനും സഭൈക്യത്തിന്റെ വക്താവും ആയിരുന്നു. ആരാധനക്രമം, സന്യാസജീവിതം, എന്നിവയുടെ നവോത്ഥാനകനായും നിലകൊണ്ടു. അദ്ദേഹത്തിന്റെ കൃതികൾ പ്രധാനമായും എഴുത്തുകളും പ്രഭാഷണങ്ങളുമാണ്. 452-ൽ ഹൂണൻമാരുടെ രാജാവായ അറ്റീലയേയും അദ്ദേഹത്തിന്റെ സൈന്യത്തെയും പിൻതിരിപ്പിച്ച് അവരുടെ ആക്രമണത്തിൽ നിന്ന് അദ്ദേഹം റോമിനെ രക്ഷിച്ചു. അതുകൊണ്ട് മഹാനായ ലെയോ എന്നാണ് ഇദ്ദേഹം അറിയപ്പെടുക. ഏകസ്വഭാവവാദം നിലനിന്ന കാലത്ത് മാർപാപ്പ കാൽസിഡോൺ സുന്നഹദോസ് വിളിച്ചുചേർത്ത് അതിനെ ശപിക്കുകയും ചെയ്തു. അങ്ങനെ പിതാക്കൻമാർ വിളിച്ചു പറഞ്ഞു: "പത്രോസ് ലെയോ വഴി സംസാരിച്ചിരിക്കുന്നു". വി. ഗ്രന്ഥത്തെ അധിഷ്ഠിതമാക്കി മാർപാപ്പ ചെയ്ത പ്രസംഗങ്ങൾ വളരെ പ്രസിദ്ധമാണ്. തന്റെ പാണ്ഡിത്യവും ഭരണപാടവവും വിശുദ്ധിയുംകൊണ്ടും പ്രശസ്തനായ ലെയോ 12 വർഷത്തെ വാഴ്ചയ്ക്ക് ശേഷം 461-ൽ മരിച്ചു.

*വിചിന്തനം: "നീ എന്നിൽ നിന്നും കേട്ടിട്ടുള്ള നല്ല പ്രബോധനങ്ങൾ യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക, മാതൃകയാക്കുക" (2 തിമോ. 1:13).*

## നവംബർ 10 — സാമുവേൽ നിബിയ

പഴയ നിയമത്തിലെ പ്രധാനപ്പെട്ട പ്രവാചകനാണ് സാമുവേൽ. ബൈബിളിലെ ന്യായാധിപന്മാരെയും രാജാക്കന്മാരെയും ബന്ധിപ്പിക്കുന്ന ഒരു പ്രധാന കണ്ണിയാണ് സാമുവേൽ നിബിയ. ഇസ്രായേലിന്റെ ചരിത്രത്തിൽ വളരെ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ വ്യക്തിത്വമാണ് സാമുവേൽ നിബിയായുടേത്. സാവൂളിൽ നിന്നും ദാവീദിലേക്കുള്ള രാജത്വത്തിന്റെ മാറ്റത്തിനും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ള വ്യക്തിയാണ്. ക്രിസ്ത്യാനികളും, മുസ്ലീങ്ങളും, യഹൂദന്മാരും ഒരുപോലെ അംഗീകരിക്കുന്ന പ്രവാചകനാണ് സാമുവേൽ നിബിയ.

എഫ്രായിം മലനാട്ടിൽ സൂഫ് വംശജനായ എൽക്കാന എന്ന ഒരു ലേവി പുരോഹിതൻ ഉണ്ടായിരുന്നു. എല്ക്കാനായ്ക്ക് രണ്ട് ഭാര്യമാരുണ്ടായിരുന്നു: ഹന്നായും പെന്നീനായും. എല്ക്കാനയ്ക്കും

www.malankaralibrary.com


ഹന്നായ്ക്കും മക്കളില്ലായിരുന്നു. തന്റെ സപത്നിയുടെയും മറ്റുള്ളവരുടെയും അപമാനം സഹിക്കേണ്ടിവന്ന ഹന്നാ കർത്താവിന്റെ സന്നിധിയിൽ ചെന്ന് കർത്താവിനോട് ഹൃദയം നൊന്ത് കരഞ്ഞ് പ്രാർത്ഥിച്ചു. തനിക്ക് ഒരു പുത്രനെ നൽകിയാൽ അവന്റെ ജീവിതകാലം മുഴുവൻ അവനെ ദൈവത്തിനു പ്രതിഷ്ഠിക്കും. ഹന്നായുടെ പ്രാർത്ഥന ശ്രദ്ധിച്ചുകൊണ്ടിരുന്ന ദൈവാലയത്തിലെ പുരോഹിതൻ അവളെ അനുഗ്രഹിച്ചു": "സമാധാനമായി പോകുക ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചുതരട്ടെ" (1 സാമു.1:17). ദൈവം അവളുടെ പ്രാർത്ഥനകേട്ട് അവൾക്ക് ഒരു പുത്രനെ നൽകി. അവൾ അവന് സാമുവേൽ എന്ന് പേര് നൽകി. സാമുവേൽ എന്ന വാക്കിന്റെ അർത്ഥം 'കർത്താവിനോട് ചോദിച്ചുവാങ്ങി' എന്നാണ്. ഹന്നാ ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് വാങ്ങിയവനാണ് സാമുവേൽ. ആ അമ്മയുടെ കണ്ണുനീരിന്റെ പുത്രനാണ്. ഹന്നായും എല്ക്കാനായും കുഞ്ഞിന്റെ മുലകുടി മാറിയപ്പോൾ അവനെ ദൈവത്തിന് സമർപ്പിച്ചു. സാമുവേൽ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്തുവരവേ അവന് ദൈവത്തിന്റെ ദർശനമുണ്ടായി. സാമുവേൽ ദൈവാലയത്തിൽ ദൈവത്തിന്റെ പേടകത്തിനരികെ കിടന്നുറങ്ങുമ്പോൾ ദൈവം സാമുവേലിനെ വിളിച്ചു. ആദ്യം ഈ വിളിയുടെ ഉറവിടം മനസ്സിലാകാതിരുന്ന സാമുവേൽ മൂന്നാം പ്രാവശ്യം ദൈവം വിളിച്ചപ്പോൾ പുരോഹിതന്റെ നിർദേശപ്രകാരം മറുപടി നൽകി. "കർത്താവേ അരുളിചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു" (1 സാമു 3:10). അപ്പോൾ ദൈവം തന്റെ സന്ദേശം സാമുവേലിന് നൽകി: "സാമുവേൽ വളർന്നുവന്നു. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു" (1 സാമു 2:19). സാമുവേൽ കർത്താവിന്റെ പ്രവാചകനായി എന്ന് ദാൻ മുതൽ ബേർഷബാ വരെയുള്ള ഇസ്രായേൽ ജനം മുഴുവൻ അറിഞ്ഞു. ഫിലിസ്ത്യർ ഇസ്രായേൽ ജനത്തെ ആക്രമിക്കാൻ ശ്രമിച്ചപ്പോൾ സാമുവേൽ ബലിയർപ്പിച്ച് തന്റെ ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു (1 സാമു 7:9). കർത്താവ് സാമുവേലിന്റെ പ്രാർത്ഥനകേട്ട് ഫിലിസ്ത്യരെ തുരത്തി ഓടിച്ചു. സാമുവേൽ വൃദ്ധനായപ്പോൾ മക്കളെ ഇസ്രയേലിലെ ന്യായാധിപന്മാരായി നിയമിച്ചു. അവർ പിതാവിന്റെ മാർഗം പിൻതുടർന്നില്ല, ജനം അവരെ പരിത്യജിച്ചു. ഇസ്രയേൽ ജനം രാജാവിനുവേണ്ടി മുറവിളി കൂട്ടി. കർത്താവിന്റെ കല്പന പ്രകാരം സാവൂളിനെ രാജാവായി അഭിഷേകം ചെയ്തു.

www.malankaralibrary.com



സാവൂൾ ദൈവത്തിന്റെ കല്പന ലംഘിച്ചു. ദൈവിക കാര്യങ്ങളെ ഭക്തിയും ശ്രദ്ധയുമില്ലാതെ കൈകാര്യം ചെയ്തപ്പോൾ സാമുവേൽ രാജാവിനെ ശക്തമായി ശാസിച്ചു: "നീ വിഡ്ഢിത്തമാണ് ചെയ്തത്. നിന്റെ ദൈവമായ കർത്താവിന്റെ കല്പന നീ അനുസരിച്ചില്ല. നിന്റെ ഭരണം ഇനി ദീർഘിക്കുകയില്ല" (1 സാമു.13:3).

സാവൂൾ കല്പന ലംഘിച്ച് ദൈവത്തിനെതിരായി തെറ്റു ചെയ്തപ്പോൾ ദൈവം രാജസ്ഥാനത്തു നിന്നു അവനെ നീക്കി. പകരം ദാവീദിനെ അഭിഷേകം ചെയ്തു. ദൈവത്തിന്റെ കല്പന പ്രകാരം സാമുവേലാണ് ജസ്സെയുടെ പുത്രനായ ദാവീദിനെ അഭിഷേകം ചെയ്തത്. അങ്ങനെ ഇസ്രായേലിന്റെ ചരിത്രത്തിലെ നിർണ്ണായക നിമിഷങ്ങളിൽ ജനത്തിന്റെ നേതാവായി നിന്ന് ദൈവത്തിന്റെ ഹിതം ജനത്തിന് വെളിപ്പെടുത്തിയ പ്രവാചകനാണ് സാമുവേൽ. ദൈവം തന്നെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കിയ സാമുവേൽ റാമായിൽ വച്ച് മരിച്ചു എന്നും റാമായിലെ സ്വന്തം ഭവനത്തിൽ അവനെ സംസ്കരിച്ചു എന്നും 1 സാമു. 25:1–ൽ പറയുന്നു.

*വിചിന്തനം : (1) "ഉദരഫലം ദൈവത്തിന്റെ സമ്മാനമാണ്. കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും" (സങ്കീ. 127:3).*

*(2) ദൈവം ദാനമായി തന്ന മക്കളെ ദൈവം വിളിക്കുമ്പോൾ അവിടുത്തെ ശുശ്രൂഷയ്ക്കായി നൽകണം. "ഈ കുഞ്ഞിനുവേണ്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്. എന്റെ പ്രാർത്ഥന കർത്താവ് കേട്ടു. ആകയാൽ ഞാൻ അവനെ കർത്താവിനു സമർപ്പിച്ചിരിക്കുന്നു'' (1 സാമു. 1:27).*

*(3) ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും അനുസരിച്ച് ജീവിക്കുന്നതാണ്, ആത്മാർത്ഥതയില്ലാതെ അർപ്പിക്കുന്ന അനേകം ബലികളേക്കാൾ ശ്രേഷ്ഠം (1 സാമു. 15:22–24).*

## നവംബർ 12 അലക്സാണ്ട്രിയായിലെ മാർ യോഹന്നാൻ

സൈപ്രസിലെ അമാതൂസിൽ ധനിക കുടുംബത്തിൽ ജനിച്ച യോഹന്നാൻ കുടുംബജീവിതം നയിച്ചു. ഭാര്യയുടെയും മക്കളുടെയും മരണശേഷം തന്റെ സമ്പത്ത് മുഴുവൻ സഭാശുശ്രൂഷക്കായി വിട്ടുനൽകി അവൻ ഒരു സന്ന്യാസി ആകാൻ തീരുമാനിച്ചു. പ്രാർത്ഥനയിലും ഉപവാസത്തിലും ജീവകാരുണ്യ പ്രവർത്തനത്തിലും തീക്ഷ്ണതയുണ്ടായിരുന്നു.

www.malankaralibrary.com


യോഹന്നാന്റെ ആദ്ധ്യാത്മിക ജീവിതം കണ്ട ഹെരാക്ലിയസ് ചക്രവർത്തി അലക്സാണ്ട്രിയായിലെ പാത്രിയർക്കീസാകാൻ അദ്ദേഹത്തെ ക്ഷണിച്ചു. പാത്രിയർക്കീസായതിനുശേഷം അനേകം പാഷണ്ഡതകളെ എതിർക്കുകയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്തു. അങ്ങനെ കരുണാമയനായ ജോൺ (merciful), ധർമശീലൻ അഥവാ ധർമിഷ്ഠൻ എന്നിങ്ങനെ അദ്ദേഹം അറിയപ്പെട്ടു. ജോൺ മോസ്കുസ്, സൊഫ്രോണിയുസ് എന്നിവർ അദ്ദേഹത്തെ സഹായിച്ചു. പാത്രിയാർക്കീസായി ചുമതലയേറ്റതിനു ശേഷം അദ്ദേഹം ആദ്യം ചെയ്തത് തന്റെ അധികാരത്തിൻ കീഴിലുള്ള ഇടവകയിലെ പാവപ്പെട്ടവരുടെ പട്ടിക തയ്യാറാക്കലാണ്. ഈ പാവപ്പെട്ടവർക്കെല്ലാം രൂപതയുടെ ഖജനാവിൽ നിന്നും പണം മുടക്കി ഭക്ഷണം നൽകാൻ അദ്ദേഹം കല്പിച്ചു. തന്റെ ഭരണകാലത്ത് തന്റെ അരമനയിൽ പാവപ്പെട്ടവരെ സ്വീകരിക്കുകയും അവർക്ക് ആവശ്യമായത് നൽകുകയും അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

എല്ലാവരോടും വളരെ എളിമയോടെ പെരുമാറുന്ന യോഹന്നാന് ഒരിക്കൽ 2 പുരോഹിതരെ രൂപതയിൽ നിന്നും അവരുടെ ഭാഗത്തുനിന്നുണ്ടായ ഗൗരവമായ തെറ്റുമൂലം പുറത്താക്കേണ്ട സാഹചര്യം വന്നു. അതിലെ ഒരു പുരോഹിതൻ അനുതപിച്ച് തിരിച്ചുവന്നു. രണ്ടാമത്തെയാൾ യോഹന്നാനോട് വൈരാഗ്യം സൂക്ഷിച്ചിരുന്നു. ഒരിക്കൽ വി. കുർബാനമദ്ധ്യേ സുവിശേഷം വായിച്ചപ്പോൾ ഇപ്രകാരം വായിച്ചു: "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു ബലിപീഠത്തിന്റെ മുൻപിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക. പിന്നെ വന്ന് ബലിയർപ്പിക്കുക" (മത്താ. 5:23). ഉടനെ യോഹന്നാൻ പുറത്തിറങ്ങി താൻ പുറത്താക്കിയ പുരോഹിതനോട് കാലിൽ വീണ് മാപ്പ് അപേക്ഷിച്ചു. ഇത് കണ്ട പുരോഹിതന് തന്റെ തെറ്റ് മനസ്സിലായി പാപത്തെക്കുറിച്ച് അനുതപിച്ചു.

താപസജീവിതം നയിച്ചിരുന്ന ജോൺ തന്റെ ആത്മാവിനെക്കുറിച്ചും മരണത്തെക്കുറിച്ചും നിരന്തരം ധ്യാനിച്ചിരുന്നു. ചക്രവർത്തിയെ കാണാൻ കോൺസ്റ്റാന്റിനോപ്പിളിൽ പോകുംവഴി അദ്ദേഹത്തിന് സ്വപ്നത്തിൽ ഒരു ദർശനം ഉണ്ടായി. പ്രകാശപൂരിതനായ ഒരു മനുഷ്യൻ അദ്ദേഹത്തോട് പറഞ്ഞു: "രാജാക്കന്മാരുടെ രാജാവ്

www.malankaralibrary.com


നിന്നെ ക്ഷണിക്കുന്നു" ഉടനെ അദ്ദേഹം തന്റെ സ്ഥലത്തേക്ക് തിരിച്ചു പോയി. അമാത്തോസിൽ വച്ച് യോഹന്നാൻ മരിച്ചു.

**വിചിന്തനം:** *"ദാനധർമ്മം ചെയ്യുന്നതിൽ മടികാണിക്കരുത്. പാവപ്പെട്ട വനിൽ നിന്നും മുഖം തിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്നും മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം. നേടിവയ്ക്കുക യായിരിക്കും നീ അതുവഴി ചെയ്യുന്നത്" (തോബി 4:7-9).*

## നവംബർ 13 സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്

അന്ത്യോക്യയിലെ ഒരു കുലീന ക്രൈസ്തവ കുടുംബത്തിലാണ് 347-ൽ അദ്ദേഹം ജനിച്ചത്. ബാല്യകാലത്തിൽ പിതാവിനെ നഷ്ടപ്പെട്ട ജോൺ മാതാവായ അൽതൂസായിൽ നിന്നാണ് ക്രൈസ്തവ വിശ്വാസം പഠിച്ചത്. അന്ത്യോക്യൻ ദൈവശാസ്ത്ര കേന്ദ്രത്തിന്റെ സ്ഥാപകനായ ദിയദോറിൽ നിന്നാണ് ബൈബിളും ദൈവശാസ്ത്രപരമായ വിഷയ ങ്ങളും പഠിച്ചത്. നഗരത്തിലെ പ്രധാന ദൈവാലയത്തിലെ പ്രഭാഷക നായി അദ്ദേഹം നിയമിതനായി. എന്നാൽ സന്ന്യാസജീവിതത്തിൽ ആകൃഷ്ടനായി അദ്ദേഹം ഏകാന്തജീവിതം നയിക്കുന്നതിനായി സമീപപ്രദേശത്തുള്ള മലകളിലേക്ക് പിൻവാങ്ങി. അക്കാലത്ത് വി. ഗ്രന്ഥം ആഴത്തിൽ വായിച്ചു മനസ്സിലാക്കി. പഴയനിയമത്തിലെയും പുതിയനിയമത്തിലേയും വിവിധ ഗ്രന്ഥങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. വിശ്വാസികളുടെ ധാർമ്മിക നിലവാരം ഉയർത്തുക എന്നതായിരുന്നു ജോണിന്റെ പ്രഭാഷണങ്ങളുടെ മുഖ്യലക്ഷ്യം. പാവപ്പെട്ടവരെ പരിഗണിക്കാതെ സ്വാർത്ഥതയിൽ ജീവി ക്കുന്ന മനുഷ്യരുടെ സ്വാർത്ഥതയെ അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു. തന്റെ പൗരോഹിത്യ ഗണത്തിന്റെ വിശുദ്ധീകരണത്തിനായി അദ്ദേഹം നിരന്തരം പരിശ്രമിച്ചിരുന്നു. സ്നാനാർത്ഥികളെ ഒരുക്കുന്നതിനു വേണ്ടി അദ്ദേഹം നടത്തിയ 24 പ്രസംഗങ്ങൾ പ്രശസ്തമാണ്. വി. കുർബാനയുടെ ദൈവശാസ്ത്രജ്ഞനായിട്ടാണ് അദ്ദേഹം അറിയപ്പെട്ടി രുന്നത്. കുലീനമായ താപസജീവിതം അദ്ദേഹത്തിന്റെ ആരോഗ്യ നിലയെ പ്രതികൂലമായി ബാധിച്ചു. നഗരത്തിൽ തിരിച്ചെത്തിയ അദ്ദേഹം 2 വർഷം കൂടി വായനക്കാരനായി ശുശ്രൂഷ ചെയ്തു. 381-ൽ

www.malankaralibrary.com


മെലേനൂസ് മെത്രാനിൽ നിന്നും ഡീക്കൻ പട്ടം സ്വീകരിച്ചു. 386-ൽ മെലേനൂസിന്റെ പിൻഗാമിയായ ഫ്ളാവിയൻ മെത്രാനിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 397-ൽ തെയഡോഷ്യസ് ഒന്നാമൻ ചക്രവത്തി അദ്ദേഹത്തെ കോൺസ്റ്റാന്റിനോപ്പിളിന്റെ മെത്രാനായി നിയമിച്ചു. എ.ഡി. 404-ൽ ജൂൺ 9-ാം തീയതി അദ്ദേഹം കുക്കൂസോ എന്ന സ്ഥലത്തേക്ക് നാടുകടത്തപ്പെട്ടു. 407 സെപ്റ്റംബർ 14-ാം തീയതി അദ്ദേഹം കാലം ചെയ്തു. 1626-ൽ അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ റോമിലെ പത്രോസിന്റെ ബസിലിക്കായിലെ കപ്പേളയിൽ സ്ഥാപിച്ചു. 2004-ൽ ജോൺ പോൾ രണ്ടാമൻ പാപ്പ അതു ബൈസന്റൈൻ ഓർത്തഡോക്സ് സഭയ്ക്കു കൈമാറി.

*വിചിന്തനം: "ഇതെന്റെ ശരീരമാകുന്നു എന്ന് ഒരിക്കൽ ഉച്ചരിച്ചത് അന്നുമുതൽ മിശിഹായുടെ രണ്ടാമത്തെ ആഗമനം വരെ ബലി പൂർത്തിയാക്കിക്കൊണ്ട് ദൈവാലയത്തിലെ എല്ലാ ബലിപീഠങ്ങളും പ്രവർത്തിക്കുന്നു" (സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്).*

## നവംബർ 14 — മാർ ഫീലിപ്പോസ് ശ്ലീഹാ

ഫീലിപ്പോസ് എന്ന ഗ്രീക്ക് വാക്കിനർഥം 'കുതിരയുടെ സ്നേഹിതൻ' എന്നാണ്. സെബലൂൺ ഗോത്രത്തിൽ നിന്നുള്ളവനാണ് ഫീലിപ്പോസ് എന്ന് ചില പാരമ്പര്യമുണ്ട്. അന്ത്രയോസിനെയും പത്രോസിനെയും പോലെതന്നെ ഫീലിപ്പോസ് ബേത്സയ്ദായിലാണ് ജനിച്ചത് (യോഹ. 1:44). ഫീലിപ്പോസ് ഒരു മീൻപിടുത്തക്കാരനായിരുന്നു. ജോർദ്ദാൻ നദിക്കരയിലുള്ള ബഥാനിയായിൽ വച്ചാണ് ഫീലിപ്പോസ് യേശുവിനെ കാണുന്നത്. യോഹന്നാൻ മാംദാനയുടെ പ്രസംഗം കേൾക്കുന്നതിനായി പത്രോസ്, അന്ത്രയോസ്, സെബദി പുത്രൻമാർ എന്നിവരോടുകൂടി അവൻ യൂദാ ദേശത്തിലെ മരുഭൂമിയിലേയ്ക്ക് പോയി. യേശു ഗലീലിയിലേയ്ക്ക് പോകും വഴിയാണ് ഫീലിപ്പോസിനെ വിളിക്കുക (യോഹ. 1:43). സത്യവിശ്വാസത്തിന്റെ സൈദ്ധാന്തിക വശം മാത്രം പഠിക്കുകയും പ്രസംഗിക്കുകയുമായിരുന്നില്ല, അതിലുപരി ഫിലിപ്പോസ് തികച്ചും പ്രായോഗിക പഠനങ്ങളാണ് നടത്തിയത്. ശിഷ്യനായിരിക്കുമ്പോൾ തന്നെ പ്രായോഗികത അഭ്യസിച്ചു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റിപ്പോറ്റിയ സന്ദർഭത്തിൽ വലിയ ജനക്കൂട്ടം വന്നു നിൽക്കുന്നത് കണ്ടിട്ട് യേശു ഫീലിപ്പോസിനോട്

www.malankaralibrary.com


ചോദിക്കുന്നു: "ഇവർക്ക് ഭക്ഷിക്കുവാൻ നാം എവിടെ നിന്നു അപ്പം വാങ്ങും?'' ഇതിൽ നിന്നും ഫീലിപ്പോസ് ശിഷ്യഗണത്തിൽ ഒരു കാര്യദർശി ആണെന്ന് മനസ്സിലാക്കാൻ കഴിയും. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഫീലിപ്പോസ് ജറുസലേമിൽ ശിഷ്യൻമാരോടൊപ്പം ഉണ്ടായിരുന്നു. പുരാതന ചരിത്രകാരൻമാർ ഫീലിപ്പോസിനെ ഡീക്കനായി ചിത്രീകരിക്കുന്നുണ്ട്. എന്നാൽ ഫീലിപ്പോസ് വിക്കനും ശ്ലീഹയുമാണ് എന്ന് ഫീലിപ്പോസിന്റെ നടപടികൾ എന്ന അപ്രമാണിക ഗ്രന്ഥത്തിൽ പോളിക്കാർപ്പ്, ഇരണവൂസ്, തെർത്തുല്യൻ, എവുസേബിയൂസ് എന്നീ ചരിത്രകാരൻമാർ അവകാശം ഉന്നയിക്കുന്നുണ്ട്. കോപ്റ്റിക്, അർമേനിയൻ എന്നീ സഭകളുടെ പഞ്ചാംഗത്തിൽ വി. ഫീലിപ്പോസിന്റെ തിരുനാൾ രേഖപ്പെടുത്തിയിരിക്കുന്നിടത്ത് ശ്ലീഹായും ഡീക്കനുമായ ഫീലിപ്പോസ് എന്നാണ് എഴുതിയിരിക്കുന്നത്. ഫീലിപ്പോസിന്റെ പ്രേഷിത പ്രവർത്തനങ്ങൾ ആദ്യം ആരംഭിക്കുന്നത് സമരിയായിലാണ് (അപ്പ. പ്രവ. 8:7-8). ഫീലിപ്പോസ് ശ്ലീഹായുടെ പ്രേഷിതയാത്രകൾ ഗാസാപട്ടണം, കേസറിയ, ഹിരാപോളിസ് എന്നിവിടങ്ങളിലായിരുന്നു.

ഫീലിപ്പോസ് ഏഷ്യയുടെ ഒരു പ്രകാശമായിരുന്നു. ഹിരാപ്പോളിസിൽ വച്ച് ശ്ലീഹാ മരണമടഞ്ഞു. ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു എന്നതിന് പല അഭിപ്രായങ്ങൾ ഉണ്ട്. ക്രിസ്തുവർഷം 90 നോട് അനുബന്ധിച്ച് എൺപത്തിയേഴാം വയസ്സിലാണ് രക്തസാക്ഷി ആകുന്നതെന്ന് ഒരു പാരമ്പര്യം പറയുന്നു. മറ്റൊരു പാരമ്പര്യം ഫീലിപ്പോസ് തലകീഴായി ആണ് ക്രൂശിക്കപ്പെട്ടതെന്നും ചില പാരമ്പര്യം ഹിരാപ്പോളിസിൽ വച്ച് ഒരു ഗവർണ്ണർ അദ്ദേഹത്തിന്റെ കാലിന്റെ കണ്ണിലും തുടയിലും ദ്വാരം ഉണ്ടാക്കി തലകീഴാക്കി തൂക്കിയിട്ടു പീഡിപ്പിച്ചു എന്നും രക്തസാക്ഷി ആയി എന്നും പറയുന്നു. പൗരസ്ത്യ സഭകളിൽ നവംബർ 14-നാണ് ശ്ലീഹായെ അനുസ്മരിക്കുന്നത്. പൗരസ്ത്യ സഭകളിൽ ചെറിയ യാക്കോബിന്റെ തിരുനാൾ ആഘോഷിക്കുന്നതും അന്നു തന്നെയാണ്.

*വിചിന്തനം: "നഥാനിയേൽ ചോദിച്ചു: നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ? ഫീലിപ്പോസ് പറഞ്ഞു: വന്നു കാണുക" (യോഹ. 1:46).*

## നവംബർ 15 — വി. ആൽബർട്ട് (1206 – 1280)

മഹാനായ വി. ആൽബർട്ട് 1206-ൽ സ്വാദിയാ എന്ന സ്ഥലത്ത് ജനിച്ചു. സമകാലീനർ അദ്ദേഹത്തെ അഭിസംബോധന ചെയ്തിരുന്നത്

www.malankaralibrary.com


മഹാൻ എന്നായിരുന്നു. അദ്ദേഹം പാദുവാ സർവ്വകലാശാലയിൽ പഠിക്കുമ്പോഴാണ് പുതുതായി ആരംഭിച്ച ഡൊമനിക്കൻ സഭയിൽ ചേരുന്നത്. ആരംഭകാലത്ത് അദ്ദേഹത്തിന് ചെറുതും വലുതുമായ പലപല പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. പ്രധാനമായിട്ടും പഠനത്തിൽ അദ്ദേഹം വളരെ പിന്നോക്കമായിരുന്നു. എന്നാൽ പരി. അമ്മക്ക് തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് പഠനം തുടർന്ന അദ്ദേഹം തുടർന്നുള്ള പരീക്ഷകൾക്കെല്ലാം വമ്പിച്ച വിജയം കരസ്ഥമാക്കി. സാർവ്വത്രിക വിജ്ഞാന ഡോക്ടറായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം അധ്യാപനം നടത്തി. പ്രധാനമായിട്ടും ഫ്രീബുർഗു, റാറ്റിസ്ബൺ, പാരീസ്, കൊളോൺ എന്നീ സ്ഥലങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. പ്രകൃതി ശാസ്ത്രത്തിൽ താൻ കണ്ടുപിടിച്ച സത്യങ്ങൾ തത്വശാസ്ത്രത്തോട് സംയോജിപ്പിച്ചുകൊണ്ടുപോകാൻ അദ്ദേഹം പരിശ്രമിച്ചു. തന്റെ ഗ്രന്ഥത്തിൽ പ്രകൃതിശാസ്ത്രം, തർക്കം, സാഹിത്യം, ഗണിതം, ജ്യോതിശാസ്ത്രം, സന്മാർഗശാസ്ത്രം, സാമ്പത്തികശാസ്ത്രം, ഇവയെപ്പറ്റിയൊക്കെയുള്ള പരാമർശങ്ങൾ നമുക്ക് കാണാൻ സാധിക്കും. 20 വർഷം കൊണ്ടാണ് അദ്ദേഹം ഇത് എഴുതിത്തീർന്നത്.

വി. കുർബാനയോടും, ദൈവമാതാവിനോടും വിശുദ്ധ ആൽബർട്ടിനുണ്ടായിരുന്ന ഭക്തി വലുതായിരുന്നു. ഈ ഒരു വലിയ സമർപ്പണം അദ്ദേഹത്തെ 1260-ൽ റാറ്റിസുബണിലെ മെത്രാനായി ഉയർത്തി. തുടർന്ന് ലിയോൺസിൽ നടന്ന സുന്നഹദോസിൽ ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ പങ്കെടുത്തു. വി. ആൽബർട്ടിന്റെ പ്രിയശിഷ്യനായിരുന്നു വി. തോമസ് അക്വിനാസ്. സുന്നഹദോസിനിടയിൽ തന്റെ പ്രിയശിഷ്യൻ അക്വിനാസിന്റെ മരണവാർത്തയറിഞ്ഞ അദ്ദേഹം തന്റെ 71-ാം വയസിൽ പാരീസിലേക്ക് മടങ്ങി. കാൽനടയായിട്ടാണ് അദ്ദേഹം യാത്രകളെല്ലാം ചെയ്തത്. അദ്ദേഹത്തിന്റെ ജീവിതത്തെ എന്നും മുന്നോട്ട് നയിച്ചത് ശിശുസഹജവിശ്വാസവും, ദൈവസ്നേഹവും, അവശസ്നേഹവും ആയിരുന്നു. തന്റെ 74-ാമത്തെ വയസിൽ അദ്ദേഹം ഈ ലോകത്തോട് യാത്ര പറഞ്ഞു.

*വിചിന്തനം: "ജ്ഞാനം മനുഷ്യന് അക്ഷയനിധിയാണ്. ജ്ഞാനം സിദ്ധിച്ചവൻ ദൈവത്തിന്റെ സൗഹൃദം നേടുന്നു; അവളുടെ പ്രബോധനം അവരെ അതിന് യോഗ്യരാക്കുന്നു" (ജ്ഞാനം 7:14).*

www.malankaralibrary.com


## നവംബർ 16 വി. മത്തായി ശ്ലീഹാ

മത്തായി എന്ന വാക്കിന്റെ അർത്ഥം 'യാഹ്‌വേയുടെ ദാനം' എന്നാണ്. പന്ത്രണ്ട് ശിഷ്യൻമാരുടെ ഗണത്തിൽ മർക്കോ. 3:18, ലൂക്കാ 6:15 എന്നിവിടങ്ങളിൽ മത്തായിയുടെ സ്ഥാനം 7-ാമതും മത്തായി 10:3 നടപടി 1:13 എന്നിവിടങ്ങളിൽ 8-ാമതുമായിട്ടാണ് കാണുന്നത്. മത്തായിയുടെ പിതാവിന്റെ പേര് ഹൽപ്പൈ എന്നായിരുന്നു. ചുങ്കം പിരിവായിരുന്നു മത്തായിയുടെ തൊഴിൽ. യഹൂദർക്കിടയിൽ ചുങ്കക്കാരൻ എന്ന നാമം ഏറ്റവും നിഷിദ്ധവും അപമാനവുമായി കരുതിയിരുന്നു. യഹൂദർ ചുങ്കക്കാരെ വെറുത്തിരുന്നു. കാരണം തങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നവർ വിശ്വസിച്ചിരുന്നു. യഹൂദരുടേതായ ഏത് അധികാരത്തിനും കരമോ, കപ്പമോ കൊടുക്കുന്നത് ഒരിക്കലും ന്യായമല്ല എന്നാണ് അവരുടെ നിലപാട്. അതുകൊണ്ട് ഒരു വിജാതീയ ഗവൺമെന്റിന് വേണ്ടി കരംപിരിക്കുന്ന സ്വജാതീയരെ രാജ്യദ്രോഹികളായി കരുതിയിരുന്നു. പ്രധാനമായ പിരിവുകൾ ഭൂനികുതി, ആദായ നികുതി, ജനനികുതി എന്നിങ്ങനെയുള്ള കരങ്ങൾ നിലനിന്നിരുന്നു. റോമാ ഗവൺമെന്റിന് സാമ്രാജ്യം നിലനിർത്തുന്നതിനും, ഗതാഗതം സുഗമവും സുരക്ഷിതവും ആക്കിതീർക്കുന്നതിനും നീതിന്യായം പരിപാലിക്കുന്നതിനുമുള്ള ഏർപ്പാടുകൾക്കായി ധാരാളം പണം ആവശ്യമുണ്ടായിരുന്നു. അതു പിരിച്ചെടുക്കാൻ സഹായിക്കുന്നതിന് ചുങ്കക്കാരെ നിയമിച്ചിരുന്നു. എന്നാൽ ചുങ്കക്കാർ നികുതി പിരിക്കാൻ വേണ്ടി തങ്ങളുടെ എല്ലാ കഴിവും ഉപയോഗിച്ചു ജനങ്ങളെ പ്രേരിപ്പിച്ചിരുന്നു. അത് വലിയ ശത്രുതയ്ക്ക് കാരണമായി. കഫർണാമിലാണ് മത്തായി ചുങ്കം പിരിച്ചിരുന്നത്. ഗലീലയിൽ നിന്ന് ദമാസ്കസിലേയ്ക്കുള്ള വഴിമധ്യേ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് കഫർണാം. കടൽത്തീരത്തായിരുന്നു മത്തായിയുടെ ചുങ്കസ്ഥലം. യേശുവിന്റെ പ്രബോധനം, ജീവിതം, കാരുണ്യപ്രവർത്തികൾ, അത്ഭുതങ്ങൾ എന്നിവ മത്തായിയ്ക്ക് സുപരിചിതമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് യേശു മത്തായിയെ വിളിക്കുന്നത് (മത്താ. 9:9-10). മത്തായിയുടെ വിളി എല്ലാവരെയും ആശ്ചര്യപ്പെടുത്തി. എന്തെന്നാൽ അവൻ ചുങ്കക്കാരനായിരുന്നു. എല്ലാം ഉപേക്ഷിച്ച് അനുഗമിക്കാൻ മത്തായി കാണിച്ച ത്യാഗമാണ് മത്തായിയെ ശ്ലീഹയായി തിരഞ്ഞെടുക്കാനുള്ള യേശുവിന്റെ മുന്നിലെ പ്രേരകഘടകം.

www.malankaralibrary.com


മത്തായി ശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് പല പാരമ്പര്യങ്ങൾ ഉണ്ട്. യൂദയാ സഭയിൽ മത്തായി ശ്ലീഹാ സുവിശേഷം പ്രസംഗിച്ചുവെന്ന് പുരാതനകാലം മുതൽക്കെ സഭയിൽ ഒരു വിശ്വാസം ആയി നിലനിന്നിരുന്നു. ഈജിപ്ത്, എത്യോപ്യാ, പാർത്തിയ, സിറിയ, മെക്കദോനിയ, ഇറാൻ തുടങ്ങിയ സ്ഥലങ്ങളിലും മത്തായി ശ്ലീഹാ മിശിഹായെ പ്രഘോഷിച്ചതായി കരുതപ്പെടുന്നു. ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്ത് മത്തായി ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു എന്ന പാരമ്പര്യമുണ്ട്. എത്യോപ്യാ, പേർഷ്യ, പോന്തസ് എന്നിവ മത്തായിശ്ലീഹായുടെ രക്തസാക്ഷിത്വ സ്ഥലങ്ങളായി കരുതപ്പെടുന്നു.

*വിചിന്തനം: "സ്വർഗരാജ്യം നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിക്ക് തുല്യം. അവൻ വിലയേറിയ ഒരു രത്നം കണ്ടെത്തുമ്പോൾ പോയി, തനിക്കുള്ളതെല്ലാം വിറ്റ് അതു വാങ്ങുന്നു" (മത്താ. 13:45-46).*

## നവംബർ 22 — വി. സിസിലിയാ

രണ്ടാം നൂറ്റാണ്ടിൽ റോമിൽ വി. സിസിലിയ ജനിച്ചു. യൗവനത്തിൽ തന്നെ നിത്യകന്യകയായി ജീവിക്കാൻ അവൾ തീരുമാനിച്ചു. കർത്താവിന് സ്വന്തം ഹൃദയത്തെ മുഴുവൻ സമർപ്പിച്ചുകൊണ്ട് എന്നും ജീവിക്കാൻ ശ്രമിച്ച ഒരു സുന്ദരിയായിരുന്നു സിസിലിയാ. എന്നാൽ മാതാപിതാക്കൾ വലേറിയൻ എന്ന കുലീന യുവാവിനെ വിവാഹം കഴിക്കാൻ സിസിലിയായെ നിർബന്ധിച്ചു. ഭർത്താവിനോട് സിസിലിയാ പറഞ്ഞു: "ഒരു രഹസ്യം പറയാനുണ്ട്. ഒരു ദൈവദൂതൻ എന്നെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നു നിങ്ങൾ അറിയണം. വിവാഹമുറയ്ക്ക് അങ്ങ് എന്നെ സ്പർശിച്ചാൽ ദൈവദൂതൻ കോപിക്കും; അങ്ങു പീഡനങ്ങൾ സഹിക്കേണ്ടിവരും. എന്റെ നിത്യകന്യാത്വം അങ്ങ് സമാദരിക്കുകയാണെങ്കിൽ എന്നെ സ്നേഹിക്കുന്നതുപോലെ ആ ദൂതൻ അങ്ങയേയും സ്നേഹിക്കും". "ആ ദൂതനെ ഞാൻ കാണട്ടെ. എന്നാൽ ഞാൻ അങ്ങനെ ചെയ്യാം" എന്ന് ഭർത്താവ് പറഞ്ഞു: "ഏകസത്യ ദൈവത്തിൽ വിശ്വസിച്ച് ജ്ഞാനസ്നാനപ്പെട്ടാൽ താങ്കൾക്ക് ദൈവദൂതനെ കാണാൻ കഴിയും". വലേറിയൻ ഇത് കേട്ട് മാമ്മോദീസ സ്വീകരിച്ചു. തിരിച്ചുവന്നപ്പോൾ സിസിലായുടെ സമീപത്ത് ഇരിക്കുന്ന ദൂതനെ അയാൾ കണ്ടു. ഈ സംഭവത്തിൽ കുപിതനായ റോമൻ പട്ടാളക്കാർ

www.malankaralibrary.com


വലേറിയനെയും അദ്ദേഹത്തിന്റെ സുഹൃത്തിനെയും സിസിലിയാ യെയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. താമസിക്കാതെ വലേറിയനെയും സുഹൃത്തിനെയും വധിച്ചു. സിസിലിയായെ ശ്വാസംമുട്ടിച്ചു കൊല്ലാൻ വിധിയുണ്ടായി. അവളെ ഒരു തീച്ചൂളയിൽ ഒന്നര ദിവസം ഇട്ടു. എന്നാൽ അഗ്നി അവളുടെ ശരീരത്തെ ദഹിപ്പിച്ചില്ല. ഒരു ആരാച്ചാർ വന്നു നിയമപ്രകാരം മൂന്ന് പ്രാവശ്യം തലവെട്ടി. തല പകുതിമുറിഞ്ഞു നിലത്തുകിടന്നു. മൂന്ന് ദിവസം അതിൽ ജീവനുണ്ടായിരുന്നു. അവ സാനം അവൾ തന്റെ നിത്യസൗഭാഗ്യം വാങ്ങാൻ നിത്യതയിലേക്ക് യാത്രയായി. ആ മൃതശരീരം പതിനെട്ടു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും റോമിൽ യാതൊരു കേടും കൂടാതെ സ്ഥിതിചെയ്യുന്നു. സുഖ മായി ഉറങ്ങുന്ന ഒരു സുന്ദരിയുടെ രൂപമാണ് ആ പുണ്യവതിയുടെ പൂജ്യശരീരം ദർശിക്കുന്നവർക്ക് ലഭിക്കുക. സിസിലിയാ പുണ്യവതി സംഗീതജ്ഞരുടെയും സംഗീത വിദ്യാർത്ഥികളുടെയും മദ്ധ്യസ്ഥയാണ്. ആദ്യമായി വിശുദ്ധയുടെ പേരിൽ ഒരു മ്യൂസിക്കൽ സ്ഥാപനം ഇറ്റലി യിൽ 1585-ൽ സിക്സ്ത്തൂസ് അഞ്ചാമൻ മാർപാപ്പ തന്റെ പേപ്പൽ ബൂളാ വഴി അനുമതി നൽകി. നവംബർ 22-ന് പുണ്യവതിയുടെ തിരു ന്നാളായി സഭ ആചരിക്കുന്നു.

*വിചിന്തനം: "കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ; വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ. 150:3).*

## നവംബർ 22 — വി. ഫിലെമോൻ

പൗലോസിന്റെ സഹപ്രവർത്തകനും കൊളോസോസിലെ സഭയുടെ നേതൃത്വനിരയിലുള്ള ഒരാളുമായിരുന്നു ഫിലെമോൻ. പൗലോസിൽ നിന്നാണ് ഫിലെമോൻ ജ്ഞാനസ്നാനം സ്വീകരിച്ചത് (1:19). ഫിലെമോന്റെ അടിമയായിരുന്നു ഒനേസിമോസ്. ഒനേസിമോസും യജമാനനായ ഫിലെമോനും തമ്മിലുള്ള അഭിപ്രായ വ്യത്യാസ ത്തെത്തുടർന്ന് ഒനേസിമോസ് പൗലോസിന്റെയടുത്ത് അഭയം തേടി. ഒനേസിമോസിനെ ഫിലെമോന്റെയടുത്തേക്ക് തിരികെയയച്ചുകൊണ്ട് അയാളെ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൗലോസ് എഴുതിയ കത്താണ് ഫിലെമോന് എഴുതിയ ലേഖനം. ഫിലെമോനും ഒനേസിമോസും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കാനാണ്

www.malankaralibrary.com


പൗലോസ് ഈ ലേഖനത്തിലൂടെ പരിശ്രമിക്കുന്നത്. ഫിലെമോൻ ധനികനായൊരു മനുഷ്യനായിരുന്നു. അഫിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അന്ന് ഭവനങ്ങൾ തോറുമുള്ള ക്രിസ്തീയ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയിരുന്ന ആളുമായിരുന്നു. നീറോയുടെ മതമർദ്ദന കാലത്ത് കൊളോസോസിൽവെച്ച് അദ്ദേഹത്തിന്റെ ഭാര്യയോടൊത്ത് എ.ഡി. 68-ൽ രക്തസാക്ഷിത്വം വഹിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. റോമൻ കത്തോലിക്കാ സഭയിലും പൗരസ്ത്യ ഓർത്തഡോക്സ് സഭയിലും നവംബർ 22-ന് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വദിനമായി ആചരിക്കുന്നു.

*വിചിന്തനം: "കർത്താവായ യേശുക്രിസ്തുവിനോടും എല്ലാ വിശുദ്ധരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ച് ഞാൻ കേൾക്കുന്നുണ്ട്" (ഫിലെമോൻ 1:5).*

## നവംബർ 23 — വി. ഫെലിസിറ്റ

ക്രിസ്തീയ രക്തസാക്ഷികളുടെ ഇടയിൽ അംഗീകരിക്കപ്പെടുന്ന ഒരാളാണ് വി. ഫെലിസിറ്റ. മാക്സിമൂസിന്റെ സെമിത്തേരിയിലാണ് അവൾ അടക്കപ്പെട്ടത്. ഒരു പാരമ്പര്യ പ്രകാരം ജൂലൈ 10-ന് തിരുനാൾ ആഘോഷിക്കുന്ന 7 രക്തസാക്ഷികളുടെ അമ്മയായി ഫെലിസിറ്റ കരുതപ്പെടുന്നു. അവൾ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സുവിശേഷ പ്രഘോഷണത്തിനും അതീവ താല്പര്യം കാണിച്ചിരുന്നു. അതുകൊണ്ട് വിജാതീയ പുരോഹിതർക്ക് അവളോട് ദേഷ്യം തോന്നി. അവർ ചക്രവർത്തിക്ക് അവൾക്കെതിരെ പരാതി കൊടുത്തു. അങ്ങനെ അവർ അറസ്റ്റ് ചെയ്യപ്പെട്ടു. തടങ്കല്ലിൽ ആയിരുന്ന അവളോടും ഏഴ് മക്കളോടും വിഗ്രഹങ്ങൾക്ക് ബലി അർപ്പിക്കാൻ ആവശ്യപ്പെട്ടു.

റോമിലെ പ്രീഫെക്ട് ആയിരുന്ന പ്ലുബ്ലിയൂസിന്റെ മുമ്പാകെ അവളെ കൊണ്ടുവന്നു. പ്ലുബ്ലിയൂസ് നിരവധി ഭീഷണികൾ മുഴക്കുകയും ചെയ്തു. അവസാനം അവളെയും മക്കളെയും വധശിക്ഷയ്ക്ക് വിധിച്ചു. തന്റെ മക്കളെ കൊല്ലുന്നതിന് മുമ്പ് തന്നെ കൊല്ലരുത് എന്ന അപേക്ഷ അവൾ അധികാരികൾക്ക് മുന്നിൽ വച്ചു. കാരണം തന്റെ 7 മക്കളെ രക്തസാക്ഷിത്വത്തിനുവേണ്ടി ഒരുക്കുന്നതിനുവേണ്ടിയാണ്. ഓരോ മക്കളുടെ മരണശേഷവും വിശ്വാസം ഉപേക്ഷിക്കാൻ

www.malankaralibrary.com


അധികാരികൾ അവളെ പ്രേരിപ്പിച്ചു. പക്ഷേ അവൾ തന്റെ വിശ്വാസ ത്തിൽ ശക്തിയോടെ ഉറച്ചു നിന്നു. അവസാനം ആ അമ്മയും പ്രത്യാശ യോടെ രക്തസാക്ഷിത്വം വരിച്ചു. എ.ഡി. 164-ലാണ് ഈ മഹത്തായ രക്തസാക്ഷിത്വം നടന്നത്.

*വിചിന്തനം:- "ഒറ്റ ദിവസം ഏഴു പുത്രന്മാർ വധിക്കപ്പെടുന്നത് കണ്ടെങ്കിലും കർത്താവിലുള്ള പ്രത്യാശ നിമിത്തം അവൾ സധൈര്യം അതു സഹിച്ചു. പിതാക്കൻമാരുടെ ഭാഷയിൽ അവൾ അവരോരോ രുത്തരെയും ധൈര്യപ്പെടുത്തി. ശ്രേഷ്ഠമായ വിശ്വാദാർഢ്യത്തോടെ സ്ത്രീസഹജമായ വിവേചനാശക്തിയെ പുരുഷോചിതമായ ധീരതകൊണ്ടു ബലപ്പെടുത്തി" (2 മക്ക. 7:20-22).*

## നവംബർ 23 — വി. ക്ലെമന്റ് മാർപാപ്പ

വി. ക്ലമന്റ് റോമാക്കാരനാണ്. താൻ യഹൂദ വംശജനാണെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വി. പത്രോസോ പൗലോസോ ആണ് അദ്ദേഹത്തെ മാനസാന്തരപ്പെടുത്തിയത്. അപ്പ സ്തോലൻമാരോട് അടുത്ത ബന്ധം സ്ഥാപിച്ചിരുന്ന ക്ലെമന്റിനെ ഒരു അപ്പസ്തോലൻ എന്നാണ് പിതാക്കൻമാർ വിളിച്ചിരുന്നത്. എ.ഡി. 62-ൽ പൗലോസിന്റെ പ്രേഷിതപ്രവർത്തനങ്ങളിലും സഹനങ്ങളിലും സഹ കാരിയായിട്ടുണ്ട്. ശ്ലീഹാ അദ്ദേഹത്തെ സഹപ്രവർത്തകൻ എന്നു വിളിച്ചതായി കാണുന്നു (ഫിലി. 4:3). പൗലോസിന്റെ കൂടെ ക്ലെമന്റും റോമയിലേക്ക് പോയി പത്രോസിന്റെ പ്രസംഗം കേട്ടുവെന്നും അദ്ദേഹം ക്ലെമന്റിനു മെത്രാൻപട്ടം കൊടുത്തു എന്നും പറയുന്നു. പത്രോസ് ശ്ലീഹായുടെ രക്തസാക്ഷിത്വത്തിനു ശേഷം ലീനസും പിന്നീട് ക്ലീറ്റസും മാർപാപ്പമാരായി. നാലാമത്തെ മാർപാപ്പയായി ക്ലെമന്റ് 86-ൽ ഭരണ മേറ്റു. ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്ത് മതമർദ്ദനങ്ങൾ ഉണ്ടാ യിരുന്നെങ്കിലും ക്ലെമന്റിന്റെ ഭരണത്തെ അദ്ദേഹം തടസ്സപ്പെടുത്തിയി രുന്നില്ല. ക്രിമിയാ എന്ന സ്ഥലത്ത് അദ്ദേഹം സുവിശേഷം പ്രസംഗി ക്കാൻ പോകുകയും അവിടെവച്ച് കഴുത്തറുത്ത് കൊല്ലപ്പെടുകയും രക്ത സാക്ഷിത്വം വരിക്കുകയും ചെയ്തു.

വി. ക്ലെമന്റിന്റെ ചരിത്രത്തെക്കുറിച്ച് നമുക്ക് തെളിവുകൾ ലഭി ക്കുന്നത് 'ക്ലെമന്റിന്റെ ലേഖനങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന അപ്രമാണിക ലേഖനങ്ങളിൽ നിന്നാണ്. ഈ ലേഖനങ്ങൾ എല്ലാം

www.malankaralibrary.com


കോറിന്തിലെ സഭയ്ക്ക് അദ്ദേഹം എഴുതിയതാണ്. ഇവ കൂടാതെ മൂന്നും നാലും നൂറ്റാണ്ടിൽ ലഭിച്ച ചില ഗ്രന്ഥങ്ങളിൽ ക്ലെമന്റിന്റെ പ്രസംഗങ്ങൾ, അപ്പസ്തോലിക എഴുത്തുകൾ എന്നിവയിൽ പ്രെസ്ബിറ്റർ ബിഷപ്പ് എന്ന തലക്കെട്ടാണ് ക്ലെമന്റിന് നൽകിയിരിക്കുന്നത്. വൈദികർക്കെതിരെ ജനങ്ങൾ പ്രവൃത്തിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി: "വൈദികരോടുള്ള കീഴ്വഴക്കത്തിന് ദൈവം നമുക്ക് സമ്മാനം നൽകും. അവരോടു പ്രദർശിപ്പിക്കുന്ന സ്നേഹം തനിക്കുതന്നെ നൽകിയതായി അവിടുന്ന് കരുതും. ഇതിൽ നിങ്ങൾ പരാജയപ്പെടുകയാണെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ്; നിങ്ങളുടെ സുകൃതങ്ങൾ യഥാർത്ഥമല്ല". പൗരസ്ത്യ സഭകളിൽ നവംബർ 23-നും പാശ്ചാത്യസഭകളിൽ നവംബർ 23-നുമാണ് വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നത്.

*വിചിന്തനം: "എന്നാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം" (1 പത്രോ. 2:9).*

## നവംബർ 28 — വി. കത്രീനാ

മാക്സിമൂസ് ചക്രവർത്തിയുടെ കാലത്ത് അലക്സാണ്ട്രിയയിൽ ജീവിച്ച സുന്ദരിയും മഹാപണ്ഡിതയുമാണ് കത്രീനാ. ഉന്നത കുടുംബത്തിലാണ് അവൾ ജനിച്ചത്. ചക്രവർത്തി അലക്സാണ്ട്രിയ സന്ദർശിക്കാൻ വന്നപ്പോൾ അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി അവൾക്ക് വിവാഹ വാഗ്ദാനം നൽകി. അവൾ അത് ക്രിസ്തുവിനെ പ്രതി നിരസിച്ചു. അവളുടെ വിശ്വാസം തെറ്റാണെന്ന് തെളിയിക്കാൻ വിജാതീയ തത്ത്വചിന്തകരുടെ സംഘത്തിന്റെ മുമ്പിൽ അവളെ നിർത്തി. വിജാതീയരുടെ ചോദ്യങ്ങൾക്ക് അവൾ സമർഥമായി ഉത്തരം നൽകി. അവളുടെ ആഴമായ ദൈവശാസ്ത്ര ജ്ഞാനം മനസ്സിലാക്കിയവർ ക്രിസ്തുമതം സ്വീകരിച്ചു.

മാക്സിമൂസ് പല പ്രാവശ്യം കത്രീനയെ പാപം ചെയ്യാൻ പ്രേരിപ്പിച്ചു. ചത്താലും തന്റെ ചാരിത്ര്യത്തെ നഷ്ടപ്പെടുത്തുകയില്ലെന്ന് അവൾ പ്രതിജ്ഞ ചെയ്തു. ദേഷ്യം പൂണ്ട ചക്രവർത്തി അവളെ

www.malankaralibrary.com


നാടുകടത്തി. പിന്നീട് തിരിച്ചുവിളിച്ചു. അതിനുശേഷം ഒരു യന്ത്രത്തിൽ കിടത്തി അവയവങ്ങൾ വലിച്ചുകീറി. ഈ സമയത്ത് സ്വർഗ്ഗത്തിൽ നിന്നും മാലാഖമാർ വന്ന് അവരുടെ കരങ്ങളാൽ സീനായ് മലയിൽ അവളെ അടക്കി എന്ന് പറയുന്നു.

*വിചിന്തനം: "ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല" (മത്താ 6:19-20).*

## നവംബർ 29 സാറൂഗിലെ മാർ യാക്കോബ്

പാശ്ചാത്യ സുറിയാനി സഭാ പാരമ്പര്യത്തിലെ പ്രമുഖ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളാണ് സാറൂഗിലെ മാർ യാക്കോബ്. യൂഫ്രെട്ടീസിനടുത്ത് കുർത്താം എന്ന സ്ഥലത്ത് യാക്കോബ് ജനിച്ചു. പിന്നീട് അദ്ദേഹം എദേസ്സായിൽ എത്തിച്ചേരുകയും അവിടത്തെ ഒരു വിദ്യാപീഠത്തിൽ ചേർന്ന് ദൈവശാസ്ത്രം പഠിക്കുകയും ചെയ്തു. 22-ാം വയസ്സിൽ ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചു തുടങ്ങിയ അദ്ദേഹം ഏകദേശം 763 പ്രഭാഷണങ്ങൾ രചിച്ചിട്ടുണ്ട്. മുഖ്യമായും ബൈബിൾ സംബന്ധമായ വിഷയങ്ങളാണ് കൂടുതൽ കൈകാര്യം ചെയ്തിരുന്നത്. എ.ഡി. 502-503 ൽ അദ്ദേഹം കോർ എപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു. 519-ൽ 68-ാം വയസ്സിൽ മെത്രാനായി വാഴിക്കപ്പെട്ടു. പാശ്ചാത്യ സുറിയാനി സഭാ പിതാക്കൻമാരിൽ പ്രമുഖനും, ദൈവശാസ്ത്ര ചിന്തകരിൽ ഒരാളുമാണ് അദ്ദേഹം. സിറിയായിലെ സാറൂഗ് പ്രവിശ്യയിലെ ബെത്നാൻ എന്ന സ്ഥലത്തെ മെത്രാനായി. അലക്സാണ്ട്രിയായിലെ സിറിലിന്റെ ക്രിസ്തു വിജ്ഞാനീയമായിരുന്നു അദ്ദേഹം അനുധാവനം ചെയ്തിരുന്നത്. യാക്കോബ് രചിച്ച ആരാധനക്രമ ഗീതങ്ങൾ പാശ്ചാത്യ സുറിയാനി സഭയിൽ ഇന്നും ഉപയോഗത്തിലുണ്ട്. അന്ത്യോക്യൻ ആരാധന ക്രമത്തിൽ ഉപയോഗിക്കുന്ന പല ബോവൂസകളും ഗീതങ്ങളും മാർ യാക്കോബിന്റേതാണ്. ധാരാളം പ്രതീകങ്ങൾ ഉപയോഗിച്ചുള്ള ഒരു സെമിറ്റിക് ശൈലി യാക്കോബിന്റെ ദൈവശാസ്ത്രത്തിന്റെ പ്രത്യേകതയാണ്. മിശിഹായുടെ ഇരുസ്വഭാവങ്ങളെ വേർതിരിച്ച് കാണാനുള്ള കാൽസിഡോൺ സൂന്നഹദോസിന്റെ പ്രബോധനം അദ്ദേ

www.malankaralibrary.com


ഹത്തിന് സ്വീകാര്യമായിരുന്നില്ല. യോജിപ്പിനുശേഷം മിശിഹായുടെ സ്വഭാവങ്ങളെ വേർതിരിക്കാനാവില്ല എന്ന നിലപാടാണ് യാക്കോബ് സ്വീകരിച്ചത്. താപസ ജീവിതത്തിന്റെ മാഹാത്മ്യത്തെ കുറിക്കുന്ന ചില പരാമർശങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാൻ കഴിയും. 521 നവംബർ 29-ന് അദ്ദേഹം മരണമടഞ്ഞു. 'പരിശുദ്ധാത്മാവിന്റെ ഓടക്കുഴൽ' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

*വിചിന്തനം: "വിശുദ്ധ മന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു. സീയോനിൽ ഞാൻ വാസമുറപ്പിക്കും" (പ്രഭാ. 24:10).*

## നവംബർ 30 — മാർ അന്ത്രയോസ് ശ്ലീഹാ

മിശിഹായുടെ പന്ത്രണ്ട് ശിഷ്യൻമാരിൽ ആദ്യം വിളിക്കപ്പെട്ടത് അന്ത്രയോസാണ്. 'ആദ്യം വിളിക്കപ്പെട്ടവൻ' എന്നർഥത്തിൽ 'പ്രോട്ടോ ക്ലേറ്റോസ്' എന്ന വിശേഷണം അന്ത്രയോസിന് നൽകി. അന്ത്രയോസ് എന്ന നാമം ഗ്രീക്കു ഭാഷയിലെ 'അന്ത്രയാസ്' എന്ന വാക്കിൽ നിന്നു മാണ് വരുന്നത്. മാനുഷിക ഗുണമുള്ളവൻ, പൗരുഷം ഉള്ളവൻ എന്നൊ ക്കെയാണ് ഈ പദത്തിന്റെ അർത്ഥം. തിബേരിയൂസ് അഥവാ ഗലീലി കടൽ തീരത്തുള്ള ബേത്സയ്ദാ എന്ന ഗ്രാമത്തിലാണ് അന്ത്രയോസ് ജനിച്ചത്. തിബേരിയോസ് തടാകത്തിന്റെ തീരത്ത് താമസിച്ചിരുന്നവ ർക്ക് ഗ്രീക്ക് സ്വാധീനമുണ്ടായിരുന്നു. അന്ത്രയോസിന്റെ മാതാപിതാ ക്കൾ ഇവിടെയാണ് താമസിച്ചിരുന്നത്. അതുകൊണ്ടാണ് അവർ ഗ്രീക്ക് നാമം തന്റെ മകന് നൽകിയത്. അന്ത്രയോസിന്റെ പിതാവിനെക്കുറിച്ച് സുവിശേഷകൻമാരായ മത്തായി, യോഹന്നാൻ ശ്ലീഹൻമാർ വ്യത്യസ്ത അഭിപ്രായങ്ങൾ ഉന്നയിക്കുന്നുണ്ട്. മത്തായി ശ്ലീഹാ 'യോന' എന്നും യോഹന്നാൻ ശ്ലീഹാ 'യോഹന്നാൻ' എന്നും പറയുന്നു. പത്രോസിന്റെ സഹോദരൻ അന്ത്രയോസ് എന്ന് സുവിശേഷങ്ങൾ സാക്ഷിക്കുന്നു. യോഹന്നാൻ സുവിശേഷകൻ അന്ത്രയോസിനെ യോഹന്നാൻ മാംദാ നയുടെ ശിഷ്യനായി ചിത്രീകരിക്കുന്നുണ്ട്. "ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:40) എന്ന് യേശുവിനെക്കുറിച്ചുള്ള സ്നാപകയോഹന്നാന്റെ സാക്ഷ്യം കേട്ട് യേശു വിനെ അനുഗമിച്ചു. യേശുമിശിഹായാണെന്ന് മനസ്സിലാക്കിയപ്പോൾ തന്റെ സഹോദരനായ ശിമയോൻ പത്രോസിനെ കൂടെ മിശിഹായുടെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുവന്നു. സുവിശേഷത്തിൽ അന്ത്രയോ

www.malankaralibrary.com



സിൽ കാണുന്ന പ്രത്യേകത മഹാമനസ്കത നിറഞ്ഞ വിനീതഭാവമാണ്. ക്രിസ്തുവർഷം 41 വരെ അന്ത്രയോസ് ജറുസലേമിൽ ഉണ്ടായിരുന്നു. പിന്നീട് പാലസ്തീനായിലെ സുവിശേഷ പ്രസംഗത്തിൽ പത്രോസിനോടൊപ്പം സഹകാരിയായിരുന്നു. 43 മുതൽ 64 വരെയുള്ള കാലഘട്ടങ്ങളിൽ ജോർദ്ദാൻ, അറേബ്യ, ഫിനീഷ്യ (ലബനോൻ) ഒബ്രയോൻ തുടങ്ങിയിടങ്ങളിൽ പ്രസംഗിക്കാനായി പോയി. പിന്നീട് ബിഥിനിയ എന്ന സ്ഥലത്ത് സുവിശേഷം പ്രസംഗിച്ചു. ബൈസാൻസിയത്തിൽ അദ്ദേഹം മെത്രാൻ സ്ഥാനം സ്ഥാപിച്ചു. ചുരുക്കത്തിൽ അന്ത്രയോസിന്റെ പ്രവർത്തനമേഖല വളരെ വിശാലമായിരുന്നു. ബിഥിനിയ, ഗലാത്തിയ, അഖായ തുടങ്ങിയ സ്ഥലങ്ങളിലും കർത്താവിനെക്കുറിച്ച് പ്രസംഗിച്ചു. റഷ്യയിലെ ചില ഭാഗങ്ങളിലും സുവിശേഷം പ്രസംഗിച്ചതായി വിശ്വസിക്കപ്പെടുന്നു. റഷ്യ, ഗ്രീസ്, സ്കോട്ട്ലണ്ട് തുടങ്ങിയ രാജ്യങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ അന്ത്രയോസ് ശ്ലീഹായാണ്. അന്ത്രയോസ് ശ്ലീഹാ സ്കീനിയായിൽ വച്ച് രക്തസാക്ഷിത്വം വരിച്ചു എന്ന് ചരിത്രകാരനായ എവുസേബിയോസ് പറയുന്നു. മറ്റൊരു പാരമ്പര്യം അദ്ദേഹത്തെ 'X' ആകൃതിയിലുള്ള കുരിശിൽ പത്രാസ് എന്ന സ്ഥലത്ത് വച്ച് ക്രൂശിക്കപ്പെട്ടു എന്നു പറയുന്നു. 356-ൽ ഭൗതികശരീരം കോൺസ്റ്റാന്റിനോപ്പിളിലേയ്ക്ക് മാറ്റി. 1462-ൽ പീയൂസ് രണ്ടാമൻ മാർപാപ്പ വത്തിക്കാനിലെ ബസിലിക്കയിൽ അന്ത്രയോസ് ശ്ലീഹായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു. പൗരസ്ത്യ സഭയും പാശ്ചാത്യസഭയും പരമ്പരാഗതമായി നവംബർ 30-നാണ് അന്ത്രയോസിന്റെ തിരുന്നാൾ ആചരിക്കുന്നത്.

*വിചിന്തനം: "അവൻ ആദ്യമേ തന്റെ സഹോദരനായ ശിമയോനെ കണ്ട് അവനോട്, ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ - കണ്ടു എന്നു പറഞ്ഞു. അവനെ യേശുവിന്റെ അടുത്തു കൊണ്ടുവന്നു. യേശു അവനെ നോക്കി പറഞ്ഞു: നീ യോഹന്നാന്റെ പുത്രനായ ശിമയോനാണ്. കേപ്പാ-പാറ- എന്നു നീ വിളിക്കപ്പെടും" (യോഹ. 1:41-42).*

www.malankaralibrary.com

# ഡിസംബർ
# (കോനൂൻ ക്ദീം)

## ഡിസംബർ 3 വി. ഫ്രാൻസിസ് സേവ്യർ

1506-ൽ സ്പെയിനിൽ നവാറെ എന്ന സ്ഥലത്ത് ഡോ. ജുവാന്റെയും ഡോണാ മറിയയുടെയും മകനായി ഫ്രാൻസിസ് സേവ്യർ ജനിച്ചു. ഒരു കുലീനകുടുംബത്തിൽ ജനിച്ച ഫ്രാൻസിസിന്റെ പ്രാഥമിക വിദ്യാഭ്യാസം നാട്ടിൽ തന്നെയായിരുന്നു. ഇരുപതാമത്തെ വയസ്സിൽ ഉപരിപഠനത്തിനായി ഫ്രാൻസിസ് പാരീസിലേക്ക് തിരിച്ചു. ഒരു രാജകുമാരന്റെ ആഡംബരങ്ങൾക്കനുയോജ്യമായ വിധത്തിലായിരുന്നു പാരീസിൽ ഫ്രാൻസിസിന്റെ ജീവിതം. ജഡിക അഭിലാഷങ്ങളിൽ മുഴുകിയ ഫ്രാൻസിസ് സ്വാർത്ഥതയിലും മ്ലേച്ഛതകളിലും വീണുപോയി. പഠനത്തിൽ മിടുക്കനായിരുന്ന ഫ്രാൻസിസ് വിഷയാസക്തിയെ വാരിപ്പുണർന്നു. ഈ അവസരത്തിലാണ് വി. ഇഗ്നേഷ്യസ് ലയോളയെ ഫ്രാൻസിസ് കണ്ടുമുട്ടുന്നത്. ഫ്രാൻസിസിനെക്കാൾ പഠനത്തിൽ പിന്നിലായിരുന്ന ഇഗ്നേഷ്യസിനെ സഹായിക്കാൻ അധ്യാപകൻ ഫ്രാൻസിസിനെ ചുമതലപ്പെടുത്തി. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം" എന്ന വചനം ഇഗ്നേഷ്യസ് നിരന്തരം ഫ്രാൻസിസിനെ ഓർമ്മപ്പെടുത്തികൊണ്ടിരുന്നു. 1534-ൽ ഫ്രാൻസിസ് ഇഗ്നേഷ്യസിന്റെ ശിഷ്യനായിത്തീർന്നു. 1537-ൽ ഫ്രാൻസിസ് വൈദികനായി. ഇഗ്നേഷ്യസിന്റെ നിർദ്ദേശമനുസരിച്ച് ഇന്ത്യയിൽ പ്രേഷിതവേല ചെയ്യാൻ തീരുമാനിച്ചു. 1542-ൽ ഫ്രാൻസിസ് ഇന്ത്യയിലെ മണപ്പാടി തീരപ്രദേശങ്ങളിൽ പ്രേഷിത പ്രവർത്തനം ആരംഭിച്ചു. തെരുവുകളിലൂടെ ബെല്ലുമടിച്ചുകൊണ്ട് നീങ്ങുന്ന വെള്ളക്കാരനായ പുരോഹിതനെ അവിടുത്തെ ജനങ്ങൾ അത്ഭുതത്തോടെ നോക്കിക്കണ്ടു. ആകർഷഭരിതരായി കുട്ടികൾ ഓടിക്കൂടുമായിരുന്നു. അവരെ ഫ്രാൻസിസ് പള്ളിയിൽ കൊണ്ടുപോയി വചനം ലളിതമായും ഗാനാത്മകമായും പറഞ്ഞുകൊടുത്തിരുന്നു.

www.malankaralibrary.com


കുട്ടികൾ അദ്ദേഹത്തിനൊപ്പം ആയിരിക്കാൻ അത്യധികം ആഗ്രഹിച്ചു. രോഗികളുടെ അടുക്കൽചെന്ന് വിശ്വാസപ്രമാണം ചൊല്ലി അതിൽ പറഞ്ഞിരിക്കുന്നവ വിശ്വസിച്ചാൽ കുടുംബം രക്ഷ പ്രാപിക്കും എന്ന് അവരെ ഉദ്ബോധിപ്പിച്ചു. കുട്ടികളുടെ വളർച്ചയ്ക്ക് വേണ്ടി സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു. പോർച്ചുഗീസുകാരുടെ അനുമതിയോടെ ബേസീൻ, താന, കൊച്ചി, മലാക്ക, ടെറനേറ്റ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. 45-ൽ പരം പള്ളികൾ തിരുവിതാംകൂറിൽ തന്നെ സ്ഥാപിച്ചു. ദിവസവും വീടുകൾതോറും ചെന്ന് കുഷ്ഠരോഗികൾക്കും മറ്റുള്ള രോഗികൾക്കും വേണ്ടി ഭിക്ഷ യാചിക്കുന്ന പുരോഹിതൻ ഗോവക്കാർക്ക് പതിവു കാഴ്ചയായിരുന്നു. ആരേയും ആകർഷിക്കുന്ന വ്യക്തിത്വവും തേജസുറ്റ വ്യക്തിപ്രാഭവവുമായിരുന്നു ജനങ്ങളുടെ പ്രിയപ്പെട്ടവനായി ഫ്രാൻസിസിനെ മാറ്റിയത്.

മലാക്കായിൽ ഫ്രാൻസിസിന്റെ പ്രേഷിതത്വം തികച്ചും വ്യത്യസ്തമായിരുന്നു. ദുർമാർഗ്ഗചാരികളായവരോട് സ്നേഹത്തോടും വിനയത്തോടും ഇടപെട്ട അദ്ദേഹം പലരുടെയും സ്വഭാവ നവീകരണത്തിനും ജീവിതപരിവർത്തനത്തിനും കാരണമായി. കുമ്പസാരിക്കാൻ തിങ്ങിക്കൂടുന്ന ജനങ്ങളുടെ ആധിക്യത്താൽ പലപ്പോഴും ക്ഷീണിതനായിട്ടുണ്ട്. നാലുപേരെ അദ്ദേഹം പുനർജ്ജീവിപ്പിച്ചതായും പറയുന്നുണ്ട്. പല ഇടങ്ങളിലായി ഏകദേശം മൂന്ന് ലക്ഷം പേരെയെങ്കിലും ജ്ഞാനസ്നാനം നൽകിയിട്ടുള്ളതായി ജീവചരിത്രകാരൻമാർ സാക്ഷ്യപ്പെടുത്തുന്നു. 1549-ൽ ജപ്പാനിലേക്ക് തിരിച്ച ഫ്രാൻസിസ് അവിടത്തെ ആളുകളുടെ എതിർപ്പ് കാരണം 1522-ൽ തിരികെ ഗോവയിലേയ്ക്കു വന്നു. ഈ കാലഘട്ടത്തിൽ പ്രാർത്ഥനയിലും പകൽ പ്രസംഗത്തിലും ഫ്രാൻസിസ് ചിലവഴിച്ചു. 1552-ൽ ഡിസംബർ 3-ാം തീയതി തന്റെ സ്വർഗ്ഗീയ സമ്മാനം സ്വീകരിക്കുന്നതിനായി യാത്രയായി. 1619-ൽ അദ്ദേഹം വാഴ്ത്തപ്പെട്ടവനായും 1622-ൽ വിശുദ്ധനായും ഉയർത്തപ്പെട്ടു. ഇന്നും അഴുകാതിരിക്കുന്ന വിശുദ്ധന്റെ ശരീരം ഗോവയിലെ ബോം ജീസസ് ബസ്സിലിക്കായിൽ സൂക്ഷിച്ചിരിക്കുന്നു.

*വിചിന്തനം: "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനു പകരമായി എന്തു കൊടുക്കും"? (മത്താ. 16:26)*

www.malankaralibrary.com



*2. "സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും സീയോനോടു നിന്റെ ദൈവം ഭരിക്കുന്നുവെന്നു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമാണ്" (ഏശയ്യാ. 52:7).*

## ഡിസംബർ 4 ഡമാസ്കസിലെ മാർ യോഹന്നാൻ

പൗരസ്ത്യ ഗ്രീക്ക് സഭാ പാരമ്പര്യത്തിലെ ഏറ്റവും അവസാനത്തെ സഭാപിതാവാണ് ദമാസ്കസിലെ യോഹന്നാൻ. ഇസ്ലാം മത പ്രവാചകനായ മുഹമ്മദ് നബിയുടെ മരണത്തിന് 5 വർഷങ്ങൾക്കു ശേഷം 1675-ൽ ദമാസ്ക്കസിലാണ് ജോൺ ജനിച്ചത്. എ.ഡി. 635-ഓടെ ഒരു ഇസ്ലാം നഗരമായി ദമാസ്കസ് മാറി കഴിഞ്ഞിരുന്നു. കോസ്മാസ് എന്ന സന്ന്യാസിയിൽ നിന്നും ജോൺ മാമോദീസാ സ്വീകരിച്ചു. ആ സന്ന്യാസിയിൽ നിന്നും ജോൺ ദൈവശാസ്ത്രപാഠങ്ങൾ സ്വായത്തമാക്കി.

അറബി ഭരണാധികാരികളുടെ കീഴിൽ ക്രൈസ്തവ ജനതയുടെ ചുമതല വഹിച്ചിരുന്ന ആളായി അദ്ദേഹം ജോലി നോക്കിയിരുന്നു. എന്നാൽ ഭരണാധികാരികൾ ക്രൈസ്തവരോട് കാണിച്ചിരുന്ന അവഗണന നിമിത്തം 700-ൽ ജോൺ ജോലി രാജിവെച്ച് മാർ സാബായുടെ ആശ്രമത്തിൽ പ്രവേശിച്ചു.

പരിശുദ്ധ ഛായാചിത്രങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹം കൂടുതൽ എഴുതിയിരുന്നത് – അതുപോലെ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചും അദ്ദേഹം എഴുതിയിരുന്നു. തിരുസ്വരൂപ വണക്കവും ദൈവാരാധനയും രണ്ടാണെന്ന് അദ്ദേഹം സ്പഷ്ടമാക്കി. തിരുസ്വരൂപം യാഥാർത്ഥ്യത്തിന് തുല്യമോ അതിന് പകരമോ ആകുന്നില്ല.

തത്വശാസ്ത്രവും, ദൈവശാസ്ത്രവും കൂട്ടി കലർത്തിയതായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ. ആധുനിക യുഗത്തിലെ സെന്റ് തോമസ് അക്വിനാസിന്റെ ആശയങ്ങൾക്കൊപ്പം നിൽക്കുന്നതായിരുന്നു അവ. എന്നാൽ അത് അത്ര വിപുലമായി ലോകത്തിൽ അറിയപ്പെട്ടില്ല. "അറിവിന്റെ ഉറവിടം" എന്ന അദ്ദേഹത്തിന്റെ പുസ്തകം അതിന് ഒരു ഉദാഹരണമാണ്.

സ്നേഹമാണ് ദൈവത്തെ ആരാധിക്കാനുള്ള മാനദണ്ഡം എന്ന് അദ്ദേഹം പഠിപ്പിച്ചു. അതുപോലെ തന്നെ പരിശുദ്ധ അമ്മയെ

www.malankaralibrary.com


ക്കുറിച്ചും ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 749-ൽ അദ്ദേഹം മാർ സാബായുടെ ആശ്രമത്തിൽ വച്ചു കാലം ചെയ്തു. 1890-ൽ ലിയോ XIII-ാമൻ മാർപാപ്പ അദ്ദേഹത്തെ സഭയിലെ വേദപാരംഗതനായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ പല കൃതികളും, ലത്തീൻ, അർമേനിയൻ, അറബി എന്നീ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

*വിചിന്തനം: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; മാതൃഗർഭത്തിൽ വിശ്വാസി ഉരുവാകുമ്പോൾ അവളും സൃഷ്ടിക്കപ്പെടുന്നു" (പ്രഭാ. 1:14).*

## ഡിസംബർ 5 — അലക്സാണ്ട്രിയായിലെ ക്ലീമിസ്

അലക്സാണ്ട്രിയായിലെ ദൈവശാസ്ത്ര വിദ്യാലയത്തിലെ പ്രമുഖനായ ചിന്തകൻ ആയിരുന്നു അലക്സാണ്ട്രിയായിലെ ക്ലീമീസ്. എ.ഡി. 150-നടുത്ത് ആഥൻസിലാണ് അദ്ദേഹം ജനിച്ചത്. ജന്മസ്ഥലമായ ആഥൻസിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചു. ഏറ്റവും പ്രശസ്തനായ ക്രൈസ്തവ പണ്ഡിതരെ ശ്രവിക്കാനായി ഇറ്റലി, സിറിയ, പാലസ്തീന എന്നിവിടങ്ങളില്ലൊം അദ്ദേഹം ചുറ്റി സഞ്ചരിച്ചു. ഭാഗ്യവാന്മാരും ശ്രേഷ്ഠരുമായ ആളുകളുടെ പ്രഭാഷണങ്ങൾ ശ്രവിക്കുവാൻ ഭാഗ്യമുണ്ടായി എന്നു ക്ലീമിസ് തന്നെ സാക്ഷിക്കുന്നു. അവസാനം അദ്ദേഹം അലക്സാണ്ട്രിയായിൽ എത്തി. അവിടെ വച്ച് യാത്ര അവസാനിപ്പിച്ചു. പന്തേനൂസിന്റെ വിജ്ഞാനവും വ്യക്തിത്വവും ക്ലെമന്റിനെ അദ്ദേഹത്തിന്റെ ശിഷ്യനാക്കി. പന്തേനൂസിന്റെ സഹപ്രവർത്തകനായി ഒന്നു രണ്ടു വർഷങ്ങൾക്കുശേഷം സെപ്തീമിയൂസ് സേവേരൂസ് ചക്രവർത്തിയുടെ മതമർദ്ദനകാലത്ത് ഒളിവിൽ കഴിഞ്ഞു. അവസാനം തന്റെ പ്രിയ ശിഷ്യനായ അലക്സാണ്ടറുമൊത്തു കപ്പഡോഷ്യയിൽ അഭയം തേടി. അലക്സാണ്ടർ പിന്നീട് ജറുസലേമിലെ മെത്രാനായി. ക്ലീമിസ് 215-ൽ കപ്പഡോഷ്യയിൽ വച്ച് മരിച്ചു.

ഗ്രീക്ക് സംസ്കാരവും തത്ത്വചിന്തകളും ആഴത്തിൽ മനസ്സിലാക്കിയ അദ്ദേഹം തന്റെ അറിവ് മുഴുവൻ സുവിശേഷ പ്രചരണത്തിനായി ഉപയോഗിച്ചു. ജസ്റ്റിൻ, അത്തനാഗോറസ് ഇവരുടെ ദൈവശാസ്ത്ര ചിന്തകളുടെ തുടർച്ച ക്ലീമിസിന്റെ എഴുത്തുകളിൽ കാണുന്നു. ജസ്റ്റിൻ രൂപം കൊടുത്ത ലോഗോസ് ക്രിസ്തുവിജ്ഞാനീയം വികസിപ്പിച്ചെടുത്തു. തത്ത്വശാസ്ത്രം, സംഗീതം, സാഹിത്യം, പുരാണം,

www.malankaralibrary.com


ഇതിഹാസം എന്നിവയിൽ എല്ലാം അദ്ദേഹത്തിന് നല്ല അറിവ് ഉണ്ടായിരുന്നു. ഗ്രീക്കുകാരോടുള്ള ഉപദേശം, ഗുരു, കയറ്റുപായ്, എന്നിവയായിരുന്നു പ്രധാന കൃതികൾ. സിപ്രിയാൻ, തെർത്തുല്യൻ എന്ന സഭാപിതാക്കന്മാരെ പോലെ ക്ലീമീസും സഭയെ മാതാവ് എന്ന് വിളിക്കുന്നു. മാമോദീസാ വീണ്ടും ജനനം ആണ് എന്ന് ക്ലീമിസ് പഠിപ്പിച്ചു. വി. കുർബാനയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രബോധന ത്തിൽ സ്വയം സമർപ്പിക്കുന്നതാണ് ഏറ്റവും സാരവത്തായ ബലി എന്ന് അദ്ദേഹം പഠിപ്പിച്ചു. വിവാഹജീവിതത്തെ താറടിച്ച് കാണിച്ചിരുന്ന ന്നോസ്റ്റിക് ചിന്തകളെ എതിർക്കുകയും വിവാഹത്തിന്റെ മഹത്വത്തെ ഉയർത്തി കാണിക്കുകയും ചെയ്തു.

*വിചിന്തനം:- "ഓ! അത്ഭുതരഹസ്യം എല്ലാവരുടേയും പിതാവേകാൻ, വചനം ഒരുവൻ, കന്യകയും മാതാവുമായവളും ഒന്നു മാത്രം, അവളെ ഞാൻ സഭയെന്നു വിളിക്കാൻ ആഗ്രഹിക്കുന്നു. അവൾക്കു മാത്രം മുലപ്പാലില്ല; കാരണം അവൾ മാത്രം സ്ത്രീയായി തീർന്നില്ല. എന്നാൽ അവൾ കന്യകയും അമ്മയുമാണ്. അവൾ കന്യകയെപ്പോലെ കളങ്ക രഹിതയാണ്. അമ്മയെപ്പോലെ കാരുണ്യമുള്ളവളുമാണ്. മക്കളെ തന്റെ പക്കലേക്ക് മാടിവിളിച്ച് വചനമാകുന്ന പാൽ അവരെ കുടിപ്പിക്കുന്നു" (ഗുരു 6: 42:1).*

## ഡിസംബർ 5 — മാർ സാബാസ് (439 – 532)

ജോൺ എന്ന മിലിട്ടറി ഓഫീസറിന്റെയും സോഫിയുടെയും മകനായി എ.ഡി. 439-ൽ മാർ സാബാസ് ജനിച്ചു. എട്ടാമത്തെ വയസ്സിൽ അന്ത്യോക്യയിലെ ഫ്ളാവിയൻ എന്ന മെത്രാന്റെ ആശ്രമത്തിൽ ചേർന്നു. വളരെ വേഗം വി. ഗ്രന്ഥം വ്യാഖ്യാനിക്കാനുള്ള പരിശീലനം സിദ്ധിച്ചു. ആശ്രമത്തിൽ നിന്ന് തിരിച്ചുവരാനും വിവാഹം കഴിക്കു വാനുമുള്ള മാതാപിതാക്കളുടെ നിർബന്ധത്തെയും സ്നേഹപൂർവ്വം നിരസിച്ചു. പതിനേഴാമത്തെ വയസ്സിൽ അദ്ദേഹം സന്യാസവ്രതം സ്വീകരിച്ചു. 10 വർഷം ഫ്ളാവിയന്റെ ആശ്രമത്തിൽ വസിച്ചശേഷം ജറുസലേമിൽ ഉള്ള മഹാനായ എവുത്തിമൂസിന്റെ ആശ്രമത്തിലേക്ക് പോയി. എവുത്തിമൂസ് അദ്ദേഹത്തെ തെയോക്റ്റിസറ്റ്സിന്റെ ആശ്രമ ത്തിലേക്ക് അയച്ചു. 30-ാമത്തെ വയസ്സ് വരെ അദ്ദേഹം ആശ്രമത്തിൽ താമസിച്ചു. തെയോക്റ്റിസ്റ്റസിന്റെ മരണശേഷം കഠിനമായ താപസ

www.malankaralibrary.com


ജീവിതം നയിക്കുന്നതിന് ഗുഹയിലേക്ക് താമസം മാറ്റി. എല്ലാ ശനിയാഴ്ചയും അദ്ദേഹം ആശ്രമത്തിലേക്ക് വരികയും ആശ്രമസ്ഥരോടൊത്ത് ചിലവഴിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം എവുത്തീമൂസിനൊപ്പം സന്യാസജീവിതം നയിച്ചുപോന്നു. അദ്ദേഹത്തിന്റെ സന്യാസജീവിതത്തിൽ ആകൃഷ്ടരായി അനേകം ആളുകൾ കടന്നുവന്നു. ശിഷ്യന്മാരുടെ എണ്ണം കൂടി വന്നപ്പോൾ പുതിയ ഒരു ആശ്രമം സ്ഥാപിച്ചു. അതിനുശേഷം അദ്ദേഹം ധാരാളം ആശ്രമങ്ങൾ സ്ഥാപിച്ചു. സാബാസിന്റെ മദ്ധ്യസ്ഥതയിൽ അനേകം രോഗശാന്തികളും അത്ഭുതങ്ങളും നടന്നു. ജറുസലേമിലെ പാത്രിയാർക്കീസായിരുന്ന സെലസ്ത്തിയൂസ് അദ്ദേഹത്തെ 491-ൽ പുരോഹിതനായി അഭിഷേകം ചെയ്തു. ബൈസന്റെയിൻ ആശ്രമങ്ങൾക്കുവേണ്ടിയുള്ള നിയമാവലി അദ്ദേഹം രൂപീകരിച്ചു. 532-ൽ ഡിസംബർ മാസം 5-ാം തീയതി 94-ാമത്തെ വയസ്സിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

*വിചിന്തനം: യേശു പറഞ്ഞു: "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും" (മത്താ. 19:21).*

## ഡിസംബർ 6 — അന്ത്യോക്യയിലെ മാർ തെയോഫിലസ്

അന്ത്യോകൃയിലെ ആറാമത്തെ മെത്രാനായിരുന്നു മാർ തെയോഫിലസ്. യൂഫ്രട്ടീസ് പ്രദേശത്താണ് അദ്ദേഹം ജനിച്ചത്. ഗ്രീക്ക് തത്ത്വശാസ്ത്രത്തിൽ അവഗാഹം നേടിയ അദ്ദേഹം നിരന്തരമായ അന്വേഷണത്തിന്റെ ഫലമായി മാമോദീസ സ്വീകരിച്ച് ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നു. തുടർന്ന് ക്രിസ്തീയ വിശ്വാസത്തിന്റെ സംരക്ഷകനായും സമർത്ഥകനായും അദ്ദേഹം ജീവിച്ചു. രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സമർത്ഥകരിൽ പ്രധാനിയാണ് അദ്ദേഹം. ക്രൈസ്തവ വിശ്വാസത്തെ സമർത്ഥിച്ചുകൊണ്ട് അദ്ദേഹം ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. എന്നാൽ വിജാതീയനായ ഔതോലിക്കസിനെഴുതിയ മൂന്നു പുസ്തകങ്ങൾ ഒഴിച്ച് മറ്റൊന്നും നമുക്ക് ലഭിച്ചിട്ടില്ല. ദൈവത്തിന്റെ സത്തയെക്കുറിച്ചും ഏകദൈവവിശ്വാസത്തിന്റെ അനന്യതയെക്കുറിച്ചും ക്രിസ്തുവിശ്വാസത്തിന്റെ തനിമയെക്കുറിച്ചും വിവരിക്കുന്ന ഈ പുസ്തകങ്ങൾ ക്രൈസ്തവ സാഹിത്യത്തിൽ ഈടുറ്റതാണ്. ദൈവത്തിന്റെ സത്തയെ സൂചിപ്പിക്കുവാൻ 'ത്രിയാസ്'

www.malankaralibrary.com


എന്ന പദം ആദ്യമായി ഉപയോഗിച്ചത് തെയോഫിലസ് ആണ്. ക്രിസ്തു വിജ്ഞാനീയത്തിലും ത്രിത്വവിശ്വാസത്തിലും ഈടുറ്റ സംഭാവനകൾ അദ്ദേഹം സഭയ്ക്ക് നൽകിയിട്ടുണ്ട്. എ.ഡി. 183-നും 185-നും ഇടയിൽ അദ്ദേഹം മരിച്ചു എന്നാണ് വിശ്വസിക്കപ്പെടുന്നത്. സഭയ്ക്ക് ഉള്ളിൽ നിന്നും പുറത്തുനിന്നും നേരിട്ട എല്ലാ വിശ്വാസവിപരീതങ്ങളെയും തന്റെ രചനകൾ വഴിയും പ്രബോധനങ്ങൾ വഴിയും തെയോഫിലസ് സുധീരമായി ചെറുത്തു.

*വിചിന്തനം: "വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക" (2 തിമോ. 4:2).*

## ഡിസംബർ 7 — മിലാനിലെ വി. അംബ്രോസ്

ലത്തീൻ സഭാപാരമ്പര്യത്തിലെ നാലു പ്രമുഖ പിതാക്കന്മാരിൽ ഒരാളാണ് മിലാനിലെ മെത്രാനായിരുന്ന അംബ്രോസ്. ഗാൾ പ്രവിശ്യയുടെ ആസ്ഥാനമായിരുന്ന ട്രിയർ എന്ന പട്ടണത്തിൽ 339-ൽ ഒരു ക്രൈസ്തവ കുടുംബത്തിൽ അംബ്രോസ് ജനിച്ചു. ഒരു കുലീന റോമൻ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. അംബ്രോസിന്റെ പിതാവായിരുന്നു അക്കാലത്ത് ഗാൾ പ്രവിശ്യയുടെ പ്രീഫെക്ട്. സാഹിത്യവും നിയമവും പഠിച്ച അംബ്രോസ് 370-ൽ വടക്കേ ഇറ്റലിയുടെ കൊൺസൂളായി നിയമിതനായി. തുടർന്ന്, മിലാൻ പട്ടണത്തിലെത്തി അവിടെ താമസമാക്കി. 374-ൽ മിലാനിലെ മെത്രാൻ മരണമടഞ്ഞപ്പോൾ മിലാനിലെ കത്തോലിക്കരും ആര്യൻ പക്ഷക്കാരും ചേർന്ന് മാമോദീസാ സ്വീകരണത്തിനായി തയ്യാറായിക്കൊണ്ടിരിക്കുന്ന അംബ്രോസിനെ മെത്രാനായി തെരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ അംബ്രോസ് മാമ്മോദീസാ സ്വീകരിക്കുകയും ഒരാഴ്ചയ്ക്കുശേഷം പൗരോഹിത്യം സ്വീകരിച്ച് മിലാനിലെ മെത്രാനായി അദ്ദേഹം അഭിഷിക്തനാവുകയും ചെയ്തു. മെത്രാനായ ശേഷം തന്റെ സ്വത്തു മുഴുവൻ പാവപ്പെട്ടവർക്കും തിരുസഭയ്ക്കുമായി നൽകി. തുടർന്ന് വി. ഗ്രന്ഥത്തിലും ദൈവപരിശീലനത്തിലും മുഴുകി.

www.malankaralibrary.com


സഭയുടെ അവകാശങ്ങൾക്കുവേണ്ടി അംബ്രോസ് എപ്പോഴും നിലകൊണ്ടിരുന്നു. സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം എപ്രകാരമായിരിക്കണമെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. സഭയുടെമേൽ യജമാനത്വം പുലർത്തുവാൻ രാഷ്ട്രത്തിന് അവകാശമില്ലെന്നും ചക്രവർത്തിയുടെ സ്ഥാനം സഭയ്ക്കുപരിയല്ലെന്നും അദ്ദേഹം സഭയുടെ ഒരു പുത്രൻ മാത്രമാണെന്നും അംബ്രോസ് ഉറപ്പിച്ചു പറഞ്ഞു. മരിയവിജ്ഞാനത്തിന്റെ തലത്തിലും അദ്ദേഹം ചില സംഭാവനകൾ നൽകിയിട്ടുണ്ട്. മറിയത്തെ 'പരിശുദ്ധ മറിയമെന്നും' 'പരിശുദ്ധ കന്യകയെന്നും' ആദ്യമായി വിളിച്ചത് വി. അംബ്രോസാണ്. വി. അഗസ്റ്റിനെ മാനസാന്തരത്തിലേക്ക് നയിച്ചത് വി. അംബ്രോസിന്റെ പ്രസംഗങ്ങളാണ്. അദ്ദേഹം തന്നെയാണ് അഗസ്റ്റിനെ ജ്ഞാനസ്നാനപ്പെടുത്തിയതും. പല ഗാനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. മിലാനിൽ അംബ്രോസിന്റെ പേരിൽത്തന്നെ ഒരു ആരാധനക്രമ പാരമ്പര്യമുണ്ട്. അംബ്രോസിയൻ ഗാനങ്ങളാണ് അതിന്റെ പ്രത്യേകത. 397-ൽ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

*വിചിന്തനം: 1. "നിധികൾ സൂക്ഷിക്കുന്നതിനേക്കാൾ പ്രധാനമാണ് ആത്മാവിനെ ദൈവത്തിനുവേണ്ടി സൂക്ഷിക്കുന്നത്. സ്വർണ്ണമോ, വെള്ളിയോ കൂടാതെ തന്റെ അപ്പോസ്തലന്മാരെ അയച്ചവന് തന്റെ സഭയെ രൂപീകരിക്കുന്നതിന് സ്വർണ്ണമോ വെള്ളിയോ ആവശ്യമില്ല".*

*2. "നിങ്ങൾ ഒരു ദരിദ്രന് നൽകുമ്പോൾ അതു നിങ്ങളുടെ ഔദാര്യമല്ല; അവന് അവകാശപ്പെട്ടതിന്റെ ഒരു ഭാഗം നിങ്ങൾ അവന് തിരിച്ച് നൽകുകയാണ്. ഭൂമി എല്ലാവർക്കുമുള്ളതാണ്. അതുകൊണ്ട് നിങ്ങൾ കടം വീട്ടുകയാണ്" (വി. അംബ്രോസ്).*

## ഡിസംബർ 8 — അമലോത്ഭവ തിരുനാൾ

പരി. കന്യകമറിയത്തിന്റെ അമലോത്ഭവം പരി. കത്തോലിക്കാ സഭയുടെ ഒരു വിശ്വാസസത്യമാണ്. മറിയം ജന്മപാപമില്ലാതെ ജനിച്ചവൾ എന്നാണ് 'അമലോത്ഭവം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യമാതാപിതാക്കളുടെ പാപം വഴി എല്ലാ മനുഷ്യരും പാപികളായി തീർന്നു. ഈ പാപത്തിലാണ് എല്ലാ മനുഷ്യരും ജനിക്കുന്നത്. ഇതിനെയാണ് ജന്മപാപം എന്ന് വിളിക്കുന്നത്. തന്റെ പുത്രന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ട പരി. മറിയത്തെ ജന്മപാപങ്ങളിൽ നിന്ന് വിമുക്ത

www.malankaralibrary.com


മാക്കി എന്നതാണ് 'അമലോത്ഭവം' എന്ന വിശ്വാസസത്യം പഠിപ്പിക്കുന്നത്. പരി. അമ്മ പൂർണ്ണമായും പാപരഹിതയും വിശുദ്ധയുമാണെന്ന് സഭയുടെ ആദ്യകാലങ്ങളിൽ നിന്നിരുന്നു. 1439-ൽ ബാസലിൽ സമ്മേളിച്ച സുന്നഹദോസിൽ മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. മാർപാപ്പയുടെ അംഗീകാരമില്ലാത്തതിനാൽ ഇത് ഒരു വിശ്വാസസത്യമായി അംഗീകരിക്കപ്പെട്ടില്ല. 15-ാം നൂറ്റാണ്ടിൽ സിക്സ്റ്റസ് മാർപാപ്പ മറിയത്തിന്റെ അമലോത്ഭവം റോമിലെ സഭയ്ക്കുവേണ്ടി അംഗീകരിച്ചു. 1661 അലക്സാണ്ടർ 7-ാം മാർപാപ്പയും സിക്സ്റ്റസ് മാർപാപ്പയുടെ നിലപാടിനെ അംഗീകരിച്ചു. 1854 ഡിസംബർ 8-ാം തീയതി പീയൂസ് 9-ാം മാർപാപ്പ മറിയത്തിന്റെ അമലോത്ഭവം കത്തോലിക്കാ സഭയുടെ വിശ്വാസ സത്യമായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. "മനുഷ്യവർഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിർത്തി സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക കൃപയാലും അംഗീകാരത്താലും, പരി. കന്യക മറിയം തന്റെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുഴുവൻ ജന്മപാപത്തിന്റെ യാതൊരു മാലിന്യം ഏശാതെ കാത്തുസൂക്ഷിക്കപ്പെട്ടു എന്നത് വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യമാണ് എന്നും ആകയാൽ എല്ലാ വിശ്വാസികളും ഉറപ്പായും വിശ്വസിക്കണമെന്ന് നാം പ്രഖ്യാപിക്കുന്നു". ഈ വാക്കുകളിൽ 'അവാച്യനായ ദൈവം' (Ineffabilis Deus) എന്ന തിരുവെഴുത്തിലൂടെ പ്രഖ്യാപിച്ചു. യേശുക്രിസ്തുവിലൂടെ മാത്രമേ രക്ഷയുള്ളൂ എന്ന സത്യത്തിന് വിരുദ്ധമല്ല ഈ പ്രഖ്യാപനം. കാരണം മറിയം ജന്മപാപത്തിൽ നിന്നും കാത്തുസൂക്ഷിക്കപ്പെട്ടത് യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തിയുടെ ഫലമാണ്. "ദൈവകൃപ നിറഞ്ഞവളെ" എന്ന സംബോധനയിൽ മറിയം പാപരഹിതയാണ് എന്ന് സൂചിപ്പിക്കുന്നു.

*വിചിന്തനം:- "മനുഷ്യനായ ദൈവത്തിന് ജന്മം കൊടുക്കുക എന്നത് ദൈവത്തിന്റെ മനസ്സിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒന്നാണ്. അതിനാൽ വേറൊരു ലക്ഷ്യം ഇല്ലെങ്കിൽത്തന്നെയും തന്റെ പുത്രന്റെ ബഹുമാനാർത്ഥം എല്ലാ പാപങ്ങളിൽ നിന്നും വി. കന്യകയെ ഒഴിവാക്കി ദൈവം സൃഷ്ടിച്ചത് വളരെ ന്യായമാണ്" (സീയന്നായിലെ ബർണാദിൻ).*

www.malankaralibrary.com


## ഡിസംബർ 10 മാർ ബഹനാൻ സഹദായും സഹോദരി സാറായും നാൽപ്പതു സഹദേന്മാരും

ക്രിസ്തുവർഷം നാലാം ശതാബ്ദത്തിൽ പേർഷ്യൻ രാജാവായിരുന്ന സെൻ ഹെരീബിന്റെ മക്കളായിരുന്നു ബഹനാനും സാറായും. സെൻ ഹെരീബ് ഒരു അന്യദേവ ആരാധകനായിരുന്നു. തന്റെ അധികാരവും മഹത്വവുമെല്ലാം ഈ ദേവന്മാർ മൂലമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇദ്ദേഹം അതിക്രൂരമായി ക്രിസ്തുമത അനുയായികളെ പീഢിപ്പിച്ചിരുന്നു. സെൻ ഹെരീബിന്റെ ഏക മകളായ സാറാ ഒരു കുഷ്ഠരോഗിയായിരുന്നു. ദേവ പ്രീതിക്കായുള്ള ബലികൾക്കോ യാഗങ്ങൾക്കോ അവളെ സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഒരു ദിവസം ബഹനാൻ നായാട്ടിനായി വനത്തിലേക്ക് പോയി. നായാട്ടിൽ അതിവിദഗ്ധനായിരുന്നിട്ടും ബഹനാന് അന്ന് ഒന്നും തന്നെ കിട്ടിയില്ല. ഏറെ നിരാശനായി കിടന്നുറങ്ങിയ ബഹനാൻ ഒരു ശബ്ദം കേട്ടാണ് ഉണർന്നത്. കണ്ണുകൾ തുറന്നു നോക്കിയപ്പോൾ ആയിരം സൂര്യ തേജസ്സുള്ള ഒരു വ്യക്തി തന്റെ മുമ്പിൽ നിൽക്കുന്നത് ബഹനാൻ കണ്ടു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ബഹനാൻ മലമുകളിലുള്ള മാർ മത്തായിയുടെ ആശ്രമത്തിലെത്തിച്ചേർന്നു. മാർ മത്തായി ബഹനാന് ജീവിതത്തിന്റെ പുതിയൊരു ദിശ കാണിച്ചു കൊടുത്തു. ക്രിസ്തുവിൽ വിശ്വസിച്ചാൽ ബഹനാന്റെ സഹോദരി സുഖപ്പെടും എന്ന് മാർ മത്തായി ഉറപ്പ് നൽകി. അങ്ങനെ ബഹനാൻ തന്റെ സഹോദരിയായ സാറായെ മാർ മത്തായിയുടെ അടുത്തു കൊണ്ടുവന്നു. മാർ മത്തായി അവളെ തൊട്ടുസുഖപ്പെടുത്തി. ക്രിസ്തുനാമത്തിന്റെ ശക്തി തിരിച്ചറിഞ്ഞ് ബഹനാനും സാറായും ബഹനാന്റെ സേവകരായിട്ടുള്ള 40 പേരും ക്രിസ്തുമതം സ്വീകരിച്ചു. തന്റെ മക്കൾ ക്രിസ്തുമതം സ്വീകരിച്ചതിൽ സെൻ ഹെരീബ് രോഷാകൂലനായി. സെൻ ഹെരീബ് ബഹനാനോടും സാറായോടും 40 സേവകരോടും അന്യദേവന്മാരെ ആരാധിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ വഴങ്ങിയില്ല. തൻമൂലം രാജാവ് അവരെ കൊല്ലുവാൻ ആജ്ഞാപിച്ചു. ബഹന്നാനും സാറായും അവരുടെ 40 അനുയായികളും ധൈര്യസമേതം കൊലക്കളത്തിലേക്കു നീങ്ങി. രക്തസാക്ഷിത്വം വരിച്ചു. രാജാവ് അവരുടെ മൃതദേഹം ദഹിപ്പിച്ചു കളയാൻ ആജ്ഞാപിച്ചു. എന്നാൽ അതിനു മുൻപേ ഭൂമി രണ്ടായി പിളർന്നു അവർ എടുക്കപ്പെട്ടു. ഇവരുടെ രക്തസാക്ഷിത്വത്തിനു ശേഷം ആ

www.malankaralibrary.com



രാജ്യം ഏറെ ദുരിതങ്ങളിലൂടെ കടന്നുപോയി. രാജാവ് മാർ മത്തായി യുടെ മുൻപിൽ തെറ്റുകൾ ഏറ്റുപറഞ്ഞ് ക്രിസ്തുമതം സ്വീകരിച്ചു. ക്രിസ്തുവിന് വേണ്ടി ധീരമായി രക്തസാക്ഷിത്വം വരിച്ച ബഹന്നാനും സാറായും 40 സഹദേന്മാർക്കും രാജാവ് സഹദാമന്ദിരം പണി കഴിപ്പിച്ചു. അത് ഇന്ന് ബെസ്ശുബാ ദയറാ എന്ന് അറിയപ്പെടുന്നു.

*വിചിന്തനം:- "പുനരുത്ഥാനത്തെക്കുറിച്ചും ദൈവം നൽകുന്ന പ്രത്യാശ പുലർത്തിക്കൊണ്ട് മനുഷ്യകരങ്ങളിൽ നിന്നും മരണം വരിക്കുന്നത് ഉത്തമമാണ്. എന്നാൽ നിങ്ങൾക്ക് പുനരുത്ഥാനമില്ല; പുതിയ ജീവിതവുമില്ല" (2 മക്ക. 7:14).*

## ഡിസംബർ 14 — വി. കുരിശിന്റെ യോഹന്നാൻ

1542 ജൂൺ 24-ാം തീയതി സ്പെയിനിൽ 'ഫോന്തിവേറോസ്' എന്ന സ്ഥലത്ത് ഗൊൺസാലോ ദെ ഈപ്പസ്, കത്തലീന അൽവാരസ് എന്നിവരുടെ മൂന്നാമത്തെ മകനായി ജനിച്ചു. ബാലനായ യോഹന്നാൻ പഠനത്തിലും ദൈവാലയ ശുശ്രൂഷകളിലും വളരെ ഉത്സുകനായിരുന്നു. അടുത്തുണ്ടായിരുന്ന ആതുരാലയത്തിൽ രോഗികളെ ശുശ്രൂഷിക്കു ന്നതിൽ യോഹന്നാന് അതീവ താല്പര്യമായിരുന്നു. എന്നാൽ ബുദ്ധി മാനായ അവനെ അവിടത്തെ അധികൃതർ അടുത്തുള്ള ഒരു ജെസ്യൂട്ട് കോളേജിൽ പോയി പഠിക്കുന്നതിന് സഹായിച്ചു. ഒരു സന്യാസ സഭയിലേയ്ക്ക് ദൈവം തന്നെ ക്ഷണിക്കുന്നുവെന്ന് മനസ്സിലാക്കിയ യോഹന്നാൻ മെദീനാദെൽകാമ്പോയിലെ കർമ്മലാശ്രമത്തിൽ പ്രവേ ശിക്കുകയും 1563 ഫെബ്രുവരി 25-ാം തീയതി, 'വിശുദ്ധ മത്തിയാസിന്റെ യോഹന്നാൻ' എന്ന പേരിൽ സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു. സന്യാസജീവിതത്തിന്റെ ആദ്യഘട്ടം കഴിഞ്ഞ് 1564-ൽ യോഹന്നാൻ ഉപരി പഠനത്തിനായി 'സലമാങ്ക' നഗരത്തിലേയ്ക്ക് അയക്കപ്പെട്ടു. 1567-ൽ വൈദിക പട്ടം സ്വീകരിച്ചു, സെപ്റ്റംബറിൽ മെദീനയിൽ എത്തി പ്രഥമ ദിവ്യബലി അർപ്പിച്ചു. ഈ അവസരത്തിലാണ് ആവിലായിലെ വി. അമ്മത്രേസ്യായെ ആദ്യമായി കണ്ടത്. കർമ്മലീത്ത സഭയുടെ നവീകരണ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കവെ ആ പരിഷ്കാര ങ്ങൾ പുരുഷൻമാരുടെ വിഭാഗത്തിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള ആഗ്രഹം അമ്മത്രേസ്യ അറിയിച്ചു. അന്തോനിയോ ദേ ഹെരേദിയോ എന്ന വൈദികനും ഒരു തുണ സഹോദരനും കൂടി നവീകരണ ഉദ്യ

www.malankaralibrary.com


മത്തിന് സന്നദ്ധരായി. 'ദുരുവെലോ' എന്ന സ്ഥലത്ത് ദാനമായി കിട്ടിയ വീട്ടിൽ 1568 നവംബർ 28-ാം തീയതി പുതിയ ആശ്രമത്തിന്റെ ഉദ്ഘാടനം നടന്നു. ഈ അവസരത്തിലാണ് വിശുദ്ധ മത്തിയാസിന്റെ യോഹന്നാൻ എന്ന നാമം യോഹന്നാൻ ക്രൂസ് എന്ന് മാറ്റിയത്. ദുരുവേലോ ആശ്രമത്തിലെ ജീവിതം വളരെ കർക്കശമായിരുന്നു. നിഷ്പാദുകരായി സഞ്ചരിച്ചിരുന്ന അവർ 'നിഷ്പാദുക കർമ്മലീത്തർ' എന്ന് അറിയപ്പെട്ടു. ആദ്യത്തെ നവസന്യാസ ഗുരുവായി യോഹന്നാൻ ക്രൂസ് നിയമിതനായി. 1570 ജൂൺ 11-ാം തീയതി 'മൻസേരാ' എന്ന സ്ഥലത്തേക്ക് ആശ്രമം മാറ്റപ്പെട്ടു. പാദുകരും നിഷ്പാദുകരുമായ കർമ്മലീത്തർ തമ്മിലുണ്ടായ സംഘട്ടനങ്ങളുടെ ഫലമായി 1577 ഡിസംബർ 3-ാം തീയതി യോഹന്നാൻ ക്രൂസ് അഭിക്ഷിക്തനും നവീകരണത്തിന്റെ കാരണക്കാരനുമെന്ന ആരോപണം കാരണം തൊളേദോ എന്ന കർമ്മലാശ്രമത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടു. പത്തടി നീളവും എട്ടടി വീതിയും മാത്രമായുള്ള ഒരു ഇരുട്ടറയായിരുന്നു അത്. 1578 ഓഗസ്റ്റ് 16-ാം തീയതി യോഹന്നാൻ ക്രൂസ് ഒളിച്ചോടി. ഏറെ താമസിയാതെ 'ഏൽ കൽവാരിയോ' എന്ന ആശ്രമത്തിൽ അധിപനായി. 1579 ജൂൺ മാസത്തിൽ 'ബയാസാ' എന്ന സ്ഥലത്താരംഭിച്ച വൈദികവിദ്യാർത്ഥി മന്ദിരത്തിന്റെ റെക്ടറായി അദ്ദേഹം നിയമിക്കപ്പെട്ടു. 1585-ൽ ലിസ്ബണിൽ കൂടിയ പൊതുസമ്മേളനത്തിൽ 'അസലൂസിയാ'യുടെ വികാർ പ്രൊവിൻഷ്യാളായി നിയോഗിച്ചു. ഈ കാലഘട്ടത്തിൽ സ്നേഹഗീതം 'കർമ്മല മലയേറ്റം', - 'ഇരുണ്ടരാത്രി' എന്നീ കൃതികൾ രചിച്ചു. 1587-ൽ ആശ്രമാധിപനായിരിക്കെ സ്നേഹജ്വാല എന്ന കൃതി രചിച്ചു. അവസാനം യോഹന്നാൻ ക്രൂസ് 'ലാപൊഞ്ഞുവെലാ' എന്ന ആശ്രമത്തിൽ സ്വച്ഛതയിലും ഏകാന്തതയിലും കഴിഞ്ഞു കൂടുന്നതിനിടെ 1591 ഡിസംബർ 18-ാം തീയതി പന്ത്രണ്ടു മണി ആയപ്പോൾ ഉത്തമഗീതത്തിലെ "ഹാ എത്ര അമൂല്യരത്നങ്ങൾ!" എന്ന വാക്യം അദ്ദേഹം ഉരുവിട്ടു. പെട്ടെന്ന് പ്രഭോജ്ജ്വലമായ ഒരഗ്നിഗോളം ജ്വലിച്ച് മുറിയിലുണ്ടായിരുന്ന ചിരാതുകളെ നിഷ്പ്രഭമാക്കിക്കളഞ്ഞു. ആ പ്രകാശവർഷത്തിൽ വിശുദ്ധ യോഹന്നാൻ നിത്യതയിൽ ലയിച്ചു. 1675-ൽ പത്താം ക്ലമന്റ് പാപ്പ അദ്ദേഹത്തെ ധന്യനായി പ്രഖ്യാപിച്ചു. 1726-ൽ പതിമൂന്നാം ബനഡിക്ട് പാപ്പ വിശുദ്ധനെന്നും പ്രഖ്യാപിച്ചു.

*വിചിന്തനം: "ഈ ലോകത്തിൽ ക്രിസ്തുവും നീയും മാത്രമേയുള്ളൂ എന്ന രീതിയിൽ ജീവിക്കുക. അങ്ങനെയെങ്കിൽ നിന്റെ ഹൃദയം*

www.malankaralibrary.com



*ഭൗതികവസ്തുക്കളുടെ അടിമത്വത്തിൽ ആവില്ല" (വി. കുരിശിന്റെ യോഹന്നാൻ).*

## ഡിസംബർ 14 മാർ അബ്രഹാം കിദുനോയൊ

മൂന്നാം നൂറ്റാണ്ടിൽ എഡേസ്സായിൽ ഒരു സമ്പന്ന കുടുംബത്തിൽ അബ്രഹാം കിദുനോയൊ പിറന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഉന്നത വിദ്യാഭ്യാസം നൽകി. അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ നിർബന്ധപ്രകാരം വിവാഹം കഴിപ്പിച്ചു. വിവാഹത്തിനുശേഷം അദ്ദേഹം തന്റെ ഭാര്യയോട് ദൈവത്തിനുവേണ്ടി ജീവിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഭാര്യ അതിന് സമ്മതം നൽകി. തുടർന്ന് അദ്ദേഹം നഗരത്തിലുള്ള ഒറ്റമുറിയിലേക്ക് അദ്ദേഹത്തിന്റെ താമസം മാറ്റി. ആ മുറിയുടെ ജനലുകൾ മാത്രമേ തുറന്നിരുന്നുള്ളു. അതിലൂടെയാണ് ഭക്ഷണവും മറ്റ് സാധനങ്ങളും നൽകിയിരുന്നത്.

സന്യാസജീവിതം ആരംഭിച്ചതിന്റെ 10 വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ മാതാപിതാക്കൾ മരണമടഞ്ഞു. അങ്ങനെ നിരവധിയായ സ്വത്തുക്കൾക്ക് മാർ അബ്രഹാം അവകാശിയായി. എന്നാൽ അദ്ദേഹം തന്റെ സ്വത്തുക്കൾ പാവങ്ങൾക്ക് വിതരണം ചെയ്തു. അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള കീർത്തി ആ പ്രദേശത്ത് വ്യാപിച്ചു. അനേകം ആളുകൾ ഉപദേശം തേടി അദ്ദേഹത്തിന്റെ അടുത്തെത്തി. അദ്ദേഹത്തെക്കുറിച്ചറിഞ്ഞ എഡേസ്സായിലെ മെത്രാൻ പുരോഹിതനായ അദ്ദേഹത്തെ അഭിഷേകം ചെയ്ത് ബേത്കിദുനോയിലേക്ക് അയയ്ക്കുകയും ചെയ്തു. വിജാതീയ ദേവന്മാരുടെ വിഗ്രഹങ്ങൾ തകർത്തതിന്റെ പേരിൽ അദ്ദേഹത്തെ അവിടെനിന്നും പുറത്താക്കി. മൂന്നു വർഷത്തെ അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് ശേഷം അദ്ദേഹം തന്റെ ഒറ്റമുറിയുള്ള ഭവനത്തിലേക്ക് തിരിച്ചുപോന്നു. തുടർന്നുള്ള ജീവിതം അവിടെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. എ.ഡി. 360-ൽ 70-ാം വയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: "സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്താ. 10:39).*

www.malankaralibrary.com


## ഡിസംബർ 17 — മാർ റാബൂള

ആലോപ്പായ്ക്കടുത്ത് കെന്നശ്രീനിൽ മാർ റാബൂള ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് വിജാതീയ പുരോഹിതനും അമ്മ ഒരു ക്രിസ്തുമത വിശ്വാസിയുമായിരുന്നു. അദ്ദേഹം ഒരു വിജാതീയ വിശ്വാസിയായി വളർന്നുവന്നു. എന്നാൽ ആലോപ്പോയിലെ ആകാചിയസ്, കെന്നശ്രീയിലെ യൗസേബിയോസ് എന്നിവരുടെ സ്വാധീനത്താൽ ക്രിസ്തുമതത്തിലേക്ക് ആകൃഷ്ടനായി. പാലസ്തീനായിലേക്ക് നടത്തിയ തീർത്ഥാടനമദ്ധ്യേ ജോർദ്ദാൻ നദിയിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്തുമതത്തിൽ ചേർന്നു. അതിനുശേഷം തന്റെ ഭാര്യയെയും മക്കളെയും വിട്ട് അദ്ദേഹം സന്യാസജീവിതത്തിലേക്ക് പ്രവേശിച്ചു. കഠിനമായ താപസജീവിതം നയിച്ചുവരവെ എ.ഡി. 411-12-ൽ എഡേസ്സായിലെ മെത്രാനായിരുന്ന ദിയോജനസ് മരിച്ചപ്പോൾ എഡേസ്സായിലെ മെത്രാനായി അദ്ദേഹം തന്റെ രൂപതയിലെ പുരോഹിതരെയും സന്യാസിനികളെയും നവീകരിക്കാൻ ശ്രമം നടത്തി. പാവപ്പെട്ടവരോടും രോഗികളോടും പ്രത്യേകം പരിഗണന കാണിച്ചിരുന്നു. എഫേസൂസ് കൗൺസിൽ സമയത്ത് ആദ്യം സിറിലിന്റെ ചിന്തകളെ എതിർക്കുകയും പിന്നീട് അദ്ദേഹത്തിന്റെ ആശയങ്ങൾ സ്വീകരിക്കുകയും ചെയ്തു. താത്ത്വികമായ കാര്യങ്ങളിൽ അദ്ദേഹം വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്നില്ല. സിറിലിന്റെ 'സത്യവിശ്വാസം' എന്ന കൃതി ഗ്രീക്കിൽ നിന്നും സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. റാബുളയുടെ പേരിൽ 3 സന്യാസനിയമങ്ങൾ അറിയപ്പെടുന്നു. 4 സുവിശേഷങ്ങളും ഗ്രീക്കിൽ നിന്നും സുറിയാനിയിലേക്ക് വിവർത്തനം ചെയ്യാൻ റാബുള നേതൃത്വം നൽകി. എഡേസ്സായിലെ മെത്രാനായി 24 വർഷം ശുശ്രൂഷ ചെയ്തു. എ.ഡി. 435-ൽ ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: "നീ എന്നിൽനിന്നു കേട്ടിട്ടുള്ള നല്ല പ്രബോധനങ്ങൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും നീ അനുസരിക്കുക; മാതൃകയാക്കുക" (2 തിമോ. 1:13).*

## ഡിസംബർ 28 — രാജാവും പ്രവാചകനുമായ ദാവീദ്

സംയുക്ത ഇസ്രായേൽ രാജ്യത്തിന്റെ സ്ഥാപകനും അവിടുത്തെ ആദ്യത്തെ രാജാവുമായിരുന്നു ദാവീദ്. ദാവീദ് എന്ന വാക്കിന്റെ അർത്ഥം "പ്രിയപ്പെട്ടവൻ, രാജകുമാരൻ" എന്നൊക്കെയാണ്. അദ്ദേഹം എപ്പോഴും

www.malankaralibrary.com


ദൈവത്തിന്റെ ഹിതാനുവർത്തിയായിരുന്നു. ഇസ്രായേൽ ചരിത്രത്തിലെ ഏറ്റവും പ്രധാന വ്യക്തിയാണിദ്ദേഹം. വിഘടിച്ചും പരസ്പരം മത്സരിച്ചും കഴിഞ്ഞിരുന്ന ഇസ്രായേലിലെ വിവിധ ഗോത്രങ്ങളെ വിജയകരമായി ഏകോപിപ്പിക്കുകയും ദാവീദിന്റെ സിംഹാസനം ഇസ്രായേലിൽ ഉറപ്പിക്കുകയും ചെയ്തു. ദാവീദിന്റെ വംശം ഇതോടെ പ്രബലമായി. രക്ഷകനായ മിശിഹാ വന്നു പിറക്കാനുള്ള വംശവും ഇതുതന്നെയായിരുന്നു.

പഴയ നിയമത്തിൽ 800 പ്രാവശ്യം ദാവീദ് എന്ന നാമം ഉപയോഗിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ 60 തവണയും. യൂദയായിൽ ആണ് ദാവീദിന്റെ ജനനം എന്നതിനെപ്പറ്റി ബൈബിൾ പണ്ഡിതന്മാരെല്ലാവരും ഏകാഭിപ്രായക്കാരാണ്. യൂദയായിലെ ബേത്ലഹേമിൽ നിന്നുള്ള എഫ്രാത്യനായ ജെസെയുടെ ഇളയ പുത്രനായിരുന്നു ദാവീദ്. ഇദ്ദേഹം മൊവാബിൽ നിന്നുള്ള വിജാതീയ സ്ത്രീയായ റൂത്തിന്റെ പുത്രനും കൂടിയായിരുന്നു. പാരമ്പര്യം അനുസരിച്ച് ദാവീദിന് ആറു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. മറ്റൊരു പാരമ്പര്യമനുസരിച്ച് ജെസെയുടെ എട്ടുമക്കളിൽ ഇളയവനായിരുന്നു ദാവീദ്. ദാവീദിനു പല ഭാര്യമാരും അവരിൽ നിന്നെല്ലാം മക്കളും ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ കുടുംബം വളരെ വലുതായിരുന്നു.

അനുഗ്രഹീത വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ദാവീദ് പവിഴനിറവും മനോഹര നയനങ്ങളുമുള്ള സുന്ദരനായിരുന്നു. ദൈവത്തിന്റെ അഭിഷിക്തനായിരുന്നു സാവൂൾ, എങ്കിലും കർത്താവിന്റെ കൽപന ലംഘിച്ച് ദൈവത്തിനെതിരെ പാപം ചെയ്തു. ദൈവം അവനെ രാജസ്ഥാനത്തുനിന്ന് നീക്കി. സാമുവേൽ കർത്താവിന്റെ കൽപന പ്രകാരം ബെത്ലഹേമിലേക്ക് പോയി. അവിടെ ജെസ്സെയുടെ കുടുംബത്തിലേക്ക് ക്ഷണിക്കപ്പെട്ടു. അതിനുശേഷം ജെസ്സെയുടെ പുത്രന്മാരെയെല്ലാം പരിചയപ്പെട്ടു. അവരിൽ നിന്നും കർത്താവിന്റെ കൽപന അനുസരിച്ച് ബാലനായ ദാവീദിനെ സാമുവേൽ അഭിഷേകം ചെയ്തു. ദാവീദിന്റെ സംഗീതവായനയിലും കഴിവിലും ആകൃഷ്ടനായ സാവൂൾ അവനെ തന്റെ ആയുധവാഹകനായി നിയമിച്ചു. തദവസരത്തിൽ ഗോലിയാത്ത് ഇസ്രയേല്യരെ വെല്ലുവിളിച്ചു. ബാലവാനായ ദാവീദ് ധൈര്യസമേതം മുന്നോട്ടു വന്ന് തന്റെ കവണയും കല്ലും മാത്രം

www.malankaralibrary.com


ഉപയോഗിച്ച് ഗോലിയാത്തിനെ നിലംപതിപ്പിച്ചു. ഗോലിയാത്തിനെ വധിച്ചതുമൂലം ദാവീദിന് സാവൂളിനേക്കാൾ ജനസമ്മതി ഉണ്ടായി.

ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ സാവൂൾ മരിക്കുകയും ഇത് ദാവീദിൽ ദുഃഖമുളവാക്കുകയും ദാവീദും കൂട്ടരും വിലപിക്കുകയും സന്ധ്യവരെ ഉപവസിക്കുകയും ചെയ്തു. അതിനുശേഷം ദാവീദ്, രാജ്യത്തിന്റെ ഭരണം ഏറ്റെടുത്തു.

കുടുംബത്തിലെ അന്തഃഛിദ്രങ്ങളും രാജ്യത്തിലെ രാഷ്ട്രീയ കലാപങ്ങളും ദാവീദിന്റെ പ്രശസ്തിയെ പ്രതികൂലമായി ബാധിച്ചു. അത് നീതിനിഷ്ഠമായ ഭരണനിർവ്വഹണത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്തു. സപത്നീകലഹങ്ങളും അതിലുണ്ടായ സന്തതികൾ തമ്മിൽ അനന്തരാവകാശത്തിനുവേണ്ടി നടത്തിയ തർക്കങ്ങളും അദ്ദേഹത്തിന്റെ അന്ത്യദിനങ്ങളെ അസ്വസ്ഥവും യാതനാ പൂർണവുമാക്കി. അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ ഇളക്കിവിട്ട കലാപങ്ങൾ, അടുത്ത രാജാവും അദ്ദേഹത്തിന്റെ പുത്രനുമായ സോളമന്റെ കാലശേഷം മാത്രമാണ് അവസാനിച്ചത്. ഏഴുവർഷം ഹെബ്രോണിലും മുപ്പത്തി മൂന്നു വർഷക്കാലം ജറുസലേമിലും ഭരണം നടത്തിയശേഷം ഏതാണ്ടു 961 ബി.സി.യോടെ ദാവീദ് മരിച്ചു. ദാവീദിന്റെ നഗരത്തിൽ ഔഫേൽ എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ മൃതദേഹം അടക്കം ചെയ്തു.

*വിചിന്തനം: "ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോട് ദയ തോന്നണമേ. അങ്ങയുടെ കാരുണ്യതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമെ!" (സങ്കീ. 51:1).*

www.malankaralibrary.com

# ജനുവരി
# (കോനൂൻ ഹ്രോയി)

## ജനുവരി 1 മാർ ഗ്രിഗോറിയോസ്

എ.ഡി. 339-ൽ കാപ്പഡോസിയയിലെ നസിയാൻസ് എന്ന സ്ഥലത്താണ് ഗ്രീക്കുകാർ "ദൈവശാസ്ത്രജ്ഞൻ" എന്ന ഇരട്ടപ്പേര് നല്കിയ വിശുദ്ധ ഗ്രിഗറി ജനിച്ചത്. കാപ്പഡോസിയയിൽ നിന്നും തിരു സഭക്ക് ലഭിച്ച മൂന്ന് ദീപങ്ങളിൽ ഒന്നാണ് വിശുദ്ധ ഗ്രിഗറി. തന്റെ ജീവിതത്തിന്റെ അടിസ്ഥാനത്തിനു അദ്ദേഹം തന്റെ മാതാവും വിശു ദ്ധയുമായ നോന്നായോട് കടപ്പെട്ടിരിക്കുന്നു. വളരെയേറെ പ്രസിദ്ധി യാർജ്ജിച്ച ഏഥൻസിലെ അലക്സാണ്ട്രിയായിലുള്ള സീസേറിയ എന്ന വിദ്യാലയത്തിലാണ് വിശുദ്ധൻ തന്റെ വിദ്യാഭ്യാസം പൂർത്തി യാക്കിയത്. ഏഥൻസിൽ വച്ചാണ് വിശുദ്ധൻ വിശുദ്ധ ബേസിലുമായി തന്റെ കേൾവികേട്ട സുഹൃത്ബന്ധം തുടങ്ങിയത്. എ.ഡി. 381-ൽ തന്റെ സുഹൃത്തിന്റെ ശവസംസ്കാര പ്രസംഗം നടത്തുന്നത് വരെ ആ സുഹൃ ത്ബന്ധം വളരെയേറെ ഊഷ്മളതയോടെ നിലനിന്നിരുന്നു. 360-ൽ ആയിരുന്നു വിശുദ്ധ ഗ്രിഗറി ജ്ഞാനസ്നാനം സ്വീകരിച്ചത്. കുറെ ക്കാലം ഒരാശ്രമത്തിൽ ഏകാന്ത വാസം നയിച്ചു. അതിനുശേഷം 372-ൽ വിശുദ്ധ ബേസിൽ ഗ്രിഗറിയെ മെത്രാനായി അഭിഷേകം ചെയ്തു. വിശുദ്ധന്റെ പിതാവും നാസിയാൻസിലെ മെത്രാനുമായിരുന്ന ഗ്രിഗ റിയുടെ ആഗ്രഹപ്രകാരം അദ്ദേഹം രോഗികളെ ശുശ്രൂഷിക്കുന്നതിൽ പിതാവിനെ സഹായിച്ചുവന്നു. 381-ൽ അദ്ദേഹം കോൺസ്റ്റാന്റിനോ പ്പിളിലെ പരിശുദ്ധ സഭയുടെ നായകനായി. പക്ഷേ വിവാദങ്ങൾ മൂലം അദ്ദേഹം സ്വയം വിരമിക്കുകയും ഏകാന്ത ജീവിതം നയിക്കുകയും ചെയ്തു. ഈ ജീവിതം അദ്ദേഹത്തെ ഉത്തേജിപ്പിക്കുകയും തന്നെ ത്തന്നെ പൂർണ്ണമായും ധ്യാനാത്മകമായ ജീവിതത്തിനു സമർപ്പിക്കു കയും ചെയ്തു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ഏകാന്തജീ വിതത്തിനും, ഊർജ്ജിതമായ സുവിശേഷ പ്രവർത്തനത്തിനുമിടക്ക്

www.malankaralibrary.com


ചലിച്ചു കൊണ്ടിരുന്നുവെന്ന് പറയാം. ഏകാന്തജീവിതം ഇഷ്ടപ്പെട്ടിരുന്ന ആളായിരുന്നു വിശുദ്ധ ഗ്രിഗറി. പക്ഷേ വിവിധ സാഹചര്യങ്ങളുടെ സമ്മർദ്ദമനുസരിച്ചു വിശുദ്ധൻ സുവിശേഷവേലകളിലും, സഭാസംബന്ധിയായ പ്രവർത്തനങ്ങളിലും തുടരെ തുടരെ ഏർപ്പെടേണ്ടി വന്നിട്ടുണ്ട്. ക്രിസ്തീയ പൂർവ്വികതയുടെ ശക്തനായ പ്രാസംഗികനായിരുന്ന വിശുദ്ധൻ എന്നു കൂടി വിശുദ്ധ ഗ്രിഗറിയെ വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ വലിയ നേട്ടങ്ങളെല്ലാം അദ്ദേഹത്തിന്റെ പ്രഭാഷണ പാടവത്തോടു കടപ്പെട്ടിരിക്കുന്നു. വിശുദ്ധന്റെ വ്യത്യസ്തമായ രചനകൾ അദ്ദേഹത്തിന് തിരുസഭയുടെ വേദപാരംഗതൻ എന്ന പേര് നേടിക്കൊടുത്തു.

*വിചിന്തനം: "മാമോദീസ സ്വീകരിച്ചവരിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്ന 3 കാര്യം. 1. ഹൃദയത്തിലുള്ള വിശ്വാസം, 2. നാവിൽ സത്യം, 3. ശരീരത്തിന്റെ നിയന്ത്രണം" (മാർ ഗ്രിഗോറിയോസ്).*

## ജനുവരി 1 — മഹാനായ വി. ബസ്സേലിയോസ്

പൗരോഹിത്യ ആശ്രമ ജീവിത സമ്പ്രദായത്തിന്റെ പിതാവായി അറിയപ്പെടുന്ന വിശുദ്ധ ബസേലിയോസ് എ.ഡി. 330-ൽ തുർക്കിയിലെ എമിലിയുടെ നാലു മക്കളിൽ മൂത്തവനായി ജനിച്ചു. വിശുദ്ധ ബസേലിയോസിന്റെ മൂന്നു സഹോദരൻമാരും മെത്രാന്മാരായിതീർന്നു. മതപരമായ വിദ്യാഭ്യാസത്തിൽ വിശുദ്ധന്റെ അമ്മൂമ്മയും ദൈവഭക്തയുമായ മാക്രീന വളരെയധികം സ്വാധീനം ചെലുത്തിയിരുന്നു. "ആദരണീയായ ആ അമ്മയുടെ വാക്കുകളുടെ അഗാധമായ പ്രതിഫലനവും മാതൃകയും എന്റെ ആത്മാവിൽ ചെലുത്തിയ സ്വാധീനത്തെ എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല എന്ന് വിശുദ്ധൻ തന്നെ പറഞ്ഞിട്ടുണ്ട്". നസിയാൻസിലെ വിശുദ്ധ ഗ്രിഗറിയും വിശുദ്ധ ബസേലിയോസും തമ്മിൽ യൗവ്വനം മുതൽ പ്രായമാകുന്നതുവരെ അഗാധമായ സുഹൃത്ബന്ധം പുലർത്തിയിരുന്നു. ഒരു മെത്രാൻ എന്ന നിലയിൽ നാസ്തിക വാദത്തിനെതിരെ പോരാടി കത്തോലിക്കാ വിശ്വാസത്തെ സംരക്ഷിച്ച ധീര യോദ്ധാവായിരുന്നു വിശുദ്ധ ബസേലിയോസ്. ബൈസന്റൈൻ ചക്രവർത്തി എ.ഡി.372-ൽ നാസ്തികവാദത്തെ ഔദ്യോഗികമതമാക്കി അവതരിപ്പിക്കുവാൻ വേണ്ടി ചക്രവർത്തി

www.malankaralibrary.com


യുടെ വലതുകൈയായിരുന്ന മൊഡെസ്റ്റ്സിനെ കാപ്പാഡോസിയായിൽ മെത്രാന്റെ അടുത്തേക്ക് അയച്ചു. മെത്രാനെ സമീപിച്ച മൊഡെസ്റ്റാസ് പ്രബോധനങ്ങളെ പ്രതി മെത്രാനെ ശാസിക്കുകയും നശിപ്പിക്കുമെന്നും, നാടുകടത്തുമെന്നും രക്തസാക്ഷിയാക്കുമെന്നും ഭീഷണിപ്പെടുത്തുകയും ചെയ്തു. സ്വേച്ഛാധിപതിയുടെ ഭീഷണികൾക്കൊന്നും വിശുദ്ധനായ മെത്രാനെ തടയുവാൻ കഴിഞ്ഞില്ല. ദൈവ വിശ്വാസത്തിലുള്ള സമാധാനത്തോടെ വിശുദ്ധനായ മെത്രാൻ പറഞ്ഞു: “നിങ്ങൾ പറഞ്ഞതൊന്നു എന്നെ സ്പർശിക്കപോലും ചെയ്തിട്ടില്ല. കാരണം ഞങ്ങളുടെ കൈവശം ഒന്നുമില്ല ഞങ്ങളുടെ കയ്യിൽ നിന്നും ഒന്നും കൊള്ളയടിക്കുവാൻ കഴിയുകയില്ല. നാടു കടത്തുവാനും സാധ്യമല്ല. കാരണം ദൈവത്തിന്റെ ഈ ഭൂമിയിൽ എവിടെ ആയിരുന്നാലും ഞാൻ എന്റെ ഭവനത്തിലാണ്. പീഡനങ്ങൾക്ക് എന്നെ തളർത്തുവാനും കഴിയുകയില്ല. കാരണം എനിക്ക് ശരീരം ഇല്ല. എന്നെ വധിക്കുകയാണെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. കാരണം എനിക്ക് ദൈവത്തെ എത്രയും പെട്ടെന്ന് കാണുവാൻ സാധിക്കും. ഒരു പരിധിവരെ ഇതിനോടകം ഞാൻ മരിച്ചവനുമാണ്. വളരെക്കാലമായി ഞാൻ കല്ലറയിലേക്കു പോകുവാൻ ധൃതികൂട്ടുകയായിരുന്നു”. വിശുദ്ധന്റെ മറുപടിയിൽ ആശ്ചര്യം പൂണ്ട മൊഡെസ്റ്റാസ് ഇപ്രകാരം പറഞ്ഞു. ആരും ഇതുവരെ എന്നോട് ഇത്ര ധൈര്യമായി സംസാരിച്ചിട്ടില്ല. വിശുദ്ധ ബസേലിയോസ് ശക്തമായ സ്വഭാവ ഗുണങ്ങളോടു കൂടിയവനും ആ കാലഘട്ടത്തിലെ ജ്വലിക്കുന്ന ദീപവും ആയിരുന്നു. മഹാനായ ഒരു ദൈവശാസ്ത്രജ്ഞനും ശക്തനായ സുവിശേഷകനും ദൈവീകദാനമുള്ള എഴുത്തുകാരനുമായിരുന്നു. വിശുദ്ധ ബസേലിയോസ് പൗരസ്ത്യ ആരാധനക്രമത്തിന്റെ പരിഷ്കർത്താവ് എന്ന നിലയിലും പ്രസിദ്ധനായിരുന്നു. എ.ഡി. 379-ൽ അദ്ദേഹത്തിന് 49 വയസ്സുള്ളപ്പോൾ വിശുദ്ധൻ കർത്താവിൽ നിദ്രപ്രാപിച്ചു.

*വിചിന്തനം: “മറ്റുള്ളവരോട് കരുണ കാണിച്ചില്ലെങ്കിൽ നിങ്ങൾക്ക് കരുണ ലഭിക്കില്ല. മറ്റുള്ളവർക്ക് നിങ്ങളുടെ ഭവനം തുറന്ന് നൽകിയില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യത്തിൽ നിന്ന് പുറത്താക്കപ്പെടും. മറ്റുള്ളവർക്ക് അപ്പം നൽകിയില്ലെങ്കിൽ നിങ്ങൾക്ക് നിത്യജീവൻ ലഭിക്കില്ല” (മഹാനായ വി. ബസേലിയോസ്).*

www.malankaralibrary.com


## ജനുവരി 2 — മാർ മക്കാറിയൂസ് ഈഹിദോയോ

പൂർണഹൃദയത്തോടുകൂടി ദൈവത്തെ സേവിക്കാനുള്ള അദമ്യമായ ആഗ്രഹം കൊണ്ട് തന്റെ യൗവ്വനത്തിൽ തന്നെ ലോക മോഹങ്ങളെ തൃജിച്ച്, 60 വർഷത്തോളം മരുഭൂമിയിൽ കഠിനമായ താപസജീവിതം നയിച്ച വ്യക്തിയായിരുന്നു മാർ മക്കാറിയോസ്. ഈജിപ്തിലെ മരുഭൂമിയിൽ ദൈവത്തോടുള്ള അഗാധമായ ബന്ധത്തിലും കഠിനാദ്ധ്വാനത്തിലും അദ്ദേഹം കഴിച്ചുകൂട്ടി. വളരെ മിതമായി മാത്രം ഭക്ഷിക്കുകയും, കഠിനമായ തപശ്ചര്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്തിരുന്നു. വി. പക്കോമിയോസിന്റെ തബെനാ ആശ്രമത്തെക്കുറിച്ച് കേട്ടറിഞ്ഞ മാർ മക്കാറിയോസ് വേഷപ്രച്ഛന്നനായി ഈ ആശ്രമത്തിലെത്തി. മാർ മക്കാറിയോസിന്റെ കഠിനമായ തപശ്ചര്യയും, പ്രാർത്ഥനാജീവിതവും കണ്ട് ആശ്ചര്യപ്പെട്ട വി. പക്കോമിയോസ് ദൈവത്തോട് ഈ അജ്ഞാതൻ ആരാണ് എന്ന് ചോദിച്ചു. മക്കാറിയോസ് ആണ് അത് എന്ന് ദൈവം വെളിപ്പെടുത്തി. പക്കോമിയോസ് അദ്ദേഹത്തെ ആലിംഗനം ചെയ്യുകയും, അനുഗ്രഹകരമായ സന്ദർശനത്തിന് നന്ദി പറയുകയും ചെയ്തു. ഒരിക്കൽ താൻ താമസിക്കുന്ന ചെറിയ കുടിലിൽ വച്ച് തന്നെ ഉപദ്രവിച്ച ഒരു ഉറുമ്പിനെ കൊല്ലുവാൻ ഇടയായി. പക്ഷേ ത്യാഗം ഏറ്റെടുക്കാനുള്ള അവസരം നഷ്ടപ്പെടുത്തി എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം ദുഃഖിതനായി. തുടർന്ന് ഉപദ്രവകാരികളായ ഈച്ചകൾ ധാരാളമായി ഉള്ള സ്ഥലത്ത് ആറ് മാസത്തോളം താമസിച്ചു. അവയുടെ കുത്തേറ്റ് ദേഹം മുഴുവൻ നീര് വന്ന് വികൃതമായി. ജഡികാഭിലാഷങ്ങളെ മറികടക്കുന്നതിനാണ് അദ്ദേഹം ഇങ്ങനെ ചെയ്തതെന്നും ചില ആളുകൾ പറയുന്നു. അദ്ദേഹം ദിവസങ്ങളോളം ദൈവവുമായുള്ള ഗാഢബന്ധത്തിൽ മൗനമായി കഴിച്ചുകൂട്ടി. അനേക തവണ പിശാച് ശക്തമായി അദ്ദേഹത്തെ ആക്രമിച്ചു. ഒരിക്കൽ കാൻസർ പോലെയുള്ള ഒരു മാരകമായ രോഗം ബാധിച്ച ഒരു പുരോഹിതനെ രോഗസൗഖ്യത്തിനായി മക്കാറിയോസിന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ ഈ പുരോഹിതനോട് സംസാരിക്കുന്നതിനോ, പ്രാർത്ഥിക്കുന്നതിനോ അദ്ദേഹം തയ്യാറായില്ല. മക്കാറിയോസിന്റെ ശിഷ്യനായ പല്ലാഡിയൂസ് കാര്യം തിരക്കിയപ്പോൾ മക്കാറിയോസ് പറഞ്ഞു: "ആ പുരോഹിതൻ പാപിയാണ്. അവൻ ചെയ്ത ജഡിക പാപങ്ങളുടെ ഫലമാണ് ഈ രോഗം. അവൻ അവന്റെ പാപത്തെക്കുറിച്ച് പശ്ചാത്ത

www.malankaralibrary.com


പിക്കുകയും ഇനിമേലിൽ അവന്റെ ജീവിതത്തിൽ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുകയില്ലാ എന്ന് ഉറപ്പുതരുകയും ചെയ്താൽ ഞാൻ പ്രാർത്ഥിക്കാം". "പുരോഹിതൻ അവന്റെ പാപത്തെക്കുറിച്ച് അനുത പിച്ചു. മക്കാറിയോസ് അവന്റെ പാപം മോചിച്ചു. ആ പുരോഹിതൻ സുഖപ്പെട്ടു. എ.ഡി. 375-ൽ ആരിയൻ പാത്രിയർക്കീസായ ലൂസിയ സിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം നാടുകടത്തപ്പെട്ടു. എ.ഡി. 394-ൽ അദ്ദേഹം ദിവംഗതനായി. സന്യാസ നിയമങ്ങൾക്കു പുറമേ "നീതി മാൻമാരുടെയും പാപികളുടെയും ആത്മാക്കളുടെ അന്ത്യം" എന്ന തല ക്കെട്ടോടുകൂടിയ ഒരു ഗ്രന്ഥവും രചിച്ചതായി പറയപ്പെടും.

*വിചിന്തനം: "എന്നെ പ്രതിയും സുവിശേഷത്തെ പ്രതിയും ഭവന ത്തെയോ സഹോദരൻമാരെയോ സഹോദരിമാരെയോ മാതാവി നെയോ പിതാവിനെയോ മക്കളെയോ വയലുകളെയോ ത്യജിക്കുന്ന വർക്കാർക്കും ഇവിടെ വച്ചുതന്നെ നൂറിരട്ടി ലഭിക്കാതിരിക്കുകയില്ല. ഭവനങ്ങളും സഹോദരൻമാരും സഹോദരിമാരും മാതാക്കളും മക്കളും വയലുകളും അവയോടൊപ്പം പീഡനങ്ങളും; വരാനിരിക്കുന്ന കാലത്തു നിത്യജീവനും" (മർക്കോ. 10:29-30).*

## ജനുവരി 3 — വി. ചാവറ കുര്യാക്കോസ് ഏലിയാസ്

1805 ഫെബ്രുവരി 10-ന് ആലപ്പുഴക്കടുത്തുള്ള കൈനകരിയിൽ ആണ് ചാവറയച്ചൻ ജനിച്ചത്. പ്രാദേശിക വിവരമനുസരിച്ച്, ജനിച്ചിട്ട് എട്ടാമത്തെ ദിവസം ആലപ്പുഴ ഇടവക പള്ളിയായ ചേന്നങ്കരി പള്ളി യിൽ വച്ച് ഈ ബാലനെ മാമോദീസാ മുക്കി. 5 വയസ്സ് മുതൽ 10 വയസ്സ് വരെ ഗ്രാമത്തിലെ വിദ്യാലയത്തിൽ ചേർന്ന് ഒരു ആശാന്റെ കീഴിൽ വിവിധ ഭാഷകളും, ഉച്ചാരണശൈലികളും, പ്രാഥമിക ശാസ്ത്രവും പഠിച്ചു. ഒരു പുരോഹിതനാകണമെന്ന ആഗ്രഹത്തിൽ നിന്നുണ്ടായ പ്രചോദനത്താൽ വിശുദ്ധൻ സെന്റ് ജോസഫ് പള്ളിയിലെ വികാരി യുടെ കീഴിൽ പഠനം ആരംഭിച്ചു. 1818-ൽ കുര്യാക്കോസിനു 13 വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം മല്പാൻ തോമസ് പാലക്കൽ റെക്ടറാ യിരുന്ന പള്ളിപ്പുറം സെമിനാരിയിൽ ചേർന്നു. 1829 നവംബർ 29-ന് അർത്തുങ്കൽ പള്ളിയിൽ വച്ച് പൗരോഹിത്യ പട്ടം സ്വീകരിക്കുകയും ചേന്നങ്കരി പള്ളിയിൽ വച്ച് ആദ്യമായി വിശുദ്ധ കുർബാന അർപ്പിക്കു കയും ചെയ്തു. പൗരോഹിത്യ പട്ട സ്വീകരണത്തിനു ശേഷം അദ്ദേഹം

www.malankaralibrary.com


കുറച്ചുകാലം സുവിശേഷ വേലകളുമായി കഴിഞ്ഞുകൂടി. എന്നിരുന്നാലും, പഠിപ്പിക്കുവാനും, മല്പാൻ തോമസ് പാലക്കലിന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ജോലികൾ ചെയ്യുവാനുമായി അദ്ദേഹം സെമിനാരിയിൽ തിരിച്ചെത്തി. അങ്ങിനെ മല്പ്പാൻമാരായ തോമസ് പോരൂക്കരയുടെയും, തോമസ് പാലക്കലിന്റെയും നേതൃത്വത്തിൽ തദ്ദേശീയമായ ഒരു സന്ന്യാസ സഭ സ്ഥാപിക്കുവാനുള്ള ശ്രമത്തിൽ ചാവറയച്ചനും പങ്കാളിയായി. ഈ സന്യാസ സഭയുടെ ആദ്യത്തെ ആത്മീയ ഭവനത്തിന്റെ നിർമ്മാണ മേല്നോട്ടം വഹിക്കുന്നതിനായി 1830-ൽ അദ്ദേഹം മാന്നാനത്തേക്ക് പോയി. 1831 മെയ് 11-ന് ഇതിന്റെ തറക്കല്ലിടൽ കർമ്മം നടത്തുകയും ചെയ്തു. തന്റെ ഗുരുക്കന്മാരായ രണ്ടു മല്പാൻമാരുടേയും മരണത്തോടെ ചാവറയച്ചൻ നായകത്വം ഏറ്റെടുത്തു. 1855-ൽ കുര്യാക്കോസ് ഏലിയാസ് ഹോളി ഫാമിലി എന്ന പേരിൽ വ്രതവാഗ്ദാനം നടത്തി. അമലോത്ഭവ കന്യകമറിയത്തിന്റെ ദാസന്മാരായി വ്രതവാഗ്ദാനം ചെയ്ത അവരെ 1960 വരെ അമലോത്ഭവ മാതാവിന്റെ ദാസഗണം എന്ന് അറിയപ്പെട്ടു. 1890-ൽ ഈ സന്യാസസഭയെ കർമ്മലീത്ത മൂന്നാം സഭയായി അംഗീകരിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന പേരിൽ അറിയപ്പെട്ടു. 1856 മുതൽ 1871-ൽ ചാവറയച്ചൻ മരിക്കുന്നത് വരെ ഈ സഭയുടെ എല്ലാ ആശ്രമങ്ങളുടേയും പ്രിയരോർ ജനറാൾ ഇദ്ദേഹം തന്നെ ആയിരുന്നു. 1861-ൽ മാർപാപ്പയുടെ ആധികാരികതയും, അംഗീകാരവും ഇല്ലാതെയുള്ള മാർ തോമസ് റോക്കോസിന്റെ വരവോടു കൂടി കേരള സഭയിൽ മതപരമായ ഒരു ഭിന്നത ഉടലെടുത്തു. തുടർന്നു വരാപ്പുഴ മെത്രാപ്പോലീത്ത കുര്യാക്കോസ് ഏലിയാസ് ചാവറയെ സീറോ മലബാർ സഭയുടെ വികാരി ജനറാൾ ആയി നിയമിച്ചു. കേരള സഭയെ തോമസ് റോക്കോസ് ശ്ശീമയിൽ നിന്നും രക്ഷിക്കുവാനായി ചാവറയച്ചൻ നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളെപ്രതി പിൽക്കാല സഭാ നേതാക്കളും കത്തോലിക്കാ സമൂഹം പൊതുവെയും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. കത്തോലിക്കാ സഭയിലെ സി.എം.ഐ. എന്ന സന്ന്യാസ സഭയുടെ സ്ഥാപക പിതാക്കൻമാരിൽ ഒരാളും ആദ്യത്തെ സുപ്പീരിയർ ജനറലുമായിരുന്ന വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ 1871 ജനുവരി 3-ന് ആണ് മരിച്ചത്. വിശുദ്ധനായ സന്യാസിയുടെ എല്ലാ പരിമളവും അവശേഷിപ്പിച്ചിട്ടാണ് വിശുദ്ധൻ പോയത്. 1986 ഫെബ്രുവരി 8-ന് വിശുദ്ധ ജോൺ പോൾ

www.malankaralibrary.com


രണ്ടാമൻ മാർപാപ്പ വിശുദ്ധനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. വിശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹം മരിച്ച സ്ഥലമായ കൂനമ്മാവിൽ നിന്നും മാന്നാനത്തേക്ക് കൊണ്ടു വരികയും വളരെ ഭക്തിപൂർവ്വം അവിടത്തെ സെന്റ് ജോസഫ് ആശ്രമത്തിൽ സൂക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ലഭിച്ചതിനാൽ മാന്നാനം ഒരു തീർത്ഥാടക കേന്ദ്രമായി മാറി. എല്ലാ ശനിയാഴ്ചകളിലും ആയിരക്കണക്കിന് ജനങ്ങൾ വിശുദ്ധന്റെ കബറിടത്തിൽ വരികയും വിശുദ്ധ കുർബാനയിലും നൊവേനയിലും പങ്കെടുക്കുകയും ചെയ്യുന്നു. ആണ്ടുതോറും ഡിസംബർ 26 മുതൽ ജനുവരി 2 വരെ വിശുദ്ധ ചാവറ പിതാവിന്റെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആഘോഷിച്ചുവരുന്നു.

പുരുഷൻമാർക്കായുള്ള ആദ്യത്തെ തദ്ദേശീയ സന്ന്യാസസഭ (സി.എം.ഐ.) ആദ്യത്തെ സംസ്കൃത സ്കൂൾ, കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ മുദ്രണ ശാല (മര പ്രസ്സ്), സ്ത്രീകൾക്കായുള്ള ആദ്യത്തെ സന്ന്യാസിനി സഭ (സി.എം.സി.) തുടങ്ങിയവയും, ആദ്യമായി കിഴക്കൻ സിറിയൻ പ്രാർത്ഥനാക്രമത്തെ വേണ്ട മാറ്റങ്ങൾ വരുത്തി പ്രസിദ്ധീകരിച്ചതും അദ്ദേഹമാണ്. കത്തോലിക്കാ സഭയുടെ ഓരോ പള്ളിയോടും ചേർന്ന് പള്ളിക്കൂടം എന്ന ആശയം നടപ്പിൽ വരുത്തുന്നതിൽ ഈ വിശുദ്ധൻ മുഖ്യപങ്ക് വഹിച്ചു.

തന്റെ വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾക്കിടയ്ക്കും പദ്യങ്ങളും, ഗദ്യങ്ങളുമായി ചില ഗ്രന്ഥങ്ങൾ വിശ്വാസികൾക്കായി രചിക്കുവാൻ ചാവറയച്ചന് കഴിഞ്ഞിട്ടുണ്ട്. "ഒരു നല്ല പിതാവിന്റെ ചാവരുൾ" എന്ന അദ്ദേഹത്തിന്റെ ക്രിസ്തീയ കുടുംബങ്ങൾക്കായിട്ടുള്ള ഉപദേശങ്ങൾ ഇപ്പോഴും പ്രസക്തവുമാണ്. പ്രാർത്ഥനയും, ദാനധർമ്മങ്ങളും ഒഴിവാക്കാതിരുന്ന അദ്ദേഹത്തിന്റെ നിരവധിയായ മതപരവും, സാമൂഹ്യവുമായ പ്രവർത്തനങ്ങൾക്കിടയ്ക്കും തനിക്ക് ചുറ്റും ആത്മീയത പരത്തുവാൻ വിശുദ്ധന് കഴിഞ്ഞിരുന്നു. അതിനാൽ ചാവറയച്ചന്റെ ആദ്യകാലങ്ങളിൽ തന്നെ അദ്ദേഹത്തെ ഒരു ദൈവീക മനുഷ്യനായി അംഗീകരിച്ചിരുന്നു.

*വിചിന്തനം:- "ദൈവം നല്കിയ മക്കളെ വിശുദ്ധരായി ദൈവത്തിനേല്പിക്കാത്ത മാതാപിതാക്കന്മാർക്കു വിധി ദിവസം ഭയാനകമായിരിക്കും" (വി. ചാവറ കുര്യാക്കോസ് ഏലിയാസ്).*

www.malankaralibrary.com



## ജനുവരി 3 — മലാക്കി നിബിയ

ക്രിസ്തുവിന്റെ ജനനത്തിന് 400 വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന പ്രവാചകനാണ് മലാക്കി. അതായത് ബാബിലോൺ പ്രവാസത്തിൽ നിന്ന് ഇസ്രായേൽക്കാർ തിരിച്ചെത്തിയ കാലത്ത് ജീവിച്ചിരുന്നയാൾ. പഴയനിയമ പ്രവാചകൻമാരിൽ അവസാനത്തെയാളാണ് മലാക്കി. അതുകൊണ്ട് സഭാപിതാക്കൻമാർ അദ്ദേഹത്തെ 'പ്രവാചകന്മാരുടെ മുദ്ര' (The seal of the prophets) എന്ന് വിളിക്കുന്നു.

മലാക്കിയുടെ ജീവിതത്തെക്കുറിച്ച് കൃത്യമായ ചരിത്രരേഖകൾ ഒന്നും തന്നെയില്ല. ഹഗ്ഗായി, സഖറിയാ എന്നീ പ്രവാചകൻമാർക്ക് ശേഷം ദൈവത്തിന്റെ സന്ദേശം അറിയിച്ചയാളാണ് മലാക്കി. ഹീബ്രു ബൈബിളിൽ പ്രവാചക ഗ്രന്ഥത്തിൽ അവസാനത്തേതും, ഗ്രീക്ക് ബൈബിളിൽ പഴയനിയമ ഗ്രന്ഥങ്ങളിൽ അവസാനത്തേതുമാണ് മലാക്കിയുടെ പ്രവചനം. മലാക്കി എന്ന വാക്കിന്റെയർത്ഥം 'യഹോവയുടെ ദൂതൻ' എന്നാണ്. പ്രവാസത്തിൽ നിന്ന് യൂദയായിൽ തിരിച്ചെത്തി എസ്രായുടെയും നെഹെമിയായുടെയും നേതൃത്വത്തിൽ ജറുസലേം ദൈവാലയം പുനരുദ്ധരിക്കാൻ ശ്രമിച്ച ഇസ്രായേൽ ജനത്തോടാണ് മലാക്കി സംസാരിക്കുന്നത്. പ്രവാസത്തിൽ നിന്ന് തിരിച്ചെത്തിയ ജനം ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാതെ വിഗ്രഹാരാധനയിലേക്കും, അശുദ്ധിയിലേക്കും വീണ പശ്ചാത്തലത്തിലാണ് മലാക്കി തന്റെ പ്രവചനം നടത്തുന്നത്. ദൈവാലയത്തിലെ ബലികളോട് ജനം കാണിക്കുന്ന അവഗണനയ്ക്കും ഭക്തിയില്ലായ്മയ്ക്കും എതിരായിട്ടാണ് അദ്ദേഹം പ്രതികരിക്കുന്നത്. ദൈവാലയ പുനർനിർമ്മാണത്തിനുശേഷവും വരൾച്ചയ്ക്കും, ക്ഷാമത്തിനും ഇരയായ ദൈവജനം ദൈവവിശ്വാസത്തിന്റെ പ്രസക്തിയെത്തന്നെ ചോദ്യം ചെയ്യാൻ തുടങ്ങി. അത്തരം ചോദ്യങ്ങൾക്കുള്ള മറുപടി ആണ് അദ്ദേഹത്തിന്റെ പ്രവചനം. മലാക്കിയുടെ പ്രബോധനത്തിലെ പ്രധാന ആശയങ്ങൾ:

1. ദൈവത്തിന്റെ സ്നേഹത്തെപ്പറ്റി സംശയിക്കരുത്. അവിടുത്തെ നാമം അശുദ്ധമാക്കാതെ നിർമ്മലമായ ബലിർപ്പിക്കുക (1:1–2:9).
2. ദൈവത്തോട് അവിശ്വസ്തത കാട്ടുകയോ അവിടുത്തെ അസഹ്യപ്പെടുത്തുകയോ അരുത് (2:10–3:9).
3. ദൈവത്തിങ്കലേക്ക് തിരിച്ചുവരുക, അവിടുത്തെ സേവിക്കുന്നവർക്ക് പ്രതിഫലം ലഭിക്കും (3:6–4:4).

www.malankaralibrary.com


4. കർത്താവിന്റെ ദിനം ആഗതമാകുന്നതിന് മുൻപ് അവിടുന്ന് ഏലിയായെ അയയ്ക്കും (4:5–6).

ജനത്തിനിടയിലെ അനീതിയും ചൂഷണവും, ജനത്തിനു നേതൃത്വം നല്കുന്നതിനു പകരം അവരെ വഴിതെറ്റിക്കുന്ന ഇടയൻമാരുടെ ഉത്തരവാദിത്വമില്ലായ്മയും പ്രവാചകന്റെ രൂക്ഷമായ വിമർശനത്തിന് വിഷയമാകുന്നു.

ജനങ്ങളെ ധാർമികതയിലേക്കും ശരിയായ ആരാധനയിലേക്കും മടക്കി കൊണ്ടുവരുക എന്നുള്ളത് മാത്രമല്ല ജനങ്ങളെ മിശിഹായുടെ വരവിനുവേണ്ടി ഒരുക്കുക എന്നതും മലാക്കിയുടെ ദൗത്യമായിരുന്നു. അക്കാലഘട്ടത്തിൽ പല യഹൂദരും മിശിഹാ വരുമോ എന്നതിനെക്കുറിച്ച് സംശയിച്ചിരുന്നു. മലാക്കി പ്രവാചകൻ മിശിഹാ വരുമെന്ന് കൃത്യമായി പ്രഖ്യാപിച്ചു (മലാക്കി 3, 4). മിശിഹായുടെ വരവിന് മുൻപ് ജനങ്ങളെ ഒരുക്കാൻ ദൈവം തന്റെ ദൂതനെ അയയ്ക്കും എന്ന് അദ്ദേഹം പ്രവചിച്ചു (മലാക്കി 3:1). ദൂതരെ സംബന്ധിച്ചുള്ള പ്രവാചകന്റെ വാക്കുകൾ മിശിഹായുടെ മുന്നോടിയായ യോഹന്നാൻ സ്നാപകനിൽ നിറവേറി (മത്താ. 11:14). മിശ്രവിവാഹവും, വിവാഹമോചനവും മലാക്കി ശക്തമായി എതിർക്കുന്നു (മലാക്കി 2:10–16). പൂർണവും വിശുദ്ധവുമായ ഒരു ബലിയേക്കുറിച്ചുള്ള സൂചന മലാക്കി നല്കുന്നുണ്ട്. വി. കുർബാനയെന്ന പരിശുദ്ധ ബലിയേക്കുറിച്ചുള്ള പ്രവചനമാണ് ഇത് (1:11). മിശിഹായുടെ മുന്നോടിയായ യോഹന്നാനെപ്പറ്റിയുള്ള മലാക്കിയുടെ പ്രവചനം കൊണ്ട് പഴയനിയമം അവസാനിക്കുമ്പോൾ യോഹന്നാൻ സ്നാപകന്റെ പ്രഭാഷണം ആണ് പുതിയ നിയമത്തിന്റെ ആരംഭം. അങ്ങനെ ഈ പ്രവാചകൻ പുതിയ നിയമത്തേയും പഴയനിയമത്തേയും ബന്ധിപ്പിക്കുന്ന കണ്ണിയായി മാറി. പാരമ്പര്യം അനുസരിച്ച് അദ്ദേഹം വളരെ ചെറുപ്പത്തിൽ തന്നെ മരിച്ചു.

*വിചിന്തനം: "കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ നാമം ധ്യാനിക്കുകയും ചെയ്യുന്നവരെ ഓർമിക്കേണ്ടതിന് ഒരു ഗ്രന്ഥം അവിടുത്തെ മുൻപിൽ എഴുതപ്പെട്ടു. സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു: അവർ എന്റേതായിരിക്കും. ഞാൻ പ്രവർത്തിക്കുന്ന ദിവസം അവർ എന്റെ പ്രത്യേക അവകാശമായിരിക്കും. പിതാവ് തന്നെ സേവിക്കുന്ന പുത്രനെയെന്നപോലെ ഞാൻ അവനെ രക്ഷിക്കും" (മലാക്കി 3:16–17).*

www.malankaralibrary.com


## ജനുവരി 7 വി. ജൂലിയൻ

നാലാം നൂറ്റാണ്ടിൽ ഡയോക്ലിഷൻ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിത്വം വരിച്ച ക്രിസ്ത്യൻ ദമ്പതികളാണ് വി. ജൂലിയനും, ബസിലിസായും. ഈജിപ്തിലാണ് ഇവർ ജീവിച്ചിരുന്നത്. വിവാഹ ബന്ധത്തിലൂടെ ഇവർ ഒന്നായെങ്കിലും പരസ്പര സമ്മതത്തോടെ ബ്രഹ്മചര്യ വ്രതം പാലിക്കുകയും ആശ്രമതുല്യമായ ജീവിതം നയിക്കുകയും ചെയ്തു. തങ്ങളുടെ വരുമാനം മുഴുവൻ പാവങ്ങളെയും രോഗികളെയും സഹായിക്കുവാൻ അവർ ചിലവഴിച്ചു. അശരണരായ രോഗികളുടെ ചികിത്സക്കായി അവരുടെ ഭവനത്തെ ഒരു ആശുപത്രിയാക്കി മാറ്റി. ഇവരുടെ ജീവിതത്തെ അനുകരിച്ചുകൊണ്ട് ധാരാളം പേർ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി തങ്ങളുടെ ജീവിതം ഉഴിഞ്ഞുവെയ്ക്കാൻ തയ്യാറായി. ബസിലിസായുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായി ഒരു സന്ന്യാസ ആശ്രമം സ്ഥാപിച്ചു. ക്രൂരമായ അനേകം പീഢനങ്ങൾക്കുശേഷം ബസിലിസ ശാന്തമായി മരിച്ചു. വിശുദ്ധ മരിച്ച് കുറച്ച് വർഷങ്ങൾക്കുശേഷം ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ കാലത്ത് ജൂലിയൻ അറസ്റ്റ് ചെയ്യപ്പെടുകയും ക്രൂരമായ പീഢനങ്ങൾക്ക് വിധേയമായി മറ്റ് ഏഴ് ക്രൈസ്തവ വിശ്വാസികൾക്കൊപ്പം രക്തസാക്ഷിത്വ മകുടം ചൂടുകയും ചെയ്തു. ആദിമ സഭയിൽ വളരെയധികം ബഹുമാനിക്കപ്പെട്ടിരുന്ന രണ്ട് ബഹുമാന്യരാണ് ജൂലിയനും ബസിലിസായും. പാശ്ചാത്യ, പൗരസ്ത്യ നാടുകളിൽ ധാരാളം ആശുപത്രികളും അഗതി മന്ദിരങ്ങളും ഇവരുടെ പേരിലുണ്ട്. ഈ വിശുദ്ധ ജൂലിയന്റെ ഭൗതിക അവശിഷ്ടത്തിന്റെ ഒരു ഭാഗം പാരിസിലെ വി. ബസിലിസ ദൈവാലയത്തിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു. ലത്തീൻ പാരമ്പര്യ പ്രകാരം ജനുവരി 9-നും അന്ത്യോക്യൻ പാരമ്പര്യപ്രകാരം ജനുവരി 7-നും വി. ജൂലിയന്റെ തിരുനാൾ ആഘോഷിക്കുന്നു.

*വിചിന്തനം: "സഹോദരനോ സ്നേഹിതനോ വേണ്ടി ധനം നഷ്ടപ്പെടുത്താൻ മടിക്കരുത്, കല്ലിനടിയിലിരുന്ന് അത് തുരുമ്പിച്ച് നഷ്ടപ്പെടാതിരിക്കട്ടെ" (പ്രഭാ. 29:10).*

## ജനുവരി 8 മാർ സ്തേഫാനോസ് സഹദാ

സഭയിലെ ആദ്യത്തെ ഡീക്കനും ആദ്യത്തെ രക്തസാക്ഷിയുമാണ് സ്തേഫാനോസ് സഹദാ. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച്

www.malankaralibrary.com


വി. ഗ്രന്ഥത്തിൽ അപ്പസ്തോല പ്രവർത്തനങ്ങളിൽ 6, 7 അധ്യായങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പാലസ്തീനായിലെ ഒരു നാട്ടിൻപുറത്ത് പുണ്യപുരാതനമായ കുടുംബത്തിൽ യാക്കോബിന്റെയും അന്നയുടെയും മകനായി സ്തേഫാനോസ് ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ദൈവകല്പനകൾ കൃത്യമായി പാലിക്കുന്നവരും മതാത്മകജീവിതം നിഷ്ഠയോടെ നയിച്ചവരും ആയിരുന്നു. ഗ്രീക്ക് ഭാഷയിൽ പാണ്ഡിത്യമുണ്ടായിരുന്ന മാതാപിതാക്കൾ 'കിരീടം' എന്നർത്ഥമുള്ള സ്തേഫാനോസ് എന്ന പേര് അവനുനൽകി. വി. ഗ്രന്ഥം വായിക്കുന്നതിലും മതകാര്യങ്ങൾ ആഴത്തിൽ പഠിക്കുന്നതിലും ബാലനായ സ്തേഫാനോസ് ബദ്ധശ്രദ്ധനായിരുന്നു. രക്ഷകന്റെ വരവിനെക്കുറിച്ച് റബിമാരിൽ നിന്നറിഞ്ഞ സ്തേഫാനോസ് ഈ രക്ഷകനുവേണ്ടി പ്രാർത്ഥനയോടെ കാത്തിരുന്നു. ഒടുവിൽ അവൻ പ്രതീക്ഷിച്ചിരുന്ന വാർത്ത നാട്ടിലെങ്ങും പ്രചരിച്ചു. ബേത്‌ലഹേമിൽ സകല ജനത്തിനും സന്തോഷത്തിന്റെ സദ്‌വാർത്തയായി യേശു ജനിച്ചു. അവൻ ദൈവരാജ്യത്തിന്റെ സുവിശേഷവുമായി നാട്ടിലെങ്ങും ചുറ്റി സഞ്ചരിക്കുന്നു. ഈ യേശുവായിരിക്കുമോ ലോകരക്ഷകൻ എന്ന സംശയം സ്തേഫാനോസിൽ ഉടലെടുത്തു. യേശുവിനെ നേരിൽ കാണാൻ ആഗ്രഹിച്ചു. അവൻ യേശുവിനെ തേടി ഇറങ്ങി ജനങ്ങളുമായി സംസാരിച്ചുകൊണ്ടിരുന്ന യേശുവിനെ അവൻ കണ്ടുമുട്ടി. എന്തെന്നില്ലാത്ത ആനന്ദം കൊണ്ടവൻ നിറഞ്ഞു. ഇനിയുള്ള നാളുകൾ ഈ രക്ഷകനുവേണ്ടി ജീവിക്കുമെന്നവൻ പ്രതിജ്ഞയെടുത്തു. യേശുവിന്റെ വഴികളിൽ പലപ്പോഴും അവൻ സഹയാത്രികനായി ജനക്കൂട്ടത്തോടൊപ്പം യേശുവിന്റെ പ്രബോധനങ്ങൾ അവൻ ശ്രദ്ധയോടെ ശ്രവിച്ചു. യേശുവിനെ മറ്റുള്ളവർക്ക് പകർന്ന് നൽകാൻ ആഗ്രഹിച്ച സ്തേഫാനോസിനെ യേശു തന്റെ 72 ശിഷ്യരിൽ ഒരാളായി തിരഞ്ഞെടുത്തു. നാട്ടിൻപുറങ്ങളിൽ ചുറ്റി സഞ്ചരിച്ച് പ്രസംഗിച്ച സ്നേഫാനോസിന്റെ വാക്കുകൾ അനേകരിൽ മാനസാന്തരത്തിനു കാരണമായി.

സർവ്വ പ്രതാപത്തോടെ ഇസ്രായേലിനെ ഭരിക്കുന്ന ഒരു മിശിഹായെയാണ് മറ്റുള്ളവരെപ്പോലെ സ്തേഫാനോസും പ്രതീക്ഷിച്ചത്. അതുകൊണ്ട് യേശു ക്രിസ്തുവിന്റെ കുരിശുമരണം അവനിൽ നിരാശ ഉളവാക്കി. എന്നാൽ യേശുവിന്റെ ഉത്ഥാനത്തെകുറിച്ച് കേട്ട സ്തേഫാനോസിൽ പുതിയ പ്രതീക്ഷകൾ ഉണർന്നു. ഉത്ഥിതനായ ക്രിസ്തു തനിക്കും പ്രത്യക്ഷപ്പെടണമെന്നവൻ ആഗ്രഹിച്ചു. ഒരു ദിവസം രാത്രി

www.malankaralibrary.com


യിൽ സ്വപ്നത്തിൽ യേശു അവനു പ്രത്യക്ഷപ്പെട്ടു. ആ ദർശനത്തോടുകൂടി ഉത്ഥാനത്തെക്കുറിച്ചുള്ള അവന്റെ എല്ലാ സംശയങ്ങളും മാറി.

പെന്തിക്കോസ്തി ദിവസം വന്നപ്പോൾ ശിഷ്യന്മാരോടൊപ്പം ചിലവഴിക്കാൻവേണ്ടി സ്തേഫാനോസും മർക്കോസിന്റെ മാളികയിലെത്തി. ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിക്കുന്നതും ശിഷ്യന്മാർ വിവിധ ഭാഷകളിൽ സംസാരിക്കുന്നതും അവൻ ദർശിച്ചു. അപ്പസ്തോലന്മാരുടെ പ്രവർത്തനം വഴിയായി വിശ്വാസികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അപ്പോസ്തോലന്മാർ സുവിശേഷം പ്രഘോഷിക്കുന്നതിലും അനാഥരേയും വിധവകളേയും ദരിദ്രരേയും പരിപാലിക്കുന്നതിലും പ്രത്യേകം ശ്രദ്ധ പുലർത്തി. എന്നാൽ ശിഷ്യരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ അപ്പസ്തോലന്മാർക്ക് സുവിശേഷ പ്രഘോഷണവും, ജീവകാരുണ്യപ്രവർത്തനങ്ങളും ഒരുമിച്ചു കൊണ്ടുപോകാൻ പ്രയാസമായിരുന്നു. സഹായവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുമെന്ന് ഗ്രീക്കുകാർ യഹൂദർക്കെതിരെ പരാതിപ്പെടാനൊരുങ്ങി. ഇത്തരം പ്രശ്നങ്ങൾ അപ്പസ്തോലന്മാരുടെ വചനപ്രഘോഷണ ശുശ്രൂഷയെ ബാധിക്കാൻ തുടങ്ങി. സുവിശേഷം പ്രഘോഷിക്കുകയാണ് തങ്ങളുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വമെന്ന് തിരിച്ചറിഞ്ഞ അപ്പോസ്തോലന്മാർ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഏഴ് യുവാക്കളെ തിരഞ്ഞെടുത്തു. ശുശ്രൂഷകരെന്നർത്ഥമുള്ള ഡീക്കൻമാരെന്നാണ് ഇവരെ വിളിച്ചിരുന്നത്. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ആദ്യത്തെ ആൾ സ്തേഫാനോസ് ആയിരുന്നു. പീലിപ്പോസ്, പ്രേക്കോറോസ്, നിക്കുനേർ, തിമോൻ, പർമേനോസ്, നിക്കാളോപ്പോസ് എന്നിവരായിരുന്നു ബാക്കി 6 പേർ. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി തന്റെ സർവ്വസമ്പത്തും അദ്ദേഹം ചിലവഴിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മാത്രമല്ല സുവിശേഷം പങ്കുവയ്ക്കുന്നതിലും അദ്ദേഹം ശ്രദ്ധചെലുത്തി.

സ്തേഫാനോസിലൂടെ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ദൈവം പ്രവർത്തിച്ചു (അപ്പ.പ്ര.6:8). സ്വതന്ത്രന്മാരുടെ സിനഗോഗെന്നറിയപ്പെടുന്ന, ഗ്രീക്കുകാരുടെ സിനഗോഗിലെ യഹൂദന്മാർ സ്തേഫാനോസിനെതിരെ ഗൂഢാലോചന നടത്തി. മോശയ്ക്കും ദൈവത്തിനും എതിരായി സ്തേഫാനോസ് ദൈവദൂഷണം പറഞ്ഞുവെന്ന് കള്ളസാക്ഷ്യം പറയാൻ ജനങ്ങളെ പ്രേരിപ്പിച്ചു. എതിരാളികളവനെ ബന്ധിച്ച്

www.malankaralibrary.com


ന്യായാധിപ സംഘത്തിനുമുന്നിൽ കൊണ്ടുവന്നു. കള്ളസാക്ഷികൾ അവനെതിരെ വ്യാജ ആരോപണങ്ങൾ നടത്തി. ന്യായാധിപ സംഘത്തിലുണ്ടായിരുന്നവർ അവന്റെ മുഖത്തേക്ക് നോക്കി. അവന്റെ മുഖം ദൈവദൂതന്റെ മുഖംപോലെ കാണപ്പെട്ടു (അപ്പ. പ്ര. 6:15). തന്റെ ഭാഗം വിശദീകരിക്കാൻ അവസരം ലഭിച്ചപ്പോൾ സ്തേഫാനോസ് ദീർഘമായ ഒരു പ്രസംഗം നടത്തി (അപ്പ. പ്ര. 7:2–53). യേശു യഹൂദർ പ്രതീക്ഷിച്ചിരുന്ന മിശിഹാ ആണെന്നും ലോകരക്ഷകനാണെന്നും വി. ഗ്രന്ഥം ഭംഗിയായി അവതരിപ്പിച്ചത് സ്തേഫാനോസ് സമർത്ഥിച്ചു. രക്ഷാകര ചരിത്രം മുഴുവൻ കൃത്യമായി അവതരിപ്പിച്ചു. രക്ഷയുടെ മാർഗത്തിലേക്ക് തിരിയാൻ യഹൂദന്മാരെ ആഹ്വാനം ചെയ്തുകൊണ്ട് തന്റെ പ്രസംഗം അവസാനിപ്പിച്ചു. സ്തേഫാനോസിന്റെ വാക്കുകൾ യഹൂദ പ്രമാണികളെ ചൊടിപ്പിച്ചു. അവന്റെ നേരെ കോപക്രാന്തരായി പല്ലുകടിച്ചു. എന്നാൽ അവൻ പരി. ആത്മാവിനാൽ നിറഞ്ഞു. സ്വർഗ്ഗത്തിലേക്ക് നോക്കി ദൈവത്തിന്റെ മഹത്വം ദർശിച്ചു. അവൻ പറഞ്ഞു: “ഇതാ സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്ത് ഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു” (അപ്പ. പ്ര.7:56). ഇതുകേട്ടപ്പോൾ അവർ ഉച്ചത്തിൽ ആക്രോശിച്ചുകൊണ്ട് ചെവി പൊത്തുകയും അവന്റെ നേരെ പാഞ്ഞടുക്കുകയും ചെയ്തു. അവർ അവനെ നഗരത്തിനു പുറത്താക്കി കല്ലെറിഞ്ഞു. സാവൂൾ (പൗലോസ്) എന്ന യുവാവിന്റെ കാൽക്കലാണ് കല്ലെറിഞ്ഞവർ തങ്ങളുടെ മേലങ്കികൾ അഴിച്ചുവച്ചത്. ശരീരത്ത് കല്ലുകൾ ആഞ്ഞു തറയ്ക്കുമ്പോൾ അവൻ മുട്ടുകുത്തി സ്വർഗത്തിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ചു: “കർത്താവേ ഈ പാപം അവരുടെ മേൽ ആരോപിക്കരുതേ”. ഈ പ്രാർത്ഥന ചൊല്ലി അവൻ മരണനിദ്ര പ്രാപിച്ചു. അങ്ങനെ സഭയുടെ ചരിത്രത്തിലെ ആദ്യത്തെ രക്തസാക്ഷിയായി. നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ അതേപോലെ പ്രാവർത്തികമാക്കിയ വ്യക്തിയാണ് സ്തേഫാനോസ്. സാവൂൾ എന്ന തീക്ഷ്ണമതിയായ യഹൂദനെ പൗലോസ് എന്ന വലിയ മിഷണറിയാക്കി മാറ്റാൻ സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തിനു കഴിഞ്ഞു. പീഡനകാലഘട്ടത്തിൽ വിസ്മരിക്കപ്പെട്ടുകിടന്ന വിശുദ്ധന്റെ ഭൗതികാവശിഷ്ടം AD 415-ൽ കണ്ടെത്തി. ലൂഷ്യൻ എന്നു പേരുള്ള ഒരു വന്ദ്യ വൈദികനാണ് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ടെ

www.malankaralibrary.com


ത്തിയത്. AD 460-ൽ വിശുദ്ധന്റെ തിരുശേഷിപ്പ് ദമാസ്കസിലുള്ള ഇവുസോസിയായിൽ പണികഴിപ്പിച്ച ബസലിക്കായിൽ മാറ്റി സ്ഥാപിച്ചു. ലത്തീൻ പാരമ്പര്യം അനുസരിച്ച് ഡിസംബർ 26 നും അന്ത്യോക്യൻ പാരമ്പര്യം അനുസരിച്ച് ജനുവരി 8 നും വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു. ഡീക്കന്മാരുടെ പ്രത്യേക മധ്യസ്ഥനായി സ്തേഫാനോസ് വണങ്ങപ്പെടുന്നു.

*വിചിന്തനം ;- "അവൻ പരിശുദ്ധാത്മാവാൽ നിറഞ്ഞ് സ്വർഗത്തിലേക്ക് നോക്കി ദൈവത്തിന്റെ മഹത്വം ദർശിച്ചു, ദൈവത്തിന്റെ വലത്തു ഭാഗത്ത് യേശു നിൽക്കുന്നതും കണ്ടു" (അപ്പ. പ്ര. 7:55).*

## ജനുവരി 10 നീസായിലെ മാർ ഗ്രിഗോറിയോസ്

എ.ഡി. 335-ൽ കേസറിയായിലെ കപ്പദോക്യയിലാണ് വി. ഗ്രിഗറിയുടെ ജനനം. അദ്ദേഹത്തിന്റെ മാതാപിതാക്കൾ വി. ബസേലിയോസും വി. എമേലിയായുമായിരുന്നു. വിശുദ്ധരായ ബസേലിയോസിന്റെയും എമേല്യയായുടെയും മാതൃകാപരമായ ജീവിതം വി. ഗ്രിഗറിയെ സ്വാധീനിച്ചു. ഗ്രിഗറിയുടെ പിതാവായ വി. ബസേലിയോസ് കേസറിയായിലെ പ്രസിദ്ധനായ ഒരു അദ്ധ്യാപകനായിരുന്നു. ഗ്രിഗറിയുടെ അമ്മയായ വി. എമേലിയ ഒരു ഉത്തമസ്ത്രീയായിരുന്നു. ഗ്രിഗറിയുടെ പ്രഥമ വിദ്യാഭ്യാസം സ്വന്തം ഭവനത്തിൽ തന്നെയായിരുന്നു. സമപ്രായക്കാരായ യുവാക്കൾ ലോകത്തിന്റെ സുഖമോഹങ്ങളിൽ ജീവിച്ചപ്പോൾ ഗ്രിഗറി തിന്മ നിറഞ്ഞ ലോകത്തെയോർത്ത് പ്രാർത്ഥിച്ചു. പ്രഥമ വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിൽ തർക്കശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും പ്രഭാഷണകലയിലും അദ്ദേഹം വിദ്യാഭ്യാസം നേടി. ജ്യേഷ്ഠനായ ബസേലിയോസിന്റെ അനുവാദത്തോടുകൂടി അദ്ദേഹം ഏഥൻസിലേക്ക് പോയി. അവിടുത്തെ വിദ്യാഭ്യാസത്തിനുശേഷം അവിടെ അധ്യാപകനായി. അധ്യാപകനായശേഷം ഗ്രിഗറി തെയോസേബിയ എന്ന യുവതിയെ പത്നിയാക്കി. തന്റെ പിതാവിന്റെ കുടുംബം പോലെതന്നെ വിശുദ്ധവും മാതൃകാപരവുമായ ഒരു കുടുംബമായിരുന്നു ഗ്രിഗറിയുടേത്. പലപ്പോഴും ഒരു വൈദികനാകാൻ ഗ്രിഗറിയെ ബേസിൽ ഉപദേശിച്ചിരുന്നു. ഒരിക്കൽ ഗ്രിഗറിക്ക് ഒരു കത്തു ലഭിച്ചു. തന്റെ ഉത്തമ സുഹൃത്തായ ഗ്രിഗറി നസിയാൻസനാണ് ആ കത്ത് എഴുതിയത്. ഗ്രിഗറിയ്ക്ക് ഒരു വൈദികനാകുന്നതിന് കൂടുതൽ ചിന്തകൾ നല്കുന്നതാണ് ആ കത്ത്.

www.malankaralibrary.com


അധ്യാപകജോലി ഉപേക്ഷിച്ച് തന്റെ നാഥനുവേണ്ടി പുരോഹിതനാകാൻ ഗ്രിഗറി തീരുമാനിച്ചു. തെയോസേബിയയ്ക്ക് ഈ തീരുമാനത്തോട് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. ഗ്രിഗറിയുടെ പുതിയ തീരുമാനത്തെ സഹോദരനായ ബേസിൽ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. തന്റെ ആശ്രമത്തിലേക്ക് അദ്ദേഹം ഗ്രിഗറിയെ ക്ഷണിച്ചു. ഒരു വൈദികനാവുക എന്ന ലക്ഷ്യത്തിന് തുടക്കമായി ബേസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് ദൈവശാസ്ത്രത്തിലും ആരാധനക്രമത്തിലും സഭാപരമായ കാര്യങ്ങളിലും ഗ്രിഗറി അറിവുനേടി. തുടർന്ന് അദ്ദേഹം പൗരോഹിത്യപട്ടം സ്വീകരിച്ചു. ആശ്രമത്തിലെ പ്രാർത്ഥനയിലും ഗ്രന്ഥപാരായണത്തിലും നിയമങ്ങളനുസരിച്ച് അദ്ദേഹം വൈദികജീവിതം ചിലവഴിച്ചു.

എ.ഡി. 370-ൽ കേസറിയായിലെ മെത്രാനായ എവുസേബിയൂസിന്റെ കാലശേഷം ബേസിൽ മെത്രാനായി. ഈ സമയത്ത് കപ്പദോക്കിയായിൽ ആര്യൻ പാഷണ്ഡതയുടെ സ്വാധീനം വർദ്ധിച്ചുവന്നു. ചില മെത്രാൻമാർ ഇതിനെ സ്വാഗതം ചെയ്ത് സഭയ്ക്ക് വളരെ പ്രശ്നങ്ങൾ ഉണ്ടാക്കി. ഈ സാഹചര്യത്തിൽ നിഖ്യാ എന്ന സ്ഥലത്ത് വച്ചു കോൺസ്റ്റന്റയിൻ ചക്രവർത്തി നിഖ്യാ സുന്നഹദോസ് എ.ഡി. 325-ൽ വിളിച്ചുകൂട്ടി. പാഷണ്ഡതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഉപാധിയെന്നവണ്ണം ബേസിൽ പുതിയ ഭദ്രാസനങ്ങൾ രൂപപ്പെടുത്തുവാൻ തുടങ്ങി. അങ്ങനെ ദക്ഷിണ അർമ്മേനിയായിലെ "നീസാ" എന്ന ചെറു നഗരത്തിലെ മെത്രാനായി സഹോദരനായ ഗ്രിഗറിയെ തിരഞ്ഞെടുത്തു. എന്നാൽ മെത്രാനാകുന്നതിനോട് ഗ്രിഗറിയ്ക്ക് താൽപര്യം ഇല്ലായിരുന്നു. എന്നാൽ തന്റെ സഹോദരനായ ബേസിലിന്റെ നിർബന്ധപ്രകാരം എ.ഡി. 371-ൽ അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. നിസ്സായിലെ മെത്രാനായി സ്ഥാനമേറ്റശേഷം ഗ്രിഗറി ആദ്യമായി ശ്രദ്ധ കേന്ദ്രീകരിച്ചത് നഗരത്തിലെ ദരിദ്രരുടെയും നിരാലംബരുടെയും അഗതികളുടെയും നേർക്കായിരുന്നു. നിസ്സ എന്ന നഗരത്തിൽ സന്തോഷവും സമാധാനവും നിറഞ്ഞുനിന്നു. ഈ സാഹചര്യത്തിൽ ഈ നാട്ടിൽ ക്ഷാമം പടർന്നുപിടിച്ചു. ഈ കഷ്ടതയുടെ സമയത്തും ജനങ്ങളോടൊപ്പമായിരുന്നുകൊണ്ട് അനുദിനജീവിതത്തിലെ പ്രശ്നങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യുവാൻ ഗ്രിഗറി ജനങ്ങളെ സഹായിച്ചുകൊണ്ടിരുന്നു. നിസ്സായിലെ മെത്രാനായ ഗ്രിഗറി ഒരിക്കലും നിസ്സായിലെ ഭരണകർത്താക്കളുടെ പ്രീതി നേടുവാനായി ഒന്നും ചെയ്തിരുന്നില്ല.

www.malankaralibrary.com


എ.ഡി. 376-ൽ മെത്രാന്മാർ സുന്നഹദോസ് കൂടി ഗ്രിഗറിയെ നിസ്സായുടെ മേലദ്ധ്യക്ഷ സ്ഥാനത്തു നിന്നും നീക്കം ചെയ്തു. മറ്റൊരാളെ സുന്നഹദോസ് നിസ്സായിലെ മെത്രാനായി അവരോധിക്കുകയും ചെയ്തു. തുടർന്ന് രണ്ടുവർഷക്കാലം ഗ്രിഗറിയുടെ അജ്ഞാതവാസത്തിന്റെ കാലഘട്ടമായിരുന്നു. നീണ്ട രണ്ടു വർഷത്തെ താപസജീവിതം ഗ്രിഗറിയുടെ ജീവിതവീക്ഷണത്തെ വളരെയേറെ സ്വാധീനിച്ചു. എ. ഡി. 378-ൽ വാൻസ് ചക്രവർത്തി ചരമമടഞ്ഞു. പുതിയ ചക്രവർത്തിയായി ഗ്രാസിയൻ ഭരണം ഏറ്റെടുത്തു. അതിനുശേഷം അദ്ദേഹം ജനങ്ങളുടെമേൽ അടിച്ചേൽപിച്ചിരുന്ന കഠിനവും മർദ്ദകസ്വഭാവമുള്ള നിയമങ്ങളെല്ലാം എടുത്തുമാറ്റി. സ്വന്തം ഭദ്രാസനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ട മെത്രാന്മാർക്കെല്ലാം ഭരണം തിരികെ നൽകുവാൻ അദ്ദേഹം ഉത്തരവിട്ടു. അങ്ങനെ നീസ്സായിലെ മെത്രാനായിരുന്ന ഗ്രിഗറിക്കു സ്വന്തം രൂപതയിലേക്ക് തിരികെയെത്തുവാൻ അവസരം ലഭിച്ചു. ഗ്രിഗറിയുടെ വരവിൽ ജനങ്ങൾ സന്തോഷിച്ചു. താമസിയാതെ തന്നെ ഗ്രിഗറി മുടങ്ങിപ്പോയ തന്റെ അജപാലന കർത്തവ്യങ്ങളിൽ കൂടുതൽ ഊർജസ്വലതയോടെ വ്യാപൃതനായി സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ ബേസിൽ എ.ഡി. 379 ജനുവരി ഒന്നാം തീയതി ഇഹലോകവാസം വെടിഞ്ഞു. ബേസിലിന്റെ വേർപാട് ഏറ്റം ദുഃഖത്തിലാഴ്ത്തിയത് സഹോദരനായ ഗ്രിഗറിയെയായിരുന്നു. ബേസിലിന്റെ മരണത്തോടെ ലോകത്തിൽ തനിക്കിനി ആശ്രയിക്കുവാൻ മറ്റാരുമില്ല എന്ന സത്യം ഗ്രിഗറി മനസ്സിലാക്കി. ജ്യേഷ്ഠന്റെ മരണത്തിനുശേഷം ഗ്രിഗറി ജീവിതത്തിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനിടയാവുകയും നൂതന ജീവിതശൈലിയുടെ ആരംഭകനായി ഭവിക്കുകയും ചെയ്തു.

എ.ഡി. 379-ൽ അന്ത്യോക്യയിൽ ഒരു പ്രാദേശിക സുന്നഹദോസ് വിളിച്ചുകൂട്ടുകയും പാലസ്തീനായിലെയും അറേബ്യയിലെയും പ്രാദേശിക സഭകളെല്ലാം സന്ദർശിക്കുക, ശീശ്മകളും പാഷണ്ഡതകളും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുക എന്നീ ദൗത്യങ്ങൾ മെത്രാന്മാർ ഗ്രിഗറിയെ ഏൽപിക്കുകയും ചെയ്തു. ഏറ്റെടുത്ത ദൗത്യം അവിശ്വസനീയമാംവിധം വേഗത്തിൽ ഭംഗിയായി പൂർത്തിയാക്കുവാൻ ഗ്രിഗറിക്കു സാധിച്ചു. പ്രശസ്തിയുടെ പടവുകൾ ഓരോന്നായി ഗ്രിഗറി കീഴടക്കികൊണ്ടിരുന്നു. സുന്നഹദോസ് ഏൽപിച്ച

www.malankaralibrary.com


ദൗത്യം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ ഗ്രിഗറിയെ മറ്റൊരു സ്ഥാനവുംകൂടി ഏൽപിച്ചു. സെബാസ്റ്റായിലെ ആർച്ചുബിഷപ്പ് സ്ഥാനമായിരുന്നു അത്. എ.ഡി. 380-ലാണ് അദ്ദേഹം സെബസ്റ്റായിലെ ആർച്ച്ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടത്.

അക്കാലത്തു നിലനിന്നിരുന്ന പാഷണ്ഡതകളും ശീശ്മകളും നിർമാർജനം ചെയ്യുന്നതിനും നിഖ്യാവിശ്വാസപ്രമാണത്തിന് സമൂഹത്തിൽ കൂടുതൽ താത്പര്യം ജനിപ്പിക്കുന്നതിനും അതിനെ ജനകീയമാക്കുന്നതിനും വേണ്ടി എ.ഡി. 381 മെയ്മാസത്തിൽ തിയോഡോഷ്യസ് ചക്രവർത്തി ഒരു സാർവത്രിക സുന്നഹദോസ് വിളിച്ചുകൂട്ടി. ഈ സുന്നഹദോസിന്റെ അദ്ധ്യക്ഷപദവി അലങ്കരിച്ച അന്ത്യോക്യയിലെ മെത്രാനായിരുന്ന മേലേസിയൂസ് ദിവംഗതനായി. മേലേസിയൂസ് മെത്രാന്റെ മൃതദേഹ സംസ്കാര ചടങ്ങിൽ ചരമപ്രസംഗം നടത്തിയത് ഗ്രിഗറിയായിരുന്നു. ഈ സാർവത്രിക സുന്നഹദോസിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഗ്രിഗറിക്കുണ്ടായിരുന്നത്. ജ്യേഷ്ഠനായ ബസേലിയോസിനെപ്പോലെതന്നെ പാഷണ്ഡതകൾക്കെതിരായി സുന്നഹദോസിൽ അദ്ദേഹം ശക്തിയായി പ്രസംഗിച്ചു. സഭാകാര്യങ്ങൾക്കായുള്ള അദ്ദേഹത്തിന്റെ ദീർഘയാത്രകൾ ഗ്രിഗറിയുടെ ആരോഗ്യസ്ഥിതി കൂടുതൽ ശോചനീയമാക്കി. രോഗം ബാധിച്ച് അദ്ദേഹം കിടപ്പിലായി. പല ഡോക്ടർമാർ ചികിത്സിച്ചിട്ടും ഗ്രിഗറിക്ക് യാതൊരു ഭേദവുമുണ്ടായില്ല. അതിനുശേഷം ഗ്രിഗറിയുടെ രോഗാവസ്ഥ മൂർച്ഛിച്ചു. അദ്ദേഹം അബോധാവസ്ഥയിലായി. ശ്വാസോച്ഛ്വാസം കുറഞ്ഞു തുടങ്ങിയതോടെ മരണാസന്നർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലി. പെട്ടെന്ന് എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഗ്രിഗറി കണ്ണുകൾ തുറന്നു. തുടർന്ന് ദൈവമെ അവിടുത്തെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു എന്ന് മൊഴിഞ്ഞുകൊണ്ട് എ.ഡി. 394-ൽ ഗ്രിഗറി ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: "ദൈവം തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തിയപ്പോൾ തന്നോടുള്ള ബന്ധം വഴി മനുഷ്യനെ ദൈവീകമാക്കുന്നതിനുവേണ്ടി അവൻ നമ്മുടെ മർത്യസ്വഭാവവുമായി ഒന്നായി. അവന്റെ ശരീരവും രക്തവും വഴി അവൻ തന്നെത്തന്നെ എല്ലാ വിശ്വാസികളിലും നിക്ഷേപിക്കുന്നു" (നീസ്സായിലെ ഗ്രിഗോറിയോസ്).*

www.malankaralibrary.com


## ജനുവരി 11 ആശ്രമശ്രേഷ്ഠനായ തേവോദോസിയോസ്

കപ്പദോച്ചിയായിലെ ഒരു ചെറിയ ഗ്രാമത്തിൽ പ്രോഫേറേസി യൂസ്, യൗലോദിയ എന്നീ ഭക്തരായ ദമ്പതികളുടെ മകനായി തേവോ ദോസിയൂസ് ജനിച്ചു. അദ്ദേഹത്തിന്റെ അമ്മയായ യൗലോദിയ പിൽകാ ലത്ത് ഒരു സന്ന്യാസിനിയാവുകയും തന്റെ മകനായ തേവോദോസി യോസിനെ തന്റെ ആത്മിക പിതാവായി തിരഞ്ഞെടുക്കുകയും ചെയ്തു. ക്രിസ്തീയ വിശ്വാസത്തെകുറിച്ചും ദൈവിക കാര്യങ്ങളെകുറിച്ചും കുട്ടി യായിരുന്നപ്പോൾ മുതൽ ആഴത്തിൽ പഠിച്ചു. യുവത്വകാലത്ത് പഴയ നിയമത്തിലെ അബ്രാഹാമിനെ അനുകരിച്ച് ദൈവത്തെ സ്നേഹിക്കു ന്നതിനായി തന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധു ക്കളെയും ഉപേക്ഷിച്ചു. 451–ൽ കാൽസിഡോൺ സുന്നഹദോസ് നട ക്കുന്ന സമയത്താണ് അദ്ദേഹം ജറുസലേമിലേക്ക് യാത്ര തിരിച്ചത്. അന്ത്യോക്യയിലെത്തിചേർന്ന തേവോദോസിയോസ് തൂണിൻമേൽ ശിമയോനെന്ന താപസവര്യനെ സന്ദർശിക്കുകയും അദ്ദേഹത്തിൽ നിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കുകയും ചെയ്തു. ജറുസലേമിലുള്ള തന്റെ താമസകാലത്ത് വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തി. അവിടെ വച്ച് ലൗകിനൂസ് എന്ന ഒരു സന്ന്യാസിയുമായി പരിചയത്തിലാവുകയും അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ താപസ ജീവിതത്തിന്റെ ബാലപാഠ ങ്ങൾ പഠിക്കുകയും ചെയ്തു. അതിനെ തുടർന്ന് ബേത്ലഹേമിനടു ത്തുള്ള ഒരു ചെറിയ പള്ളിയുടെ ഉത്തരവാദിത്വം അദ്ദേഹത്തിനേൽപ്പി ക്കപ്പെട്ടു. അദ്ദേഹത്തിന്റെ താപസ ജീവിതത്തെക്കുറിച്ച് കേട്ടറിഞ്ഞ അനേകമാളുകൾ അദ്ദേഹത്തെ തേടി ദൈവാലയത്തിൽ എത്തിയിരുന്നു. ഇങ്ങനെ പ്രശസ്തി വർദ്ധിച്ചപ്പോൾ അത് അദ്ദേഹത്തിന്റെ താപസ ജീവിതത്തെ ബാധിക്കും എന്ന് മനസിലാക്കിയ യൂദയായിലെ മരുഭൂ മിയിലുള്ള ഒരു ഗുഹയിലേക്ക് അദ്ദേഹം താമസം മാറ്റി. ചില സഭാ പിതാക്കന്മാരുടെ അഭിപ്രായത്തിൽ തേവോദോസിയോസ് താമസി ച്ചിരുന്ന ഈ ഗുഹയിലാണ് യേശുവിനെ സന്ദർശിച്ചശേഷം തിരിച്ചു മടങ്ങിയ 3 ജ്ഞാനികൾ താമസിച്ചത്. ഈ ഗുഹയിൽ അദ്ദേഹം കഠി നമായി താപസജീവിതം നയിച്ചു. എല്ലാ യാമങ്ങളിലും പ്രാർത്ഥന നടത്തുകയും മിതമായി ഭക്ഷിക്കുകയും ചെയ്ത് ദൈവാശ്രയത്തിൽ കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ താപസ ജീവിതത്തെക്കുറിച്ച് കേട്ടറിഞ്ഞ

www.malankaralibrary.com


അനേകം ആളുകൾ അദ്ദേഹത്തിന്റെ പാത പിന്തുടർന്ന് താപസജീവിതം നയിക്കുന്നതിനു ആഗ്രഹിച്ചു മുന്നോട്ടുവന്നു. അവർക്ക് വേണ്ടി ബേത്‌ലഹേമിനടുത്ത് അദ്ദേഹം ഒരു ആശ്രമം സ്ഥാപിച്ചു. ഈ ആശ്രമത്തിൽ സന്യാസികൾ പ്രാർത്ഥനയിലും കഠിനമായ തപശ്ചര്യകളിലും കഴിഞ്ഞുവന്നു. ആശ്രമത്തോടു ചേർന്ന് ഒരു ആശുപത്രിയും വൃദ്ധർക്കു വേണ്ടി ഒരു അഗതിമന്ദിരവും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ താപസജീവിതം മനസിലാക്കിയ ജറുസലേമിലെ പാത്രിയാർക്കീസ് അദ്ദേഹത്തെ സമൂഹജീവിതം നയിക്കുന്ന സന്യാസികളുടെ തലവനായി നിയമിച്ചു. അങ്ങനെ അദ്ദേഹം ആശ്രമശ്രേഷ്ഠനായ തേവോദോസിയോസ് എന്നറിയപ്പെട്ടു. അക്കാലത്ത് നിലനിന്നിരുന്ന പല വേദവിപരീതങ്ങളേയും അദ്ദേഹം ശക്തമായി എതിർത്തു. പാരമ്പര്യത്തോടുള്ള അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത സമീപനംമൂലം അനസ്താസിയൂസ് ചക്രവർത്തി അദ്ദേഹത്തെ സ്ഥാനത്തുനിന്ന് നീക്കം ചെയ്തു. എന്നാൽ ജസ്റ്റീനിയൻ ചക്രവർത്തി അദ്ദേഹത്തെ വീണ്ടും തത്സ്ഥാനത്ത് നിയമിച്ചു. കഠിനമായ താപസജീവിതം മൂലം ആരോഗ്യം ശയിച്ച അദ്ദേഹം 105-ാമത്തെ വയസിൽ മരണമടഞ്ഞു. പൗരസ്ത്യ സഭകൾ ജനുവരി 11-ാം തീയതിയാണ് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്.

*വിചിന്തനം: "നിങ്ങളുടെ സമ്പത്ത് വിറ്റ് ദാനം ചെയ്യുവിൻ. പഴകിപോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചു വയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നു വരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല" (ലൂക്കാ. 12:33).*

## ജനുവരി 14 — സീനായ് മലയിലെ 40 രക്തസാക്ഷികൾ

സീനായ് മലയിൽ വച്ച് രക്തസാക്ഷിത്വം വരിച്ച 40 രക്തസാക്ഷികളെയാണ് സീനായ് മലയിലെ 40 സഹദേന്മാർ എന്ന് വിളിക്കുന്നത്. നാലാം നൂറ്റാണ്ടിലാണ് കിരാത വർഗക്കാരുടെ അക്രമത്തിനിരയായി ഇവർ രക്തസാക്ഷിത്വം വരിച്ചത്. മോശയ്ക്ക് 10 കല്പനകൾ നൽകിയ സീനായ് മലയിൽ വച്ചാണ് ഇവർ ദൈവത്തിനുവേണ്ടി ബലി അർപ്പിക്കപ്പെട്ടത്. അമ്മോണിയോസ് എന്ന ഈജിപ്ഷ്യൻ സന്യാസി ഇവരുടെ രക്തസാക്ഷിത്വത്തിന് സാക്ഷ്യം വഹിക്കുകയും ആ സംഭവം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ദൈവം ഇടപെട്ടില്ലായിരുന്നുവെങ്കിൽ സീനായ് മലയിലെ ആശ്രമത്തിലെ

www.malankaralibrary.com


സകല സന്യാസികളും മരിക്കുമായിരുന്നുവെന്നും കിരാത വർഗക്കാർ സന്യാസികളെ ആക്രമിച്ചപ്പോൾ സീനായ് മലയിലെ മുകൾഭാഗം തീ കത്തുകയും സീനായ് മല മുഴുവൻ പുക കൊണ്ട് മൂടുകയും ചെയ്തു വെന്നും ഇത് കണ്ട കിരാതവർഗക്കാർ ഭയക്കുകയും സീനായ് മല വിട്ടു ഓടിപ്പോകുകയും ചെയ്തു. അങ്ങനെ 40 സഹദേന്മാർ ഒഴികെ യുള്ള ബാക്കിയുള്ള സന്യാസികൾ രക്ഷപ്പെടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തുവെന്ന് അമ്മോണിയോസ് സാക്ഷ്യപ്പെ ടുത്തുന്നു.

സീനായ് മലയിലെ സന്യാസികൾ കഠിനമായ താപസജീവിതം അനുഷ്ഠിച്ചവരായിരുന്നു. മുഴുവൻ ദിവസവും പ്രാർത്ഥനയിലും തപശ്ചര്യകളിലും അവരുടെ മുറികളിൽ കഴിഞ്ഞിരുന്നു. എന്നാൽ ശനിയാഴ്ച ദിവസം രാത്രിമുഴുവൻ നീണ്ടു നിൽക്കുന്ന ജാഗരണ പ്രാർത്ഥനയിൽ അവർ ഒന്നിച്ചുകൂടിയിരുന്നു. ഞായറാഴ്ചകളിൽ അവർ വി. കുർബാന സ്വീകരിച്ചിരുന്നു. ഈന്തപ്പഴവും വെള്ളവും ആയിരുന്നു അവരുടെ ഭക്ഷണം.

*വിചിന്തനം:- "അൽപകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ; കാരണം അഗ്നിശോധനയിൽ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണ ത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം" (1 പത്രോസ് 1:6-7).*

## ജനുവരി 17 ഈജിപ്തിലെ മാർ അന്തോണിയോസ്

'സന്യാസികളുടെ പിതാവ്' എന്നറിയപ്പെടുന്ന മഹാനായ വിശുദ്ധ അന്തോണിയുടെ സ്ഥാനം വളരെ വലുതാണ്. ഏതാണ്ട് 250-ന് മദ്ധ്യേ-ഈജിപ്തിലാണ് വിശുദ്ധൻ ജനിച്ചത്. വളരെ ശ്രേഷ്ഠമായി രുന്നു വിശുദ്ധന്റെ മാതാപിതാക്കൾ. അവരുടെ പെട്ടെന്നുള്ള മരണ ത്തോടെ വിശുദ്ധൻ തന്നെതന്നെ പൂർണ്ണമായും അനശ്വരതക്കർഹമാ ക്കുന്ന പ്രവർത്തനങ്ങൾക്കായി സ്വജീവിതം സമർപ്പിച്ചു. ഒരിക്കൽ ദൈവാലയത്തിലായിരിക്കുമ്പോൾ അദ്ദേഹം ഒരു സുവിശേഷവാക്യം ശ്രവിക്കുവാനിടയായി ഇപ്രകാരമായിരുന്നു അത്, "നീ പൂർണ്ണനാകു വാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക" (മത്തായി 19:21). ഈ വാക്യം ക്രിസ്തു നേരിട്ട് തന്നോട്

www.malankaralibrary.com


വ്യക്തിപരമായി ആവശ്യപ്പെടുന്നതായി വിശുദ്ധനു തോന്നി. ഒട്ടും വൈകാതെ തന്നെ വിശുദ്ധൻ തന്റെ സ്വത്തെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തു. ഏതാണ്ട് 270-ൽ താപസ ജീവിതത്തിനായി മരുഭൂമിയി ലേക്ക് പോയി. ക്ഷീണമനുഭവിക്കുമ്പോൾ അദ്ദേഹം കിടന്നിരുന്ന കിടക്ക ഉറച്ച പാറയായിരുന്നു. അദ്ദേഹം തന്നെത്തന്നെ കഠിനമായ സഹനങ്ങൾക്ക് വിധേയനാക്കി. വെറും അപ്പവും, ഉപ്പും, വെള്ളവും മാത്രമായിരുന്നു വിശുദ്ധന്റെ ഭക്ഷണം. സൂര്യാസ്തമനത്തിനു മുൻപ് വിശുദ്ധൻ ഭക്ഷണം ഒന്നും കഴിച്ചിരുന്നില്ല. രാവും പകലും പ്രാർത്ഥ നകളുമായി രണ്ടു ദിവസത്തോളം ഒരു ഭക്ഷണവും കഴിക്കാതെ അദ്ദേഹം കഴിച്ചുകൂട്ടിയിട്ടുണ്ടെന്ന് പറയപ്പെടുന്നു. നിരന്തരമായി വിശു ദ്ധൻ പൈശാചിക ആക്രമണങ്ങൾക്ക് വിധേയനായിരുന്നു. പക്ഷേ ഇവ യെല്ലാം വിശുദ്ധന്റെ നന്മയും ഭക്തിയും വർദ്ധിപ്പിക്കുവാനേ ഉപകരി ച്ചുള്ളൂ. സ്വയം സ്വീകരിക്കുന്ന ദാരിദ്ര്യം, ക്രിസ്തുവിനോടുള്ള അടി യുറച്ച സ്നേഹം, എളിമ, ഉപവാസം, കുരിശടയാളം എന്നിവ വഴിയായി സാത്താനെ തോല്പിക്കാൻ അദ്ദേഹം തന്റെ ശിഷ്യരോട് ആഹ്വാനം ചെയ്തു.

356-ൽ വിശുദ്ധനു 105 വയസ്സ് പ്രായമായപ്പോൾ ചെങ്കടലിന് സമീപമുള്ള കോൾസീൻ പർവ്വതത്തിൽ വെച്ച് വിശുദ്ധൻ മരണപ്പെട്ടു. ഒരു വർഷത്തിനുശേഷം അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന വിശുദ്ധ അത്തനാസിയൂസ് വിശുദ്ധ അന്തോണിയുടെ ജീവചരിത്രമെഴുതി. ഇത് നൂറ്റാണ്ടുകളോളം സന്യസ്തരുടെ ഇതിഹാസഗ്രന്ഥമായി തുടർന്നു. വിശുദ്ധ അന്തോണിയുടെ കാഴ്ചപ്പാടിൽ സന്യാസജീവിതത്തിന്റെ ലക്ഷ്യം, ശരീരത്തെ നശിപ്പിക്കുകയെന്നല്ല, മറിച്ച് അതിനെ നിയന്ത്ര ണത്തിൽ കൊണ്ടുവന്ന്, ദൈവം നല്കിയിട്ടുള്ള കാരുണ്യവുമായി സമ ന്വയിപ്പിക്കുകയെന്നതാണ്.

*വിചിന്തനം:- "നാം വൈകിട്ട്‌വരെ ജീവിച്ചിരിക്കില്ല എന്ന ബോധ്യ ത്തോടു കൂടിവേണം ഓരോ ദിവസവും രാവിലെ നാം എഴുന്നേല്ക്കേ ണ്ടത്. രാവിലെ എഴുന്നേല്ക്കുകയില്ല എന്ന ബോധ്യത്തോടുകൂടി വേണം രാത്രി ഉറങ്ങാൻ കിടക്കേണ്ടത്. കാരണം നമ്മുടെ ജീവിത ത്തെക്കുറിച്ച് യാതൊരു ഉറപ്പുമില്ല. നാം ഇത് മനസ്സിലാക്കി ജീവിക്കു കയും അപ്പസ്തോലന്മാരുടെ വാക്കുകൾ അനുസരിക്കുകയും ചെയ്യു കയാണെങ്കിൽ നമ്മൾ പാപത്തിൽ വീഴുകയില്ല; ഒരാഗ്രഹവും നമ്മെ*

www.malankaralibrary.com



*തടവിലാക്കുകയില്ല. ഒരു കോപവും നമ്മെ ഇളക്കുകയില്ല. ഒരു നിധിയും നമ്മെ ഇഹലോകവുമായി ബന്ധിപ്പിക്കുകയില്ല. സ്വതന്ത്രമാക്കപ്പെട്ട ഹൃദയവുമായി നമുക്ക് മരണത്തെ നേരിടുവാൻ സാധിക്കും" (വി. അന്തോണിയോസ്).*

## ജനുവരി 18 — അലക്സാണ്ട്രിയായിലെ കൂറിലോസ്

എ.ഡി. 378-ൽ കൂറിലോസ് ജനിച്ചു. അലക്സാണ്ട്രിയായിലെ വിദ്യാപീഠത്തിൽ നിന്ന് ദൈവശാസ്ത്രപരിശീലനം നേടി. പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും തത്ത്വചിന്തകളിൽ ആഴമായ അറിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നു. 412-ൽ അലക്സാണ്ട്രിയായിലെ പാത്രിയാർക്കീസ് ആയിരുന്ന തെയോഫിലോസ് മരിച്ചപ്പോൾ കൂറിലോസ് പാത്രിയാർക്കീസ് ആയി തെരഞ്ഞെടുക്കപ്പെട്ടു. 33 വർഷക്കാലം അലക്സാണ്ട്രിയായിലെ പാത്രിയാർക്കീസായി അദ്ദേഹം ശുശ്രൂഷ ചെയ്തു. വിജാതീയർക്കും അബദ്ധോപദേശകർക്കുമെതിരെ കർക്കശ നിലപാടുകൾ സ്വീകരിച്ചു. വിജാതീയ മതങ്ങളെയും ദേവന്മാരെയും ഇല്ലാതാക്കാൻ അദ്ദേഹം തീക്ഷ്ണമായി പരിശ്രമിച്ചു. തനതായ ഒരു ബൈബിൾ വ്യാഖ്യാന ശൈലിയുടെ ഉടമയായിരുന്നു കൂറിലോസ്. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഗ്രന്ഥങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. ആര്യനിസത്തിന്റെയും നെസ്തോറിയനിസത്തിന്റെയും പശ്ചാത്തലത്തിലാണ് അദ്ദേഹം ദൈവശാസ്ത്ര ചിന്തകൾക്ക് രൂപം നല്കിയത്.

നെസ്തോറിയസിനെതിരെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് കൂറിലോസ് കൂടുതൽ അറിയപ്പെടാൻ തുടങ്ങിയത്. നെസ്തോറിയസിന്റെ അന്ത്യോക്യൻ ദൈവശാസ്ത്രചിന്തകളെ കൃത്യമായി മനസ്സിലാക്കുന്നതിന് കൂറിലോസിന് മനസിലാകാതെ പോയി. 431-ൽ കൂടിയ എഫേസൂസ് സുന്നഹദോസിൽ വച്ച് നെസ്തോറിയനെ സ്ഥാനഭ്രഷ്ടനാക്കുകയും കൂറിലോസിന്റെ ദൈവശാസ്ത്രചിന്തകൾ പരിഗണിക്കുകയും ചെയ്തു. സഭയുടെ വിശ്വാസത്തിനുവേണ്ടി ശക്തമായി നിലകൊണ്ട അദ്ദേഹം 444-ൽ മരിച്ചു.

സഭയുടെ വേദപാരംഗതനായി, വിശ്വാസത്തിന്റെ ഗോപുരമായും അദ്ദേഹത്തെ കണക്കാക്കുന്നു. അന്ത്യോക്യൻ ആരാധനക്രമത്തിലെ വി. കുർബാനയിലെ അഞ്ചാമത്തെ തുബ്ദേനിൽ (വലിയ

www.malankaralibrary.com


മദ്ധ്യസ്ഥപ്രാർത്ഥന) കൂറിലോസിനെപ്പറ്റി ഇപ്രകാരം പറയുന്നു: "വചനമായ ദൈവം ശരീരിയായിത്തീർന്നുവെന്ന് നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ച് സ്പഷ്ടമായി തെളിയിച്ചവനും സത്യവാനും ഉന്നതഗോപുരവുമായ പ്രസിദ്ധനായ മാർ കൂറിലോസ്".

*വിചിന്തനം: "എന്റെ പ്രിയപ്പെട്ടവരെ നിങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരാൽ മുൻകൂട്ടി പറയപ്പെട്ട വചനങ്ങൾ ഓർക്കുവിൻ" (യൂദാസ് 1:17).*

## ജനുവരി 18 — മാർ അത്താനാസിയോസ്

ആധുനിക സഭാചരിത്രത്തിലെ അവിസ്മരണീയ വ്യക്തിത്വങ്ങളിൽ ഒന്നാണ് മാർ അത്താനാസിയോസ്. ഈജിപ്തിലെ അലക്സാണ്ട്രിയൻ സഭയിലെ മെത്രാനായിരുന്നു അദ്ദേഹം. സഭയുടെ 'മഹാസ്തംഭം' എന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നു. എ.ഡി. 295-ൽ അലക്സാണ്ട്രിയായിലാണ് അദ്ദേഹം ജനിച്ചത്. എ.ഡി. 319-ൽ ഒരു ഡീക്കൻ എന്ന നിലയിൽ അദ്ദേഹം തന്റെ സഭാശുശ്രൂഷ ആരംഭിച്ചു. ഡീക്കൻ ആയിരിക്കുമ്പോൾ അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന അലക്സാണ്ടറിന്റെ സെക്രട്ടറിയായി നിഖ്യാ സുന്നഹദോസിൽ പങ്കെടുത്തു. നിഖ്യാ സുന്നഹദോസിൽ വച്ച് ആര്യൻ പാഷണ്ഡതയ്ക്കെതിരായി അദ്ദേഹം ശക്തമായ നിലപാടെടുത്തു. ക്രിസ്തു ഒരു സൃഷ്ടിയല്ല പിന്നെയോ പിതാവിന്റെ സമസത്തയാണ് എന്നുള്ള നിഖ്യാ സുന്നഹദോസിന്റെ പ്രബോധനത്തിന് പിന്നിൽ പ്രവർത്തിച്ച പ്രധാന വ്യക്തിയാണ്. 328-ൽ അലക്സാണ്ടർ മെത്രാന്റെ പിൻഗാമിയായി അദ്ദേഹം സ്ഥാനമേറ്റു. ആരിയൂസിനെ തിരികെ എടുക്കണമെന്ന് കോൺസ്റ്റന്റൈൻ ചക്രവർത്തി അത്താനാസിയോസിനോട് ആവശ്യപ്പെട്ടു. ചക്രവർത്തിയുടെ കല്പന നിരസിച്ച അത്താനാസിയോസിനെ കോൺസ്റ്റന്റൈൻ നാടുകടത്തി. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മരണശേഷം അദ്ദേഹം തന്റെ രൂപതയിൽ തിരികെ എത്തി. എന്നാൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ പിൻഗാമികൾ ആര്യൻ പാഷണ്ഡതയുടെ വക്താക്കൾ ആയതിനാൽ വീണ്ടും 4 പ്രാവശ്യം അദ്ദേഹം നാടു കടത്തപ്പെട്ടു. എന്നാൽ 366 മുതൽ അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ രൂപതാഭരണം അദ്ദേഹം നിർവ്വഹിച്ചു. വചന കേന്ദ്രീകൃത

www.malankaralibrary.com


മായ ക്രിസ്തു വിജ്ഞാനീയത്തിന് അദ്ദേഹം നിർണ്ണായകമായ സംഭാവനകൾ നൽകി. നിഖ്യാ സുന്നഹദോസിന്റെ വിശ്വാസ പ്രബോധനത്തിനുവേണ്ടി അവസാനംവരെ നിലകൊണ്ടു. അദ്ദേഹത്തിന്റെ മതാദ്ധ്യാപന പ്രസംഗങ്ങൾ പ്രസിദ്ധമാണ്. സത്യവിശ്വാസത്തിനു വേണ്ടി നിലകൊണ്ട അദ്ദേഹം എ.ഡി. 373-ൽ ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം:- "അനേകം സാക്ഷികളുടെ മുമ്പിൽ വച്ച് നീ എന്നിൽനിന്ന് കേട്ടവ, മറ്റുള്ളവരെയും കൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നുകൊടുക്കുക. യേശുക്രിസ്തുവിന്റെ നല്ല പടയാളിയെ പോലെ കഷ്ടപാടുകൾ സഹിക്കുക" (2 തിമോ. 2:2-3).*

## ജനുവരി 19 — ജറുസലേമിലെ മാർ മക്കാറിയോസ്

312 മുതൽ 335 വരെയുള്ള കാലഘട്ടത്തിൽ ജറുസലേമിലെ മെത്രാനായിരുന്ന വ്യക്തിയാണ് വി. മക്കാറിയോസ്. ആര്യൻ പാഷണ്ഡതയ്ക്കെതിരെ വളരെ ശക്തമായി പോരാടിയ ആളാണ്. നിഖ്യാ സുന്നഹദോസിൽ അദ്ദേഹം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥതയേയും സത്യസന്ധതയേയും കുറിച്ച് അത്താനാസിയോസ് പ്രത്യേകം പരാമർശിച്ചിരുന്നു. കർത്താവിന്റെ കുരിശ് കണ്ടെത്താൻ പോയ വി. ഹെലേനയോടൊപ്പം മക്കാറിയോസും ഉണ്ടായിരുന്നുവെന്ന് പാരമ്പര്യം പറയുന്നു. വി. ഹെലേനയും സംഘവും കണ്ടെത്തിയ 3 കുരിശുകളിൽ കർത്താവിന്റെ യഥാർത്ഥമായ കുരിശ് ഏതാണെന്ന് കണ്ടെത്താൻ സഹായിച്ചത് മക്കാറിയോസ് ആണെന്ന് പാരമ്പര്യം പറയുന്നു. 3 കുരിശുകളും മരിച്ച ഒരു സ്ത്രീയുടെ മൃതശരീരത്തിൽ സ്പർശിക്കുവാൻ നിർദ്ദേശിക്കുകയും അങ്ങനെ സ്പർശിച്ചപ്പോൾ അതിലെ ഒരു കുരിശിന്റെ സ്പർശനംമൂലം ആ സ്ത്രീ ഉയിർത്തെഴുന്നേറ്റു. അങ്ങനെ അത് കർത്താവിന്റെ കുരിശ് എന്ന് തീർച്ചപ്പെടുത്തി. കോൺസ്റ്റന്റൈൻ ചക്രവർത്തി കർത്താവിന്റെ കല്ലറയുടെ മുകളിൽ ഒരു ദൈവാലയം പണിയുന്നതിന് മക്കാറിയോസിനെ ചുമതലപ്പെടുത്തി. 335-ൽ ഈ ദൈവാലയത്തിന്റെ പ്രതിഷ്ഠ നടത്തി. ഏറെ താമസിയാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം:- "സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട്, അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക" (2 തിമോ. 2:15).*

www.malankaralibrary.com


## ജനുവരി 20 വി. സെബസ്ത്യാനോസ്

മിലാനിൽ ഗോളിലെ നാർബോണിൽ കുടിയേറിപ്പാർത്ത ക്രൈസ്തവ കുടുംബത്തിലാണ് സെബസ്ത്യാനോസ് ജനിച്ചത്. 283–ൽ തന്റെ യൗവനനാളിൽ തന്നെ റോമൻ സൈന്യത്തിൽ അംഗമായി. റോമിൽ ക്രൈസ്തവവിശ്വാസത്തിനുവേണ്ടി കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരെ ധൈര്യപ്പെടുത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. സൈന്യത്തിൽ ചേർന്നെങ്കിലും വിശ്വാസത്തിന് കുറവ് ഉണ്ടായില്ല.

ആദ്യം ചക്രവർത്തിയുടെ അംഗരക്ഷകരിൽ ഒരാളായും പിന്നീട് അംഗരക്ഷകരുടെ തലവനായും സെബസ്ത്യാനോസ് നിയമിക്കപ്പെട്ടു. മിശിഹായെ പ്രതി മരിക്കുക എന്നതായിരുന്നു വിശുദ്ധന്റെ വലിയ ആഗ്രഹം. ഈയവസരത്തിൽ മാർക്കൂസ്, മർസലീനസ് എന്ന രണ്ട് സഹോദരങ്ങളെ റോമൻ ഗവർണർ ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ അറസ്റ്റ് ചെയ്തു. ക്രൈസ്തവ മതം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു. 30 ദിവസത്തെ സമയം നൽകി. ഈയവസരത്തിൽ സഹോദരങ്ങളും, സുഹൃത്തുക്കളും, ബന്ധുക്കളും വിശ്വാസം തള്ളിപ്പറയാൻ അവരോട് പറഞ്ഞു. എന്നാൽ സെബസ്ത്യാനോസ് മർക്കൂസിനും മർസലീനസിനും ധൈര്യം നൽകി വിശ്വാസത്തെപ്പറ്റി ഉപദേശം നൽകി. വിശുദ്ധൻ തന്റെ ഉപദേശം അവസാനിപ്പിച്ചതോടെ ഒരു പ്രകാശം അവർക്ക് ചുറ്റും കാണപ്പെട്ടു. ആ പ്രകാശത്തിന്റെ നടുവിൽ ഏഴു ദൂതന്മാരും യേശുവും പ്രത്യക്ഷപ്പെട്ടു. യേശു സെബസ്ത്യാനോസിനെ ചുംബിച്ച് പറഞ്ഞു: "നീ എപ്പോഴും എന്നോടുകൂടെയായിരിക്കും". അവിടെ കൂടിയിരുന്നവരെല്ലാം ഈ ദർശനം കണ്ടു.

അതിനുശേഷം റോമിൽ അനേകം മതപീഡനങ്ങൾ അരങ്ങേറി. ഫാബിയൻ റോമിന്റെ ഗവർണർ ആയിരുന്നപ്പോൾ സെബസ്ത്യാനോസിനെപ്പറ്റിയുള്ള വാർത്തകൾ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ ചെവികളിലെത്തി. സെബസ്ത്യാനോസിനെ കൊട്ടാരത്തിൽ വിളിച്ചു വരുത്തി ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിച്ചു. പക്ഷേ സെബസ്ത്യാനോസ് വഴങ്ങിയില്ല. കോപാകുലനായ രാജാവ് സെബസ്ത്യാനോസിനെ മരത്തിൽ കെട്ടിയിട്ട് അമ്പെയ്ത് കൊല്ലുവാൻ ഉത്തരവിട്ടു. രാജഭടൻമാർ സെബസ്ത്യാനോസിനെ നഗ്നനാക്കി ഒരു മരത്തിൽ ബന്ധിച്ചു. തുടർന്ന് ദേഹമാസകലം തുളഞ്ഞ് കയറത്തക്കവണ്ണം

www.malankaralibrary.com


അമ്പുകൾ എയ്തു. എന്നാൽ ഇത്ര കഠിനമായ പീഡകളുടെ മധ്യേ അദ്ദേഹം സന്തോഷത്താൽ ദൈവത്തിനു സ്തുതി പാടി. അമ്പുകൾ ഏറ്റ് രക്തം വാർന്നുപോയതിനാൽ അദ്ദേഹം ബോധരഹിതനായി. അദ്ദേഹം മരിച്ചു എന്ന് വിചാരിച്ച് ഭടന്മാർ പിന്മാറി. ഐറിൻ എന്ന വിധവ സെബസ്ത്യാനോസിന്റെ മൃതദേഹം സംസ്ക്കരിക്കാനായി അദ്ദേഹത്തെ മരത്തിൽ ബന്ധിച്ച സ്ഥലത്ത് എത്തിയപ്പോൾ അദ്ദേഹം മരിച്ചിട്ടില്ല എന്ന് കണ്ട് അദ്ദേഹത്തെ സ്വന്തം ഭവനത്തിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു. അദ്ദേഹം രക്ഷപ്പെട്ട വാർത്ത അറിഞ്ഞ് അനേകം ക്രിസ്ത്യാനികൾ അദ്ദേഹത്തെ സന്ദർശിക്കാനായി വന്നു. ദൂരെ എവിടെയെങ്കിലും പോയി താമസിക്കാൻ അദ്ദേഹത്തെ അവർ നിർബന്ധിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: “ഞാൻ ക്രിസ്തുവിന്റെ ധീരപോരാളിയാണ്. അതിനാൽ ഈ പോരാട്ടത്തിൽ എനിക്ക് ലഭിക്കാൻ പോകുന്ന ഈ വിജയകിരീടം ഞാൻ ഉപേക്ഷിക്കുകയില്ല”. നിരവധിയായ പീഡനങ്ങൾ ഏറ്റുവാങ്ങിയിട്ടും ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിൽ നിന്നും അദ്ദേഹം പിൻമാറിയില്ല. അദ്ദേഹം ധൈര്യപൂർവ്വം രാജാവിന്റെ മുമ്പിൽ ചെന്ന് ക്രിസ്തീയവിശ്വാസത്തെക്കുറിച്ച് പ്രഘോഷിച്ചു. ഇതിൽ ക്രൂദ്ധനായ രാജാവ് അദ്ദേഹത്തെ അടിച്ച് കൊല്ലാനും മൃതശരീരം അഴുക്കു ചാലിൽ എറിഞ്ഞ് കളയാനും ഉത്തരവിട്ടു. ചക്രവർത്തിയുടെ ആജ്ഞ അനുസരിച്ച് പടയാളികൾ അദ്ദേഹത്തെ തൂണിൽകെട്ടി ഇതിനുശേഷം ഗദകൊണ്ട് മർദ്ദിച്ചു. അതിക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങിയ അദ്ദേഹം തന്റെ വിശ്വാസത്തിനുവേണ്ടി ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ മൃതശരീരം രാജകൽപനപ്രകാരം അഴുക്കുചാലിൽ എറിഞ്ഞു. എന്നാൽ മരണശേഷം അധികം താമസിയാതെ വി. സെബസ്ത്യാനോസ് ലൂസീന എന്ന സ്ത്രീയ്ക്ക് പ്രത്യക്ഷപ്പെടുകയും തന്റെ മൃതശരീരം കിടക്കുന്ന സ്ഥലം വെളിപ്പെടുത്തുകയും അത് എടുത്ത് റോമിൽ ഭൂഗർഭാലയത്തിൽ സംസ്കരിക്കണമെന്നും നിർദ്ദേശിച്ചു. ലൂസീന മൃതശരീരം കണ്ടെത്തുകയും അത് റോമിൽ സംസ്കരിക്കുകയും ചെയ്തു. അവിടെയാണ് വി. സെബസ്ത്യാനോസിന്റെ പേരിലുള്ള ദൈവാലയം സ്ഥിതിചെയ്യുന്നത്.

*വിചിന്തനം: “മരണം വരെ വിശ്വസ്തനായിരിക്കുക; ജീവന്റെ കിരീടം നിനക്ക് ഞാൻ നൽകും” (വെളി. 2:10).*

www.malankaralibrary.com


**ജനുവരി 21** **വി. ആഗ്നസ്**

എ.ഡി. 299-ൽ റോമിലെ ഒരു സമ്പന്നമായ കുടുംബത്തിൽ ആഗ്നസ് പിറന്നു. ക്രിസ്തീയ അന്തരീക്ഷത്തിൽ വളർന്നുവന്ന ആഗ്നസ് പ്രാർത്ഥനയിലും പുണ്യജീവിതത്തിലും ശ്രദ്ധിച്ചിരുന്നു. കാഴ്ചയിൽ അതിസുന്ദരിയായിരുന്ന ആഗ്നസിനെ വിവാഹം ചെയ്യുവാൻ റോമൻ യുവാക്കൾ ആഗ്രഹിച്ചിരുന്നു. ആ ഗ്രാമത്തിന്റെ മുഖ്യന്റെ മകനായ സിംഫ്രോണിയൂസ് അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനാകുകയും അവളെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. അവളുടെ മനം കവരാൻ അവൻ ശ്രമങ്ങളും നടത്തി. പക്ഷേ വി. ആഗ്നസ് അവനോട് പറഞ്ഞു: "ഞാൻ ഇതിനോടകം തന്നെ മറ്റൊരു നാഥനെ കണ്ടെത്തി. സൂര്യനും ചന്ദ്രനും വണങ്ങുന്ന സൗന്ദര്യത്തോട് കൂടിയ വനും, മാലാഖമാർ സേവിക്കുന്നവനുമായ എന്റെ ക്രിസ്തുവുമായി എന്റെ വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അവനുവേണ്ടിയാണ് എന്റെ വിശുദ്ധി കാത്തുസൂക്ഷിച്ചിരുന്നത്. അവളുടെ മറുപടിയിൽ കുപിതനായ സിംഫ്രോണിയോസ് അവൾ ഒരു ക്രിസ്ത്യാനിയാ ണെന്ന് തന്റെ പിതാവായ ന്യായാധിപനെ അറിയിച്ചു. ക്രൈസ്തവരെ നിർബന്ധിച്ച് മതം മാറ്റിയിരുന്ന കാലമായിരുന്നു അത്. വിശ്വാസം പരിത്യജിച്ച് ജൂപീറ്റർ ദേവനെ ആരാധന നടത്താൻ രാജസേവകർ ആഗ്നസിനെ നിർബന്ധിച്ചു. പീഡനോപകരണങ്ങൾ അവളെ കാണിച്ച് വിശ്വാസം പരിത്യജിക്കാൻ നിർബന്ധിച്ചു. എന്നാൽ ആഗ്നസ് വഴങ്ങിയില്ല. രാജകൽപന ലംഘിച്ച ആഗ്നസിനെ വേശ്യാലയത്തിൽ ആക്കാൻ ആജ്ഞാപിച്ചു. ഈശോ സ്വന്തമായവരെ സംരക്ഷിക്കും എന്നായിരുന്നു ആഗ്നസിന്റെ മറുപടി. കുപ്രസിദ്ധിയാർജിച്ച ആ ഭവന ത്തിൽ പ്രവേശിച്ച ഉടനെ കർത്താവിന്റെ മാലാഖ അവളുടെ രക്ഷ ക്കായി വന്നു. ഒരു പ്രകാശം അവളെ വലയം ചെയ്യുകയും അവളെ സമീപിക്കാൻ ശ്രമിച്ചവരെയെല്ലാം അന്ധരാക്കുകയും ചെയ്തു.

യേശുവിനെ ആരാധിച്ചിരുന്ന ആഗ്നസിൽ കുപിതനായ ന്യായാധിപൻ അവളെ നഗ്നയാക്കി തെരുവിലൂടെ നടത്തുന്നതിന് ഉത്തരവിട്ടു. ഈശോയിൽ ശരണം വച്ച് അവൾ നിർഭയം നടന്നു. നഗരത്തിൽ എത്തിയപ്പോൾ ഒരു അത്ഭുതം സംഭവിച്ചു. രാജസേവകർ വസ്ത്രം എല്ലാം വലിച്ചുകീറിയപ്പോൾ അവളുടെ മുടി വളർന്ന് അവളുടെ ശരീരത്തെ ആവരണം ചെയ്തു. ഇത് കണ്ട് ഭയചകിതരായ

www.malankaralibrary.com


നഗരവാസികൾ അവിടെ നിന്നും പാലായനം ചെയ്തു. എന്നാൽ ഒരു യുവാവ് അവളെ നശിപ്പിക്കാനായി അടുത്തുവന്നു. എന്നാൽ പെട്ടെന്ന് ആകാശത്തിൽ നിന്ന് ഒരു മിന്നൽപ്പിണർ ഉണ്ടാവുകയും ആ യുവാവിന്റെ കാഴ്ച നഷ്ടപ്പെടുകയും ചെയ്തു.

വിജാതീയനായ ദുർമന്ത്രവാദിയാണെന്ന് ദുരാരോപണം ഉന്നയിച്ചതിനാൽ ന്യായാധിപൻ അവളെ തീയിൽ എറിയാൻ ഉത്തരവിട്ടു. തീജ്വാലയ്ക്ക് മധ്യേ അവൾ ദൈവത്തോട് പ്രാർത്ഥിച്ചു. അങ്ങനെ തീജ്വാല കെട്ടടങ്ങി. ഇത് കണ്ട ആഗ്നസ് ഇങ്ങനെ പ്രാർത്ഥിച്ചു: "എന്റെ രക്ഷകന്റെ പിതാവായ ദൈവമേ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നിന്റെ മകന്റെ കാരുണ്യത്താൽ എനിക്ക് ചുറ്റുമുള്ള അഗ്നി കെട്ടടങ്ങിയിരിക്കുന്നു. ഞാൻ പ്രതീക്ഷിച്ചത് പുൽകാൻ പോവുകയാണ്; ഭൂമിയിൽ ഞാൻ ഏറ്റവും അധികം സ്നേഹിച്ച അവനിൽ ഞാൻ സ്വർഗത്തിൽ ഒന്നായിത്തീരും". തീയിൽ നിന്നും രക്ഷപ്പെട്ട അവളെ കഴുത്തറുത്ത് കൊല്ലാൻ രാജാവ് ഉത്തരപ്പെട്ടു. എ.ഡി. 304-ൽ അങ്ങനെ അവൾ രക്തസാക്ഷിത്വമകുടം ചൂടി.

*വിചിന്തനം: "നിങ്ങളുടെ വിശുദ്ധീകരണമാണ്; ദൈവം അഭിലഷിക്കുന്നത്. അസാൻമാർഗികതയിൽനിന്നു നിങ്ങൾ ഒഴിഞ്ഞുമാറണം; നിങ്ങളോരോരുത്തരും സ്വന്തശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയെന്ന് അറിയണം" (1 തെസ. 4:3-4).*

## ജനുവരി 22 — മാർ തിമോത്തിയോസ്

പൗലോസിന്റെ സഹപ്രവർത്തകനും എഫേസൂസിലെ ആദ്യത്തെ മെത്രാനുമായിരുന്നു മാർ തിമോത്തിയോസ്. പൗലോസിന്റെ രണ്ട് ലേഖനങ്ങൾ മാർ തിമോത്തിയോസിനെ അഭിസംബോധന ചെയ്തുകൊണ്ടാണ് എഴുതിയിരിക്കുന്നത്. തിമോത്തിയോസിന് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. അദ്ദേഹം ഇക്കോണിയത്തിലെ ലിസ്ത്രായിൽ നിന്നുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു വിജാതീയനും മാതാവ് യഹൂദയുമായിരുന്നു. അദ്ദേഹത്തിന്റെ അമ്മയായ യവുനിക്കയും വല്യമ്മയായ ലോവിസും തിമോത്തിയോസിനെ വിശ്വാസത്തിലും ഭക്തിയിലും വളർത്തി. പൗലോസ് തന്റെ ഒന്നാമത്തെ പ്രേഷിതയാത്രയിൽ തിമോത്തിയോസിന് മാമോദീസ നൽകി. അങ്ങനെ

www.malankaralibrary.com


തിമോത്തിയോസ് പൗലോസിന്റെ പ്രേഷിതശിഷ്യനായി. പൗലോസ് തന്റെ ലേഖനങ്ങളിൽ 'പ്രിയപ്പെട്ട മകൻ' എന്നാണ് തിമോത്തിയോസിനെ വിശേഷിപ്പിച്ചിരിക്കുന്നത്. പൗലോസ് അദ്ദേഹത്തെ ആദ്യത്തെ മെത്രാനാക്കി. അങ്ങനെ എഫേസോസിലെ സഭകളുടെ മേൽനോട്ടം വഹിച്ചിരുന്ന യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായി. അർത്തിമിയൂസ് ദേവതയുടെ ബഹുമാനാർത്ഥം നടത്തിയിരുന്ന അനാചാരങ്ങളെയും ഉത്സവങ്ങളെയും അദ്ദേഹം എതിർത്തു. തൽഫലമായി വിജാതീയർ അദ്ദേഹത്തെ മർദ്ദിച്ചു കൊലപ്പെടുത്തി. അങ്ങനെ എ.ഡി. 97-ൽ അദ്ദേഹം രക്തസാക്ഷിത്വമകുടം ചൂടി. യോഹന്നാന്റെ കല്ലറയ്ക്ക് സമീപമായി അദ്ദേഹത്തെ സംസ്കരിച്ചു. എ.ഡി. 356-ൽ അദ്ദേഹത്തിന്റെ തിരുശേഷിപ്പ് വി. അന്ത്രയോസിന്റെയും വി. ലൂക്കായുടെയും തിരുശേഷിപ്പിനൊപ്പം കോൺസ്റ്റാന്റിനോപ്പിളിലെ വി. അപ്പസ്തോലൻമാരുടെ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു.

*വിചിന്തനം: "ദൈവിക മനുഷ്യനായ നീ ഇവയിൽ നിന്ന് ഓടിയകലണം. നീതി, ദൈവഭക്തി, വിശ്വാസം, സ്നേഹം, സ്ഥിരത, സൗമ്യത എന്നിവയെ ഉന്നം വയ്ക്കണം" (1 തിമോ. 6:11).*

## ജനുവരി 24 — വി. ഫ്രാൻസിസ് ഡി സാലസ്

1567 ആഗസ്റ്റ് 21-ന് ആണ് വിശുദ്ധ ഫ്രാൻസിസ് ജനിച്ചത്, 1593-ൽ വിശുദ്ധന് പുരോഹിതപട്ടം ലഭിച്ചു. 1594 മുതൽ 1598 വരെ ചാബ്ലയിസിലെ പ്രൊട്ടസ്റ്റന്റു വിഭാഗങ്ങൾക്കിടയിൽ സുവിശേഷം പ്രഘോഷിക്കുക എന്ന കഠിനവും അപകടകരവുമായ ദൗത്യത്തിനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. വിശുദ്ധന്റെ ശ്രമഫലമായി ഏതാണ്ട് 70,000 ത്തോളം ആത്മാക്കളെ കത്തോലിക്കാ വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ വിശുദ്ധനു കഴിഞ്ഞു. 1592-ൽ അദ്ദേഹം കാനൻ നിയമത്തിൽ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി.

1602-ൽ വിശുദ്ധൻ ജേനാവായിലെ മെത്രാനായി അഭിഷിക്തനായി, വിശ്വാസികൾക്ക് വേണ്ടിയുള്ള അദ്ദേഹത്തിന്റെ അതിശക്തമായ അത്യുത്സാഹം സാക്ഷ്യപ്പെടുത്തുന്ന ഏതാണ്ട് 21,000 ത്തോളം എഴുത്തുകളും 40,000 ത്തോളം പ്രഭാഷണരേഖകളും കണ്ടുകിട്ടിയിട്ടുണ്ട്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ "ഞാൻ എല്ലാവർക്കും എല്ലാമായി തീർന്നു" എന്ന വാക്കുകൾ സ്വജീവിതത്തിൽ പ്രായോഗികമാക്കിയ അദ്ദേഹം അനേകർക്ക് മുന്നിൽ ശ്രദ്ധേയനായി.

www.malankaralibrary.com


വിശുദ്ധന്റെ വിജയത്തിന്റെ രഹസ്യമായ അനുകമ്പ, സ്നേഹം, എന്നീ രണ്ടു വാക്കുകൾ കൊണ്ട് വിശുദ്ധന്റെ സ്വഭാവത്തെ വിവരിക്കുവാൻ നമുക്ക് കഴിയും. അദ്ദേഹത്തിന്റെ രചനകൾ കാരുണ്യവും, ദൈവമഹത്വവും പ്രതിഫലിക്കുന്നവയാണ്. ഏറ്റവും പരക്കെ പ്രസിദ്ധമായത് അദ്ദേഹത്തിന്റെ ക്രിസ്തുവിനെ മാതൃകയാക്കിക്കൊണ്ടുള്ള 'ഭക്തി ജീവിതത്തിനുള്ള ഒരാമുഖം' എന്ന രചനയാണ്. ഇത് ക്രിസ്തീയ പരിപൂർണ്ണതയുടെ രേഖാചിത്രമായി പരിഗണിക്കപ്പെടുന്നു.

വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതശൈലി ഒരു വ്യക്തിയെ, സൗമ്യനും, സന്തോഷവാനുമാക്കി തീർക്കാനുതകുന്നത് ആയിരുന്നു. വിശുദ്ധയായ ഷന്താളുമായിട്ടുള്ള ഫ്രാൻസിസ് സാലസിന്റെ സൗഹൃദം കേൾവി കേട്ടതായിരുന്നു. അദ്ദേഹം ഈ വിശുദ്ധയുടെ സഹകരണത്തോടെ 1610-ൽ 'വിസിറ്റേഷൻ സന്ന്യാസിനീമാർ' എന്ന സന്ന്യാസിനി സഭക്ക് രൂപം നല്കി. തന്റെ രൂപതയോടുള്ള സ്നേഹം മൂലം വിശുദ്ധൻ നിരവധി ശ്രേഷ്ഠ പദവികൾ നിരസിച്ചു. കർദ്ദിനാൾ പദവിയും ഇതിൽ ഉൾപ്പെടുന്നു. വിശുദ്ധന്റെ 'ആമുഖവും' മറ്റ് രചനകളും കണക്കിലെടുത്ത് തിരുസഭ വിശുദ്ധനെ സഭയുടെ വേദപാരംഗതൻമാരിൽ ഒരാളായി പ്രഖ്യാപിച്ചിട്ടുണ്ട്. 1622 ഡിസംബർ 28-ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: "ബാഹ്യമായ ചർച്ചകളിലും പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുമ്പോഴും ചില സമയങ്ങളിൽ ഹൃദയത്തിന്റെ ഏകാന്തതയിലേക്ക് പിന്മാറുക. അവിടുത്തോട് സംസാരിക്കുക" (വി. ഫ്രാൻസിസ് ഡി സാലസ്).*

## ജനുവരി 28 — തോമസ് അക്വിനാസ്

1225-ൽ നേപ്പിൾസിന് അടുത്തുള്ള റോക്കസേക്കായിലെ കുലീനമായ പ്രഭു കുടുംബത്തിലെ അക്വീനാ പ്രഭുവിന്റെയും തിയഡോർ പ്രഭ്വിയുടെയും ഏഴാമത്തെ പുത്രനായി തോമസ് ജനിച്ചു. കുലീനരും ദൈവവിശ്വാസികളുമായിരുന്ന മാതാപിതാക്കളിൽ നിന്ന് മികച്ച ശിക്ഷണമാണ് കുഞ്ഞ് തോമസിന് ലഭിച്ചത്. തോമസിന് 5 വയസ്സുള്ളപ്പോൾ മാതാപിതാക്കൾ അവനെ വീടിനടുത്തുള്ള ബനഡിക്ടൻ ആശ്രമമായ മോണ്ടേക്കസീനോയിൽ ചേർത്തു. തുടർന്ന് നേപ്പിൾസ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി അയക്കപ്പെട്ടു.

www.malankaralibrary.com



ഈ കാലഘട്ടത്തിൽ ഡൊമനിക്കൻ ആശ്രമസ്ഥരുമായി പരിചയ പ്പെട്ടു. 1244-ൽ ഡൊമനിക്കൻ ആശ്രമത്തിൽ അംഗമായി ചേർന്നു. അദ്ദേഹത്തെ പാരീസ് സർവ്വകലാശാലയിലെ ഉപരിപഠനത്തിനായി അയച്ചു. അവിടുത്തെ 3 വർഷത്തെ പഠനത്തിനുശേഷം തന്റെ ഗുരുനാഥനായ ആൽബർട്ടിനോടൊപ്പം കൊളോഞ്ഞയിലേക്ക് പൊയി. തന്റെ ഗുരുവിനോടൊപ്പമുള്ള താമസസമയത്തും അദ്ദേഹം വളരെ പ്രശസ്തനായി. അദ്ദേഹത്തിന്റെ ക്ലാസിനായി ദൂരദേശത്ത് നിന്നും വിദ്യാർത്ഥികൾ എത്തി. 1287 ഒക്ടോബർ 23-ാം തീയതി അദ്ദേഹം ഡോക്ടറേറ്റ് നേടി. മാർപാപ്പമാർക്ക് ഏറ്റവും പ്രിയപ്പെട്ടവനായിരുന്നു തോമസ് അകിനാസ്. സഭയിൽ ഉടലെടുത്ത പാഷണ്ഡതകൾക്കെ തിരെ അദ്ദേഹം ശക്തിയുക്തമായി പോരാടി. 1273 ഡിസംബർ 6-ാം തീയതി ദിവ്യബലി മദ്ധ്യേ അദ്ദേഹത്തിന് സ്വർഗീയദർശനമുണ്ടായി. അതിനുശേഷം എഴുത്ത് പൂർണമായി ഉപേക്ഷിച്ചു. 1274 മെയ് 4-ാം തീയതി മാർപാപ്പയുടെ നിർദ്ദേശപ്രകാരം ലിയോൺസ് കൗൺസിലിൽ അദ്ദേഹം സംബന്ധിച്ചു. കൗൺസിലിൽ സംബന്ധിച്ച് തിരികെയെ ത്തിയ അദ്ദേഹം 1274 മാർച്ച് 7-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. 1323 ജൂലൈ 18-ാം തീയതി ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. 1267-ൽ പയസ് അഞ്ചാമൻ മാർപാപ്പ വേദപാരംഗതനായി പ്രഖ്യാപിച്ചു. 1880-ൽ എല്ലാ കത്തോലിക്കാ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും മദ്ധ്യസ്ഥനായി അദ്ദേഹത്തെ പ്രഖ്യാപിച്ചു.

*വിചിന്തനം: "വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധ രാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും. എന്റെ വചനങ്ങളിൽ അഭിലാഷമർപ്പിക്കുവിൻ, അവയോടു തീവ്രാഭിനിവേശം കാണിക്കു വിൻ, നിങ്ങൾക്കു ജ്ഞാനം ലഭിക്കും" (ജ്ഞാനം 6:10-11).*

## ജനുവരി 29 — അഗ്നിമയനായ മാർ ഇഗ്നാത്തിയോസ്

ഈശോ ഒരു ശിശുവിനെ കൈയിലെടുത്തിട്ടു പറഞ്ഞു: നിങ്ങൾ ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കില്ല. പാരമ്പര്യം അനുസരിച്ച് ഈശോ കൈയ്യിലെടുത്ത ശിശുവാണ് അഗ്നിമയനായ ഇഗ്നാത്തിയോസ്. വിശുദ്ധ ഇഗ്നാത്തിയോസ് യോഹന്നാന്റെ ശിഷ്യനും അന്ത്യോക്യയുടെ മൂന്നാമത്തെ പാത്രിയാർക്കീസുമായിരുന്നു.

www.malankaralibrary.com


പത്രോസ് തന്റെ സിംഹാസനം അന്തോകൃയിൽ സ്ഥാപിച്ചപ്പോൾ പട്ടം കൊടുത്ത എപ്പിസ്കോപ്പമാരിൽ ഒരാൾ ആണ് ഇഗ്നാത്തിയോസ്. പത്രോസ് ശ്ലീഹാ ഇഗ്നാത്തിയോസിനെ അന്തോകൃയിലെ യഹൂദ ക്രിസ്ത്യാനികളുടെ ശുശ്രൂഷയ്ക്കായി നിയമിച്ചു.

ഡൊമീഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്ത് ക്രിസ്ത്യാനികൾ അനേകം പീഡകൾ സഹിച്ചു. വി. ഇഗ്നാത്തിയോസ് പീഡകളെ സഹിക്കുകയും വിശ്വാസികളെ പീഡകൾ സഹിക്കുന്നതിന് ധൈര്യപ്പെടുത്തുകയും ചെയ്തു. പീഡകൾക്കെതിരായി പ്രാർത്ഥന, ഉപവാസം, സൽപ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്രേരണ എന്നിവ അന്ത്യോകൃയിലെ സഭയിൽ പ്രചരിപ്പിച്ചു. അനേകർ വിശ്വാസത്തിലേയ്ക്ക് കടന്ന് വരാൻ ഇത് കാരണമായി. ആഗ്നിമയന്മാരായ മാലാഖമാർ ദൈവമുമ്പിൽ രണ്ട് കൂട്ടമായി നിന്ന് കീർത്തനം പാടുന്നതായി ദർശനത്തിൽ കണ്ട് അന്ത്യോകൃൻ സഭയിലെ പള്ളികളിൽ അപ്രകാരം ഗായകസംഘത്തെ ക്രമീകരിച്ചത് ഇദ്ദേഹമാണ്. എ.ഡി. 98-ൽ ട്രാജൻ ചക്രവർത്തി ഇഗ്നാത്തിയോസിനെ വിഗ്രഹങ്ങളെ ആരാധിക്കാൻ നിർബന്ധിച്ചു. ഇഗ്നാത്തിയോസ് ഒരു രീതിയിലും വഴങ്ങില്ലെന്ന് മനസ്സിലാക്കിയ ചക്രവർത്തി വിശുദ്ധനെ ബന്ധിച്ച് റോമിൽ കൊണ്ടുപോയി വന്യമൃഗങ്ങൾക്ക് കൊടുക്കുവാൻ കൽപിച്ചു. വിശുദ്ധൻ ഈ വിധി സന്തോഷപൂർവ്വം സ്വീകരിച്ചു. തന്നെ ബന്ധിക്കുവാൻ പടയാളികൾ കൊണ്ടുവന്ന ചങ്ങലയെ അദ്ദേഹം ചുംബിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി. അങ്ങനെ പത്തു പട്ടാളക്കാരോടൊപ്പം അന്തോകൃയിൽ നിന്നും സെലൂഷ്യവഴി റോമിലേക്കു പോയി. റോമിലേക്കുള്ള അദ്ദേഹത്തിന്റെ യാത്രയിൽ അദ്ദേഹം രചിച്ച ഏഴു കത്തുകൾ ആ കാലഘട്ടത്തിലെ സുപ്രധാനമായ ദൈവശാസ്ത്ര രേഖകളാണ്. ഏഴു കത്തുകളിൽ അഞ്ചെണ്ണം ഏഷ്യ മൈനറിലെ എഫേസൂസ്, മഗ്നേഷ്യ, ത്രാള്ളെസ്, ഫിലാഡെൽഫിയ, സ്മിർണാ എന്നീ അഞ്ചു സഭകൾക്കും ഒരെണ്ണം സ്മിർണായിലെ മെത്രാനായ പോളികാർപ്പിനും മറ്റൊന്ന് റോമാസഭയ്ക്കുമാണ് എഴുതി യിരിക്കുന്നത്. എപ്പിസ്കോപ്പാ സ്ഥാനം, കശ്ശീശ്ശാ സ്ഥാനം, ശെമ്മാശൻ സ്ഥാനം, ദൈവമാതാവിന്റെ കന്യാവൃതം, വി. കുർബാന, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന എന്നിവയെപ്പറ്റി ഈ ലേഖനങ്ങളിൽ പ്രതിപാദിക്കുന്നു.

www.malankaralibrary.com



റോമിൽ എത്തിയപ്പോൾ വിശ്വാസികൾ ദുഃഖ ഹൃദയത്തോടെ അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തി പടയാളികൾക്ക് കൈക്കൂലി കൊടുത്ത് വിശുദ്ധനെ സ്വതന്ത്രനാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ അദ്ദേഹം അതിന് അനുവദിച്ചില്ല, വഴങ്ങിയില്ല.

കണ്ണുനീരോടെ നിൽക്കുന്ന വിശ്വാസികളെ സ്വന്തം വചനങ്ങളാൽ ആശ്വസിപ്പിച്ചു. അതിനുശേഷം പടയാളികൾ വന്യമൃഗങ്ങളുടെ സ്ഥലത്തേക്ക് ഇദ്ദേഹത്തെ കൊണ്ടുപോയി. 89,000 വിശ്വാസികളെ സാക്ഷി നിർത്തി രണ്ട് സിംഹങ്ങൾ അദ്ദേഹത്തെ കടിച്ച് കീറി. എ.ഡി. 107ൽ അങ്ങനെ ഈ ലോകം വിട്ട് സ്വർഗസമ്മാനത്തിനായി പോയി.

വിശ്വാസത്തിനെതിരായുള്ള പഠിപ്പിക്കലുകളെ സൂക്ഷിക്കണമെന്നും വി. ശ്ലീഹന്മാരുടെ പാരമ്പര്യങ്ങളിൽ നിന്ന് അകന്ന് പോകരുതെന്നും പഠിപ്പിച്ച ഇഗ്നാത്തിയോസാണ് "കത്തോലിക്കാ സഭ" എന്ന പദം ആദ്യം ഉപയോഗിച്ചത്. ക്രിസ്തീയ ആത്മീയതയെ വിളിക്കാൻ ക്രിസ്ത്വാനുകരണം എന്ന പദമാണ് ഇഗ്നേഷ്യസ് ഉപയോഗിക്കുന്നത്. ക്രിസ്ത്യാനികളെ ദൈവവാഹകരും ക്രിസ്തുവാഹകരും ആയി അദ്ദേഹം വിശേഷിപ്പിക്കുന്നു.

*വിചിന്തനം: "ഞാൻ ദൈവത്തിന്റെ ഗോതമ്പുമണിയാണ്. വന്യമൃഗങ്ങളുടെ പല്ലുകൾക്കിടയിലകപ്പെട്ട് മിശിഹായുടെ പവിത്രമായ അപ്പമായി ഞാൻ മാറണം" (അഗ്നിമയനായ വി. ഇഗ്നാത്തിയോസ്).*

## ജനുവരി 30 — മാർ യാക്കോബ് അഫ്രാത്തീസ്

'പേർഷ്യൻ ഋഷി' എന്ന് വിളിക്കപ്പെടുന്ന അഫ്രാത്തീസ് ഒരു അവിശ്വാസിയായി പേർഷ്യയിൽ ജനിക്കുകയും പിന്നീട് ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തു. ചില ഗ്രന്ഥകാരന്മാർ ഇദ്ദേഹത്തിന് യാക്കോബ് എന്ന നാമം നൽകി. മെത്രാൻ പദവി ഉണ്ടായിരുന്നതായി കരുതുന്നു. വേറെ ചിലർ ഇദ്ദേഹം മാർ മത്തായിയുടെ ദയറായിലെ മെത്രാനായിരുന്നു എന്നു ചിന്തിക്കുന്നു. 337-നും 346-നും ഇടയിൽ 'താഹുയോനോ' (The Homilies) എന്ന പേരിൽ ഗ്രന്ഥം എഴുതി. വിശ്വാസത്തെപറ്റിയും, സ്നേഹം, ഉപവാസം, പ്രാർത്ഥന തുടങ്ങിയ വിഷയങ്ങളെപ്പറ്റിയും 23 പഠനങ്ങൾ ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ച അദ്ദേഹം അന്ത്യോക്യയിലേക്ക് പോവുകയും അവിടെ അദ്ദേഹം പ്രാർത്ഥനയിലും തപശ്ചര്യയിലും

www.malankaralibrary.com


കഴിച്ചുകൂട്ടുകയും ചെയ്തും അദ്ദേഹം വളരെ കുറച്ച് മാത്രം ഭക്ഷിക്കുകയും ഏറെ നേരം പ്രാർത്ഥനയിൽ ചിലവഴിക്കുകയും ചെയ്തു. ഗ്രീക്കുഭാഷയിൽ അദ്ദേഹത്തിന് പ്രാവീണ്യം ഇല്ലായിരുന്നുവെങ്കിലും ക്രിസ്തുവിനു വേണ്ടി അനേകരെ നേടുന്നതിനും സഭയ്ക്കെതിരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ആര്യൻ പാഷണ്ഡതയ്ക്കെതിരെ ശക്തമായി പോരാടുന്നതിനും പരിശുദ്ധാത്മാവ് അദ്ദേഹത്തെ ശക്തിപ്പെടുത്തി. വി. ഗ്രന്ഥമാണ് അദ്ദേഹത്തിന്റെ ദൈവശാസ്ത്രചിന്തകളുടെ അടിസ്ഥാനം. 'ഉടമ്പടിയുടെ മക്കൾ' എന്നറിയപ്പെടുന്ന സമർപ്പിത സമൂഹത്തിലെ അംഗമായിരുന്നു അദ്ദേഹം. അവർ ബ്രഹ്മചാരികളും താപസജീവിതം നയിച്ചിരുന്നവരുമായിരുന്നു. യഹൂദ റബ്ബിമാർ അഭ്യസിച്ചുപോന്നിരുന്ന മിദ്രാഷ് വ്യാഖ്യാന രീതിയാണ് അദ്ദേഹം പിന്തുടർന്നുപോയിരുന്നത്. പഴയനിയമത്തിലെ വ്യക്തികളെയും സംഭവങ്ങളെയും പുതിയ നിയമത്തിലെ പ്രതീകങ്ങളായി അവതരിപ്പിക്കുന്നു. പ്രാർത്ഥനയെ ആത്മീയബലി എന്നാണ് വിശേഷിപ്പിക്കുന്നത്. ശാരീരികമായ ഉപവാസം മാനസിക ആത്മീയ ഉപവാസത്തെ ശക്തിപ്പെടുത്തുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

അഫ്രാത്തിന്റെ ശൈലി സ്ഫുടതയുള്ളതും വിനീതവുമാണ്. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ യാഥാസ്ഥിതികമായിരുന്നുവെങ്കിലും ഭൂഗോളത്തിന്റെ ആയുസ് 6000 വർഷമായി അദ്ദേഹം നിജപ്പെടുത്തി. ഇതിനെ അറബികളുടെ മെത്രാനായ ഗീവർഗീസ് എതിർത്തു. അഫ്രഹാത്തിന്റെ മെമ്രകളുടെ മൂന്നു പ്രതികൾ ലഭിച്ചിട്ടുണ്ട്. ഇവയിലൊന്ന് 512-ൽ വ്യാഖ്യാനിക്കപ്പെടുകയും ചെയ്തു. ലത്തീൻ ഭാഷയിൽ ഇത് വിവർത്തനം ചെയ്യപ്പെട്ടു.

*വിചിന്തനം: "നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാസമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ. അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാ വിശുദ്ധർക്കും വേണ്ടി പ്രാർത്ഥിക്കുവിൻ" (എഫേ. 6:18).*

## ജനുവരി 30 — വി. ഹൈസീന്താ

1585-ൽ ഇറ്റലിയിലെ വിഗ്നാരെല്ലേയിലാണ് വി. ഹൈസീന്താ ജനിച്ചത്. തന്റെ സ്വന്തം സഹോദരി കന്യാസ്ത്രീയായി വിക്ടർബോയിലെ ഫ്രാൻസിസ്കൻ സന്യാസിനി മഠത്തിൽ നിന്നും അവൾ

www.malankaralibrary.com


വിദ്യാഭ്യാസം പൂർത്തിയാക്കി. അവളുടെ ആദ്യകാല ജീവിതത്തിൽ ദൈവീകകാര്യങ്ങളോടും താപസ്സജീവിതത്തോടും അവൾ താല്പര്യം കാണിച്ചില്ല. ഇരുപതാമത്തെ വയസ്സിൽ ഫ്രാൻസിസ്കൻ സന്യാസി മഠത്തിൽ ചേർന്നെങ്കിലും സന്യാസജീവിതത്തോട് വിശ്വസ്തത പുലർത്തുവാൻ അവൾക്ക് സാധിച്ചില്ല. അവളുടെ ജീവിതത്തിലെ ആദ്യത്തെ ജീവിതപരിവർത്തനം നടക്കുന്നത് അവളെ കുമ്പസാരിപ്പി ക്കാൻ വന്ന വൈദികനിലൂടെയാണ്. അവൾ മഠത്തിൽ താമസിക്കുന്നത് സാത്താനെ സഹായിക്കാനാണ് എന്ന് പുരോഹിതൻ അവളോട് പറഞ്ഞു. ഇത് അവളുടെ മനസ്സ് മാറ്റാൻ സഹായിച്ചു. അവൾ സ്വയം നവീകരണത്തിന് വിധേയയായി. എന്നാൽ പൂർണമായ പരിവർത്തനം ഉണ്ടായില്ല. അവൾ വീണ്ടും രോഗിയായി. ഇത് പൂർണമായ നവീകരണത്തിന് കടന്നുവരുവാൻ ഇടയായി. ക്ഷമയുടെയും അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും തപശ്ചര്യയുടെയും ഒരു മാതൃകയായി അവൾ മാറി. കഠിനമായ അച്ചടക്ക ത്തിലും നിരന്തരമായ ഉപവാസത്തിലും അവൾ കഴിഞ്ഞുകൂടി. മറ്റുള്ളവർക്ക് ആത്മീയ ഉപദേശം നൽകുന്നതിൽ അവൾ ശ്രദ്ധിച്ചു. ഈ വിശുദ്ധയുടെ സ്വാധീനഫലമായി വിക്ടർബോയിൽ പ്രായമായ വരേയും രോഗികളെയും ശുശ്രൂഷിക്കാൻ ജീവിതം സമർപ്പിച്ച വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് സമിതികൾക്ക് അവൾ രൂപം നല്കി. 1640 ജനുവരി 30-ന് അവൾ ദൈവസന്നിധിയിലേക്ക് യാത്രയായി. 1807-ൽ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

*വിചിന്തനം: "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ്ണമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും" (റോമാ. 12:2).*

## ജനുവരി 30 — വി. മാർട്ടീന

റോമൻ ചക്രവർത്തിയായ അലക്സാണ്ടർ സേവേരൂസിന്റെ കാലത്ത് രക്തസാക്ഷിത്വം വരിച്ച വിശുദ്ധയാണ് മാർട്ടീന. റോമിന്റെ വിശുദ്ധയായിട്ടാണ് അറിയപ്പെടുന്നത്. എ.ഡി. 228-ൽ ഉർബൻ ഒന്നാമൻ മാർപാപ്പയുടെ ഭരണകാലത്താണ് വി. മാർട്ടീനയുടെ രക്തസാക്ഷിത്വം നടന്നതെന്ന് വിശ്വസിക്കപ്പെടുന്നു.

www.malankaralibrary.com


ഒരു റോമൻ ഉദ്യോഗസ്ഥന്റെ മകളായി ഒരു കുലീന കുടുംബത്തിൽ പിറന്ന മാർട്ടീന ബാല്യകാലത്തിൽ തന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ട് അനാഥയായി. പക്ഷേ ക്രിസ്തീയ വിശ്വാസത്തിലും വിശുദ്ധിയിലും അവൾ വളർന്നുവന്നു. ക്രിസ്തീയ വിശ്വാസത്തിന് സജീവമായ സാക്ഷ്യം നൽകിയതിന്റെ പേരിൽ അവൾ അറസ്റ്റ് ചെയ്യപ്പെടുകയും ക്രിസ്തീയ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിക്കുകയും ചെയ്തു. പക്ഷേ അവൾ വഴങ്ങിയില്ല. അതുകൊണ്ട് അവളെ ചമ്മട്ടികൊണ്ട് അടിക്കുകയും ആംഫിതിയേറ്ററിൽ വെച്ച് വന്യമൃഗങ്ങൾക്ക് എറിഞ്ഞ് കൊടുക്കുകയും ചെയ്തു. എന്നാൽ വന്യമൃഗങ്ങൾ അവളെ തൊട്ടില്ല. തുടർന്ന് അവളെ അഗ്നിച്ചൂളയിലേക്ക് എറിഞ്ഞു. പക്ഷേ അഗ്നി അവളെ സ്പർശിച്ചില്ല. അവസാനം അവളുടെ ശിരസ്സ് ഛേദിക്കുന്നതിന് രാജാവ് കൽപന പുറപ്പെടുവിച്ചു. അങ്ങനെ എ.ഡി. 728-ൽ അവൾ രക്തസാക്ഷിത്വമകുടം ചൂടി. അവളെ പീഡിപ്പിച്ച ആളുകൾ ക്രിസ്തീയവിശ്വാസം സ്വീകരിച്ചുവെന്ന് ജീവചരിത്രം പറയുന്നു.

*വിചിന്തനം: "പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും" (യാക്കോബ് 1:12).*

## ജനുവരി 31 — വി. ഡോൺ ബോസ്കോ

1815 ഓഗസ്റ്റ് 16-ന് ഇറ്റലിയിലെ ബൊക്കി ഗ്രാമത്തിൽ ഡോൺ ബോസ്കോ ജനിച്ചു. ഫ്രാൻസിസ് ബോസ്കോയും മാർഗരറ്റുമാണ് മാതാപിതാക്കൾ. ജ്ഞാനസ്നാനനാമം ജോൺ മെൽക്കിയോർ ബോസ്കോ എന്നായിരുന്നു. ഒരു സാധാരണ കർഷക കുടുംബമായിരുന്നു ജോൺ ബോസ്കോയുടേത്. ജോണിന്റെ പിതാവ് ഫ്രാൻസിസ് ബോസ്കോ കുടുംബം പുലർത്താൻ കഠിനാധ്വാനം ചെയ്തു. ആവശ്യത്തിന് വിശ്രമം ലഭിക്കാതിരുന്നതിനാൽ അദ്ദേഹത്തിന് ന്യൂമോണിയ പിടിപെട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ മരിച്ചു. പിതാവിന്റെ മരണം ബോസ്കോ കുടുംബത്തിന് ഒരു വലിയ ആഘാതമായി. ജോൺ ബോസ്കോയ്ക്ക് അപ്പോൾ രണ്ട് വയസ്സുമാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ.

www.malankaralibrary.com


കുട്ടിക്കാലത്ത് കന്നുകാലി മേയ്ക്കലായിരുന്നു ജോണിന്റെ ജോലി. ദൈവമാതാവിനെപറ്റി അമ്മ അവനെ ഒരുപാട് പഠിപ്പിച്ചിരുന്നു. അതും പാടിക്കൊണ്ടാണ് അവൻ ദിവസേന കന്നുകാലികളേയും കൊണ്ടിറങ്ങുക. ചുറ്റുപാടുമുള്ള ആട്ടിടയന്മാർ അവന്റെ അരികിലെത്തും. അമ്മ പഠിപ്പിച്ച കഥകൾ അവൻ അവരോട് പറയും. ക്രിസ്തീയ വിശ്വാസത്തിന്റെ ബാലപാഠങ്ങളും ധാർമ്മിക മൂല്യങ്ങളും അമ്മ മാർഗ രറ്റ് അവന് പറഞ്ഞുകൊടുത്തു. പത്താം വയസ്സിൽ ജോൺ പ്രഥമദി വ്യകാരുണ്യം സ്വീകരിച്ചു. ആ ദിവസം അമ്മ മാർഗരറ്റ് തന്റെ മക നോട് ഇങ്ങനെ പറഞ്ഞു: “മകനേ, ഇന്ന് നിന്റെ ജീവിതത്തിലെ വലിയ ദിവസമാണ്. ദൈവം നിന്റെ ഹൃദയം കൈവശമാക്കിയിരിക്കുന്നു. ജീവിതാന്ത്യംവരെ നീ നല്ലവനായിരിക്കും എന്ന് ദൈവത്തോട് വാഗ്ദാനം ചെയ്യുക”. ജോൺ വെറും ആട്ടിടയൻ ആയി മാത്രം ജീവിക്കേണ്ടവ നല്ല എന്ന് അമ്മ മാർഗരറ്റ് തിരിച്ചറിഞ്ഞു. അമ്മയുടെ അനുജത്തി യുടെ ശുപാർശപ്രകാരം തൊട്ടടുത്തുള്ള സ്കൂളിൽ ജോണിന് പ്രവേ ശനം ലഭിച്ചു. തൊട്ടടുത്തുള്ള ഇടവകയിലെ വൈദികനിൽ നിന്നും അവൻ ലത്തീൻ ഭാഷ പഠിക്കാൻ ശ്രമിച്ചു. എന്നാൽ ജോണിന്റെ ജ്യേ ഷ്ഠന് ഈ കാര്യങ്ങൾ ഒന്നും ഇഷ്ടമായിരുന്നില്ല. അവൻ ജോണിനെ നിരന്തരം ഉപദ്രവിക്കാൻ ശ്രമിച്ചു. പതിനാലാം വയസ്സിൽ അമ്മയുടെ നിർബന്ധത്തിന് വഴങ്ങി അവൻ വീടുവിട്ട് ഇറങ്ങി. മോൺകുക്കോ എന്ന സ്ഥലത്ത് ഒരു കൃഷിക്കാരന്റെ അരികിൽ ജോലിക്കായി ചേർന്നു. ആറ് ദിവസം പണി എടുക്കുകയും ഞായറാഴ്ച അടുത്തുള്ള കുട്ടി കളെ വിളിച്ച് വേദപാഠം പഠിപ്പിക്കുകയും ചെയ്തു. വൈദികനാകാ നുള്ള ആഗ്രഹം ചെറുപ്പം മുതലേ ജോണിന്റെ ഉള്ളിൽ ഉണ്ടായിരു ന്നു. ജോണിന്റെ ആഗ്രഹം തിരിച്ചറിഞ്ഞ അമ്മ മാർഗരറ്റ് അവനോട് പറഞ്ഞു: “ദൈവനിശ്ചയം എന്ത് എന്ന് പ്രാർത്ഥിച്ച് അറിയുക. അത് അനുസരിച്ച് ചെയ്യുക. ഒരു കാര്യമേ എനിക്ക് പറയാനുള്ളു: ആത്മര ക്ഷയാണ് എനിക്ക് പ്രധാനം”. അങ്ങനെ അമ്മയുടെ അനുഗ്രഹം വാങ്ങി സെമിനാരിയിൽ ചേർന്നു. 1835 ഒക്ടോബർ മാസത്തിൽ ജോൺ വൈദികവസ്ത്രം സ്വീകരിച്ചു. നീണ്ട പരിശീലനത്തിനൊടുവിൽ 1841 ജൂൺ 5-ാം തീയതി ടൂറിനിലെ ഫ്രാൻസോണി മെത്രാപ്പോലീത്താ യുടെ കൈവയ്പു വഴി കർത്താവിന്റെ പുരോഹിതനായി അഭിഷിക്ത നായി. വൈദികപട്ടത്തിനായി ഒരുങ്ങുന്ന വേളയിൽ അദ്ദേഹം ഡയറി യിൽ കുറിച്ച വാക്യം ഇപ്രകാരമാണ്: “ഒരു വൈദികനും സ്വർഗത്തി ലേക്കോ നരകത്തിലേക്കോ ഒറ്റയ്ക്ക് പോകുകയില്ല. അവിശ്വാസിക ളെയോ വിശ്വാസികളെയോ ഏറെപ്പേരെ അവൻ കൂട്ടിക്കൊണ്ട്

www.malankaralibrary.com


പോകും". കുട്ടികളുടെയും യുവാക്കളുടെയും ഇടയിൽ ശുശ്രൂഷ ചെയ്യുകയാണ് തന്റെ പൗരോഹിത്യ വിളിയുടെ യഥാർത്ഥ ലക്ഷ്യം എന്ന് ജോൺ തിരിച്ചറിഞ്ഞു. ടൂറിനിൽ തത്ത്വശാസ്ത്രത്തിൽ ഉപരിപഠനം നടത്തുമ്പോൾ അദ്ദേഹം വികാരി ആയിരുന്ന ടൂറിനിലെ ദേവാലയത്തോട് ചേർന്ന് പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കാനായി ഓററ്ററി സ്ഥാപിച്ചു. ഓററ്ററിയിലെ കുഞ്ഞുങ്ങളെ വേദപാഠം പഠിപ്പിക്കുകയും വിശുദ്ധിയിൽ വളരാൻ പ്രേരിപ്പിക്കുകയും ചെയ്തു.

വി. കുർബാനയും, വി. കുമ്പസാരവും അദ്ദേഹത്തിന്റെ ശക്തികേന്ദ്രങ്ങൾ ആയിരുന്നു. 1846 നവംബർ 13-ന് ജോണിന്റെ അമ്മ മാർഗരറ്റ് ജോണിന്റെ നിർബന്ധപ്രകാരം ഓററ്ററിയിൽ എത്തി. കുട്ടികൾ അവരെ മമ്മ മാർഗരറ്റ് എന്ന് വിളിച്ചു. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ വികാരി എന്ന് ടൂറിനിലെ മെത്രാപ്പോലീത്താ അദ്ദേഹത്തെ വിശേഷിപ്പിച്ചു. 1854-ൽ ടൂറിനിൽ കോളറ രോഗം ബാധിച്ചപ്പോൾ ഡോൺ ബോസ്കോയും അദ്ദേഹത്തിന്റെ കുട്ടികളും രോഗബാധിതരെ ശുശ്രൂഷിക്കാൻ മുന്നിട്ട് ഇറങ്ങി. ബോസ്കോയുടെ ഓററ്ററി സ്ഥാപിച്ചതിന്റെ പതിനെട്ട് വർഷം തികഞ്ഞ ദിവസം ഓററ്ററിയുടെ പ്രവർത്തകർ ഒരുമിച്ച് കൂടി കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കാൻ ഒരു സന്ന്യാസസഭ സ്ഥാപിക്കാൻ തീരുമാനിച്ചു. അങ്ങനെ സലേഷ്യൻ സഭയ്ക്ക് തുടക്കം കുറിച്ചു. അതിന്റെ ആജീവനാന്ത സുപ്പീരിയറായി ജോൺ ബോസ്കോയെ തിരഞ്ഞെടുത്തു. തുടർന്ന് സ്ത്രീകൾക്കുവേണ്ടി 'ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മക്കൾ' എന്ന സന്ന്യാസസഭയ്ക്ക് രൂപം നൽകി. ചെറുതും വലുതുമായ നൂറിലധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ജയിലറക്കുള്ളിലും ബോസ്കോ തന്റെ പ്രേഷിതവേല ചെയ്തു. പയസ് ഒമ്പതാം മാർപാപ്പ ബോസ്കോയെ "ഇറ്റലിയുടെ നിധി" എന്നാണ് വിശേഷിപ്പിച്ചത്. നിരന്തരമായ അധ്വാനവും കുട്ടികളുടെ ഇടയിലുള്ള വിശ്രമമില്ലാത്ത ശുശ്രൂഷയും അദ്ദേഹത്തിന്റെ ആരോഗ്യത്തെ ക്ഷയിപ്പിച്ചു. 1887 ഡിസംബർ 11-ന് അദ്ദേഹം അവസാന കുർബാന അർപ്പിച്ചു. 1888 ജനുവരി 31-ന് അദ്ദേഹത്തിന്റെ ആത്മാവ് സ്വർഗത്തിലേക്ക് പറന്നുയർന്നു. 1934 ഏപ്രിൽ 1-ന് പതിനൊന്നാം പീയൂസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*വിചിന്തനം: "സ്ഥാനത്തും അസ്ഥാനത്തും കരുണയുടെ വിത്തുകൾ വിതയ്ക്കുക. എപ്പോഴെങ്കിലും അവ മുളച്ചുവരും. അതു പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യും. അതിനാൽ നമുക്കു വിതച്ചിട്ട് കൊയ്ത്തിനായി കാത്തിരിക്കാം" (വി. ഡോൺ ബോസ്കോ).*

www.malankaralibrary.com

# ഫെബ്രുവരി
# (ശ്ബോത്ത്)

## ഫെബ്രുവരി 3 — മർത്താ ഹന്നായും ശെമഓനും

വി. ലൂക്കോസിന്റെ സുവിശേഷം 2:25 മുതൽ 38 വരെയുള്ള വാക്യങ്ങളിൽ ഈശോയെ ജറുസലേം ദൈവാലയത്തിൽ കാഴ്ച വച്ചപ്പോൾ ഈശോയെ കൈകളിൽ എടുക്കുകയും ദൈവത്തിന്റെ മഹത്തായ കാര്യങ്ങളെ സ്തുതിക്കുകയും ചെയ്ത രണ്ട് പുണ്യാത്മാക്കളാണ് ശെമഓനും മർത്താ ഹന്നായും. ലൂക്കാ. 2:25 പ്രകാരം ശിമയോൻ ജറുസലേമിൽ ജീവിച്ചിരുന്നവനും നീതിമാനും ദൈവ ഭക്തനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നു. പരിശുദ്ധാത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കുകയില്ല എന്ന് പരിശുദ്ധാത്മാവ് അവനെ വെളിപ്പെടുത്തിയിരുന്നു (ലൂക്കാ. 2:26). ശിശു ആയ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ ശെമഓൻ യേശുവിനെ കൈയ്യിൽ എടുത്തുകൊണ്ട് പറഞ്ഞു: "കർത്താവേ അവിടുത്തെ വാഗ്ദാനമനുസരിച്ച് ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ. എന്തെന്നാൽ സകല ജനതയ്ക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു" (ലൂക്കാ. 2:29-32). ശെമഓൻ ഈശോയുടെ മാതാപിതാക്കളായ മറിയത്തെയും യൗസേഫിനേയും അനുഗ്രഹിച്ചുകൊണ്ട് മറിയത്തോട് പറഞ്ഞു: "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ വിവാദവിഷയമായ അടയാളവുമായിരിക്കും. അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും".

മർത്താ ഹന്നാ, ലൂക്കാ. 2:36 അനുസരിച്ച് ഫനുവേലിന്റെ പുത്രിയും ആഷേർ വംശജയും പ്രവാചികയും ആയിരുന്നു. ഇവൾ വിവാഹിതയായിരുന്നു. ഏഴു കൊല്ലം മാത്രമേ ഭർത്താവിനോടൊപ്പം

www.malankaralibrary.com


ജീവിച്ചിരുന്നുള്ളൂ. അതിനുശേഷം അവൾ വിധവയായി. കർത്താവിനെ ദൈവാലയത്തിൽ സമർപ്പിച്ചപ്പോൾ ഹന്നായ്ക്ക് 84 വയസ്സായിരുന്നു (ലൂക്കാ. 2:37). അവൾ സദാസമയം ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവാലയത്തിൽ കഴിയുകയായിരുന്നു (ലൂക്കാ. 2:37). മിശിഹായെ കണ്ട അവൾ മുന്നോട്ടുവന്ന് ദൈവത്തെ സ്തുതിക്കുകയും രക്ഷ പ്രതീക്ഷിച്ചിരുന്നവരോട് ഈ ശിശുവിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

*വിചിന്തനം: "സകല ജനത്തിനും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ട് കഴിഞ്ഞു. അത് വിജാതീയർക്ക് വെളിപാടിന്റെ പ്രകാശവും അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയുമാണ്" (ലൂക്കാ. 2:31-32).*

## ഫെബ്രുവരി 4 — വി. ജോൺ ബ്രിട്ടോ

പോർച്ചുഗലിൽ സമ്പന്നമായ ഒരു കുടുംബത്തിൽ ജോൺ ബ്രിട്ടോ ജനിച്ചു. ഡോൺ പെഡ്രോ ദ്വിതീയന്റെ കൊട്ടാരത്തിലാണ് ബാല്യത്തിൽ കുറേക്കാലം ജോൺ ചിലവഴിച്ചത്. ജോണിന്റെ ഭക്ത ജീവിതം കൂട്ടുകാർക്ക് രസിക്കാത്തതിനാൽ ബാല്യത്തിൽ കുറെ സഹിക്കേണ്ടി വന്നു. അക്കാലത്ത് ജോണിന് ഗുരുതരമായ സുഖക്കേട് വരികയും വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ മാധ്യസ്ഥത്താൽ സുഖം പ്രാപിക്കുകയും ചെയ്തു. അന്ന് മുതൽ ജോണിന്റെ ആഗ്രഹം വി. സേവ്യറെ അനുകരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അഭിലാഷം യഥാവസരം പൂവണിഞ്ഞു.

1962 ഡിസംബർ പതിനേഴാം തീയതി ലിസ്ബണിലെ ഈശോ സഭ നവസന്യാസ മന്ദിരത്തിൽ ജോൺ പ്രവേശിച്ചു. 11 കൊല്ലങ്ങൾക്ക് ശേഷം മാതാപിതാക്കന്മാരുടെയും കൊട്ടാരത്തിന്റെയും എതിർപ്പുകൾ അവഗണിച്ച് മിഷൻ പ്രവർത്തനങ്ങൾക്കായി ഇന്ത്യയിലേക്ക് പുറപ്പെടാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. അമ്മ അത് കേട്ടപ്പോൾ ദുഃഖാർത്തയായി. ജോൺ പോർച്ചുഗൽ വിടാതിരിക്കാൻ വേണ്ടത് ചെയ്യണമെന്നു പേപ്പൽ ന്യൂൺഷിയോയോട് അവൾ അഭ്യർത്ഥിച്ചു. ഇതറിഞ്ഞ ജോൺ "ലോകത്തിൽ നിന്നും സന്യാസത്തിലേക്ക് എന്നെ വിളിച്ച ദൈവം ഇന്ത്യയിലേക്ക് എന്നെ വിളിക്കുന്നു" എന്ന് പറഞ്ഞു. "ദൈവ വിളിക്ക് യഥാവിധം ഞാൻ ഉത്തരം നൽകാതിരുന്നാൽ ദൈവനീതിയെ

www.malankaralibrary.com


എതിർക്കുകയായിരിക്കും ഞാൻ ചെയ്യുക. ജീവിച്ചിരിക്കുംകാലം ഇന്ത്യയിലേക്ക് പോകാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കും" ജോൺ കൂട്ടിച്ചേർത്തു.

14 കൊല്ലം അദ്ദേഹം തഞ്ചാവൂർ, മധുര, രാമേശ്വരം മുതലായ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിച്ചു. ബ്രാഹ്മണനെ പോലെയാണ് അദ്ദേഹം ജീവിച്ചിരുന്നത്. സവർണ്ണ ഹിന്ദുക്കളെ നേടിയെടുക്കാൻ പാവയ്ക്കായും മറ്റുമാണ് പലപ്പോഴും ഭക്ഷിച്ചിരുന്നത്. അദ്ദേഹത്തിന്റെ വിജയകരമായ മിഷൻ പ്രവർത്തനങ്ങളിൽ രോഷാകുലനായ രാജാവ് അദ്ദേഹത്തെ നാടുകടത്തി. പോർച്ചുഗലിലേക്ക് മടങ്ങിപോകാൻ നിർബന്ധിതനായ ഫാദർ ജോൺ താമസിയാതെ തന്നെ തന്റെ പ്രിയപ്പെട്ട പ്രവർത്തനരംഗമായ ഇന്ത്യയിലേക്ക് മടങ്ങി. അനേകം ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. ഇതിൽ കുപിതനായ രാജാവ് അദ്ദേഹത്തെ തടവിലാക്കി. വേദനാസമ്പൂർണ്ണമായ ജയിൽവാസത്തിനിടയ്ക്ക് അദ്ദേഹത്തിന്റെ തല വെട്ടപ്പെട്ടു. 1693 ഫെബ്രുവരി 4-ന് രക്തസാക്ഷിത്വമകുടം ചൂടി.1947 ജൂൺ 22-ന് അദ്ദേഹത്തെ വിശുദ്ധനായി നാമകരണം ചെയ്തു.

*വിചിന്തനം: "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കുന്ന കർത്താവ് ആ ദിവസം അത് എനിക്കു സമ്മാനിക്കും; എനിക്കു മാത്രമല്ല, അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും'' (2 തിമോ. 4:7-8).*

## ഫെബ്രുവരി 11 — ലൂർദ്ദ് മാതാവ്

1858-ൽ ബെർണദീത്തായ്ക്ക് പ്രായം 13. പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുങ്ങുന്ന കാലഘട്ടം. ഫെബ്രുവരി മാസത്തിലെ തണുപ്പുള്ള ഒരു പ്രഭാതത്തിൽ വിറകു ശേഖരിക്കാൻ രണ്ടു കൂട്ടുകാരോടൊത്ത് ഗേവ് നദിയുടെ തീരത്ത് എത്തിയ ബെർദണീത്താ അവിടെയുള്ള ഒരു ഗുഹയിൽ വിസ്മയിപ്പിക്കുന്ന ഒരു കാഴ്ച കണ്ടു. അതീവ പ്രഭയുള്ള ഒരു സുവർണവെളിച്ചം ഗുഹയിൽ നിന്ന് പടർന്നൊഴുകുന്നു! വെളിച്ചത്തിനുള്ളിൽ നിന്നും അഴകാർന്നൊരു സ്ത്രീരൂപം. ശുദ്ധമായ തൂവെണ്ണ നിറത്തിലുള്ള മേലങ്കിയും, നീല നിറത്തിലുള്ള കച്ചയും

www.malankaralibrary.com


ധരിച്ച് ഒരു യുവതി. കരങ്ങളിൽ ജപമാലയും പാദങ്ങളിൽ മഞ്ഞ പനിനീർ പുഷ്പങ്ങളും. ജപമാല ചൊല്ലാൻ സ്ത്രീ ബെർണദീത്തായോട് ആവശ്യപ്പെട്ടു. ജപമാല ചൊല്ലിക്കഴിഞ്ഞപ്പോഴേക്കും ആ സ്ത്രീ മറഞ്ഞു കഴിഞ്ഞിരുന്നു. അവിടെ നിന്നും മടങ്ങിയിട്ടും ബെർണദീത്തായെ ഗ്രോട്ടോയുടെ ഓർമ്മ മാടിവിളിച്ചു കൊണ്ടിരുന്നു. അടുത്ത ഞായറാഴ്ച അവൾ വീണ്ടും അവിടെ പോയി. ശിശു സഹജമായ നിഷ്കളങ്കതയോട് കൂടി, സാത്താന്റെ കുടില തന്ത്രമാണോ എന്ന ഭയത്താൽ ബെർണദീത്താ താൻ കണ്ട ദർശനത്തിലേക്ക് വിശുദ്ധ വെള്ളം തളിച്ചു. എന്നാൽ ആ സ്ത്രീ വളരെ പ്രസന്നപൂർവ്വം പുഞ്ചിരിക്കുകയാണ് ചെയ്തത്. അവളുടെ വദനം കൂടുതൽ മനോഹരമായി ഓരോ പതിനഞ്ചു ദിവസം കൂടുമ്പോഴും അവിടെ വരണമെന്ന് ആ രൂപം ആവശ്യപ്പെട്ടു.

മാർച്ച് 25-ന് മംഗളവാർത്താ തിരുനാൾ ദിനത്തിൽ അവൾ തന്റെ നാമം വെളിപ്പെടുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: “ഞാൻ അമലോത്ഭവയാണ്”. അങ്ങനെ 1854 ഡിസംബർ 8-ന് ഒൻപതാം പീയൂസ് മാർപാപ്പ ചെയ്ത പ്രഖ്യാപനം ദൈവമാതാവ് അംഗീകരിച്ചു. 1858-ലെ തന്റെ ആദ്യ പ്രത്യക്ഷപ്പെടലിൽ തന്നെ കരങ്ങളിൽ തൂങ്ങി കിടന്നിരുന്ന ജപമാല മാതാവ് ബെർണദീത്തായുടെ കൈകളിലേക്കിട്ടു കൊടുത്തു. ഇത് പിന്നീടുള്ള പ്രത്യക്ഷപ്പെടലുകളിലും തുടർന്നു. തന്റെ മൂന്നാമത്തെ പ്രത്യക്ഷപ്പെടലിൽ മാതാവ് ബെർണദീത്തായെ തന്റെ ഗുഹയിലേക്ക് രണ്ടാഴ്ച കാലത്തോളം ക്ഷണിക്കുകയുണ്ടായി. അങ്ങനെ അവൾ പരിശുദ്ധ അമ്മയോട് നിരന്തരം സംഭാഷണത്തിലേർപ്പെടാൻ തുടങ്ങി.

സഭാ അധികാരികളോട് ആ സ്ഥലത്ത് ഒരു ദേവാലയം പണിയുവാനും, പ്രദക്ഷിണങ്ങൾ സംഘടിപ്പിക്കുവാനും പറയാൻ ഒരവസരത്തിൽ മാതാവ് അവളോട് ആവശ്യപ്പെട്ടു. കൂടാതെ അവിടെയുണ്ടായിരുന്നതും മണ്ണിനടിയിൽ എവിടെയോ മറഞ്ഞ് കിടക്കുന്നതുമായ ഉറവയിലെ ജലം കുടിക്കുവാനും, ആ ജലത്താൽ സ്വയം കഴുകി ശുദ്ധി വരുത്തുവാനും ആവശ്യപ്പെടുകയും ചെയ്തു.

ഈ വാർത്തകൾ വളരെ പെട്ടെന്ന് തന്നെ പ്രചരിച്ചു തുടങ്ങിയിരുന്നു. കൂടുതൽ പ്രചരിക്കുന്തോറും കൂടുതൽ ജനങ്ങൾ ആ വിശുദ്ധ സ്ഥലം സന്ദർശിക്കുവാൻ കടന്നുവരാൻ തുടങ്ങി. ഈ അത്ഭുത സംഭവ

www.malankaralibrary.com


ങ്ങളുടെ അഭൂതപൂർവ്വമായ പ്രസിദ്ധിയും, ആ ബാലികയുടെ നിഷ്കളങ്കതയും, കണക്കിലെടുത്ത് ടാർബ്സിലെ മെത്രാൻ ഈ സംഭവങ്ങളെപ്പറ്റിയുള്ള ഒരു നീതിയുക്തമായ അന്വേഷണത്തിനു ഉത്തരവിട്ടു.

നാല് വർഷങ്ങൾക്ക് ശേഷം അദ്ദേഹം ഈ പ്രത്യക്ഷപ്പെടലുകൾ അതിമാനുഷികമാണെന്ന് പ്രഖ്യാപിക്കുകയും, മാതാവിന്റെ പാപരഹിതമായ ജന്മത്തെ ആ ഗുഹയിൽ പരസ്യമായി വണങ്ങുവാൻ വിശ്വാസികൾക്ക് അനുവാദം കൊടുക്കുകയും ചെയ്തു. ഇതിനിടെ ലൂർദ്ദിലെ മാതാവിന്റെ മാധ്യസ്ഥതയിൽ നടന്നിട്ടുള്ള നിരവധി അത്ഭുതങ്ങൾ മൂലം കന്യകാ മാതാവിന്റെ പ്രത്യക്ഷീകരണത്തിന് (Apparition of the Immaculate Virgin mary) ഓർമ്മതിരുനാൾ സ്ഥാപിക്കുവാൻ തിരുസഭയെ പ്രേരിപ്പിച്ചു. അധികം താമസിയാതെ അവിടെ ഒരു ചെറിയ ദേവാലയം ഉയർന്നു. അന്നുമുതൽ ആയിരക്കണക്കിന് തീർത്ഥാടകർ എല്ലാ വർഷവും തങ്ങളുടെ നേർച്ചകൾ നിറവേറ്റുവാനും പലവിധ നിയോഗങ്ങൾക്കുമായി അവിടം സന്ദർശിക്കുവാൻ തുടങ്ങി.

ഇന്ന് ഫ്രാൻസ് സന്ദർശിക്കുന്ന എല്ലാ വ്യക്തികളും പരിശുദ്ധ കന്യകാ മാതാവ് പ്രത്യക്ഷപ്പെട്ട ഈ ഗുഹ സന്ദർശിക്കുന്നു. ഒരമ്മയുടെ മടിത്തട്ടിലേക്കെന്നപോലെ സ്വാഗതമോതുന്ന ഈ മനോഹരമായ സ്ഥലത്ത് ഒരു ജ്ഞാനസ്നാന തൊട്ടിയിലെന്നപോലെ നമുക്ക് നമ്മെ തന്നെ നിമജ്ജനം ചെയ്യുകയും, ദൈവത്തെ നമ്മുടെ പിതാവായും, മാതാവിനെ നമ്മുടെ അമ്മയുമായി സ്വീകരിച്ചുകൊണ്ട് ക്രിസ്തീയതയുടെ മനോഹാരിതയെ വീണ്ടും കണ്ടെത്തുവാനും സാധിക്കും.

തിരുസഭ ഏറെ പ്രാധാന്യം നല്കുന്ന മഹത്വമേറിയ സ്ഥലങ്ങളിലൊന്നാണ് ലൂർദ്ദ്. വിശുദ്ധിയുടെ ഒരു വിശാലമായ സമതലമാണ് അവിടം. അവിടെ നമുക്ക് നമ്മുടെ പാപമാകുന്ന വസ്ത്രങ്ങൾ ഉരിഞ്ഞു മാറ്റി വിശുദ്ധിയുടെ തൂവെള്ള വസ്ത്രങ്ങൾ ധരിച്ച് വീണ്ടും ആത്മാവിൽ ജനിക്കുവാൻ സാധിക്കും.

ബെർണദീത്തായെ അടക്കം ചെയ്തിരിക്കുന്നത് ഫ്രാൻസിന്റെ വടക്കെ അറ്റത്തുള്ള നെവേഴ്സിലാണെങ്കിലും, നമുക്ക് വിശുദ്ധയെ ലൂർദ്ദിൽ എല്ലായിടത്തും കാണുവാൻ സാധിക്കും. അവളുടെ മൃതശരീരം, ഇന്നും അഴുകാതെയാണിയിരിക്കുന്നത്. അവളെ സ്മരിക്കുന്നതും, മാതാവിനോടുള്ള അവളുടെ സംഭാഷണം വായിക്കുന്നതും വളരെ മാധുര്യമേറിയതാണ്. 1886-ൽ അവൾ പരിശുദ്ധ അമ്മക്ക് എഴുതിയ

www.malankaralibrary.com


ലേഖനത്തിൽ പറയുന്നതിപ്രകാരമാണ്, "അല്ലയോ മാതാവേ, നീ തന്നെത്തന്നെ താഴ്ത്തികൊണ്ട്, ഭൂമിയിൽ വരികയും നിസ്സഹായയും പാവപ്പെട്ടവളുമായ ഈ പെൺകുട്ടിക്ക് പ്രത്യക്ഷപ്പെടുകയും ചെയ്തു. ഭൂമിയിലേയും, സ്വർഗത്തിലേയും രാജ്ഞിയായ നീ, എന്നെ ലോകത്തിന് വേണ്ടിയുള്ള ഏറ്റവും എളിയ ഉപകരണമാക്കി മാറ്റുവാൻ പ്രസാദിക്കണമേ".

*വിചിന്തനം: "ജപമാല പ്രാർത്ഥിക്കാൻ എനിക്ക് ഒരു സൈന്യമുണ്ടെങ്കിൽ എനിക്ക് ലോകത്തെ കീഴടക്കാൻ സാധിക്കും" (പീയൂസ് 9-ാമൻ മാർപാപ്പ).*

## ഫെബ്രുവരി 13 — ഹഗ്ഗായി നിബിയ

ബി.സി. 520-ൽ ആണ് ഹഗ്ഗായി തന്റെ പ്രേഷിതശുശ്രൂഷ ആരംഭിക്കുന്നത്. വിപ്രവാസികൾ ബാബിലോണിൽ നിന്ന് തിരിച്ചെത്തിയ ശേഷം ജറുസലേം ദൈവാലയത്തിന്റെ പുനഃനിർമ്മാണവുമായി ബന്ധപ്പെട്ടാണ് ഹഗ്ഗായിയെ നാം കാണുന്നത്. കർത്താവിന്റെ ഭവനം ദുർഭഗാവസ്ഥയിൽ കിടക്കുന്നതുകൊണ്ട് ദേശത്തിന്റെയും ജനങ്ങളുടെയും മേൽ ദൈവമായ കർത്താവ് നാശം ക്ഷണിച്ച് വരുത്തും എന്ന് അദ്ദേഹം ജനത്തെ അറിയിച്ചു. ദൈവാലയത്തിലെ പ്രധാന പുരോഹിതൻ ജനത്തെയെല്ലാം ഒന്നിപ്പിക്കുന്ന കണ്ണിയായിരുന്നു. ദൈവാലയ പുനരുദ്ധാരണത്തിലൂടെ ജനത്തെ മുഴുവൻ ഒന്നിപ്പിക്കാൻ ഹഗ്ഗായിക്കും അദ്ദേഹത്തിന്റെ സമകാലീനനായ സഖറിയായ്ക്കും സാധിച്ചു. ദൈവാലയത്തിന്റെ കല്ലിടൽ സമയത്ത് ഹഗ്ഗായിയും സഖറിയായും നൽകുന്ന സന്ദേശം (ഹഗ്ഗാ. 2:15-19, സഖ. 3:8-10) ശ്രദ്ധേയമാണ്. ദൈവാലയത്തിന്റെ അടിസ്ഥാനശില സ്ഥാപിച്ചെങ്കിലും പണി തുടർന്നില്ല. ബി. സി. 522-ൽ ദാരിയൂസ് പേർഷ്യൻ സാമ്രാജ്യത്തിന്റെ രാജാവായി. സമ്രാജ്യമൊട്ടാകെ ഉണ്ടായ ആഭ്യന്തര പ്രശ്നങ്ങൾ ജറുസലേമിൽ ഒരു പുതിയ മുന്നേറ്റത്തിനു കാരണമായി. ജനത്തിന്റെ എല്ലാത്തരത്തിലുള്ള അഭിവൃദ്ധിയും ആശ്രയിച്ചിരിക്കുന്നത് ദൈവാലയവുമായി ബന്ധപ്പെട്ടാണെന്ന് ഹഗ്ഗായി പ്രഖ്യാപിച്ചു.

ബി.സി. 522-ൽ വീണ്ടും പണി ആരംഭിച്ചു. ബി.സി. 515-ൽ പുതിയ ദൈവാലയം പണിതു. ദൈവാലയ നിർമ്മാണശേഷം ദേശാധിപതിയായ സെറുബാബേലിനെയും പ്രധാന പുരോഹിതനായ ജോഷായേയും ഹഗ്ഗായി വാനോളം പുകഴ്ത്തി (ഹഗ്ഗാ. 2).

www.malankaralibrary.com



*വിചിന്തനം: "നിങ്ങൾ ഓരോരുത്തരും തന്റെ ഭവനത്തെ പ്രതി വ്യഗ്രത കാട്ടുമ്പോൾ എന്റെ ആലയം തകർന്നു കിടക്കുന്നതുകൊണ്ടുതന്നെ. അതുകൊണ്ട് ആകാശം നിങ്ങൾക്കുവേണ്ടി മഞ്ഞു പെയ്യിക്കുന്നില്ല; ഭൂമി വിളവ് നൽകുന്നുമില്ല" (ഹഗാ. 1:9-10).*

## ഫെബ്രുവരി 14 മാർ ക്സുസ്തോസ്

ഗ്രീസ് ആയിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. 287-ൽ ആഗസ്റ്റ് 30-ന് അദ്ദേഹം പാപ്പയായി. അദ്ദേഹത്തിന്റെ മുൻഗാമിയുടെ കാലത്ത് പൗരസ്ത്യ സഭകളുമായും ആഫ്രിക്കയിലെ സഭകളുമായി നിലനിന്നിരുന്ന അഭിപ്രായ വ്യത്യാസങ്ങൾ അവസാനിപ്പിച്ച് ഈ സഭകളുമായി നല്ല ബന്ധം പുലർത്തുന്നതിന് അദ്ദേഹത്തിന് സാധിച്ചു. തന്റെ മുൻഗാമികളുടെ കാലത്തുണ്ടായിരുന്ന മുൻകാല വിശ്വാസ പ്രശ്നങ്ങളിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും പാത സ്വീകരിച്ചു. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ പുനഃപ്രതിഷ്ഠിച്ചത് അദ്ദേഹമാണ്. വി. സിപ്രിയാൻ രക്തസാക്ഷിത്വം പ്രഖ്യാപിക്കുന്ന വേളയിൽ അദ്ദേഹം പറഞ്ഞ വാചകമാണ് ദെയോ ഗ്രാസിയാസ് (ദൈവത്തിന് സ്തുതി ആയിരിക്കട്ടെ). ഈ പ്രാർത്ഥന ഇന്ന് കത്തോലിക്കാ സഭയിൽ ഉപയോഗിക്കുന്നു.

എ.ഡി. 258-ൽ വലേറിയൻ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം രക്തസാക്ഷിത്വം വരിക്കുകയായിരുന്നു. ഇദ്ദേഹം വിശ്വാസികളായ ക്രിസ്തീയ സഹോദരരോടൊന്നിച്ച് ഒരു കല്ലിടാവിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പടയാളികൾ അവിടെയെത്തി അദ്ദേഹത്തെയും കൂട്ടരെയും ന്യായാധിപസമക്ഷം ഹാജരാക്കി. അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്ന അതേ സ്ഥലത്തുകൊണ്ടുപോയി കസേരയിലിരുത്തി കൊന്നുകളയുന്നതിന് ഉത്തരവിറക്കി. അങ്ങനെ അദ്ദേഹത്തെയും 6 ശെമ്മാശ്ശന്മാരെയും ആഗസ്റ്റ് മാസം 6-ാം തീയതി ശിരച്ഛേദം ചെയ്ത് കൊന്നുകളഞ്ഞു.

അന്ത്യോക്യൻ ആരാധനക്രമത്തിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു അന്നാഫുറയുണ്ട്.

*വിചിന്തനം: "ഞങ്ങൾക്കു അനശ്വരമായ ഭക്ഷണമായിത്തീരുവാൻ ഇറങ്ങിവന്ന സ്വർഗീയ അപ്പമായ മിശിഹാ തമ്പുരാനെ, നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ കെടാത്ത അഗ്നിക്കിരയാകുവാൻ ഞങ്ങൾക്കിടയാകരുതേ" (മാർ ക്സുസ്തോസിന്റെ അനാഫുറ).*

www.malankaralibrary.com


## ഫെബ്രുവരി 19 മാർ ഇസഹാക്ക്

സുറിയാനി പാരമ്പര്യത്തിലെ പ്രമുഖ ആദ്ധ്യാത്മിക ചിന്തകനാണ് നിനിവെയിലെ ഇസഹാക്ക്. ഖത്തറിലാണ് അദ്ദേഹം ജനിച്ചത്. സ്വന്തം നാട്ടിൽ 666 വരെ സന്യാസിയായി ജീവിച്ചു. 676–ൽ ഗീവർഗീസ് കാതോലിക്കോസ് അദ്ദേഹത്തെ നിനവേ മെത്രാനായി വാഴിച്ചു. 5 മാസങ്ങൾക്കുശേഷം അദ്ദേഹം മെത്രാൻ സ്ഥാനം രാജിവെച്ച് ഏകാന്തവാസിയായി ശിഷ്ടജീവിതം കഴിച്ചുകൂട്ടി. പ്രായമായപ്പോൾ അദ്ദേഹം റമ്പാൻ ഷപ്പൂറിന്റെ ആശ്രമത്തിലേക്ക് താമസം മാറ്റി. വാർദ്ധക്യകാലത്ത് ഇസഹാക്ക് അന്ധനായിത്തീർന്ന തിനാൽ, രണ്ടാമത്തെ (അന്ധനായ) ദിദീമൂസ് എന്ന അപരനാമത്തി ലാണ് പിൽക്കാലത്ത് അറിയപ്പെട്ടിരുന്നത്.

നിരന്തരമായ പഠനത്തിൽ നിന്നും ആഴമായ ധ്യാനത്തിൽ നിന്നും ഉരുത്തിരിഞ്ഞവയാണ് ഇസഹാക്കിന്റെ ആദ്ധ്യാത്മിക ദർശന ങ്ങൾ. ലഭ്യമായിട്ടുള്ള രേഖകളെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ കൃതികളെ രണ്ടായി തിരിക്കാം. ഒന്നാം ഭാഗത്തിൽ 82 കൃതികളും രണ്ടാം ഭാഗത്തിൽ 41 കൃതികളുമുണ്ട്.

കൃപയുടെ പുസ്തകം എന്ന പേരിൽ മറ്റൊരു കൃതി അദ്ദേഹം രചിച്ചിട്ടുണ്ട്. വി. അപ്രേം, ഏകാന്ത വാസിയായ ജോൺ, മൊപ്സു വെസ്തിയായിലെ തിയഡോർ, എവഗ്രിയൂസ്, മക്കാരിയൂസ് എന്നിവർ ഇസഹാക്കിന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. പൗരസ്ത്യ സുറിയാനി സഭയിൽപ്പെട്ട ആളായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ എല്ലാ സുറിയാനിക്കാരുടെ ഇടയിലും പ്രചരിച്ചു. സുറിയാനിയിൽ നിന്ന് ഗ്രീക്ക്, അറബി, ജോർജിയൻ, എത്യോപ്യൻ, സ്ലാവിക് ഭാഷകളിലേക്ക് അവ വിവർത്തനം ചെയ്യപ്പെട്ടു. ഇസഹാക്ക് മരിച്ചത് ഏതു വർഷമാണെന്നതിനെ സംബന്ധിച്ച് തെളിവുകളൊന്നും ലഭിച്ചില്ല.

## ഫെബ്രുവരി 23 സ്മിർണായിലെ മാർ പോളിക്കാർപ്പസ്

ഏഷ്യാമൈനറിലെ സ്മിർണാ എന്ന സ്ഥലത്തെ മെത്രാനാ യിരുന്നു പോളിക്കാർപ്പ്. യോഹന്നാൻ ശ്ലീഹായുടെ പാദങ്ങളിലിരുന്ന് സുവിശേഷം ശ്രവിച്ച വ്യക്തിയായിട്ടാണ് അദ്ദേഹത്തെ വിശേഷി പ്പിക്കുന്നത്. അന്ത്യോക്യായിലെ ഇഗ്നേഷ്യസിന്റെ 7 കത്തുകളിൽ

www.malankaralibrary.com


ഒരെണ്ണം പോളികാർപ്പിനാണ് എഴുതിയിരിക്കുന്നത്. അപ്പോസ്തോല ന്മാർക്ക് ശേഷം ഉള്ള പ്രധാന പ്രബോധകരിൽ ഒരാളാണ് പോളികാർപ്പ്.

പോളികാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിന്റെ ലത്തീൻ വിവർത്തനത്തിന്റെ പൂർണ്ണരൂപം നമുക്കിന്ന് ലഭ്യമാണ്. അജപാലന ലക്ഷ്യത്തെ മുൻനിർത്തി ഉപദേശരൂപേണ തയ്യാറാക്കിയിരിക്കുന്ന ലേഖനത്തിൽ ആകെ 14 അധ്യായങ്ങൾ ഉണ്ട്. യേശുമിശിഹായുടെ മനുഷ്യാവതാരവും, കുരിശുമരണവും യാഥാർത്ഥ്യം തന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു.

ജീവിതത്തിൽ ക്രൈസ്തവർ അനുഷ്ഠിക്കേണ്ട ഉപവി പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ വിശദീകരണം ഈ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. 86-ാമത്തെ വയസ്സിൽ രക്തസാക്ഷിത്വം വരിച്ചു. അതിനു ശേഷം സ്മിർണായിലെ സഭ ഫ്രീദിയായിലെ ഫിലോമെലിയം എന്ന സ്ഥലത്തെ സഭയ്ക്ക് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെ ക്കുറിച്ച് ഒരു വിവരണം തയ്യാറാക്കി അയച്ചുകൊടുത്തു. ഈ വിവരണ മനുസരിച്ച് അദ്ദേഹത്തിനെ ബന്ധനസ്ഥനാക്കി ജീവനോടെ ദഹിപ്പി ക്കാൻ ശ്രമിക്കുകയും അഗ്നി അദ്ദേഹത്തെ സ്പർശിക്കാതിരുന്നപ്പോൾ കുന്തം കൊണ്ട് കുത്തി കൊല്ലുകയുമാണ് ചെയ്തത്. രക്തസാക്ഷിത്വം വരിക്കുന്നതിന് മുമ്പ് റോമൻ ചക്രവർത്തിയായ സീസറിനെ സ്വീകരി ക്കുകയും ക്രിസ്തുവിനെ ഉപേക്ഷിക്കുകയും ചെയ്താൽ വിട്ടയയ് ക്കാമെന്ന് ന്യായാധിപൻ പറഞ്ഞപ്പോൾ പോളികാർപ്പോസ് മറുപടി പറഞ്ഞു: “കഴിഞ്ഞ 86 വർഷമായി ഞാൻ അവനെ സേവിക്കുന്നു. അവൻ എനിക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. പിന്നെ എങ്ങനെ രക്ഷിച്ച രാജാവിനെ ദുഷിക്കും”. സഭയിലെ തന്നെ ആദ്യത്തെ വിശദവും സമഗ്രവുമായ രക്തസാക്ഷിത്വ വിവരണമാണിത്. രക്തസാക്ഷികളുടെ ഭൗതീകാവശിഷ്ടങ്ങളോടുള്ള വണക്കം, ആണ്ടു തോറുമുള്ള അവരുടെ ഓർമ്മയാചരണം എന്നിവയെക്കുറിച്ച് ഇതിൽ പ്രതിപാദിക്കുന്നു.

*വിചിന്തനം: “എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണം. തങ്ങൾ ദൈവത്തിന്റെ ബലിപീഠമാണെന്നും അവൻ എല്ലാം ശോധന ചെയ്യണമെന്നും വിചാരത്തിലും വികാരത്തിലും ഉളവാകുന്നതാകട്ടെ ഹൃദയത്തിന്റെ രഹസ്യങ്ങളാകട്ടെ അവന് മറഞ്ഞിരിക്കുന്നില്ല എന്നും അറിഞ്ഞുകൊണ്ട് നിന്ദനം, ദൂഷണം, കള്ളസാക്ഷ്യം, ദ്രവ്യാഗ്രഹം തുടങ്ങിയ എല്ലാവിധ തിന്മകളിൽനിന്നും അകന്നിരിക്കണം” (മാർ പോളിക്കാർപ്പസ്).*

www.malankaralibrary.com


## ഫെബ്രുവരി 28 — ഒബാദിയ നിബിയ

ചെറിയ പ്രവാചകന്മാരിൽ നാലാമതാണ് ഒബാദിയയുടെ സ്ഥാനം. പഴയ നിയമത്തിലെ ഏറ്റവും ചെറിയ, 21 വാക്യങ്ങൾ മാത്രമുള്ള, പ്രവാചക ഗ്രന്ഥമാണ് ഒബാദിയ.

ഒബാദിയായ്ക്കുണ്ടായ ദർശനം എന്ന ശീർഷകവാക്യത്തോടെയാണ് ഗ്രന്ഥം ആരംഭിക്കുന്നത്. ഒബാദിയ എന്ന നാമത്തിന്റെ ഉത്ഭവം ഹെബ്രായ ഭാഷയിലെ 'ഒബാദയ' എന്ന പദത്തിൽ നിന്നാണ്. ഇതിന്റെ അർത്ഥം 'യാഹ്‌വേയുടെ ദാസൻ', ആരാധകൻ, അടിമ എന്നൊക്കെയാണ്. ഒബാദിയ പ്രവാചകനെപ്പറ്റി പേരല്ലാതെ കൂടുതൽ വിവരണങ്ങളൊന്നും ബൈബിളിൽ നിന്ന് ലഭിക്കുന്നില്ല. എന്നാൽ പഴയ നിയമത്തിൽ മറ്റുപലർക്കും ഈ പേര് ഉള്ളതായി നമുക്ക് കാണാം.

ജറുസലേമിന്റെ നാശത്തെപ്പറ്റി ഒബാദിയ തന്റെ പ്രവചനത്തിൽ പരാമർശിക്കുന്നു (ഒബാ 10-12) ബി. സി. 587-ൽ ആണ് ജറുസലേം നശിപ്പിക്കപ്പെട്ടത്. ഇതിൽ നിന്നും ബി.സി. 587-ന് ശേഷമാണ് ഗ്രന്ഥരചന നടന്നത് എന്ന് അനുമാനിക്കാം.

ഒബാദിയായ്ക്ക് ഉണ്ടായ ദർശനമാണ് ഒബാദിയായുടെ ഗ്രന്ഥത്തിന്റെ ഇതിവൃത്തം. ഇസ്രായേൽ ഏദോമിനെ ആക്രമിച്ച് കീഴ്പ്പെടുത്തും എന്നതാണ് ദർശനം. ഏദോമിനെതിരെയുള്ള ശിക്ഷയാണ് പ്രവചനത്തിന്റെ ഉള്ളടക്കം. ഒബാദിയായുടെ പ്രവചനം വളരെ കാവ്യാത്മക രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഈ പ്രവചനം മക്കബായരുടെ കാലത്ത്, ബി.സി. 2-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, അന്വർത്ഥമാകുന്നതായി നാം കാണുന്നു.

*വിചിന്തനം: "നീ കഴുകനെപ്പോലെ ഉയർന്നു പറന്നാലും നക്ഷത്രങ്ങളുടെയിടയിൽ കൂടു കൂട്ടിയാലും അവിടെ നിന്ന് നിന്നെ ഞാൻ താഴെയിറക്കും. കർത്താവ് അരുളിച്ചെയ്യുന്നു" (ഒബാ. 1:4).*

www.malankaralibrary.com

# മാർച്ച്
# (ഓദോർ)

**മാർച്ച് 9** **സെബസ്തിയിലെ 40 സഹദേന്മാർ**

ലിസിന്യൂസ് റോമൻ ചക്രവർത്തി ആയിരിക്കുമ്പോൾ എ.ഡി. 320–ൽ രക്തസാക്ഷിത്വം വരിച്ച 40 ക്രിസ്തീയ വിശ്വാസികളെയാണ് 40 സഹദേൻമാർ എന്ന് വിളിക്കുന്നത്. അർമേനിയായ്ക്ക് അടുത്തുള്ള സെബസ്ത് എന്ന സ്ഥലത്താണ് രക്തസാക്ഷിത്വം വരിച്ചത്. ഇവരുടെ രക്തസാക്ഷിത്വത്തെ പറ്റിയുള്ള ആദ്യ വിവരണം ലഭിക്കുന്നത് മെത്രാനായ കേസറിയായിലെ യൗസേബിയൂസിന്റെ വിവരണത്തിൽ നിന്നാണ്. ബസേലിയോസിന്റെ വിവരണം അനുസരിച്ച് വിജാതീയ ബലികളെ എതിർക്കുകയും ക്രിസ്തീയ വിശ്വാസം ഏറ്റുപറയുകയും ചെയ്ത് 40 പടിയാളികളെ രാജകൽപന പ്രകാരം അറസ്റ്റ് ചെയ്യുകയും കൊല്ലുവാൻ കൽപന പുറപ്പെടുവിക്കുകയും ചെയ്തു. ഭയങ്കര തണുപ്പുകാലത്ത് വെള്ളം മഞ്ഞുപോലെ ഉറച്ചുകിടക്കുകയും അതിശൈത്യമായ വടക്കൻ കാറ്റ് ഊതിക്കൊണ്ടിരിക്കുകയും ചെയ്യവെ സെബസ്ത്യായിലെ ഒരു ജലാശയത്തിൽ അവരെ കഴുത്തോളം ഇറക്കി നിറുത്തി. അതിന്റെ തീരത്ത് അഗ്നി കൂട്ടിയിരുന്നു. ഈ 40 പേരിൽ ഒരുവൻ വിശ്വാസം ത്യജിച്ച് തീ കായുവാൻ ചെന്നു. അഗ്നിക്കരികെ ചെന്നപ്പോൾ ഉടനെതന്നെ മരിച്ചുപോയി. അഗ്നി ജ്വലിപ്പിച്ചുകൊണ്ടിരുന്ന ആൾ ഈ സഹദേന്മാരുടെ മനോധൈര്യത്തെ ദൂരെനിന്ന് നോക്കികൊണ്ടിരിക്കയായിരുന്നു. നോക്കി നിൽക്കുമ്പോൾ ആകാശത്തിൽ നിന്നും ശോഭയേറിയ കീരിടങ്ങൾ ഇറങ്ങി വരുന്നതായി അവൻ കണ്ടു. ഈ ദർശനം കണ്ട് അവൻ വിശ്വാസം ത്യജിച്ച വ്യക്തിക്കു പകരമായി ജലാശയത്തിൽ ഇറങ്ങിനിന്നു. അവന്റെ ശിരസ്സിലും മറ്റുള്ളവരുടേതുപൊലെ തന്നെ കിരീടം ആവസിച്ചു. തങ്ങളുടെ കൂട്ടത്തിൽ നിന്നും ഒരാൾ പോയല്ലോ എന്ന് വിചാരിച്ച് ദുഃഖിച്ചിരുന്നപ്പോൾ ദൈവം മറ്റൊരാളെ അയച്ചുകൊടുത്തു. ആ രാത്രിയിൽ അവർ ദൈവസ്തോത്രം ചെയ്തുകൊണ്ട് തണുപ്പ് സഹിച്ച് മരിച്ചു.

www.malankaralibrary.com


പ്രഭാതത്തിൽ ശരീരങ്ങൾ ദഹിപ്പിക്കാൻ ആളുകൾ വാഹനവുമായി വന്നപ്പോൾ ആ 40 പേരിൽ ഒരുവന് ജീവൻ ഉണ്ടായതായി കണ്ടു. അവനെ അവിടെ തന്നെ കിടത്തി. പക്ഷേ അവന്റെ മാതാവ് അവനെ ജീവന്റെ കിരീടം ലഭിക്കാനായി മരിച്ച സഹദേന്മാരോടൊരുമിച്ചു തന്നെ കിടത്തി. 40 പേരുടെയും ശരീരം അഗ്നിയിൽ ദഹിപ്പിച്ചു.

*വിചിന്തനം: "മരണത്തിൽനിന്നു രക്ഷപ്പെടാമായിരുന്ന എനിക്ക് ഈ പ്രവാഹത്തിൽ ഉത്കടമായ ശരീരവേദനയുണ്ടെങ്കിലും കർത്താവിനോടുള്ള ഭക്തിയാൽ ഇവ സഹിക്കുന്നതിൽ എന്റെ ആത്മാവ് സന്തോഷിക്കുന്നു എന്ന് അവിടുത്തേക്ക് തന്റെ പരിശുദ്ധ ജ്ഞാനത്താൽ വ്യക്തമായി അറിയാം" (2 മക്കാ. 6:30).*

## മാർച്ച് 17 — വി. പാട്രിക്ക്

അയർലണ്ടിന്റെ അപ്പസ്തോലനാണ് വി. പാട്രിക്ക്. പാട്രിക്കിന്റെ പരിശ്രമമാണ് അയർലണ്ടിന്റെ മാനസാന്തരത്തിന് വഴി ഒരുക്കിയത്. ബ്രിട്ടീഷ് കൗൺസിലറിന്റെ മകനായിട്ടാണ് പാട്രിക്ക് ജനിച്ചത്. അദ്ദേഹത്തിന്റെ മുത്തച്ഛൻ ഒരു പുരോഹിതനായിരുന്നു. പാട്രിക്കിന്റെ പിതാവ് സഭയിലെ ഡീക്കൻ ആയിരുന്നു. പാട്രിക്കിന്റെ യൗവനകാലഘട്ടം പീഡനങ്ങളുടെയും വേദനകളുടെയും കാലഘട്ടമായിരുന്നു. അയർലണ്ട് രാജാവായ നിയാൽ ഇംഗ്ലണ്ട് ആക്രമിച്ച് ഗ്രാമങ്ങളും പട്ടണങ്ങളും അധീനതയിലാക്കി. അനേകം ഗ്രാമീണർ വധിക്കപ്പെട്ടു, പാട്രിക്കിനെ ബന്ധനസ്ഥനാക്കി അയർലണ്ടിലേക്ക് കൊണ്ടുപോയി. അവിടെ ഒരു മന്ത്രവാദിക്ക് അടിമയായി വിറ്റു. ഈ മന്ത്രവാദി അവനെ പന്നികളെ മേയ്ക്കുന്ന ജോലി ഏൽപിച്ചു. ഈ സമയങ്ങളിൽ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കിയില്ലെങ്കിലും പ്രാർത്ഥനാജീവിതം നയിക്കാൻ ഇടയായി. 6 വർഷത്തെ പീഡനത്തിനുശേഷം സ്വന്തം നാട്ടിലേക്കു പോകാനുള്ള ദൈവിക ആഹ്വാനഫലമായി നാട്ടിലേക്ക് പോയി. വീട്ടിൽ തിരിച്ചെത്തിയ പാട്രിക്കിൽ ഒരു ദൈവികത നിറഞ്ഞുനിന്നു. അതിനുശേഷം പൗരോഹിത്യ പരിശീലനത്തിലൂടെ കടന്നുപോയ പാട്രിക്ക് പൗരോഹിത്യപട്ടം സ്വീകരിച്ചു. എ.ഡി. 435-ൽ അദ്ദേഹം അയർലണ്ടിൽ തിരിച്ചെത്തി. പലേഡിയൂസിന് ശേഷം ഐറിഷ് മെത്രാനായി പാട്രിക്ക് വാഴിക്കപ്പെട്ടു.

www.malankaralibrary.com


അദ്ദേഹം തന്റെ രാജ്യത്ത് അനേകം സന്യാസികളെയും സന്യാസിനികളെയും സഭാശുശ്രൂഷക്കായി പ്രോത്സാഹിപ്പിച്ചു. ആശ്രമങ്ങൾ ഐറിഷ് സഭയുടെ അടിസ്ഥാനമായി ഉയർത്തികൊണ്ടുവന്നു. പാട്രിക്കിന്റെ എളിമയും അജപാലന ശുശ്രൂഷയും ഐറിഷ് സഭയിൽ മാറ്റങ്ങൾ കൊണ്ടുവന്നു. സൂര്യനെ ആരാധിക്കുന്നതും വിഗ്രഹങ്ങളെ ആരാധിക്കുന്നതുമെല്ലാം പാട്രിക്ക് വിമർശിച്ചു. തന്റെ പിൻഗാമിയെ വാഴിച്ചതിനുശേഷം 104-ാം വയസ്സിൽ അദ്ദേഹം ഈ ലോകത്തിൽ നിന്നും വിടപറഞ്ഞു.

*വിചിന്തനം: "വി. കുർബാനയിൽ തന്റെ മാംസവും രക്തവും അനുഭവിക്കുമ്പോൾ നിങ്ങൾ അവിടുത്തെ കാണുകയും കളങ്കമില്ലാത്ത അവിടുത്തെ സ്വർഗ്ഗീയ മണവറയിൽ പ്രവേശിക്കുകയും ചെയ്യും" (വി. പാട്രിക്ക്).*

## മാർച്ച് 18 ജറുസലേമിലെ മാർ കൂറിലോസ്

ജറുസലേമിലെ മെത്രാന്മാരിൽ എഴുത്തുകാരൻ എന്ന നിലയിൽ വിഖ്യാതനായ സഭാപിതാവാണ് വി. കൂറിലോസ്. പാലസ്തീനായിൽ നിന്നുള്ള ഏക വേദപാരംഗതനാണ്. എ.ഡി. 315-ൽ ജറുസലേമിലാണ് ഇദ്ദേഹം ജനിച്ചത്. 351-ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ പങ്കെടുത്ത 150 മെത്രാന്മാരിൽ ഒരാളാണ് അദ്ദേഹം. എ.ഡി. 350-ൽ അദ്ദേഹം മെത്രാനായി. നിഖ്യാ സുന്നഹദോസിന്റെ വക്താവായി നിലകൊണ്ട ആര്യൻ പക്ഷക്കാരുടെ പ്രേരണയാൽ മൂന്നു പ്രാവശ്യം അദ്ദേഹം നാടുകടത്തപ്പെട്ടു. തിരുകല്ലറ സ്ഥിതിചെയ്യുന്ന ദൈവാലയത്തിൽ അദ്ദേഹം നടത്തിയ മതാദ്ധ്യാപക പ്രഭാഷണങ്ങളാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. മാമോദീസായോട് ബന്ധപ്പെട്ട് അദ്ദേഹത്തിന് 24 പ്രഭാഷണങ്ങൾ ലഭ്യമായിട്ടുണ്ട്. ഈശോയെ സാരാംശത്തിൽ സമൻ എന്ന് വിളിക്കുന്നതിന് പകരം നിത്യ പിതാവിന്റെ ഏകപുത്രൻ, പുത്രനായ ദൈവം, എമ്മാനുവേൽ എന്നൊക്കെയാണ് അദ്ദേഹം വിളിച്ചിരുന്നത്.

കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിക്ക് കൂറിലോസ് അയച്ച കത്ത് ചരിത്രപ്രാധാന്യമുള്ള ഒരു രേഖയാണ്. 351-ൽ ജറുസലേമിൽ ആകാശത്തു പ്രത്യക്ഷമായ അത്ഭുത കുരിശിനെപറ്റിയാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്. കൂറിലോസിന്റെ പെസഹാരഹസ്യത്തെക്കു

www.malankaralibrary.com


റിച്ചുള്ള ഉപദേശങ്ങൾ, മാമോദീസാ, വി. കുർബാന എന്നിവയെ പറ്റിയുള്ള വിലപ്പെട്ട രേഖയാണ്. വി. കുർബാനയെ ഭക്തിജനകവും ഭീതിജനകവുമായ രഹസ്യം എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. 386 മാർച്ച് 18-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 1082 ജൂലൈ 28-ന് ലെയോ പതിമൂന്നാമൻ മാർപാപ്പ അദ്ദേഹത്തെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

*വിചിന്തനം: "നമ്മുടെ പാപരിഹാരാർത്ഥം നുറുക്കപ്പെട്ട ക്രിസ്തു വാകുന്ന ബലിവസ്തു തന്നെയാണ് കുർബാനയിലെ അർപ്പണത്തിലും നുറുക്കപ്പെടുന്നത്" (ജറുസലേമിലെ കൂറിലോസ്).*

## മാർച്ച് 19 — മാർ യൗസേഫ്

ചരിത്ര രേഖകളിൽ വി. യൗസേപ്പിന്റെ ജീവിതത്തെക്കുറിച്ച് വളരെ ചെറിയ വിവരമേയുള്ളൂ. പരിശുദ്ധ മറിയത്തിന്റെ വിശുദ്ധിയുള്ള ഭർത്താവ്, യേശുവിന്റെ വളർത്തച്ചൻ, ഒരു തച്ചൻ, ദരിദ്രനായ ഒരു മനുഷ്യൻ എന്നീ വിശേഷണങ്ങളിൽ യൗസേപ്പ് അറിയപ്പെടുന്നു. അദ്ദേഹം ദാവീദിന്റെ രാജകീയ വംശത്തിൽപ്പെട്ടവനായിരുന്നു. സമ്പത്തിനോട് താൽപര്യമില്ലാത്തവനായിരുന്നു മാർ യൗസേഫ് പിതാവ്. തൊഴിലിനു കൊടുക്കുന്ന കൂലികൊണ്ട് അദ്ദേഹം തൃപ്തനായി. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് മാർ യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പൈതൃക പരിലാളനയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചുകൊണ്ട് അദ്ധ്വാനപൂർണവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം അദ്ദേഹം നയിച്ചു. വിശുദ്ധ യൗസേപ്പ് ദരിദ്രനായി ജനിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ദരിദ്രരോടു പിതൃതുല്യമായ സ്നേഹമാണുള്ളത്. മനുഷ്യന്റെ ജീവിതത്തിൽ തൊഴിലിനു ശ്രദ്ധേയമായ സ്ഥാനമുണ്ട്. ദൈവകുമാരനും അവിടുത്തെ വളർത്തുപിതാവായ യൗസേപ്പും തച്ചന്റെ ജോലി ചെയ്തിരുന്നവരാണ്.

രക്ഷാകര പദ്ധതിയിൽ പരി. കന്യകാ മറിയം കഴിഞ്ഞാൽ യേശുമിശിഹായോട് ഏറ്റവും കൂടുതൽ സഹകരിച്ച വ്യക്തി മാർ യൗസേപ്പാണെന്ന കാര്യത്തിൽ തർക്കമില്ല. മിശിഹായെ സംരക്ഷിച്ചും, മിശിഹായെ ജീവാപായത്തിൽ നിന്ന് രക്ഷിച്ചും മാർ യൗസേപ്പ്

www.malankaralibrary.com


രക്ഷാകര കർമ്മത്തിൽ സുപ്രധാനമായ പങ്കു വഹിച്ചു. ദിവ്യകുമാരനെ സംരക്ഷിക്കുവാനും വളർത്തുവാനും വന്ദ്യപിതാവ് ഏറെ കഠിനാദ്ധ്വാനം ചെയ്തു.

ലഭ്യമാകുന്ന രേഖകൾ അനുസരിച്ച് യൗസേപ്പ് ഒരു അനുകമ്പയുള്ള മനുഷ്യനും സർവ്വോപരി ദൈവേഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്നവനുമായിരുന്നു. തിരുക്കുടുംബത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു. യേശുവിന്റെ പരസ്യ ജീവിതകാലത്തും, മരണസമയത്തും, ഉത്ഥാനസമയത്തും മാർ യൗസേപ്പിന്റെ സാന്നിധ്യത്തെക്കുറിച്ച് യാതൊരു വിവരവും കാണാത്തതിനാൽ, യേശു തന്റെ പൊതുജീവിതം ആരംഭിക്കുന്നതിന് മുൻപ് തന്നെ യസേപ്പിതാവ് മരിച്ചിരിക്കാമെന്ന് നിരവധി ചരിത്രകാരന്മാർ വിശ്വസിക്കുന്നു.

നിരവധി കാര്യങ്ങളുടെ മദ്ധ്യസ്ഥ സഹായകൻ കൂടിയാണ് മാർ യൗസേപ്പ്. ആഗോള സഭയുടെ മദ്ധ്യസ്ഥൻ, മരണശയ്യയിൽ കിടക്കുന്നവരുടെ മദ്ധ്യസ്ഥൻ, തൊഴിലാളികളുടെ മദ്ധ്യസ്ഥൻ എന്നീ നിലകളിൽ തിരുസഭ അദ്ദേഹത്തെ വണങ്ങുന്നു. യേശുവിന്റെ വളർത്തച്ചനും ആഗോള സഭയുടെ മദ്ധ്യസ്ഥനുമായി തീർന്ന ഒരു തൊഴിലാളിയായിരുന്നു വി. യൗസേപ്പ്. ആരാധനാക്രമ സൂചികയിൽ വി. യൗസേപ്പിന്റെ പേരിൽ രണ്ട് തിരുനാളുകൾ ഉണ്ട്. പരിശുദ്ധ മറിയത്തിന്റെ ഭർത്താവെന്ന നിലയിൽ മാർച്ച് 19-നും മേയ് 1-ന് തൊഴിലാളിയെന്ന നിലയിലും തിരുനാൾ ആഘോഷിക്കുന്നു. പൗരസ്ത്യ സഭകളിൽ ക്രിസ്മസിന് ശേഷമുള്ള ആദ്യ ഞായറാഴ്ചയാണ് വി. യൗസേപ്പിന്റെ തിരുനാൾ ആചരിക്കുന്നത്. ക്രിസ്മസിസ് ശേഷം ഡിസംബറിൽ ഞായറാഴ്ചയില്ലെങ്കിൽ ഡിസംബർ 26-ന് ആചരിക്കും.

“വളരെയേറെ ആത്മീയതയുള്ള ഒരു മനുഷ്യനായിരുന്നു മാർ യൗസേപ്പ്. അടിയുറച്ച വിശ്വാസമുള്ള ഒരു മനുഷ്യൻ. അതിന്റെ കാരണം വിശുദ്ധന്റെ സ്വന്തം വാക്കുകളല്ല മറിച്ച് ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകൾ അദ്ദേഹം ശ്രവിച്ചതു മൂലമാണ്. നിശബ്ദതയിൽ ജീവിക്കുന്ന ദൈവത്തിന്റെ വാക്കുകളിൽ അടങ്ങിയിട്ടുള്ള സത്യത്തെ സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം സദാ സന്നദ്ധമായിരുന്നു”. ജോൺ പോൾ രണ്ടാമൻ പാപ്പാ യൗസേപ്പിനെ അനുസ്മരിച്ച് പറഞ്ഞ വാക്കുകളാണിത്.

www.malankaralibrary.com


*വിചിന്തനം: "വേദനകളും മരണഭയവും എന്നെ ചുറ്റുന്നു. എന്നാൽ എന്റെ ആത്മാവ് ശാന്തമായിരിക്കുന്നു കാരണം എന്റെ സഹായകനും എന്റെ രക്ഷകനും എന്റെ കോട്ടയും ആയ യേശുവിന്റെ സ്വരം ഞാൻ കേൾക്കുന്നു. അവന്റെ നാമം എന്റെ അധരങ്ങൾക്കും അവനെ സ്നേഹിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങൾക്കും മധുരകരമാണ്".*

## മാർച്ച് 21 — മാർ യോഹന്നാൻ ക്ലീമാക്കൂസ്

'ക്ലിമാക്സ്' അഥവാ ദിവ്യകരേറ്റത്തിന്റെ ഗോവണി എന്ന വിശിഷ്ട ഗ്രന്ഥത്തിന്റെ കർത്താവ് എന്ന നിലയിലാണ് ക്ലീമാക്കൂസ് എന്ന നാമധേയം മാർ യോഹന്നാന്റെ പേരിനോട് ചേർന്നത്. ഇദ്ദേഹം 524-ൽ പലസ്തീനായിൽ ജനിച്ചു. സമർത്ഥനായ യോഹന്നാൻ 16-ാം വയസ്സിൽ ലോകത്തിലെ ആർഭാടങ്ങൾ ഉപേക്ഷിച്ച് സന്യാസജീവിതം വരിച്ചു. 22-ാമത്ത വയസ്സിൽ സീനായ്മലയിൽ തപോജീവിതം നയിക്കുവാൻ തുടങ്ങി. മർതീരിയൂസ് എന്ന താപസ സന്യാസിയുടെ ശിക്ഷണം സ്വീകരിച്ച് മലഞ്ചെരുവിൽ ഒരു പർണ്ണശാലയിൽ താമസമുറപ്പിച്ചു. ആത്മപരിത്യാഗവും മൗനവും എളിമയും അനുസ്യൂതമായ പ്രാർത്ഥനയും വഴി ദൈവത്തിങ്കലേക്ക് ആത്മാവിനെ ഉയർത്തിക്കൊണ്ടിരുന്നു. ജോണിന് 25 വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ ഗുരു മരിച്ചു. അതുകൊണ്ട് വേറൊരു ഗുരുവിന്റെ ശിക്ഷണം സ്വീകരിച്ച് അദ്ദേഹം തോളാസിൽ ഏകാന്തജീവിതം നയിച്ചു.

ശനിയാഴ്ചയും ഞായറാഴ്ചയും മലഞ്ചെരുവിലുള്ള പള്ളിയിൽ പോയി ദിവ്യബലിയിലും മറ്റു പ്രാർത്ഥനകളിലും ജോൺ പങ്കെടുത്തിരുന്നു. തുച്ഛമായ ഭക്ഷണം കഴിച്ചിരുന്ന അദ്ദേഹം മാംസവും മത്സ്യവും വർജ്ജിച്ചിരുന്നു. വേദപുസ്തകവും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ പഠനവിഷയം. പർണ്ണശാല ജനങ്ങൾക്ക് പരിചിതമായെന്നു കണ്ടപ്പോൾ അകലെ പാറക്കെട്ടിലുണ്ടായിരുന്ന ഒരു ഗുഹയിൽ പ്രാർത്ഥനയിലും ധ്യാനത്തിലും ജോൺ സമയം ചിലവഴിച്ചു.

പലരും ജോണിന്റെ ഉപദേശങ്ങൾ തേടി ആശ്വാസം പ്രാപിച്ചിരുന്നു. അസൂയാലുക്കളായ ചിലർ അദ്ദേഹം നീണ്ടപ്രഭാഷണങ്ങളിൽ സമയം നഷ്ടപ്പെടുത്തുന്നുവെന്ന് ആരോപിച്ചു. അതു വെറും ഏഷണിയായിരുന്നുവെങ്കിലും പന്ത്രണ്ടു മാസത്തേക്ക് ജോൺ മൗനം

www.malankaralibrary.com


അവലംബിച്ചു. ഏഷണിക്കാർ അദ്ദേഹത്തിന്റെ വിനയം കണ്ട് തന്റെ ഉപദേശങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. ജനങ്ങൾ അദ്ദേഹത്തെ നവമൂശയായി പരിഗണിക്കാൻ തുടങ്ങി.

പർണ്ണശാലയിൽ അങ്ങനെ 40 വർഷം താമസിച്ചു. 75-ാമത്തെ വയസിൽ അദ്ദേഹം സീനായ് മലയിലുള്ള സന്യാസികളുടെ ആബട്ടായി ശുശ്രൂഷ ചെയ്തു. ആബട്ടായി ശുശ്രൂഷ ചെയ്യുന്ന കാലത്താണ് ''ദിവ്യകരേറ്റത്തിന്റെ ഗോവണി'' അല്ലെങ്കിൽ ''പറുദീസായുടെ ഗോവണി" എന്ന പേരിൽ പ്രസിദ്ധമായ കൃതി എഴുതിയത്. ഇതിന് 30 അധ്യായങ്ങളുണ്ട്. ആദ്ധ്യാത്മിക വളർച്ചയ്ക്കുള്ള 30 പടികളാണ് ഈ കൃതിയിൽ വിവരിക്കുന്നത്. ''യേശു പ്രാർത്ഥനയെപ്പറ്റി'' സംസാരിക്കുന്ന ആദ്യകാല ഗ്രന്ഥകാരൻമാരിൽ ഒരാളാണ് അദ്ദേഹം. 'ഇടയൻ' എന്ന മറ്റൊരു കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്.

*വിചിന്തനം: "ഒരു പിശാചിനും അനുകരിക്കാൻ കഴിയാത്ത പുണ്യമാണ് എളിമ. അഹങ്കാരം മാലാഖയെ പിശാച് ആക്കിയെങ്കിൽ എളിമയ്ക്കും പിശാചിനെ മാലാഖ ആക്കാൻ കഴിയും" (മാർ യോഹന്നാൻ ക്ലീമാക്കൂസ്).*

www.malankaralibrary.com

# ഏപ്രിൽ
# (നീസാൻ)

## ഏപ്രിൽ 12 — മാർ യൂലിയോസ് പാപ്പ

വി. യൂലിയോസ് റോമിലാണ് ജനിച്ചത്. 337 ഫെബ്രുവരി 6-ന് മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. പണ്ഡിതനും, മികച്ച ഭരണാധികാരിയും ഉജ്ജ്വല പ്രസംഗകനുമായിരുന്നു ഇദ്ദേഹം. യൂലിയോസ് പാപ്പയുടെ സമയത്തായിരുന്നു റോമിൽ 'ആർക്കൈവ്സ്' എന്ന വിഭാഗം ആരംഭിച്ചത്. ഇതിലാണ് സഭയുടെ എല്ലാ ഔദ്യോഗിക രേഖകളും സൂക്ഷിച്ചിരുന്നത് അതോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഡിസംബർ 25-ന് ക്രിസ്തുമസ് ആഘോഷിക്കുന്ന രീതി സഭയിലാകമാനം ഏകീകരിക്കപ്പെട്ടത്.

അക്കാലയളവിൽ മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്നത് രൂപതയിലെ ജനങ്ങളായിരുന്നു. അതുകൊണ്ട് തന്നെ ഈ തെരഞ്ഞെടുപ്പുകളിൽ പല തരത്തിലുള്ള സ്വാധീനവും ഉണ്ടായിരുന്നു. അതുപോലെ വ്യാജ ദൈവശാസ്ത്രജ്ഞരും സഭാവിശ്വാസികളെ വഴിതെറ്റിച്ചുകൊണ്ടിരുന്നു. ഇവർക്കെതിരെ ശക്തമായ നിലപാടുകൾ എടുക്കാനായിട്ട് യൂലിയോസ് പാപ്പയ്ക്ക് സാധിച്ചിട്ടുണ്ട്. റോമിൽ ഉണ്ടായിരുന്ന പല പാഷണ്ഡതകളെയും പ്രത്യേകിച്ച് ആര്യനിസത്തെയും നിശിതമായി വിമർശിച്ചുകൊണ്ട് റോമിന്റെ സംരക്ഷകനായി നിലകൊണ്ട അദ്ദേഹം 352 ഏപ്രിൽ 12-ന് കാലം ചെയ്തു. അന്ത്യോക്യൻ ആരാധനക്രമത്തിലെ വി. കുർബാനയുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ പ്രത്യേകം പരാമർശിക്കുന്ന സഭാപിതാവാണ് യൂലിയോസ് പാപ്പ.

*വിചിന്തനം: "നിങ്ങളുടെ നേതാക്കൻമാരെ അനുസരിക്കുകയും അവർക്കു വിധേയരായിരിക്കുകയും ചെയ്യുവിൻ. കണക്ക് ഏൽപിക്കാൻ കടപ്പെട്ട മനുഷ്യരെപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു. അങ്ങനെ അവർ സന്തോഷപൂർവ്വം സങ്കടം*

www.malankaralibrary.com


*കൂടാതെ, ആ കൃത്യം ചെയ്യുന്നതിന് ഇടയാകട്ടെ. അല്ലെങ്കിൽ അതു നിങ്ങൾക്കു പ്രയോജനരഹിതമായിരിക്കും" (ഹെബ്രാ. 13:17).*

**ഏപ്രിൽ 13** **മാർ സെറാഫിയോൻ**

അഗാധമായ പാണ്ഡിത്യവും, കുശാഗ്രബുദ്ധിയും, അറിവുമുണ്ടായിരുന്ന ഈജിപ്തുകാരനായ ഒരു സന്യാസിയായിരുന്നു വിശുദ്ധ സെറാഫിയോൻ. വിശുദ്ധ അന്തോണീസിന്റെ ഒരു ശിഷ്യനായിരുന്നു ഈ വിശുദ്ധൻ. കുറച്ചു കാലങ്ങളോളം വിശുദ്ധൻ ഈജിപ്തിലെ അലക്സാണ്ട്രിയായിൽ ഒരു വേദപാഠശാല നടത്തിയിരുന്നു. എന്നാൽ പിന്നീട് അനുതാപ പ്രവർത്തനങ്ങൾക്കും, പ്രാർത്ഥനയ്ക്കും കൂടുതൽ സമയം കണ്ടെത്തുന്നതിനായി വിശുദ്ധൻ ഈ വേദപാഠശാലയിൽ നിന്നും വിരമിച്ചു. വി. സെറാഫിയോനും അന്തോണിയൂസും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വി. അത്തനാസിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല മുടികൊണ്ടുള്ള തന്റെ വസ്ത്രം വിശുദ്ധ സെറാഫിയോണിനായി അവശേഷിപ്പിച്ചിട്ടായിരുന്നു വിശുദ്ധ അന്തോണീസ് ഇഹലോകവാസം വെടിഞ്ഞത്.

ഡയോപോളീസിന് സമീപമുള്ള നൈൽ നദീതടത്തിലെ മൂയീസിലെ മെത്രാനായി വിശുദ്ധൻ അഭിഷേകം ചെയ്യപ്പെട്ടതിന് ശേഷം അദ്ദേഹം സഭാപരമായ കാര്യങ്ങളിൽ നേതൃനിരയിലേക്കുയർന്നു. ആരിയനിസമെന്ന മതവിരുദ്ധ സിദ്ധാന്തത്തിന്റെ ശക്തനായ എതിരാളിയായിരുന്നു വിശുദ്ധൻ. ഇക്കാരണങ്ങൾ കൊണ്ട്, വിശുദ്ധ അത്തനാസിയൂസിന്റെ കടുത്ത അനുഭാവിയായിരുന്ന വിശുദ്ധ സെറാഫിയോനെ, ചക്രവർത്തിയായിരുന്ന കോൺസ്റ്റാന്റിയൂസ് നാടുകടത്തി. വിശുദ്ധ ജെറോം 'കുമ്പസാരകൻ' എന്നാണ് വിശുദ്ധ സെറാഫിയോനെ വിശേഷിപ്പിച്ചിരുന്നത്. പരിശുദ്ധാത്മാവിന്റെ ദിവ്യത്വത്തെ നിരാകരിക്കുന്ന മാസിഡോണിയനിസം എന്ന മതനിന്ദ ഉടലെടുത്തപ്പോൾ വിശുദ്ധൻ അതിനെ ശക്തമായി എതിർക്കുകയും, ഇതിനേക്കുറിച്ച് ഒളിവിലായിരുന്ന വിശുദ്ധ അത്തനാസിയൂസിനെ ധരിപ്പിക്കുകയും ചെയ്തു. ഇതിനേ തുടർന്ന് 359-ൽ മരുഭൂമിയിലെ തന്റെ ഒളിസ്ഥലത്ത് നിന്നും വിശുദ്ധ അത്തനാസിയൂസ് ഈ സിദ്ധാന്തത്തെ എതിർത്തുകൊണ്ട്

www.malankaralibrary.com


നാലോളം എഴുത്തുകൾ വിശുദ്ധ സെറാഫിയോണിന് എഴുതുകയുണ്ടായി. മാസിഡോണിയനിസത്തിന് എതിരായി ഒരു അമൂല്യമായ ഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്.

ഇതിനെല്ലാമുപരിയായി വിശുദ്ധ സെറാഫിയോനിനെ മറ്റ് വിശുദ്ധരിൽ നിന്നും കൂടുതൽ അറിയപ്പെടുന്നവനാക്കിയത് വിശുദ്ധ കർമ്മങ്ങളുടെയും, പ്രാർത്ഥനകളുടെയും ഒരു സമാഹാരമായ 'യൂക്കോളജിയോൺ' എന്നറിയപ്പെടുന്ന ഗ്രന്ഥമാണ്. 1899-ലാണ് ഇത് കണ്ടെടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തത്. ആരാധനാപരമായ പ്രാർത്ഥനകളുടെ ഈ ശേഖരം, മുഖ്യമായും മെത്രാൻമാരുടെ ഉപയോഗത്തിനായി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

*വിചിന്തനം: "സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട് അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവം പരിശ്രമിക്കുക" (2 തിമോ. 2:15).*

## ഏപ്രിൽ 14 — മാർ ശെമഊൻ ബെർസാബോയൊ

മാർ ശെമഓൻ ബർ സാബോയൊ, സ്റ്റെസിഫോൺ അഥവാ സൂസ് എന്ന പ്രദേശത്താണ് ജനിച്ചത്. അദ്ദേഹത്തിന്റെ കുടുംബം വളരെ സമ്പന്നമായിരുന്നു. 328-ൽ അദ്ദേഹം ആർച്ചു ഡീക്കനാവുകയും പിന്നീട് സെലൂക്യായിലെയും സ്റ്റെസിഫോണിലെയും കാതോലിക്കയാവുകയും ചെയ്തു. തന്നെ ഏൽപ്പിച്ചിരിക്കുന്ന അജഗണത്തിന് ശ്ലൈഹീകമായ നേതൃത്വം അദ്ദേഹം നല്കി. ക്രിസ്തുവിനുവേണ്ടി പ്രവൃത്തിക്കാനുള്ള അദ്ദേഹത്തിന്റെ അഗാധമായ തീക്ഷ്ണത സാബോയൊയെ രക്തസാക്ഷിത്വത്തിലേക്ക് നയിച്ചു. അങ്ങനെ 343-ൽ ക്രൂരനായ സാപ്പോർ രണ്ടാമനാൽ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹം ധാരാളം ആത്മീയ കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. അതിൽ നാലെണ്ണം മാത്രമേ ഇന്ന് ലഭിച്ചിട്ടുള്ളൂ.

*വിചിന്തനം: "ക്രിസ്തുവിന്റെ നാമം നിമിത്തം നിങ്ങൾ പീഡിപ്പിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ; എന്തെന്നാൽ മഹത്വത്തിന്റെ ആത്മാവ് അതായത്, ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു" (1 പത്രോ. 4:14).*

www.malankaralibrary.com



## ഏപ്രിൽ 23 മാർ ഗീവർഗീസ് സഹദാ

ക്രിസ്തുവർഷം 269-ൽ കപ്പദോചൃയിൽ കുലീനരും ക്രൈസ്തവ വിശ്വാസികളുമായ മാതാപിതാക്കന്മാരിൽ വി. ഗീവർഗീസ് ജനിച്ചു. ഗീവർഗീസിന്റെ ബാല്യത്തിൽ തന്നെ അദ്ദേഹത്തിന്റെ പിതാവ് മരിച്ചു. പിതാവിന്റെ മരണശേഷം അമ്മ ഗീവർഗീസ് തന്റെ ജന്മ സ്ഥലമായ പാലസ്തീനായിലേക്ക് മടങ്ങി. വിശുദ്ധന്റെ മാതാവിന്റെ ജന്മദേശമായിരുന്നു പാലസ്തീൻ. അവിടെ അവർക്ക് വളരെ വലിയ തോട്ടമുണ്ടായിരുന്നു. ക്രമേണ ഈ തോട്ടം വി. ഗീവർഗ്ഗീസിനു ലഭിച്ചു. വി. ഗീവർഗ്ഗീസ് നല്ല ആരോഗ്യവാനായിരുന്നു. അതിനാൽ തന്നെ അദ്ദേഹം സൈന്യത്തിൽ ചേരുകയും അദ്ദേഹത്തിന്റെ ധീരതയാൽ സൈന്യത്തിലെ ഉപസൈന്യാധിപതിയായി നിയമിതനാവുകയും ചെയ്തു. അധികം താമസിയാതെ ഡയോക്ലീഷൻ ചക്രവർത്തി വിശു ദ്ധന് ഉയർന്ന സ്ഥാനമാനങ്ങൾ നൽകി. എന്നാൽ ചക്രവർത്തി ക്രൈസ്തവരെ പീഡിപ്പിക്കാൻ തുടങ്ങിയപ്പോൾ വി. ഗീവർഗ്ഗീസ് തന്റെ സ്ഥാനമാനങ്ങൾ ഉപേക്ഷിച്ചു. പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരെ ശക്തിപ്പെടുത്തി. ഇതിൽ കുപിതനായ ചക്രവർത്തി വിശുദ്ധനെ തട വിലടച്ചു. പ്രലോഭനങ്ങളും വാഗ്ദാനങ്ങളും പിന്നീട് ക്രൂരമായ മർദ്ദന ങ്ങളും വിശുദ്ധന് നേരിടേണ്ടി വന്നു. പക്ഷേ ഇതിനൊന്നിനും വിശു ദ്ധനെ തളർത്തുവാൻ കഴിഞ്ഞില്ല. കാരാഗൃഹത്തിൽ വച്ച് വി. ഗീവർഗീസിന് ഈശോയുടെ ദർശനം ഉണ്ടാവുകയും വി. ഗീവർഗീസ് സഹദായെ ശക്തിപ്പെടുത്തുകയും ചെയ്തു. തടവറയ്ക്ക് കാവൽനിന്ന കാവൽഭടന്മാർ ഈ ദർശനത്തിന് സാക്ഷ്യം വഹിക്കുകയും വിശ്വാസം സ്വീകരിച്ച് ക്രിസ്ത്യാനികളാവുകയും ചെയ്തു. കാരാഗൃഹത്തിൽ നിന്നും അത്ഭുതകരമായി മോചിതനായി. കാരാഗൃഹത്തിൽ നിന്ന് മോചിതനായ ഗീവർഗീസ് അനേകരെ ക്രിസ്തുവിലേക്ക് നയിക്കുന്ന തിന് ശക്തമായി പ്രവർത്തിച്ചു. ഇതിൽ കുപിതനായ രാജാവ് അദ്ദേഹത്തെ വീണ്ടും കാരാഗൃഹത്തിലേക്ക് അയക്കുവാൻ കല്പന പുറപ്പെടുവിച്ചു. കാരാഗൃഹത്തിൽ നിരവധിയായ പീഡനങ്ങൾക്ക് അദ്ദേഹം വിധേയനായി. ഇതൊന്നും അദ്ദേഹത്തിന്റെ വിശ്വാസത്തെ തളർത്തിയില്ല.

www.malankaralibrary.com


അദ്ദേഹത്തെ തെരുവുകളിലൂടെ നടത്തിക്കുകയും അവസാനം ശിരച്ഛേദം ചെയ്ത് കൊലപ്പെടുത്തുകയും ചെയ്തു. എ.ഡി. 803 ഏപ്രിൽ 23, ഒരു ദുഃഖവെള്ളിയാഴ്ച അദ്ദേഹം രക്തസാക്ഷിത്വമകുടം ചൂടി.

അന്ത്യോക്ക്യയിലുണ്ടായ ഒരു യുദ്ധത്തിൽ വിശുദ്ധൻ ക്രിസ്ത്യൻ സൈന്യത്തിന്റെ സഹായത്തിനെത്തുകയും ആ യുദ്ധത്തിൽ ക്രിസ്ത്യാനികൾ വിജയിക്കുകയും ചെയ്തു. ഈ വിജയം വിശുദ്ധനെ യൂറോപ്പു മുഴുവൻ പ്രസിദ്ധനാക്കുകയും യുദ്ധവേളകളിൽ സൈനികർ വിശുദ്ധന്റെ നാമം വിളിച്ചപേക്ഷിക്കുന്ന പതിവിന് തുടക്കമിടുകയും ചെയ്തു. മറ്റൊരു വിശ്വാസം കൂടിയുണ്ട്. ഗീവർഗ്ഗീസിനോടുള്ള ഭക്തി ഇംഗ്ലണ്ടിൽ ചിരപ്രതിഷ്ഠ നേടിയത് മൂന്നാമത്തെ കുരിശു യുദ്ധത്തോടു കൂടിയാണ്. തുർക്കികളുടെ ഭീകരമായ ആക്രമത്തെ ചെറുത്തു നിൽക്കുവാൻ കഴിവില്ലാതെ വിഷമിച്ചിരിന്ന ഒരു കാലഘട്ടമായിരുന്നു ഇത്.

തദവസരത്തിൽ, ഇംഗ്ലണ്ട് രാജാവ് തന്റെയും സൈന്യത്തിന്റെയും സംരക്ഷകനായി വി. ഗീവർഗീസിനെ വരിച്ചു. രണാങ്കണത്തിൽ വച്ച് അശ്വാരൂഢനായ ഒരു യോദ്ധാവ് വെള്ള വസ്ത്രം ധരിച്ച് കുരിശടയാളമുള്ള ചെമന്ന അരക്കെട്ടുമായി പ്രത്യക്ഷപ്പെട്ട് അവരെ സഹായിക്കുകയാണുണ്ടായതത്രേ. 1098 ഏപ്രിൽ 28-ാം തീയതിയാണ് ഈ അത്ഭുതം നടന്നത്. വീണ്ടും 1147-ൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന റിച്ചാർഡ് ഒന്നാമൻ ഫ്രാൻസിന്റെയും ജർമ്മനിയുടെയും പിൻബലത്തോടുകൂടി നടത്തിയ യുദ്ധത്തിലും വിജയം ദുഷ്കരമായി തോന്നി. ആ അവസരത്തിൽ അദ്ദേഹം തന്റെ രണവീരന്മാരായ സൈന്യവ്യൂഹത്തിൽ ആശ്രയിക്കാതെ തങ്ങളുടെ സ്വർഗീയ മദ്ധ്യസ്ഥനായി തെരഞ്ഞെടുത്തിരുന്ന വി. ഗീവർഗീസിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടി. ആ യുദ്ധത്തിൽ അവർക്ക് അത്ഭുതകരമായ വിജയമുണ്ടായി.

ഗ്രീക്കുകാർ വിശുദ്ധനെ മഹാനായ രക്തസാക്ഷി എന്ന വിശേഷണം നൽകി ആദരിക്കുകയും വിശുദ്ധന്റെ തിരുനാൾ ദിവസം ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പണ്ടുകാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ ഏതാണ്ട് അഞ്ചോ ആറോ ദൈവാലയങ്ങൾ വിശുദ്ധന്റെ നാമധേയത്തിൽ ഉണ്ടായിരുന്നു. അതിൽ ഏറ്റവും പഴക്കമേറിയത് കോൺസ്റ്റന്റയിൻ ചക്രവർത്തിയാൽ നിർമ്മിക്കപ്പെട്ട

www.malankaralibrary.com


തെന്ന് കരുതപ്പെടുന്നു. ഇപ്പോഴും ചില പൗരസ്ത്യ രാഷ്ട്രങ്ങളിൽ പ്രത്യേകിച്ച് ജോർജ്ജിയൻ നിവാസികൾ വിശുദ്ധ ഗീവർഗീസിനെ അവരുടെ മദ്ധ്യസ്ഥ വിശുദ്ധനായിട്ടാണ് പരിഗണിക്കുന്നത്.

വിശുദ്ധന്റെ മദ്ധ്യസ്ഥം വഴി നിരവധി യുദ്ധ വിജയങ്ങളും മറ്റ് അത്ഭുതങ്ങളും നടന്നിട്ടുണ്ട് എന്ന് ചില ബൈസന്റൈൻ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ നാട് സന്ദർശിക്കുന്ന തീർത്ഥാടകർ പാലസ്തീനിലുള്ള വിശുദ്ധന്റെ ശവകുടീരവും ദൈവാലയവും സന്ദർശിക്കുന്നതിനാൽ പാശ്ചാത്യ രാജ്യങ്ങളിൽ വിശുദ്ധന്റെ നാമം വളരെയേറെ പ്രചരിപ്പിക്കപ്പെട്ടു. ആറാം നൂറ്റാണ്ടിൽ ഫ്രാൻസിൽ വിശുദ്ധനെ വളരെയേറെ ആദരിച്ചിരുന്നുവെന്ന് ടൂർസിലെ വിശുദ്ധ ഗ്രിഗറി പരാമർശിക്കുന്നു. പടയയാളികളുടെ മദ്ധ്യസ്ഥനായിട്ടാണ് വി. സഭ ഗീവർഗീസിനെ വണങ്ങുന്നത്. സാധാരണയായി കുതിരപ്പുറത്തിരുന്ന് ഒരു ക്രൂര സർപ്പത്തെ കൊല്ലുന്ന പടയാളിയായിട്ടാണ് ഗീവർഗീസിനെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ചിത്രത്തിന്റെ പിന്നിലുള്ള സംഭവം ഗീവർഗീസിന്റെ ജീവിതകാലത്ത് സംഭവിച്ചു എന്ന് പറയപ്പെടുന്ന ഒരു അത്ഭുതമായി ബന്ധപ്പെടുത്തിയാണ്. ലിബിയായിലെ ഒരു ഭ്രാന്ത പ്രദേശത്തെ ജനങ്ങൾക്ക് ഭീഷണിയായി നിലകൊണ്ട ഒരു മഹാസർപ്പത്തെ വി. ഗീവർഗീസ് നശിപ്പിച്ച് ആ നാടിനെ രക്ഷിച്ചു. ഒഴിയാ ബാധയിൽ നിന്നും തങ്ങളുടെ നാടിനെ രക്ഷിച്ച ഗീവർഗീസിന്റെ നിർദ്ദേശപ്രകാരം ആ പ്രദേശത്തുള്ളവർ ക്രിസ്തുമതം സ്വീകരിച്ചു. ഇത്തരം പൈശാചികശക്തിയുടെ സംരക്ഷണത്തിനും പാമ്പ് മുതലായ ക്ഷുദ്രജീവികളിൽ നിന്നുള്ള സംരക്ഷണത്തിലും സഭ വി. ഗീവർഗീസിന്റെ മദ്ധ്യസ്ഥം തേടുന്നു. സുറിയാനി ക്രിസ്ത്യാനികൾക്ക് വി. ഗീവർഗീസിനോട് പ്രത്യേകം ഭക്തിയും സ്നേഹവുമുണ്ട്. കേരളത്തിലെ പല പ്രശസ്തമായ തീർത്ഥാടന കേന്ദ്രങ്ങളും വി. ഗീവർഗീസിന്റെ മദ്ധ്യസ്ഥതയിലുള്ളതാണ്.

*വിചിന്തനം: "ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവനെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച് ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" (മത്താ. 10:28).*

www.malankaralibrary.com


## ഏപ്രിൽ 25 മർക്കോസ് സുവിശേഷകൻ

ആഫ്രിക്കയിലെ ഫന്താപോലീസിലുള്ള ഈറന്നലോല പട്ടണത്തിൽ ജനിച്ചു. പത്രോസ് ശ്ലീഹായുടെ പ്രേഷിത തീഷ്ണതയാൽ അകൃഷ്ടനായ മർക്കോസ് ക്രിസ്തുമതം സ്വീകരിച്ചു, പത്രോസിന്റെ ശിഷ്യനായി തീർന്നു. അതുകൊണ്ടാണ് പതോസിന്റെ ലേഖനത്തിൽ തന്റെ പുത്രനായി മർക്കോസിനെ വിളിക്കുന്നത് (1 പത്രോ. 15:13). പത്രോസിന്റെ ശ്ലൈഹിക യാത്രകളിൽ അദ്ദേഹത്തെ കൊണ്ട് പോയിരുന്നു. പത്രോസിന്റെ സഹായത്തിലാണ് എ.ഡി. 61-ൽ മർക്കോസ് തന്റെ സുവിശേഷം രചിച്ചത്. അതുകൊണ്ടാണ് ആ സുവിശേഷത്തിൽ കർത്താവ് പത്രോസിനെ പുകഴ്ത്തി പറഞ്ഞിട്ടുള്ളത് വിസ്തരിച്ച് കാണിക്കാതെ, പത്രോസ് കർത്താവിനെ തള്ളിപ്പറയുകയും കർത്താവ് തന്നെ ശാസിക്കുകയും ചെയ്യുന്ന കാര്യങ്ങൾ വ്യക്തമായി വിവരിച്ചിരിക്കുന്നത്. വിജാതീയ ക്രിസ്ത്യാനികൾക്കു വേണ്ടിയാണ് അദ്ദേഹം സുവിശേഷങ്ങൾ രചിച്ചത്.

എ.ഡി. 61-ൽ തന്നെ പത്രോസ് ശ്ലീഹാ ഇദ്ദേഹത്തെ അലക്സാന്ത്രിയായിലേക്ക് സുവിശേഷ പ്രഘോഷണത്തിന് അയച്ചു. അവിടെ എത്തുന്നതിനുമുമ്പ് പന്താപ്പാലീസ്, മർമോറിക്കാ, ലിബിയ എന്നീ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും മിശിഹായിൽ വിശ്വസിക്കുകയും ചെയ്തു. അലക്സാന്ത്രിയായിലെ തെരുവിൽ സഞ്ചരിക്കവേ ഒരു ചെരിപ്പുകുത്തിയെ കാണുകയും അദ്ദേഹം ചെരുപ്പ് കുത്തികൊണ്ടിരുന്നപ്പോൾ സൂചി കൈയ്യിൽ തറച്ചുകയറുകയും ഏക ദൈവത്തെ നിലവിളിച്ച് കരഞ്ഞപ്പോൾ മർക്കോസ് അല്പം മണ്ണെടുത്തു മുറിവിൽ പുരട്ടി ഉടനെ അവന് സുഖം ഉണ്ടാകുകയും ചെയ്തു. ചെരുപ്പുകുത്തി തന്റെ ഭവനത്തിലേക്ക് മർക്കോസിനെ കൊണ്ടുപോയി ആ കുടുംബം ക്രിസ്തുമതം സ്വീകരിച്ചു. ഇത് പട്ടണം മുഴുവൻ അറിഞ്ഞു. അനേകർ വിശ്വാസം സ്വീകരിച്ചു.

അലക്സാന്ത്രിയായിൽ വച്ച് അന്യദൈവത്തെ ആരാധിക്കുന്നവർ (കാവ്യർ) മർക്കോസിനെ കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ വിശ്വാസികളുടെ സംഖ്യ വർദ്ധിച്ചുവന്നു. എ.ഡി. 64-ൽ വിശ്വാസികളെ ഒരുമിച്ചുകൂട്ടി അവർക്കായി 3 പുരോഹിതരെയും 7 ശെമ്മാശ്ശ

www.malankaralibrary.com


ന്മാരെയും വാഴിച്ചു. അവരുടെ തലവനായി അനിയാനോസിനെ മെത്രാനായി വാഴിച്ചു. തുടർന്ന് അദ്ദേഹം താൻ സുവിശേഷം പ്രസംഗിച്ച പ്രദേശം സന്ദർശിക്കാനായി അലക്സാണ്ട്രിയായിൽ നിന്നും പോയി. ആ യാത്രയിൽ അദ്ദേഹം റോമിലേക്ക് പോവുകയും പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം വരെ അദ്ദേഹം റോമിൽ വസിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം അലക്സാണ്ട്രിയായിൽ എത്തി. അദ്ദേഹത്തിന്റെ വരവ് അറിഞ്ഞ ശത്രുക്കൾ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി കുതിരകളുടെ വാലിൽ കെട്ടി ശരീരം നുറുങ്ങുന്നതുവരെ തെരുവിലൂടെ കുതിരകളെ പായിച്ചു. എന്നാൽ അദ്ദേഹം മരിച്ചില്ല. തുടർന്ന് ശത്രുക്കൾ അദ്ദേഹത്തെ ഇരുട്ടുമുറിയിൽ അടച്ചു. രാത്രിയിൽ മാലാഖ പ്രത്യക്ഷപ്പെട്ട് മർക്കോസിനെ ആശ്വസിപ്പിച്ചു. പിറ്റേദിവസം കുതിരയുടെ വാലിൽ കെട്ടി മർക്കോസ് മരിക്കുന്നതുവരെ കുതിരയെ ഓടിച്ചു. തുടർന്ന് വിറക് അടുക്കി അതിൽ മർക്കോസിന്റെ ശരീരം വച്ച് തീ കത്തിച്ചു. അങ്ങനെ എ.ഡി. 68-ൽ അദ്ദേഹം രക്തസാക്ഷിയായി. പെട്ടെന്ന് വലിയ മഴയും ഇടിയുമുണ്ടായി തീ നിശ്ശേഷം കെട്ടുപോയി. ഇതിൽ ഭയന്ന് ശത്രുക്കൾ ഓടിപ്പോയി. അനന്തരം ക്രിസ്ത്യാനികൾ വന്ന് ശരീരം ആഘോഷത്തോടുകൂടി അലക്സാണ്ട്രിയായിൽ കൊണ്ടുപോയി അടക്കി.

വി. ഗ്രന്ഥത്തിലുള്ള സൂചനകളിൽ നിന്നും അദ്ദേഹം ബർണബാസിന്റെ പിതൃസഹോദരപുത്രനും (കൊളേ. 4:10) പൗലോസിന്റെ ആദ്യത്തെ സുവിശേഷ പ്രഘോഷണ യാത്രയിൽ സഹായിയും (അപ്പോ. പ്രവ. 3:5, 15:37-39) പൗലോസിനോടുകൂടി കാരാഗൃഹവാസം അനുഭവിച്ചവനും (കൊളോ. 4:10, ഫിലിപ്പി 2:4) പൗലോസിന്റേയും (2 തിമോ. 4:11) പത്രോസിന്റെയും (1 പത്രോ. 5:13) സഹായികളിലൊരുവനും ആയിരുന്നു എന്ന് കാണാം. മർക്കോസിന്റേതായ ഒരു പ്രത്യേക പ്രതിപാദനശൈലിയിലാണ് അദ്ദേഹം തന്റെ സുവിശേഷരചനയിൽ സ്വീകരിച്ചിരിക്കുന്നത്. മനുഷ്യപുത്രനും ദൈവസുതനുമായ യേശുവിന്റെ ആത്മാവിഷ്കരണവും അതിന് അവിടുത്തെ ആദ്യശിഷ്യർ നൽകിയതിന് ഭാവിശിഷ്യർ നൽകേണ്ടതുമായ പ്രതികരണവും ഇത് ഉൾകൊള്ളുന്നു. അലക്സാണ്ട്രിയൻ സഭയുടെ സ്ഥാപകനായി മർക്കോസ് അറിയപ്പെടുന്നു.

www.malankaralibrary.com


*വിചിന്തനം: "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ. 16:15-16).*

## ഏപ്രിൽ 27 — വി. ക്ലീറ്റസ്

റോം ആണ് ജന്മദേശം. വെസ്പിയൻ ചക്രവർത്തിയുടെ കാലത്താണ് വി. ലീനസിന്റെ പിൻഗാമിയായി അദ്ദേഹം റോമിൽ മാർപാപ്പയായത്. വത്തിക്കാനിൽ വി. പത്രോസ് ശ്ലീഹായുടെ കബറിടത്തിനു സമീപം പ്രത്യേകം കപ്പേള നിർമ്മിച്ചു. സഭാവസ്ത്രങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. 25 ഓളം പുരോഹിതരെ അദ്ദേഹം അഭിഷേകം ചെയ്തു. അനാക്ലീറ്റസ്, അനേക്ലേത്തൂസ്, ക്ലേത്തൂസ് എന്നൊക്കെ അറിയപ്പെടുന്നതും ഇദ്ദേഹം തന്നെയാണ്. മതപീഡനങ്ങളുടെ പരാമ്യതയിലായിരുന്നു സഭ അപ്പോൾ. കാറ്റകോംമ്പുകളിൽ ആരാധന നടത്തിയിരുന്നു. സഭാനേതൃത്വം നൽകി വിശ്വാസികളെപ്പോലെ നിഗൂഢമായ സ്ഥലങ്ങളിൽ ഒളിച്ചു താമസിക്കുകയായിരുന്നു. 92-ൽ സഭയുടെ മൂന്നാമത്തെ രക്തസാക്ഷിയായി.

*വിചിന്തനം:- "നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:10).*

## ഏപ്രിൽ 29 — സിയന്നായിലെ വി. കത്രീന

1347 മാർച്ച് 25-ാം തീയതി ജക്കോപ്പാ, ലാപ്പാ ബെനിൻകാസ എന്നിവരുടെ മകളായി കത്രീന ഇറ്റലിയിൽ ജനിച്ചു. ചെറുപ്പം മുതലേ ദൈവഭക്തിയിലും മറ്റുള്ളവരോടുള്ള സ്നേഹബന്ധത്തിലും അവൾ വളർന്നുവന്നു. ദൈവത്തിന്റെ അത്ഭുതകരമായ ദർശനങ്ങൾ അവൾക്ക് ലഭിച്ചിരുന്നു. ഒരു ദിവസം യേശു അവൾക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "കാതറിൻ നിന്റെ മാനുഷിക ഹൃദയം എനിക്കു തരിക; എന്റെ ഹൃദയം ഞാൻ നിനക്കുതരാം". തന്റെ ഹൃദയം പൂർണ്ണമായി അവൾ യേശുവിന് നൽകി. 12-ാമത്തെ വയസ്സിൽ ചില വിവാഹാലോചനകൾ വന്നപ്പോൾ അവൾ സ്വന്തം മുടി മുറിച്ചുകളഞ്ഞു. പിതാവിന്റെ അനുവാദത്തോടെ ഒരു കൊച്ചു മുറിയിൽ അവൾ താമസിച്ചു. 18-ാം

www.malankaralibrary.com


വയസ്സിൽ കത്രീന ഡൊമിനിക്കൻ മഠത്തിൽ ചേർന്നു. അവിടെ സ്വന്തം മുറിയിൽ പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിഞ്ഞുകൂടി. മൂന്ന് വർഷം കുമ്പസാരക്കാരനോടല്ലാതെ മറ്റാരോടും സംസാരിച്ചിരുന്നില്ല. ഭയങ്കര പരീക്ഷണങ്ങൾ ജീവിതത്തിൽ വന്നപ്പോഴും തന്റെ വിശ്വാസം അവൾ വെടിഞ്ഞില്ല. ഒരിക്കൽ ഒരു അശുദ്ധ പരീക്ഷണത്തിനുശേഷം ദിവ്യഗുരു പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ ചോദിച്ചു: "ഞാൻ പരിത്യക്തയായി ഭയങ്കരമായി കഷ്ടപ്പെട്ടപ്പോൾ ദിവ്യമണവാളാ, അങ്ങ് എവിടെയായിരുന്നു?" "ഞാൻ നിന്റെ കൂടെയായിരുന്നു", എന്നു മറുപടി. "എന്ത്? എന്റെ ആത്മാവിനെ അലട്ടിയിരുന്ന ഈ മലിനസാഹചര്യത്തിലോ? "അവൾ ചോദിച്ചു". "അതെ, നിനക്ക് അത് അനിഷ്ടമായിരുന്നു. അതാണ് നിന്റെ യോഗ്യത. എന്റെ സാന്നിധ്യം കൊണ്ടാണ് നീ വിജയം നേടിയത്" എന്ന് കർത്താവ് പ്രതിവചിച്ചു.

അന്നത്തെ മാർപാപ്പയായിരുന്ന പതിനൊന്നാം ഗ്രിഗറി മാർപാപ്പയ്ക്ക് വിഷമഘട്ടങ്ങളിൽ ഉപദേശ നിർദ്ദേശങ്ങൾ നൽകാനുള്ള ദിവ്യവരം കത്രീനയ്ക്ക് സിദ്ധിച്ചിരുന്നു. മാർപാപ്പ ഫ്രാൻസിലെ അവിഞ്ഞോൺ നഗരത്തിൽ വിപ്രവാസിയായി കഴിഞ്ഞ അവസരത്തിൽ കത്രീന മാർപാപ്പയെ ചെന്ന് കണ്ട്, റോമിലേയ്ക്ക് തിരിച്ചു പോകണമെന്ന് നിർബന്ധപൂർവ്വം നിർദ്ദേശിച്ചു. കത്തോലിക്കാ സഭയുടെ നന്മയ്ക്ക് വേണ്ടി മാർപാപ്പ കത്രീനയുടെ അഭ്യർത്ഥന സ്വീകരിക്കുകയും ചെയ്തു. 1376-ൽ സെപ്റ്റംബർ 16-ാം തീയതി മാർപാപ്പ റോമിലേക്ക് മടങ്ങി. മാർപാപ്പയ്ക്ക് കീഴടങ്ങാതെ നിന്നിരുന്ന ഫ്ളോറൻസുകാരെ ആറാം ഉർബൻ മാർപാപ്പയുമായുള്ള വിധേയത്വത്തിലേക്ക് കൊണ്ടുവന്നതും കത്രീനയാണ്. പ്രായശ്ചിത്തവും അധ്വാനവും കത്രീനയെ രോഗിണിയാക്കി. 1374-ൽ രാജ്യമാസകലം സാംക്രമിക രോഗങ്ങൾ പടർന്നു പിടിച്ചപ്പോൾ അനേകരെ ശുശ്രൂഷിക്കുകയും, പ്രാർത്ഥനവഴി അനേകർക്ക് സൗഖ്യം നൽകുകയും ചെയ്തു. നിരവധി പാപികളെ അവൾ മാനസാന്തരപ്പെടുത്തി. 1380 ഏപ്രിൽ 29-ാം തീയതി റോമിൽ വച്ച് 33-ാമത്തെ വയസ്സിൽ അവർ തന്റെ നിത്യസമ്മാനത്തിനായി ദൈവസന്നിധി പൂകി. 1461-ൽ രണ്ടാം പീയൂസ് മാർപാപ്പ കത്രീനയെ വിശുദ്ധയെന്ന് നാമകരണം ചെയ്തു. 1975-ൽ ആറാം പൗലോസ് മാർപാപ്പ ആവിലായിലെ അമ്മ ത്രേസ്യയോടൊപ്പം കത്രീനയെ 'വേദപാരംഗത' എന്ന് പ്രഖ്യാപിച്ചു.

www.malankaralibrary.com


*വിചിന്തനം: "അവിടുത്തെയല്ലാതെ മറ്റൊരാളെ എന്റെ മണവാളനായി ഞാൻ തിരഞ്ഞെടുക്കുകയില്ല. എന്റെ ജീവിതാന്ത്യംവരെ എന്നെ വിശുദ്ധമായി യാതൊരുവിധ കറയും പുരളാതെ നിനക്കുവേണ്ടി എന്നും കാത്തുസൂക്ഷിക്കും" (സീയന്നായിലെ വി. കത്രീന).*

## ഏപ്രിൽ 30 സെബദി പുത്രനായ യാക്കോബ്

സെബദിയുടെയും സലോമിയുടെയും പുത്രനാണ് യാക്കോബ് ശ്ലീഹാ. ചരിത്രത്തിൽ വലിയ യാക്കോബ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. യേശുവിന്റെ ജനനത്തിന് 15 വർഷം മുൻപാണ് യാക്കോബ് ജനിച്ചത് എന്നാണ് പണ്ഡിതരുടെ അഭിപ്രായം. പിതാവായ സെബദിയെ മീൻപിടുത്തത്തിൽ സഹായിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് ശ്ലീഹായ്ക്ക് യേശുവിന്റെ വിളി ലഭിച്ചത്. പിതാവുമൊത്ത് വല നന്നാക്കികൊണ്ടിരിക്കുന്ന അവസരത്തിൽ യേശു വരുകയും ഇനിമുതൽ 'ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (ലൂക്ക 5:11) എന്ന് പറയുകയും ചെയ്തപ്പോൾ ആ വാക്കിൽ വിശ്വാസമർപ്പിച്ചുകൊണ്ട് പിതാവായ സെബദിയെ സേവകരോടൊപ്പം വഞ്ചിയിൽ വിട്ടിട്ട് യേശുവിന്റെ പിന്നാലെ ഇറങ്ങിതിരിച്ചവനാണ് യാക്കോബ്. ധനികനായ സെബദിയുടെ പുത്രനായതുകൊണ്ടുതന്നെ തനിക്ക് ലഭിക്കാമായിരുന്ന എല്ലാ സ്ഥാനമാനങ്ങളും കൈവെടിഞ്ഞ് ക്രിസ്തുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചു.

ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നായിരുന്നു യാക്കോബിനെയും യോഹന്നാനെയും വിളിച്ചിരുന്നത്. അതിനുള്ള കാരണം യേശുവിന് പ്രതിബന്ധമായതെന്തും നശിപ്പിക്കണമെന്ന തീവ്രവാദ ശൈലി സ്വന്തമാക്കിയതിനാലാവാം. അതുകൊണ്ടാണ് യാക്കോബിനെയും, യോഹന്നാനെയും ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നർത്ഥം വരുന്ന 'ബൊവർനഗസ്' എന്നു വിളിച്ചത്. ഉദാഹരണം, സമരിയായിലെ ജനങ്ങൾ യേശുവിനെയും ശിഷ്യന്മാരെയും തിരസ്കരിച്ചപ്പോൾ സ്വർഗത്തിൽ നിന്ന് അഗ്നിയിറക്കി അവരെ ദഹിപ്പിക്കാൻ പറയട്ടെയോ എന്ന് ചോദിക്കുന്ന യാക്കോബ് ശ്ലീഹായെ നാം കണ്ടുമുട്ടുന്നു (ലൂക്കാ. 9:54).

ജറുസലേം സഭയുടെ ആദ്യമെത്രാനായിരുന്നു യാക്കോബ് ശ്ലീഹാ. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെപ്പറ്റി നടപടി പുസ്തകം 12:1-2-ൽ

www.malankaralibrary.com


വ്യക്തമായി പറയുന്നുണ്ട്. അതുപോലെതന്നെ അലക്സാൺഡ്രിയായിലെ ക്ലമന്റിന്റെ വിവരണമനുസരിച്ച്, യേശുവാണ് യഥാർത്ഥ രക്ഷകൻ എന്നു പഠിപ്പിച്ച യാക്കോബിനെ സെൻഹെദ്രിൻ സംഘം വിചാരണ ചെയ്തതിന് ശേഷമാണ് ഹേറോദോസ് അഗ്രിപ്പായുടെ പക്കൽ ഹാജരാക്കിയത്. സെൻഹെദ്രിന്റെ ശക്തമായ സമ്മർദ്ദംമൂലം ഹേറേദോസ് രാജാവ് യാക്കോബിന് വധശിക്ഷ വിധിച്ചു. എ.ഡി 42-ൽ ആണ് യാക്കോബിന്റെ രക്തസാക്ഷിത്വം എന്നു വിശ്വസിക്കപ്പെടുന്നു. യാക്കോബ് ശ്ലീഹാ സ്പെയിനിന്റെ മദ്ധ്യസ്ഥനായി വണങ്ങപ്പെടുന്നു. പാശ്ചാത്യ സഭയിൽ ജൂലൈ 25-നും പൗരസ്ത്യ സഭകളിൽ ഏപ്രിൽ 30-നുമാണ് ശ്ലീഹായുടെ ഓർമ്മത്തിരുനാൾ ആഘോഷിക്കുന്നത്. അപ്പസ്തോലസംഘത്തിലെ ആദ്യത്തെ രക്തസാക്ഷിയാണ് വി. യാക്കോബ്.

*വിചിന്തനം: "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്താ. 10:32-33).*

www.malankaralibrary.com

# മെയ്
# (ഈയോർ)

## മെയ് 1 ജറെമിയ നിബിയ

ജറെമിയ എന്ന പദത്തിന്റെ അർത്ഥം യഹോവ കെട്ടയയ്ക്കുന്നു എന്നാണ്. അമ്മയുടെ ഗർഭപാത്രത്തിൽവച്ചുതന്നെ ദൈവം തിരഞ്ഞെടുത്ത ജറെമിയായെ തന്റെ പദ്ധതി നടപ്പാക്കാൻ യഹോവ രംഗത്തിറക്കുന്നു എന്നു സാരം. "യഹോവ മഹത്ത്വപ്പെടുന്നു" എന്നു വേറൊരർത്ഥംകൂടി ഈ നാമത്തിന് കൊടുക്കാം.

യഹോവയുടെ ഒരു യഥാർത്ഥ പ്രവാചകനായിട്ടാണ് പില്ക്കാലത്തു ജീവിച്ച പ്രവാചകനായ ദാനിയേൽ ജറെമിയായെ കാണുന്നത്. ജറെമിയായുടെ പ്രവചനങ്ങൾ നിറവേറിയിരിക്കുന്നു എന്ന കാര്യത്തിലേക്ക് എസ്രായും വിരൽ ചൂണ്ടുന്നുണ്ട് (എസ്രാ. 1:11).

ജോസിയായുടെ 13-ാം ഭരണവർഷമാണ് ജറെമിയ പ്രവാചകവൃത്തി ആരംഭിക്കുന്നത്. പിഴുതെറിയാനും തച്ചുടയ്ക്കാനും നശിപ്പിക്കാനും, തകിടം മറിക്കാനും നിർമ്മിക്കാനും നട്ടുവളർത്താനുമായിട്ടാണ് ജറെമിയ നിയോഗിക്കപ്പെട്ടത് (ജറ. 1:10). പ്രവാചകദൗത്യം നിറവേറ്റിയതിന്റെ പേരിൽ ശാരീരികമായും മാനസികമായും വളരെയേറെ ക്ലേശങ്ങൾ സഹിച്ച വ്യക്തിയാണ് ജറെമിയ. സ്വന്തം ജനത്തിന്റെ മേൽ പ്രസ്താവിക്കേണ്ടിവന്ന വിധിവചനം ജനസ്നേഹിയായ പ്രവാചകനു വേദനാജനകമായിരുന്നെങ്കിലും ഉള്ളിൽ തീപോലെ ജ്വലിച്ചിരുന്ന ദൈവവചനത്തിന്റെ പ്രചോദനത്തിനു വഴങ്ങേണ്ടിവന്നു. യൂദയായിലെ ബന്യമിൻ ദേശത്ത്, ജറുസലേമിൽ നിന്ന് ഏകദേശം അഞ്ചോളം കിലോമീറ്റർ വടക്കുകിഴക്ക് അനാത്തോത്ത് എന്ന ഗ്രാമത്തിൽ പുരോഹിതവർഗ്ഗത്തിൽപ്പെട്ട ഹിൽക്കിയ എന്നൊരാൾ പാർത്തിരുന്നു. അദ്ദേഹത്തിന്റെ മകനായിരുന്ന ജറെമിയ മനെശെയുടെ സുദീർഘവും പരമദുഷ്ടവുമായ വാഴ്ചയുടെ അവസാനകാലത്താണ് ജറെമിയ ജനിച്ചത്.

www.malankaralibrary.com


ജോസിയ രാജാവിന്റെയും (659-628) മക്കളുടെയും കാലത്ത് ഏതാണ്ട് ബി.സി. 647-ൽ ജറുസലേമിന്റെ നാശം സംഭവിക്കുന്നു. ബി.സി. 607 വരെ ജറെമിയ പ്രവാചക വൃത്തിയനുഷ്ഠിച്ചതായി കാണാം. ബന്ധികളായി ബാബിലോണിലേക്കു പോകാനിടവരാതെ അവശേഷിച്ചവരിൽ സിംഹഭാഗവും ബാബിലോൺ രാജാവായ നെബുക്കുദ്നസ്സറിൽ നിന്ന് ഉണ്ടാകാനിടയുള്ള മറ്റൊരു പ്രതികാര നടപടി ഭയന്ന് ഈജിപ്തിലേക്കു ഒളിച്ചോടിപ്പോയി. ഇക്കൂട്ടർ ജറെമിയായെ ബലാൽക്കാരമായി കൂടെ പിടിച്ചുകൊണ്ടു പോകയാണു ചെയ്തത്. പിന്നെ അദ്ദേഹത്തെപ്പറ്റി ബൈബിളിൽ ഒന്നും പറയുന്നില്ല. അദ്ദേഹത്തെ ഈജിപ്തിൽ വച്ചു വധിച്ചു കളഞ്ഞു എന്നാണ് പാരമ്പര്യ വിശ്വാസം.

പുരോഹിത കുടുംബത്തിൽ പിറന്നുവെങ്കിലും വിപ്രവാസ ജീവിതത്തിൽ കഴിഞ്ഞ എസക്കിയേലിനെപ്പോലെ പുരോഹിത സഹജമായ മനോഭാവമൊന്നും ജറെമിയ പ്രകടിപ്പിച്ചില്ല. ബ്രഹ്മചാരി എന്ന നിലയിൽ അദ്ദേഹം മറ്റ് പ്രവാചകന്മാരിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്നു.

പുരോഹിതനായ ഏലിയുടെ കുടുംബത്തിൽപ്പെട്ട അവസാന മഹാപുരോഹിതനായ അബിയാത്തിന്റെ കുടുംബശാഖയിൽപ്പെട്ട പ്രവാചകനാണ് ജറെമിയ. ജറെമിയായുടെ പ്രവചനങ്ങളും ഉദ്ബോധന ങ്ങളും അനാത്തോത്തുകാർക്ക് ഇഷ്ടപ്പെട്ടില്ല. പുരോഹിതർക്കെതിരെ അദ്ദേഹം നടത്തിയ രൂക്ഷവിമർശനങ്ങൾ പുരോഹിത കുടുംബ ക്കാരായ സ്വന്തക്കാർക്ക് ഇഷ്ടപ്പെട്ടില്ല.

ജറെമിയയെ പ്രവാചകനായി യഹോവ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങൾ ഇങ്ങനെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു. ‘ആമോന്റെ പുത്രനും യൂദയാ രാജാവുമായ ജോസിയാ യുടെ കാലത്ത് അയാളുടെ വാഴ്ചയുടെ പതിമൂന്നാം വർഷത്തിൽ ജറെമിയായ്ക്ക് കർത്താവിന്റെ അരുളപ്പാടു ലഭിച്ചു. വീണ്ടും ജോസിയായുടെ പുത്രനും യൂദയാരാജാവുമായ യൊഹോയാ ക്കീമിന്റെ കാലത്തും, യോശിയായുടെ പുത്രനും യൂദയാ രാജാവുമായ സെദെക്കിയായുടെ വാഴ്ചയുടെ പതിനൊന്നാം വത്സരത്തിന്റെ അവസാനം വരെയും, അതായത് അഞ്ചാം മാസം ജറുസലേം നിവാസികളെ നാടുകടത്തുന്നതുവരെയും അദ്ദേഹത്തിന് അരുളപ്പാടു ലഭിച്ചുപോന്നു.

www.malankaralibrary.com


ജറെമിയ തുടർന്നും ഇങ്ങനെ എഴുതുന്നു: കർത്താവിന്റെ അരുളപ്പാട് എനിക്കുണ്ടായി. 'ഗർഭപാത്രത്തിൽ ഉരുവാകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുംമുമ്പേ, നിന്നെ ഞാൻ പവിത്രീകരിച്ചു. ജനതകൾക്ക് ഒരു പ്രവാചകനായി നിന്നെ ഞാൻ നിയോഗിച്ചു (ജറ. 1:5). തന്റെ പോരായ്മകളെപ്പറ്റിയും കഴിവുകേടിനെപ്പറ്റിയും ബോധവാനും എന്നാൽ ആത്മവിശ്വാസവുമില്ലാത്തവനുമായ ജറെമിയ സംശയാലുവായി ഇങ്ങനെ പറഞ്ഞു: 'ഹാ കർത്താവായ ദൈവമേ എനിക്ക് സംസാരിക്കാൻ വശമില്ല, ഞാൻ ഒരു ബാലനാണ്'.

എന്നാൽ ഇതിനു ദൈവം ഇങ്ങനെ പ്രതികരിച്ചു: ഞാൻ നിന്നെ അയക്കുന്നവരുടെ അടുത്തേക്കെല്ലാം നീ പോകണം. ഞാൻ ആജ്ഞാപിക്കുന്നതെന്തും നീ സംസാരിക്കണം. അവരെ ഭയപ്പെടരുത്. കാരണം നിന്നെ രക്ഷിക്കാൻ നിന്നോടൊപ്പം ഞാനുണ്ട്. കർത്താവാണിത് അരുളിച്ചെയ്യുന്നത് (ജറ. 1:7-8). ദൈവം ചെയ്തതെന്തെന്ന് തുടർന്ന് ജറെമിയ രേഖപ്പെടുത്തിയിരിക്കുന്നു; അപ്പോൾ കർത്താവു കൈനീട്ടി എന്റെ വായ്തൊട്ടു. കർത്താവ് എന്നോട് അരുളിച്ചെയ്തു: "ഇതാ, എന്റെ വചനങ്ങൾ നിന്റെ വായിൽ നിവേശിപ്പിച്ചിരിക്കുന്നു. പിഴുതെറിയുവാനും തകർക്കാനും നശിപ്പിക്കാനും നിർമ്മിക്കാനും ജനതകളുടെയും രാജാക്കന്മാരുടെയും മേൽ ഇന്ന് ഞാൻ നിന്നെ പ്രതിഷ്ഠിച്ചിരിക്കുന്നു" (ജറ. 1:9-10).

*വിചിന്തനം: "കർത്താവ് അരുളിച്ചെയ്യുന്നു: നിന്നെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജറ. 28:11).*

## മെയ് 2 വിശുദ്ധ അത്തനാസിയൂസ് (295 – 373)

സത്യവിശ്വാസത്തിന്റെ സംരക്ഷകനായ മാർ അത്തനാസിയോസിന്റെ തിരുനാൾ പൗരസ്ത്യ സഭയിൽ ജനുവരി 18-ാം തീയതിയും പാശ്ചാത്യ സഭയിൽ മെയ് 2-ാം തീയതിയിലുമാണ് ആഘോഷിക്കുന്നത്. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് മാർ അത്തനാസിയോസ് എ.ഡി. 317 ജനുവരി 18-ാം തീയതി മരണമടഞ്ഞു. അതുകൊണ്ടാണ് പൗരസ്ത്യ സഭകൾ അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്.

www.malankaralibrary.com


പൗരസ്ത്യ പാരമ്പര്യപ്രകാരം മെയ് 2 അദ്ദേഹത്തിന്റെ തിരുശേഷിപ്പ് ഇറ്റലിയിലേക്ക് മാറ്റിയതിന്റെ ഓർമ്മയാണ്. എന്നാൽ പാശ്ചാത്യ സഭാപാരമ്പര്യപ്രകാരം 373 മെയ് 2-നാണ് അദ്ദേഹം മരണമടഞ്ഞത്. അതുകൊണ്ടാണ് പാശ്ചാത്യസഭ മെയ് 2 അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുന്നത്. വിശുദ്ധ അത്തനാസിയൂസ് തന്റെ ജീവിതകാലം മുഴുവനും ആരിയനിസമെന്ന മതവിരുദ്ധവാദത്തിന്റെ ശക്തനായ എതിരാളിയായിരുന്നു. 325-ലെ നിഖ്യാ സുന്നഹദോസിൽ വിശുദ്ധൻ പങ്കെടുക്കുകയും അതിന്റെ പ്രബോധനങ്ങൾക്കുവേണ്ടി തന്റെ ജീവിതകാലം മുഴുവനും ജീവിക്കുകയും ചെയ്തു. സഭയെ സംബന്ധിച്ചിടത്തോളം എക്കാലത്തേയും പ്രധാനപ്പെട്ട വേദപാരംഗതന്മാരിൽ ഒരാളായാണ് വിശുദ്ധനെ കണക്കാക്കുന്നത്. യേശുവിനെക്കുറിച്ചുള്ള യഥാർത്ഥമായ പ്രബോധനങ്ങളെ ഉയർത്തിപ്പിടിച്ചതിനാൽ നിരവധി പീഡനങ്ങൾക്ക് വിശുദ്ധൻ വിധേയമായിട്ടുണ്ട്. അഞ്ചോളം പ്രാവശ്യം വിശുദ്ധന് ഒളിവിൽ കഴിയേണ്ടതായി വന്നിട്ടുണ്ട്.

യേശുവിന്റെ ദിവ്യത്വത്തെ നിരാകരിക്കുന്ന ആരിയനിസത്തിനെതിരായ് സഭയുടെ ഒരു ധീരനായകനായിരുന്നു. 325-ലെ നിഖ്യാ സുന്നഹദോസിൽ ഒരു യുവ ഡീക്കനായി പങ്കെടുക്കുമ്പോൾ തന്നെ ആരിയനിസത്തിന്റെ ശക്തനായ എതിരാളിയും സഭയുടെ വിശ്വാസത്തിന്റെ ശക്തനായ സംരക്ഷകനുമെന്ന നിലയിലും വിശുദ്ധൻ അംഗീകരിക്കപ്പെട്ടിരുന്നു.

യഥാർത്ഥ കത്തോലിക്കാ വിശ്വാസത്തിന്റെ ഒരു സാക്ഷ്യമായിരുന്നു വിശുദ്ധൻ. സഭയോടുള്ള അദ്ദേഹത്തിന്റെ ഭക്തി ഒരിക്കലും ചഞ്ചലപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ ധൈര്യം ഒരിക്കലും ദുർബലപ്പെടുകയും ചെയ്തിട്ടില്ല. ഏഷണിയും ക്രൂരമായ പീഡനങ്ങളും ആഘാതമേല്പ്പിക്കുന്ന അവസരങ്ങളിൽ പോലും വിശുദ്ധൻ തന്റെ കത്തോലിക്കാ വിശ്വാസികളുടെ അചഞ്ചലമായ സ്നേഹത്തിലായിരുന്നു ആശ്രയമർപ്പിച്ചിരുന്നത്.

തന്റെ ജീവിതകാലം മുഴുവനും ദൈവാനുഗ്രഹത്താൽ ദുരിതങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷപ്പെട്ട് ജീവിച്ച വിശുദ്ധൻ, എ.ഡി. 373-ൽ വലെൻസ് ചക്രവർത്തിയുടെ ഭരണകാലത്ത് അലക്സാണ്ട്രിയായിൽ വെച്ച് കർത്താവിൽ അന്ത്യനിദ്ര പ്രാപിച്ചു. നിരവധി രചനകളാൽ വി. അത്തനാസിയൂസ് ക്രിസ്തീയ സാഹിത്യത്തെ

www.malankaralibrary.com


സമ്പുഷ്ടമാക്കിയിട്ടുണ്ട്. അവയിൽ ചിലത് ഭക്തിയേയും, ശ്രേഷ്ഠത യേയും കുറിച്ചുള്ളവയായിരുന്നു. (കൂടുതൽ വിവരങ്ങൾക്ക് ജനുവരി 18 വി. അത്തനാസിയോസ് വായിക്കുക).

*വിചിന്തനം: "നമ്മൾ അവനെപ്പോലെയാകേണ്ടതിന് ക്രിസ്തു നമ്മെപ്പോലെയായി" (വി. അത്തനാസിയോസ്).*

## മെയ് 6 — നീതിമാനായ ജോബ്

നോഹ, ദാനിയേൽ എന്നിവരെപ്പോലെ നീതിമാനും നിഷ്കള ങ്കനും ദൈവദൂതനുമായ വ്യക്തിയായിട്ടാണ് ജോബിനെ ബൈബിൾ അവതരിപ്പിക്കുന്നത്. നീതിമാൻ എന്തിന് ക്ലേശങ്ങൾ അനുഭവിക്കണം എന്ന സങ്കീർണമായ പ്രശ്നത്തിന് ഉത്തരം തരുകയാണ് വി. ഗ്രന്ഥം. ദൈവത്തിന്റെ വിശ്വസ്ത ദാസനായ ജോബ് സമ്പത്തിലും സന്താന ത്തിലും അനുഗ്രഹീതനായിരുന്നു. അദ്ദേഹത്തിന് 7 പുത്രന്മാരും 3 പുത്രിമാരും ഉണ്ടായിരുന്നു. പാലസ്തീനായിലെ ഉസ് എന്ന ദേശ ത്താണ് ജീവിച്ചിരുന്നത്. സൽപ്രവർത്തിയിലും അതിഥി സൽക്കാര ത്തിലും പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കതയിലും നൈർമല്യത്തിലും ദൈവം പ്രസാദിച്ചിരുന്നു. ജോബിന്റെ വിശ്വാ സത്തെ പരീക്ഷിക്കാനായി ദൈവം സാത്താനെ അനുവദിച്ചു. സാത്താന്റെ പ്രവർത്തനഫലമായി സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടപ്പോഴും ജോബ് ദൈവത്തിന്റെ ഹിതത്തിനു വഴങ്ങി. അദ്ദേഹത്തിന്റെ ശരീര ത്തിൽ വ്രണങ്ങൾ നിറഞ്ഞു. ഭാര്യ പോലും അദ്ദേഹത്തെ പഴിക്കുകയും ദൈവത്തെ ശപിക്കാൻ ആവശ്യപ്പെടുകയും ചെയ്തു (ജോബ് 1:2). മൂന്ന് സ്നേഹിതന്മാർ എലിഫാസ്, ബിൽദാദ്, സോഫാർ – ജോബിനെ ആശ്വസിപ്പിക്കാൻ എത്തി. ഇവരും ജോബും തമ്മിലുള്ള സംഭാഷണം പദ്യരൂപത്തിൽ നാടകീയമായി അവതരിപ്പിക്കുന്നതാണ് ജോബിന്റെ പുസ്തകത്തിലെ ഏറിയ ഭാഗവും (ജോബ് 3–32). ദൈവനീതിയെ ക്കുറിച്ചാണ് ജോബും കൂട്ടുകാരും സംസാരിക്കുന്നത്. സ്വന്തം പാപം നിമിത്തമാണ് ജോബ് ക്ലേശങ്ങൾ സഹിക്കേണ്ടി വന്നതെന്ന് അവർ സമർത്ഥിക്കുന്നു. അതായിരുന്നു പരമ്പരാഗതമായ ചിന്താഗതി. തന്റെ നിരപരാധിത്വം തെളിയിക്കുന്നതിനുള്ള ശ്രമത്തിൽ ജോബിന് ദൈവ നീതി മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഏലീഹു എന്ന പുതിയൊരു കഥാപാത്രം പ്രത്യക്ഷപ്പെടുന്നു. ദൈവത്തിന്റെ മാർഗങ്ങളെ അദ്ദേഹം

www.malankaralibrary.com


നീതികരിക്കുന്നു (ജോബ് 33-37). തുടർന്ന് ദൈവം തന്നെ ജോബിന് ഉത്തരം നൽകുന്നു. ജോബ് തന്റെ ഭോഷത്തം മനസ്സിലാക്കുന്നു.

ജോബിനു ലഭിക്കുന്ന ഉത്തരം അപൂർണ്ണമാണ്. പ്രപഞ്ച നിയന്താവായ ദൈവത്തിന്റെ ലക്ഷ്യങ്ങൾ മനുഷ്യബുദ്ധിക്ക് അപ്രാപ്യമാണ് എന്ന ഉത്തരമാണ് ജോബിന് ലഭിക്കുന്നത്. നീതിമാന്റെ സഹനം അവന്റെ വിശ്വാസം പരീക്ഷിക്കുന്നതിനാണ്. ജോബ് ദൈവത്തിലുള്ള വിശ്വസ്തതയുടെയും സുകൃതജീവിതത്തിന്റെയും മാതൃകയായി പ്രശോഭിക്കുന്നു. കഠിനമായ പ്രലോഭനങ്ങൾക്കിടയിലും ജോബ് അചഞ്ചലനായി നിലകൊണ്ടു.

*വിചിന്തനം: "സ്നേഹിതനോട് ദയ കാണിക്കാത്തവൻ സർവശക്തനോടുള്ള ഭക്തിയാണ് ഉപേക്ഷിക്കുന്നത്" (ജോബ് 6:14).*

## മെയ് 8 — യോഹന്നാൻ ശ്ലീഹാ

സെബദിപുത്രനായ യാക്കോബിന്റെ സഹോദരനാണ് യോഹന്നാൻ. ആദ്യം യോഹന്നാൻ മാംദാനായുടെ ഒരു ശിഷ്യനായിരുന്നു. അന്ത്രയോസിനോടുകൂടി മിശിഹായെ അനുഗമിച്ച മറ്റൊരു ശിഷ്യൻ യോഹന്നാൻ ശ്ലീഹയാണ്. അന്നുമുതൽ അദ്ദേഹം യേശുവിനെ സ്നേഹിച്ച് അനുഗമിച്ചു. അതിനുശേഷം അവർ ഗലീലിയിലേക്കും അവിടെനിന്ന് കഫർണാമിലേക്കും ജറുസലേമിലേക്കും പോയി. യേശു ഗലീലികടലിൽ വച്ച് അവരെ വീണ്ടും വിളിക്കുന്നതുവരെ തങ്ങളുടെ പഴയ ജോലിയിൽ ഏർപ്പെട്ടു. എ.ഡി. 28-ൽ ആണ് ശ്ലീഹാ സ്ഥാനത്തേക്ക് യോഹന്നാൻ വിളിക്കപ്പെട്ടത്. അദ്ദേഹം എല്ലാവരിലും പ്രായം കുറഞ്ഞവനായിരുന്നു.

യേശുവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിലെല്ലാം യോഹന്നാൻ കൂടെയുണ്ടായിരുന്നു. ജായിറോസിന്റെ മകളെ ഉയർപ്പിച്ചപ്പോഴും താബോറിലെ രൂപാന്തരീകരണ സമയത്തും ഗത്സെമിനിൽ പ്രാർത്ഥിച്ചപ്പോഴും യോഹന്നാൻ യേശുവിന്റെ കൂടെയുണ്ടായിരുന്നു. യേശുവിന് പെസഹാ ഒരുക്കുവാൻ നിയുക്തരായവരിൽ പത്രോസിനോടൊപ്പം യോഹന്നാനും ഉണ്ടായിരുന്നു. യേശുവിനെ കൊല്ലാൻ പിടിക്കപ്പെട്ടപ്പോൾ മറ്റ് ശിഷ്യന്മാർ ഓടിപ്പോയപ്പോൾ പത്രോസും യോഹന്നാനും യേശുവിന്റെ കൂടെ നിന്നിരുന്നു. യേശു കബറിൽ നിന്നും ഉയിർത്തു എന്ന വാർത്ത മഗ്ദലന മറിയം പറഞ്ഞപ്പോൾ കബറിലേക്ക് ആദ്യം ഓടിയത് യോഹന്നാൻ ശ്ലീഹാ ആയിരുന്നു.

www.malankaralibrary.com


യേശുവിനാൽ ഏറ്റവും അധികം സ്നേഹിക്കപ്പെട്ടവനായിരുന്നതുകൊണ്ട് യോഹന്നാൻ അത്താഴസമയത്ത് യേശുവിന്റെ വക്ഷസ്സിലേക്ക് ചാരിക്കിടക്കുകയും തന്നെ ഏല്പിച്ചു കൊടുക്കുന്നവൻ ആരാകുന്നു എന്ന് ചോദിക്കുകയും ചെയ്തു (യോഹ. 21:20). തന്റെ കുരിശുമരണസമയത്ത് തന്റെ അമ്മയെ സഭയുടെ മുഴുവൻ പ്രതിനിധി എന്ന നിലയിൽ യോഹന്നാന്റെ കരങ്ങളിലേക്കാണ് ഏല്പിച്ചത് (യോഹ. 19, 26:27). വി. മാതാവ് എ.ഡി. 56-ൽ നിര്യാണം പ്രാപിച്ചുവെന്ന് കരുതുന്നു. ദൈവമാതാവിന്റെ മരണം വരെ മാതാവുമൊന്നിച്ച് ജറുസലേമിൽ വസിക്കുകയും മാതാവിന്റെ മരണശേഷം യോഹന്നാൻ ഏഷ്യാമൈനറിലേക്ക് പോകുകയും എഫേസൂസിൽ സഭ സ്ഥാപിക്കുകയും ചെയ്തു. എ.ഡി. 95-ൽ ഡൊമീഷ്യൻ രാജാവിന്റെ ഭരണകാലത്ത് യോഹന്നാനെ റോമിലേക്ക് അയക്കുകയും അവിടെവച്ച് മതവിദ്വേഷികൾ അദ്ദേഹത്തെ പീഡിപ്പിക്കുകയും ചെയ്തു. അതിനുശേഷം പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. 96-ൽ എഫേസോസിലേക്ക് തിരിച്ചുവന്നു. വൃദ്ധനായ സമയത്ത് "ദൈവം സ്നേഹമാണ്" എന്നും "നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" എന്നും പറഞ്ഞ് സുവിശേഷം പ്രഘോഷിച്ച ശ്ലീഹായോട് എന്താണ് ഇത് മാത്രം പറയുന്നത് എന്ന് ചോദിച്ച ജനത്തിന് യോഹന്നാൻ ശ്ലീഹാ കൊടുത്ത ഉത്തരം: "ഇത് കർത്താവിന്റെ കൽപനയാണ്" എന്നാണ്. 90 വയസ്സുവരെ അദ്ദേഹം ജീവിച്ചു. പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടപ്പോൾ അവിടെവച്ച് അദ്ദേഹത്തിനു ലഭിച്ച ദർശനങ്ങളാണ് വെളിപാടു പുസ്തകം. വെളിപാടിനു പുറമേ സുവിശേഷവും മൂന്ന് ലേഖനവും അദ്ദേഹം എഴുതി എന്ന് കരുതപ്പെടുന്നു. എ.ഡി. 100-നടുത്ത് സ്വാഭാവികമരണം പ്രാപിച്ചു.

*വിചിന്തനം: "പ്രിയപ്പെട്ടവരെ, നമുക്കു പരസ്പരം സ്നേഹിക്കാം, എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാണ്" (1 യോഹ. 4:7-8).*

## മെയ് 9 — ഏശയ്യ നിബിയ

ബി.സി. 742-നും 701-നും ഇടയ്ക്ക് ജറുസലേമിൽ പ്രവാചകശുശ്രൂഷ നിർവഹിച്ച വ്യക്തിയാണ് ഏശയ്യാ. "യാഹ്‌വെയാകുന്നു

www.malankaralibrary.com


രക്ഷ” എന്നാണ് ഏശയ്യ എന്ന വാക്കിന്റെ അർത്ഥം. ആമോസിന്റെ മകനായിരുന്ന ഏശയ്യ വിവാഹിതനും ഷെയർയാഷുബ്ബു, മഹർഷലാൽ, ഹഷ്ബാസ് എന്നിവരുടെ പിതാവുമായിരുന്നു. മനാസ്സെയുടെ ഭരണ കാലത്ത് വധിക്കപ്പെട്ടു എന്ന് “ഏശയ്യായുടെ രക്തസാക്ഷിത്വം” എന്ന ഗ്രന്ഥത്തിൽ കാണുന്നു.

രാജാക്കൻമാരായ ഉസിയ, യോഥാം, ആഹാസ്, ഹസക്കിയാ എന്നിവരുടെ കാലത്താണ് ഏശയ്യ പ്രവചിച്ചത് (ഏശ. 1:1). ഏശയ്യയുടെ പുസ്തകത്തിലെ ആദ്യത്തെ 39 അധ്യായങ്ങളിൽ ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങളാണ് വിവരിക്കുന്നത്. അതിനുശേഷം അധ്യായ ങ്ങളുടെ ഉള്ളടക്കവും കാലഘട്ടത്തിന്റെ സൂചനകളും പരിഗണിക്കു മ്പോൾ അവ ഏശയ്യായുടെ രചനയാണ് എന്ന് പറയാൻ പ്രയാസമാണ്. ഗ്രന്ഥകർത്താവ് അജ്ഞാതനായിരിക്കെ സൗകര്യാർത്ഥം 40 മുതൽ 55 അധ്യായങ്ങളെ രണ്ടാം ഏശയ്യാ എന്നും 56 മുതൽ 66 വരെ അധ്യായങ്ങളെ മൂന്നാം ഏശയ്യാ എന്നും തിരിക്കാറുണ്ട്. രണ്ടാം ഏശയ്യാ ബാബിലോൺ പ്രവാസത്തിൽ കഴിയുന്നവരെയും മൂന്നാം ഏശയ്യാ പ്രവാസം കഴിഞ്ഞ് ജറുസലേമിൽ തിരിച്ചെത്തിയവരെയുമാണ് അഭിസംബോധന ചെയ്യുന്നത്. ശക്തമായ ഒരു ദൈവാനുഭവത്തോ ടെയാണ് ഏശയ്യാ തന്റെ പ്രവാചകദൗത്യം ആരംഭിക്കുന്നത് (ഏശ. 6:1-13). യൂദായിലെ രാഷ്ട്രീയ നീക്കങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവാചകന്റെ പ്രവർത്തനം. പ്രതിസന്ധികളിൽ സഹായം തേടി ആസ്സീറിയായിലേക്കും ഈജിപ്തിലേക്കും തിരിയാതെ ചരിത്ര നിയന്താവായ ദൈവത്തിൽ ഉറച്ചു വിശ്വസിക്കുകയും ധൈര്യം അവലംബിക്കുകയും ചെയ്യാൻ പ്രവാചകൻ ആവർത്തിച്ച് ആഹ്വാനം ചെയ്യുന്നു. പ്രവാചകന്റെ ഉപദേശം മറന്നു പ്രവർത്തിച്ച രാജാക്കൻമാർ പരാജയം വിളിച്ചുവരുത്തി. യൂദയായുടെയും ജറുസലേമിന്റെയും ധാർമ്മിക അധഃപതനത്തെ അപലപിക്കുന്ന പ്രവാചകൻ ഇമ്മാനുവേൽ പ്രവചനങ്ങളിലൂടെ പ്രത്യാശ പകരുന്നു. ആശയറ്റ ദിനങ്ങൾ കഴിക്കുന്ന പ്രവാസികൾക്ക് ആശ്വാസം പകരുന്ന വാക്കുകളാണ് 40-55 അധ്യായ ങ്ങളിൽ. ജനത്തിന്റെ കഷ്ടത കണ്ടു മനസ്സലിഞ്ഞ കർത്താവ് അവരെ രക്ഷിച്ചു. സ്വഭവനങ്ങളിലെത്തിക്കാൻ തയ്യാറായികഴിഞ്ഞു. ഇസ്രായേലും അവർവഴി ജനതകളും അനുഗ്രഹീതരാകും.

ഇസ്രായേലിൽ തിരിച്ചെത്തിയവർക്ക് പ്രത്യാശയും ആവേശവും പകരുകയാണ് 56-66 അധ്യായങ്ങളിൽ. സമഗ്ര വിമോചനത്തിന്റെയും

www.malankaralibrary.com


സ്വാതന്ത്ര്യത്തിന്റെയും സന്ദേശമാണിവിടെ. സത്യവും നീതിയും യഥാർത്ഥ ആരാധനയും പുലരണം. അങ്ങനെ പുതിയ ആകാശവും പുതിയ ഭൂമിയും സംസ്ഥാപിതമാകും. യഹോവയുടെ പരിശുദ്ധി, ദൈവത്തിന്റെ പദ്ധതി, സ്രഷ്ടാവായ യഹോവ, ഇസ്രായേലിന്റെ വിമോചനകൻ എന്നിവയാണ് ഏശയ്യ പ്രവാചകന്റെ പ്രധാന പ്രതിപാദ്യവിഷയം.

*വിചിന്തനം: "ആകാശങ്ങളെ ശ്രവിക്കുക, ഭൂതലമേ ശ്രദ്ധിക്കുക. കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റിവളർത്തി; എന്നാൽ അവർ എന്നോടു കലഹിച്ചു" (ഏശയ്യ 1:2).*

## മെയ് 10 — തീക്ഷ്ണവാനായ ശെമഓൻ ശ്ലീഹ

ഗലീലിയിലെ കൊത്തിനെ പട്ടണത്തിൽ നിന്നുള്ള എഫ്രായീം ഗോത്രക്കാരനായിരുന്നു ശെമഓൻ ശ്ലീഹാ. മർക്കോസിന്റെ സുവിശേഷത്തിൽ കാനാൻകാരനായ ശിമയോൻ (3:18) എന്നും ലൂക്കോസിന്റെ സുവിശേഷത്തിൽ തീവ്രവാദിയായ ശിമയോൻ (6:15) എന്നും കാണുന്നു. കാനാൻകാരനായ ശിമയോൻ എന്നാൽ കാനാൻ നാട്ടുകാരൻ എന്നല്ല അർത്ഥം. 'കാനാ' എന്ന എബ്രായാ പദത്തിന് തീക്ഷ്ണതയുള്ളവൻ എന്നാണർത്ഥം (Zealot). Zealot എന്നത് ഒരുതരം തീവ്രഗ്രൂപ്പുകാരായിരുന്നു. സ്വരാജ്യസ്നേഹികളും തീവ്രവാദികളായ ദേശാഭിമാനികളുമായിരുന്നു ഇവർ. യഹൂദ പ്രമാണം സംബന്ധിച്ച് നല്ല നിഷ്ഠയുള്ളവരും വിദേശ മേധാവിത്വത്തെ ശക്തിയോടെ എതിർക്കുന്നവരുമായിരുന്നു. ഒരു യഹൂദന് ദൈവം മാത്രമാണ് രാജാവ്. അതിനാൽ കപ്പമോ കരമോ മറ്റാർക്കും കൊടുക്കുന്നതിനെ ഇവർ അംഗീകരിച്ചിരുന്നില്ല. യഹൂദരിൽ നിന്ന് കരം പിരിച്ചിരുന്ന ചുങ്കക്കാരെ രാജ്യദ്രോഹികളായി ഇവർ കണ്ടിരുന്നു. മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളിൽ ശ്ലീഹന്മാരുടെ പട്ടികയിൽ പതിനൊന്നാമതായും (മത്താ. 10:2-4, മർക്കോ. 3:13-19), ലൂക്കാ. 6:14-16, അപ്പ. പ്രവ. 1:13 എന്നിവയിൽ പത്താമതായും ശ്ലീഹായുടെ പേര് കാണുന്നു. പുതിയ നിയമത്തിൽ ശ്ലീഹായുടെ പ്രവർത്തനത്തെക്കുറിച്ചോ ജീവിതത്തെക്കുറിച്ചോ യാതൊന്നും കാണുന്നില്ല. പാരമ്പര്യപ്രകാരം പെന്തിക്കോസ്തിക്കുശേഷം ആലപ്പോ, മാബൂഗ്, ക്ലോവോദിയ മുതലായ സ്ഥല

www.malankaralibrary.com


ങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കോറോസ് എന്ന പട്ടണത്തിൽ ഒരു പള്ളി സ്ഥാപിച്ചു. ഈജിപ്തിലേക്കും ആഫ്രിക്കൻ പട്ടണങ്ങളിലേക്കും സുവിശേഷ പ്രചാരണാർത്ഥം സഞ്ചരിച്ചു. യൂദാ ശ്ലീഹായുമൊന്നിച്ച് പേർഷ്യൻ രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിച്ചു. അവിടെവച്ച് കുരിശിൽ തൂക്കപ്പെട്ട് രക്തസാക്ഷിത്വമകുടം ചൂടി.

*വിചിന്തനം: "പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്" (ലൂക്കാ. 24:47-48).*

## മെയ് 11 സ്ലാവ് ജനതയുടെ വിശുദ്ധ സിറിലും, മെത്തോഡീയുസും – (827 – 869 & 815 – 884)

യൂറോപ്പിന്റെ മദ്ധ്യസ്ഥർ എന്ന് അറിയപ്പെടുന്ന ഈ വി. സഹോദരങ്ങൾ യൂറോപ്പിൽ ഏറ്റവും അധികം വണങ്ങപ്പെടുന്ന രണ്ട് പുണ്യാത്മാക്കളാണ്. സ്ലാവോണിക്ക് സാഹിത്യത്തിന്റെ പിതാക്കന്മാരെന്നും അറിയപ്പെടുന്ന ഇവരാണ് റോമൻ ഭാഷയിൽ നിന്നും വി. ബൈബിളും മറ്റ് മതപരമായ ആരാധന ഗ്രന്ഥങ്ങളും സ്ലാവോണിക് ഭാഷയിലേക്ക് തർജമ ചെയ്തത്.

മൊറാവിർ നഗരത്തിലെ അവരുടെ മിഷൻ വളരെ വിജയപ്രദമായിരുന്നു. അവിടെ വച്ച് വി. സിറിലിന് റോമായിലെ രക്തസാക്ഷിയായ വി. ക്ലമന്റിന്റെ തിരുശേഷിപ്പ് അത്ഭുതകരമായി ലഭിക്കുകയുണ്ടായി. അതുമായി റോമിൽ എത്തിയ അവരെ ഹേഡ്രിയാൻ രണ്ടാമൻ മാർപാപ്പ സന്തോഷത്തോടെ സ്വീകരിക്കുകയും സ്ലാവോണിക് ലിറ്റർജിയിൽ ബലി അർപ്പിക്കാൻ അവസരം നൽകുകയും ചെയ്തു.

റോമിൽ വച്ച് വി. സിറിൽ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം വി. ക്ലമന്റിന്റെ കബറിടത്തോട് ചേർന്ന് അടക്കം ചെയ്തു.

മെത്തഡിയൂസ് തന്റെ മിഷൻ സ്ഥലത്തേക്ക് തിരികെപോയി. പിന്നീട് സ്ലാവോണിക് ഭാഷയിൽ ബൈബിൾ മുഴുവൻ വിവർത്തനം ചെയ്തു. 874-ൽ അദ്ദേഹം അന്തരിച്ചു.

*വിചിന്തനം: "എന്റെ വചനം അഗ്നിപോലെയും പാറയെ തകർക്കുന്ന കൂടം പോലെയുമല്ലേ കർത്താവ് ചോദിക്കുന്നു" (ജറ. 23:29).*

www.malankaralibrary.com


## മെയ് 12 സൈപ്രസിലെ മാർ എപ്പിഫാനിയോസ് (315 – 403)

സൈപ്രസ് ദ്വീപിൽ വളരെക്കുറച്ച് ദൈവശാസ്ത്രജ്ഞന്മാർ മാത്രമാണുള്ളത്. അവരിൽ പ്രധാനി സലാമിസിലെ (കോൺസ്റ്റാൻസ്യാ) എപ്പിഫാനിയാസ് മെത്രാനാണ്. ജന്മം കൊണ്ട് എപ്പിഫാനിയസ് ആ നാട്ടുകാരനല്ല. ഗാസായിലെ എരെവുതെരോപ്പൊളീസിനടുത്താണ് ഇദ്ദേഹത്തിന്റെ ജനനം. ഭാഷാ നൈപുണ്യമുള്ള അദ്ദേഹം ഗ്രീക്ക്, സുറിയാനി, ഹീബ്രു, കോപ്റ്റിക്ക്, ലത്തീൻ ഭാഷകൾ അനായാസം കൈകാര്യം ചെയ്തിരുന്നു എന്ന് ജെറോം പറയുന്നു. 335-ൽ ഈജിപ്ഷ്യൻ സന്യാസാശ്രമങ്ങൾ സന്ദർശിച്ച് അതിൽ നിന്ന് പ്രചോദനം നേടി നാട്ടിൽ വന്ന് ഒരു ആശ്രമം സ്ഥാപിക്കുകയും സന്യാസപ്രസ്ഥാനത്തിന്റെ വക്താവായി തീരുകയും ചെയ്തു. നീണ്ട 30 വർഷം ആ ആശ്രമത്തിന്റെ അധ്യക്ഷനായി നിലകൊണ്ടു. ചിട്ടയായ തപോജീവിതം, അദ്ദേഹത്തിന്റെ വിജ്ഞാനത്തെയും വിശുദ്ധിയെയും പ്രഘോഷിക്കുവാൻ തുടങ്ങി. 367-ൽ അദ്ദേഹത്തെ സൈപ്രസിലെ മെത്രാപ്പോലീത്ത ആക്കുവാൻ ആ നാട്ടിലെ മെത്രാന്മാർ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം കോൺസ്റ്റാസ്യയുടെ മെത്രാപ്പോലീത്തയായി.

നിഖ്യാവിശ്വാസപ്രമാണം സംരക്ഷിക്കുന്നതിനുള്ള തീക്ഷ്ണത അദ്ദേഹത്തിന്റെ രചനകളിൽ പ്രകടമാണ്. കർക്കശ മനഃസ്ഥിതിയും നയരാഹിത്യവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്. എന്നാൽ കേവലം പിതാക്കന്മാരുടെ വിശ്വാസത്തിന് എന്നും ഊന്നൽ നൽകിയിരുന്നു. ഒരിജന്റെ പേരിൽ അറിയപ്പെട്ടിരുന്ന 'ഒരിജനിസ' എന്ന അബദ്ധോബദേശത്തെ അദ്ദേഹം പൂർവാധികം ശക്തിയോടെ എതിർത്തു. ഒരിജനെയും, ഒരിജനിസത്തെയും വേർതിരിച്ചുകാണുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. ജെറുസലേമിൽ 392-ൽ തിരുക്കല്ലാ ദൈവാലയത്തിൽ വച്ച് ഒരിജനെതിരെ അദ്ദേഹത്തിന്റെ ആരാധന സമൂഹത്തിന്റെ സാന്നിധ്യത്തിൽ പ്രസംഗം നടത്തി. അത് ഒരിജന്റെ അപകീർത്തിക്കു കാരണമായി. പണ്ഡിതരും സാധാരണക്കാരുമായ മനുഷ്യർ ആർത്തിയോടുകൂടെ എപ്പിഫാനിയസിന്റെ കൃതികൾ വായിച്ചിരുന്നു. ദൈവശാസ്ത്രത്തിലും സഭാചരിത്രത്തിലും എപ്പിഫാനിയസിന് സ്ഥാനമുണ്ട്. അന്ന് നിലവിലിരുന്ന പാഷണ്ഡതകൾക്കെതിരെ അദ്ദേഹം എഴുതിയ 'പനാരിയോൺ' (മരുന്നുപെട്ടി) എന്ന കൃതിയാണ് ഏറ്റവും പ്രസിദ്ധ

www.malankaralibrary.com


മായത്. ബൈബിളിനെ സംബന്ധിച്ച് എഴുതിയ “അളവുകളും തൂക്കങ്ങളും”; പാഷണ്ഡതകൾക്കെതിരെ എഴുതിയ ‘നങ്കൂരം’ എന്നിവയാണ് മറ്റു കൃതികൾ. സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ട അദ്ദേഹം 403 മെയ് 12-ന് ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: “എന്നാൽ പ്രിയപ്പെട്ടവരെ, നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ. നിത്യജീവിതത്തിനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യത്തെ ഉറ്റുനോക്കിക്കൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊള്ളുവിൻ” (യൂദാസ് 1:20-21).*

## മെയ് 12 നിസ്സിബിസിലെ മെത്രാനും മല്പാനുമായ മാർ യാക്കോബ്

മെസപ്പോട്ടോമിയായിലെ മോശ എന്നറിയപ്പെടുന്ന സഭാപിതാവാണ് നിസ്സിബിസിലെ മാർ യാക്കോബ്. വി. അപ്രേമിന്റെ ആദ്ധ്യാത്മിക പിതാവാണ് അദ്ദേഹം. ആദ്യത്തെ സാർവത്രിക സുന്നഹദോസായ നിഖ്യാ സുന്നഹദോസിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. പൗരസ്ത്യ സഭയിലും പാശ്ചാത്യ സഭയിലും ഒരുപോലെ വണങ്ങുന്ന വിശുദ്ധനാണ് അദ്ദേഹം. മൂന്നാം നൂറ്റാണ്ടിലെ മെസപ്പൊട്ടോമിയായിലെ പ്രഭുകുടുംബത്തിൽ ജഫാൻ എന്ന പ്രഭുവിന്റെ മകനായി ജനിച്ചു. അർമേനിയൻ സഭയുടെ സ്വർഗീയ മദ്ധ്യസ്ഥനായി അറിയപ്പെടുന്നു. വി. ഗ്രിഗറിയുടെ ബന്ധുവാണ് അദ്ദേഹം. എ.ഡി. 280-ൽ നിസ്സിബിസിനടുത്തുള്ള ഒരു മലമുകളിൽ താമസമാക്കി അവിടെ തപോജീവിതം നയിച്ചു. വി. തെയഡോറിന്റെ അഭിപ്രായത്തിൽ അദ്ദേഹം കഠിനമായി തപോജീവിതം അനുഷ്ഠിച്ചിരുന്നു. ഇലകളും പഴങ്ങളും മാത്രമാണ് അദ്ദേഹം ഭക്ഷിച്ചിരുന്നത്. പാരമ്പര്യം അനുസരിച്ച് കുർദു മലയിൽ നോഹയുടെ പെട്ടകത്തിന്റെ ഒരു ഭാഗം കണ്ടുപിടിച്ചു എന്നു പറയുന്നു. എ.ഡി. 300-ൽ അദ്ദേഹം നിസ്സിബിസിലെ ആദ്യ മെത്രാനായി. എഡേസ്സായിലെ നാൾവഴികൾ അനുസരിച്ച് എ.ഡി. 313-നും 320-നും ഇടയ്ക്ക് നിസ്സിബിസിലെ ആദ്യത്തെ ദൈവാലയം പണിതു. എ.ഡി. 338 ജൂലൈ 15-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: “വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമായി തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു” (അപ്പ. പ്രവ. 2:44).*

www.malankaralibrary.com


## മെയ് 13 അന്ത്യോക്യയിലെ മാർ ഇസഹാക്ക്

സുറിയാനി സാഹിത്യത്തിലെ ഒരു ഉജ്ജ്വല താരമായിരുന്നു അന്ത്യോക്യയിലെ ഇസഹാക്ക്. അദ്ദേഹം അനേകം പ്രസംഗങ്ങൾ രചിച്ചിട്ടുണ്ട്. തിയഡോഷ്യസ് രണ്ടാമന്റെ ശിഷ്യത്വത്തിലാണ് അദ്ദേഹം വളർന്നുവന്നത്. പാരമ്പര്യപ്രകാരം അദ്ദേഹം അന്ത്യോക്യയിലേക്ക് പോവുകയും അവിടുത്തെ ഒരു ആശ്രമത്തിലെ ആബട്ടായി ശുശ്രൂഷ ചെയ്തു. പാരമ്പര്യപ്രകാരം എ.ഡി. 460–ൽ അദ്ദേഹം മരിച്ചു എന്ന് പറയപ്പെടുന്നു.

എഡേസ്സായിലെ വി. യാക്കോബ്, അന്ത്യോക്യയിലെ ഇഹാക്കിനെപറ്റി പറയുന്നത് ഇപ്രകാരമാണ്. "ഈ ഇസഹാക്ക് ഒരു വൈദികനും കവിയും സത്യവിശ്വാസത്തിന്റെ മൽപാനുമാണ്. മബൂഗിലെ ഗ്രീക്ക് മെത്രാനായ അഗാപിയോസ് ഇസഹാക്കിനെപ്പറ്റി ഇപ്രകാരം പറയുന്നു: ഈ കാലഘട്ടത്തിലെ പണ്ഡിതന്മാരിൽ ഒരുവൻ മാർ അപ്രേമിന്റെ ശിഷ്യനായ മാർ ഇസഹാക്കാണ്. അദ്ദേഹത്തിന്റെ താമസം അന്ത്യോക്യയിലാണ്. പെരുന്നാളുകൾ, സഹദേൻമാർ, യുദ്ധങ്ങൾ എന്നിവയെപറ്റി അദ്ദേഹം മെമ്രാകൾ എഴുതിയിട്ടുണ്ട്.

*വിചിന്തനം: "നിങ്ങളുടെ വിശ്വാസത്തിന്റെ സുകൃതംകൊണ്ട് സുകൃതത്തെ ജ്ഞാനംകൊണ്ട്, ജ്ഞാനത്തെ ആത്മസംയമനം കൊണ്ടും, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തി കൊണ്ടും, ഭക്തിയെ സഹോദരസ്നേഹംകൊണ്ടും ഉപവികൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ" (2 പത്രോ. 1:5).*

## മെയ് 14 മാർ അദ്ദായി ശ്ലീഹാ

എഡേസായിൽ ജനിച്ച ഒരു യഹൂദനാണ് അദ്ദായി ശ്ലീഹാ. ഒരു തിരുന്നാളിന് ജറുസലേമിൽ വരികയും അവിടെ വച്ച് സ്നാപക യോഹന്നാന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെടുകയും ജോർദ്ദാൻ നദിയിൽ വച്ച് മാമോദീസ സ്വീകരിക്കുകയും ചെയ്തു. പാലസ്തീനായിൽ താമസിച്ചിരുന്ന സമയത്ത് യേശുവിനെ കാണുകയും ശിഷ്യനായി തീരുകയും ചെയ്തു. 72 അറിയിപ്പുകാരിൽ ഒരാളായി ഗ്രാമങ്ങളിൽ പ്രസംഗിക്കാൻ അദ്ദായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പെന്തക്കുസ്താ അനുഭവത്തിനുശേഷം അദ്ദായി ശ്ലീഹാ മെസപ്പൊട്ടോമിയ, സിറിയ, പേർഷ്യ എന്നിവിടങ്ങളിൽ സുവിശേഷം

www.malankaralibrary.com



പ്രഘോഷിച്ചു. എഡേസായിൽ സുവിശേഷപ്രഘോഷണസമയത്ത് അനേകം വൈദികരെ അഭിഷേകം ചെയ്തു. ബെയ്റൂട്ടിൽ സുവിശേഷം പ്രഘോഷിച്ച് പള്ളികൾ സ്ഥാപിച്ചതായും പറയുന്നു. അസ്സീറിയൻ സഭയിലും, കൽദായ ലിറ്റർജിയിലും അദ്ദായിയുടെ പേരിൽ ആരാധനക്രമമുണ്ട്. തോമാശ്ലീഹായുടെ ശിഷ്യൻമാരിൽ ഒരാളായിരുന്നു.

*വിചിന്തനം: "ഇതാ പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തികളുടെയും മീതേ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരിക്കുന്നു. ഒന്നും നിങ്ങളെ ഉപദ്രവിക്കുകയില്ല" (ലൂക്കാ. 10:19).*

## മെയ് 15 മാർ പക്കോമിയോസ് (292 – 346)

പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ദൈവവുമായുള്ള നിരന്തര ബന്ധത്തിലൂടെയും സന്യാസികളുടെ ഏകാന്തജീവിതത്തിന്റെയും കൂട്ടായ്മാ ജീവിതത്തിന്റെയും പ്രാധാന്യം മനസിലാക്കി അവയ്ക്ക് തുടക്കം കുറിച്ച ഈജിപ്തിലെ അന്തോണിയോസിന്റെ സമകാലികനായിരുന്നു വി. പക്കോമിയോസ്.

ഇടത്തരം കുടുംബത്തിൽ ജനിച്ച പക്കോമിയോസ് രാജ്യസേവനത്തിൽ ഏർപ്പെട്ടിരുന്ന സൈനികരിൽ ഒരാളായിരുന്നു. എന്നാൽ തന്റെ രാജ്യസേവനത്തിൽ അസംതൃപ്തി തോന്നിയ അദ്ദേഹം 316-ൽ സൈനിക സേവനം ഉപേക്ഷിച്ച് പലേമോൻ എന്ന സന്യാസിയുടെ ശിഷ്യനായി മാറി. തന്റെ ഗുരുവായ പലേമോന്റെ ശിക്ഷണത്തിൽ 7 വർഷം ശിഷ്യനായി ജീവിച്ച സമയത്ത് പക്കോമിയോസിന്റെ മനോമുകരത്തിൽ 'കൂട്ടായ്മ' എന്ന ആശയം ഉടലെടുക്കുകയുണ്ടായി.

തന്റെ ഹൃദയത്തിൽ രൂപംകൊണ്ട കൂട്ടായ്മ എന്ന ആശയത്തിന്റെ സാക്ഷാത്കാരത്തിന്റെ ഭാഗമായി നൈൽ നദിയുടെ തീരത്തുള്ള "തബെന്നീസി" എന്ന സ്ഥലത്ത് ഒരു ആശ്രമം സ്ഥാപിച്ചു. ഈ ആശ്രമത്തിൽ അനേകം ഗ്രാമീണ ജനങ്ങൾ കൂട്ടത്തോടെ ചേർന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിത്യാഗപൂർണമായ നിഷ്ഠകൾ സാധാരണക്കാരായ ജനങ്ങൾക്ക് അനുഷ്ഠിക്കാൻ പ്രയാസമായതുകൊണ്ട് പക്കേമിയൂസ് അവരെ ആശ്രമത്തിൽ നിന്ന് പിരിച്ചുവിട്ടു.

എന്നാൽ കൂടുതൽ ആൾക്കാർ വിവിധ ഭാഗത്തു നിന്നായി ആശ്രമസ്ഥരാകാൻ വന്നു. അതുകൊണ്ട് പുരുഷന്മാർക്കായി എട്ടും

www.malankaralibrary.com


സ്ത്രീകൾക്കായി 2 ഭവനങ്ങളും കൂടി സ്ഥാപിച്ചു. അവയുടെ പൊതു പിതാവായി ജീവിച്ചു.

ഈ ആശ്രമസ്ഥർ കൃഷിപരമായ കാര്യത്തിലും മൺപാത്ര നിർമ്മാണത്തിലും തുണി ഉത്പാദന പ്രക്രിയയിലുമൊക്കെ വ്യാപൃതരായിരുന്നു. ആശ്രമത്തിന്റെ ആത്മീയ ഭക്ഷണത്തിനായി ഒരു ദൈവാലയവും, ആശ്രമസ്ഥരുടെ ശാരീരിക ഭക്ഷണത്തിനായി ഒരു അടുക്കളയും ഉണ്ടായിരുന്നു. അതോടൊപ്പം ഈ അടുക്കളയോട് ചേർന്ന് ആശ്രമസ്ഥരുടെ ആരോഗ്യപരമായ കാര്യങ്ങൾ നോക്കുന്നതിനുള്ള ഒരു മുറിയും ഉണ്ടായിരുന്നു.

ഓരോ ആശ്രമത്തിനും ഒരു തലവനും അദ്ദേഹത്തെ സഹായിക്കാൻ ഒരു സഹായിയും ഉണ്ടായിരുന്നു. ഈ തലവനും അദ്ദേഹത്തിന്റെ സഹായിയും ദൈവാലയത്തിലും അടുക്കളയിലും ആശ്രമസ്ഥർക്ക് വിവിധ തരത്തിലുള്ള ജോലികൾ നൽകിയിരുന്നു. ഇവരുടെ ജീവിതം വളരെ ലളിതവും ആത്മീയതയിൽ ഊന്നിയതുമായിരുന്നു. ദിവസത്തിൽ ഒരു നേരം മാത്രമേ ഭക്ഷിച്ചിരുന്നുള്ളൂ. ആശ്രമസ്ഥരുടെ ഗുരുവായിരുന്ന പക്കോമിയോസ് സാധാരണ ഒന്നും തന്നെ കഴിച്ചിരുന്നില്ല. പ്രത്യേകിച്ച് ചൂടുകാലത്ത് ആഴ്ചയിൽ മൂന്നുപ്രാവശ്യം മാത്രമാണ് കഴിച്ചിരുന്നത്.

ബൈബിളിലെ 2500–ൽ പരം വാക്യങ്ങളെ അപഗ്രഥിച്ചുകൊണ്ട് പക്കോമിയോസ് ആശ്രമത്തിന് നിയമാവലി ഉണ്ടാക്കി.

പക്കോമിയോസ് സ്ഥാപിച്ച ആശ്രമങ്ങളുടെ വളർച്ച ത്വരിതഗതിയിലായിരുന്നു. അദ്ദേഹത്തിന്റെ മരണസമയം ആയപ്പോൾ അതിശീഘ്രം വളർന്നുകൊണ്ടിരുന്ന ഒൻപതു പുരുഷ ആശ്രമങ്ങളും മൂന്ന് സ്ത്രീകളുടെ ആശ്രമങ്ങളും ഉണ്ടായിരുന്നു. വളരെ സംഘടനാ പാടവമുള്ള പക്കോമിയോസ് ഓരോ ആശ്രമത്തിനും സുപ്പീരിയറിനെ നിയമിച്ചിരുന്നു. എന്നാൽ ഈ സുപ്പീരിയേഴ്സിന്റെ കാര്യത്തിലും പക്കോമിയോസ് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

വർഷത്തിൽ ഉയർപ്പിന്റെ ദിവസത്തിലും ആഗസ്റ്റ് മാസത്തിലും ഓരോ ആശ്രമത്തിന്റയും സുപ്പീരിയേഴ്സ് പക്കോമിയോസിനെ കണ്ടിരുന്നു. ഈ കൂടിക്കാഴ്ചയുടെ പ്രധാനലക്ഷ്യം ആരാധനപരമായ കാര്യങ്ങളും അതോടൊപ്പം ആശ്രമത്തിന്റെ സാമ്പത്തിക കാര്യങ്ങളും ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക എന്നതാ

www.malankaralibrary.com


യിരുന്നു. അദ്ദേഹത്തിന്റെ പേരിലറിയപ്പെടുന്ന നിയമാവലി പിൽക്കാല സന്ന്യാസപ്രസ്ഥാനങ്ങളുടെ നിയമനിർമ്മാണത്തിന് സഹായകമായി.

ആശ്രമ പ്രസ്ഥാനത്തിന് ശക്തമായ സംഭാവനകൾ നൽകിയ അദ്ദേഹം 346-ൽ തന്റെ നിത്യസമ്മാനം വാങ്ങുന്നതിനായി സ്വർഗ ത്തിലേക്ക് പോയി. 391-ൽ വി. ജെറോം പക്കോമിയോസിന്റെ നിയമ ങ്ങളും എഴുത്തുകളും കണ്ടെത്തുകയും അവയെ ശരിയായവിധം മന സിലാക്കി ലത്തീനിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തു. പക്കോ മിയോസിന്റെ ഈ നിയമങ്ങളും കത്തുകളും ആശ്രമസ്ഥരെ ഇന്നും സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് സെന്റ് ബനഡിക്ട് ഇദ്ദേ ഹത്തിന്റെ ആശയസംഹിതകളെ കടംകൊണ്ടു.

*വിചിന്തനം: "ഞങ്ങൾ ദുഃഖിതരെപ്പോലെയാണെങ്കിലും സദാ സന്തോഷിക്കുന്നു; ദരിദ്രനെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജ്ജിച്ചിരിക്കുന്നു" (2 കോറി. 6:10).*

## മെയ് 20 — നാലു സുവിശേഷകന്മാർ

### വി. മത്തായി സുവിശേഷകൻ

യേശുക്രിസ്തുവിന്റെ അപ്പോസ്തലനായ വി. മത്തായി ശ്ലീഹായാണ് മത്തായിയുടെ സുവിശേഷം രചിച്ചത്. യഹൂദജനം പ്രതീക്ഷ യോടെ കാത്തിരുന്ന യേശുവിനെയാണ് ഈ സുവിശേഷത്തിൽ കാണുന്നത്. യഹൂദമതത്തിൽനിന്ന് ക്രിസ്തുമതം സ്വീകരിച്ച പാലസ്തീനായിലെ ജനങ്ങളെ ഉദ്ദേശിച്ചാണ് ഈ സുവിശേഷം രചിക്കപ്പെട്ടത്. മത്തായി എന്ന വാക്കിന്റെ അർത്ഥം 'യാഹ്വേയുടെ ദാനം' എന്നാണ്. ചുങ്കം പിരിവായിരുന്നു മത്തായിയുടെ തൊഴിൽ. യൂദയാ സഭയിൽ മത്തായി ശ്ലീഹാ സുവിശേഷ പ്രഘോഷണം നടത്തി എന്നു പാരമ്പര്യം പറയുന്നു. ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്ത് മത്തായി ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു എന്ന പാരമ്പര്യമുണ്ട്. എത്യോപ്യ, പേർഷ്യാ, പോന്തസ് എന്നിവ മത്തായി ശ്ലീഹായുടെ രക്തസാക്ഷിത്വ സ്ഥലങ്ങളായി കരുതുന്നു.

### വി. മർക്കോസ് സുവിശേഷകൾ

വി. മർക്കോസ് എ.ഡി. 65 നും 70 നും ഇടയിലാണ് ഈ സുവിശേഷം രചിച്ചത്. പാലസ്തീൻകാരല്ലാത്ത വിജാതീയ

www.malankaralibrary.com


ക്രിസ്ത്യാനികൾക്കുവേണ്ടിയാണ് ഈ സുവിശേഷം എഴുതിയത്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷം (മർക്കോ. 1:1) എന്നത് ഈ സുവിശേഷത്തിന്റെ രത്നചുരുക്കമാണ്. ആഫ്രിക്കയിലെ ഫന്താപോലീസിലുള്ള ഈറന്നലോല പട്ടണത്തിൽ ജനിച്ചു. പത്രോസ് ശ്ലീഹായുടെ പ്രേഷിത തീഷ്ണതയാൽ അകൃഷ്ടനായ മർക്കോസ് ക്രിസ്തുമതം സ്വീകരിച്ചു, പത്രോസിന്റെ ശിഷ്യനായിത്തീർന്നു. അതുകൊണ്ടാണ് പതോസിന്റെ ലേഖനത്തിൽ തന്റെ പുത്രനായി മർക്കോസിനെ വിളിക്കുന്നത് (1 പത്രോ. 15:13). പത്രോസിന്റെ ശ്ലൈഹിക യാത്രകളിൽ അദ്ദേഹത്തെ കൊണ്ട് പോയിരുന്നു. പത്രോസിന്റെ സഹായത്തിലാണ് എ.ഡി. 61–ൽ മർക്കോസ് തന്റെ സുവിശേഷം രചിച്ചത്. പൗലോസിന്റെ പ്രേഷിതയാത്രകളിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനുമായിരുന്നു.

**വി. ലൂക്കോസ് സുവിശേഷകൻ**

വിശുദ്ധ ലൂക്കാ സുവിശേഷകൻ അന്ത്യോകൃയിൽ വിജാതീയ മാതാപിതാക്കളിൽ നിന്ന് ജനിച്ചു. വി. പൗലോസിന്റെ സ്നേഹിതനായിരുന്നു അദ്ദേഹം (കൊളോ. 4:14). പൗലോസിന്റെ രണ്ടാമത്തേയും (അപ്പ. പ്രവ. 16:10) മൂന്നാമത്തേയും (അപ്പ. പ്രവ. 20:5) പ്രേഷിതയാത്രകളിലും റോമിലെ കാരാഗൃഹ വാസകാലത്തും ലൂക്കായും കൂടെ ഉണ്ടായിരുന്നു. സുവിശേഷം എഴുതിയ നാലു പേരിൽ ഒരാളും 'അപ്പസ്തോല പ്രവർത്തനങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ വിശുദ്ധ ലൂക്കായെ കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ കൊളോസ്സുകാർക്കുള്ള ലേഖനത്തിൽ 'ലൂക്കാ, പ്രിയങ്കരനായ വൈദ്യൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പൗരാണിക ലിഖിതങ്ങളിൽ നിന്നും പഴയ സഭാ ചരിത്രകാരന്മാരിൽ നിന്നും കുറച്ച് വിവരങ്ങൾ മാത്രമേ അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ച് നമുക്ക് അറിവായിട്ടുള്ളൂ. ഗ്രീക്ക് വംശജനായ അവിശ്വാസിയായിട്ടാണ് ലൂക്കാ ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.

**വി. യോഹന്നാൻ സുവിശേഷകൻ**

യേശുവിന്റെ ശിഷ്യനായ യോഹന്നാനാണ് യോഹന്നാന്റെ സുവിശേഷത്തിന്റെ കർത്താവെന്ന് പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നു.

www.malankaralibrary.com


ഗ്രന്ഥകർത്താവിനെ യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യനായും അവിടുത്തെ ജീവിതത്തിലെ സംഭവങ്ങൾക്ക് ദൃക്സാക്ഷിയായും ചിത്രീകരിക്കുന്ന രണ്ട് സന്ദർഭങ്ങൾ സുവിശേഷത്തിൽ തന്നെ കാണുന്നു (യോഹ. 19:35, 21:25). സെബദിപുത്രനായ യാക്കോബിന്റെ സഹോദരനാണ്. ആദ്യം യോഹന്നാൻ മാംദാനായുടെ ഒരു ശിഷ്യനായിരുന്നു. അന്ത്രയോസിനോടുകൂടി മിശിഹായെ അനുഗമിച്ച മറ്റേ ശിഷ്യൻ യോഹന്നാൻ ശ്ലീഹയാണ്. അന്നുമുതൽ അദ്ദേഹം യേശുവിനെ സ്നേഹിച്ച് അനുഗമിച്ചു. അതിനുശേഷം അവർ ഗലീലിയിലേക്കും അവിടെനിന്ന് കഫർണാമിലേക്കും ജറുസലേമിലേക്കും പോയി. യേശു ഗലീലകടലിൽ വച്ച് അവരെ വീണ്ടും വിളിക്കുന്നതുവരെ തങ്ങളുടെ പഴയ ജോലിയിൽ ഏർപ്പെട്ടു. എ.ഡി. 28-ൽ ആണ് ശ്ലീഹാ സ്ഥാനത്തേക്ക് യോഹന്നാൻ വിളിക്കപ്പെട്ടത്. അദ്ദേഹം എല്ലാവരിലും പ്രായം കുറഞ്ഞവനായിരുന്നു.

## മെയ് 21 — വി. ഹെലേനാ

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ വി. കുരിശ് കണ്ടെത്തി എന്നുള്ളതാണ് ഈ പുണ്യവതിയുടെ ഏറ്റം വലിയ മഹത്വം. ക്രിസ്തുമതത്തിന് പുതിയ അനേകം ദൈവാലയങ്ങൾ നിർമിച്ചു നൽകി. അനേകായിരം അടിമകളായ ക്രൈസ്തവർക്ക് മോചനം നൽകി. അങ്ങനെ സേവനത്തിന്റെ ഒരു വലിയ മാതൃക പുണ്യവതി നമുക്ക് പകർന്നു തന്നു.

ഏഷ്യാമൈനറിൽ ജനിച്ച രാജ്ഞി റോമൻ ജനറൽ ആയിരുന്ന കോൺസ്റ്റാന്റിനൂസ് കേറസിനെ വിവാഹം കഴിക്കുകയും, ആ ബന്ധത്തിൽ കോൺസ്റ്റന്റൈൻ ജനിച്ചു. രാജകൊട്ടാരത്തിൽ രാജമാതാവായി വാഴ്കെ 312-ൽ ഹെലേനാ ക്രിസ്തുമതവിശ്വാസം സ്വീകരിച്ചു. അനേകം സമയം പ്രാർത്ഥനയിൽ ചിലവഴിച്ചു. ഹെലേനാ പാവങ്ങളെ പരിരക്ഷിക്കുന്നതിനും ഏറെ സന്നദ്ധത പുലർത്തി. അമ്മയുടെ ഭക്തിയിൽ ആകൃഷ്ടനായ മകൻ കോൺസ്റ്റന്റൈൻ ചക്രവർത്തിയും ക്രിസ്തുമാർഗം സ്വീകരിച്ചു.

യേശു ജീവിച്ചു മരിച്ച സ്ഥലങ്ങൾ കാണണം എന്ന ഉദ്ദേശ്യത്തോടുകൂടി 326-ൽ ഹെലേന ജറുസലേമിലേക്കു യാത്ര തിരിച്ചു. ഏക

www.malankaralibrary.com


ദേശം നാലു വർഷത്തോളം ഒരു മഠത്തിൽ ജീവിച്ചു. ബെത്‌ലഹേമിലും, ഒലിവു മലയിലും ദൈവാലയങ്ങൾ സ്ഥാപിച്ചു. ഒടുവിൽ പാലസ്തീനിൽ വച്ച് എ.ഡി. 328-ൽ ആഗസ്റ്റ് 15-ന് ചക്രവർത്തിയുടെ കരങ്ങളിൽ കിടന്ന് ഹെലേന ഇഹലോകവാസം വെടിഞ്ഞു.

ഗോഗുൽത്തായുടെ മലയിൽ നിന്നും കണ്ടെത്തിയ മൂന്നു കുരിശുകൾക്കിടയിൽ നിന്നും കർത്താവിന്റെ കുരിശ് കണ്ടെടുക്കുകയും ആ കുരിശ് ബസലിക്കായിൽ ആരാധനയ്ക്കായി ഒരുക്കുകയും ചെയ്യുന്നതിൽ ഹെലേന മുൻകൈ എടുത്തു.

വി. ഹെലേനയുടെ ഭൗതിക ശരീരം റോമിലെ പത്രോസ്, മാർസേലിനൂസ് ശ്ലീഹന്മാരുടെ കബറിടത്തിനരികിൽ തന്നെ സംസ്കരിച്ചു. ഇന്നും തിരുസഭയിൽ ഉന്നതമായ ഒരു സ്ഥാനമാണ് വി. ഹെലേനക്ക് നൽകിയിരിക്കുന്നത്.

*വിചിന്തനം: "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്നവർക്ക് നമുക്ക് അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കോറി. 1:18).*

## മെയ് 22 — വി. റീത്താ (1368 – 1456)

ഇറ്റലിയിലെ റോക്കോ പൊറേനാ എന്ന ഗ്രാമത്തിൽ ഭക്തരായ അന്തോനിയാ മഞ്ചിനി, അമാത്താ ഫെറി ദമ്പതികളുടെ നീണ്ട നാളത്തെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും ഫലമായി 1381 മെയ് മാസം 22-ാം തീയതി റീത്ത ജനിച്ചു. ദൈവം അവർക്ക് നൽകിയ സമ്മാനമാണ് വി. റീത്ത. കാസിയായിലെ പരിശുദ്ധ ദൈവമാതാവിന്റെ ദേവാലയത്തിൽ വച്ച് അവൾക്ക് ജ്ഞാനസ്നാനം നൽകുകയും മാർഗ്ഗരീത്ത എന്ന പേര് സ്വീകരിക്കുകയും ചെയ്തു. ബന്ധുക്കളും നാട്ടുകാരും സ്നേഹത്തോടെ അവളെ റീത്താ എന്നുവിളിച്ചു. വിശുദ്ധരായ അവളുടെ മാതാപിതാക്കൾ ക്രിസ്തീയ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും അവളെ അഭ്യസിപ്പിച്ചു. സന്ധ്യാപ്രാർത്ഥനയുടെ സമയങ്ങളിൽ മുട്ടിൻമേൽ നിന്ന് തന്റെ മാതാപിതാക്കളിൽ നിന്ന് സാരോപദേശങ്ങളും ആശീർവാദങ്ങളും സ്വീകരിക്കുക പതിവായിരുന്നു. അവൾ ജ്ഞാനസ്നാനം സ്വീകരിച്ച കാസിയായിലെ ദേവാലയം സന്ദർശി

www.malankaralibrary.com


ക്കുന്നതും പ്രാർത്ഥിക്കുന്നതും അവൾക്കെന്നും സന്തോഷം ആയിരുന്നു. അവിടെവച്ചാണ് അഗസ്റ്റീനിയൻ സന്യാസികളെ പരിചയപ്പെടാൻ അവൾക്ക് അവസരം ലഭിച്ചത്. ഒരു അഗസ്റ്റിനിയൻ സന്യാസിയാകാൻ അവൾ അതിയായി ആഗ്രഹിച്ചു. എന്നാൽ അവളുടെ മാതാപിതാക്കൾ അവളെ ഒരു കുടുംബിനിയാക്കാൻ ഒരുങ്ങിയിരുന്നു. എന്നാൽ ക്രിസ്തുവിന് വേണ്ടി ഒരു കന്യകയായി ജീവിക്കാൻ ആഗ്രഹിച്ച റീത്തയ്ക്ക് ഇത് സ്വീകരിക്കാൻ സാധ്യമായിരുന്നില്ല. അവൾ പറഞ്ഞു: "സന്യാസിനിയാകാനുള്ള എന്റെ ആഗ്രഹം ഞാൻ ഉപേക്ഷിക്കാം. വിവാഹ ജീവിതത്തിൽ പ്രവേശിക്കാതെ തന്നെ നിങ്ങളുടെ എല്ലാ ആവശ്യവും നിറവേറ്റി തന്ന് ഇവിടെതന്നെ ഞാൻ ആയിരുന്നുകൊള്ളാം അങ്ങനെ എന്റെ കന്യകാത്വം ദൈവത്തിന് സമർപ്പിക്കാൻ സാധിക്കുമല്ലോ". വിശുദ്ധരായ മാതാപിതാക്കളെ സങ്കടപ്പെടുത്താൻ ആഗ്രഹിക്കാത്ത റീത്ത അവരുടെ നിർബന്ധത്തിന് വഴങ്ങി വിവാഹ ജീവിതത്തിന് സമ്മതം മൂളി. അങ്ങനെ സമ്പന്നനും കുലീന ജാതനുമായ പോൾ ഫെർഡിനന്റ് റീത്തായെ വിവാഹം കഴിച്ചു. ചൂതുകളിയിലും മദ്യപാനത്തിലും പണം മുഴുവൻ ധൂർത്തടിച്ച വ്യക്തി ആയിരുന്നു ഫെർഡിനന്റ്. റീത്തായുടെ ഭക്തകാര്യങ്ങളിൽ താല്പര്യമില്ലാത്ത അവൻ നിരന്തരം അവളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. രാവും പകലും ഭർത്താവിന്റെ ശാരീരിക പീഡനങ്ങൾക്ക് അവൾ വിധേയയായി. എന്നാൽ പരാതിയും പരിഭവവുമില്ലാതെ അവൾ എല്ലാം സഹിച്ചു. ഭർത്താവിന്റെ വിശുദ്ധീകരണത്തിനായി അവൾ നിരന്തരം പ്രാർത്ഥിച്ചു. ഭാര്യയുടെ വിശുദ്ധമായ ജീവിതവും പ്രാർത്ഥനയും ഫെർഡിനാന്റിനെ ക്രമേണ മാനസാന്തരപ്പെടുത്തി. രണ്ട് കുഞ്ഞുങ്ങളെ നൽകി ദൈവം കുടുംബത്തെ അനുഗ്രഹിച്ചു. അങ്ങനെ സ്വർഗതുല്യമായി ആ കുടുംബം മുന്നോട്ടു പോയി. കുടുംബത്തിലേക്ക് സഹനത്തിന്റെ കുരിശുകളുടെ അനുഭവങ്ങൾ വീണ്ടും വന്നു തുടങ്ങി. ശത്രുക്കളുടെ കരങ്ങളാൽ ഫെർഡിനാന്റ് കൊല്ലപ്പെട്ടു. ഫെർഡിനാന്റിന്റെ ഘാതകരോട് റീത്ത ക്ഷമിച്ചു. തന്റെ രണ്ടുമക്കളെ വിശുദ്ധിയിലും ദൈവ ഭക്തിയിലും വളർത്താൻ അവർ ശ്രമിച്ചു. എന്നാൽ തന്റെ ഭർത്താവിനെ വധിച്ച ഘാതകരോട് പകരം വീട്ടാൻ മക്കൾ ആലോചിക്കുന്നു എന്ന് മനസ്സിലാക്കിയ റീത്ത പ്രാർത്ഥിച്ചു: "ദൈവമെ അവിടുന്ന് എനിക്ക് തന്ന

www.malankaralibrary.com


മക്കൾ അവരുടെ പിതാവിന്റെ രക്തത്തിന് പ്രതികാരം ചെയ്യുമെങ്കിൽ ആ രക്തക്കറ അവരുടെ ആത്മാവിൽ പുരളും എന്റെ ദൈവമെ അതിന് ഒരിക്കലും ഇടയാക്കരുതെ". പാപം ചെയ്യുന്നതിനേക്കാൾ തന്റെ മക്കൾ മരിക്കുന്നതാണ് ഭേദം എന്ന് ആഗ്രഹിച്ചു. റീത്തായുടെ പ്രാർത്ഥന ദൈവം കേട്ടു. പ്രതികാരം ചെയ്യാതെ രണ്ട് പ്രിയപ്പെട്ട മക്കളും ദൈവ സന്നിധിയിലേക്ക് എടുക്കപ്പെട്ടു. അപ്പോൾ റീത്തായ്ക്ക് ഏകദേശം 30 വയസ്സ് പ്രായമുണ്ടായിരുന്നു. ഭർത്താവും മക്കളും നഷ്ടപ്പെട്ട റീത്ത ഒറ്റപ്പെട്ടവളായി. അവൾ തന്റെ സമയം മുഴുവൻ കുമ്പസാരത്തിനും പ്രാർത്ഥനയ്ക്കും മാറ്റിവച്ചു.

ഒരു ദിവസം അവൾക്ക് ദൈവത്തിന്റെ ദർശനമുണ്ടായി. ആ ദർശനത്തിൽ ദൈവം അവളോടിങ്ങനെ പറഞ്ഞു: "ഇറങ്ങി വരിക കർത്താവിന്റെ മണവാട്ടിയായി നിന്നെ സന്യാസ ഭവനത്തിലേക്ക് തിര ഞ്ഞെടുത്തിരിക്കുന്നു". അങ്ങനെ 1417-ൽ അവൾ അഗസ്റ്റീനിയൻ മഠ ത്തിൽ അംഗമായി ചേർന്നു. വി. അഗസ്റ്റിനും സ്നാപക യോഹന്നാനും ടൊളെന്റിലെ വി. നിക്കോളസും അവൾക്ക് ദർശനങ്ങൾ നൽകി. തന്റെ സ്വത്തുക്കൾ മുഴുവൻ പാവപ്പെട്ടവർക്ക് ദാനം ചെയ്തു. പരിത്യാഗ ത്തിലും പ്രാർത്ഥനയിലും അവൾ ഒരു സന്യാസ ഭവനത്തിൽ കഴിഞ്ഞു കൂടി. വ്രതങ്ങളെല്ലാം പാലിക്കുന്നതിൽ വളരെ നിഷ്ട പുലർത്തിയി രുന്നു. അവൾക്ക് ഏറ്റവും ഇഷ്ടമുള്ള വ്രതം അനുസരണമായിരുന്നു. ഒരിക്കൽ ഉണങ്ങിക്കരിഞ്ഞ ഒരു മുന്തിരിക്കമ്പ് നട്ട് നനയ്ക്കാൻ മിസ്ട്രസ് റീത്തയോടാജ്ഞാപിച്ചു. അധികാരികളുടെ സ്വരം ദൈവ സ്വരമായികണ്ട് ആ ഉണക്ക മുന്തിരിക്കമ്പ് നടുകയും ദിവസവും വെള്ളം ഒഴിക്കുകയും ചെയ്തു. റീത്തയുടെ ഈ മഹനീയമായ അനുസരണ ത്തിന് സ്വർഗ്ഗം പ്രതിഫലം നൽകി. ആ ഉണക്കകമ്പ് കിളിർത്തു. അതിൽ മുന്തിരി ഇലകൾ വിരിഞ്ഞു അത് പുഷ്പിച്ച് കായ്ച്ചു. ഇന്നും ആ മുന്തിരിച്ചെടി അവിടെതന്നെയുണ്ട്. കഠിനമായ പ്രായശ്ചിത്ത പ്രവൃ ത്തികൾ അവൾ അനുഷ്ഠിച്ചിരുന്നു. രണ്ടോ മൂന്നോ മണിക്കൂർ മാത്രമെ ഒരു ദിവസം ഉറങ്ങിയിരുന്നുള്ളൂ. കയറുകൊണ്ട് ഉണ്ടാക്കിയ ഒരു ഉടുപ്പ് എപ്പോഴും ശരീരത്തോട് ചേർത്ത് ധരിച്ചിരുന്നു. ചാട്ടവാറുകൊണ്ട് ശരീരത്തെ പ്രഹരിച്ചിരുന്നു.

www.malankaralibrary.com


ഒരിക്കൽ വളരെ പ്രശസ്തനായ വചന പ്രഘോഷകൻ ജെയിംസ് ഓഫ് മൗണ്ട് ബ്രാൻഡൻ നടത്തിയ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്ത ശേഷം തിരിച്ച് മുറിയിൽ എത്തിയ റീത്ത ഇങ്ങനെ പ്രാർത്ഥിച്ചു: "യേശുവേ അങ്ങ് അനുഭവിച്ച വേദനയുടെ ഒരു പങ്ക് എനിക്കും തരിക". പ്രാർത്ഥനയിൽ ലയിച്ചിരിക്കുമ്പോൾ അവൾക്ക് ഒരു ദിവ്യാനുഭൂതി ഉണ്ടായി. അവിടെയുണ്ടായിരുന്ന കർത്തൃരൂപത്തിലെ മുൾമുടിയിൽ നിന്ന് പ്രകാശരശ്മികൾ അവളുടെ നെറ്റിയിൽ പതിച്ചു. ഈശോയുടെ മുൾമുടിയിൽ നിന്ന് ഒരു മുള്ള് അവളുടെ നെറ്റിയിൽ തറച്ചു. ഉണങ്ങാത്ത ആ മുറിവ് പഴുക്കുകയും അതിൽ നിന്ന് സഹിക്കാനാവാത്തവിധം ദുർഗന്ധം വമിക്കുകയും ചെയ്തു. ഇത് കാരണം ഒരു മുറിയിൽ 8 വർഷത്തോളം അവൾ ഏകാന്തതയിൽ ജീവിച്ചു. എന്നാൽ ആ മുറിയിൽ അവൾ കഠിനമായ പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകി ജീവിച്ചു. ഒരു ദിവസം പരിശുദ്ധ അമ്മയും ഈശോയും  പ്രത്യക്ഷപ്പെട്ട് അവളോട് പറഞ്ഞു: 'പിതാവിന്റെ മുഖ ദർശനത്തിന് ഇനി രണ്ട് ദിവസം കൂടി ഈ ഭൂമിയിൽ കഴിഞ്ഞാൽ മതി", അവളുടെ രോഗം മുർച്ഛിച്ചു വന്നു അവളുടെ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു:"ദൈവത്തെ സ്നേഹിക്കുക, സഹോദരങ്ങളെ സ്നേഹിക്കുക, നിയമങ്ങള അനുസരിക്കുക, സഭയോട് ചേർന്ന് നിൽക്കുക". ഈ വാക്കുകൾ ഉരുവിട്ടശേഷം 1457 മെയ് 22-ാം തീയതി അവൾ തന്റെ നിത്യസമ്മാനത്തിനായി ദൈവസന്നിധിയിലേക്ക് പോയി. മരിച്ചപ്പോൾ അവളുടെ ശരീരത്തിൽ നിന്ന് അത്ഭുതകരമായ സുഗന്ധം വമിക്കാൻ തുടങ്ങി. 1628 ജൂലൈ 16-ന് സെന്റ് പീറ്റേഴ്സ് ദൈവാലയത്തിൽ വച്ച് ഉർബൻ 8-ാമൻ മാർപാപ്പ റീത്തായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 1900 മെയ് 24-ന് ലെയോ 13-മൻ മാർപാപ്പ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥയായാണ് റീത്ത അറിയപ്പെടുന്നത്.

*വിചിന്തനം: "പ്രാർത്ഥനയ്ക്ക് എത്ര വലിയ മാറ്റങ്ങളാണ് ഈ ഭൂമിയിൽ കൊണ്ടുവരാൻ കഴിയുക. സ്വർഗത്തിലെത്തുന്ന എല്ലാ നിലവിളികൾക്കും വിശുദ്ധൻമാരും മാലാഖമാരും ചേർന്ന് മറുപടി തയ്യാറാക്കുന്നുണ്ട്. തക്കസമയത്ത് അവർ അത് ഭൂമിയിൽ എത്തിക്കുകയും ചെയ്യുന്നു" (വി. റീത്ത).*

www.malankaralibrary.com


## മെയ് 25 വി. സോഫിയാ

വി. സോഫിയായുടെ ജീവിതത്തെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഒരു പാരമ്പര്യമനുസരിച്ച് ഇറ്റലിയിലാണ് വി. സോഫിയ ജനിച്ചത്. വളരെ ഭക്തയും കുലീനയുമായ സ്ത്രീയുമായിരുന്നു. വിശ്വാസത്തിൽ അടിയുറച്ച് ജീവിച്ച വ്യക്തിയായിരുന്നു. ഒരു പാരമ്പര്യം അനുസരിച്ച് ഡയക്ലീഷ്യൻ ചക്രവർത്തിയുടെ കാലത്ത് റോമിൽ മതമർദ്ദനം ഉണ്ടായപ്പോൾ വിശ്വാസത്തിനുവേണ്ടി സോഫിയ രക്തസാക്ഷിത്വം വരിച്ചു. എന്നാൽ മറ്റൊരു പാരമ്പര്യപ്രകാരം സോഫിയായുടെ മൂന്ന് മക്കൾ ഡയക്ലീഷ്യൻ ചക്രവർത്തിയുടെ കാലത്ത് മതമർദ്ദനത്തിന് വിധേയരായി. എന്നാൽ ഇവർ വിശ്വാസത്തിൽ ഉറച്ചുനിന്നു.  വി. സോഫിയാ വിശ്വാസത്തിൽ നിലകൊള്ളാൻ പ്രേരിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഈ 3 മക്കളും ക്രൂരമർദ്ദനത്തിന് വിധേയരായി രക്തസാക്ഷിത്വം വരിച്ചു. തന്റെ 3 മക്കൾ തന്റെ കൺമുമ്പിൽ വച്ച് കൊല്ലപ്പെട്ടിട്ടും ഭക്തയായ സോഫിയ തന്റെ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചില്ല. തന്റെ മൂന്ന് മക്കളെപ്പോലെ ഈ അമ്മയും രക്തസാക്ഷിത്വം വരിച്ചു.

*വിചിന്തനം: "മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്ത ലോകസ്രഷ്ടാവ് തന്റെ നിയമത്തെപ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കുന്നതിനാൽ, കരുണാപൂർവ്വം നിങ്ങൾക്കു ജീവനും ശ്വാസവും വീണ്ടും നല്കും" (2 മക്ക. 7:23).*

## മെയ് 26 വി. ഫിലിപ് നേരി (1515 – 1595)

പതിനാറാം നൂറ്റാണ്ടിലെ റോമിന്റെ അപ്പസ്തോലനും ദൈവസ്നേഹത്താൽ ജ്വലിക്കുന്ന ഒരു പ്രത്യേക വ്യക്തി പ്രാഭവത്തിനുടമയായിരുന്നു വിശുദ്ധ ഫിലിപ്പ് നേരി. ഏതാണ്ട് 50 വർഷത്തോളം ജ്വലിക്കുന്ന ദൈവസ്നേഹത്തിന്റെ തീവ്രതയുമായി വിശുദ്ധൻ തന്റെ പ്രേഷിതദൗത്യം നിർവഹിച്ചു. ഈ 50 വർഷ കാലയളവിൽ വിശുദ്ധൻ സഭാപുരോഹിതരുടെ ആദ്ധ്യാത്മികതയെ നവീകരിക്കുകയും ചെയ്തു.

റോമിലും, മറ്റ് പ്രദേശങ്ങളിലെ കത്തോലിക്കാ സമൂഹങ്ങളിലും അവഗണിക്കപ്പെട്ട് കിടന്നിരുന്ന തുടർച്ചയായി ദിവ്യകാരുണ്യം സ്വീക

www.malankaralibrary.com


രിക്കുന്ന പതിവ് തിരികെ കൊണ്ടുവന്നത് വിശുദ്ധ ഫിലിപ്പ് നേരിയാണ്. വിശുദ്ധ ഫിലിപ്പ് നേരി റോമിന്റെ മാദ്ധ്യസ്ഥ വിശുദ്ധരിൽ ഒരാളാണ്. മാത്രമല്ല അവിടെ ഏറ്റവും കൂടുതൽ ജനസമ്മിതിയുള്ള വിശുദ്ധരിൽ ഒരാൾ കൂടിയാണ് ഫിലിപ്പ് നേരി. അദ്ദേഹത്തിന് യുവാക്കളോട് പ്രത്യേക സ്നേഹമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കുവാനായി യുവജനങ്ങൾ അദ്ദേഹത്തിന് ചുറ്റും തടിച്ചു കൂടുമായിരുന്നു. ഒരു കുമ്പസാരകനെന്ന നിലയിൽ അനേകരെ മാനസാന്തരത്തിലേക്ക് നയിക്കാൻ അദ്ദേഹത്തിനായി. വിശുദ്ധ ഇഗ്നേഷ്യസും ഇക്കൂട്ടത്തിൽ പെടും. തന്റെ പ്രവർത്തനങ്ങളുടെ സ്ഥിരതയ്ക്കായി വിശുദ്ധൻ സുവിശേഷ പ്രഘോഷകരുടെ ഒരു ആത്മീയസഭക്ക് രൂപം നല്കി. മതപരമായ പ്രതിജ്ഞകൾ ഇല്ലാത്ത ഒരു ആത്മീയ സഭയായിരുന്നു അത്. സഭാപരമായ പ്രബോധനങ്ങളും, വിനോദപരിപാടികളും ഉൾപ്പെടുന്ന സാമൂഹ്യ കൂട്ടായ്മയിലൂടെ വിശ്വാസികളുടെ ഉള്ളിലെ ഭക്തിയെ ജ്വലിപ്പിക്കുക എന്നതായിരുന്നു ഈ സഭയുടെ ലക്ഷ്യം. ആനന്ദവും, ഉല്ലാസവും വിശുദ്ധന്റെ സ്വഭാവത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളായിരുന്നു. പൂർവ്വ കാലങ്ങളിൽ "തമാശക്കാരനായ വിശുദ്ധൻ" എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. വിശുദ്ധന്റെ അടുക്കൽ മനസ്സ് തുറക്കുവാൻ കുട്ടികളെ പ്രേരിപ്പിച്ചിരുന്നത് വിശുദ്ധന്റെ ലാളിത്യവും ആഹ്ലാദവുമാണ്. അഗാധ പാണ്ഡിത്യമുണ്ടായിരുന്ന ഫിലിപ്പ് നേരി കുട്ടികളുടെ കുസൃതികളിൽ പങ്കാളിയായി കൊണ്ട് സ്വയം ഒരു കുട്ടിയായി തീർന്നു. യുവാവായിരിക്കെ വിശുദ്ധൻ റോമിലെ പ്രധാനപ്പെട്ട ദൈവാലയങ്ങൾ സന്ദർശിക്കുകയുണ്ടായി. പലപ്പോഴും രാത്രി മുഴുവനും രക്തസാക്ഷികളുടെ ഭൂഗർഭ കല്ലറകളിലും, ശവകുടീരങ്ങളിലും സ്വർഗീയ കാര്യങ്ങളെകുറിച്ച് ധ്യാനിച്ച് കൊണ്ട് വിശുദ്ധൻ സമയം ചിലവിടുമായിരുന്നുവെന്ന് പറയുന്നു. വിശുദ്ധ കുർബാനയും, പ്രാർത്ഥനകളുമായിരുന്നു വിശുദ്ധന്റെ ജീവിതത്തിന്റെ കേന്ദ്രം.

*വിചിന്തനം: "ജീവിതം നന്നായി തുടങ്ങുന്നതിനും കൂടുതൽ നന്നായി അവസാനിപ്പിക്കുന്നതിനും രണ്ടു കാര്യങ്ങളാണ് ആവശ്യം. പരി. മാതാവിനോട് ഭക്തിയുള്ളവരാകുക. ന്യായമായ തടസ്സമില്ലെങ്കിൽ എല്ലാ പ്രഭാതത്തിലും കുർബാന കാണുക" (വി. ഫിലിപ്പ് നേരി).*

www.malankaralibrary.com


## മെയ് 29 വി. തെയഡോഷ്യ

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ആശ്രമത്തിൽ ജീവിച്ചിരുന്ന ഒരു സന്യാസിനി ആയിരുന്നു തെയഡോഷ്യ. മാതാപിതാക്കളുടെ തീക്ഷ്ണമായ പ്രാർത്ഥനകൾക്ക് മറുപടിയായിട്ടാണ് അവൾ ജനിച്ചത്. അവരുടെ മരണശേഷം കോൺസ്റ്റാന്റിനോപ്പിളിലെ ഒരു മഠത്തിൽ ചേർന്നു. സ്വത്തുക്കൾ എല്ലാം ദരിദ്രർക്ക് ദാനധർമ്മം ചെയ്ത് അവൾ ഒരു കന്യാസ്ത്രീയായി. ഈശോയുടെയും പരി. അമ്മയുടെയും വിശുദ്ധരുടെയും ഐക്കണുകൾ നിർമ്മിക്കാൻ സമ്പത്തിന്റെ ഒരു ഭാഗം ഉപയോഗിച്ചു. ലിയോ ദി ഇസൗറിയൻ കോൺസ്റ്റാന്റിനോപ്പിളിലെ ചക്രവർത്തി ആയപ്പോൾ എല്ലായിടത്തും ഐക്കണുകൾ നശിപ്പിക്കാൻ കല്പന പുറപ്പെടുവിച്ചു. കന്യകയായ തെയഡോഷ്യയും മറ്റ് സ്ത്രീ കളും ഇതിനെ ശക്തമായി എതിർത്തു. എ.ഡി. 730-ൽ ചക്രവർ ത്തിയുടെ അനുകൂലിയായ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയാർക്കീസ് അനസ്താസിയോസ് കോൺസ്റ്റാന്റിനോപ്പിളിന്റെ കവാടത്തിൽ സ്ഥാപിച്ചിരുന്ന ഈശോയുടെ ഐക്കൺ നീക്കം ചെയ്യാൻ ഉത്തരവിട്ടു. എന്നാൽ തെയഡോഷ്യയും മറ്റ് സ്ത്രീകളും ഇത് സംരക്ഷിക്കാൻ ഇവിടെയെത്തി. കുപ്രസിദ്ധനായ പാത്രിയാർക്കീസിനെ അവർ കല്ലെ റിഞ്ഞു. ഇതറിഞ്ഞ രാജാവ് ഈ സ്ത്രീകളെ വധിക്കാൻ കല്പന പുറപ്പെടുവിച്ചു. തെയഡോഷ്യയെ ജയിലിലടച്ചു. ഏഴു ദിവസം അവളെ കഠിനമായ പീഡനങ്ങൾക്ക് വിധേയയാക്കി. എട്ടാം ദിവസം അവളെ നഗരത്തിലേക്ക് ആനയിച്ചു. അവിടെ വച്ച് ഒരു ആട്ടിൻകുട്ടി യുടെ കൊമ്പ് ഉപയോഗിച്ച് അവളുടെ തൊണ്ടയിൽ കുത്തി വധിച്ചു. വി. തെയഡോഷ്യയുടെ മൃതദേഹം കോൺസ്റ്റാന്റിനോപ്പിളിലെ വിശുദ്ധ യുഫ്രേമിയായിലെ മഠത്തിൽ ഡെക്സിയോകോറ്റിസ് എന്ന സ്ഥലത്തിന് സമീപം സംസ്കരിച്ചു.

*വിചിന്തനം: "ഞാൻ നിന്നെ ശുദ്ധീകരിച്ചു എന്നാൽ വെള്ളിപോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നും ഞാൻ ശോധന ചെയ്തു" (എശ. 48:10).*

## മെയ് 30 ജോവാൻ ഓഫ് ആർക്ക്

ഫ്രാൻസിലെ ഡൊമ്റെമി എന്ന മനോഹരമായ സ്ഥലത്തായി രുന്നു 1412 ജനുവരി 6ന് ജോവാൻ ജനിച്ചത്. പിതാവ് ജൂകാട്ട് ഒരു

www.malankaralibrary.com


കഠിന ഹൃദയനായിരുന്നു. എന്നാൽ അമ്മ ഇസബെല്ല തികഞ്ഞ മരിയഭക്ത. ഭർത്താവിനെയും കുട്ടികളെയും ദൈവപാതയിൽ നയിക്കാൻ അവൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. ബാല്യകൗമാരങ്ങളുടെ പ്രസരിപ്പിനിടയിലും അവൾ കൂടുതൽ കൂടുതൽ ദൈവത്തിലേക്കടുക്കാൻ ശ്രമിച്ചു. അവളുടെ ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും അളക്കാനാവുന്നതിലും അപ്പുറമായിരുന്നു. അങ്ങനെ ചെറുപ്പം മുതലെ ഒരു തികഞ്ഞ ദൈവഭക്തയായിട്ടാണ് അവൾ വളർന്നു വന്നത്. ഒരുനാൾ മിഖായേൽ മാലാഖ ജോവാനു ദർശനം നൽകി പറഞ്ഞു. "യേശു നിന്നിൽ സംപ്രീതനായിരിക്കുന്നു. നീ ദൈവത്തോടു കൂടെയായിരിക്കുവാൻ ആഗ്രഹിക്കുന്നു". ജോവാൻ മറുപടി പറഞ്ഞു എന്റെ യേശുവിനുവേണ്ടി സഹിക്കാൻ എനിക്കു വളരെ സന്തോഷമാണ്. മാലാഖ പറഞ്ഞു: "നീ ഫ്രാൻസിലേക്ക് പോകണം അവിടെ ചെന്നു ദാർലിസ് പട്ടണം പിടിച്ചെടുക്കണം. ചാൾസ് രാജകുമാരനെ രാജാവായി വാഴിക്കാൻ റിംസിലേക്കു പട്ടാളത്തെ നയിക്കുക".

17-ാം വയസ്സിൽ ജോവാൻ ഫ്രാൻസിലേക്കു യാത്രയായി. ആദ്യം സഹായത്തിനായി എത്തിയത് അങ്കിളിന്റെയും ആന്റിയുടെയും അടുത്താണ്. അങ്കിളും ജോവാനും വുകോളേർസ് നഗരത്തിലെ ക്യാപ്റ്റനെ കാണാൻ പലപ്പോഴായി ശ്രമിച്ചിട്ടും കണ്ടില്ല. ഇതിലൊന്നും പതറാതെ ജോവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അവസാനം ക്യാപ്റ്റനെ കാണാൻ ഇടയായി. ക്യാപ്റ്റൻ കാര്യമറിഞ്ഞപ്പോൾ എതിർക്കുകയാണ് ഉണ്ടായത്. ഈ സമയം ഇംഗ്ലീഷുകാർ ഡോമ്റെമി ആക്രമിച്ചു. ഇതിനാൽ ക്യാപ്റ്റൻ ഭയപ്പെടുകയും ചെയ്തു. ഈ സമയം ജോവാൻ വീണ്ടും ക്യാപ്റ്റനെ സന്ദർശിച്ചു. തനിക്കു കിട്ടിയ ദർശനം പറയുകയും ക്യാപ്റ്റൻ സമ്മതം നൽകുകയും ചെയ്തു. ജോവാനു വേണ്ടുന്ന എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു. ജോവാനു കിട്ടിയ സൈനിക പടയ്ക്ക് അവൾ ആത്മവിശ്വാസവും പ്രതീക്ഷയും കൊടുത്തുകൊണ്ടിരുന്നു. "ഇംഗ്ലീഷ് സൈന്യത്തെ പരാജയപ്പെടുത്തുക എന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. സർവ്വശക്തനായ ദൈവമാണ് നമ്മെ നയിക്കുന്നത്. അവിടുത്തെ കൃപയാൽ നാം വിജയിക്കും". ജോവാൻ ഇംഗ്ലീഷുകാർക്കെതിരെ പടനയിച്ചു. എന്നാൽ അവിടെ പ്രതിസന്ധികളായി

www.malankaralibrary.com


രുന്നു. കാറ്റും മഴയും മൂലം നദിയിൽ വെള്ളം കയറിയതിനാൽ അവരുടെ യാത്ര മാറ്റിവയ്ക്കേണ്ടിവന്നു. ജോവാൻ ദൈവത്തോടു ഇങ്ങനെ പ്രാർത്ഥിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എത്രയെത്ര പ്രതിസന്ധികളാണ് എനിക്കു തരണം ചെയ്യാൻ തന്നിരിക്കുന്നത്. അങ്ങയുടെ ആവശ്യപ്രകാരം തന്നെയല്ലേ ഞാനിവിടെ എത്തിച്ചേർന്നിരിക്കുന്നത്. നീ എനിക്ക് തുണയാവുക". അങ്ങനെ ഇംഗ്ലീഷുകാരുമായുള്ള യുദ്ധം ആരംഭിച്ചു. ജോവാൻ പടയുടെ മുന്നിൽ നിന്നു നയിച്ചു. മെയ് 8-ാം തീയതി ഇംഗ്ലീഷ് സൈന്യത്തെ തോല്പ്പിച്ചു. ഈ വിജയം നാടുമുഴുവൻ പരന്നു. സോഫിൻ രാജാവ് ജോവാനെ നഗരകവാടത്തിൽ നിന്നും സ്വീകരിക്കുകയും വളരെയധികം അഭിനന്ദിക്കുകയും ചെയ്തു.

1430 മെയ് 23 ന് കംപിത്ത എന്ന നഗരത്തിൽ വച്ച് ജോവാനെ ഇംഗ്ലീഷ് സൈന്യം നാലുവശത്തു നിന്നും വളഞ്ഞു. തടവറയിൽ ആക്കി. തടവറയിൽ പീഡനകാലമായിരുന്നു. ഇരുമ്പ് ചങ്ങലകൾകൊണ്ട് കാലുകൾ കട്ടിലിന്റെ തടിയോടു ബന്ധിച്ചിരുന്നു. പലപ്പോഴും ഭക്ഷണം കൊടുക്കാതെ പട്ടിണിക്കിട്ടു. 1431 ഫെബ്രുവരിയിൽ ജോവാന്റെ വിചാരണ തുടങ്ങി. ജോവാന്റെ ദൈവവിശ്വാസത്തെ ഇല്ലാതാക്കാൻ അധികാരികൾ ശ്രമിച്ചു. എന്നാൽ ജോവാൻ വിശ്വാസത്തിൽ നിന്നും പിൻമാറിയില്ല. തന്റെ വിശ്വാസത്തെ തള്ളി പറയാൻ അവളൊരിക്കലും തയ്യാറായിരുന്നില്ല. അവൾ പറഞ്ഞു: "എന്റെ മുൻപിൽ തീജ്വാലകൾ ആളിക്കത്തിയാലും ഞാൻ പറഞ്ഞ കാര്യങ്ങളും ഞാൻ വിശ്വസിക്കുന്നതും സത്യമാണ്". അവിടെ കൂടിയിരുന്നവരെല്ലാം ശരിയും അവൾ മാത്രം തെറ്റുമായി ചിത്രീക്കരിക്കപ്പെട്ടു.

ഓരോ ദിവസവും അവളുടെ നില വഷളായിക്കൊണ്ടിരുന്നു. അവൾ ശാരീരികമായി ക്ഷീണിതയും അവശയുമായി കാണപ്പെട്ടു. ഇതിനിടയിൽ ജോവാനെ തീകൊളുത്തി കൊല്ലുവാൻ തീരുമാനിച്ചു. ജോവാനയ്ക്ക് പരി. കുർബാന സ്വീകരിക്കാനും കുമ്പസാരിക്കാനും ആഗ്രഹമായിരുന്നു. അവളുടെ അവസാനത്തെ ആഗ്രഹമെന്ന നിലയിൽ അത് അനുവദിക്കപ്പെട്ടു. ഫാ. ലാഡ്വെൻ അവളുടെ കുമ്പസാരം കേട്ടു. ഭക്തിയോടും കണ്ണീരോടും കൂടി കുർബാന സ്വീകരിച്ചു. തുടർന്ന്

www.malankaralibrary.com


ജോവാൻ ഒരു കുരിശ് ആവശ്യപ്പെട്ടു. ഒരു ഇംഗ്ലീഷ്കാരൻ വടിയുടെ അറ്റമൊടിച്ച് കുരിശുണ്ടാക്കി അവൾക്കു നൽകി. അതുവാങ്ങി ചുംബിച്ച് ഹൃദയത്തോടു ചേർത്തുപിടിച്ചു. എന്നിട്ട് ജോവാനെ വധക്കളത്തിലേക്ക് നടത്തി. ജോവാൻ ദൈവമേ എന്നുവിളിച്ചു കരയാൻ തുടങ്ങി. ചിതക ത്തിപ്പടർന്നു. ജോവാന്റെ ദേഹവും കരച്ചിലും തീജ്ജ്വാലയിൽ എരി ഞ്ഞടങ്ങി. 1430 മെയ് 30-നാണ് അവൾ രക്തസാക്ഷിമകുടം ചൂടിയത്.

*വിചിന്തനം: "പാപം എന്ന് എനിക്കറിയാവുന്ന ഏതെങ്കിലും ചെയ്യുന്നതിനെക്കാളും അല്ലെങ്കിൽ ദൈവഹിതത്തിന് വിരുദ്ധമായിരിക്കുന്നതിനെക്കാളും ഞാൻ മരിക്കും" (വി. ജോവാൻ ഓഫ് ആർക്ക്).*

## മെയ് 30 കേസറിയായിലെ മാർ എവുസേബിയൂസ് (263 – 339)

പട്രിസ്റ്റിക് സാഹിത്യത്തിന്റെ സുവർണകാലം ആരംഭിക്കുന്നത് എവുസേബിയൂസ് എന്ന സഭാ പിതാവിലൂടെയാണ്. പാലസ്തീനയിലെ കേസറിയ എന്ന രൂപതയുടെ മെത്രാനായിരുന്നു അദ്ദേഹം. ഭൂതകാല സംഭവങ്ങൾ കോർത്തിണക്കുന്നതിനും, അതോടൊപ്പം വർത്ത മാനകാലം രൂപപ്പെടുത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ആ കാല ഘട്ടത്തിൽ സഭയിൽ ഉടലെടുത്ത എല്ലാ പ്രശ്നങ്ങൾക്കും ഒരു ചരി ത്രകാരൻ എന്ന നിലയിലും ഒരു താർക്കികൻ എന്ന നിലയിലും അദ്ദേഹം തന്റെ സാന്നിധ്യം അറിയിച്ചിരുന്നതിനാൽ ഒരു തലയെടു പ്പുള്ള നേതാവിന്റെ ചിത്രം അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ നമുക്കു കാണാം. അവസാനത്തെ വിശ്വാസസംരക്ഷകൻ, ആദ്യത്തെ ദിനവൃ ത്താന്തകൻ, ആദ്യത്തെ റിക്കാർഡ് സൃഷ്ടിപ്പുകാരൻ എന്ന നിലക ളിൽ സഭാപിതാക്കന്മാർ അദ്ദേഹത്തിന്റെ പേരാണ് കൂട്ടിചേർക്കുന്നത്. ആ കാലഘട്ടത്തിലെ ലോകത്തിന്റെ മാറ്റങ്ങൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അത് പിന്നീടുള്ള രചനകളിൽ നിന്ന് വ്യക്തമാകും. ഒന്നാമത്തെ ക്രൈസ്തവ രാജാവിനെ (കോൺസ്റ്റന്റൈൻ) കാണാൻ ഭാഗ്യമുണ്ടായ തലമുറയുടെ പ്രതിനിധി കൂടിയാണ് ഏവുസേബിയൂസ്.

263-ൽ കേസറിയായിൽ ജനിച്ച്, നാട്ടിൽ തന്നെ പഠനം പൂർത്തി യാക്കി, കേസറിയായിലെ മെത്രാനായി. ഒരിജൻ കേസറിയായിൽ തുടങ്ങിയ വിദ്യാപാഠശാലയും ഗ്രന്ഥശാലയും സംരക്ഷിച്ചിരുന്ന

www.malankaralibrary.com


പംഫീലസാണ് അദ്ദേഹത്തിന്റെ ഗുരു. ഗുരുവിനോടുള്ള ബഹുമാന സൂചകമായി, അദ്ദേഹത്തിന്റെ ആത്മീയ സന്താനം എന്ന നിലയിൽ തന്റെ പേരിനോടുകൂടെ ഗുരുവിന്റെ പേരും അദ്ദേഹം ചേർത്ത് എവുസേബിയൂസ് പംഫീലി എന്ന് ആക്കി. ഡയക്ലീഷന്റെ മതപീഡനത്തിന്റെ 7-ാം വർഷം (310) എവുസേബിയൂസ്, ആദ്യം ടയിറിലേക്കും പിന്നെ ഈജിപ്ഷ്യൻ മരുഭൂമിയിലേക്കും പിൻവാങ്ങിയെങ്കിലും അവിടെവെച്ച് പിടിക്കപ്പെട്ട് തടവിലടയ്ക്കപ്പെട്ടു.

313-ൽ കോൺസ്റ്റന്റൈൻ, ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം നൽകിയപ്പോൾ, ആ വർഷം തന്നെ അദ്ദേഹം കേസറിയായിലെ മെത്രാനായി. ആ കാലത്തുണ്ടായ ആരിയൻ തർക്കങ്ങളിൽ അദ്ദേഹം ഇടപെട്ട് സമാധാനം സ്ഥാപിക്കുവാൻ ശ്രമിച്ചു. അന്ത്യോഖ്യായിൽ കൂടിയ ഒരു സിനഡ്, ആരിയനിസത്തിനെതിരെ ഒരു ഫോർമുല സ്വീകരിക്കാൻ വിസമ്മതിച്ചതിനാൽ അദ്ദേഹത്തെ സഭയിൽ നിന്ന് മുടക്കി എന്ന് പറയപ്പെടുന്നു. ഐക്യ സ്ഥാപകൻ എന്ന നിലയിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. നിഖ്യാസുനഹദോസിന്റെ ഫോർമുലയിൽ (ഹോമോ ഉസിയോസ് അംഗീകരിച്ച്) അദ്ദേഹം ഒപ്പ് വച്ചിട്ടുണ്ട്. മതപീഡനത്തിന് അന്ത്യം കുറിച്ച കോൺസ്റ്റന്റൈൻ ചക്രവർത്തിയോട് ഉള്ള ബഹുമാനസൂചകമായി അദ്ദേഹത്തിന്റെ 20, 30 ഭരണവാർഷിക ആഘോഷ സമയത്തുള്ള പ്രസംഗവും, 337-ലെ ചരമ പ്രസംഗവും എവുസേബിയൂസ് നടത്തി.

ദിനവൃത്താന്തം, സഭാചരിത്രം, പാലസ്തീനയിലെ രക്തസാക്ഷികൾ എന്ന 3 ചരിത്രകൃതികളാണ് അദ്ദേഹത്തെ അനശ്വരനാക്കുന്നത്. 339-ൽ എവുസേബിയൂസ് ലോകത്തോട് വിട പറഞ്ഞു.

*വിചിന്തനം: "ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ അതുകൊണ്ടുള്ള നേട്ടം വെള്ളിയേയും സ്വർണ്ണത്തേയുംകാൾ ശ്രേഷ്ഠമാണ്" (സുഭാ. 3:13-14).*

www.malankaralibrary.com

# ജൂൺ
# (ഹ്സീറോൻ)

**ജൂൺ 1** **വിശുദ്ധ ജസ്റ്റിൻ (103 – 167)**

രണ്ടാം നൂറ്റാണ്ടിലെ വിശ്വാസ സമർത്ഥകരിൽ പ്രമുഖനാണ് രക്ത സാക്ഷിയായ വിശുദ്ധ ജസ്റ്റിൻ. 'ചിന്തകനും, രക്തസാക്ഷിയും' എന്നാണ് തെർത്തുല്യൻ അദ്ദേഹത്തെ വിളിക്കുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലസ്തീനായിലെ ഷേക്കോമിൽ (ഫ്ളാവിയാ-നെയാപോളിസ്) എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. സത്യം തേടിയുള്ള പ്രയാണത്തിൽ സ്റ്റോയിക്, പെരിപതെറ്റിക്, പൈതഗോറിയൻ എന്നീ തത്ത്വചിന്തകളിലൂടെ അദ്ദേഹം കടന്നുപോയി. 133-ൽ മുപ്പതാമത്തെ വയസ്സിൽ ജസ്റ്റിൻ ജ്ഞാനസ്നാനം സ്വീകരിച്ചു. രക്തസാക്ഷികളുടെ മാതൃകയാണ് ജസ്റ്റിനെ മാനസാന്തരപ്പെടുത്തിയത്. തനിക്ക് ലഭിച്ച വരം അപരർക്കും ലഭിക്കണമെന്നു കരുതി അദ്ദേഹം റോമിൽ പോയി ക്രിസ്തുമതം പഠിപ്പിച്ചു. അവിടെവച്ച് വിശ്വാസത്തിനുള്ള നീതീകരണമായ ഒരു ഗ്രന്ഥമെഴുതി റോമൻ ചക്രവർത്തി അന്റോണിയൂസിനും റോമൻ സെനറ്റിനും സമർപ്പിച്ചു. ക്രൈസ്തവ വിശ്വാസത്തെ താത്ത്വികമായി അവതരിപ്പിക്കുന്ന കാര്യത്തിൽ അദ്ദേഹം എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. മരിയ വിജ്ഞാനീയത്തിന്റെ തലത്തിൽ നിർണ്ണായകമായ സംഭാവനകൾ ജസ്റ്റിൻ നൽകിയിട്ടുണ്ട്. മറിയത്തെ 'രണ്ടാമത്തെ ഹവ്വാ' എന്നു ആദ്യമായി വിളിച്ചത് അദ്ദേഹമാണ്. മിശിഹാ രണ്ടാമത്തെ ആദമാകുന്നു (1 കോറി 15:45-47) എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനമാണ് അതിന്റെ അടിസ്ഥാനം. അതോടുകൂടിയാണ് സഭാചരിത്രത്തിൽ മറിയത്തെക്കുറിച്ചുള്ള പുതിയ വിചിന്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

ക്രിസ്ത്യാനികൾ തങ്ങളുടെ രഹസ്യയോഗങ്ങളിൽ ശിശുക്കളെ കൊന്നുതിന്നുകയാണെന്ന് വിജാതീയരുടെ ഇടയിൽ ഒരു തെറ്റിദ്ധാരണയുണ്ടായി. വിശുദ്ധ കുർബാനയുടെ സ്വഭാവം ഗ്രഹിക്കാതെ ഉണ്ടായ

www.malankaralibrary.com


ഒരു പ്രചരണമാണ് ഇത്. ഒരു വൈദികൻ നിശ്ചിത പ്രാർത്ഥനകൾ ചൊല്ലി അപ്പവും വീഞ്ഞും ജനങ്ങൾക്ക് ഭാഗിച്ച് കൊടുക്കുന്ന നിമിഷത്തിൽ ഈ ഭൗതികവസ്തുക്കൾ ദിവ്യവചസ്സുകളുടെ ശക്തിയാൽ അവർണനീയമായ വചനത്തിന്റെ മാംസവും രക്തവുമായിത്തീരുന്നുവെന്നു ജസ്റ്റിൻ തന്റെ രണ്ടാമത്തെ വിശ്വാസ നീതീകരണ ഗ്രന്ഥത്തിൽ (Apalogia) വിവരിച്ചു. പാഷണ്ഡികളായ മാർസിയോണെറ്റുകൾക്കും വലന്തിനീയർക്കുമെതിരായി എഴുതിയ ഗ്രന്ഥമാണു "ട്രിഫോയോടുള്ള സംഭാഷണം". ഈ ഗ്രന്ഥങ്ങളൊന്നും മതപീഡനം നിർത്തുന്നതിന് ചക്രവർത്തിക്ക് പ്രേരണയായില്ല. പ്രീഫെക്ട് റസ്റ്റിക്കൂസ്, ജസ്റ്റിനോട് ചോദിച്ചു: "ഞാൻ നിന്നെ പീഡിപ്പിച്ചുകൊന്നതിനുശേഷം നീ സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുമെന്ന് സങ്കല്പിക്കുന്നുണ്ടോ?"

വിശുദ്ധൻ പ്രതിവചിച്ചു: "സങ്കല്പിക്കയല്ല, എനിക്കറിയാം; പൂർണമായി ഉറപ്പുണ്ട്". രാജാവ് കല്പിച്ചു: "വിഗ്രഹങ്ങളെ പൂജിക്കാത്തവരെ"; ആദ്യം ചമ്മട്ടികൊണ്ട് അടിക്കുക; പിന്നീട് തല വെട്ടുക ജസ്റ്റിനും കൂട്ടുകാരും പറഞ്ഞു: "ഞങ്ങൾ ക്രിസ്ത്യാനികളാണ് വിഗ്രഹങ്ങളെ പൂജിക്കുകയില്ല". എ.ഡി. 165-ൽ പ്രീഫെക്ട് റസ്റ്റിക്കൂസ് ഭരണത്തിലിരിക്കുമ്പോൾ ജസ്റ്റിനും 6 കൂട്ടുകാരും രക്തസാക്ഷിത്വമകുടം ചൂടി. അഗാധമായ ജീവൻ പ്രശ്നങ്ങളെ സംബന്ധിച്ച പഠനത്തിൽ മനുഷ്യനു തെറ്റു പറ്റാവുന്നതുകൊണ്ട് സ്വാഭാവിക ചിന്തകളെ മതതത്ത്വങ്ങളുടെ വെളിച്ചത്തിൽ തിരുത്തേണ്ടതാണെന്നു തത്ത്വശാസ്ത്രജ്ഞന്മാരുടെ മധ്യസ്ഥൻ എന്ന നിലയിൽ ജസ്റ്റിൻ നമ്മെ പഠിപ്പിക്കുന്നു.

*വിചിന്തനം: "നമ്മുടെ ശരീരം വലിച്ച് ഭൂമിയിലേക്ക് എറിയപ്പെട്ടാലും അവ വീണ്ടും സ്വീകരിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു, കാരണം ദൈവത്തോടൊപ്പം ഒന്നും അസാധ്യമല്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു" (വി. ജസ്റ്റിൻ).*

## ജൂൺ 5 വി. ബൊണിഫസ് (675 – 754)

ജർമ്മനിയുടെ അപ്പസ്തോലൻ എന്ന് അറിയപ്പെടുന്ന ബൊണിഫസ് ഡിവോണിലെ, ക്രെഡിറ്റോൺ എന്ന സ്ഥലത്താണ് ജനിച്ചത്. പഠനത്തിൽ അതീവ സമർത്ഥനായിരുന്ന ബൊണിഫസാണ് ലാറ്റിൻ ഗ്രാമർ ക്രോഡീകരിച്ചത്. 716-ൽ ഫ്രീസ്‌ലാന്റിലേക്ക് പോയി അദ്ദേഹത്തെ അവിടുത്തെ നേഴ്സിംഗ് സന്യാസികൾ തങ്ങളുടെ

www.malankaralibrary.com


ആബട്ടായി നിയമിച്ചു. അദ്ദേഹം അത് വിസമ്മതിച്ചു. പിന്നീട് ഗ്രിഗറി രണ്ടാമൻ പാപ്പാ അദ്ദേഹത്തെ ജർമ്മനിയുടെ മെത്രാനായി നിയമിച്ചു.

നിരവധി സന്യാസ ആശ്രമങ്ങളും, കന്യകാമഠങ്ങളും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ ജ്ഞാനവും, നൈപുണ്യവും കണ്ട് അദ്ദേഹത്തെ ആർച്ചുബിഷപ്പായും, പിന്നെ പേപ്പൽ ഡെലഗേറ്റായും ഉയർത്തി. തിരിച്ചു ജർമ്മനിയിൽ എത്തിയ അദ്ദേഹം താൻ സ്ഥാപിച്ച ആശ്രമങ്ങളിൽ വി. ബെനഡിക്ടിന്റെ നിയമം പ്രാബല്യത്തിൽ വരുത്തി.

80-ാം വയസ്സിൽ വീണ്ടും അദ്ദേഹം ഫ്രീസ്‌ലാന്റിലേക്ക് പോയി. സുവിശേഷ പ്രഘോഷണം ആയിരുന്നു ലക്ഷ്യം. ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചു. അവിടെവച്ച് അദ്ദേഹം ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വ മകുടം ചൂടി.

അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഫുൾഡാമിൽ സംസ്കരിച്ചു. യൂറോപ്പിനുമേൽ അത്രമേൽ സ്വാധീനം ഉണ്ടായിരുന്ന വി. ബൊണിഫസ്, വിശുദ്ധിയുടെയും, കരുണയുടെയും, താഴ്മയുടെയും ഒരു ആൾരൂപം തന്നെയായിരുന്നു.

*വിചിന്തനം: "ജീവിതത്തിന്റെ വ്യത്യസ്ത സമ്മർദ്ദങ്ങളുടെ തിരമാലകളാൽ വലിച്ചെറിയപ്പെടുന്ന ഒരു വലിയ കപ്പൽ പോലെയാണ് സഭ. തങ്ങളുടെ കടമ കപ്പൽ ഉപേക്ഷിക്കുകയല്ല, മറിച്ച് അവളെ അവളുടെ ഗതിയിൽ നിർത്തുകയാണ്" (വി. ബൊണിഫസ്).*

## ജൂൺ 8 — വി. മറിയം ത്രേസ്യാ (1876 – 1926)

കേരളത്തിൽ തൃശ്ശൂരിൽ പുത്തൻചിറ ഗ്രാമത്തിൽ 1876 ഏപ്രിൽ 26-ാം തീയതി ചിറമ്മൽ മങ്കിടിയാൻ തോമയുടെയും അന്നയുടെയും പുത്രിയായി മറിയം ത്രേസ്യാ ജനിച്ചു. അമ്മയുടെ നിർബന്ധപ്രകാരമാണ് കുഞ്ഞിന് ആവിലായിലെ അമ്മത്രേസ്യായുടെ നാമമായ ത്രേസ്യയെന്നു പേരിട്ടത്. മകളെ ആഴമായ ദൈവവിശ്വാസത്തിൽ വളർത്തിക്കൊണ്ടു വരുന്നതിൽ അന്ന ശ്രദ്ധിച്ചിരുന്നു. ദൈവസ്നേഹത്താൽ നിറഞ്ഞ അവൾ എല്ലാ ദിവസവും ദിവ്യബലിയിൽ പങ്കെടുക്കാൻ അതിയായ താത്പര്യം കാട്ടിയിരുന്നു. ചെറുപ്പത്തിലേതന്നെ 'പുണ്യവതി' എന്ന പേര് സമ്പാദിച്ച ത്രേസ്യാക്ക്, താൻ യേശുവിന്റെകൂടെ കരയാനും സഹിക്കാനും ഉണർന്നിരിക്കാനും പ്രാർത്ഥിക്കാനും വിളിക്കപ്പെട്ടിരിക്കുകയാണെന്ന് തോന്നി. യേശുവിന്റെ പീഡാനുഭവത്തിലെ കുറവ്

www.malankaralibrary.com


തന്റെ ശരീരത്തിൽ തികയ്ക്കാൻ അവൾ സന്നദ്ധയായിരുന്നു. അതിനായി പലവിധ പ്രായശ്ചിത്തങ്ങളും അനുഷ്ഠിച്ചിരുന്നു.

ത്രേസ്യായ്ക്ക് 3 വയസ്സുള്ളപ്പോൾ മുതൽ കന്യക മാതാവിനോടും ജപമാലയോടും അതീവഭക്തിയുണ്ടായിരുന്നു. അഞ്ചു വയസ്സു മുതൽ ഏകാന്തത ഇഷ്ടപ്പെട്ടിരുന്ന അവൾ മാംസവർജ്ജനം, തറയിൽ പായ വിരിച്ചു കിടക്കുന്നതിനു പകരം ചരലിന്മേൽ കിടക്കുക, തലയണയ്ക്കു പകരം കല്ലുവച്ച് കിടക്കുക, മുൾപ്പടർപ്പിൽ കിടക്കുക, കറികളിൽ കയ്പ് ചേർക്കുക മുതലായ വലിയ താപസർ ചെയ്യുന്നതുപോലുള്ള തപശ്ചര്യകളുമായി ജീവിച്ചുപോന്നു. മുടങ്ങാതെയുള്ള നോമ്പും പ്രായശ്ചിത്തവും ത്രേസ്യയുടെ ആരോഗ്യം മോശമാക്കി. പനിയും ശ്വാസംമുട്ടലും അവളെ അലട്ടിയിരുന്നു. പത്താംവയസ്സിൽ തന്നെ ദിവ്യകാരുണ്യം സ്വീകരിച്ചു. കൊച്ചുകുട്ടികളെ വേദോപദേശം പഠിപ്പിക്കാൻ ത്രേസ്യയ്ക്ക് ഉത്സാഹമായിരുന്നു. യൗവനത്തിലേക്ക് കാലുകുത്തിയ ത്രേസ്യയ്ക്ക് വിവാഹാലോചനകൾ വന്നിരുന്നെങ്കിലും ഒന്നിനും വഴങ്ങിയില്ല. ത്രേസ്യയ്ക്ക് 12 വയസ്സുള്ളപ്പോൾ 1888-ൽ അവളുടെ അമ്മ ലോകത്തോട് യാത്രപറഞ്ഞു. തുടർന്ന് തന്റെ അനുജത്തിയെ ശുശ്രൂഷിച്ച് അവൾ ജീവിച്ചു.

1912 നവംബർ 26-ാം തീയതി ത്രേസ്യ തന്റെ ദൈവവിളി വിവേചിച്ചറിയുന്നതിനുവേണ്ടി രണ്ടുമാസത്തേക്ക് ഒല്ലൂരുള്ള കർമ്മലീത്താമഠത്തിൽ പ്രവേശിച്ചു. അക്കാലത്ത് വിശുദ്ധ എവുപ്രാസ്യ ആയിരുന്നു നവസന്യാസാർത്ഥിനികളുടെ ഗുരുനാഥ. തന്റെ വിളി കർമ്മലീത്താ സഭയിലേക്കല്ലെന്ന് ത്രേസ്യാ തിരിച്ചറിഞ്ഞു. അവളുടെ ആദ്ധ്യാത്മിക പിതാവായ ജോസഫ് വിതയത്തിലച്ചന്റെയും, മാർ മേനാച്ചേരി പിതാവിന്റെയും അനുവാദത്തോടെ ഒരു പുതിയ സന്യാസിനീസമൂഹം സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. ഈ സന്ന്യാസസഭയുടെ പ്രഥമഭവനം 1913 ജനുവരി 27-ാം തീയതി ആരംഭിച്ചു.

1914 മെയ് 14-ന് അതൊരു മഠമാക്കി. അങ്ങനെ 'തിരുക്കുടുംബ സന്യാസിനീസഭ' സ്ഥാപിതമായി. സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച ആ സന്യാസിനി 1926 ജൂൺ 8-ന് ദിവംഗതയായി. "ഈശോ മറിയം യൗസേപ്പേ, എന്റെ ഹൃദയവും ആത്മാവും ഞാൻ നിങ്ങൾക്ക് സമർപ്പിക്കുന്നു" എന്നതായിരുന്നു അവസാന വാക്കുകൾ. 1994 ജൂൺ 28-ാം തീയതി മറിയം ത്രേസ്യ ദൈവദാസി പദവിയിലേക്ക് ഉയർത്ത

www.malankaralibrary.com



പ്പെട്ടു. 2000 ഏപ്രിൽ 9-ാം തീയതി, മഹാജൂബിലി വർഷത്തിൽ, മറിയം ത്രേസ്യയെ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2019 ഒക്ടോബർ 13-ാം തീയതി പരി. ഫ്രാൻസിസ് മാർപാപ്പ മറിയം ത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചു.

*വിചിന്തനം: "ചെറുപ്പം മുതൽ ദൈവത്തെ സ്നേഹിക്കണമെന്നും തീവ്രദാഹത്താൽ എന്റെ ആത്മാവ് ക്ലേശിച്ചിരുന്നു" (വി. മറിയം ത്രേസ്യ).*

## ജൂൺ 11 — ബർത്തുൽമായി

ബൽത്തുൽമായി ഗലീലയിലെ കൊത്തിന നഗരത്തിൽ ജനിച്ചു. അദ്ദേഹം ആഷേർ ഗോത്രക്കാരനാണെന്നു ചിലരും യിസ്സാഖർ ഗ്രോത്രക്കാരനെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു. എ.ഡി. 28-ൽ മറ്റ് ശ്ലീഹന്മാരോടൊപ്പം ഇദ്ദേഹവും ശ്ലീഹാസ്ഥാനത്തേക്ക് വിളിക്കപ്പെട്ടു. ആദ്യത്തെ 3 സുവിശേഷങ്ങളിൽ ശ്ലീഹന്മാരുടെ പേരുകൾ പറയുന്ന പട്ടികയിൽ ബർത്തുൽമായുടെ പേര് ആറാമതായിട്ടാണ് കാണുന്നത്.

മിശിഹാതമ്പുരാന്റെ പുനരുത്ഥാനാനന്തരം തിബേരിയോസ് കടൽക്കരയിൽ മത്സ്യം പിടിച്ചു കൊണ്ട് കാണപ്പെട്ട ശ്ലീഹന്മാരിൽ ഒരുവനായിരുന്നു. മിശിഹായുടെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും സാക്ഷിയായി തീരുകയും ജറുസലേമിലേക്ക് തിരിച്ച് പോകുകയും ചെയ്തു. പെന്തക്കുസ്താ അനുഭവത്തിനുശേഷം യമൻ, അറബിയ എന്നീ സ്ഥലങ്ങളിൽ പ്രസംഗിച്ച്, മിശിഹായിൽ വിശ്വസിച്ചവർക്ക് സുറിയാനി ഭാഷയിലുള്ള വി. മത്തായിയുടെ സുവിശേഷം കൊടുത്തു. യൗസേബിയോസ് പറയും പ്രകാരം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി പന്തിനോസ് എന്ന തത്ത്വജ്ഞൻ അവരുടെ പുസ്തകം കണ്ടെടുത്തു. ഈറേനിമോസ്, റുഫിനോസ് എന്നിവരുടെ അഭിപ്രായം പന്തിനോസ് തിരികെ മടങ്ങിയപ്പോൾ ആ പുസ്തകം കൊണ്ടുപോയി എന്നാണ്. ബൽത്തുൽമായി വീണ്ടും അവിടെ അനേകം പള്ളികൾ സ്ഥാപിച്ചതിനുശേഷം ഏഷ്യമൈനറിലേക്ക് പോയി. അവിടെ പീലിപ്പോസിനോടുകൂടി ക്രൂശാരോഹണ കഷ്ടതയിൽ പങ്കുകൊണ്ടു. എന്നാൽ ആ സമയത്തുണ്ടായ ഭൂകമ്പം നിമിത്തം അദ്ദേഹം രക്ഷപ്പെട്ടു. അവിടെനിന്നും അർമ്മേനിയായിലേക്ക് പോയി.

www.malankaralibrary.com


കുറേനാൾ കഴിഞ്ഞ് ബർത്തുൽമായി കാസ്പിയൻ കടലിനു സമീപമുള്ള ലുക്കാനിയായിൽ ചുറ്റിസഞ്ചരിക്കുമ്പോൾ വിഗ്രഹാരാധകരുടെ പുരോഹിതന്മാർ നാടുവാഴിയെ പ്രേരിപ്പിച്ചതനുസരിച്ച് അദ്ദേഹത്തെ ജീവനോടെ തൊലി ഉരിഞ്ഞ് എടുത്തതിനുശേഷം തലകീഴായി ക്രൂശിച്ച് കൊന്നു.

*വിചിന്തനം: "അപ്പോസ്തലന്മാരും പ്രവാചകന്മാരും ആകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ, ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്" (എഫേ. 2:20).*

## ജൂൺ 11 — വി. ബർണബാസ്

ലേവി ഗോത്രത്തിൽ പെട്ടവനായിരുന്നു വിശുദ്ധ ബർണബാസ്. സൈപ്രസായിരുന്നു വിശുദ്ധന്റെ ജന്മദേശം. യേശുവിന്റെ മരണത്തിനു ശേഷം ഉടനെ തന്നെ വിശുദ്ധൻ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുകയും ജെറുസലേമിലെ ആദ്യകാല ക്രിസ്തീയ സമൂഹത്തിലെ ഒരംഗമായി തീരുകയും ചെയ്തു. അദ്ദേഹം തനിക്കുള്ളതെല്ലാം വിറ്റ് ആ പണം മുഴുവൻ അപ്പസ്തോലൻമാരുടെ കാൽക്കൽ അടിയറവെച്ചു. പുതുതായി വിശ്വാസത്തിലേക്ക് വന്ന വിശുദ്ധ പൗലോസുമായി അദ്ദേഹം പെട്ടെന്ന് തന്നെ സൗഹൃദത്തിലായി.

ആദ്യകാല മതപീഡകനായിരുന്ന വിശുദ്ധ പൗലോസിനെ മറ്റുള്ള അപ്പസ്തോലന്മാർ വിശ്വസിക്കാതിരുന്ന അവസരത്തിൽ വി. ബർണബാസാണ് മാനസാന്തരപ്പെട്ട വി. പൗലോസിനെ മറ്റുള്ള അപ്പസ്തോലൻമാർക്ക് പരിചയപ്പെടുത്തി കൊടുത്തത്. യേശുവിനു വേണ്ടി സാക്ഷ്യം വഹിക്കുവാനുള്ള വി. പൗലോസിന്റെ കഴിവിനെ ആദ്യമായി തിരിച്ചറിഞ്ഞ വി. ബർണബാസിനെ ആഗോള സഭ എക്കാലവും സ്മരിക്കുന്നു.

വി. ബർണബാസായിരുന്നു വി. പൗലോസിനെ ടാർസൂസിൽ നിന്നും സുവിശേഷ പ്രഘോഷണത്തിനായി അന്ത്യോക്യായിലേക്ക് കൊണ്ടുവന്നത്. ക്രിസ്തുവിനു ശേഷം ഏതാണ്ട് 45-48 കാലയളവിൽ ഇരുവരുമൊരുമിച്ചാണ് ആദ്യ സുവിശേഷ പ്രഘോഷണ യാത്ര നടത്തിയത്. ജെറുസലേം യോഗത്തിൽ അദ്ദേഹം വി. പൗലോസിനൊപ്പം സന്നിഹിതനായിരുന്നു. അവർ രണ്ടുപേരും തങ്ങളുടെ രണ്ടാമത്തെ സുവിശേഷ പ്രചാരണ യാത്രയ്ക്കായി തയ്യാറെടുപ്പുകൾ നടത്തുന്ന

www.malankaralibrary.com


തിനിടക്കാണ് അവർക്കിടയിൽ മർക്കോസിനെ ചൊല്ലി അഭിപ്രായ ഭിന്നത ഉടലെടുക്കുന്നത്. അതേ തുടർന്ന് രണ്ടുപേരും വിവിധ സ്ഥല ങ്ങളിലേക്ക് പോയി. ബർണബാസ് മർക്കോസിനേയും കൂട്ടിക്കൊണ്ട് സൈപ്രസിലേക്കാണ് പോയത്. അതിനുശേഷമുള്ള കാര്യങ്ങൾ അപ്പ സ്തോല പ്രവർത്തനങ്ങളിലോ ആധികാരികമായ മറ്റ് രേഖകളിലോ പരാമർശിച്ച് കാണുന്നില്ല.

വി. പൗലോസിന്റെ എഴുത്തുകളിൽ ഒന്നിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ബർണബാസ് സ്വന്തം പ്രയത്നത്താലാണ് ജീവിച്ചതെന്നാണ് (1 കൊറി. 9:5-6). വി. ബർണബാസ് മരണപ്പെടു ന്നതിന്റെ സമയവും സ്ഥലവും എങ്ങും രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. 488-ൽ അദ്ദേഹത്തിന്റെ ശരീരം സലാമിനായിൽ കണ്ട തായി പറയപ്പെടുന്നു. പുരാതനകാലം മുതൽ തന്നെ സഭയുടെ ആരാ ധനാ ക്രമത്തിൽ വി. ബാർണബാസിന്റെ നാമം ചേർക്കപ്പെട്ടിട്ടുണ്ട്.

*വിചിന്തനം: "ഭയപ്പെടേണ്ടാ, നിശ്ശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ അക്രമി ക്കുകയോ ഉപദ്രവിക്കുകയോ അല്ല" (അപ്പ. പ്രവ. 18:9-10).*

## ജൂൺ 13 പാദുവായിലെ വി. അന്തോണിയോസ് (1195 – 1231)

കത്തോലിക്കാ സഭയിൽ ഏറ്റവും അറിയപ്പെടുന്ന ഒരു വിശു ദ്ധനാണ് വി. അന്തോണിയോസ്. ലിസ്ബണിലെ ഒരു പ്രമുഖ പ്രഭു കുടുംബത്തിൽ 1195 ആഗസ്റ്റ് 15-ാം തീയതിയാണ് അന്തോണിയോസ് ജനിച്ചത്. 15-ാം വയസ്സിൽ വി. അഗസ്തീനോസിന്റെ ആശ്രമത്തിൽ വൈദിക പഠനത്തിനായി പ്രവേശിച്ചു. പില്കാലത്ത് ഫ്രാൻസിസ്കൻ ജീവിതത്തിൽ ആകൃഷ്ടനായ അദ്ദേഹം ഫ്രാൻസിസ്കൻ മിഷണറി സഭയിൽ ചേർന്നു. ഈ പ്രവേശനം മൂലം പിൽക്കാലത്ത് തിരുസഭ യുടെ രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസീസിയിലെ വി. ഫ്രാൻസിസുമായി ഒരു ഗാഢബന്ധം സ്ഥാപിക്കുന്നതിന് അദ്ദേ ഹത്തിന് സാധിച്ചു.

പ്രസംഗകലയിലുള്ള അദ്ദേഹത്തിന്റെ വൈദഗ്ധ്യം ജനസാഗ രങ്ങളെ അതിശയിപ്പിച്ചു. നിരവധി സെമിനാരികളിൽ തിയോളജി പഠി പ്പിക്കുന്നതിന് അദ്ദേഹം നിയോഗിതനായി. എന്നാൽ 1227-ൽ പരി. ഗ്രിഗറി പാപ്പാ അന്തോണിയോസിനെ പാദുവായിലേക്ക് അയച്ചു.

www.malankaralibrary.com


അവിടെ എത്തിയ അദ്ദേഹം അനേകം ആത്മാക്കളെ ക്രിസ്തുവിലേക്ക് അടുപ്പിച്ചു. ആത്മാക്കളെ നേടാനുള്ള അക്ഷീണ പരിശ്രമത്താൽ അദ്ദേഹം ശാരീരികമായി ഏറെ തളർന്നിരുന്നു. അങ്ങനെ 1231 ജൂൺ മാസം 13-ാം തീയതി 36-ാം വയസിൽ തന്റെ നിത്യസമ്മാനത്തിനായി അദ്ദേഹം യാത്രയായി.

വിശുദ്ധിയുടെ നിറകുടമായിരുന്ന അദ്ദേഹത്തെ തൊട്ടടുത്ത വർഷം തന്നെ തിരുസഭ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. 1946-ൽ അദ്ദേഹത്തെ വേദപാരംഗതനായി പ്രഖ്യാപിച്ചു.

ദിവ്യകാരുണ്യത്തോടുള്ള അദ്ദേഹത്തിന്റെ ഭക്തി ഏറെ പ്രശസ്തമാണ്. അദ്ദേഹം ദിവ്യകാരുണ്യം എഴുന്നെള്ളിച്ചപ്പോൾ കഴുത പോലും കുർബാനയുടെ മുമ്പിൽ മുട്ടുകുത്തിയ ഐതിഹ്യങ്ങൾ സഭയിലുണ്ട്. ഉണ്ണീശോയെ കൈയ്യിൽ ഏന്തിയ ഒരു വിശുദ്ധനായാണ് അദ്ദേഹത്തെ നമുക്ക് കാണാൻ കഴിയുക. അദ്ദേഹത്തിൽ വിളങ്ങി നിന്ന ദിവ്യകാരുണ്യ ഭക്തിയും, ജ്ഞാനവും, വിശുദ്ധിയുമാണ് അദ്ദേഹത്തെ ഇത്ര വേഗം വിശുദ്ധ പദവിയിലേക്ക് ഉയർത്തിയത്. കാണാതെ പോയ വസ്തുക്കൾ കണ്ടു കിട്ടുന്നതിനും വി. അന്തോണീസിന്റെ മാദ്ധ്യസ്ഥം നമ്മൾ തേടാറുണ്ട്.

*വിചിന്തനം: "ദാനധർമ്മത്തിന്റെ വീതി പാപിയുടെ ഇടുങ്ങിയ ഹൃദയത്തെ വിശാലമാക്കുന്നു" (പാദുവായിലെ വി. അന്തോണിയോസ്).*

## ജൂൺ 14 ഏലീശാ നിബിയ

ഷാഫാത്തിന്റെ മകനായ ഏലീശാ കാളയെ ഉഴുതുകൊണ്ടിരിക്കുമ്പോഴാണ് ഏലിയാ അവനെ വിളിക്കുന്നത്. ഏലിയ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിലൂടെ ഏലീഷായ്ക്ക് ഏലിയായുടെ ആത്മാവിന്റെ ഇരട്ടി പങ്ക് ലഭിച്ചു (2 രാജാ. 2:9). ജറീക്കോയിലെ പ്രവാചകഗണം ഏലിയായുടെ ആത്മാവ് ഏലിശായിൽ കുടികൊള്ളുന്നു എന്ന് അറിഞ്ഞപ്പോൾ ഏലീശായെ ബഹുമാനിച്ചു (2 രാജാ. 2:15-16). അവിടുത്തെ ജലം അശുദ്ധമാണ് എന്ന് പറഞ്ഞപ്പോൾ ഏലീശാ ഉപ്പ് കൊണ്ട് വരാൻ പറഞ്ഞിട്ട് കർത്താവിനോട് പ്രാർത്ഥിച്ച് അവിടുത്തെ ഉറവയിലേക്ക് ഉപ്പ് ഇട്ടു. അങ്ങനെ ആ ജലം ശുദ്ധമായി. ഏലീശായുടെ വചനം അനുസരിച്ച് ഇന്നും ആ ജലം ശുദ്ധമാണ് (2 രാജാ. 2:13-22).

www.malankaralibrary.com


അതിനുശേഷം അനേകം അത്ഭുതങ്ങൾ ഏലീശാ പ്രവർത്തിച്ചു. ദരിദ്രയായ വിധവയുടെ വീട്ടിൽ എണ്ണ വർദ്ധിപ്പിച്ച് ഉപജീവനത്തിനുള്ള വക ഉണ്ടാക്കി കൊടുത്തു (2 രാജാ. 4:1-7) അതിനുശേഷം ഷൂനേം കാരിയുടെ വന്ധ്യത മാറ്റി കുഞ്ഞിനെ നൽകി, ആ കുഞ്ഞ് മരിച്ചപ്പോൾ അവന് പുനർജീവൻ നൽകി (2 രാജാ 4:8-37) ഗിൽഗാലിൽ വെച്ച് ഭക്ഷണം കഴിക്കുമ്പോൾ അതിൽ വിഷം ഉണ്ട് എന്ന് മനസ്സിലാക്കിയ ഏലിശാ അതിലെ വിഷാംശം മാറ്റി ഭക്ഷണയോഗ്യമാക്കി (2 രാജാ. 4:38-41). സിറിയ രാജാവിന്റെ സൈന്യാധിപൻ നാമാന്റെ കുഷ്ഠരോഗം മാറ്റി പൂർവ്വ സ്ഥിതി ആക്കാനും ഏലീശാ മുൻകൈ എടുത്തു (2 രാജാ. 5).

യഹോവാഷ് ഇസ്രയേലിന്റെ രാജാവായിരിക്കുമ്പോൾ ഏലീശാ യ്ക്ക് രോഗം പിടിപെട്ടു. തന്നെ സമീപിച്ചപ്പോൾ യഹോവാഷ് രാജാ വിന് സിറിയായെ തോല്പിക്കാനുള്ള അനുഗ്രഹം നല്കിയിട്ട് ഏലിശാ മരിച്ചു. അവർ അവനെ സംസ്കരിച്ചു. ഒരാളെ സംസ്കരിക്കുന്നതി നായി കൊണ്ടുപോകുമ്പോൾ ശത്രുക്കളായ മൊവാബ്യരെ കണ്ട് ഭയന്ന ജനം ജഡം ഏലിശായുടെ കല്ലറയിലേക്ക് എറിഞ്ഞു. ഏലീശായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ച് എഴുന്നേറ്റ് നിന്നു (2 രാജാ. 13:21). വിശുദ്ധരുടെ തിരുശേഷിപ്പുകളിൽ ദൈവീക ശക്തി യുണ്ടെന്ന് തെളിയിക്കുന്ന സംഭവമാണിത്. അതുകൊണ്ടാണ് അപ്പ സ്തോലിക സഭകൾ വിശുദ്ധരുടെ തിരുശേഷിപ്പുകളെ സംപൂജ്യമായി കാണുന്നത്.

*വിചിന്തനം: "ഏലിയാ അവിടെ നിന്ന് പുറപ്പെട്ടു. പന്ത്രണ്ട് ഏർ കാള ഉഴുതുകൊണ്ടിരുന്ന സ്ഥലത്ത് അവൻ ഷാഫാത്തിന്റെ മകൻ ഏലിശായെ കണ്ടു. അവൻ പന്ത്രണ്ടാമത്തെ നിലയിലായിരുന്നു. ഏലിയാ അവന്റെ സമീപത്തുകൂടി കടന്നുപോകുമ്പോൾ അവന്റെ മേലങ്കി അവന്റെ മേലിട്ടു. ഉടനെ അവൻ കാളകളെ വിട്ട് ഏലിയായുടെ പിന്നാലെ ഓടിച്ചെന്ന് പറഞ്ഞു: മാതാപിതാക്കന്മാരെ ചുംബിച്ച് യാത്ര പറഞ്ഞിട്ട് ഞാൻ അങ്ങയെ അനുഗമിക്കാം" (1 രാജാ. 19:19-20).*

## ജൂൺ 18 — മാർ അപ്രേം മല്പാൻ

മഹാനായ മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലാണ് ജനിച്ചത്. ഇന്ന് നുസൈബിൻ എന്ന് നിസിബിസ് അറിയപ്പെടുന്നു. മാർ അപ്രേമിന്റെ മാതാപിതാക്കൾ ഭക്തരായ ക്രിസ്

www.malankaralibrary.com


ത്യാനികളായിരുന്നു. അപ്രേമിന് ഒരു സഹോദരി ഉണ്ടായിരുന്നു. ബാല്യപ്രായം മുതൽ അപ്രേമിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മെത്രാനായ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അപ്രേം തന്റെ യൗവനാരംഭത്തിനു മുമ്പേ മാമോദീസ സ്വീകരിച്ച് "ഉടമ്പടിയുടെ മക്കൾ (ബ്നൈ ക്യാമാ)" എന്നറിയപ്പെട്ട താപസ്സസമൂഹത്തിൽ അംഗമായി. മാർ യാക്കോബാണ് അപ്രേമിന് മാമോദീസായും ഡീക്കൻ പട്ടവും നൽകിയത്.

പേർഷ്യൻ രാജാവായ ഷപൂർ രണ്ടാമൻ എ.ഡി. 338, 346, 350 എന്നീ വർഷങ്ങളിൽ നിസിബിസ് പട്ടണം ആക്രമിച്ചു. മൂന്നു തവണയും പട്ടണം ധീരമായി ചെറുത്തുനിന്നു. പ്രതിരോധ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാൻ ഡീക്കൻ എന്ന നിലയിൽ അപ്രേം അത്യധ്വാനം ചെയ്തു. എ.ഡി. 363 -ലെ പേർഷ്യൻ യുദ്ധത്തെ തുടർന്ന് നിസിബിസ് പട്ടണം പേർഷ്യാക്കാരുടെ അധീനതയിലായി. ക്രൈസ്തവരെല്ലാം നിസിബിസ് വിട്ടുപോകേണ്ടി വന്നു. അപ്രേം എഡേസ്സായിലേക്ക് കുടിയേറി. എ.ഡി. 371, 372-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സായിൽ അനേകർ മരിച്ചപ്പോൾ അവരെ അടക്കാനും രോഗികളെ ശുശ്രൂഷിക്കാനും ദരിദ്രരെ സഹായിക്കാനുമായി അപ്രേം ഒരു സന്നദ്ധസംഘം രൂപീകരിച്ച് സേവനനിരതനായി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അപ്രേമിന്റെ ആരോഗ്യം തകർത്തു. 313 ജൂൺ 9-ന് അപ്രേം അന്തരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാ സഭ 1920-ൽ മാർ അപ്രേമിനെ സാർവത്രിക സഭാ മൽപാൻ എന്നു വിളിച്ചു. ഒരേ സമയം ദൈവശാസ്ത്രജ്ഞനും കവിയുമായിരുന്നു അദ്ദേഹം. ദൈവശാസ്ത്രം കാവ്യാത്മകമായി എങ്ങനെ അവതരിപ്പിക്കാനാവും എന്ന് സുവ്യക്തമായി അദ്ദേഹം കാട്ടിതന്നു. ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച അദ്ദേഹം പരസ്നേഹ പ്രവൃത്തികളിൽ മുഴുകി. പകർച്ചവ്യാധി ബാധിച്ചവരെ തന്റെ മരണം വരെ ശുശ്രൂഷിച്ചു.

www.malankaralibrary.com



'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ രീതികളിലാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. ഉത്പത്തിയുടെയും പുറപ്പാടിന്റെയും വ്യാഖ്യാനങ്ങൾ, ദിയാതെസ്സറോൺ ഭാഷ്യം, കന്യാത്വത്തെക്കുറിച്ച്, നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രതിപാദനം തുടങ്ങിയവയാണ് പ്രധാന കൃതികൾ. കൂടാതെ അനേകം ധാർമിക പ്രഭാഷണങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്. അന്ത്യോക്യൻ ആരാധനക്രമത്തിലെ പല ഗീതങ്ങളും മാർ അപ്രേം രചിച്ചതാണ്.

*വിചിന്തനം: "നീസ്സാൻ മാസത്തിൽ നമ്മുടെ കർത്താവ് ആദാമിന്റെ കടം വീട്ടി. ആദത്തിന്റെ വിയർപ്പിന് പകരമായി നീസ്സാൻ മാസം അവന്റെ വിയർപ്പ് നൽകി. ആദത്തിന് പാപത്തിന് കാരണമായ വൃക്ഷ ത്തിന് പകരമായി കുരിശാകുന്ന ജീവവൃക്ഷം നൽകി. സൃഷ്ടിയുടെ ആറാം ദിവസത്തിന് പകരമായി ആഴ്ചയുടെ ആറാം ദിവസം അവൻ നൽകി (ഉയിർപ്പ്). ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ആ ദിവസത്തിൽ കള്ളനെ ഏദൻതോട്ടത്തിലേക്ക് പ്രവേശിപ്പിച്ചു (മാർ അപ്രേം).*

## ജൂൺ 19 — മാർ യൂദാ തദ്ദായി ശ്ലീഹാ

ശെമവൂൻ ഗോത്രക്കാരനായിരുന്നു യൂദാശ്ലീഹാ. പഴയ വിവർത്ത നങ്ങളിൽ ലബ്ബായസ് (ലാബി) എന്ന് കാണുന്നു. യൂദാ, തദ്ദായി, ലാബി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഇദ്ദേഹം യേശുവിനോട് ഒരു ചോദ്യം ചോദിക്കുന്നതായി വി. യോഹന്നാന്റെ സുവിശേഷം 14:22-ൽ കാണുന്നു; "കർത്താവേ, നീ നിന്നെ ഞങ്ങൾക്ക് വെളിപ്പെടുത്താൻ പോകുന്നു, എന്നാൽ ലോകത്തിന് വെളിപ്പെടുത്തുകയില്ല എന്നു പറ ഞ്ഞതെന്താണ്"? 'യൂദാസ്കറിയോത്താ' എന്ന മറ്റൊരു ശിഷ്യനും കർത്താവിന്റെ ശിഷ്യഗണത്തിൽ ഉൾപ്പെട്ടിരുന്നതിനാൽ അവിടെ 'സ്കറിയോത്താ' അല്ലാത്ത യൂദാ എന്ന് പ്രത്യേകം എടുത്ത് പറയുന്നു. ഇദ്ദേഹം യഹൂദിയാ-സമറിയാ, ഗലീല, എദോമ്യാ, പേർഷ്യാ മുത ലായ സ്ഥലങ്ങളിൽ സുവിശേഷം പ്രചരിച്ചു. വി. തദ്ദായി എ.ഡി. 43 മുതൽ 68 വരെ അർമീനിയായിൽ സുവിശേഷം പ്രസംഗിച്ചുവെന്നും അർമീനിയൻ സഭ സ്ഥാപിച്ചത് അപ്പോസ്തലന്മാരായ തദ്ദായിയും

www.malankaralibrary.com


ബർത്തലോമിയായും ആണെന്നും അർമീനിയൻ സഭ വിശ്വസിക്കുന്നു. ഇദ്ദേഹത്തെ കല്ലെറിഞ്ഞു കൊന്നു എന്നു പാരമ്പര്യമായി വിശ്വസിക്കുന്നു.

*വിചിന്തനം: "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്ക് പോയി. അവിടെ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്തുവിളിച്ച് അവിടെനിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവർക്ക് അപ്പസ്തോലന്മാർ എന്ന് പേര് നൽകി" (ലൂക്കാ. 7:12-14).*

## ജൂൺ 21 വി. അലോഷ്യസ് ഗൊൺസാഗ (1568 – 1591)

സ്വയം പരിത്യാഗത്തിലൂടെ വിശുദ്ധിയുടെ പടവുകൾ താണ്ടി കയറിയ പുണ്യജീവിതമാണ് വി. അലോഷ്യസ് മരിയ ഗൊൺസാഗയുടേത്. അസമാധാനം യൂറോപ്പിനെ ഭരിക്കുന്ന സമയത്ത് ആയുധങ്ങളുടെയും, അധികാരത്തിന്റെയും നടുവിലാണ് പുണ്യവാൻ ജനിച്ചതെങ്കിലും കേവലം 7-ാം വയസിൽ പ്രാർത്ഥനയും, സ്വയം പരിത്യാഗവും സ്വർഗം കീഴടക്കാനുള്ള ആയുധമാക്കി മാറ്റിയ പുണ്യസൂനമാണ് അലോഷ്യസ്.

വൈദികനാകണം എന്ന അതിയായ ആഗ്രഹം ഉടലെടുത്തപ്പോൾ 16-ാം വയസിൽ അലോഷ്യസ് സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. ഇതറിഞ്ഞ പിതാവ് അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പിതാവിന്റെ എതിർപ്പുകൾ വിഫലമായപ്പോൾ, അവനെ ഒരു മുറിയിൽ പിതാവ് പൂട്ടിയിട്ടു. എന്നാൽ ആ മുറിയിൽ ഒരു ക്രൂശിത രൂപം പിടിച്ച് മുട്ടുകുത്തി, പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒടുവിൽ അവൻ വിജയിച്ചു. 1585 നവംബർ 25-ാം തീയതി അലോഷ്യസ് ഈശോ സഭാ നൊവിഷ്യേറ്റിൽ പ്രവേശിച്ചു.

സെമിനാരിയിൽ എത്തിയ അലോഷ്യസിന്, അധികാരികളിൽ നിന്നും ഏറെ തിക്താനുഭവങ്ങൾ നേരിട്ടു. കൂടുതൽ ലോകത്തിലേക്കു വരാൻ അവർ അവനെ നിർബന്ധിച്ചു. പക്ഷേ അത് അവനെ കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ സഹായിച്ചു.

1591-ൽ റോമായിൽ പ്ലേഗ് പടർന്നുപിടിച്ചപ്പോൾ ഈശോസഭക്കാർ ആ നാട്ടിൽ ഒരു ആശുപത്രി നടത്തിയിരുന്നു. ദൈവശാസ്ത്ര വിദ്യാർത്ഥിയായിരുന്ന അലോഷ്യസ് ആ ആശുപത്രിയിൽ കഴിഞ്ഞി

www.malankaralibrary.com



രുന്ന പ്ലേഗ് ബാധിതരെ ശുശ്രൂഷിക്കാൻ തുടങ്ങി. തൽഫലമായി ആ ദുർബല ശരീരത്തെ പ്ലേഗ് എന്ന മഹാമാരി പിടികൂടി. അങ്ങനെ 1591 ജൂൺ 21-ാം തീയതി ആ നിർമല കുസുമത്തെ കർത്താവ് തന്റെ കര ങ്ങളിൽ എടുത്തു.

നിങ്ങൾ നിയമങ്ങൾ കാക്കുക, നിയമങ്ങൾ നിങ്ങളെ കാത്തു കൊള്ളും ഇതായിരുന്നു അലോഷ്യസിന്റെ ആപ്തവാക്യം. 1726-ൽ അലോഷ്യസ് വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ടു. തന്റെ അന്ത്യനാളു കളിൽ തനിക്ക് സ്വർഗം കിട്ടണം എന്ന് ആഗ്രഹിച്ചപ്പോൾ അത് പോലും പാപമാണെന്ന് ചിന്തിച്ച വിശുദ്ധ ജീവിതമാണ് അലോഷ്യസിന്റേത്. കത്തോലിക്കാ സഭയിലെ യുവജനങ്ങളുടെ മദ്ധ്യസ്ഥനായി പിൽക്കാ ലത്ത് വി. അലോഷ്യസ് ഗോൺസാഗ ഉയർത്തപ്പെട്ടു.

*വിചിന്തനം: "ലോകത്തിന്റെ മുഴുവൻ രാജാവായിരിക്കുന്നതിനേക്കാൾ ദൈവത്തിന്റെ മകൻ ആയിരിക്കുന്നതാണ് നല്ലത്" (വി. അലോഷ്യസ് ഗൊൺസാഗ).*

## ജൂൺ 28 — മാർ ഐറേനിയോസ് (125 – 202)

ഏഷ്യാമൈനർ നിവാസിയെന്ന് കരുതപ്പെടുന്ന വിശുദ്ധ ഐറേ നിയോസിന്റെ ജനനം 120-ലായിരുന്നു. സത്യക്രിസ്ത്യാനികളായിരു ന്ന, ഐറേനിയോസിന്റെ മാതാപിതാക്കൾ വിശുദ്ധനെ അദ്ദേഹത്തിന്റെ യൗവ്വനത്തിൽ തന്നെ സ്മിർണായിലെ മെത്രാനായിരുന്ന വി. പോളി ക്കാർപ്പിന്റെ ശിക്ഷണത്തിൽ ഏല്പിച്ചു.

വി. പോളികാർപ്പ് തന്റെ ശിഷ്യന്റെ പ്രതിഭയെ ആളിക്കത്തി ക്കുകയും, തന്റെ ധർമ്മോപദേശത്താലും, മാതൃകയാലും തന്റെ ശിഷ്യന്റെ മനസ്സിൽ ശക്തമായ ദൈവഭക്തിയെ രൂപപ്പെടുത്തുകയും, തന്റെ ഉത്തമനായ ഗുരു വാഗ്ദാനം ചെയ്ത എല്ലാ നേട്ടങ്ങളും അരുമയായ ശിഷ്യൻ വളരെ ശ്രദ്ധാപൂർവ്വം കൊയ്യുകയും ചെയ്തു.

തന്റെ ഗുരുവിനോടുള്ള ശിഷ്യന്റെ ബഹുമാനം അപാരമായി രുന്നു. ഗുരുവിന്റെ എല്ലാ പ്രവർത്തനങ്ങളെയും, നന്മയെയും സസൂക്ഷ്മം നിരീക്ഷിക്കുകയും, അവയെ തന്റെ ജീവിതത്തിൽ പകർത്തുകയും ചെയ്തു. വിശുദ്ധ പോളികാർപ്പിന്റെ എല്ലാ നിർദ്ദേശ ങ്ങളും അലംഭാവമില്ലാതെ ഐറേനിയോസ് തന്റെ ഹൃദയത്തിൽ പതി പ്പിച്ചു. തന്റെ കാലഘട്ടത്തിലെ മതവിരുദ്ധവാദങ്ങളെ നേരിടുന്നതി

www.malankaralibrary.com


നായി അദ്ദേഹം വിജാതീയ തത്വചിന്തകരുടെ പൊള്ളയായ ആശയ ങ്ങളുമായി പരിചയപ്പെടുകയും, അതുമൂലം അവയിലെ മുഴുവൻ തെറ്റുകളും അതിന്റെ ഉത്ഭവം മുതൽ കണ്ടുപിടിക്കുവാനുള്ള കഴിവ് നേടുകയും ചെയ്തു.

തന്റെ രചനകൾ വഴി തെർത്തുല്യൻ, തിയോഡോറൈറ്റ്, വിശുദ്ധ എപ്പിഫാനിയോസ് തുടങ്ങിയ മഹാരഥൻമാരുമായി വിശു ദ്ധന് ബന്ധമുണ്ടായിരുന്നു. 'അക്കാലഘട്ടങ്ങളിലെ അന്ധകാരത്തിൽ പ്രകാശം പരത്തിയ സത്യത്തിന്റെ തീപന്തം' എന്നായിരുന്നു വിശുദ്ധ എപ്പിഫാനിയോസ് ഐറേനിയോസിനെ വിശേഷിപ്പിച്ചിരുന്നത്.

കിഴക്കൻ തത്വവാദികളുടെയും ചിന്തകരുടെയും തെറ്റുകളെ പ്രതിരോധിക്കാൻ ശ്രദ്ധിച്ചുകൊണ്ടിരുന്ന ഐറേനിയോസിനെ വി. പോളികാർപ്പ് ഗൗളിലേക്കയക്കുവാൻ തീരുമാനിച്ചു. അപ്പോൾ മാത്രം വേരുറപ്പിച്ചു തുടങ്ങിയ ക്രിസ്തീയതയെ തുരത്തുക എന്ന ലക്ഷ്യ ത്തോടു കൂടി ഏഷ്യാ മൈനറിലെ നിരവധി മതവിരുദ്ധവാദികൾ ഗൗളി ലേക്ക് കുടിയേറി. ഏതാണ്ട് 40-ഓളം ക്രിസ്ത്യാനികൾക്കൊപ്പം യേശു വിന്റെ ധീരനായ പോരാളി ലിയോണിലെ മെത്രാനായിരുന്ന വി. പൊത്തിനൂസിനെ സഹായിക്കുവാനായി ലിയോണിലേക്ക് പോയി. അധികം താമസിയാതെ വിശുദ്ധ ഐറേനിയോസിന് പട്ടം നൽകപ്പെടു കയും ചെയ്തു.

വൃദ്ധനായ മെത്രാന്റെ വലതുകരമായി പ്രവർത്തിച്ചുകൊണ്ടി രുന്ന വിശുദ്ധൻ തന്റെ ആവേശം കാരണം രക്തസാക്ഷിയാകേണ്ട ഏതാണ്ട് നൂറിൽപരം സന്ദർഭങ്ങൾ വരെയുണ്ടായി. എന്നാൽ ദൈവം ഇരുപത്തഞ്ച് വർഷങ്ങളോളം ആ കിരീടം വിശുദ്ധനായി കാത്തുസൂ ക്ഷിച്ചു. 177-ൽ വി. പൊത്തിനൂസ് ഒരു രക്തസാക്ഷിയായി മരണപ്പെ ട്ടുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയതിനെ തുടർന്ന് വി. ഐറേ നിയോസ് ലിയോണിലെ രണ്ടാമത്തെ മെത്രാനായി അഭിഷിക്തനായി. ലിയോണിലെ ക്രിസ്തുമതം നാമവശേഷമായി കൊണ്ടിരിക്കുകയാ ണെന്നാണ് മതപീഡകർ കരുതിയിരുന്നത്. അതിനാൽ കുറച്ച് കാല ങ്ങളോളം അവർ തങ്ങളുടെ പീഡനങ്ങൾക്ക് വിരാമമിട്ടു.

ലിയോണിലെ ക്രിസ്ത്യാനികൾ അവരുടെ ദാരിദ്ര്യത്തിലും, വിശുദ്ധിയിലും, ക്ഷമയിലും അവർ മറ്റുള്ളവർക്ക് മാതൃകയാവുകയും, അതുവഴി തങ്ങളുടെ മതത്തിനു നേരിടേണ്ടി വന്ന നിരവധി കുഴപ്പ

www.malankaralibrary.com


ങ്ങളെ പ്രതിരോധിക്കുകയും ചെയ്തു. അപ്പസ്തോലനായിരുന്ന യോഹന്നാന്റെ ശിഷ്യനും തന്റെ ഗുരുവുമായിരുന്ന വി. പോളികാർപ്പിനെ അനുകരിക്കുന്നത് ഐറേനിയോസ് തുടർന്നുകൊണ്ടിരുന്നു. വിശുദ്ധന്റെ കീഴിൽ ലിയോണിലെ സഭ വളരെയേറെ പുരോഗതി പ്രാപിച്ചു.

ഏതാണ്ട് എൺപത് വർഷങ്ങളോളം ദൈവസേവനം ചെയ്തതിനു ശേഷം 202-ൽ സെപ്റ്റിമസ് സേവേരൂസിന്റെ കീഴിൽ വിശുദ്ധൻ മറ്റ് നിരവധിപേർക്കൊപ്പം രക്തസാക്ഷി മകുടം ചൂടി.

*വിചിന്തനം: "മനുഷ്യനെ ദൈവപുത്രൻ ആക്കുന്നതിനുവേണ്ടി ദൈവപുത്രൻ മനുഷ്യനായി" (വി. ഐറേനിയോസ്).*

## ജൂൺ 29 — മാർ പൗലോസ് ശ്ലീഹാ

യേശുക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ഉൾപ്പെട്ടവൻ അല്ലായിരുന്നുവെങ്കിലും 'ജാതികളുടെ അപ്പോസ്തലൻ' എന്ന പദവിയിലേക്ക് ദൈവത്താൽ വിളിക്കപ്പെട്ടവനും (ഗലാ. 1:1) സുവിശേഷ പ്രയത്നത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച അതിശ്രേഷ്ഠ അപ്പോസ്തലനുമായിരുന്നു വിശുദ്ധ പൗലോസ്. പുരാതന റോമാ സാമ്രാജ്യത്തിൽ ഉൾപ്പെടുന്ന കിലീക്യയിലെ താർസൂസ് എന്ന നഗരത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. താർസൂസിൽ ജനിച്ചതിനാൽ റോമൻ പൗരത്വത്തിന് അദ്ദേഹത്തിന് അർഹതയുണ്ടായിരുന്നു. ബെഞ്ചമിൻ ഗോത്രത്തിലെ ഒരു പ്രമുഖ യഹൂദ കുടുംബത്തിൽ ജനിച്ച അദ്ദേഹം ശൗൽ എന്ന പേരിലായിരുന്നു ആദ്യം അറിയപ്പെട്ടിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ റോമൻ പൗരത്വം ജാതികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്നതിന് ഏറെ സഹായിക്കുകയും പൗലോസ് എന്ന റോമൻ പേരിൽ അറിയപ്പെടുകയും ചെയ്തു.

റോമാ സാമ്രാജ്യത്തിലെ ഒരു ഗ്രീക്ക് നഗരമായ താർസൂസിൽ ജനിച്ചതിനാൽ ഗ്രീക്ക് ഭാഷയിലും സംസ്കാരത്തിലും പ്രാവീണ്യം നേടി. താർസൂസിലെ പഠനത്തിനുശേഷം ജറുസലേമിൽ എത്തുകയും ഗമാലിയേൽ എന്ന ശ്രേഷ്ഠനായ ഗുരുവിൽനിന്ന് ന്യായപ്രമാണം പഠിച്ചശേഷം സെൻഹദ്രിം സംഘത്തിൽ അംഗമാവുകയും ചെയ്തു. തനിക്കേറ്റവും ഇഷ്ടപ്പെട്ട തൊഴിലായ കൂടാരപ്പണിയും അദ്ദേഹം അഭ്യസിച്ചിരുന്നു. പൗലോസ് അപ്പസ്തോലന്റെ യഹൂദാ-യവനായ പശ്ചാത്തലങ്ങൾ അദ്ദേഹത്തിന്റെ ശുശ്രൂഷയ്ക്ക് ഏറെ ഗുണകരമായി ഭവിച്ചു.

www.malankaralibrary.com


കർത്താവിനുവേണ്ടി പീഡകൾ സഹിച്ച സ്തേഫാനോസിന്റെ പ്രസംഗവും, തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി അദ്ദേഹം നടത്തിയ പ്രാർത്ഥനയും ശൗൽ എന്ന ചെറുപ്പക്കാരന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. ഈ സംഭവം അദ്ദേഹത്തിന്റെ മനസ്സിൽ മാനസാന്തരത്തിന്റെ വിത്ത് പാകുകയായിരുന്നു എന്നാണ് പിതാക്കന്മാർ കരുതുന്നത്. സെന്റ് അഗസ്റ്റിൻ എന്ന സഭാപിതാവ് ഈ സംഭവത്തെക്കുറിച്ച് ഇപ്രകാരമാണ് പറയുന്നത് "If Stephen not prayed, the Church would not have Paul".

ദമാസ്കസിലേക്കുള്ള യാത്രാമദ്ധ്യേ കർത്താവായ യേശുക്രിസ്തുവിന്റെ ശബ്ദം കേട്ട ശൗൽ മാനസാന്തരപ്പെട്ടു. പുറജാതികളുടെയും രാജാക്കന്മാരുടെയും ഇസ്രായേൽ മക്കളുടെയും മുമ്പാകെ കർത്താവിന്റെ നാമം വഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട പൗലോസ് ശ്ലീഹാ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും സുവിശേഷം പ്രസംഗിച്ച് അവിടെയൊക്കെ സഭകൾ സ്ഥാപിക്കുകയും ചെയ്തു. അന്ത്യോക്യയിൽ നിന്ന് സുവിശേഷ പ്രചരണാർത്ഥം വിവിധ സ്ഥലങ്ങളിലേക്ക് നടത്തിയ മൂന്ന് മിഷനറി യാത്രകൾ വളരെ പ്രസിദ്ധങ്ങളാണ്. പൗലോസ് ശ്ലീഹായുടേതായി 14 ലേഖനങ്ങൾ പുതിയ നിയമത്തിലുണ്ട്. വി. പൗലോസ് അപ്പസ്തോലനെ നീറോ ചക്രവർത്തിയുടെ മുമ്പാകെ തടവുകാരനായി കൊണ്ടുവന്നതായി അപ്പസ്തോല പ്രവൃത്തി 28-ാം അധ്യായത്തിൽ കാണുന്നു. ഇത് ഏകദേശം എ.ഡി. 59-60-ൽ ആണ്. ഇദ്ദേഹം സീസറിന്റെ അടുക്കൽ അപ്പീൽ നൽകുകയും (അപ്പോ. പ്രവ. 28:19-20) സിംഹത്തിന്റെ വായിൽനിന്ന് രക്ഷപ്പെടുകയും ചെയ്തതായി തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ നിന്ന് മനസ്സിലാക്കാം (2 തിമോ. 4:17). എ.ഡി. 64-ൽ റോമാ പട്ടണത്തിന്റെ ഒരു വലിയ ഭാഗം അഗ്നിക്കിരയായപ്പോൾ ആ കുറ്റം നീറോ ചക്രവർത്തി ക്രിസ്ത്യാനികളുടെ മേൽ ചുമത്തുകയും അതിക്രൂരമായ പീഡനം അഴിച്ചുവിടുകയും ചെയ്തു. റോമിൽ നിന്ന് മൂന്നുമൈൽ അകലെയുള്ള സ്ഥലത്തുവച്ച് പൗലോസിനെ ശിരച്ഛേദം ചെയ്യുകയും അവിടെ സംസ്കരിക്കുകയും ചെയ്തു. എ.ഡി. 64-ലോ 67-ലോ ആണ് പൗലോസിന്റെ രക്തസാക്ഷിത്വം എന്ന് കരുതപ്പെടുന്നു.

പന്ത്രണ്ട് അപ്പോസ്തലന്മാർക്ക് ഒപ്പം സഭ വി. പൗലോസിന് പ്രാധാന്യം നൽകുന്നു. സുറിയാനി സഭയിൽ ശ്ലീഹാ നോമ്പ് ജൂൺ 16 മുതൽ 29 വരെയുള്ള 13 ദിവസങ്ങൾ ആണ്. 13 അപ്പോസ്തലന്മാർക്കു വേണ്ടി 12 ദിവസവും പൗലോസ് ശ്ലീഹായെ ഓർത്തുകൊണ്ട് ഒരു

www.malankaralibrary.com



ദിവസവും അങ്ങനെ 13 ദിവസം നോമ്പ് എടുത്ത് ജൂൺ 29-ാം തീയതി പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാളും ജൂൺ 30-ാം തീയതി പന്ത്രണ്ട് ശ്ലീഹന്മാരുടെ പെരുന്നാളും സഭ കൊണ്ടാടുന്നു. പൗലോസ് ശ്ലീഹായ്ക്ക് പന്ത്രണ്ട് അപ്പോസ്തലന്മാർക്ക് ഒപ്പം സഭ പ്രാധാന്യം നൽകുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

*വിചിന്തനം: "നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമാകുന്നത്" (2 കോറി. 12:9).*

## ജൂൺ 29 — മാർ പത്രോസ് ശ്ലീഹാ

ശ്ലീഹന്മാരുടെ തലവനും അന്ത്യോക്യയിലെ ആദ്യത്തെ പാത്രിയർക്കീസും റോമിലെ ആദ്യ മാർപാപ്പയും ആയിരുന്നു ശ്ലീഹാ. ഗലീല പ്രദേശത്ത് ബെത്സെയ്ദാ ഗ്രാമത്തിൽ നഫ്താലി ഗോത്രക്കാരൻ യോനയുടെ പുത്രനാണ് പത്രോസ് ശ്ലീഹാ. ആദ്യത്തെ പേര് ശെമവൂൻ (കേൾവിക്കാരൻ) എന്നായിരുന്നു. തിബേരിയൂസ് കടലിൽ മീൻപിടുത്തക്കാരനായ പിതാവിന്റെ ജോലിയിൽതന്നെ പത്രോസ് വ്യാപൃതനായിരുന്നു. കഫർണാമിന് സമീപമുള്ള ഗലീലി കടൽ തീരത്തു വച്ചായിരുന്നു യേശു അദ്ദേഹത്തെ ശ്ലീഹാ സ്ഥാനത്തേക്ക് വിളിക്കുന്നത്. ശെമഓൻ തന്റെ സഹോദരനോടൊന്നിച്ച് കടലിൽ ആയിരിക്കുമ്പോൾ നമ്മുടെ കർത്താവ് ശെമഓന്റെ വള്ളത്തിൽ കയറി സമുദ്രതീരത്തുള്ളവരോട് പ്രസംഗിച്ചു. അനന്തരം ശിഷ്യനാകുവാനും മനുഷ്യരെ പിടിക്കുന്നവനാകാനും കർത്താവ് അവനെ വിളിച്ചു. ഉടൻതന്നെ സകലതും ഉപേക്ഷിച്ച് അവൻ യേശുവിനെ അനുഗമിച്ചു. അതിനുശേഷം അവന്റെ അമ്മായിയമ്മയുടെ അസുഖം യേശു തൊട്ട് സുഖപ്പെടുത്തി. യേശു അവനെ ശ്ലീഹാ സ്ഥാനത്തേക്ക് ഉയർത്തിയതിനുശേഷം "കോപ്പാ" എന്ന പേര് നൽകി. ഈ കാലം മുതൽ ശ്ലീഹന്മാരുടെ ഇടയിൽ ഒന്നാം സ്ഥാനം അവന് ലഭിച്ചു.

ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരോട് "ഞാൻ ആരാകുന്നു" എന്ന് ചോദിച്ചപ്പോൾ പത്രോസ് യേശുവിലുള്ള സത്യവിശ്വാസം ഏറ്റുപറയുകയും ചെയ്തു. പിന്നീട് യേശു താൻ അനുഭവിക്കാൻ പോകുന്ന സഹനങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ പത്രോസ് പറഞ്ഞു: "കർത്താവേ ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെ". യേശു ഉടനെ അവനെ ശാസിച്ചു.

www.malankaralibrary.com


യേശുവിന് പെസഹാ ഒരുക്കുവാൻ പോയ 2 ശിഷ്യന്മാരിൽ ഒരുവൻ പത്രോസായിരുന്നു. ജായ്റോസിന്റെ പുത്രിയെ ഉയർപ്പിച്ച അവസരത്തിലും യേശുവിന്റെ രൂപാന്തരീകരണ സമയത്തും ഗത്സെമി നിൽ പ്രാർത്ഥിച്ചപ്പോഴും എല്ലാം പത്രോസിന്റെ സാന്നിധ്യം കാണുന്നു.

യേശുവിനെ തള്ളിപറയുകയും ഉത്ഥാനശേഷം അനുതപിക്കു കയും ചെയ്യുന്ന പത്രോസിനെ ബൈബിളിൽ കാണാം. യേശു ഉയിർത്തെഴുന്നേറ്റപ്പോൾ ആദ്യം കബറിലേക്ക് ഓടിപോകുന്നതും കബ റിൽ ആദ്യം പ്രവേശിക്കുന്നതും പത്രോസ് ആണ്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം യൂദാ സ്കറിയോത്തയ്ക്ക് പകരം ശ്ലീഹായെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് പത്രോസ് പ്രസംഗിച്ചു. പെന്തക്കുസ്താ ദിനത്തിൽ മൂവായിരം ആത്മാക്കളെ തന്റെ പ്രസംഗ ത്താൽ വിശ്വാസത്തിലേക്ക് ആകർഷിച്ചു. പത്രോസ് സുവിശേഷം പ്രസംഗിക്കുകയും അനേകം അത്ഭുതം പ്രവർത്തിക്കുകയും ചെയ്തു. എ.ഡി. 37-ൽ അന്ത്യോക്യയിലേക്ക് പോകുകയും അവിടെ സിംഹാ സനം സ്ഥാപിക്കുകയും ചെയ്തു. ഏഴു കൊല്ലത്തോളം അന്ത്യോ ക്യയിൽ ഭരിച്ചശേഷം 25 വർഷം റോമായിൽ പേപ്പൽ സിംഹാസനം പത്രോസ് അലങ്കരിച്ചു. റോമിൽ മതമർദ്ദനം നടന്ന കാലത്ത് നീറോ ചക്രവർത്തിയുടെ കല്പന പ്രകാരം പത്രോസിനെ അറസ്റ്റ് ചെയ്തു. എ.ഡി. 67 ജൂൺ മാസം 29-ാം തീയതി പത്രോസ് ശ്ലീഹായെ തലകീ ഴായി കുരിശിൽ തറച്ചുകൊന്നു.

*വിചിന്തനം: "വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല. എനിക്കുള്ളത് നിനക്ക് ഞാൻ തരുന്നു. നസ്രായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക" (അപ്പ. പ്രവ. 3:6).*

## ജൂൺ 30 — പന്ത്രണ്ടു ശ്ലീഹന്മാർ

തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി യേശു തിരഞ്ഞെടുത്തു നിയോഗിച്ച സഹപ്രവർ ത്തകരാണ് പന്ത്രണ്ടു ശ്ലീഹന്മാർ അഥവാ അപ്പോസ്തലന്മാർ. "ശ്ലീഹാ" എന്ന സുറിയാനി വാക്കിന്റെ അർത്ഥം "അയയ്ക്കപ്പെട്ടവൻ" എന്നാണ്. ഇതിനു തത്തുല്യമായ ഗ്രീക്ക് പദം "അപ്പസ്തോലൻ" എന്നാണ്. യേശുവിന്റെ 12 ശ്ലീഹന്മാരെ സൂചിപ്പിക്കാനാണ് പുതിയ നിയമത്തിൽ

www.malankaralibrary.com


ഈ പദം ഉപയോഗിക്കുന്നത്. യേശു സ്നാപക യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചതുമുതൽ യേശുവിന്റെ സ്വർഗാരോഹണം വരെ ഈശോയോടൊപ്പം ഉണ്ടായിരുന്നുവരെയാണ് 12 അപ്പോസ്തലൻമാർ എന്ന് വിളിക്കുന്നത് (അപ്പോ. പ്രവ. 1:22). ഒരു യഹൂദ റബ്ബിക്ക് 5 ശിഷ്യൻ മാർ ഉണ്ടാകണം എന്നാണ് നിയമം. ഈശോ 12 പേരെയാണ് ശിഷ്യന്മാരാക്കിയത്. അക്ഷരത്തിൽ 12 ഒരു പ്രതീകാത്മകമായ സംഖ്യ ആണ്. വെളിപാട് പുസ്തകത്തിൽ സഭയ്ക്ക് 12 ശിലകൾ ഉള്ളതായി കാണുന്നു (വെളിപാട് 21:11-12). പഴയനിയമത്തിൽ പന്ത്രണ്ടു ഗോത്രങ്ങളാണ് ഉണ്ടായിരുന്നത്. യഹൂദരുടെ മഹാപുരോഹിതൻ മാറിടത്തിൽ അണിയുന്ന മാലയിൽ 12 കല്ലുകളുണ്ട്. യഹൂദ റബ്ബിമാരിൽ നിന്നും വ്യത്യസ്തമായി 12 ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതുവഴി സാർവത്രിക ഗുരു താനാണെന്ന് ഈശോ വ്യക്തമാക്കുന്നു. പെന്തക്കുസ്താ ദിവസം പരി. ആത്മാവിനാൽ നിറഞ്ഞ അപ്പോസ്തല ന്മാർ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ സുവിശേഷം പ്രസംഗിച്ചു. ഈശോയെ ഒറ്റിക്കൊടുത്ത യൂദാസ് സ്വയം ജീവൻ നശിപ്പിച്ചപ്പോൾ, യൂദാസിന്റെ സ്ഥാനത്ത് മത്തിയാസിനെ തിരഞ്ഞെടുത്തു (അപ്പോ. പ്രവ. 1:15-26). സുവിശേഷം സധൈര്യം പ്രഘോഷിച്ച ശിഷ്യന്മാരിൽ പലരും രക്തസാക്ഷിത്വം വരിച്ചു. പത്രോസ്, സെബദിപുത്രന്മാരായ യാക്കോബ്, യോഹന്നാൻ, അന്ത്രയോസ്, പീലിപ്പോസ്, ബർത്ത ലോമിയ, മത്തായി, തോമസ്, ഹൽപെയുടെ പുത്രനായ യാക്കോബ്, തദ്ദേവൂസ്, കാനാൻകാരനായ ശിമയോൻ, യൂദാസ് സ്കറിയോത്താ (യൂദാസിന്റെ മരണശേഷം മത്തിയാസ് ശ്ലീഹാ).

*വിചിന്തനം:- "അവൻ ചിലർക്ക് അപ്പോസ്തലന്മാരും പ്രവാചകൻമാരും സുവിശേഷപ്രഘോഷകൻമാരും ഇടയൻമാരും പ്രബോധകൻമാരും മറ്റും ആകാൻ വരം നൽകി" (എഫേ. 4:11-12).*

www.malankaralibrary.com

# ജൂലൈ
# (തോമ്മൂസ്)

## ജൂലൈ 1 — പ്രധാനാചാര്യനായ അഹറോൻ

അമ്രാമിന്റെ പുത്രനും മോശയുടെയും മിരിയാമിന്റെയും സഹോദരനും അഹറോൻ വംശപുരോഹിതരുടെ പൂർവ്വ പിതാവുമാണ് അഹറോൻ. ലേവി ഗ്രോതക്കാരും അഹറോന്റെ പിതൃത്വത്തിൽ അഭിമാനിക്കുന്നവരുമാണ് അഹറോൻ വംശജർ.

ദൈവത്താൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട വ്യക്തിയാണ് അഹറോൻ എന്ന് വി. ഗ്രന്ഥം പരിചയപ്പെടുത്തുന്നു (പുറ 28-29). മോശയ്ക്ക് എതിരായി നിൽക്കുന്ന വ്യക്തിയായി ചില സന്ദർഭങ്ങളിൽ വി. ഗ്രന്ഥം അഹറോനെ അവതരിപ്പിക്കുന്നു (സംഖ്യ 12).

ദിനവൃത്താന്തത്തിന്റെ 2 പുസ്തകങ്ങളിലും അഹറോനെ നല്ല വ്യക്തിയായാണ് അവതരിപ്പിക്കുന്നത്. 1 ദിന. 6:3-ൽ മോശയുടെ സഹോദരനായി അഹറോനെ അവതരിപ്പിക്കുന്നു. അഹറോനും അദ്ദേഹത്തിന്റെ പുത്രന്മാരും വി. കർമ്മങ്ങൾ പരികർമ്മം ചെയ്യുകയും ദേവാലയത്തിൽ ബലികളും കാഴ്ചകളും അർപ്പിക്കുകയും ചെയ്തിരുന്നു. ആരാധനാനുഷ്ഠാനങ്ങൾ പരികർമ്മം ചെയ്യുവാനുള്ള വ്യക്തികളായിട്ടാണ് ലേവ്യരുടെ പുസ്തകത്തിൽ അഹറോനെയും പുത്രന്മാരെയും അവതരിപ്പിക്കുന്നത്. സ്വർണ്ണക്കാളക്കുട്ടി ഉണ്ടാക്കിയതിന്റെ ഫലമായി ദൈവം കോപിക്കുമ്പോൾ മോശയുടെ പ്രാർത്ഥന അഹറോനെ അതിൽ നിന്നും രക്ഷിക്കുന്നു.

യേശുവിന്റെ പൗരോഹിത്യം അഹറോന്റെ പൗരോഹിത്യ പ്രകാരം ഉള്ളതല്ല, മറിച്ച് മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ളതാണ്. യേശു ശാരീരിക ജനനക്രമമനുസരിച്ചല്ല അക്ഷയമായ ശക്തി നിമിത്തമാണ് പുരോഹിതനായത് (ഹെബ്രാ 7:16). അങ്ങനെ പഴയ നിയമ പൗരോഹിത്യമായ അഹറോന്റെ പൗരോഹിത്യം മിശിഹായുടെ നിത്യ പൗരോഹിത്യത്തിന് വഴി മാറുന്നതായി കാണുന്നു. മിശിഹാ

www.malankaralibrary.com


യുടെ പൗരോഹിത്യത്തിന്റെ നിഴലും പ്രതീകവും മാത്രമാണ് അഹറോന്റെ പൗരോഹിത്യം.

*വിചിന്തനം: "കർത്താവ് മോശയോട് അരുളിച്ചെയ്തു: അഹറോനോടും പുത്രന്മാരോടും പറയുക, നിങ്ങൾ ഇങ്ങനെ പറഞ്ഞു: ഇസ്രായേൽ ജനത്തെ അനുഗ്രഹിക്കണം. കർത്താവ് നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോട് കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ച് നിനക്ക് സമാധാനം നൽകട്ടെ. ഇപ്രകാരം അവർ ഇസ്രായേൽ മക്കളുടെ മേൽ എന്റെ നാമം ഉറപ്പിക്കട്ടെ. അപ്പോൾ ഞാൻ അവരെ അനുഗ്രഹിക്കും" (സംഖ്യ 6:22-27).*

## ജൂലൈ 3 മാർ തോമാശ്ലീഹാ

ഇന്ത്യയുടെ അപ്പോസ്തലനും കാവൽപിതാവുമാണ് മാർ തോമാശ്ലീഹാ. യൂദാ എന്നതായിരുന്നു തോമാ ശ്ലീഹായുടെ യഥാർത്ഥ പേര്. തോമാ എന്നത് അദ്ദേഹത്തിന്റെ ഇരട്ടപേരാണ്. ആ വാക്കിന്റെ അർത്ഥം ഇരട്ട പിറന്നവൻ എന്നാണ്. ദിദിമോസ് എന്നതാണ് തോമാ എന്നതിന്റെ ഗ്രീക്ക് വാക്ക്. ഇരട്ട പിറന്നവർ അല്ലെങ്കിൽ തോമ എന്ന് വിളിക്കുന്നതിന് പല കാരണങ്ങൾ പണ്ഡിതന്മാർ ചൂണ്ടികാണിക്കുന്നു. യേശുവും തോമായും ശാരീരികമായി ഏറെ സമാനതകൾ ഉണ്ടായിരുന്നുവെന്നും അതിനാൽ അവരെ തിരിച്ചറിയാൻ കഴിയാത്ത വിധം അവർ സദൃശ്യരായിരുന്നുവെന്നും അതിനാൽ അവരെ ഇരട്ടകൾ എന്ന് വിളിച്ചിരുന്നു എന്നുമാണ് ഒരു പാരമ്പര്യം. യേശുവിന്റെ 70 ശിഷ്യന്മാരിൽ ഒരാൾ ആയ അദ്ദായിയും തോമായും ഇരട്ടകളാണെന്ന് മറ്റൊരു ഭാഷ്യം. അദ്ദേഹത്തിന്റെ ചൂണ്ടുവിരലും ആണിവിരലും ഒന്നായി നിലകൊണ്ടിരുന്നതു കൊണ്ടാണ് ഇരട്ട എന്ന് വിളിച്ചിരുന്നു എന്നുമാണ് വേറൊരു ഭാഷ്യം. ഉത്ഥാനത്തിനുശേഷം യേശുവിന്റെ വിലാപ്പുറത്ത് തൊട്ടതുകൊണ്ടാണ് ഈ വിരലുകൾ വേർപിരിഞ്ഞത് എന്ന് പറയപ്പെടുന്നു. അപ്പോസ്തലന്മാരിൽ ഏക ആശാരി പണിക്കാരനായിരുന്നു തോമാശ്ലീഹാ. പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ തോമാശ്ലീഹാ ഭാരതത്തിലേക്ക് സുവിശേഷ പ്രഘോഷണാർത്ഥം അയയ്ക്കപ്പെട്ടു.

www.malankaralibrary.com


എ.ഡി. 52-ൽ കൊടുങ്ങല്ലൂരിൽ തോമാശ്ലീഹാ എത്തിച്ചേർന്നു. അദ്ദേഹം കേരളം മുഴുവൻ ചുറ്റി സഞ്ചരിച്ച് 7 ക്രിസ്തീയ സമൂഹങ്ങ ൾക്ക് രൂപം നൽകി. പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ്, കോക്ക മംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ എന്നിവയായിരുന്നു ആ ക്രിസ്തീയ സമൂഹങ്ങൾ. ഗുണ്ടഫർ എന്നു പേരുള്ള ഇന്ത്യൻ രാജാവിന് മനോഹരമായ ഒരു കൊട്ടാരം പണിയുന്നതിനുള്ള ശില്പി എന്ന നിലയിലാണ് അദ്ദേഹം കേരളത്തിൽ എത്തിയത് എന്നാണ് മാർതോമാ ശ്ലീഹായുടെ നടപടികൾ എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽ പറയു ന്നത്.

കേരളത്തിലെ പല സ്ഥലങ്ങളിലും സുവിശേഷം പ്രഘോഷിച്ച തിനുശേഷം തോമാശ്ലീഹാ എ.ഡി. 72-ൽ മദ്രാസിലെ ചിന്നമലയിൽ എത്തിച്ചേർന്നു. അവിടെ സുവിശേഷം പ്രസംഗിച്ചു. തോമാ ശ്ലീഹാ യുടെ പ്രവർത്തനങ്ങൾ ആ പ്രദേശത്തുള്ള സവർണ്ണരായ ഹിന്ദുക്കളെ ചൊടിപ്പിക്കുകയും അവർ തോമാശ്ലീഹായ്ക്ക് എതിരെ ഗൂഢാലോചന നടത്തുകയും ചെയ്തു. അവിടെ ചിന്നമലയിൽ പ്രാർത്ഥിച്ചുകൊ ണ്ടിരുന്ന തോമാശ്ലീഹായെ പ്രദേശവാസികളിലൊരാൾ കയ്യിലിരുന്ന കുന്തംകൊണ്ട് കുത്തി. അങ്ങനെ എ.ഡി. 72 ജൂലൈ 3-ാം തീയതി തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു.

പൗരസ്ത്യ സഭാപിതാക്കൻമാരായ മാർ അപ്രേം, യൗസേബി യോസ്, റോമിലെ വി. ക്ലീമീസ് എന്നിവർ ഭാരതത്തിലെ അപ്പോസ്ത ലനായി തോമാശ്ലീഹായെ അംഗീകരിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്ഥലം ഗലീലിയായിരുന്നു. യൂദാ ഗോത്രക്കാരനായിരുന്നുവെന്നും അല്ല ഇസാഖർ ഗോത്രക്കാരനായിരുന്നുവെന്നും അഭിപ്രായമുണ്ട്.

സുവിശേഷത്തിൽ 3 ഇടങ്ങളിൽ തോമായെപ്പറ്റി പരാമർശിക്കുന്നു.

1. ലാസറിന്റെ മരണശേഷം ബഥാനിയിലേക്ക് പോകാൻ ഭയപ്പെടുന്ന ശിഷ്യന്മാരെ സ്ഥൈര്യപ്പെടുത്തുന്ന തോമാശ്ലീഹായെക്കുറിച്ച് യോഹ. 11:16-ൽ പറയുന്നു.
2. യോഹ. 14:15-ൽ "നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾ ക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും" എന്ന് ചോദിക്കുന്ന തോമാശ്ലീഹായെ യോഹന്നാൻ ശ്ലീഹാ അവതരി പ്പിക്കുന്നു. ഈ ചോദ്യത്തിന് മറുപടിയായി യേശു പറഞ്ഞു: "വഴിയും സത്യവും ജീവനും ഞാനാകുന്നു".

www.malankaralibrary.com


3. ഉത്ഥിതനെ കാണാൻ ശാഠ്യം പിടിക്കുന്ന തോമായുടെ ചിത്രം യോഹ. 20:24–29 ൽ കാണുന്നു.

ധീരനായ അപ്പോസ്തലൻ എന്ന് തോമാശ്ലീഹാ അറിയപ്പെട്ടിരുന്നു. കാരണം യേശുവിനോടൊപ്പം പോയി മരിക്കാൻ തോമാ സന്നദ്ധത പ്രകടിപ്പിച്ചു. യഹൂദരെ ഭയന്ന് ശിഷ്യന്മാർ കതകടച്ചിരുന്നപ്പോൾ തോമാശ്ലീഹാ പുറത്തേക്ക് പോകുന്നു. ഭാരതംപോലെ വളരെ അപരിചിതമായ സ്ഥലത്തേക്ക് സുവിശേഷപ്രഘോഷണാർത്ഥം പോകാൻ തോമ്മാ സന്നദ്ധത പ്രകടിപ്പിച്ചു. പാലസ്തീനാ, മെസപ്പട്ടോമിയ, ഇന്ത്യ, പേർഷ്യ, നീദിയ, എത്യോപ്യാ, ചൈന എന്നീ രാജ്യങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

പരി. അമ്മയുടെ സ്വർഗാരോഹണ കാലത്ത് ജറുസലേമിൽ പോയിരുന്നതായും പാരമ്പര്യമുണ്ട്. തോമ ജറുസലേമിൽ എത്തുന്നതിനുമുമ്പ് അമ്മ മരിച്ചെന്നും കല്ലറ തുറന്ന് അമ്മയുടെ ശരീരം കാണണമെന്ന് ശാഠ്യം പിടിച്ചുവെന്നും തോമായുടെ ശാഠ്യത്തിന് വഴങ്ങി കല്ലറ തുറന്നപ്പോഴാണ് അമ്മ സ്വർഗാരോപിതയായ വിവരം അറിയുന്നതെന്നുമാണ് പാരമ്പര്യം. അമ്മയെ കാണാതെ ഹൃദയം പൊട്ടിക്കരഞ്ഞ തോമായ്ക്ക് അമ്മ സ്വർഗത്തിൽ നിന്ന് ഇടക്കച്ച ഇറക്കികൊടുത്തു. ആ ഇടക്കച്ച യാക്കോബായ സഭ ആദരവോടെ സൂക്ഷിക്കുന്നതായാണ് പാരമ്പര്യം.

*വിചിന്തനം: "നിങ്ങൾക്കു സമാധാനം! അവൻ തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ! യേശു അവനോടു പറഞ്ഞു. നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ!" (യോഹ. 20:27–29).*

## ജൂലൈ 6 — വി. മരിയ ഗൊരേത്തി (1890 – 1902)

ജീവിത വിശുദ്ധി കാത്തുസൂക്ഷിക്കാൻ രക്തസാക്ഷിത്വം വരിച്ച് മദ്ബഹായിലേക്ക് ഉയർത്തപ്പെട്ട വിശുദ്ധയാണ് മരിയ ഗൊരേത്തി. ഇറ്റലിയിൽ കൊറിനാൾഡോ എന്ന ഗ്രാമത്തിലെ ഒരു ദരിദ്ര കുടുംബത്തിൽ മരിയ ജനിച്ചു. ദരിദ്രമായ ആ കുടുംബത്തിന് മരിയയെ പഠിപ്പി

www.malankaralibrary.com


ക്കുവാൻ വിടാനുള്ള സാമ്പത്തികശേഷി ഉണ്ടായിരുന്നില്ല. മരിയയ്ക്ക് പത്തുവയസ്സുള്ളപ്പോൾ അവളുടെ പിതാവു മരിച്ചു. മരിയയുടെ അമ്മ അസൂന്ത തൊട്ടടുത്തുള്ള ഒരു വീട്ടിൽ ജോലിക്കുപോയാണ് കുടുംബം നയിച്ചിരുന്നത്. അമ്മ ജോലിക്കുപോകുന്ന കുടുംബത്തിലെ ധനിക നായ അലക്സാണ്ടർ സെറിനെല്ലി എന്ന യുവാവ് മരിയയെ പലപ്പോഴും പാപം ചെയ്യുവാൻ പ്രേരിപ്പിക്കുമായിരുന്നു. ഒരു ദിവസം മരിയയുടെ അമ്മ ജോലിക്കുപോയി കഴിഞ്ഞപ്പോൾ അലക്സാണ്ടർ മരിയയുടെ അടുക്കൽ വന്നു. ഒരു കട്ടിലിലിരുന്ന് തയ്ച്ചുകൊണ്ടിരുന്ന മരിയയെ അവൻ പാപം ചെയ്യുവാൻ പ്രേരിപ്പിച്ചു. അവൾ സഹായത്തിനായി നിലവിളിച്ചെങ്കിലും ആരും വന്നില്ല.

പാപം ചെയ്യുന്നത് ദൈവം ഇഷ്ടപ്പെടുന്നില്ല. പാപം ചെയ്യു ന്നതിനേക്കാൾ മരണം എന്നവൾ പറഞ്ഞു. അവൾ തന്റെ ഇഷ്ടത്തിനു വഴങ്ങുന്നില്ല എന്നു മനസിലാക്കിയ അവൻ തന്റെ കുപ്പായത്തിൽ ഒളിച്ചു വച്ചിരുന്ന കഠാരയെടുത്തു പതിനാലു പ്രാവശ്യം മരിയയെ കുത്തി. മരിയ മരിക്കുന്നതിനു മുമ്പ്, തന്നെ കുമ്പസാരിപ്പിക്കാൻ വന്ന വൈദി കനോട് അലക്സാണ്ടറിനോട് ക്ഷമിക്കുന്നു എന്നും അദ്ദേഹം മാന സാന്തരപ്പെടും എന്നും പറഞ്ഞു. 1902 ജൂലൈ 6-ാം തീയതി നിഷ്കളങ്കയായ ആ മാടപ്രാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു.

1947 ഏപ്രിൽ 27-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ മരിയ ഗൊരേത്തിയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 1950 ജൂൺ 24-ാം തീയതി വിശുദ്ധയായി പ്രഖ്യാപിച്ചു. മരിയ ഗൊരേത്തിയുടെ ഘാതകനായ അലക്സാണ്ടർ മാനസാന്തരപ്പെടുകയും മരിയ ഗൊരേ ത്തിയുടെ അമ്മയോട് മാപ്പ് ചോദിക്കുകയും ചെയ്തു. തന്റെ ശിഷ്ട ജീവിതം ഒരു സന്യാസാശ്രമത്തിൽ ജീവിച്ചു.

*വിചിന്തനം: "ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച് ആത്മാവിനെയും ശരീരത്തെയും നരകത്തിനിരയാക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" (മത്താ. 10:28-9).*

## ജൂലൈ 11 — വി. ബെനഡിക്ട്

ക്രിസ്തുവർഷം 480-നോടടുത്ത് പൗരാണികവും സമ്പന്നവു മായിരുന്ന ന്യൂർസിയ പട്ടണത്തിലായിരുന്നു ബനഡിക്ടിന്റെ ജനനം. കുലീനവും ഉന്നത പദവിയുള്ളതുമായ കുടുംബത്തിൽ സ്നേഹാർദ്ര

www.malankaralibrary.com


രായ അനീചിയൂസ് ഏവുപ്രോപിയസ്, അബുദാൻസിയ ദമ്പതികളുടെ മൂത്ത മകനായിട്ടാണ് വി. ബനഡിക്ട് ജനിച്ചത്. ബനഡിക്ടിന്റെ സഹോദരിയായിരുന്നു സ്കോളാസ്റ്റിക്ക. ഇരുവരും മാതാപിതാക്കളുടെ ആത്മീയ ശിക്ഷണത്തിൽ വളർന്നുവന്നു. വിപ്ലവങ്ങൾ കലുഷിതമാക്കിയ ന്യൂർസിയായിൽ നിന്ന് ഇദ്ദേഹത്തിന് വിദ്യാഭ്യാസം നേടാൻ കഴിഞ്ഞില്ല അതിനാൽ, റോമിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് അദ്ദേഹം തീരുമാനിച്ചു. ആത്മീയ ജീവിതത്തിന് കോട്ടം തട്ടാതിരിക്കാൻ സിറില്ല എന്ന പോറ്റമ്മയെ ബനഡിക്റ്റിന്റെ കൂടെ മാതാപിതാക്കൾ റോമിലേക്കയച്ചു. റോമിൽ വച്ച് ജന്മനാ തനിക്കുണ്ടായിരുന്ന ശാന്തത, വിനയം, സൗമ്യത, ധ്യാനചിന്ത, ദൈവപിതാവിലുള്ള വിശ്വാസം, ക്രൂശിതനോടുള്ള ഭക്തി എന്നിവ വളർത്താൻ അദ്ദേഹം ശ്രമിച്ചു. പരിശുദ്ധ ദൈവമാതാവിനോട് ബനഡിക്ടിന് വലിയ ഭക്തിയായിരുന്നു.

ഈ ലോകവും അതിലുള്ളവയും ക്ഷണികമാണെന്നും അത് ആത്മാവിന് യാതൊരു ഗുണവും ചെയ്യുന്നില്ല എന്നും അദ്ദേഹത്തിന് ബോധ്യമായി. അതിനാൽ റോമിൽ നിന്ന് എൻഫിദിലേക്ക് പോയി. പ്രകൃതി രമണീയവും, മനുഷ്യമനസിനെ ആകർഷിക്കത്തക്ക സൗന്ദര്യമുള്ളതുമായ സ്ഥലമായിരുന്നു എൻഫിദ്. അവിടുത്തെ ദൈവാലയമായിരുന്നു ഇദ്ദേഹത്തിന്റെ അഭയകേന്ദ്രം. വളരെസമയം പ്രാർത്ഥനയിൽ ചെലവഴിച്ചു. ഈ ലോകജീവിതത്തിൽ നിന്ന് പൂർണമായും മാറുവാൻ സുബിയാക്കോയിലെ ഗുഹയിൽ താമസമാരംഭിച്ചു. തികഞ്ഞ ദാരിദ്ര്യത്തിലും ദൈവാശ്രയത്തിലും മൂന്നുവർഷത്തോളം തപസനുഷ്ഠിച്ചു. ദൈവത്തോടടുക്കുംതോറും പരീക്ഷണങ്ങൾ കൂടിവന്നുകൊണ്ടിരുന്നു. തന്റെ ജീവിതം അനേകർക്ക് വെളിച്ചമായിത്തീരേണ്ടതാണ് എന്ന ബോധ്യത്തിൽ വിക്കോവതേയിലെ സന്യാസ ആശ്രമത്തിലെത്തി താമസമാരംഭിച്ചു. തുടർന്ന് നിരവധി വ്യക്തികൾ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും സുബിയാക്കോയിൽ ആശ്രമം സ്ഥാപിക്കുകയും ചെയ്തു. ബനഡിക്ട് രൂപീകരിച്ച നിയമങ്ങളും ചട്ടങ്ങളും സന്യാസ ജീവിതത്തിന് അടിസ്ഥാനം നൽകുകയും നിരവധി വ്യക്തികളെ ആകർഷിക്കുകയും ചെയ്തു. പ്രവർത്തിക്കുക, അദ്ധ്വാനിക്കുക എന്നതായിരുന്നു ബനഡിക്ടിന്റെ ആപ്തവാക്യം. ക്രിസ്തുവർഷം 530 നോടടുത്ത് ബനഡിക്ട് തന്റെ ആശ്രമം മോന്തെകസ്സിനോ എന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. ആശ്രമത്തെ അദ്ദേഹം വിളിച്ചിരുന്നത് മിശിഹായുടെ ശുശ്രൂഷാലയം എന്നാണ്.

www.malankaralibrary.com


ബനഡിക്ടിനെപ്പോലെ തന്നെ ബനഡിക്ടൈൻ സഭയും വളരെ പ്രശസ്തിയാർജിച്ചു. അനേകായിരങ്ങൾ ബനഡിക്ടൈൻ സന്യാസ ത്തിൽ ആകൃഷ്ടരായി. തന്റെ സഹോദരന്റെ പാത പിൻതുടർന്ന് സ്കൊളാസ്റ്റിക്കായും സമർപ്പിത ജീവിതം തെരഞ്ഞെടുത്തു. വിശു ദ്ധന് ഏകദേശം 60 വയസായപ്പോഴേക്കും അദ്ദേഹത്തിന്റെ ആശ്രമങ്ങ ളെല്ലാം ശക്തിപ്രാപിച്ചിരുന്നു. 547 ജനുവരിയിൽ വിശുദ്ധൻ തന്റെ ശിഷ്യരെ വിളിച്ചുകൂട്ടി താൻ അടുത്ത മാർച്ചിൽ ഇഹലോകവാസം വെടിയും എന്നു പറഞ്ഞു. സായാഹനത്തോടടുത്ത് അദ്ദേഹത്തിന് മാര കമായി പനിയുണ്ടാകുകയും ക്രിസ്തുവർഷം 547 മാർച്ച് 21-ന് സ്വർഗവാ സികൾ അദ്ദേഹത്തിന്റെ സ്വർഗത്തിലെ ജനനം ആഘോഷിക്കുകയും ചെയ്തു.

അനേകായിരങ്ങളെ വിശ്വാസത്തിലേക്ക് നയിക്കുകയും ദൈവവചനത്തിന്റെ അഗ്നിയാൽ ജ്വലിച്ചുകൊണ്ട് കുരിശിൽ നിന്ന് ശക്തിയാർജ്ജിച്ച് താപസ ജീവിതത്തിലൂടെ വിശുദ്ധി പ്രാപിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ഇദ്ദേഹം.

*വിചിന്തനം: “നിങ്ങൾ എന്തു നല്ല പ്രവൃത്തി ചെയ്യാൻ തുടങ്ങിയാലും അത് പൂർത്തീകരിക്കാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുക” (വി. ബനഡിക്ട്).*

## ജൂൺ 13 — മാർ ശീലാസ്

പൗലോസിന്റെ രണ്ടാമത്തെ പ്രേഷിതയാത്രയിൽ സഹചാരി യായിരുന്ന തീക്ഷ്ണവാനായ മിഷണറിയായിരുന്നു വി. ശീലാസ്. അപ്പ. പ്രവ. 15:22-ൽ ആണ് ശീലാസിനെ ആദ്യം പരാമർശിക്കുന്നത്. അവൻ ജറുസലേം കൗൺസിലിന് ശേഷം യൂദാസിനെയും ശീലാസി നെയും ഒരു കത്തുമായി അന്ത്യോക്യയിലേക്ക് അയച്ചു. പൗലോസും ബർണബാസും തമ്മിൽ വേർപിരിഞ്ഞതിന് ശേഷം തന്റെ രണ്ടാമത്തെ പ്രേഷിതയാത്രയിൽ തന്റെ കൂട്ടാളിയായി പൗലോസ് ശീലാസിനെ തിരഞ്ഞെടുത്തു. ഈ രണ്ടാമത്തെ പ്രേഷിതയാത്രയിലാണ് പൗലോസിനെയും ശീലാസിനെയും ഫിലിപ്പിയായിലെ തടവറയിൽ ആക്കിയത്. എന്നാൽ അത്ഭുതകരമായി അവർ തടവറയിൽ നിന്ന് മോചിതരായി (അപ്പ. പ്രവ. 14:25-37). അപ്പ. പ്രവ. 17, 18 അധ്യായ പ്രകാരം ശീലാസും തിമോത്തിയോസും ഫിലിപ്പിയയിൽ നിന്നും തെസ ലോനിക്ക വരെ യാത്ര ചെയ്തു. അവിടെവച്ച് അവർ വേർപിരിഞ്ഞ്

www.malankaralibrary.com


പൗലോസ് ശ്ലീഹാ ഏഥൻസിലേക്ക് പോയി. പിന്നീട് കോറിന്തോസിൽ വച്ച് ഒന്നിച്ചുചേർന്നു. ഇതിനുശേഷം അപ്പ. പ്രവർത്തനങ്ങളിൽ ശീലാസിനെപ്പറ്റി വേറെ വിവരങ്ങൾ ഒന്നും ഇല്ല. 4 ലേഖനങ്ങളിൽ പൗലോസ് തന്റെ സഹചാരിയായി എടുത്തുപറയുന്ന സിൽവാനോസ്, ശീലാസ് ആണ് എന്ന് പരമ്പരാഗതമായി കരുതിപ്പോകുന്നു. തെസലോനിക്കാർക്ക് എഴുതിയ രണ്ട് ലേഖനങ്ങളുടെ സഹരചയിതാക്കളായി തിമോത്തിയോസിനെയും ശീലാസിനെയും പൗലോസ് അവതരിപ്പി ക്കുന്നു (1 തെസ. 1:1, 2 തെസ. 2:1).

2 കോറി. 1:19 പ്രകാരം പൗലോസിനോടും തിമോത്തിയോസിനോടുമൊപ്പം കോറിന്തോസിൽ വചനം പ്രസംഗിച്ചതായി പറയുന്നു. 1 പത്രോ. 5:12-ൽ തന്റെ വിശ്വസ്ത സഹോദരനായി ശീലാസിനെ പൗലോസ് അവതരിപ്പിക്കുന്നു.

*വിചിന്തനം: "അർദ്ധരാത്രിയോടടുത്ത് പൗലോസും ശീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു. തടവുകാർ അത് കേട്ടുകൊണ്ടിരുന്നു. പെട്ടെന്ന് വലിയൊരു ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അടിത്തറ കുലുങ്ങി. എല്ലാ വാതിലുകളും തുറക്കപ്പെട്ടു. എല്ലാവരുടെയും ചങ്ങലകൾ അഴിഞ്ഞുവീണു" (അപ്പ. പ്രവ. 16:25-26).*

## ജൂലൈ 15 — മാർ കുരിയാക്കോസും മർത്താ യൂലിത്തിയും

ഇക്കോനിയ പട്ടണത്തിലെ രാജകുടുംബത്തിൽപെട്ടവളായിരുന്നു മർത്താ യൂലിത്തി. പിതാവ് അവിടുത്തെ സൈന്യാധിപന്മാരിൽ പ്രധാനി ആയിരുന്നു. കുരിയാക്കോസിന് മൂന്ന് വയസ്സ് ഉള്ളപ്പോൾ പിതാവ് മരിച്ചു. ക്രൈസ്തവ പീഡ വർദ്ധിക്കുന്നത് കണ്ട യൂലിത്തിമാതാ തന്റെ ഏക മകനേയും കൊണ്ട് താർസ്സോസിലേക്ക് ഓടിപ്പോയി. ശത്രുക്കൾ അവളെ കണ്ടുപിടിച്ച് ന്യായാധിപനായ അലക്സാണ്ടറുടെ അടുക്കൽ കൊണ്ടുവന്നു. ക്രിസ്തുവിനെ തള്ളിപറയാൻ ന്യായാധിപൻ ആവശ്യപ്പെട്ടു. കേവലം 3 വയസ്സ് മാത്രം പ്രായം ഉണ്ടായിരുന്ന കുരിയാക്കോസ് ദൈവീക കാര്യങ്ങൾ നിരത്തി ന്യായാധിപന്റെ വാദമുഖങ്ങളെ ഖണ്ഡിക്കുകയും രാജാവിനെ ലജ്ജിപ്പിക്കുകയും ചെയ്തു. സംസാര ശക്തിയില്ലാതിരുന്ന ആ പ്രായത്തിൽ കർത്താവ് അവനെ ശക്തിപ്പെടുത്തി. ദൈവത്തിന്റെ മഹത്വം നിഷേധിക്കാൻ കഴിയാത്ത രീതിയിൽ ന്യായാധിപന്റെ മുമ്പിൽ

www.malankaralibrary.com


അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഇവയൊന്നും ന്യായാധിപന്റെ ക്രൂരമനസ്സിനെ സ്പർശിച്ചില്ല. എന്നാൽ കേവലം 3 വയസ്സ് മാത്രമുള്ള ആ പൈതലിൽക്കൂടി ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളാൽ ന്യായാധിപൻ ലജ്ജിതനായി തീരുകയും ചെയ്തു. കുരിയാക്കോസിന്റെ വിശ്വാസത്തെ ഇളക്കുന്നതിനോ അവന്റെ ജ്ഞാനത്തിന് എതിരായി പറയുന്നതിനോ നിവൃത്തിയില്ലാതെ വന്നപ്പോൾ ദേഷ്യം വന്ന ന്യായാധിപൻ കുരിയാക്കോസിനെ മുകളിൽ നിന്നു താഴോട്ടു വലിച്ചെറിയുകയും അങ്ങനെ തലപൊട്ടി ആ പൈതൽ മരിക്കുകയും ചെയ്തു. അവന്റെ മാതാവായ വി. യൂലിത്തിയെ ചമ്മട്ടികൊണ്ട് അടിച്ച് ഇരുമ്പുചീപ്പുകൾ കൊണ്ട് ചീകി ശിരച്ഛേദം ചെയ്തു.

*വിചിന്തനം: "വാളിനെ അതിജീവിച്ച ജനം മരുഭൂമിയിൽ കൃപ കണ്ടെത്തി. ഇസ്രായേൽ വിശ്രമം കണ്ടെത്താൻ പോവുകയാണ്" (ജെറ. 31:2).*

## ജൂലൈ 16 — കർമ്മലമാതാവ്

വിശുദ്ധ ഗ്രന്ഥത്തിൽ കാർമ്മല മലയെക്കുറിച്ച് പല സ്ഥലങ്ങളിലും പരാമർശിച്ചിട്ടുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഒരു കൂട്ടം സന്യാസിമാർ ആ മലനിരകളിലേക്ക് പിൻവാങ്ങുകയും ദൈവമാതാവായ പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥതയിൽ ധ്യാനാത്മകമായ ജീവിതം നയിക്കുവാനായി കാർമ്മലീത്താ സഭയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു. കുരിശുയുദ്ധത്തിൽ പങ്കാളിയായിരുന്ന ബെർത്തോൾഡിന്റെ പ്രയത്നത്താൽ കാർമ്മല മലയിൽ താമസിച്ചിരുന്ന ഒരു വിഭാഗം സന്യാസിമാർ 1150-ഓട് കൂടി പാശ്ചാത്യ രീതിയിലുള്ള ഒരു സന്യാസസഭ ആരംഭിച്ചു. അതിനുശേഷം 1125 ജൂലൈ പതിനാറിന് രാത്രിയിൽ പരിശുദ്ധ കന്യകാ മാതാവ് ഹോണോറിയൂസ് മൂന്നാമൻ മാർപാപ്പയ്ക്ക് പ്രത്യക്ഷപ്പെടുകയും കർമ്മലീത്താ സഭയെ അംഗീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നിരുന്നാലും കർമ്മലീത്താ സഭക്കാർ നിരന്തരം അവഹേളനങ്ങൾക്ക് പാത്രമാകുന്നതിനാൽ സഭയുടെ ആറാമത്തെ ജനറൽ ആയിരുന്ന വിശുദ്ധ സൈമൺ സ്റ്റോക്ക് തങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പ്രത്യേക അടയാളം നല്കി അനുഗ്രഹിക്കുവാൻ പരിശുദ്ധ മാതാവിനോട് നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com


അതേത്തുടർന്ന് 1251 ജൂലൈ 16-ന് പരിശുദ്ധ മാതാവ് പ്രത്യക്ഷപ്പെട്ട് 'ഉത്തരീയം' നല്കികൊണ്ട് തന്റെ മാതൃപരമായ സ്നേഹത്തിന്റെ സവിശേഷ അടയാം നൽകി. 1332-ൽ 'കാർമ്മലിലെ പരിശുദ്ധ മാതാവിന്റെ തിരുനാൾ' കർമ്മലീത്ത സന്യാസിമാർക്കിടയിൽ സ്ഥാപിതമാവുകയും പിന്നീട് 1726-ൽ ബനഡിക്ട് പതിമൂന്നാമൻ ഈ തിരുനാളിനെ ആഗോള കത്തോലിക്കാ സഭയുടെ തിരുനാളാക്കി മാറ്റുകയും ചെയ്തു.

അനേകം സഭകളിൽ ഉത്തരീയം അവരുടെ സഭാ വസ്ത്രത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ കർമ്മലീത്ത സന്യാസിമാരെ സംബന്ധിച്ചിടത്തോളം അവരുടെ ഒരു വിശേഷ ലക്ഷണമാണ് ഉത്തരീയം. ഉത്തരീയം വഴിയുള്ള അനുഗ്രഹങ്ങൾ പങ്ക് വെയ്ക്കുന്നതിനായി ഉത്തരീയത്തിന്റെ ഒരു ചെറിയ പതിപ്പ് അത്മായരായ ആളുകൾക്കും നല്കപ്പെട്ടു. ഉത്തരീയം സ്ഥിരമായി ഉപയോഗിക്കുന്നത് വഴി ശുദ്ധീകരണസ്ഥലത്ത് നിന്നുള്ള മോചനം എളുപ്പത്തിൽ സാധിക്കും.

ഉത്തരീയം ധരിക്കുന്നവർ പെട്ടെന്ന് തന്നെ ശുദ്ധീകരണസ്ഥലത്തെ അഗ്നിയിൽ നിന്നും മോചിപ്പിക്കപ്പെടുമെന്ന് ജോൺ ഇരുപത്തിരണ്ടാമൻ പാപ്പായുടെ ഔദ്യോഗിക എഴുത്തിൽ (Bulla Sabbatina) പറയുന്നു. പാപ്പാ പറഞ്ഞിരിക്കുന്ന ഈ കാര്യത്തെ 1908 ജൂലൈ 4-ന്, സവിശേഷ പുണ്യങ്ങളുടെ വിശുദ്ധ സമിതി സ്ഥിരീകരിക്കുകയും അതിനെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

*വിചിന്തനം: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ. 1:45).*

## ജൂലൈ 19 — വി. മക്രീനാ

ഉന്നതകുല കുടുംബത്തിൽ പ്രഭാഷകനായ ബേസിലിന്റെയും എമീലിയുടെയും മൂത്ത മകളായിട്ടാണ് മക്രീനാ ജനിച്ചത്. ഇവൾക്ക് വിശുദ്ധരായ 3 സഹോദരങ്ങൾ ഉണ്ടായിരുന്നു. അവരാണ് മഹാനായ ബസേലിയോസ്, നീസായിലെ ഗ്രിഗറി, സെബസ്തിയിലെ പീറ്റർ.

നീസായിലെ ഗ്രിഗറിയുടെ 'On soul and Ressurrection' എന്ന പുസ്തകത്തിൽ നിന്നും മക്രീനായെപ്പറ്റി ധാരാളം മനസ്സിലാക്കാൻ പറ്റും. The Teacher എന്നാണ് മക്രീനയെ ഗ്രിഗറി വിശേഷിപ്പിക്കുന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തി മതമർദ്ദനം അവസാനിപ്പിച്ചതിനു

www.malankaralibrary.com


ശേഷമാണ് മക്രീനാ ജനിക്കുന്നത്. മക്രീനയ്ക്ക് പത്തുവയസ്സുള്ളപ്പോൾ അവളുടെ വല്യമ്മ മരിച്ചപ്പോൾ സഹോദരങ്ങളെ നോക്കേണ്ട ഉത്തര വാദിത്വം അവൾക്കായി. അങ്ങനെ ബസേലിയോസിനെയും ഗ്രിഗറി യെയും സന്യാസജീവിത്തിലേക്ക് ഒരുക്കാൻ മക്രീനാ പരിശ്രമിച്ചു. മക്രീ നായും ബസേലിയോസും പഠനത്തിനുശേഷം ബ്രഹ്മചര്യ വ്രതം എടു ക്കാൻ തീരുമാനിച്ചു. ബസേലിയോസ് കേസറിയായുടെ മെത്രാനായി. മക്രീനാ കന്യകയായി വീട്ടിൽ തുടർന്നു. മക്രീനയ്ക്ക് 40 വയസ്സ് ഉള്ള പ്പോൾ പിതാവ് മരിച്ചു. ഭർത്താവിന്റെ മരണശേഷം മക്രീനായുടെ അമ്മ എമിലിയ പൊന്തൂസ് എന്ന പ്രദേശത്ത് സന്യാസിനി മഠം ആരംഭിച്ചു. മക്രീനാ അവിടെ ചേർന്നു. അവിടുത്തെ ആദ്ധ്യാത്മിക ഉപദേശക ആയി തന്റെ ജീവിതം തുടർന്നു.

തന്റെ സഹോദരനായ ബസേലിയോസിന്റെ മരണദുഃഖം താങ്ങാനാവാതെ ഗ്രിഗറി മക്രീനയെ സന്ദർശിച്ചപ്പോൾ അവൾ വളരെ ക്ഷീണിതയായി കാണപ്പെട്ടു. എങ്കിലും തന്റെ സഹോദരനോട് പുന രുത്ഥാനത്തെപ്പറ്റിയും നിത്യജീവിതത്തെപ്പറ്റിയും ഉപദേശം നൽകി. എ.ഡി. 379 ജൂലൈ 19-ന് വി. മക്രീനാ തന്റെ നിത്യസമ്മാനത്തിനായി സ്വർഗത്തിലേക്ക് പോയി.

*വിചിന്തനം:- "കർത്താവിന്റെ ഭക്തരേ, അവിടുത്തെ ആശ്രയിക്കുവിൻ; പ്രതിഫലം ലഭിക്കാതിരിക്കുകയില്ല" (പ്രഭാ. 2:7).*

## ജൂലൈ 20 — ഏലിയാ നിബിയാ

ഗിലയാദിലെ തിഷബെയിൽ നിന്നുള്ള ഒരു പ്രവാചകനാ യിരുന്നു ഏലിയ. ഏലിയ എന്ന വാക്കിന്റെ അർത്ഥം 'യഹോവ എന്റെ ദൈവമാകുന്നു' എന്നാണ്. രാജാക്കൻമാരായ ആഹാബിന്റെയും അഹസിയായുടെയും ഭരണകാലത്ത് ഇസ്രായേലിൽ പ്രവചനം നടത്തിയിരുന്ന പ്രവാചകനായിരുന്നു ഏലിയ (1 രാജാ. 17:19, 2 രാജാ. 1:2). ഏകദൈവ വിശ്വാസത്തെ ശക്തമായി പ്രഘോഷിച്ച പ്രവാചകനാ യിരുന്നു ഏലിയ. ഇസ്രായേലിന്റെ ദൈവമായ യഹോവ അല്ലാതെ മറ്റൊരു ദൈവമില്ല എന്ന് അദ്ദേഹം പഠിപ്പിച്ചു. ആഹാബ് രാജാവിന്റെ ഭരണകാലത്ത് ജസബെൽ രാജ്ഞിയുടെ പ്രേരണയാൽ ഇസ്രായേൽ ജനത വിഗ്രഹാരാധനയിൽ നിപതിച്ചു. അതിന്റെ ഫലമായി ദൈവം അവരുടെ മേൽ അയച്ച കൊടിയ വരൾച്ചയുടെ കാലത്താണ് ഇസ്രാ യേലിൽ എലിയാ പ്രവാചകനായി പ്രത്യക്ഷപ്പെടുന്നത്. ഈ വരൾച്ച

www.malankaralibrary.com


യുടെ കാലത്ത് ദൈവം തന്റെ പ്രവാചകനായ ഏലിയായെ സുരക്ഷിത നായി പരിപാലിച്ചു. കെറീത്ത് നദിയുടെ തീരത്ത് താമസിച്ച ഏലിയ പ്രവാചകന് കാക്കകളെ അയച്ച് ദൈവം ഭക്ഷണം നൽകി (1 രാജാ. 17:1–7). സെറാഫാത്തിൽ വന്നു പാർത്ത ഏലിയായ്ക്ക് ഭക്ഷണം നൽകാൻ ദൈവം ഒരു വിധവയെ നിയോഗിച്ചു (1 രാജാ. 17:8). ഇസ്രായേലിന്റെ യഥാർത്ഥ ദൈവമായ യഹോവയെ ധിക്കരിച്ച് ബാലിനെ ആരാധിക്കാൻ ജസബെൽ രാജ്ഞി ജനങ്ങളെ നിരന്തരമായി പ്രേരിപ്പിച്ചിരുന്നു. ഇസ്രായേലിന്റെ യഥാർത്ഥ ദൈവം ഏതാണെന്ന് തെളിയിക്കാൻ ബാലിന്റെ 450 പ്രവാചകൻമാരെയും അഷേരായുടെ 400 പ്രവാചകന്മാരെയും ഇസ്രായേൽ ജനത മുഴുവനായും കാർമൽ മലയിൽ ഒരുമിച്ച് കൂട്ടാൻ ഏലിയാ ആവശ്യപ്പെട്ടു. ആഹാബ് പ്രവാചക ന്മാരെയും ഇസ്രായേൽ ജനത്തെ മുഴുവനും കാർമൽ മലയിൽ ഒരുമിച്ച് കൂട്ടി. അവിടെവച്ച് ഏലിയാ ആവശ്യപ്പെട്ടു: "ഞങ്ങൾക്ക് 2 കാളകളെ തരുവിൻ: ഒന്നിനെ അവർ കഷണങ്ങളാക്കി വിറകിൻ മേൽ വയ്ക്കട്ടെ. രണ്ട് കാളകളിൽ ഒന്ന് ബാലിന്റെ പ്രവാചകന്മാർ ബലിയർപ്പിച്ച് അതിനെ കഷണങ്ങളാക്കി വിറകിൻ മേൽ വയ്ക്കണം. തീ കൊളുത്തരുത്". മറ്റൊരു കാളയെ ഏലിയ ബലി അർപ്പിക്കുകയും അതിനെ കഷണങ്ങളാക്കി വിറകിൻ മേൽ വയ്ക്കുകയും ചെയ്യും. ബാലിന്റെ പ്രവാചകന്മാർ ബാലിനെ വിളിച്ചപേക്ഷിക്കുകയും ഏലിയ യഹോവയെ വിളിച്ചപേക്ഷിക്കുകയും ചെയ്യണം. ആരുടെ ബലിയാണോ അഗ്നി അയച്ച് സ്വീകരിക്കുന്നത് അതാണ് യഥാർത്ഥ ദൈവം. ജനമൊന്നാകെ ഈ നിബന്ധന അംഗീകരിച്ചു. ഏലിയായും ബാലിന്റെ പ്രവാചകൻമാരും ബലിയർപ്പിച്ചു. ബാലിന്റെ പ്രവാചകന്മാർ ഒന്നടങ്കം വിളിച്ചപേക്ഷിച്ചു. ഒരു മറുപടിയും ലഭിച്ചില്ല. എന്നാൽ ഏലിയാ കർത്താവിനെ വിളിച്ചപേക്ഷിച്ചു. "കർത്താവേ എന്റെ പ്രാർത്ഥന കേൾക്കണമേ" എന്ന് അപേക്ഷിച്ചു. അപ്പോൾ സ്വർഗത്തിൽ നിന്നും അഗ്നി ഇറങ്ങി ബലിവസ്തുവിനെ ദഹിപ്പിച്ചു. ഇത് കണ്ട ജനം പറഞ്ഞു: കർത്താവ് തന്നെ ദൈവം. ബാലിന്റെ പ്രവാചകന്മാരെ പിടികൂടി വധിക്കാൻ കൽപന പുറപ്പെടുവിച്ചു. ജനം അവരെ പിടികൂടി വധിച്ചു. ഇതറിഞ്ഞ ജസബൽ രാജ്ഞി ഏലിയായെ വധിക്കാൻ കൽപന പുറപ്പെടുവിച്ചു. ഏലിയ പ്രാണരക്ഷാർത്ഥം പാലായനം ചെയ്തു. അവൻ ബെർഷബായിൽ എത്തി അവിടെ വച്ച് അവൻ മരണത്തിനായി പ്രാർത്ഥിച്ചു. എന്നാൽ ദൈവം അവനെ ശക്തിപ്പെടുത്തി ദൈവത്തിന്റെ

www.malankaralibrary.com


മലയായ ഹോറെബിൽ അയച്ചു. അവിടെവച്ച് അവന് ദൈവദർശനം ഉണ്ടായി. അവന് പിൻഗാമിയായി ഷാഫാത്തിന്റെ മകൻ എലിശായെ അഭിഷേകം ചെയ്യാൻ ദൈവം ആവശ്യപ്പെട്ടു. അങ്ങനെ ഏലിയ ഹോറെബിൽ നിന്നും പുറപ്പെട്ടു. വയലിൽ ഉഴുതുകൊണ്ടിരുന്ന ഷാഫാത്തിന്റെ മകൻ ഏലിശായെ തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തു. തന്റെ ഇഹലോക വാസത്തിലെ ദൗത്യം പൂർത്തിയാക്കിയ ഏലിയായെ സ്വർഗത്തിലേക്ക് എടുക്കാൻ ദൈവം തീരുമാനിച്ചു. അതിന് സമയമായപ്പോൾ ഏലിയായും ഏലിശായും ജോർദ്ദാന് സമീപമെത്തി. ഏലിയാ ഏലിശായോട് ചോദിച്ചു: "നിന്നിൽ നിന്നും ഞാൻ എടുക്കപ്പെടുന്നതിനുമുമ്പ് ഞാൻ എന്താണ് ചെയ്ത് തരേണ്ടത്! എലീശാ മറുപടി പറഞ്ഞു. അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്ക് തരണം. ഏലിയാ പറഞ്ഞു: ഞാൻ എടുക്കപ്പെടുന്നത് നീ കാണുകയാണെങ്കിൽ നിനക്ക് അത് ലഭിക്കും. അവർ സംസാരിച്ച് കൊണ്ടിരിക്കുമ്പോൾ ഏലിയാ ഒരു ചുഴലിക്കാറ്റിൽ ആഗ്നേയരഥത്തിൽ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.

*വിചിന്തനം: "സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ പ്രതി ഞാൻ അതീവ തീക്ഷ്ണതയാൽ ജ്വലിക്കുകയാണ്" (1 രാജാ. 19:14).*

## ജൂലൈ 22 — വി. മഗ്ദലേന മറിയം

മഗ്ദലന മറിയത്തെ ലൂക്കായുടെ സുവിശേഷത്തിൽ 7:36-50-ൽ പറഞ്ഞിട്ടുണ്ട്. യേശുവിന്റെ പാദം കഴുകി തുടച്ച പാപിനിയായ സ്ത്രീയായിട്ടും യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന മർത്തായുടെയും ലാസറിന്റെയും സഹോദരിയായിരുന്ന ബഥാനിയായിലെ മറിയവുമായിട്ടും കാണുന്ന പാരമ്പര്യമുണ്ട്. എന്നാൽ ബഥാനിയായിലെ മറിയത്തിൽ നിന്നും വ്യത്യസ്തയായ മറ്റൊരു സ്ത്രീയായിട്ടാണ് ഗ്രീക്ക് സഭാ പിതാക്കൻമാർ കാണുന്നത്. ലൂക്കാ. 8:2-3 യേശുവിനോടൊപ്പം സഞ്ചരിച്ച് യേശുവിന്റെ ശുശ്രൂഷയെ സഹായിക്കുന്ന സ്ത്രീകളിൽ ഒരാളാണ് മഗ്ദലന മറിയം. യേശുവിനെ അനുഗമിച്ച ഈ സ്ത്രീകൾ തങ്ങളുടെ സമ്പത്തുകൊണ്ട് യേശുവിന്റെ ശുശ്രൂഷകളിൽ സഹകാരികളായിരുന്നു. ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവൾ എന്നാണ് മഗ്ദലനത്തെ ഈ ഭാഗത്ത് വിശേഷിപ്പിക്കുന്നത്.

എ.ഡി. ആറാം നൂറ്റാണ്ടിലെ മഹാനായ ഗ്രിഗറിയുടെ അഭിപ്രായത്തിൽ വിശുദ്ധ ലിഖിതങ്ങളിൽ കാണുന്ന ഈ രണ്ട് സ്ത്രീകളും ഒരാൾ തന്നെയാണ്.

www.malankaralibrary.com



യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം അവിടുത്തെ ദർശനം ലഭിച്ച ആദ്യത്തെ സാക്ഷിയാണ് മഗ്ദലന മറിയം (യോഹ. 20:11–18). അവൾ യേശുവിന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യയായിരുന്നു. ദുഃഖവെള്ളിയാഴ്ച ദിവസം ഉച്ചകഴിഞ്ഞ് പരിശുദ്ധ മാതാവിനോടൊപ്പം മഗ്ദലന മറിയവും യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ നില്പുണ്ടായിരുന്നു (യോഹ. 19:25). ഉത്ഥാന ദിവസം രാവിലെ, മറ്റുള്ള സ്ത്രീകൾക്കൊപ്പം മഗ്ദലന മറിയവും യേശുവിന്റെ കല്ലറയിൽ പോയി (മത്താ. 28:1). കല്ലറയ്ക്ക് സമീപം പൂന്തോട്ടത്തിൽ വെച്ച് യേശു അവൾക്ക് പ്രത്യക്ഷപ്പെട്ടു (യോഹ. 20:18).

യേശു ഉയിർത്തെഴുന്നേറ്റു എന്ന കാര്യം അപ്പസ്തോലൻമാരെ അറിയിച്ചത് മഗ്ദലന മറിയമാണ് (യോഹ. 20:18). തുടർന്നാണ് പത്രോസും, യോഹന്നാനും എന്താണ് സംഭവിച്ചതെന്നറിയുവാൻ കല്ലറയിലേക്കോടുന്നത്. ഇക്കാരണങ്ങളാൽ പല ക്രിസ്തീയ പാരമ്പര്യങ്ങളിലും മഗ്ദലനാ മറിയത്തെ 'അപ്പോസ്തലൻമാരുടെ അപ്പസ്തോല' എന്നറിയപ്പെടുന്നു. കഫർണാമിനും, തിബേരിയാസിനും ഇടയിൽ ഗലീലി കടൽതീരത്തുള്ള ഒരു മുക്കുവ ഗ്രാമമായ മഗ്ദലനയിൽ നിന്നുമാണ് അവൾ വരുന്നത്. "മഹാ പാപിനി" എന്ന നിലയിലാണ് അവൾ അറിയപ്പെട്ടിരുന്നത്. തെരുവുകളിലൂടെ അലഞ്ഞ അവൾ ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ചും, പാപമോചനത്തെക്കുറിച്ചും യേശു പ്രസംഗിക്കുന്നത് കേട്ടതിനു ശേഷം തന്റെ ജീവിതം നവീകരിച്ചു.

വിശുദ്ധ മഗ്ദലന മറിയം മഹത്തായ സ്നേഹത്തിന്റെയും, ക്ഷമയുടെയും ഒരുത്തമ ഉദാഹരണമായിരുന്നു. യേശുവിനോടു ചേർന്നിരുന്നുകൊണ്ട്, മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ സത്യത്തെ ഗ്രഹിക്കുകയും, ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കുവാൻ തന്റെ ജീവിതം മുഴുവനും ചിലവഴിച്ചവളുമാണ് വിശുദ്ധ മഗ്ദലന മറിയം. മഗ്ദലന മറിയത്തെ എവിടെയാണ് അടക്കം ചെയ്തിരിക്കുന്നത് എന്ന് ആർക്കും അറിവില്ല. ഐതിഹ്യമനുസരിച്ച്, അവൾ തന്റെ ജീവിതത്തിലെ അവസാന നാളുകൾ ചിലവഴിച്ച ഫ്രാൻസിലെ പ്രൊവെൻസിലെ ഗുഹയിൽ വെച്ചാണ് മരണപ്പെട്ടതെന്നാണ് ഐതിഹ്യം.

മാരിടൈം ആല്പ്സിലെ വിശുദ്ധ മാക്സിമിൻ ദൈവാലയത്തിലാണ് അവളുടെ ഭൗതീക ശരീരം ഉള്ളത് എന്നൊരഭിപ്രായമുണ്ട്. മറ്റൊരഭിപ്രായമനുസരിച്ച്, യേശുവിന്റെ ഉയിർപ്പിന് ശേഷം യോഹ

www.malankaralibrary.com


ന്നാന്റെ കൂടെ അവൾ എഫേസൂസിലെക്ക് പോയെന്നും അവളെ അവിടെത്തന്നെയാണ് അടക്കം ചെയ്തിരിക്കുന്നതെന്നുമാണ്.

*വിചിന്തനം: "മഗ്ദലനമറിയം ചെന്ന് ഞാൻ കർത്താവിനെ കണ്ടു എന്നും അവൻ ഇക്കാര്യങ്ങൾ തന്നോട് പറഞ്ഞു എന്നും ശിഷ്യന്മാർ അറിയിച്ചു" (യോഹ. 20:18).*

## ജൂലൈ 23 — എസെക്കിയേൽ നിബിയാ

ബാബിലോണിയൻ രാജാവായ നെബുക്കദ്നെസർ ബി.സി. 598-ൽ ജറുസലേമിനെ ആക്രമിച്ച് യഹോയാക്കിൻ രാജാവിനെയും പ്രമാണികളെയും അടിമകളായി കൊണ്ടുപോയി. ഇപ്രകാരം അടിമകളായി കൊണ്ടുപോയവരുടെ ഗണത്തിൽപ്പെട്ടയാളായിരുന്നു എസക്കിയേൽ. വിപ്രവാസത്തിന്റെ അഞ്ചാം വർഷം മുതലാണ് അദ്ദേഹം പ്രവചനം ആരംഭിക്കുന്നത്. അതായത് ബി.സി. 593-ൽ. അദ്ദേഹത്തിന്റെ പ്രവചനകാലം അവസാനിക്കുന്നത് 571-ഓടുകൂടിയാണെന്ന് പാരമ്പര്യം പറയുന്നു. വിപ്രവാസകാലത്ത് യഹൂദന്മാരെ പാർപ്പിച്ചിരുന്ന കേബാർ നദീതീരത്തു വച്ചു ദൗത്യം ആരംഭിച്ചു. അദ്ദേഹം തന്റെ പ്രവചനങ്ങൾ നടത്തുന്നത് ബാബിലോണിയൻ യഹൂദ സമൂഹത്തിൽ തന്നെയാണ്.

ബൂസിയുടെ പുത്രനും പുരോഹിതനുമായിരുന്നു എസെക്കിയേൽ. എസെക്കിയേൽ എന്ന ഹീബ്രു വാക്കിന് അർത്ഥം 'ദൈവം ശക്തിപ്പെടുത്തുന്നു' എന്നാണ്. എസെക്കിയേൽ പുരോഹിത കുടുംബത്തിൽപ്പെട്ടയാളും നല്ല വിദ്യാഭ്യാസം കരസ്ഥമാക്കിയിട്ടുള്ള വ്യക്തിയുമാണ്. ഭാര്യയുടെ മരണത്തെക്കുറിച്ചുള്ള വിവരണത്തിൽ നിന്നും പ്രവാചകൻ വിവാഹിതനാണ് എന്ന് വ്യക്തമാണ്. യൂദയാ രാജ്യത്തിന്റെ അന്തിമ കാലഘട്ടത്തിലാണ് എസക്കിയേൽ തന്റെ പ്രവചനം ആരംഭിക്കുന്നത്. വിപ്രവാസം ആരംഭിച്ചിട്ട് അഞ്ചാം വർഷമാണ് അദ്ദേഹത്തിന് ദർശനം ലഭിക്കുന്നത്.

ലേവ്യാ പുസ്തകം 26-ാം അധ്യായത്തിന്റെ സ്വാധീനം എസെക്കിയേലിന്റെ പുസ്തകത്തിലുടനീളമുണ്ട്. എസെക്കിയേലിന്റെ എല്ലാ പ്രവചനങ്ങളും അവസാനിക്കുന്നത്, "ഞാനാണ് കർത്താവ് എന്ന് അപ്പോൾ അവർ അറിയും" എന്ന പ്രയോഗത്താലാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള അന്തരം പ്രവാചകൻ പലപ്പോഴും എടുത്തുകാട്ടുന്നു. അനീതിയും വിഗ്രഹാരാധനയും ശക്തമായി എതിർത്ത പ്രവാ

www.malankaralibrary.com


ചകനാണ് എസെക്കിയേൽ (5–6 അധ്യായം). പഴയ തലമുറയുടെ പാപ ത്തിന്റെ ഫലം ഇപ്പോഴുള്ള തലമുറ വഹിക്കേണ്ടി വരില്ല എന്ന് പ്രവാച കൻ പറയുന്നു (18–ാം അധ്യായം). മനുഷ്യന്റെ പ്രവൃത്തിയ്ക്ക് ദൈവ ത്തിന്റെ പരിശുദ്ധിക്കു മുമ്പിൽ വിലയുണ്ടെന്ന് പ്രവാചകൻ പഠിപ്പി ക്കുന്നു. എസെക്കിയേലിന്റെ ഗ്രന്ഥത്തിന്റെ ആദ്യഭാഗം (1–33) ശിക്ഷ യെപ്പറ്റിയാണ്. രണ്ടാം ഭാഗം (34–48) രക്ഷയുടെ വാഗ്ദാനമാണ്.

ഐതിഹ്യമനുസരിച്ച് അദ്ദേഹത്തിന്റെ ശവകുടീരം ഇറാക്കിലെ ഹില്ല എന്ന നഗരത്തിനടുത്തുള്ള അൽകിഥിൽ എന്ന സ്ഥലത്താണ്.

*വിചിന്തനം: "എന്നാൽ ഞാൻ നിന്നോടു സംസാരിക്കുമ്പോൾ നിന്റെ അധരങ്ങൾ തുറക്കപ്പെടും. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: നീ അപ്പോൾ അവരോട് പറയണം. കേൾക്കുന്നവൻ കേൾക്കട്ടെ. കേൾക്കാൻ മനസ്സില്ലാത്തവൻ കേൾക്കാതിരിക്കട്ടെ. അവർ ധിക്കാരികളുടെ ഭവനമാണ്" (എസെ. 3:27).*

## ജൂലൈ 28 — വിശുദ്ധ അൽഫോൻസാ (1910 – 1946)

ഭാരതത്തിലെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മ, അനേ കായിരങ്ങളിൽ സുവിശേഷത്തിന്റെ വെളിച്ചം പകരാൻ ഉയർത്തപ്പെട്ട വിളക്കാണ്. കോട്ടയത്തിനടുത്ത് കുടമാളൂർ മുട്ടത്തുപാടത്ത് ജോസ ഫിന്റെയും മേരിയുടെയും മകളായി 1910 ആഗസ്റ്റ് 19–ാം തീയതി അന്ന ക്കുട്ടി എന്ന അൽഫോൻസ ജനിച്ചു. അതീവ സുന്ദരിയായ ആ പെൺകു ഞ്ഞിന് മാതൃവാത്സല്യം അനുഭവിക്കാനുള്ള യോഗമുണ്ടായില്ല. മൂന്ന് മാസം പ്രായമുള്ളപ്പോൾ അമ്മ നഷ്ടപ്പെട്ട ആ കുഞ്ഞിനെ പിതാവും പിതൃമാതാവും ലാളിച്ച് വളർത്തി. മരണക്കിടക്കയിൽ വച്ച് സ്നേഹ നിധിയായ അമ്മ അൽഫോൻസായെ മൂത്ത സഹോദരിയായ മുരി ക്കൽ അന്നമ്മയെ ഏൽപ്പിച്ചു. അമ്മയുടെ പരിചരണവും, സ്നേഹവും നഷ്ടപ്പെട്ടതുകൊണ്ടാകാം കുട്ടിക്കാലം മുതൽ പലവിധ രോഗങ്ങളും ആ കുഞ്ഞിനെ അലട്ടിയിരുന്നു. ആഗസ്റ്റ് 26–ാം തീയതി കുടമാളൂർ പള്ളിയിൽ വച്ച് ജ്ഞാനസ്നാനം നൽകി അന്നക്കുട്ടിയെന്ന പേര് നൽകി.

ഒരിക്കൽ വി. കൊച്ചുത്രേസ്യായുടെ ജീവചരിത്രം വായിക്കാ നിടയായി. അതോടെ ഒരു പുണ്യവതിയാകാനുള്ള ആഗ്രഹം വളർന്നു. വീടിനടുത്തുള്ള മഠത്തിൽ അൽഫോൻസായ്ക്ക് ബന്ധമുള്ള ഒരു കന്യാ

www.malankaralibrary.com


സ്ത്രീയമ്മയുണ്ടായിരുന്നു. കാണുമ്പോഴൊക്കെ കുഞ്ഞ് ഒരു പുണ്യവതിയാകണം എന്ന് ആ അമ്മ പറയുമായിരുന്നു. അത് കേൾക്കുമ്പോഴൊക്കെ വി. കൊച്ചുത്രേസ്യായെപ്പറ്റി ധ്യാനിക്കുമായിരുന്നു. ഒരിക്കൽ അൽഫോൻസാ മാവിൻ ചുവട്ടിൽ നിൽക്കുമ്പോൾ സുന്ദരിയായ ഒരു കന്യാസ്ത്രീ അവിടെ വന്നു. പുഞ്ചിരിച്ചുകൊണ്ട് അവർ പറഞ്ഞു, അൽഫോൻസാ ഒരു കന്യാസ്ത്രീയാകണം, വിരക്ത ജീവിതം നയിക്കണം. സന്തോഷപൂർവം അൽഫോൻസ സമ്മതിച്ചു. കന്യാസ്ത്രീയമ്മ അടുത്തുനിന്ന് പോയത് അറിഞ്ഞതേയില്ല. കന്യാസ്ത്രീകളാരും പുറത്ത് ഒറ്റയ്ക്ക് സഞ്ചരിക്കുകയില്ലെന്ന്, കന്യാലയ ജീവിതത്തെപ്പറ്റി അറിഞ്ഞപ്പോൾ അൽഫോൻസയ്ക്ക് മനസ്സിലായി. പിന്നെ ആരായിരിക്കും പറമ്പിൽ വച്ച് തന്നെ കണ്ടത്? തീർച്ചയായും അത് വി. കൊച്ചുത്രേസ്യയായിരിക്കുമെന്ന് അൽഫോൻസാ വിശ്വസിച്ചു. അതോടെ കന്യാസ്ത്രീയാകുവാനുള്ള അഭിലാഷം വളർന്നുവന്നു.

ചെറുപ്പത്തിൽ തന്നെ ഒരു കന്യാസ്ത്രീയാകണമെന്ന ആഗ്രഹമുണ്ടായിരുന്ന അന്നക്കുട്ടി വിവാഹത്തിനു സമ്മതിച്ചില്ല. 1927-ൽ ഭരണങ്ങാനത്തെ ക്ലാരമഠത്തിൽ പ്രവേശിച്ച അന്നക്കുട്ടി 1928 ആഗസ്റ്റ് 2-ന് ശിരോവസ്ത്രവും 1930 മെയ് 19-ന് സഭാവസ്ത്രവും സ്വീകരിച്ചു. 1936 ആഗസ്റ്റ് 12-ന് നിത്യവ്രതവാഗ്ദാനം നടത്തി.

വിനയത്തെ ജീവിതത്തിന്റെ മുഖമുദ്രയായി സ്വീകരിച്ച അൽഫോൻസാ അചഞ്ചലമായ അത്മീയനിഷ്ഠയുള്ളവളുമായിരുന്നു. കറയറ്റ ഒരു സന്യാസിനിയുടെ ആന്തരിക അച്ചടക്കത്തിന്റെ കഥയാണ് അവളുടെ ജീവിതം. സഹനങ്ങളെ സ്നേഹത്തിൽ ചാലിച്ച് ഉയർത്തിക്കാട്ടി സന്യാസത്തിന്റെ മാറ്റ് കൂട്ടിയ അൽഫോൻസാമ്മ, 1946 ജൂലൈ 28-ാം തീയതി 'ഈശോ മറിയം യൗസേപ്പ്' എന്നുരുവിട്ടു കൊണ്ട് തന്റെ 'സഹനബലി' പൂർത്തിയാക്കി. തന്റെ സഹനങ്ങളിലൂടെ യേശുവിനോട് അടുത്ത അവൾ അതിവേഗം വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

1953 ഡിസംബർ 2-ന് ദൈവദാസി, 1984 നവംബർ 9-ന് ധന്യ, 1986 ഫെബ്രുവരി 8-ന് വാഴ്ത്തപ്പെട്ടവൾ എന്നീ നിലകളിലേക്ക് ഉയർത്തി. 2008 ഒക്ടോബർ 12-ാം തീയതി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധ പദവിയിലേക്കുയർത്തി. അങ്ങനെ അവർ ഭാരതത്തിലെ പ്രഥമ വിശുദ്ധയായി. ലോകത്തിലും

www.malankaralibrary.com


വിശിഷ്യ ഭാരതത്തിലും വിശുദ്ധിയുടെ പരിമളം പ്രസരിപ്പിച്ചുകൊണ്ട് പരിലസിക്കുന്നു.

*വിചിന്തനം: 1. "കഠിനവേദനകളിലും വലിയ പരീക്ഷണങ്ങളിലും മണവാളനോടുള്ള സ്നേഹബന്ധത്തിൽ എന്നെ ഉറപ്പിച്ചുനിർത്തിയത് കുരിശിൻ ചുവട്ടിലെ സ്ത്രീയാണ്".*

*2. "എനിക്ക് ഏറ്റവും പ്രിയങ്കരമായ ഭോജനം വി. കുർബാനയാണ്. ഞാനാണ് അപ്പം എന്നരുളിച്ചെയ്ത ദിവ്യനാഥൻ എന്റെ ഉള്ളിൽ ആഗത മാകുമ്പോഴെല്ലാം അവാച്യമായ ആനന്ദം ഞാൻ അനുഭവിക്കുന്നു" (വി. അൽഫോൻസ).*

## ജൂലൈ 29 ബഥനിയിലെ മർത്തായും മറിയവും ലാസറും

സുവിശേഷ ഭാഗങ്ങളിൽ എടുത്തു കാണിക്കപ്പെടുന്ന ഒരു കുടുംബമാണ് ബഥനിയിലെ ലാസറിന്റെ ഭവനം. ബഥനി എന്ന വാക്കിന്റെ അർത്ഥം 'ആശ്വാസത്തിന്റെ ഭവനം' എന്നാണ്. യേശുവിന്റെ പരസ്യജീവിതകാലത്ത് യേശുവിനോട് നല്ല ബന്ധം പുലർത്തിയിരുന്ന ഒരു ഭവനമായിട്ടാണ് സുവിശേഷകൻമാർ ബഥനിയെ എടുത്തുകാണി ക്കുന്നത്. രണ്ട് പ്രധാന സംഭവങ്ങളാണ് ഈ ഭവനവുമായി ബന്ധ പ്പെട്ട് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ബഥനിയെന്ന ഗ്രാമത്തിൽ താമസിച്ചിരുന്ന മർത്താ എന്ന സ്ത്രീ കർത്താവിനെ ഭവനത്തിൽ സ്വീകരിക്കുന്നതായി വി. ലൂക്ക സുവിശേഷകൻ പത്താം അദ്ധ്യായം 38-ാം വചനത്തിൽ പറയുന്നു. കർത്താവിനെ ഭവനത്തിൽ സ്വീകരിച്ച മർത്താ കർത്താവിനെ സൽക്ക രിക്കുന്നതിൽ സർവ്വദാ വ്യാപൃതയായിരുന്നു. എന്നാൽ അവളുടെ സഹോദരി അവിടുത്തെ പാദത്തിങ്കലിരുന്നു വചനങ്ങൾ ശ്രവിച്ചിരുന്നു. ബാഹ്യമായ കാര്യങ്ങളിൽ വ്യാപൃതരാകാതെ കർത്താവിന്റെ വചന ങ്ങൾ ശ്രവിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ച് കർത്താവ് മർത്തായോട് എടുത്തുപറയുകയും ചെയ്യുന്നു.

യേശുവിന് ഈ ഭവനവുമായി ഉണ്ടായിരുന്ന സ്നേഹത്തിന്റെ ആഴം യോഹന്നാൻ സുവിശേഷകൻ വളരെ മനോഹരമായി അവത രിപ്പിക്കുന്നുണ്ട്. പതിനൊന്നാം അദ്ധ്യായം 3-ാം വാക്യം പറയുന്നു: "കർത്താവേ, ഇതാ അങ്ങു സ്നേഹിക്കുന്നവൻ, രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ അവന്റെ അടുത്തേക്ക് ആളയച്ചു"

www.malankaralibrary.com


തുടർന്ന് 5-ാം വാക്യത്തിൽ "യേശു മർത്തായേയും അവളുടെ സഹോദരിയേയും ലാസറിനേയും സ്നേഹിച്ചിരുന്നു" എന്ന് എഴുതിയിരിക്കുന്നു. ജറുസലേമിലേക്ക് പോകുന്നത് അപകടകരമായ സന്ദർഭം ആയിരുന്നിട്ടും ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനും യേശുവിന് ലാസറിന്റെ ഭവനത്തോടുണ്ടായിരുന്ന സ്നേഹം വെളിപ്പെടുത്തുന്നതിനുമായി അവിടുന്ന് ബഥനിയിലേക്ക് പോയി. മരണപ്പെട്ടിട്ട് നാല് ദിവസങ്ങൾ കഴിഞ്ഞ ലാസറിനെ ഉയർപ്പിച്ച് താൻ ജീവനും പുനരുത്ഥാനവുമാണെന്ന് യേശു വ്യക്തമാക്കുകയും തന്റെ അധികാരസ്ഥാനം വെളിപ്പെടുത്തുകയും ചെയ്തു.

പാലസ്തീനായിൽ ക്രിസ്തുമതമർദ്ദനം തുടങ്ങിയപ്പോൾ ലാസറിന്റെ കുടുംബം ബഥനിയിൽ നിന്ന് പാലായനം ചെയ്തു. ലാസറിന്റെ ശവകുടീരം മാർസേയിലും മാർത്തായുടേത് അവിഞ്ഞോണിലും മേരിയുടേത് സെന്റ് ബോമിലും കാണുന്നു. മാർ ഈവാനിയോസ് തിരുമേനി മലങ്കര സഭയിൽ ഒരു സന്യാസ ആശ്രമം സ്ഥാപിച്ചപ്പോൾ അതിന് നൽകിയ പേര് ''ബഥനി'' എന്നാണ്. ബഥനിയിലെ മറിയത്തിന്റെ പ്രാർത്ഥനയുടെയും താപസന്റെ ജീവിതവും മർത്തയുടെ ശുശ്രൂഷാജീവിതവും ഒത്തുചേരുന്ന ഒരു ജീവിതശൈലി തന്റെ സന്യാസികൾക്ക് ഉണ്ടാവണം എന്ന് പിതാവ് ആഗ്രഹിച്ചു.

*വിചിന്തനം:- "മർത്താ മർത്താ നീ പലതിനെക്കുറിച്ച് ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നു മാത്രമേ ആവശ്യമുള്ളൂ. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽ നിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ. 10:41-42).*

## ജൂലൈ 31 ലയോളയിലെ വി. ഇഗ്നേഷ്യസ് (1491–1556)

സ്പെയിനിലെ അസ്പേഷ്യായിൽ ഒരു പരമ്പരാഗത ജന്മി കുടുംബത്തിലായിരുന്നു ഈശോ സഭാ സ്ഥാപകൻ വി. ഇഗ്നേഷ്യസ് ലയോളയുടെ ജനനം. ലയോള കുടുംബത്തിലെ ബൽട്രാൻ-മരിന ദമ്പതികളുടെ 13-ാമത്തെ പുത്രനായിരുന്നു ഇനിഗോ എന്ന ഇഗ്നേഷ്യസ്. 15-ാം വയസിൽ വീടുവിട്ടിറങ്ങിയ ഇദ്ദേഹം ചെന്നെത്തിയത് കൊട്ടാരത്തിലെ പ്രധാന ഭണ്ഡാര സൂക്ഷിപ്പുകാരനായ ജുവാൽ ഖലാസ്കസിന്റെ ഭവനത്തിലാണ്. അവിഹിതബന്ധങ്ങൾക്കും അനേകം ജാരജന്മങ്ങൾക്കും കുപ്രസിദ്ധിനേടിയ ഈ പ്രഭു കുടുംബത്തിൽ 10 വർഷത്തോളം ഇഗ്നേഷ്യസ് താമസിച്ചു. അവിടെ വച്ച് അവൻ ദുർനടപ്പ് ആരം

www.malankaralibrary.com


ഭിച്ചു. ഇതിനിടയിൽ തന്റെ വിജ്ഞാനം വിപുലീകരിക്കാൻ ആഗ്രഹിക്കുകയും സെന്റ് അഗസ്റ്റിൻ, ജോൺ ക്രിസോസ്റ്റം എന്നിവരുടെ കൃതികളും ക്രിസ്താനുകരണവും വായിക്കുകയും ചെയ്തു. എന്നാൽ പേരിനും പ്രശസ്തിക്കും മാത്രമാണ് ഇദ്ദേഹം പ്രാധാന്യം നൽകിയത്. അതിനാൽ ഇവയൊന്നും മുഖവിലയ്ക്കെടുക്കാൻ തയ്യാറായില്ല. യുദ്ധ നൈപുണ്യത്തിലൂടെ മാത്രമേ ലോകത്ത് വിജയം നേടാൻ സാധിക്കൂ എന്നാണ് ഇഗ്നേഷ്യസ് വിശ്വസിച്ചിരുന്നത്. ഒരു ധീരയോദ്ധാവ് ആകണമെന്ന് ആഗ്രഹിച്ച ഇഗ്നേഷ്യസ് ഫെർഡിനാന്റ് ചക്രവർത്തിയുടെ കീഴിൽ ആദ്യ പടയോട്ടത്തിന് തുടക്കം കുറിക്കുകയും ചക്രവർത്തിയുടെ വിശ്വസ്തനായി മാറുകയും ചെയ്തു. ചക്രവർത്തിയുടെ മരണത്തോടുകൂടി തന്റെ പഴയ സുഹൃത്തും ഭണ്ഡാരസൂക്ഷിപ്പുകാരനുമായ ജുവാൻ ഖലാസ്ക്വസ് അധികാരത്തിൽ എത്തുകയും ഏകാധിപതിയാവുകയും ചെയ്തു. പക്ഷേ ഈ ഭരണം അധികനാൾ നീണ്ടുനിന്നില്ല. ജുവാന്റെ അപ്രതീക്ഷിത മരണം ഇഗ്നേഷ്യസിനെ ഒറ്റപ്പെടുത്തി. അവിടെ നിന്നും ഇഗ്നേഷ്യസ് പാംപ്ലോണിയിലേക്ക് പോവുകയും അവിടെ 5 വർഷം വൈസ്രോയിയുടെ സേനയിൽ ജോലി ചെയ്യുകയും ചെയ്തു. ഫ്രഞ്ച് സൈന്യവുമായി നടന്ന ഏറ്റുമുട്ടലിൽ വലതു കാലിന് വെടി ഏൽക്കുകയും ചെയ്തു. ഫ്രഞ്ച് സൈന്യമാണ് അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ച് ചികിത്സിച്ചത്. ദൈവിക ഇടപെടലും വി. പത്രോസിന്റെ മാധ്യസ്ഥവും വഴി ജീവിതത്തിലേക്ക് തിരികെ വന്ന ഇഗ്നേഷ്യസ് തുടർന്നുള്ള ജീവിതം ക്രിസ്തുവിന്റെ പോരാളിയായി ജീവിക്കാൻ തീരുമാനിച്ചു. ആശുപത്രിയിലെ വിരസത അകറ്റാൻ 'ദ ഗോൾഡൻ ലെജന്റ്' വായിക്കാനിടയായി. തുടർന്ന് ക്രിസ്തുവിന്റെ പോരാളിയാകുന്നതിനെപ്പറ്റി സ്വപ്നം കാണാൻ തുടങ്ങി. തനിക്കും ഇതേ ജീവിതപാത തുടരണമെന്നും അതോടൊപ്പം പുണ്യസ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കണം എന്നും തീരുമാനിച്ചു. അന്ന് രാത്രി ദർശനത്തിൽ മാതാവും യേശുവും വന്നത് ഒരു പുതിയ ഇഗ്നേഷ്യസിന് ജന്മം നൽകുവാനായിരുന്നു.

ജറുസലേമിലേക്കുള്ള യാത്രയിൽ മോൺസെറാറ്റിൽ ബനഡിക്ടൈൻ ആശ്രമത്തിൽ എത്തിയ അദ്ദേഹം കണ്ണുനീരോടെ പാപങ്ങൾ ഏറ്റുപറഞ്ഞു. മാൻട്രസയിലേക്ക് തിരിച്ച അദ്ദേഹം പ്രാർത്ഥനയിലും ഉപവാസത്തിലും കഠിന തപശ്ചര്യയിലും ഒരു സന്യാസിയെ പോലെ കഴിഞ്ഞു. "ഇഗ്നേഷ്യസിന്റെ ആദ്ധ്യാത്മിക അനുഭവങ്ങൾ"

www.malankaralibrary.com


(Spiritual Experience) എന്ന ഗ്രന്ഥം ഈ മാനസാന്തര യാത്രയുടെ ആഖ്യാനമാണ്. ഇവിടെ 10 മാസം അദ്ദേഹം താമസിച്ചു. അത് ഒരു പടയാളിയെ യോഗിയാക്കി മാറ്റുകയായിരുന്നു. ജറുസലേമിൽ നിന്ന് മടങ്ങിയെത്തിയ അദ്ദേഹം ഭാഷയും കലയും തത്വശാസ്ത്രവും സ്വായത്തമാക്കി. അതിനായി അൽക്കാലയിൽ എത്തി, അവിടെവച്ച് ലഭിച്ച സുഹൃത്തുക്കളായ നവാരയും, സിയഗോദെ യൂജിയ്യായും പുതിയൊരു കാഴ്ചപ്പാടാണ് നൽകിയത്. അങ്ങനെ അവർ ഒന്നിച്ച് പ്രവർത്തനം ആരംഭിച്ചു. പക്ഷേ പലർക്കും ഇവർ നോട്ടപ്പുള്ളികളായി മാറി. അവരുടെ വസ്ത്രധാരണവും ജീവിതശൈലിയും വ്യത്യസ്തമായിരുന്നു. 'ചാക്കുടുക്കുന്നവർ' എന്നവരെ വിശേഷിപ്പിച്ചു. ഏറെ വൈകാതെ അവർ സഭാവിചാരണയ്ക്ക് വിധേയരായി. പക്ഷേ രേഖകൾ ഇവർക്ക് അനുകൂലമായിരുന്നു. ഇവരുടെ കൂട്ടായ പ്രവർത്തനം അനേകരെ ആകർഷിച്ചു. കുട്ടികൾ മുതൽ വൃദ്ധർവരെ ഇവരുടെ ജീവിതത്തിൽ ആകൃഷ്ടരായി. വി. കുർബാന, പാപത്തിൽ നിന്നുള്ള വിടുതൽ, മനസിന്റെ വിശുദ്ധി, ജീവിത വിശുദ്ധി ഇവ ലളിതമായ ഭാഷയിൽ ഇവർ വിശദീകരിച്ചു കൊടുത്തു. പക്ഷേ ധാരാളം പ്രതിസന്ധികൾ തരണം ചെയ്യേണ്ടി വന്നു. തുടർന്ന് ധാരാളം സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തി. 1588-ൽ ഈശോ സഭ സ്ഥാപിക്കപ്പെട്ടു. ഒരു വർഷത്തിനുള്ളിൽ അതിന്റെ പ്രവർത്തന പാരമ്പര്യത്താൽ സ്വയം പര്യാപ്തത നേടാൻ സാധിച്ചു. ആ കാലഘട്ടത്തിൽ കത്തോലിക്കാ സഭയ്ക്ക് ഒരു ജീവിത ദർശനവും പ്രവർത്തന ശൈലിയും പ്രദാനം ചെയ്യാൻ ഈശോ സഭയ്ക്ക് സാധിച്ചു. അവരുടെ ദാരിദ്ര്യവും ഉപവിയും പരസ്നേഹ പ്രവർത്തനവും ഇതിന് മാറ്റ് കൂട്ടി. ഇഗ്നേഷ്യസിന്റെ പ്രാർത്ഥനയിൽ നിന്നും ജീവിത രീതിയിൽ നിന്നും ഉയർന്നുവന്നതാണ് ഇശോസഭ. പ്രൊട്ടസ്റ്റന്റ് നവീകരണത്തിനെതിരെയും റോമിലെ ക്ഷാമകാലത്തും ഇവർ നൽകിയ സംഭാവന വളരെ വലുതായിരുന്നു. അതുപോലെ തന്നെ ഈശോ സഭയുടെ മറ്റൊരു സംഭാവനയാണ് വി. ഫ്രാൻസിസ് സേവ്യർ. ജൂലൈ 31, 1556-ന് ഉദരസംബന്ധമായ രോഗത്തിന് കീഴടങ്ങി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 1622-ലാണ് ഇഗ്നേഷ്യസിനെ വിശുദ്ധനായി പ്രഖ്യാപിച്ചത്.

*വിചിന്തനം: "ലോകത്തെ പരിഷ്കരിക്കാൻ പോകുന്നവൻ സ്വയം ആരംഭിക്കണം, അല്ലെങ്കിൽ അയാൾക്ക് അധ്വാനം നഷ്ടപ്പെടും" (വി. ഇഗ്നേഷ്യസ് ലയോള).*

www.malankaralibrary.com

# ആഗസ്റ്റ്
# (ഓബ്)

## ആഗസ്റ്റ് 1 അൽഫോൺസ് ലിഗോരി (1698 – 1787)

നേപ്പിൾസിലെ പടനായകനായ ഡോൺ ജോസഫ് ലിഗോരിയുടെ മൂത്തമകനായ അൽഫോൺസാണ് റിഡംപ്റ്ററിസ്റ്റ് സഭയുടെ സ്ഥാപകൻ. അൽഫോൺസ് 1696-ൽ സെപ്റ്റംബർ 27-ന് ജനിച്ചു. 16-മത്തെ വയസിൽ അദ്ദേഹം പൗരാവകാശത്തിലും നിയമാവലിയിലും ഡോക്ടറേറ്റ് നേടുകയും വളരെ പ്രഗത്ഭനായ ഒരു വക്കീലായി മാറുകയും ചെയ്തു. ഏറ്റെടുത്ത കേസുകളിൽ എല്ലാം വിജയിച്ച അദ്ദേഹം ഒരു പ്രധാനപ്പെട്ട ഭൂമിതർക്ക കേസിൽ പരാജയപ്പെട്ടു. ഇതിനെ ദൈവഹിതമായിട്ടാണ് അദ്ദേഹം കണ്ടത്. അങ്ങനെ ആ ജോലി ഉപേക്ഷിച്ചു. കൂടാതെ വിവാഹവും വേണ്ട എന്ന തീരുമാനമെടുത്തു. തന്റെ വാൾ അൾത്താരയിൽ സമർപ്പിച്ച് അദ്ദേഹം ഒരു പുരോഹിതനാകാൻ തീരുമാനിച്ചു. 30-ാമത്തെ വയസിൽ പട്ടം സ്വീകരിച്ചു. 2 വർഷത്തോളം നേപ്പിൾസിൽ മിഷൻ പ്രവർത്തനം നടത്തി. ചെറിയ കള്ളന്മാരെയും ജോലിയില്ലാത്തവരെയും അദ്ദേഹം ഒന്നിച്ചുകൂട്ടുകയും അവരുടെ ശാരീരികവും ആത്മീയവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനും സ്വഭാവ നവീകരണത്തിനും വിശ്വാസ ജീവിതത്തിന്റെ പ്രാധാന്യം വ്യക്തമാക്കി കൊടുക്കുകയും ചെയ്തു. താമസിയാതെ ഒരു കോളേജിലെ ചാപ്ലൈനായി അദ്ദേഹം നിയമിതനായി. ചൈനയിലേക്ക് മിഷനറി പ്രവർത്തനത്തിനായി പരിശീലിപ്പിക്കുകയായിരുന്നു ദൗത്യം.

നേപ്പിൾസിൽ വചനപ്രഘോഷണത്തിന്റെ ഭാഗമായി ഒരു കൂട്ടം യുവജനങ്ങളെ ഒന്നിച്ചുകൂട്ടി ‘Association of Chapels’ എന്ന സംഘടനയ്ക്ക് രൂപം നല്കി. അതിനെത്തുടർന്ന് 1732 നവംബർ 1-ന് ദിവ്യരക്ഷകസഭ സ്ഥാപിച്ചു. 1744-ൽ ചാൾസ് രാജാവ് അൽഫോൺസിനെ പലേർമായിലെ ആർച്ചുബിഷപ്പായി നിയമിച്ചു. ആ തീരുമാനം അൽഫോൺസ് നിഷേധിച്ചു. എന്നാൽ 1762 ജൂൺ 20-ന് അഗാത്ത

www.malankaralibrary.com


രൂപതയുടെ ഇടയനായി അദ്ദേഹം നിയമിതനായി. ഭൂരിഭാഗം ദരിദ്ര രായിരുന്ന ആ രൂപതയിലെ ജനങ്ങൾക്കുവേണ്ടി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. ക്ഷാമകാലത്ത് അരമനയിലെയും കത്തീഡ്രലിലെയും വസ്തുവകകൾ വിറ്റിട്ട് ജനങ്ങൾക്ക് അദ്ദേഹം ഭക്ഷണം നൽകി. നിര ന്തരമായ അധ്വാനവും തപശ്ചര്യകളും അൽഫോൺസിന്റെ ആരോ ഗ്യത്തെ ക്ഷയിപ്പിച്ചു. 1775 ജൂലൈ 27-ാം തീയതി ഔദ്യോഗിക ചുമ തലകൾ ഉപേക്ഷിച്ച് നല്ല മരണത്തിന് ഒരുങ്ങാനായി ഒരു കൊച്ചു മുറിയിലേക്ക് താമസം മാറ്റി. 1787 ഓഗസ്റ്റ് 1-ാം തീയതി അദ്ദേഹത്തിന്റെ ആത്മാവ് മാലാഖമാരുടെ അകമ്പടിയോടുകൂടെ സ്വർഗത്തിലേക്ക് പറ ന്നുയർന്നു. 1816-ൽ വാഴ്ത്തപ്പെട്ടവനായും 1839 മെയ് 6-ന് വിശുദ്ധ നായും 1871-ൽ വേദപാരംഗതനായും ഉയർത്തപ്പെട്ടു. കുമ്പസാരക്കാ രുടെയും ധാർമ്മിക ദൈവശാസ്ത്രജ്ഞരുടെയും മദ്ധ്യസ്ഥനാണ് വി. അൽഫോൺസ്. 19-ാം നൂറ്റാണ്ടിൽ ഏറെ പ്രസിദ്ധിയാർജ്ജിച്ച വി. അൽഫോൺസിന്റെ ഒരു ഗ്രന്ഥമായിരുന്നു മറിയത്തെക്കുറിച്ചുള്ള 'The Glories of Mary'. 26 വർഷം അദ്ദേഹം രാജ്യത്തെ പാവപ്പെട്ട ജനവിഭാ ഗങ്ങൾക്കിടയിൽ സേവനം ചെയ്തു. ഈ കാലഘട്ടത്തിൽ ധാർമ്മിക ദൈവശാസ്ത്രത്തെപ്പറ്റി പഠനം നടത്തുകയും 1748-ൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ അതിന്റെ 7 എഡിഷനുകൾ പ്രസിദ്ധീകരിക്കപ്പെട്ടത് ബുക്കിന്റെ പ്രശ സ്തിയുടെ അടയാളമാണ്.

*വിചിന്തനം:- "ഭൂതകാലം നിങ്ങളുടേതല്ല. ഭാവി നിങ്ങളുടെ ശക്തിയിൽ ഇല്ല. നന്മ ചെയ്യാനുള്ള വർത്തമാനം മാത്രമേ നിങ്ങൾക്കുള്ളൂ" (വി. അൽഫോൺസ് ലിഗോരി).*

## ആഗസ്റ്റ് 4 — വി. ജോൺ മരിയാ വിയാനി

1786-ൽ ഫ്രാൻസിലെ ഡാർഡില്ലിയിലാണ് വിശുദ്ധ ജോൺ വിയാന്നി ജനിച്ചത്. ഫ്രഞ്ച് വിപ്ലവത്തിന്റെ കാലത്ത് മതപരമായ വിദ്യാലയങ്ങളും, ദേവാലയങ്ങളും അടയ്ക്കപ്പെട്ടിരുന്ന ഒരു കാലമാ യിരുന്നു അത്. കൂടാതെ അക്കാലത്ത് പുരോഹിതൻമാർക്ക് അഭയം നല്കുന്നവരെ തടവിലാക്കുകയും ചെയ്തിരുന്നു. എന്നാൽ ഫ്രാൻസിലെ ഡാർഡില്ലിയിലെ വിയാനികളുടെ തോട്ടത്തിൽ അവർ പുരോഹിതർക്ക് അഭയം നല്കിയിരുന്നു. വിശുദ്ധനെ പ്രഥമ ദിവ്യകാരുണ്യത്തിനായി തയ്യാറാക്കിയത് അതിൽ ഉൾപ്പെട്ട ഒരു

www.malankaralibrary.com


പുരോഹിതനായിരുന്നു. ഒരിക്കൽ തന്റെ പിതാവിന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കെ ജോൺ കളിമണ്ണുകൊണ്ട് മാതാവിന്റെ ഒരു പ്രതിമയുണ്ടാക്കി. അത് ഒരു പഴക്കമുള്ള വൃക്ഷത്തിന്റെ പൊത്തിൽ ഒളിച്ചു വെച്ചുകൊണ്ടവൻ ഇപ്രകാരം അപേക്ഷിച്ചു: “പ്രിയപ്പെട്ട മറിയമേ, ഞാൻ നിന്നെ ഒത്തിരി സ്നേഹിക്കുന്നു; അങ്ങ് യേശുവിനെ അവന്റെ ആലയത്തിലേക്ക് പെട്ടെന്ന് തന്നെ കൊണ്ട് വരണമേ!”.

എക്കുല്ലിയിലുള്ള തന്റെ അമ്മായിയെ സന്ദർശിച്ച വേളയിൽ, തന്റെ അമ്മായി അവിടുത്തെ ഇടവക വികാരിയെ പ്രശംസിക്കുന്നത് ജോൺ കേട്ടു. ഒരു പുരോഹിതനാകുവാനുള്ള തന്റെ ദൈവപദ്ധതിയെപ്പറ്റി ആ പുരോഹിതന്റെ ഉപദേശമാരായണമെന്ന് ജോൺ നിശ്ചയിച്ചു. സംസാരത്തിലും, വിദ്യാഭ്യാസത്തിലും കുറവുകളുമുണ്ടായിരുന്ന ആ യുവാവിനെ ആ പുരോഹിതൻ ശരിയായി തന്നെ വിലയിരുത്തി. പക്ഷേ ആ പുരോഹിതൻ ചോദിച്ച ശാസ്ത്രപരമായ ചോദ്യങ്ങൾക്കൊന്നും ഉത്തരം നല്കുവാൻ ജോണിന് സാധിച്ചില്ല.

ആത്മീയപരമായ, മതപരമായ എല്ലാ ചോദ്യങ്ങൾക്കും തന്റെ പ്രായത്തിലും കവിഞ്ഞ രീതിയിൽ അവൻ ശരിയായ ഉത്തരങ്ങൾ നല്കി. സന്തോഷവാനായ ആ പുരോഹിതൻ ഇത് സ്വർഗത്തിൽ നിന്നുള്ള ഒരു അടയാളമായി കണക്കിലെടുത്തു. “നീ ഒരു പുരോഹിതനായി തീരും!” എന്ന് പ്രവചിക്കുകയും ചെയ്തു. കഴിവുകളുടെയും, വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ അപര്യാപ്തതകൾ ഉണ്ടായിരുന്നുവെങ്കിലും 1815-ൽ ജോണിന് പൗരോഹിത്യ പട്ടം ലഭിച്ചു. മൂന്ന് വർഷത്തോളം എക്കുല്ലിയിൽ ചിലവഴിച്ചതിന് ശേഷം വിശുദ്ധൻ ആർസിലെ ഇടവക വികാരിയായി നിയമിതനായി.

തന്റെ ജീവിതത്തിലെ നാല്പത്തി രണ്ട് വർഷങ്ങളോളം പ്രാർത്ഥനയും സഹനങ്ങളും പ്രേഷിതപ്രവർത്തനങ്ങളുമായി വിശുദ്ധൻ ഇവിടെയാണ് ചിലവഴിച്ചത്. നിരവധി ആത്മാക്കളെ നേർവഴിക്ക് നയിക്കുന്നതിൽ വിജയം കൈവരിച്ചതിനാൽ ക്രിസ്തീയ ലോകത്തിൽ പൂർണ്ണമായും വിശുദ്ധൻ പ്രസിദ്ധിയാർജിച്ചിരുന്നു. ഒരു നല്ല അജപാലകനായിരുന്ന ജോൺ വിയാനിയുടെ മതപ്രബോധനങ്ങൾ കേൾക്കുവാൻ നിരവധി പേർ തടിച്ചുകൂടുമായിരുന്നു. തികഞ്ഞ തപോനിഷ്ഠയോടു കൂടിയ ജീവിതമാണ് വിശുദ്ധ ജോൺ വിയാന്നി നയിച്ചത്. ജീവിതത്തിലെ എല്ലാ തുറയിൽ നിന്നുമുള്ള ആളുകൾ വിശുദ്ധന്റെ ഉപദേശത്തിനായി അദ്ദേഹത്തെ സമീപിച്ചു.

www.malankaralibrary.com


പാപികൾക്കും ദരിദ്രർക്കും ഒരുപോലെ വിശ്രമമില്ലാതെ സേവനം ചെയ്തുകൊണ്ട് ആർസിൽ വച്ച് വിശുദ്ധൻ മരണപ്പെടുന്നത്. 1859 ആഗസ്റ്റ് നാലാം തീയതി 73-ാം വയസ്സിൽ അദ്ദേഹം ഇഹ ലോകവാസം വെടിഞ്ഞു. വിശുദ്ധ പീയൂസ് പത്താമൻ പാപ്പയാണ് ജോൺ വിയാനിയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നത്. പിയൂസ് പതിനൊന്നാമൻ പാപ്പായാണ് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചത്. പുരോഹിതരുടെ മദ്ധ്യസ്ഥനായി അദ്ദേഹത്തെ സഭ വണങ്ങുന്നു.

*വിചിന്തനം: "നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ വാഴ്ത്തപ്പെട്ട കന്യകയെ വിളിച്ചപേക്ഷിച്ചാൽ അവൾ ഉടൻ തന്നെ നിങ്ങളുടെ സഹായത്തിനായി വരും. സാത്താൻ നിങ്ങളെ ഉപേക്ഷിക്കും" (വി. മരിയ വിയാനി).*

## ആഗസ്റ്റ് 8 — വി. ഡൊമിനിക്

1175-ൽ സ്പെയിനിലെ ക്ലസ്റ്റിയിൽ എന്ന പട്ടണത്തിൽ ജനിച്ചു. അദ്ദേഹം പലേഷ്യ എന്ന സർവകലാശാലയിൽ നിന്നും ദൈവ ശാസ്ത്രത്തിൽ ആഴമായ അറിവ് നേടി. ചെറുപ്പം മുതലേ വി. ഡൊമിനിക്കിനെ വിശ്വാസത്തിൽ വളർത്തി. തന്റെ പഠനകാലത്ത് തന്റെ നാട്ടിൽ കൊടിയ ദാരിദ്ര്യം ഉണ്ടായപ്പോൾ തന്റെ പുസ്തകം വിറ്റ് പാവങ്ങളെ സഹായിച്ചു. 1201-ൽ അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്തു. അൽബിജസിയൻ പാഷണ്ഡതയ്ക്കെതിരെ അദ്ദേഹം ശക്തമായി പ്രവർത്തിച്ചു. അവരുടെ മാനസാന്തരത്തിനായി നിരന്തരം അധ്വാനിച്ചു. പെൺകുട്ടികളെ ദൈവശാസ്ത്രം പഠിപ്പിക്കാനും സത്യവിശ്വാസത്തിൽ ഉറപ്പിക്കാനും ഫ്രയേഴ്സ് പ്രീച്ചേഴ്സ് എന്ന പേരിൽ ഒരു സഭ സ്ഥാപിച്ചു. കുടുംബജീവിതം നയിക്കുന്ന പുരുഷൻമാർക്കും സ്ത്രീകൾക്കും ഒരു മൂന്നാം സഭ സ്ഥാപിച്ചു. 1216-ൽ അദ്ദേഹം ഡൊമിനിക്കൻ സഭ സ്ഥാപിച്ചു. ഫ്രാൻസിസ്കൻ സഭകൾക്കൊപ്പം മധ്യകാലഘട്ടത്തിൽ സഭയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ സഭയാണ് ഡൊമിനിക്കൻ സഭ. ഇവരുടെ സന്യാസജീവിതത്തിലൂടെയും തപശ്ചര്യയിലൂടെയും ദൈവവചന പ്രഘോഷണത്തിലൂടെയും അനേകരെ ക്രിസ്തുവിലേക്ക് അടുപ്പിച്ചു. 1214-ൽ പരി. അമ്മ ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ജപമാല നൽകി. ജപമാല ഭക്തി ലോകമെങ്ങും പ്രചരിപ്പിക്കാൻ മാതാവ് ഡൊനിമിക്കിനോട് ആവശ്യപ്പെട്ടു. ഈ വിശുദ്ധനിലൂടെ ജപമാലഭക്തി ലോകമെങ്ങും പ്രചരിപ്പിക്കപ്പെട്ടു. അനേകരെ മാനസാന്തരപ്പെടുത്തി. രക്തസാക്ഷിത്വ പട്ടികയിലെ വിവരണമനുസരിച്ച് തന്റെ വിശുദ്ധി ഒട്ടും

www.malankaralibrary.com



തന്നെ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുകയും മരിച്ചുപോയ 3 പേരെ ജീവിതത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു. 1221 ആഗസ്റ്റ് 6-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

*വിചിന്തനം: "ജപമാല തിന്മക്കെതിരെയുള്ള കോട്ടയാണ്. നിങ്ങൾ പരി. അമ്മയുടെ സ്വന്തമാണ് എന്ന് സാത്താന് നൽകുന്ന അടയാളമാണ്" (വി. ഡൊമിനിക്).*

## ആഗസ്റ്റ് 9 — മാർ മത്തിയാസ് ശ്ലീഹാ

യൂദാസ് സ്കറിയാത്തോയ്ക്ക് പകരമായി അപ്പസ്തോലഗണത്തിലേയ്ക്ക് ചേർക്കപ്പെട്ട വ്യക്തിയാണ് മത്തിയാസ് ശ്ലീഹാ. പെന്തിക്കോസ്തി ദിനത്തിനു മുമ്പ് അപ്പസ്തോലന്മാർ ഒന്നിച്ച് പ്രാർത്ഥനയിൽ മുഴുകിയിരുന്ന സമയത്ത് പത്രോസ് എഴുന്നേറ്റ് നിന്ന് യൂദാസിന്റെ മരണത്തെപ്പറ്റി പറയുകയും അവന്റെ സ്ഥാനത്ത് മറ്റൊരാളെ അപ്പസ്തോല സ്ഥാനത്തേയ്ക്ക് ചേർക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിക്കുകയും ചെയ്തു (അപ്പ. പ്രവ. 1:12-26). അപ്പസ്തോലന്മാർ ജോസഫ്, മത്തിയാസ് എന്നിവരുടെ പേരുകൾ നിർദ്ദേശിച്ചു. പ്രാർത്ഥനയ്ക്ക് ശേഷം കുറിയിട്ടു. മത്തിയാസിന് കുറിവീണു. അവൻ അപ്പസ്തോലന്മാരുടെ കൂടെ എണ്ണപ്പെടുകയും ചെയ്തു (അപ്പ. പ്രവ. 1:23-26).

റൂബൻ ഗോത്രത്തിൽപെട്ടവനായിരുന്നു മത്തിയാസ്. 72 അറിയിപ്പുകാരിൽ ഒരാളായിരുന്നു അദ്ദേഹം. പരിശുദ്ധാത്മാവിന്റെ ആവാസത്തിനുശേഷം പാലസ്തീനായിലും കപ്പദോച്ചിയായിലും അബ്സീനിയായിലും സുവിശേഷം പ്രസംഗിച്ചു. ജറുസലേമിൽ വച്ച് യഹൂദന്മാർ അദ്ദേഹത്തെ കല്ലെറിഞ്ഞുകൊന്നു.

*വിചിന്തനം:- "അതിനാൽ, കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് ഒരാൾ തങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽ നിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ യേശു നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം" (അപ്പ. പ്രവ. 1:21-22).*

## ആഗസ്റ്റ് 10 — വി. ലോറൻസ്

പുരാതന റോമൻ സഭയിൽ ഏറ്റവും അധികം ആദരിക്കപ്പെട്ടിരുന്ന ധീരരക്തസാക്ഷിയായ ഒരുവനാണ് വി. ലോറൻസ്.

www.malankaralibrary.com


ലത്തീൻ സഭയിൽ വി. പത്രോസിന്റെയും പൗലോസിന്റെയും തിരുന്നാളുകൾക്ക് ശേഷം ഉന്നതശ്രേണിയിൽ വരുന്നത് വി. ലോറൻസിന്റെ തിരുന്നാൾ ആണ്. സിക്സ്റ്റസ് രണ്ടാമന്റെ ശിഷ്യനായിരുന്നു വി. ലോറൻസ്. ഭരണപരമായ കഴിവുകളെക്കാൾ വി. ലോറൻസിന്റെ നിഷ്കളങ്കതയാണ് മാർപാപ്പയ്ക്ക് ഇഷ്ടമായത്. ദൈവാലയ വസ്തുക്കളുടെ മേൽനോട്ടവും ദരിദ്രനെ സഹായിക്കാനുള്ള ഉത്തരവാദിത്വവും മാർപാപ്പ ലോറൻസിനെ ഏൽപിച്ചിരുന്നു. 253-260 കാലയളവിൽ വലേരിയൻ ചക്രവർത്തിയുടെ കാലഘട്ടത്തിൽ സിക്സ്റ്റസ് രണ്ടാമൻ മാർപാപ്പ തടവിലാക്കപ്പെട്ടു. തന്റെ ആത്മീയ പിതാവിനോടൊപ്പം രക്തസാക്ഷിത്വം വരിക്കാനുള്ള ആഗ്രഹത്താൽ, ലോറൻസ് മാർപാപ്പയോട് പറഞ്ഞു: "പിതാവേ അങ്ങയുടെ മകനെ കൂടാതെ എവിടേക്ക് പോകുന്നു. അങ്ങയുടെ ഡീക്കനെ കൂടാതെ അങ്ങ് എവിടേക്കാണ് ധൃതിയിൽ പോകുന്നത്. ഈ വാക്കുകൾ കേട്ട പാപ്പ ലോറൻസിനോട് പറഞ്ഞു: "ഇതിലും വലിയ യാതന നിന്നെ കാത്തിരിക്കുന്നു. 3 ദിവസത്തിനുശേഷം നീയും എന്നെ അനുഗമിക്കും". അവശേഷിക്കുന്ന എല്ലാ ദൈവാലയ സ്വത്തുക്കളും പാവങ്ങൾക്ക് വീതിച്ച് കൊടുക്കാൻ പാപ്പ നിർദ്ദേശിച്ചു. സിക്സ്റ്റസ് പാപ്പയുടെ സഹായിയാണ് ലോറൻസ് എന്ന് മനസ്സിലാക്കിയ അധികാരികൾ അദ്ദേഹത്തിനെ ബന്ധന സ്ഥനാക്കി ഹിപ്പോളിറ്റസിന്റെ നിരീക്ഷണത്തിലാക്കി. തടവറയിൽ വച്ച് അനേകം രോഗികളെ സുഖപ്പെടുത്തുകയും പ്രത്യാശയിൽ കഴിയു കയും ചെയ്യുന്ന ലോറൻസിന്റെ ജീവിതം ഹിപ്പോളിറ്റസിനെ ആകർഷിക്കുകയും അദ്ദേഹം കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് രക്തസാക്ഷി ആവുകയും ചെയ്തു. കാരാഗൃഹത്തിൽ ലോറൻസ് കഠിനമായ പീഡനങ്ങൾക്ക് വിധേയനായി. തുടർന്ന് വിശുദ്ധനെ ചുട്ടുപഴുത്ത ഇരുമ്പുപലകയിൽ കിടത്തി. പകുതി ശരീരം വെന്ത വിശുദ്ധൻ പീഠകരോട് ഇപ്രകാരം പറഞ്ഞു: എന്റെ ശരീരത്തിന്റെ ഒരു വശം വെന്തു, എന്നെ മറിച്ചിടുക. അവർ അപ്രകാരം ചെയ്തു. ഇപ്രകാരം രക്തസാക്ഷിത്വം വരിച്ച ലോറൻസിന്റെ ശരീരം തിബൂത്തിനിയിൽ അടക്കം ചെയ്തു. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് വിശുദ്ധനെ അടക്കം ചെയ്തടുത്ത് ഒരു ദൈവാലയം പണിതു.

*വിചിന്തനം:- "ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ" (1 പത്രോ. 4:10).*

www.malankaralibrary.com



## ആഗസ്റ്റ് 11 വി. ക്ലാര

അസ്സീസിയിലെ പ്രസിദ്ധമായ ഒഫ്രേദൂച്ചിയോ കുടുംബത്തിൽ ഫവറീനയുടെയും ഓർത്തലാനോയുടെയും രണ്ടാമത്തെ മകളാണ് വി. ക്ലാര. 1194 ജൂലൈ 16-നാണ് അവൾ ജനിച്ചത്. ക്ലാര എന്ന വാക്കിന്റെ അർത്ഥം 'പ്രകാശമുള്ളവൾ' എന്നാണ്. അവൾക്ക് ഒരു സഹോദരനും 2 സഹോദരിമാരും ഉണ്ട്. അവളെ വിശുദ്ധിയിലും വിശ്വാസത്തിലും വളർത്തുന്നതിന് അവളുടെ അമ്മ ശ്രദ്ധിച്ചിരുന്നു. ക്ലാരയുടെ ആത്മസുഹൃത്തായിരുന്നു അസീസ്സിയിലെ വി. ഫ്രാൻസിസ്. ജീവിത സുഖഭോഗങ്ങൾ ഉപേക്ഷിച്ച് ആത്മീയവഴിക്ക് തിരിഞ്ഞ ഫ്രാൻസിസിന്റെ ജീവിതം വി. ക്ലാരയെ വല്ലാതെ സ്വാധീനിച്ചു. ക്ലാര അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു. തന്റെ ജീവിതത്തെക്കുറിച്ച് ക്ലാര ഫ്രാൻസിസുമായി പങ്കുവച്ചു. ജീവിതത്തിന്റെ സുഖം ഉപേക്ഷിച്ച് ക്രിസ്തുവിനെ പിൻചെല്ലാനുള്ള ക്ലാരയുടെ ആഗ്രഹം ഫ്രാൻസിസിനെ അറിയിച്ചു. അങ്ങനെ ഫ്രാൻസിസിന്റെ അനുവാദത്തോടെ ദരിദ്ര വസ്ത്രം സ്വീകരിച്ച് ഫ്രാൻസിസിന്റെ ശിഷ്യയായി. അവളുടെ സഹോദരൻ അവളെ വീട്ടിലേക്ക് തിരികെ കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും നടന്നില്ല. അധികം താമസിയാതെ ഫ്രാൻസിസിന്റെ പ്രത്യേക ആത്മീയ ശിക്ഷണത്തിലും നേതൃത്വത്തിലും 'സാധു കന്യകളുടെ സഭ" എന്ന പേരിൽ ഒരു സന്യാസസമൂഹം സാൻഡാമിയാ നോയിൽ സ്ഥാപിച്ചു. വളരെ ക്ലേശകരമായ താപസജീവിതമാണ് ഈ സന്യാസിനികൾ നയിച്ചിരുന്നത്. വി. ഫ്രാൻസിസിന്റെ ദരിദ്ര അരൂപി അവർ അവരുടെ ജീവിതത്തിൽ പകർത്തി. ദരിദ്രരിൽ ദരിദ്രനായി തീർന്ന ക്രിസ്തുവിനെ അവർ എല്ലാ അർത്ഥത്തിലും അനുകരിച്ചു. ചാക്കുനാരുകൾ കൊണ്ട് തുന്നിയെടുത്ത പരുക്കൻ വസ്ത്രങ്ങളാണ് അവർ ധരിച്ചിരുന്നത്. അരയിൽ കെട്ടാൻ ചണനൂലാണ് ഉപയോഗി ച്ചിരുന്നത്. ഇത് ഫ്രാൻസിസ്കൻ രണ്ടാം സഭ എന്നറിയപ്പെടുന്നു. "സിസ്റ്റേഴ്സ്" എന്ന് വിളിക്കപ്പെടുന്നതിനേക്കാൾ "ദരിദ്ര വനിതകൾ" എന്ന് വിളിക്കപ്പെടാനാണ് അവർ ആഗ്രഹിച്ചത്. വി. ക്ലാരയുടെ പ്രാർത്ഥനാജീവിതവും തപശ്ചര്യകളും സഹസന്യാസിനികൾക്ക് എന്നും മാതൃകയായിരുന്നു. ക്ലാരയുടെ പ്രാർത്ഥനകൊണ്ട് അനേകം രോഗികൾ സൗഖ്യമാക്കപ്പെട്ടു. 1226 ഒക്ടോബർ 4-ന് ഫ്രാൻസിസ് അസീസ്സി ഇഹലോകവാസം വെടിഞ്ഞു. തന്റെ ഗുരുവും ആത്മസുഹൃത്തുമായ ഫ്രാൻസിസിന്റെ വേർപാട് ക്ലാരയെ

www.malankaralibrary.com


ദുഃഖത്തിലാഴ്ത്തി. 1250 നവംബറിൽ ക്ലാരയുടെ ആരോഗ്യസ്ഥിതി വഷളായി. തന്റെ സഭയുടെ നിയമാവലി അംഗീകരിച്ച് കിട്ടുക എന്നത് അവളുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. അവൾ ഇതിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു: “നമ്മുടെ സഭയുടെ നിയമാവലി അംഗീകരിച്ച് കിട്ടിയിരുന്നെങ്കിൽ അത് ഭക്തിപൂർവ്വം ചുംബിച്ച് എനിക്ക് മരിക്കാമായിരുന്നു”. 1253 ആഗസ്റ്റ് 9-ന് നിയമാവലിക്ക് അംഗീകാരം കിട്ടി. അവൾ അതിനെ മാറോട് ചേർത്ത് ഇപ്രകാരം പറഞ്ഞു: “കർത്താവേ അങ്ങയുടെ ദാസിയെ സമാധാനത്തിൽ വിട്ടയച്ചാലും”. 1253 ആഗസ്റ്റ് 11-ന് തന്റെ സ്വർഗീയ സമ്മാനത്തിനായി തന്റെ നിത്യ മണവാളന്റെ അടുത്തേക്ക് അവൾ യാത്രയായി. 1255 സെപ്റ്റംബർ 26-ന് അലക്സാണ്ടർ നാലാമൻ മാർപാപ്പ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു.

*വിചിന്തനം: ”ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനംചെയ്യും എന്നു ജീവനെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?” (മത്താ. 6:25).*

## ആഗസ്റ്റ് 11 — മിക്കാ നിബിയ

ബി.സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മിക്കാ ബി.സി. 750-നു അടുത്തു ജനിച്ചുവെന്നു കരുതപ്പെടുന്നു. യൂദയായിലാണ് മിക്കാ തന്റെ ദൗത്യം നിർവ്വഹിച്ചിരുന്നത്. കർഷക സമൂഹത്തിൽ നിന്നു വന്ന മിക്കാ സാമൂഹിക നീതിക്കുവേണ്ടിയും ശബ്ദം ഉയർത്തിയ വ്യക്തിയാണ്. യൂദയായുടെ പാപങ്ങളും ജനനേതാക്കന്മാരുടെ ഉത്തരവാദിത്വരഹിതമായ പ്രവൃത്തികളും എടുത്തുകാട്ടി അവയ്ക്കുള്ള ശിക്ഷ ആസന്നമെന്ന് മിക്കാ മുന്നറിയിപ്പ് നൽകുന്നു (1:1-3, 1). യൂദായുടെ ശത്രുക്കൾ നശിപ്പിക്കപ്പെടുകയും സീയോൻ മഹത്ത്വപൂർണമാവുകയും ചെയ്യും എന്ന വാഗ്ദാനമാണ് തുടർന്നു കാണുന്നത്. ദാവീദ് വംശജനായ ഒരു രാജാവ് ബെത്ലഹേമിൽ ഉദയം ചെയ്യും. അവൻ സമസ്ത ഇസ്രായേലിനെ ഭരിക്കും (4, 1-5, 15). യൂദായ്ക്കെതിരേയുള്ള ആരോപണങ്ങളും വിധിപ്രസ്താവനകളുമാണ് അവസാനഭാഗത്തുള്ളത് (6, 1-7, 20). പാവങ്ങളെ ചൂഷണം ചെയ്യുന്ന ധനികരും കൊള്ളലാഭം എടുക്കുന്ന കച്ചവടക്കാരും അനീതിക്ക് കൂട്ടുനിൽക്കുന്ന ന്യായാധിപന്മാരും പങ്കിലരായ പുരോഹിതന്മാരും പ്രവാചകൻമാരുംമെല്ലാം മിക്കായുടെ വിമർശനങ്ങൾക്ക് ഇരയാകുന്നുണ്ട്.

www.malankaralibrary.com



മൊരേഷെത്തിൽ നിന്നുള്ള പ്രവാചകനായി ബൈബിൾ അവതരിപ്പിക്കുന്ന (1:1-14) മിക്കായുടെ പേരിന്റെ അർത്ഥം "യഹോവയെപ്പോലെ ആരുണ്ട്" എന്നാണ്. ജനത്തിന്റെ പാപവും ശിക്ഷയുമായിരുന്നു മിക്കാ പ്രവചനങ്ങളുടെ പ്രതിപാദ്യം. ദരിദ്ര കർഷകരെ അടിമകളാക്കുന്ന സമ്പന്നർക്കെതിരെ ശക്തമായ താക്കീത് നൽകുന്ന മിക്കാ നാശം പ്രവചിച്ച പ്രവാചകനായി കരുതുന്നു (2:1-13). തനിക്കു ബദലായി നിന്നിരുന്ന ശക്തരായ രാജാക്കന്മാരേയും പ്രഭുക്കന്മാരേയും പുരോഹിതരെയും ഭയപ്പെടാതെ തന്റെ ദൗത്യം നിറവേറ്റിയ മിക്കായുടെ വാക്കുകൾ യൂദാ രാജാവായ ഹെസെക്കിയായിൽ പോലും സ്വാധീനം ചെലുത്തി.

കലുഷിതമായ ഇസ്രായേൽ ചരിത്രത്തിന്റെ കാലഘട്ടത്തിലാണ് മിക്കാ തന്റെ ദൗത്യം ആരംഭിച്ചത്. സമരിയായുടെ പതനത്തിന് മുമ്പ് ഖിഷിൽ വച്ചാണ് പ്രവാചകൻ തന്റെ ദൗത്യം ആരംഭിക്കുന്നത്. ബാഹ്യമായ ഭീഷണിയും യൂദായിൽ ആന്തരികമായ അഴിമതിയും കൈക്കൂലിയും കനാന്യ ദൈവാരാധനയും നടക്കുമ്പോഴാണ് മിക്കാ തന്റെ പ്രവചനങ്ങളുമായി യൂദായിൽ രംഗ പ്രവേശനം ചെയ്തത്. 740 മുതൽ 687 ബി.സി. വരെയാണ് മിക്കായുടെ പ്രവചന കാലഘട്ടമായി ബൈബിൾ പണ്ഡിതർ പറയുന്നത്.

*വിചിന്തനം: "നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക. നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്" (മിക്കാ. 6:8).*

## ആഗസ്റ്റ് 12 — വി. സൂസന്ന

ഹിൽക്കിയായുടെ മകളായ സൂസന്നാ ബാബിലോണിൽ താമസിച്ചിരുന്ന യോവാക്കിമിന്റെ ഭാര്യയായിരുന്നു. വളരെ സമ്പന്നനായിരുന്ന യോവാക്കിമിന് വീടിനോട് ചേർന്ന് വളരെ വലിയ ഉദ്യാനമുണ്ടായിരുന്നു. യോവാക്കിം ആ നാട്ടിലെ ബഹുമാന്യനായ വ്യക്തി ആയതുകൊണ്ട് രണ്ട് ന്യായാധിപന്മാർ യോവാക്കിമിന്റെ ഭവനത്തിൽ നിയമിക്കപ്പെട്ടു. എല്ലാ ദിവസവും ഉദ്യാനത്തിലൂടെ ഉലാത്താറുണ്ടായിരുന്ന സൂസന്നായെ കണ്ടപ്പോൾ ഈ ന്യായാധിപന്മാർക്ക് അവളിൽ ആഗ്രഹം തോന്നി. അവർ പരസ്പരം ഈ ആഗ്രഹം പറഞ്ഞില്ല.

ഒരിക്കൽ സൂസന്ന കുളിക്കാനായി വന്നപ്പോൾ അവർ അവളെ പാപം ചെയ്യാൻ പ്രേരിപ്പിച്ചു. സൂസന്ന കർത്താവിന്റെ സ്നേഹത്തെ

www.malankaralibrary.com


പ്രതി വഴങ്ങിയില്ല. അവൾ പറഞ്ഞു: "കർത്താവിന്റെ മുൻപിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്ക് വഴങ്ങാതെ നിങ്ങളുടെ പിടിയിൽ പെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്". ഇതിൽ ദേഷ്യം പൂണ്ട ന്യായാധിപന്മാർ സൂസന്നായെ കള്ളക്കേസിൽ കുടുക്കി ന്യായാസ്സന ത്തിനു മുമ്പിൽ കൊണ്ടുവന്നു. അവരുടെ കള്ളക്കഥകേട്ട് സൂസന്ന കരഞ്ഞ് കർത്താവിൽ ആശ്രയിച്ചു. ന്യായാധിപന്മാരുടെ കള്ളക്കഥ വിശ്വസിച്ച് അവളെ വധിക്കാൻ കൽപന പുറപ്പെട്ടു. ഇതിൽ മനംനൊന്ത് അവൾ കരഞ്ഞു. കർത്താവിൽ ആശ്രയിച്ച സൂസന്നയുടെ പ്രാർത്ഥന കേട്ട് ദാനിയേൽ ആത്മാവിൽ ശക്തിപ്പെട്ട് ഈ വിധിക്കെതിരെ തിരിഞ്ഞു. അവൻ ദൈവം കൊടുത്ത ജ്ഞാനം ഉപയോഗിച്ച് ന്യായാ ധിപന്മാരെ വിചാരണ ചെയ്തു. അവരുടെ പരസ്പര വിരുദ്ധമായ ന്യായം കേട്ട് സൂസന്ന നിഷ്കളങ്കയാണെന്ന് ജനത്തിന് ബോദ്ധ്യമായി. ഹിൽക്കിയായും ഭാര്യയും തങ്ങളുടെ മകളായ സൂസന്നയെ പ്രതി ദൈവത്തെ സ്തുതിച്ചു.

*വിചിന്തനം:- "കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്ക് വഴങ്ങാതെ നിങ്ങളുടെ പിടിയിൽപെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്" (ദാനി. 13:23).*

## ആഗസ്റ്റ് 13 — വി. ജോൺ ബർക്കുമൻസ്

1599 ഡീസ്റ്റ് എന്ന പട്ടണത്തിലാണ് വി. ജോൺ ജനിച്ചത്. വി. കുർബാനയിലും ജപമാല ഭക്തിയിലും ബാല്യകാലം മുതലേ താൽപര്യം ഉണ്ടായിരുന്ന ജോൺ ശാന്തശീലനായ ഒരു കുട്ടിയായിരു ന്നു. 13-ാം വയസ്സിൽ ലത്തീനിൽ അദ്ദേഹം കവിത എഴുതിയിരുന്നു. രോഗിയായ അമ്മയെ പരിചരിക്കാൻ ഒഴിവുസമയം ബർക്കുമാൻസ് ഉപയോഗിച്ചു.

1616-ൽ ഈശോ സഭയിൽ ചേർന്ന ജോണിന് അനേക പ്രതി സന്ധിയിൽ കൂടി കടന്നു പോകേണ്ടിവന്നു. മാതാവിന്റെ മരണം അവനെ തളർത്തിയെങ്കിലും തന്റെ പഠനത്തിൽ മുന്നോട്ട് പോയി. തത്ത്വശാസ്ത്രം പഠിച്ചത് റോമിലായിരുന്നു. വി. കുർബാനയ്ക്ക് വൈദി കനെ സഹായിക്കാൻ താൽപര്യം ഉണ്ടായിരുന്ന ജോൺ ഒന്നിൽ കൂടു തൽ കുർബാനയിൽ സഹായിക്കുമായിരുന്നു. കുർബാനയർപ്പണത്തിൽ ശുശ്രൂഷകനാകുന്നതിൽ അദ്ദേഹം സന്തോഷിച്ചിരുന്നു. മരണത്തിന് ഏതാനും മണിക്കൂറുകൾ മുൻപ് ജോൺ പറഞ്ഞു: പരി. അമ്മയോ ടുള്ള ഭക്തിയാണ് എന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനം.

www.malankaralibrary.com


1621 ആഗസ്റ്റ് 5-ന് ജോണിന് ഒരു പനി പിടിച്ചു. തുടർന്ന് കുറേ ദിവസങ്ങൾക്ക് ശേഷം ആഗസ്റ്റ് 13-ാം തീയതി വെള്ളിയാഴ്ച ജപമാലയും കുരിശുരൂപവും കൈകളിൽ പിടിച്ച് അദ്ദേഹം നിത്യസമ്മാനത്തിനായി സ്വർഗത്തിലേക്ക് പോയി. അൾത്താര ബാലന്മാരുടെ മദ്ധ്യസ്ഥനാണ് വി. ജോൺ ബർക്കുമൻസ്.

*വിചിന്തനം: "എനിക്ക് പ്രാർത്ഥനയിൽ നിരന്തരമായ താല്പര്യമില്ലായിരുന്നുവെങ്കിൽ ഞാൻ സഭയിൽ സംതൃപ്തനായി ജീവിച്ചുപോരുകയില്ലായിരുന്നു. ദൈവത്തിന്റെ പക്കലേക്ക് നിന്റെ ശ്രദ്ധയെ തിരിക്കുക. ദൈവം നിന്നെ സൂക്ഷിച്ചുകൊള്ളും. പ്രാർത്ഥനയെ മാനിക്കാത്ത ഒരാൾക്ക് ആദ്ധ്യാത്മിക ജീവിതത്തിൽ നിലനിൽക്കാൻ സാധ്യമല്ല" (വി. ജോൺ ബർക്കുമൻസ്).*

## ആഗസ്റ്റ് 13 — ഹിപ്പോളിറ്റസ്

ഗ്രീക്ക് ഭാഷയിൽ കൃതികൾ രചിച്ച സഭാ പിതാവാണ് റോമിലെ ഹിപ്പോളിറ്റസ്. ഗ്രീക്ക് സാഹിത്യ ശൈലിയും തത്ത്വചിന്തകളും അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. പ്രബോധകൻ എന്ന നിലയിൽ അദ്ദേഹം തന്റെ അജപാലന ശുശ്രൂഷ റോമിൽ നിർവഹിച്ചിരുന്നു. ഒരിജൻ പോലെ അദ്ദേഹം ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്. ഐറേനിയോസിന്റെ സാമ്യമുള്ള ചിന്തകളാണ് അദ്ദേഹത്തിന്റേത്. വിശ്വാസ സംരക്ഷണത്തിനുവേണ്ടി അദ്ദേഹം ശക്തമായി പോരാടി. അബദ്ധ ഉപദേശങ്ങൾക്ക് എതിരായി ധാരാളം ലേഖനങ്ങൾ എഴുതി. എന്നാൽ കലിസ്റ്റസ് മാർപാപ്പയുമായി അദ്ദേഹത്തിന് അഭിപ്രായഭിന്നത ഉണ്ടായിരുന്നു. കഠിന പാപികളെ പ്രായശ്ചിത്താനന്തരം സഭയിൽ സ്വീകരിക്കാം എന്ന കലിസ്റ്റസിന്റെ അഭിപ്രായം ഹിപ്പോളിറ്റസിന് സ്വീകാര്യമായില്ല. അങ്ങനെ കലിസ്റ്റസിനോട് പിണങ്ങി അദ്ദേഹം എതിർ പാപ്പയായി. റോമിലെ സഭയിൽ ഇത് പിളർപ്പിന് കാരണമായി. മാക്സ്മിനൂസ് ചക്രവർത്തി അദ്ദേഹത്തെയും അന്നത്തെ പാപ്പ പൊന്തിയാനൂസിനെയും സർദീനയിലേക്ക് നാടുകടത്തി. അവിടെവച്ച് പൊന്തിയാനൂസുമായി രമ്യപ്പെട്ടു. അങ്ങനെ സഭയിൽ ഉടലെടുത്ത ശീഷ്മ അവസാനിച്ചു. 235-ൽ അവിടെവച്ച് രണ്ടുപേരും രക്തസാക്ഷിത്വം വരിച്ചു. 236-ൽ ഫാബിയൻ പാപ്പ ഇവരുടെ ഭൗതികാവശിഷ്ടങ്ങൾ റോമിൽ കൊണ്ടുവന്ന് ആഘോഷമായി സംസ്കരിച്ചു.

www.malankaralibrary.com


ജ്ഞാനവാദികൾക്കെതിരായി 10 അദ്ധ്യായങ്ങളിലായി ഒരു കൃതി രചിച്ചിട്ടുണ്ട്. ദാനിയേൽ, ഉത്തമഗീതം തുടങ്ങിയ ബൈബിൾ പുസ്തകങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനം നൽകി. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതി 'അപ്പോസ്തോലിക പാരമ്പര്യം' എന്ന കൃതിയാണ്. സഭാ നടപടിക്രമങ്ങളെ പറ്റി വിശദമായി പ്രതിപാദിക്കുന്ന ആദ്യത്തെ രേഖയാണിത്. ഇതിൽ 3 ഭാഗങ്ങളാണുള്ളത്.

ഒന്നാം ഭാഗത്ത് മെത്രാൻ തിരഞ്ഞെടുപ്പ്, അഭിഷേകം, വൈദിക-ഡീക്കൻ പദവികൾ ഇവയെ പറ്റിയാണ് പ്രതിപാദിക്കുന്നത്.

ഈ ഭാഗത്ത് കൊടുത്തിരിക്കുന്ന വി. കുർബാനക്രമം സഭയിലെ അതിപ്രാചീനമായ കുർബാനക്രമമാണ്. അൽമായരുമായി ബന്ധപ്പെട്ട നിയമമാണ് രണ്ടാം ഭാഗത്ത് കൊടുത്തിരിക്കുന്നത്. ഞായറാഴ്ച ആചരണം, ഉപവാസം, സ്നേഹവിരുന്ന് എന്നിവയെക്കുറിച്ചാണ് മൂന്നാം ഭാഗത്ത് പ്രതിപാദിക്കുന്നത്.

*വിചിന്തനം: "മനുഷ്യകുലത്തെ നവീകരിക്കാനാണ് വചനം ആദത്തിന്റെ മാംസം എടുത്തത്".*

## ആഗസ്റ്റ് 14 — വി. മാക്സ്മില്യൻ കോൾബെ

റെയ്മണ്ട് മാക്സ്മില്യൻ കോൾബെ 1894-ൽ പോളണ്ടിൽ ജനിച്ചു. ദരിദ്രമെങ്കിലും ഭക്തരായ കത്തോലിക്ക മാതാപിതാക്കൾ കോൾബയെ ഭക്തിയിൽ വളർത്തി.

പന്ത്രണ്ട് വയസ്സുവരെ സാമാന്യം കുസൃതി ഉണ്ടായിരുന്ന കോൾബെയ്ക്ക് പെട്ടെന്ന് ഒരു ദർശനം ഉണ്ടാവുകയും അത് അവനിൽ മാറ്റം ഉണ്ടാക്കുകയും ചെയ്തു. പുഞ്ചിരിതൂകി പരി. അമ്മ അവന്റെ മുമ്പിൽ നിന്നു. മാതാവിന്റെ ഒരു കയ്യിൽ വെള്ള കിരീടവും മറ്റേ കയ്യിൽ ചുവന്ന കിരീടവും പിടിച്ചിരുന്നു. എന്നിട്ട് അവനോട് പറഞ്ഞു: വെള്ള കിരീടം ബ്രഹ്മചര്യത്തിന്റെയും ചുവന്നകിരീടം രക്തസാക്ഷിത്വ മരണത്തിന്റെയും പ്രതീകങ്ങളാണ്. നിനക്ക് ഇതിലേതാണ് വേണ്ടത്?

അപ്പോൾ കോൾബെ പറഞ്ഞു: എനിക്ക് രണ്ടും വേണം. മാതാവ് അപ്രത്യക്ഷയായി. 1910 സെപ്റ്റംബർ 4-ാം തീയതി മാക്സ്മില്യൻ കോൾബെ ഫ്രാൻസിസ്കൻ സഭയിൽ അംഗമായി. 1911 സെപ്റ്റംബറിൽ ആദ്യവ്രതവാഗ്ദാനം നടത്തി.

www.malankaralibrary.com


1918-ൽ റോമിൽ വച്ച് വൈദികനായ കോൾബെ മരിയൻ സേന (Legiency Mary) എന്ന സംഘടന സ്ഥാപിച്ചു. മരിയൻ ഭക്തി അനേകം രാജ്യങ്ങളിൽ വ്യാപിച്ചു. 1932 ജൂൺ മാസം അദ്ദേഹം എറണാകുളത്തും ആലുവായിലും എത്തുകയും താമസിയാതെ മടങ്ങുകയും ചെയ്തു. തിരിച്ച് ഇന്ത്യയിലെത്തി പ്രേഷിതപ്രവർത്തനം നടത്താൻ ഒരുങ്ങുമ്പോഴാണ് അദ്ദേഹം ഫ്രാൻസിസ്കൻ സഭയുടെ ജനറാളായി തെരഞ്ഞെടുക്കപ്പെട്ടത്.

രണ്ടാം ലോക മഹായുദ്ധത്തിൽ നാസ്സി പട്ടാളം പോളണ്ടിൽ ജനങ്ങളെ പീഡിപ്പിച്ചപ്പോൾ അനേകർ ജയിലിൽ അടയ്ക്കപ്പെട്ടു. 1941 ഫെബ്രുവരി 17-ാം തീയതി മാക്സ്മില്യൻ കോൾബെ ജയിലിൽ അടയ്ക്കപ്പെട്ടു. തടവിലടയ്ക്കപ്പെട്ട ഒരു തടവുകാരൻ ഒളിച്ചോടി. ഇതിൽ ദേഷ്യം പൂണ്ട നാസ്സി പട്ടാളമേധാവി എല്ലാവരോടുമായി ഒളിച്ചോടിയവനെ പിടികിട്ടാത്തതുകൊണ്ട് 10 പേരെ കൊല്ലാൻ ഉത്തരവിട്ടു. പിറ്റേ ദിവസം പട്ടാള മേധാവി പാവപ്പെട്ട ആ തടവുകാരിൽ നിന്ന് 10 പേരെ തിരഞ്ഞെടുത്തു. പത്താമൻ ആയി തിരഞ്ഞെടുത്തത് ഒരു മെഡിക്കൽ ഡോക്ടറെ ആയിരുന്നു. ഡോക്ടറിന്റെ കരച്ചിൽ കണ്ട കോൾബെ പറഞ്ഞു: "ഡോക്ടറിന്റെ സ്ഥാനത്ത് എന്നെ കൊല്ലുക". പട്ടാളമേധാവി ഡോക്ടറിന്റെ സ്ഥാനത്ത് കോൾബെയെ തിരഞ്ഞെടുത്തു. ഈ 10 പേരെ ഒരു ഇരുട്ടുമുറിയിൽ പ്രവേശിപ്പിച്ചു. അവർ അവിടെ കീർത്തനങ്ങൾ പാടി ദൈവത്തെ സ്തുതിച്ചു. 1941 ആഗസ്റ്റ് 14-ന് കാർബോണിക്ക് ആസിഡ് എന്ന വിഷം അദ്ദേഹത്തിന്റെ കൈകളിൽ കുത്തിവച്ചു. ഈ അവസരത്തിൽ കോൾബെ "ആവേ മരിയ" എന്നു പ്രാർത്ഥിച്ച് ഇഹലോകവാസം വെടിഞ്ഞു. 1979 ഒക്ടോബർ 10-ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പ കോൾബെയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*വിചിന്തനം: "കുരിശ് സ്നേഹത്തിന്റെ വിദ്യാലയമാണ്" (വി. കോൾബെ).*

## ആഗസ്റ്റ് 20 — വി. ബർണാർദ്

1091-ൽ ബർഗന്റിയിൽ വി. ബർണാർദ് ജനിച്ചു. വി. ഗ്രന്ഥ പണ്ഡിതൻ, ദൈവമാതൃഭക്തൻ എന്നീ നിലകളിൽ സഭയിൽ പ്രശോഭിച്ച ആളാണ് അദ്ദേഹം. ദരിദ്രരെ സഹായിക്കാൻ തന്റെ കുട്ടിക്കാലത്ത് തന്നെ ബർണാർദ് ശ്രദ്ധിച്ചിരുന്നു. 1112-ൽ ബർണാർദും നിഷ്കളങ്കരായ 31 യുവാക്കളും സെറ്റോ ആശ്രമത്തിൽ ചേരുമ്പോൾ ബർണാർദിന് 23 വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

www.malankaralibrary.com


ആശ്രമത്തിലെ ചുരുങ്ങിയ കാലങ്ങൾ കൊണ്ട് അധികാരികൾക്ക് പ്രിയങ്കരനായ ബർണാർദിനെ ക്ളെയർവോയിലെ ആശ്രമത്തിന്റെ പിതാവായി നിയമിച്ചു. 35 വർഷത്തോളം ക്ളെയർവോയിൽ തന്റെ ശുശ്രൂഷ തുടർന്നു. അനേകം രാജ്യങ്ങൾ സന്ദർശിച്ച ബർണാർദ് 136 ആശ്രമങ്ങൾ സ്ഥാപിച്ചു. യൂറോപ്പിലെ രാജ്യങ്ങൾ സന്ദർശിച്ചതിനോ ടൊപ്പം അനേകം ബിഷപ്പുമാരുടെ അദ്ധ്യാത്മിക ഉപദേഷ്ടാവും മാർപാ പ്പയെ പല കാര്യങ്ങളിലും സഹായിച്ചിരുന്ന ആളും ആയിരുന്നു. വി. ബനഡിക്ടിന്റെ ആശ്രമ നിയമങ്ങൾ അദ്ദേഹത്തെ ആകർഷിച്ചു. ബർണാർദ് ആ നിയമങ്ങളെ പഠിച്ച് വീണ്ടും പ്രാബല്യത്തിൽ കൊണ്ടു വന്നു.

തന്റെ ശിഷ്യനായ എവുജീനിയസ് മൂന്നാമൻ മാർപാപ്പ ആയതി നുശേഷം രണ്ടാമത്തെ കുരിശുയുദ്ധത്തിൽ പ്രസംഗിക്കുവാൻ ബർണാർദിനോട് മാർപാപ്പ ആവശ്യപ്പെട്ടു. ആശ്രമത്തിൽ ഒറ്റയ്ക്ക് പ്രാർത്ഥനയിൽ കഴിയാൻ ആഗ്രഹിച്ച ബർണാർദ് സഭ നേരിടേണ്ടി വന്ന പാഷണ്ഡതകൾക്കും തർക്കങ്ങൾക്കും എതിരെ ശക്തമായി സംസാരിച്ചു.

ജപമാലയിലെ പരി. രാജ്ഞി... എന്ന പ്രാർത്ഥനയും, എത്രയും ദയയുള്ള മാതാവേ... എന്ന പ്രാർത്ഥനയും എഴുതിയ ബർണാർദ് പരി. അമ്മയോട് ഒരു മകനോടടുത്ത സ്നേഹം പുലർത്തിയിരുന്നു.

1153 ആഗസ്റ്റ് 20-ാം തീയതി ഈ ലോകത്തിൽ നിന്നും വിടപറ ഞ്ഞു. 1174-ൽ തന്നെ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. 1830-ൽ വേദപാരംഗതൻ എന്ന സ്ഥാനം നൽകി ആദരിച്ചു. തേൻപോലെ മധു രമായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണം.

*വിചിന്തനം: "ഒരു വിശുദ്ധൻ ഒരിക്കലും പാപം ചെയ്യാത്ത ഒരാളല്ല. മറിച്ച് ഇടയ്ക്കിടയ്ക്ക് പാപം ചെയ്യുകയും കൂടുതൽ വേഗത്തിൽ എഴുന്നേൽക്കുകയും ചെയ്യുന്ന ആളാണ്" (വി. ബർണാർദ്).*

## ആഗസ്റ്റ് 22 — ഹനനിയ, അസ്സറിയാ, മ്ശായേൽ

യൂദാ രാജാവായ യഹോയാക്കിമിന്റെ കാലത്ത് ബാബിലോൺ രാജാവായ നബുക്കദ്നേസർ ഇസ്രായേൽ ജനത്തെ ആക്രമിച്ചു. അതിനുശേഷം അനേകം ചെറുപ്പക്കാരെ കൊട്ടാരത്തിൽ ജോലിക്കാ രായി നിയമിച്ചു. ഇപ്രകാരം നിയമിതരായവരാണ് ഹനനിയ, അസ്സറിയ, മ്ശായേൽ, ഇവർ യൂദാ ഗോത്രത്തിൽപ്പെട്ടവരാണ്.

www.malankaralibrary.com



ഒരിക്കൽ നബുക്കദ്നേസർ രാജാവ് വലിയ വിഗ്രഹമുണ്ടാക്കുകയും എല്ലാവരും ആ വിഗ്രഹത്തെ ആരാധിക്കണമെന്ന് കല്പിക്കുകയും ചെയ്തു. പക്ഷേ ഹനനിയ, അസ്സറിയാ, മ്ശായേൽ എന്നിവർ വിശ്വാസം ഏറ്റുപറഞ്ഞു. ഇപ്രകാരം പ്രവർത്തിച്ചതുമൂലം അവരെ രാജാവ് തീച്ചൂളയിൽ എറിയാൻ കല്പിച്ചു. രാജാവിന്റെ കൽപന നിരസിച്ച് സത്യദൈവത്തിലുള്ള ദൈവവിശ്വാസം ഏറ്റുപറഞ്ഞു. തീച്ചൂളയിൽ എറിയപ്പെട്ട അവർ മൂന്നുപേരും തീച്ചൂളയിൽ പ്രാർത്ഥിച്ചു. കീർത്തനം പാടി ദൈവത്തെ സ്തുതിച്ചു. അഗ്നി അവരുടെ ശരീരത്തെ സ്പർശിച്ചില്ല. തീച്ചൂളയിൽ നോക്കിയ രാജാവ് അവരെ 4 പേരെ കണ്ട് ആശ്ചര്യപ്പെട്ട് അവരോട് പുറത്തുവരാൻ കൽപ്പിച്ചു. എരിയുന്ന അഗ്നി ജ്വാലയിലിട്ടിട്ടും അവർക്ക് യാതൊരു കുഴപ്പവും ഇല്ല എന്ന് കണ്ട രാജാവ് ദൈവത്തിൽ വിശ്വാസം അർപ്പിക്കുകയും തുടർന്ന് അവർക്ക് കൊട്ടാരത്തിൽ ഉന്നതസ്ഥാനം നൽകുകയും ചെയ്തു. തീച്ചൂളയിൽ കിടന്ന് അവർ ആലപിക്കുന്ന മനോഹരമായ സ്തോത്രഗീതം ദാനിയേലിന്റെ പുസ്തകം മൂന്നാം അധ്യായത്തിൽ കാണാം.

*വിചിന്തനം: "രാജാവേ ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂളയിൽ നിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവിടുന്ന് ഞങ്ങളെ നിന്റെ കയ്യിൽ നിന്ന് മോചിപ്പിക്കും. ഇക്കാര്യം നീ അറിഞ്ഞുകൊള്ളുക. അവിടുന്ന് ഞങ്ങളെ മോചിപ്പിച്ചില്ലെങ്കിൽ പോലും ഞങ്ങൾ നിന്റെ ദേവന്മാരെയോ നീ നിർമ്മിച്ച സ്വന്തം ബിംബത്തെയോ ആരാധിക്കുകയില്ല" (ദാനി. 3:17-18).*

## ആഗസ്റ്റ് 23 — മാർ ഒസ്താത്തിയോസ്

പംഫീലിയായിലെ സീദിൽ ആയിരുന്നു അദ്ദേഹത്തിന്റെ ജന്മദേശം. സിറിയൻ തലസ്ഥാനമായ അന്ത്യോക്യയിൽ 323/324 അദ്ദേഹം മെത്രാനായി. നിഖ്യാ സുനഹദോസിൽ ആദ്യമായി സംസാരിച്ചത് അദ്ദേഹമാണ്. നിഖ്യാ സുനഹദോസ് നടക്കുന്ന ഹാളിൽ കോൺസ്റ്റന്റൈൻ ചക്രവർത്തി പ്രവേശിച്ചപ്പോൾ സ്വാഗത പ്രസംഗം നടത്തിയത് ഒസ്താത്തിയോസ് ആണെന്ന് തിയഡൊറെറ്റ് സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വവും പൂർണ മനുഷ്യത്വവും ഒസ്താത്തിയോസ് പഠിപ്പിച്ചിരുന്നു.

പ്രസംഗകലയിൽ പ്രത്യേക ശൈലി അദ്ദേഹം പുലർത്തിയിരുന്നു. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലും

www.malankaralibrary.com


അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അലക്സാണ്ട്രിയൻ വചന-മാംസ ക്രിസ്തുശാസ്ത്രത്തിന് സമാന്തരമായ വചന-മനുഷ്യൻ ക്രിസ്തു വിജ്ഞാനീയം വികസിപ്പിച്ചെടുക്കാൻ അദ്ദേഹത്തിന്റെ ചിന്ത സഹാ യിച്ചു. സത്യവിശ്വാസിയായിരുന്ന ഒസ്താത്തിയോസ് പല രീതിയിൽ തെറ്റിദ്ധരിക്കപ്പെട്ടു. അനേകം പീഡനങ്ങൾ സഹിച്ചു. എ.ഡി. 330-ൽ അന്ത്യോക്യയിൽ കൂടിയ ആരിയൻ സിനഡിൽ ഒസ്താത്തിയോസിനെ കോൺസ്റ്റന്റൈൻ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കി. ത്രേസിലെ ത്രാജനൊപ്പൊളീസിലേക്ക് നാടുകടത്തി. അവിടെവച്ച് അദ്ദേഹം മരിച്ചു. അന്ത്യോക്യൻ ആരാധനക്രമത്തിലെ വി. കുർബാന തക്സയിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു അനാഫൊറയുണ്ട്.

*വിചിന്തനം:- "തന്റെ നിത്യമഹത്വത്തിലേക്ക് ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പ കാലത്തെ സഹനത്തിനുശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരി ക്കുകയും ശക്തരാക്കുകയും ചെയ്യും" (1 പത്രോ. 5:10).*

## ആഗസ്റ്റ് 25 — മാർ തീത്തൂസ്

പൗലോസ് ശ്ലീഹായുടെ സ്നേഹിതനും സഹപ്രവർത്തകനുമായ വി. തീത്തൂസ് അന്തോക്യയിലാണ് ജനിച്ചതെങ്കിലും വി. തീത്തൂസ് ഗ്രീക്കുകാരനാണ്. അതുകൊണ്ട് തന്നെ വിജാതീയനായ അദ്ദേഹത്തിന് പരിഛേദനം ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. വി. തീത്തൂസിനെ നാം കാണുന്നത് വി. പൗലോസ് ശ്ലീഹ കോറിന്ത്യർക്ക് എഴുതിയ കത്തി ലാണ്: "അതിനുപുറമേ തീത്തൂസിന്റെ മനസ്സിന് നിങ്ങളെല്ലാവരും ആശ്വാസമേകിയതിൽ അവനുണ്ടായ സന്തോഷത്തെ ഓർത്തും ഞങ്ങൾ അത്യധികം സന്തോഷിച്ചു" (2 കൊറി. 7:13). ശ്ലീഹാ തീത്തൂ സിന് എഴുതിയ ലേഖനത്തിൽ അദ്ദേഹം ക്രിറ്റ് എന്ന ദ്വീപിൽ സഭാ ഭരണം നടത്തിയെന്ന് മനസ്സിലാക്കാവുന്നതാണ്. ശ്ലീഹായുടെ രക്ത സാക്ഷിത്വത്തിന് ശേഷം 27 കൊല്ലം കഴിഞ്ഞ് തീത്തൂസ് രക്തസാ ക്ഷിത്വ മകുടം ചൂടി. വി. പൗലോസ് ശ്ലീഹായുടേതായി അറിയപ്പെടുന്ന 14 ലേഖനങ്ങളിൽ ഒന്ന് തീത്തൂസിനെഴുതിയതാണ്.

*വിചിന്തനം: "യേശുക്രിസ്തു എല്ലാ തിന്മകളിലും നിന്നു നമ്മെ മോചിപ്പിക്കുന്നതിനും, സത്പ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണ തയുള്ള ഒരു ജനതയെ തനിക്കുവേണ്ടി ശുദ്ധീകരിക്കുന്നതിനുമായി നമ്മെപ്രതി തന്നെത്തന്നെ ബലിയർപ്പിച്ചു. ഇക്കാര്യങ്ങൾ നീ*

www.malankaralibrary.com


*പ്രഖ്യാപിക്കുക; തികഞ്ഞ അധികാരത്തോടെ നീ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ശാസിക്കുകയും ചെയ്യുക. ആരും നിന്നെ അവഗണിക്കാതിരിക്കട്ടെ" (തീത്തോസ് 2:14-15).*

## ആഗസ്റ്റ് 27 — വി. മോനിക്ക

വടക്കൻ ആഫ്രിക്കയിലെ തഗാസ്തെയിൽ ഏതാണ്ട് 331-ലാണ് വി. മോനിക്ക ജനിച്ചത്. തങ്ങളുടെ നിശബ്ദമായ മാർഗങ്ങളിലൂടെ പുരാതന സഭയിൽ സ്വാധീനം ചെലുത്തിയ പുണ്യവ്യക്തികൾക്ക് ഒരു ഉദാഹരണമാണ് വി. മോനിക്ക. തന്റെ കണ്ണുനീരും പ്രാർത്ഥനകളും വഴി മഹാനായ വിശുദ്ധ അഗസ്റ്റിനെ തിരുസഭയ്ക്ക് നൽകുകയും, അതുമൂലം ഭൂമിയിലെ ദൈവരാജ്യത്തിന്റെ ചരിത്രത്തിൽ തന്റേതായ ഒരു സ്ഥാനം നേടുകയും ചെയ്തു. വിശുദ്ധ അഗസ്റ്റിന്റെ കുമ്പസാരങ്ങൾ (The confessions of St. Augustine) എന്ന കൃതിയിൽ പറയും പ്രകാരം മോനിക്കയുടെ പിതാവിനെ പരിപാലിച്ച അതേ പരിചാരികയുടെ മേൽനോട്ടത്തിൽ തന്നെയാണ് വിശുദ്ധയും വളർന്നത്. പാട്രിഷ്യസ് എന്ന വിജാതീയനായിരുന്നു അവളെ വിവാഹം ചെയ്തത്. മറ്റുള്ള സ്വഭാവ ദൂഷ്യങ്ങൾക്ക് പുറമേ വളരെയേറെ മുൻകോപിയുമായിരുന്നു അവളുടെ ഭർത്താവ്. അദ്ദേഹത്തിന്റെ ഒപ്പമുള്ള ജീവിതത്തിലെ സഹനം വഴിയാണ് വിശുദ്ധയ്ക്ക് അപാരമായ സഹനശക്തിയുണ്ടായതെന്ന് അനുമാനിക്കപ്പെടുന്നു. തന്റെ ഭർത്താവിന്റെ ദേഷ്യമടങ്ങിയതിനു ശേഷം മാത്രമേ വിശുദ്ധ അദ്ദേഹത്തെ ഗുണദോഷിച്ചിരുന്നുള്ളൂ. കൂടാതെ ദുഷിച്ച മനസ്സുകൾക്കുടമകളായിരുന്ന പരിചാരകർ അവളുടെ അമ്മായിയമ്മയെ ഏഷണികൾ പറഞ്ഞു പിടിപ്പിച്ച് വിശുദ്ധയ്ക്കെതിരായി തിരിപ്പിക്കുകയും ചെയ്തു. എന്നാൽ വിശുദ്ധ ആ പ്രതിബന്ധങ്ങളെയെല്ലാം ദയയോടും, സഹതാപത്തോടും കൂടി നേരിട്ടു. മൂന്ന് മക്കളെ നൽകി ദൈവം വിശുദ്ധയെ അനുഗ്രഹിച്ചു. നവിജീയൂസ്, പെരുപ്പിച്ചുവ, അഗസ്റ്റിൻ എന്നിവരായിരുന്നു അവർ.

അഗസ്റ്റിൻ പത്തൊൻപത് വയസ്സ് പ്രായമുള്ളപ്പോൾ അവന്റെ പിതാവ് മരണപ്പെട്ടു. അതിനോടകം തന്നെ തന്റെ അനുതാപവും, പ്രാർത്ഥനയും വഴി വിശുദ്ധ അദ്ദേഹത്തിന്റെ മാനസാന്തരം നേടിയെടുത്തിരുന്നു. എല്ലാ തരത്തിലുള്ള പാപങ്ങളും, ധാരാളിത്തവും വഴി യുവാവായ അഗസ്റ്റിൻ തന്റെ അമ്മയ്ക്ക് എന്നും തലവേദനയായിരുന്നു. അവളുടെ കണ്ണുനീരും, എല്ലാ ശ്രമങ്ങളും വൃഥാവിലായപ്പോൾ

www.malankaralibrary.com



അവസാനം അവൾ മകനെ തന്റെ വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്നും വിലക്കുകവരെയുണ്ടായി. എന്നാൽ ഒരു ദർശനത്തെ തുടർന്ന് അവൾ അവനെ വീണ്ടും വീട്ടിൽ പ്രവേശിപ്പിച്ചു. അഗസ്റ്റിൻ റോമിലേക്ക് പോകുവാൻ പദ്ധതിയിട്ടപ്പോൾ വിശുദ്ധയും അവനെ അനുഗമിക്കുവാൻ തീരുമാനിച്ചു. എന്നാൽ വിശുദ്ധ തുറമുഖത്തെത്തിയപ്പോഴേക്കും അവൻ കപ്പൽ കയറിയിരുന്നു. പിന്നീട് അവൾ അവനെ പിന്തുടർന്ന് മിലാനിൽ എത്തി. അവിടെ വെച്ച് വിശുദ്ധ അംബ്രോസ് അവളെ അനുമോദിക്കുകയും, ഇതുപോലൊരു മാതാവിനെ ലഭിച്ചതിൽ അഗസ്റ്റിനെ അഭിനന്ദിക്കുകയും ചെയ്തു. മിലാനിൽ വെച്ചാണ് വിശുദ്ധ തന്റെ മകന്റെ മതപരിവർത്തനത്തിനുള്ള പാത തയ്യാറാക്കുന്നത്. അവസാനം അവളുടെ കണ്ണുനീർ ആനന്ദമായി മാറിയ ആ നിമിഷം വന്നു ചേർന്നു.

അഗസ്റ്റിൻ ജ്ഞാനസ്നാനം സ്വീകരിക്കുകയും, വിശുദ്ധയുടെ അശ്രാന്ത പരിശ്രമത്തിനു വിരാമമാവുകയും ചെയ്തു. ആഫ്രിക്കയിലേക്ക് തിരികെ വരുന്നതിനിടയിൽ തന്റെ 66-ാമത്തെ വയസ്സിൽ ഓസ്ട്രിയായിൽ വെച്ചാണ് വിശുദ്ധ മരണപ്പെടുന്നത്. വിശുദ്ധ അഗസ്റ്റിന്റെ ജീവചരിത്രത്തിൽ വിശുദ്ധയുടെ മരണത്തെക്കുറിച്ചു വിവരിക്കുന്ന ഭാഗം ഏറ്റവും ഹൃദയഭേദകവും മനോഹരവുമാണ്.

*വിചിന്തനം:- "മകനേ, നിന്റെ പിതാവിന്റെ കൽപന കാത്തുകൊള്ളുക; മാതാവിന്റെ ഉപദേശം നിരസിക്കയുമരുത്. അവയെ നിന്റെ ഹൃദയത്തിൽ സദാ ഉറപ്പിച്ചുകൊള്ളുക; അവ നിന്റെ കഴുത്തിൽ ധരിക്കുക. നടക്കുമ്പോൾ അവ നിന്നെ നയിക്കും; കിടക്കുമ്പോൾ നിന്നെ കാത്തുകൊള്ളും; ഉണരുമ്പോൾ നിന്നെ ഉപദേശിക്കും. എന്തെന്നാൽ കൽപന ദീപവും ഉപദേശം പ്രകാശവുമാണ്; ശിക്ഷണത്തിന്റെ ശാസനകളാകട്ടെ ജീവന്റെ മാർഗവും" (സുഭാ. 6:20-23).*

## ആഗസ്റ്റ് 28 — വി. അഗസ്റ്റിൻ

പുരാതന ക്രിസ്തീയ ലോകത്തു ഏറ്റവും ആഴമായ പാണ്ഡിത്യമുള്ള ഒരാളായിരുന്നു വിശുദ്ധ അഗസ്റ്റീനോസ്. അഗസ്റ്റിൻ എന്ന പേരിലും ഔറേലിയൂസ് അഗസ്തീനോസ് എന്ന പേരിലും വിശുദ്ധൻ അറിയപ്പെട്ടിരുന്നു. 354 നവംബർ 13-ന് ഉത്തരാഫ്രിക്കയിലെ തഗാസ്തെയിലാണ് ഔറേലിയൂസ് അഗസ്തിനോസ് ജനിച്ചത്. വിശുദ്ധന്റെ മാതാവായിരുന്ന മോനിക്ക ഒരു ദൈവഭക്തയായിരുന്നുവെങ്കിലും അദ്ദേ

www.malankaralibrary.com


ഹത്തിന്റെ പിതാവായിരുന്ന പട്രീഷ്യസ് ഒരു അവിശ്വാസിയായിരുന്നു. നല്ല രീതിയിലുള്ള ക്രിസ്തീയ വിദ്യാഭ്യാസം ലഭിച്ചിരുന്ന അഗസ്തീനോസ് അപ്പോഴും ജ്ഞാനസ്നാനം സ്വീകരിച്ചിട്ടില്ലായിരുന്നു. കാർത്തേജിൽ നിയമവിദ്യാർത്ഥിയായിരിക്കേ മനിക്കേയ വാദത്തിൽ അദ്ദേഹം ആകൃഷ്ടനാവുകയും പാപത്തിന്റെ വഴിയിൽ ജീവിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇത് അവന്റെ അമ്മയായ മോനിക്കയെ സങ്കടത്തിലാക്കി.

തന്റെ കൂടെയായിരിക്കുവാൻ അമിതമായി ആഗ്രഹിച്ചിരുന്ന തന്റെ മാതാവിനെ കബളിപ്പിച്ച് അവൻ റോമിലെത്തി. അവനെയോർത്ത് കരയുവാനും, പ്രാർത്ഥിക്കുവാനും മാത്രമേ മോനിക്കയ്ക്ക് സാധിക്കുമായിരുന്നുള്ളൂ.

പതിയെ പതിയെ തുടർച്ചയായ മോനിക്കയുടെ പ്രാർത്ഥന ഫലം കണ്ടു തുടങ്ങി. ജീവിതത്തിന്റെ ശൂന്യതയേയും, മനുഷ്യ ഹൃദയത്തിന്റെ അഗാധതയേയും അദ്ദേഹം മനസ്സിലാക്കി. ദൈവത്തിൽ വിശ്രമിക്കാത്തിടത്തോളം കാലം ഹൃദയം അസ്വസ്ഥമായിരിക്കും എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായി. മോനിക്കയുടെ കണ്ണുനീരിന്റെയും പ്രാർത്ഥനയുടെയും ഫലമായി അഗസ്തിനോസ് മാനസാന്തരപ്പെടുകയും, 387-ലെ ഈസ്റ്റർ രാത്രിയിൽ ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. മിലാനിലെത്തിയ വിശുദ്ധന്റെ മാതാവായ മോനിക്ക വളരെ സന്തോഷത്തോടുകൂടിയാണ് അഗസ്റ്റിന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ സംഭവമായ ജ്ഞാനസ്നാനത്തിനു സാക്ഷ്യം വഹിച്ചത്. അഗസ്തിനോസും തന്റെ മാതാവിനൊപ്പം ആഫ്രിക്കയിലേക്ക് മടങ്ങി. മടക്കയാത്രയിൽ ഓസ്ത്രിയായിൽ വെച്ച് അവന്റെ മാതാവ് മരണമടഞ്ഞു. തന്റെ മകന് ഒരു രണ്ടാം ജന്മം നൽകുവാൻ കഴിഞ്ഞുവെന്ന സന്തോഷത്താലാണ് അവൾ മരിച്ചത്.

388-ൽ അദ്ദേഹം തഗാസ്തെയിൽ തിരിച്ചെത്തുകയും തന്റെ സുഹൃത്തുക്കൾക്കൊപ്പം സാധാരണ ജീവിതം നയിച്ചുവരികയും ചെയ്തു. പിന്നീട് തന്റെ സ്വത്തുക്കളെല്ലാം പാവങ്ങൾക്ക് വീതിച്ചു നൽകിയതിനുശേഷം 391-ൽ ഹിപ്പോയിൽ വെച്ച് അഗസ്തിനോസ് പൗരോഹിത്യ പട്ടം സ്വീകരിക്കുകയുണ്ടായി. 394-ൽ മെത്രാനായിരുന്ന വലേരിയൂസിന്റെ സഹായിയായി തീർന്ന വിശുദ്ധൻ, വലേരിയൂസിന്റെ മരണത്തോടെ തന്റെ 41-മത്തെ വയസ്സിൽ ഹിപ്പോയിലെ മെത്രാനായി അഭിഷിക്തനായി. 396 മുതൽ 430 വരെ ഹിപ്പോയിലെ മെത്രാനായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

www.malankaralibrary.com


അദ്ദേഹത്തിന്റെ ഏറ്റവും തിളക്കമാർന്ന വിജയം, 'ദൈവകൃപയുടെ ആവശ്യകതയെ" നിഷേധിക്കുന്ന പെലാജിയർ പാഷണ്ഡതയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഈ വിജയം അദ്ദേഹത്തിന് 'കൃപയുടെ പാരംഗതൻ' എന്ന വിശേഷണം നേടിക്കൊടുത്തു. വിശുദ്ധന്റെ രചനകളിൽ മുന്നിട്ടുനിന്നിരുന്ന ദൈവത്തോടുള്ള അപാരമായ സ്നേഹത്തിന്റെ പ്രതീകമായി ക്രിസ്തീയ കലകളിൽ ജ്വലിക്കുന്ന ഹൃദയവുമായി ചേർത്തുകൊണ്ടാണ് വിശുദ്ധനെ പലപ്പോഴും ചിത്രീകരിച്ചിട്ടുള്ളത്. അഗസ്തീനിയൻ സന്യാസസമൂഹം അഗസ്തീനോസിന്റെ സന്യാസദർശനങ്ങൾ പിന്തുടരുകയും, അദ്ദേഹത്തെ ആത്മീയ പിതാവായി സ്വീകരിക്കുകയും ചെയ്തു. ഹിപ്പോയിൽ വെച്ചാണ് വിശുദ്ധൻ മരണപ്പെടുന്നത്.

*വിചിന്തനം:- "ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്ര വിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം" (റോമാ. 13: 11-13).*

## ആഗസ്റ്റ് 29 — വി. എവുപ്രാസ്യ

തൃശൂർ ജില്ലയിൽ ചേർപ്പൂകാരൻ എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും ഒമ്പതു മക്കളിൽ മൂത്ത പുത്രിയായി 1877 ഒക്ടോബർ 17-ാം തീയതി ജനിച്ചു. ജ്ഞാനസ്നാന പേര് 'റോസ' എന്നായിരുന്നു. ഒൻപതുമക്കളിൽ നാലുപേർ ശൈശവത്തിൽതന്നെ മരണമടഞ്ഞു. റോസായുടെ പഠനം കർമ്മലീത്ത മഠത്തിന്റെ ബോർഡിംഗിലായിരുന്നു. 1897 മെയ് 9-ന് എലുവത്തിങ്കൽ റോസ അമ്പഴക്കാട്ട് മഠത്തിൽ വച്ച് എവുപ്രാസ്യ എന്ന പേരിൽ ആദ്യവ്രതവാഗ്ദാനം നടത്തി. 1900 മെയ് 24-ന് നിത്യവ്രതവാഗ്ദാനം നടത്തി. 1910 -ൽ നോവിസ് മിസ്ട്രസായി നിയമിക്കപ്പെട്ടു. ഈ കാലയളവിലാണ് അതായത് 1912 നവംബർ 26-ാം തീയതി തിരുക്കുടുംബ സന്ന്യാസ സമൂഹത്തിന്റെ പ്രാരംഭഘട്ടത്തിൽ എവുപ്രാസ്യയുടെ അടുത്ത് മറിയം ത്രേസ്യ എത്തിയത്. 1913-ൽ എവുപ്രാസ്യയെ മദർ സുപ്പീരിയർ ആയി തിരഞ്ഞെടുത്തു. ഒല്ലൂരിലെ ജനങ്ങൾ എവുപ്രാസ്യയെ 'സഞ്ചരിക്കുന്ന

www.malankaralibrary.com


സക്രാരി' എന്നാണ് വിളിച്ചിരുന്നത്. പ്രാർത്ഥന, ഏകാന്തത, മൗനം, കണ്ണടക്കം, ദാരിദ്ര്യം, പ്രായശ്ചിത്തം ഇവയെല്ലാം പാലിക്കുന്നതിൽ അങ്ങേയറ്റം ശ്രദ്ധ എവുപ്രാസ്യ കാണിച്ചു. മഠത്തിന്റെ ചുമതല വഹിച്ച നാളുകളിൽ മഠത്തിന്റെ ഭരണം നല്ല രീതിയിൽ നടക്കുവാൻ തിരുഹൃദയത്തെ അവൾ ഭരമേൽപ്പിച്ചു. അതിനായി ഒരു മനോഹര തിരുഹൃദയ രൂപം മഠത്തിന്റെ പ്രധാന ഭാഗത്ത് സ്ഥാപിച്ചു. തന്റെ മക്കളുടെ ശാരീരികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളിലും മദർ എവുപ്രാസ്യ ഓടി എത്തിയിരുന്നു. വളരെ സാമ്പത്തിക ഞെരുക്കത്തിന്റെ കാലത്തും നല്ല ഭക്ഷണം അന്തേവാസികൾക്ക് നൽകാൻ മദർ ശ്രമിച്ചിരുന്നു. മഠാധിപതിയുടെ സ്ഥാനം ഒഴിഞ്ഞ് എവുപ്രസ്യാമ്മ കുറച്ചു നാൾ മണലൂർ മഠത്തിലേയ്ക്കു പോയി. ആരോഗ്യപരമായ പല പ്രശ്നങ്ങളും മദറിനെ അലട്ടിയിരുന്നു. 1928 മുതൽ മൂന്ന് വർഷം അമ്പഴക്കാട്ടു മഠത്തിൽ താമസമായി. "പ്രാർത്ഥിക്കുന്ന അമ്മയെന്നും" എവുപ്രാസ്യയെ നാട്ടുകാർ വിളിച്ചിരുന്നു. വാതരോഗത്തിന്റെ വേദനയും തളർച്ചയും ഉണ്ടെങ്കിൽ പോലും സക്രാരിയിൽ കണ്ണും നട്ടിരുന്ന് ഈശോയോട് വർത്തമാനം പറയാൻ ഏറെ സന്തോഷമായിരുന്നു. രാവും പകലും കടുത്ത പനി, എങ്കിൽ പോലും തീവ്ര വിശ്വാസത്തോടെ ജപമാല ചൊല്ലും. ഇതിനെല്ലാം പുറമെ പിശാചിന്റെ ശക്തമായ ആക്രമങ്ങളും പരീക്ഷണങ്ങളും. എങ്കിലും അവയുടെ മേൽ പൂർണ്ണവിജയം കൈവരിക്കാൻ തീവ്രമായ വിശുദ്ധി സഹായിച്ചു. 1952 ആഗസ്റ്റ് 29-ന് ആ സുകൃതിനി നിത്യതയിലേക്ക് പറന്നുയർന്നു. 1963 മുതൽ നാമകരണ നടപടികൾ ആരംഭിച്ചു. 1970-ൽ ഫാ. ഫിലിപ്പ് ഒ.സി.ഡി. 'കേരള കർമ്മലകുസുമം' എന്ന പേരിൽ ജീവചരിത്രം എഴുതി പ്രസിദ്ധീകരിച്ചു. 2002 ജൂലൈ 5-ന് എവുപ്രാസ്യാമ്മയെ 'ധന്യ' എന്ന പദവിയിലേയ്ക്ക് ഉയർത്തി. 2006 ഡിസംബർ 3-ന് ബനഡിക്ട് 16-ാമൻ മാർപാപ്പ എവുപ്രാസ്യമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2015 നവംബർ 23-ന് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.

*വിചിന്തനം: "എനിക്ക് ഏക ആശ്വാസം എന്റെ ഈശോയുടെ അടുക്കൽ ചെല്ലുന്നതാകുന്നു" (വി. എവുപ്രാസ്യാ).*

## ആഗസ്റ്റ് 30 അരിമത്ത്യായിലെ യൗസേപ്പും നിക്കോദിമോസും

അരിമത്ത്യാക്കാരനായിരുന്ന യൗസേപ്പാണ് നിക്കോദിമൂസിനോടുകൂടി ഈശോയുടെ മൃതശരീരം താൻ പണികഴിപ്പിച്ച കല്ലറയിൽ

www.malankaralibrary.com


സംസ്കരിച്ചത്. അദ്ദേഹം ധനികനായിരുന്നു. അയാൾ യഹൂദ ആലോചന സംഘത്തിലെ ബഹുമാന്യനായ അംഗവും നല്ലവനും നീതി മാനുമായിരുന്നു. യൗസേപ്പ് ആലോചന സംഘത്തിലെ അംഗമായിരുന്നുവെങ്കിലും ഈശോയുടെ കുരിശുമരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പങ്കുചേർന്നിരുന്നില്ല. കാരണം അയാൾ ഈശോയുടെ ഒരു ശിഷ്യനായിരുന്നു.

നിക്കോദിമൂസ് എന്ന വാക്കിന്റെ അർത്ഥം "ജനത്തിനുവേണ്ടി കീഴടക്കുന്നവൻ" എന്നാണ്. യഹൂദ ആലോചനാ സംഘത്തിലെ പ്രധാനി ആയിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ നിക്കോദിമൂസ് യേശുവിനെ കാണുവാൻ വരുകയും ഈശോയുമായി സംഭാഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്നു (യോഹ. 3: 1-21). യേശുവിനുവേണ്ടി ആലോചനാ സംഘത്തിൽ പ്രത്യേകം വാദിച്ചിരുന്നതും നിക്കോദിമൂസാണ്. (യോഹ 7:50). അവസാനം യേശുവിനെ സംസ്ക്കരിക്കാൻ അരിമത്യയിലെ യൗസേപ്പിനൊപ്പവും നിക്കോദിമൂസ് ഉണ്ടായിരുന്നു. ഇദ്ദേഹവും യേശുവിന്റെ രഹസ്യശിഷ്യനായി കരുതുന്നു.

*വിചിന്തനം: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല" (യോഹ. 3:3).*

www.malankaralibrary.com

# സെപ്റ്റംബർ
# (ഈലൂൽ)

## സെപ്റ്റംബർ 2 — മാർ ശെമവൂൻ ദസ്തൂനി

സുറിയാനി സഭയുടെ അതിശ്രേഷ്ഠനായ താപസവര്യനാണ് ശെമവൂൻ. ഇദ്ദേഹം 37 വർഷത്തിലധികം ഒരു തൂണിൽ നിന്നുകൊണ്ടാണ് തന്റെ താപസജീവിതം അനുഷ്ഠിച്ചത്. അതിനാൽ ഇദ്ദേഹം തൂണിൻമേൽ ശെമവൂൻ എന്ന് അറിയപ്പെടുന്നു. എ.ഡി. 390-ൽ ടർക്കിയിലാണ് ശെമവൂൻ ജനിച്ചത്. ശെമവൂന്റെ പിതാവ് ഒരു ആട്ടിടയനായിരുന്നു. ബാല്യം മുതൽ ക്രൈസ്തവ പുണ്യങ്ങൾ അഭ്യസിച്ച ശെമവൂനെ മലയിലെ പ്രസംഗത്തിലെ 'സുവിശേഷ ഭാഗ്യങ്ങൾ' ഏറെ സ്വാധീനിച്ചു. ശെമവൂൻ അതികഠിനമായ താപസമുറകൾ അനുഷ്ഠിച്ചിരുന്നു. ഒന്നര വർഷത്തിലധികം അദ്ദേഹം ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യാതെ കഴിഞ്ഞുകൂടി. ലോക സൗഭാഗ്യങ്ങളിൽ നിന്നും നശ്വരപ്രപഞ്ചത്തിൽ നിന്നുമുള്ള ഈ പിൻവാങ്ങൽ അനേകരെ താപസജീവിതത്തിലേക്ക് ആകർഷിച്ചു. ശിമയോന്റെ ആത്മീയ ശ്രേഷ്ഠതയെ കേട്ടറിഞ്ഞ അന്ത്യോക്യയിലെ പാത്രിയാർക്കീസ് ഡോഗിനോസ് രണ്ടാമൻ ശിമയോനെ സന്ദർശിക്കുകയും 'തൂണിൽ' വച്ചു ബലിയർപ്പിക്കുകയും ചെയ്തു. അന്നത്തെ റോമൻ ഭരണാധികാരി തെയഡോഷ്യസ് രണ്ടാമനും അദ്ദേഹത്തിന്റെ പത്നി ഐെയ്‌ലിയ ഏവിഡോഷ്യയും ശിമയോനെ സന്ദർശിക്കുകയും ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ശിമയോനെ കാണുവാനുള്ള സന്ദർശകരുടെ എണ്ണം കൂടിയപ്പോൾ അവയെ നിയന്ത്രിക്കുന്നതിനും പ്രാർത്ഥനയിൽ സമയം ചിലവഴിക്കുന്നതിനുമായി അദ്ദേഹത്തിനു ചുറ്റുമായി ഒരു ഇരട്ടമതിൽ നിർമിക്കപ്പെട്ടു. സ്ത്രീകൾക്ക് ആർക്കും തന്നെ അതിലൂടെ പ്രവേശനം ഉണ്ടായിരുന്നില്ല. 37 വർഷക്കാലം ശിമയോൻ തൂണിൽ തന്നെ ചിലവഴിച്ചു. എ.ഡി. 459 സെപ്റ്റംബർ 2-ന് കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു.

www.malankaralibrary.com



*വിചിന്തനം:- "എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുക യില്ല; കള്ളൻമാർ മോഷ്ടിക്കുകയില്ല" (മത്താ. 6:20).*

## സെപ്തംബർ 5 വി. മദർ തെരേസാ

1910 ആഗസ്റ്റ് മാസം 26-ാം തീയതി യൂഗോസ്ലോവിയയിലെ സ്കോപ്ജെ പട്ടണത്തിലാണ് മദർ തെരേസയുടെ ജനനം. നിക്കോ ളാദ്രെയിൻ-ബൊജാക്സ്യൂ ദമ്പതികളുടെ ഏറ്റവും ഇളയമകളായി ഗോൺക്സാ ആഗ്നസ് എന്ന പേരിലാണ് മദർ തെരേസ മാമോദീസ സ്വീകരിച്ചത്. തനിക്ക് അഞ്ചരവയസ്സുള്ളപ്പോൾ വിശുദ്ധ കുർബാന സ്വീകരിച്ചു. ആഗ്നസിന്റെ എട്ടാം വയസിൽ അവളുടെ പിതാവ് മരിച്ചു. പിന്നീട് സാമ്പത്തിക ക്ലേശത്തിലായ കുടുംബത്തെ മുന്നോട്ട് കൊണ്ടു പോയത് അമ്മയാണ്. തുന്നൽ ജോലികൾ ചെയ്താണ് ആഗ്നസി നേയും മുത്ത രണ്ടു മക്കളേയും ആ അമ്മ വളർത്തിയത്.

ആഗ്നസിനെ 'മദർ' തെരേസയാക്കി രൂപാന്തരപ്പെടുത്തിയതിൽ ഈ അമ്മയുടെ സഹനങ്ങൾക്ക് വലിയ പങ്കുണ്ടായിരുന്നു. 18-ാം വയ സിൽ മിഷണറിയാകുവാനുള്ള അതിയായ താൽപര്യമാണ് ആഗ്ന സിനെ വീട് വിട്ടിറങ്ങുവാൻ പ്രേരിപ്പിച്ചത്. 1929 സെപ്റ്റംബറിൽ അയർലന്റിലെ ലൊറേറ്റോ സന്യാസ സമൂഹത്തിൽ ചേർന്ന് ആഗ്നസ് വ്രതവാഗ്ദാനം നടത്തി. പിന്നീടാണ് ആഗ്നസ് സിസ്റ്റർ മേരി തെരേസ എന്ന പേര് സ്വീകരിച്ചത്. ലിസ്യൂവിലെ വിശുദ്ധ തെരേസയുടെ പേരിൽ നിന്നുമാണ് ഇത്തരം ഒരു നാമം മദർ സ്വീകരിച്ചത്.

1929-ൽ തെരേസ ഭാരതത്തിൽ എത്തി. ഡാർജിലിംഗിലുള്ള ലൊറേറ്റോ സന്യാസ സമൂഹത്തിലാണ് അവൾ തന്റെ പഠനം പൂർത്തി യാക്കിയത്. 1931 മെയ് 24-ന് സഭാവസ്ത്രം സ്വീകരിച്ചു. കിഴക്കൻ കൊൽക്കത്തയിലെ ലൊറേറ്റോ കോൺവെന്റ് സ്കൂളിൽ തെരേസ അധ്യാപികയായി പ്രവേശിച്ചു. 1937 മെയ് 14-നാണ് തെരേസ നിത്യ വ്രതം സ്വീകരിച്ചത്. അധ്യാപികയായി തുടർന്ന തെരേസ തന്റെ ചുറ്റും ദരിദ്രരായി ആളുകൾ ജീവിക്കുകയും രോഗികളായി പലരും മരിക്കു കയും ചെയ്യുന്നതിൽ അസ്വസ്ഥയായിരുന്നു. 1950 ഒക്ടോബർ 7-ന് വത്തിക്കാന്റെ അനുമതിയോടെ കൊൽക്കത്താ രൂപതയ്ക്കു കീഴിൽ മദർ തെരേസ പുതിയ സന്യാസിനീസഭ ആരംഭിച്ചു. മിഷണറീസ് ഓഫ്

www.malankaralibrary.com


ചാരിറ്റിയുടെ പിറവി ഇങ്ങനെയായിരുന്നു. കൊൽക്കത്തയിലെ മദർ തെരേസയുടെ സന്യാസസമൂഹം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു സേവനമായി, സ്നേഹമായി പരന്നൊഴുകി. പ്രാർത്ഥനയിലും സേവനത്തിലും മാത്രം മനസുവച്ച മദർ തെരേസയെ തേടി പുരസ്കാരങ്ങളുടെ നീണ്ടനിര തന്നെയെത്തി.

1962 ജനുവരി 26-ന് റിപ്പബ്ലിക് ദിനത്തിൽ 'പത്മശ്രീ' നൽകി മദറിനെ ഭാരതം ആദരിച്ചു. ആ വർഷം തന്നെ മാഗ്സസെ അവാർഡും തുടർന്നു 1972-ൽ അന്തർദേശീയ ധാരണയ്ക്കുള്ള നെഹ്റു അവാർഡും ലഭിച്ചു. 1979 ഡിസംബറിൽ മദർ തെരേസയ്ക്കു ലോക സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. 1980-ൽ ഇന്ത്യയിലെ പരമോന്നത ബഹുമതിയായ ഭാരതരത്നവും നൽകി. ബ്രിട്ടീഷ് ഗവൺമെന്റ് പരമോന്നത ബഹുമതിയായ 'ഓർഡർ ഓഫ് മെറിറ്റ്' 1983-ൽ നൽകി. 1992-ൽ 'ഭാരത ശിരോമണി' അവാർഡും രാഷ്ട്രപതിയിൽ നിന്നു സ്വീകരിച്ചു. ഇവ കൂടാതെ വിശ്വപ്രസിദ്ധ സർവ്വകലാശാലകളുടെ ഓണററി ഡോക്ടറേറ്റ് ബിരുദങ്ങളും ലഭ്യമായിട്ടുണ്ട്. 1996-ൽ ഓണററി യു. എസ്. സിറ്റിസൺഷിപ്പും നൽകി മദറിനെ ആദരിച്ചു. 1997 മാർച്ച് 13-ന് മിഷനറീസ് ഓഫ് ചാരിറ്റിയുടെ തലപ്പത്തു നിന്നും മദർ മാറി. 1997 സെപ്റ്റംബർ അഞ്ചാം തീയതി താൻ ലക്ഷ്യം വച്ച സ്വർഗീയ നാഥന്റെ സന്നിധിയിലേക്ക് മദർ വിളിക്കപ്പെട്ടു.

2003 ഒക്ടോബർ മാസം 19-ന് മദറിനെ വാഴ്ത്തപ്പെട്ടവളായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചു. മോണിക്ക ബസ്റ എന്ന സ്ത്രീയുടെ വയറ്റിലെ ട്യൂമർ മദറിന്റെ മധ്യസ്ഥതയാൽ സൗഖ്യമായതിനാലാണ് മദറിനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തിയത്. 2015 ഡിസംബറിൽ ബ്രസീലിൽ തലച്ചോറിലെ ട്യൂമർ മദറിന്റെ മധ്യസ്ഥതയാൽ സൗഖ്യം ലഭിച്ചതിനെ തുടർന്ന് ഫ്രാൻസിസ് മാർപാപ്പ മദർതെരേസയെ വിശുദ്ധയാക്കുവാനുള്ള നടപടികൾക്ക് അന്തിമ അനുമതി നൽകുകയായിരുന്നു. 2016 സെപ്റ്റംബർ 4-നു വത്തിക്കാനിൽ തടിച്ച് കൂടിയ 10 ലക്ഷം വിശ്വാസികളെ സാക്ഷിയാക്കി ഫ്രാൻസിസ് പാപ്പ മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ചു. കൊൽക്കത്തയിലെ വിശുദ്ധ തെരേസ എന്ന നാമമാണ് ഫ്രാൻസിസ് പാപ്പ വിശുദ്ധയ്ക്ക് നൽകിയത്.

www.malankaralibrary.com


*വിചിന്തനം:- 1. "നിങ്ങൾ ഓരോരുത്തരും എളിമയിൽ വളർന്നു വളർന്നു വളർന്ന് ഈശോയുടെ തിരുഹൃദയത്തിൽ കയറിപ്പറ്റാൻ മാത്രം വളരെ വളരെ ചെറുതാകണം. സാധാരണ സംഗതികൾ അസാധാരണ സ്നേഹത്തോടെ നിർവഹിക്കണം".*

*2. നിങ്ങളുടെ വിളക്കുകളിലെ എണ്ണത്തുള്ളികൾ എന്താണ്? നിത്യജീവിതത്തിലെ കൊച്ചുകൊച്ചുകാര്യങ്ങളാണ്. കനിവിന്റെ കൊച്ചുവാക്കുകൾ, മറ്റുള്ളവരെപ്പറ്റി അല്പം ചിന്ത, നിശബ്ദതയുടെ വീണ്ടു വിചാരത്തിന്റെ കൊച്ചു പ്രവൃത്തികൾ, വാക്കുകൾ തുടങ്ങിയവ.*

## സെപ്റ്റംബർ 9 — മാർ യൊവക്കീമും മർത്താ ഹന്നായും

പരി. കന്യകമറിയാമിന്റെ മാതാപിതാക്കളായിരുന്നു മർത്ത അന്നയും വി. യോവാക്കീമും. യൂദാ ഗോത്രത്തിൽ നിന്നും ഉള്ളവനായിരുന്നു വി. യോവാക്കീം. ദാവീദിന്റെ പരമ്പരയിൽപ്പെട്ടവനായിരുന്നു വി. യോവാക്കീം. ഹന്ന ലേവ്യ ഗോത്രത്തിൽപ്പെട്ടവളായിരുന്നു. അവർ പ്രാർത്ഥനാജീവിതം നയിച്ചവളുമായിരുന്നു. നീതിനിഷ്ഠരും മാതൃക ദമ്പതികളും ആയിരുന്നു. അവരുടെ സ്വത്തുക്കൾ 3 ആയി തിരിച്ചു. ഒരു കാര്യത്തിനും ദൈവാലയത്തിനും ദൈവിക ശുശ്രൂഷയ്ക്കും മറ്റൊന്ന് അഗതികൾക്കും ദരിദ്രർക്കും മൂന്നാംഭാഗം കുടുംബ നവീകരണത്തിനും ഉപയോഗിച്ചു. വിവാഹശേഷം 50 വർഷത്തോളം അവർക്ക് മക്കളില്ലായിരുന്നു. അതിന്റെ പേരിൽ മറ്റുള്ളവർ അവരെ അപമാനിക്കുകയും കളിയാക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ജറുസലേമിൽ ദൈവാലയത്തിൽ ബലിയർപ്പിക്കാൻ വന്ന അന്നയേയും യോവാക്കിമിനെയും പ്രധാന പുരോഹിതരായ ഇസാഖർ കുഞ്ഞുങ്ങൾ ഇല്ലാത്തതിന്റെ പേരിൽ അപമാനിച്ചു. ഇത് വല്ലാതെ അവരെ വേദനിപ്പിച്ചു. ദൈവത്തോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. ഞങ്ങൾക്ക് ഒരു മകനോ മകളോ ജനിച്ചാൽ ആ കുഞ്ഞിനെ ദൈവിക ശുശ്രൂഷയ്ക്കായി സമർപ്പിച്ച് കൊള്ളാമെന്ന് നേർച്ച നേർന്നു. ഒരിക്കൽ അന്നയും യോവാക്കീമും രണ്ട് സ്ഥലങ്ങളിൽ പ്രാർത്ഥിച്ച് കൊണ്ടിരുന്നപ്പോൾ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവർക്ക് അനുഗ്രഹീതയായ കുഞ്ഞ് ലഭിക്കുമെന്നും ഈ കുഞ്ഞിലൂടെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടുകയും ലോകത്തിന്റെ രക്ഷ അവളിലൂടെ സാധ്യമാവുകയും ചെയ്യുമെന്നും അരുളിച്ചെയ്തു. അതിൻ പ്രകാരം അന്ന് ഗർഭവതി ആകുകയും പരി. ദൈവമാതാവിന് ജന്മം നൽകുകയും ചെയ്തു. അവർ

www.malankaralibrary.com


നേർന്ന പ്രകാരം പരി. അമ്മയെ ദൈവത്തിന് സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം കുറച്ചുനാളുകൾക്കുശേഷം ഈ ദമ്പതികൾ തങ്ങളുടെ നിത്യസമ്മാനത്തിനായി സ്വർഗത്തിലേക്ക് പോയി. ഇവരുടെ മരണത്തെപ്പറ്റി കൃത്യമായ വിവരണങ്ങൾ ഇല്ല.

*വിചിന്തനം: "പിതാക്കൻമാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേസോ. 6:4).*

## സെപ്റ്റംബർ 15 — വ്യാകുലമാതാവ്

പരിശുദ്ധ ദൈവമാതാവിന്റെ ഏഴ് വ്യാകുലതകളും ദൈവപുത്രന്റെ പീഡാനുഭവങ്ങളും, ഭയഭക്തിപൂർവ്വം അനുസ്മരിക്കുന്ന ദിനമാണ് 'വ്യാകുല മാതാവിന്റെ തിരുനാൾ'. വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും തന്നെയാണ് ഇതിന്റെ ഉത്ഭവത്തിന് ഉറവിടം. തിരുസങ്കടങ്ങളോടുള്ള ഭക്തി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ സെർവൈറ്റുകളാണ് ഈ തിരുനാൾ ആദ്യമായി ആരംഭിച്ചത്. നാടുകടത്തപ്പെട്ട് ദുരിതത്തിലായിരുന്നപ്പോൾ മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ വിമോചിതനായ പീയൂസ് ഏഴാമനാണ്, 1817-ൽ ഇത് സഭയുടെ ആഗോള തിരുനാളായി പ്രഖ്യാപിച്ചത്. തത്ഫലമായി 14, 15 നൂറ്റാണ്ടുകളിൽ ഇത് കത്തോലിക്കാ സഭയിൽ ആകമാനമായി ആഘോഷിക്കപ്പെട്ടു.

ക്രിസ്തുവിന്റെ പീഡാനുഭവ വേളയിലും മരണസമയത്തും മാതാവ് അനുഭവിച്ച അതികഠിനമായ വ്യഥയെ കേന്ദ്രീകരിച്ചുകൊണ്ടാണ് വ്യാകുലമാതാവ് എന്ന വിശേഷണം നൽകപ്പെട്ടത്. 17-ാം നൂറ്റാണ്ടിൽ 7 വ്യാകുലതകൾ എന്ന പേരിലാണ് ഈ തിരുനാൾ ആഘോഷിച്ചത്. വിമലഹൃദയത്തിലൂടെ കടന്നുപോയ 7 വാളുകളെയാണ് ഈ തിരുനാളിൽ അനുസ്മരിക്കുന്നത്. മാതാവിന്റെ ജനനദിനമായ സെപ്റ്റംബർ 8-നുശേഷമാണ് 7 ദിവസം കഴിഞ്ഞിട്ടുള്ള സെപ്റ്റംബർ 15 കണക്കുകൂട്ടിയിട്ടുള്ളത്. ബൈബിളിൽ നാം കാണുന്ന ഏഴ് വ്യാകുലതകൾ ഇവയൊക്കെയാണ്. 1. ശിമയോന്റെ പ്രവചനം (ലൂക്കാ. 2:25-35), 2. ഈജിപ്തിലേക്കുള്ള പലായനം (മത്താ. 2:13-15), 3. ബാലനായ യേശുവിനെ മൂന്ന് ദിവസത്തെ കാണാതെ പോയത് (ലൂക്കാ. 2: 41-50), 4. കാൽവരിയിലേക്കുള്ള വഴിയിൽ പരി.

www.malankaralibrary.com


ദൈവാമാതാവ് യേശുവിനെ കാണുന്നു (ലൂക്കാ. 23:27-31), 5. യേശുവിന്റെ ക്രൂശിതാവസ്ഥയും മരണവും (യോഹ. 19:25-30), 6. യേശുവിന്റെ ശരീരം കുരിശിൽ നിന്നും ഇറക്കുന്നു (ലൂക്കാ. 23:30-54), 7. യേശുവിന്റെ മൃതസംസ്കാരം (മർക്കോ. 15:40-43).

തന്റെ സ്വർഗ്ഗീയ പുത്രന്റെ കഷ്ടതയിലുള്ള ദൈവമാതാവായ മറിയത്തിന്റെ അതികഠിനമായ വേദനയിലാണ് ഈ തിരുന്നാളിന്റെ അടിസ്ഥാനം സമർപ്പിച്ചിരിക്കുന്നത്. മാനസിക കഷ്ടത അനുഭവിച്ച്, പരിശുദ്ധ അമ്മ പാപത്തെയും, പശ്ചാത്താപത്തിലേക്കുള്ള യഥാർത്ഥ മാർഗ്ഗത്തേയും നമ്മെ ഓർമ്മപ്പെടുത്തുന്നു.

*വിചിന്തനം:- "അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ. 2:35).*

## സെപ്റ്റംബർ 16 — വി. സിപ്രിയാൻ

കാർത്തേജിലെ കുലീനവും സമ്പന്നവുമായ ഒരു വിജാതീയ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ക്രിസ്തുവർഷം 246-ൽ അദ്ദേഹം ക്രൈസ്തവവിശ്വാസം സ്വീകരിച്ചു. വിശ്വാസത്തിലേക്കു കടന്നുവന്നതിനുശേഷം തന്റെ സമ്പത്തു മുഴുവൻ അദ്ദേഹം പാവപ്പെട്ടവർക്ക് ദാനം ചെയ്തു. മൂന്നുവർഷത്തിനുശേഷം 249-ൽ അദ്ദേഹം റോമൻ ആഫ്രിക്കയിലെ പ്രധാന സാംസ്കാരിക പട്ടണവും മുഖ്യ ക്രൈസ്തവ കേന്ദ്രവുമായ കാർത്തേജിന്റെ മെത്രാനായി. തുടർന്നു തന്റെ മരണംവരെ ആഫ്രിക്കയിലെ സഭയ്ക്ക് അദ്ദേഹം ധീരമായ നേതൃത്വം നൽകിപോന്നു. തെർത്തുല്യനുശേഷം ലത്തീൻ ഭാഷയിൽ ദൈവശാസ്ത്ര കൃതികൾ രചിച്ച പ്രമുഖ ചിന്തകനാണ് കാർത്തേജിലെ മെത്രാനായിരുന്ന സിപ്രിയാൻ. സഭയിൽ ഭിന്നതകൾ നിറഞ്ഞുനിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് മെത്രാനെന്ന നിലയിൽ അദ്ദേഹം തന്റെ ശുശ്രൂഷ നിർവഹിച്ചത്. മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട നാൾ മുതൽ തന്റെ പുരോഹിതഗണത്തിലെ മുതിർന്ന ചിലയാളുകൾ അദ്ദേഹത്തിനെതിരെ പ്രവർത്തിച്ചു തുടങ്ങി. അതിൽ പ്രധാനിയായിരുന്നു നൊവാത്തുസ്. മെത്രാനായി അധികനാളുകൾ കഴിയുന്നതിനുമുൻപ്, ദേസിയൂസ് ചക്രവർത്തി ശക്തമായ മതമർദ്ദനം ആരംഭിച്ചു (250-251). താൻ ചെയ്തു തീർക്കുവാനുള്ള ശുശ്രൂഷയെക്കുറിച്ചുള്ള ഉൾക്കാഴ്ച നിമി

www.malankaralibrary.com


ത്തം ഒളിവിൽ താമസിച്ചുകൊണ്ട് തന്റെ സമൂഹത്തിന് അദ്ദേഹം ധീരമായ നേതൃത്വം നൽകിപോന്നു. തന്റെ അജഗണങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തിക്കൊണ്ട് അദ്ദേഹം അവരെ വിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടേയിരുന്നുവെങ്കിലും അക്കാലത്ത് ധാരാളം ആളുകൾ വിശ്വാസം ഉപേക്ഷിക്കാനിടയായി. ദേസിയൂസ് ചക്രവർത്തിയുടെ മതമർദ്ദനം അവസാനിച്ചയുടനെ "വിശ്വാസത്യാഗികളെക്കുറിച്ച്" എന്ന പേരിൽ ഒരു കൃതി അദ്ദേഹം തയ്യാറാക്കുകയും വിശ്വാസം ത്യജിച്ചവർ അനുതപിക്കുകയും പാപങ്ങൾക്കു പരിഹാരം ചെയ്യുകയും വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സിപ്രിയാന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ഏറ്റവും പ്രധാന രേഖയാണ് 'സഭയുടെ ഐക്യം' എന്ന കൃതി. സഭാവിജ്ഞാനീയത്തിൽ വളരെ വിലപ്പെട്ട സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. സഭയുടെ അടിസ്ഥാന സ്വഭാവമാണ് ഐക്യമെന്നും 'കർത്താവിന്റെ ഭാഗിക്കപ്പെടാത്ത മേലങ്കിയെ' സഭയുടെ ഐക്യത്തിന്റെ പ്രതീകമായും അദ്ദേഹം അവതരിപ്പിക്കുന്നു. വലേറിയൻ ചക്രവർത്തിയുടെ മതമർദ്ദന കാലത്ത് 258-ൽ കാർത്തേജിൽവച്ച് സിപ്രിയാൻ രക്തസാക്ഷിത്വം വരിച്ചു.

*വിചിന്തനം: "ക്രിസ്തുവിന്റെ ജീവിതപങ്കാളിയെ അശുദ്ധമാക്കാനാവില്ല; അവൾ അചഞ്ചലയും പവിത്രയുമാണ്" (വി. സിപ്രിയാൻ)*

## സെപ്റ്റംബർ 19 — വി. ജനുവാരിയൂസ്

ബെനവാന്തോ എന്ന സ്ഥലത്ത് ഒരു ധനിക കുടുംബത്തിലാണ് ജനുവാരിയൂസ് ജനിച്ചത്. 15-ാം വയസ്സിൽ അദ്ദേഹം ബെനവാന്തോ ഇടവകയുടെ വികാരിയായി. 20-ാം വയസ്സിൽ നേപ്പിൾസിന്റെ മെത്രാനായി നിയമിതനായി. ആ സമയത്താണ് നിക്കോമേദിയായിലെ ജൂലിയാനയോടും, വി. സോസിയൂസിനോടും സൗഹൃദത്തിലായത്. ഡയക്ലീഷ്യൻ ചക്രവർത്തിയുടെ കാലത്ത് മതമർദ്ദനമുണ്ടായപ്പോൾ അദ്ദേഹം വിശ്വാസികളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ശക്തമായ വിശ്വാസത്തിനുവേണ്ടി പോരാടുകയും ചെയ്തു. കാരാഗൃഹത്തിൽ ആയിരുന്ന സോസിയോസിനെ സന്ദർശിക്കാൻ പോയ വേളയിൽ വിശുദ്ധൻ അവിടെവച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കൂട്ടാളികളെയും വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുവാൻ കല്പന പുറപ്പെടുവിച്ചു. വന്യമൃഗങ്ങൾക്ക് അവരെ

www.malankaralibrary.com


എറിഞ്ഞുകൊടുത്തു. അവ അവരെ ഉപദ്രവിച്ചില്ല. തുടർന്ന് അവരെ ശിരച്ഛേദം ചെയ്തു. തുടർന്ന് ഇവരുടെ ശരീരം ബഹുമതികളോടെ സംസ്കരിച്ചു. ജനുവാരിയോസിന്റെ തിരുശേഷിപ്പ് നേപ്പിൾസ് കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്നു.

കഴിഞ്ഞ വർഷം നേപ്പിൾസ് സന്ദർശിച്ച മാർപാപ്പ വിശുദ്ധന്റെ തിരുശേഷിപ്പ് അടങ്ങിയ പേടകം പ്രാർത്ഥനാപൂർവ്വം ചുംബിക്കുന്ന സന്ദർഭത്തിൽ ഉണങ്ങിയ രക്തം ദ്രാവകരൂപത്തിലായി.

*വിചിന്തനം:- "ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ! എന്തെന്നാൽ മഹത്വത്തിന്റെ ആത്മാവ്, അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു" (1 പത്രോ. 4:14).*

## സെപ്റ്റംബർ 23 — വി. പാദ്രെപിയോ

ഇറ്റലിയിലെ ഒരു സാധാരണ കുടുംബത്തിൽ ഗ്രാസിയോ ജ്യൂസ്പ്പാ ദമ്പതികളുടെ നാലാമത്തെ മകനായി 1887 മെയ് 25-ാം തീയതി പാദ്രെപിയോ ജനിച്ചു. വിശുദ്ധരായ മാതാപിതാക്കളുടെ ശിക്ഷണത്തിൽ ബാലനായ പിയോ വളർന്നുവന്നു. അഞ്ചാമത്തെ വയസ്സിൽ തന്നെ പിയോ ദൈവത്തിന് പൂർണ്ണമായും സമർപ്പിച്ചു കഴിഞ്ഞിരുന്നു. തന്റെ ബാല്യകാലത്ത് കർത്താവിന്റെ പീഡനങ്ങളിൽ പങ്കുചേരാനായി പിയോ കല്ല് തലയിണയാക്കി കിടന്നിരുന്നു. മൊർക്കോണയിലെ കപ്പൂച്ചിൻ സന്യാസ സമൂഹത്തിൽ 15-ാം വയസ്സിൽ എത്തിചേർന്ന പിയോ, 19-ാമത്തെ വയസ്സിൽ കപ്പൂച്ചിൻ സഭയിൽ ചേരുകയും 22-ാമത്തെ വയസ്സിൽ തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. 1918 സെപ്റ്റംബർ 20-ാം തീയതി വി. കുർബാന അർപ്പിച്ചതിനുശേഷം പ്രാർത്ഥനയിൽ മുഴുകിയിരുന്ന പിയോയ്ക്ക് കത്താവിന്റെ ദർശനമുണ്ടായി. ആ ദർശനം അവസാനിച്ചപ്പോൾ വിശുദ്ധന്റെ കൈപ്പത്തിയിലും കാൽപാദത്തിലും മാറിലും മുറിവുകൾ പ്രത്യക്ഷമായി അതിൽ നിന്നും രക്തം പ്രവഹിക്കാൻ തുടങ്ങി. ദിവസേന 40 ജപമാല വരെ അദ്ദേഹം ചൊല്ലിയിരുന്നു. ദിവസവും 16 മണിക്കൂർ വരെ അദ്ദേഹം കുമ്പസാരിപ്പിച്ചിരുന്നു. തന്റെ അടുത്തു കുമ്പസാരിക്കാൻ വരുന്നവരുടെ ഹൃദയരഹസ്യം വായിച്ചെടുക്കാൻ കഴിവ് ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന് അനേകരെ മാനസാന്തരത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുവാൻ സാധിച്ചു. ലോക

www.malankaralibrary.com


ത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പാദ്രെപിയോയുടെ വി. കുർബാന കാണാൻ ആളുകൾ തടിച്ചുകൂടി. അദ്ദേഹത്തിന്റെ ദിവ്യബലി അർപ്പണം മണിക്കൂറുകൾ നീണ്ടുനിന്നിരുന്നു.

പല സ്ഥലങ്ങളിൽ ഒരേ സമയം പ്രത്യക്ഷപ്പെടുക, ജലത്തിന് മീതെ നടക്കുക. രോഗശാന്തി നൽകുക എന്നിങ്ങനെ പലവിധ അത്ഭുത കഥകൾ പിയോ അച്ചനെ പറ്റി പ്രചരിച്ചു. 1956-ൽ അദ്ദേഹം House for the Relief of Suffering എന്ന ആശുപത്രി സ്ഥാപിച്ചു. 1968 സെപ്റ്റംബർ 23-ാം തീയതി 81-ാമത്തെ വയസ്സിൽ പാദ്രെപിയോ മരിച്ചു. 1920-ൽ അദ്ദേഹം സ്ഥാപിച്ച പ്രാർത്ഥനാ സംഘത്തിൽ ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 4,00,000 അംഗങ്ങളുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

House for the Relief of Suffering എന്ന ആശുപത്രിയിലെ ഒരു ഡോക്ടറുടെ 7 വയസ്സുള്ള മകനുണ്ടായ അത്ഭുതകരമായ രോഗശാന്തി പിയോ അച്ചന്റെ മധ്യസ്ഥതയിൽ ഉണ്ടായതാണ്. 2000 ജൂൺ 20-ാം തീയതി മാത്തിയോ എന്ന ഈ ബാലനെ മെനജെറ്റിസ് ബാധിച്ച് അവശനിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഐ.സി.യു.വിൽ പ്രവേശിപ്പിച്ച ബാലന്റെ എല്ലാ അവയവങ്ങളും തകരാറിലായതായി കണ്ടെത്തി.

ഡോക്ടർമാർ കൈയ്യൊഴിഞ്ഞ ബാലന്റെ ശരീരത്തിൽ ജീവന്റെ എല്ലാ ലക്ഷണങ്ങളും അപ്രത്യക്ഷമായി. പക്ഷേ അന്നു രാത്രി മാത്തിയോയുടെ അമ്മ കപ്പൂച്ചിൻ സന്യാസ ആശ്രമത്തിൽ ഏതാനും സന്യാസികളോടൊത്ത് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് കുട്ടിയുടെ സ്ഥിതി ഭേദമായി തുടങ്ങി. ദീർഘമായ അബോധാവസ്ഥയിൽ നിന്നും എഴുന്നേറ്റ കുട്ടി, തന്റെയടുത്ത് വെളുത്ത താടിയും തവിട്ടു നിറത്തിലുള്ള ഉടുപ്പും ധരിച്ച ഒരാൾ വന്നെന്നും നിന്റെ രോഗം ഉടനെ ഭേദമാകുമെന്ന് തന്നോട് പറഞ്ഞുവെന്നും അറിയിച്ചു. 2001 ഡിസംബർ 20-ാം തീയതി നാമകരണത്തിന് വേണ്ടിയുള്ള വത്തിക്കാൻ തിരുസംഘവും ജോൺ പോൾ രണ്ടാമൻ മാർപാപ്പയും അത് അത്ഭുതമാണെന്ന് അംഗീകരിച്ചു. 2002 ജൂൺ 16-ന് അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*വിചിന്തനം:- "പ്രിയങ്കരനായ എന്റെ ഈശോയ്ക്ക് ഇഷ്ടമില്ലാത്ത ലഘുവായ ഒരു പാപം പോലും ചെയ്യുന്നതിനെക്കാൾ മരിക്കാനായിരുന്നു എനിക്ക് കൂടുതൽ ഇഷ്ടം" (വി. പാദ്രെപിയോ).*

www.malankaralibrary.com


## സെപ്റ്റംബർ 27 വി. വിൻസെന്റ് ഡി പോൾ

പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന പുരോഹിതനും, പാവങ്ങൾക്കും, സമൂഹത്തിൽ നിന്ന് പിന്തള്ളപ്പെട്ടവർക്കും വേണ്ടിയുള്ള കാരുണ്യപ്രവർത്തനങ്ങൾ വഴി 'കാരുണ്യത്തിന്റെ മധ്യസ്ഥൻ' എന്നറിയപ്പെടുന്ന വിശുദ്ധനുമായ വിൻസെന്റ് ഡി പോളിന്റെ ഓർമ്മപുതുക്കൽ സെപ്റ്റംബർ 27-നാണ് തിരുസഭ കൊണ്ടാടുന്നത്. ഫ്രാൻസിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ഒരു പാവപ്പെട്ട കുടുംബത്തിൽ 1576-നും 1581-നും ഇടയ്ക്കാണ് വിശുദ്ധൻ ജനിച്ചത്. ചെറുപ്പത്തിൽ തന്നെ വിശുദ്ധൻ തന്റെ കഴിവുകൾ പ്രകടിപ്പിച്ചു തുടങ്ങിയിരുന്നു. പതിനഞ്ചാം വയസ്സിൽ തന്നെ അദ്ദേഹം ദൈവശാസ്ത്ര പഠനമാരംഭിച്ചു. 1600-ൽ പൗരോഹിത്യ പട്ടം സ്വീകരിച്ച വിശുദ്ധൻ കുറച്ചു കാലം ടൌലോസിൽ അദ്ധ്യാപകവൃത്തി ചെയ്തു. 1605-ൽ ഒരു കടൽയാത്രയ്ക്കിടയിൽ വിൻസെന്റിനെ തുർക്കിയിലെ കടൽക്കൊള്ളക്കാർ പിടികൂടുകയും തങ്ങളുടെ അടിമയാക്കുകയും ചെയ്തു. ഏതാണ്ട് 1607-വരെ വിശുദ്ധന്റെ അടിമത്വം തുടർന്നു. ഇക്കാലയളവിൽ വിശുദ്ധൻ തന്റെ യജമാനനെ മതപരിവർത്തനം നടത്തി ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവരികയും അദ്ദേഹത്തോടൊപ്പം ടുണീഷ്യയിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. അതിനുശേഷം അദ്ദേഹം തന്റെ സമയം മുഴുവനും റോമിൽ പഠിക്കുന്നതിനുവേണ്ടിയായിരുന്നു ചിലവഴിച്ചത്. പിന്നീട് വിശുദ്ധൻ ഫ്രാൻസിലെ ഉന്നത കുടുംബാംഗങ്ങളുടെ ആത്മീയ ഗുരുവായും അദ്ധ്യാപകനായും സേവനം ചെയ്തു.

ഗ്രാമപ്രദേശങ്ങളിൽ സുവിശേഷ വേലകൾക്കുള്ള പുരോഹിതരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി 1625-ൽ വിൻസെന്റ് വൈദികർക്കായി 'കോൺഗ്രിഗേഷൻ ഓഫ് മിഷൻ' എന്ന സന്യാസ സമൂഹം സ്ഥാപിച്ചു. അതിനുശേഷം അധികം താമസിയാതെ പിൽക്കാലത്ത് വിശുദ്ധനായി തീർന്ന ലൂയിസ് ഡി മാരില്ലാക്കുമായി ചേർന്ന്, രോഗികളുടെയും പാവങ്ങളുടെയും തടവുകാരുടെയും ഇടയിൽ സേവനം ചെയ്യുന്നതിനായി ആദ്യത്തെ സന്യാസിനി സമൂഹത്തിന് രൂപം നൽകുകയും ചെയ്തു. ലൂയിസിന്റെ മേൽനോട്ടത്തിന് കീഴിൽ ആ സന്യാസിനി സമൂഹം ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വരുക്കൂട്ടുകയും വിശുദ്ധ വിൻസെന്റ് അത് ആവശ്യക്കാർക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഈ സംഭാവനകൾ ഉപയോഗിച്ച് അനാഥരായ കുട്ടി

www.malankaralibrary.com


കൾക്കായി അനാഥമന്ദിരവും, വൃദ്ധമന്ദിരവും, ഏതാണ്ട് 40,000-ത്തോളം വരുന്ന പാവപ്പെട്ടവർക്കായി താമസിക്കുവാനും ജോലി ചെയ്യുവാനുമുള്ള ഒരു വിശാലമായ പാർപ്പിട സമുച്ചയവും സ്ഥാപിക്കുകയുണ്ടായി. കൂടാതെ അഭയാർത്ഥികളെ സഹായിക്കുവാനും, അടിമകളായി വിൽക്കപ്പെടുന്നവരെ മോചിപ്പിക്കുന്നതിനും കൂടി ഈ സംഭാവനകൾ വിനിയോഗിച്ചു.

തന്റെ ഈ നേട്ടങ്ങൾ കാരണം ജീവിതകാലം മുഴുവനും വിശുദ്ധൻ ഒരുപാട് ആദരിക്കപ്പെട്ടുവെങ്കിലും, ആ പുരോഹിതൻ തന്റെ എളിമയും വിനയവും ഒരിക്കലും കൈവെടിഞ്ഞിരുന്നില്ല. ദരിദ്രരെ സഹായിക്കുവാനും തിരുസഭയെ ശക്തിപ്പെടുത്തുവാനുമാണ് വിശുദ്ധൻ തന്റെ പ്രശസ്തിയെ ഉപയോഗിച്ചത്. വിശുദ്ധ വിൻസെന്റ് ഡി പോൾ ദൈവസ്നേഹത്തിന്റെ സർവ്വലൗകികതയേയും, ദിവ്യകാരുണ്യ സ്വീകരണത്തേയും നിരാകരിക്കുന്ന 'ജാൻസനിസമെന്ന' മതവിരുദ്ധവാദത്തിന്റെ ശക്തനായ എതിരാളിയായിരുന്നു. ഫ്രാൻസിലെ നിരവധി ആത്മീയ സഭകളുടെ നവീകരണത്തിലും വിശുദ്ധൻ പങ്കാളിയായിട്ടുണ്ട്.

1660 സെപ്റ്റംബർ 27-നാണ് വിശുദ്ധ വിൻസെന്റ് ഡി പോൾ മരണപ്പെടുന്നത്. വിശുദ്ധന്റ മരണത്തിനും കുറച്ചു മാസങ്ങൾക്കു മുൻപു അതേ വർഷം മാർച്ചിലാണ് ലൂയിസ് ഡി മാരില്ലാക്ക് മരണപ്പെടുന്നത്. 1737-ൽ ക്ലെമന്റ് പന്ത്രണ്ടാമൻ പാപ്പാ, വിൻസെന്റ് ഡി പോളിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. 1835-ൽ ഫ്രഞ്ച് പണ്ഡിതനും വാഴ്ത്തപ്പെട്ടവനുമായ ഫ്രെഡറിക്ക് ഓസാനം വിശുദ്ധനെ പ്രചോദനമായി കണ്ടുകൊണ്ട് വിശുദ്ധന്റെ നാമത്തിൽ പാവങ്ങളുടെ ആശ്വാസത്തിനായി പ്രവർത്തിക്കുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്ന സംഘടനയ്ക്ക് രൂപം നൽകുകയുണ്ടായി.

*വിചിന്തനം:- "ദൈവം നിങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രമാണെങ്കിൽ വാക്കുകൾ ഒന്നും ആവശ്യമില്ല. നിങ്ങളുടെ സാന്നിധ്യം ഹൃദയങ്ങളെ സ്പർശിക്കും" (വി. വിൻസെന്റ് ഡി പോൾ).*

## സെപ്റ്റംബർ 29 — മുഖ്യദൂതന്മാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ

മുഖ്യദൂതന്മാരായി അറിയപ്പെടുന്നവരാണ് വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ. മിഖായേൽ എന്ന പേരിന്റെ അർത്ഥം

www.malankaralibrary.com


"ദൈവത്തിനോട് അടുത്തവൻ" എന്നാണ് "സ്വർഗീയ ദൂതന്മാരുടെ രാജകുമാരൻ" എന്നും മിഖായേൽ മാലാഖ അറിയപ്പെടുന്നു. വി. ഗ്രന്ഥത്തിൽ വി. മിഖായേലിനെക്കുറിച്ച് നാലിടങ്ങളിൽ പരാമർശിക്കപ്പെടുന്നു: ദാനിയേലിന്റെ പുസ്തകത്തിൽ രണ്ടിടങ്ങളിൽ (ദാനി. 10:13, 12:1). യൂദായുടെ ലേഖനത്തിൽ ഒരിടത്തും (1:9) വെളിപാടിന്റെ പുസ്തക ത്തിൽ ഒരിടത്തും (12:7-8) സാത്താന്റെ കെണിയിൽ നിന്നും സഭയെ സംരക്ഷിക്കുന്നു എന്നും മരണസമയത്ത് ആത്മാക്കളെ സാത്താന്റെ കെണിയിൽ നിന്നും രക്ഷിക്കുന്നു എന്നും ക്രിസ്ത്യാനികളെ സഹായിക്കുന്നതിനും ആത്മാവിനെ അന്ത്യവിധിക്കായി കൊണ്ടുവരുന്നതിനും സഭ വി. മിഖായേലിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു.

ഗബ്രിയേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവം എന്റെ ശക്തി" എന്നാണ്. ദൈവം തന്റെ പദ്ധതി വിളംബരം ചെയ്യുന്നതിനായി നിയോഗിച്ച ദൈവദൂതനാണ് ഗബ്രിയേൽ മാലാഖ. സഖറിയായ്ക്ക് സ്നാപകയോഹന്നാന്റെ ജനനത്തെപ്പറ്റി അറിയിപ്പ് ദൈവം നൽകിയതും പരി. മറിയത്തിന് ഈശോമിശിഹായുടെ ജനനത്തിൽ നിന്നുള്ള അറിയിപ്പും ലഭിച്ചത് വി. ഗബ്രിയേലിലൂടെയാണ്.

മുഖ്യദൂതനായ റഫായേലിനെക്കുറിച്ചുള്ള വിവരണം ലഭിക്കുന്നത് തോബിത്തിന്റെ പുസ്തകത്തിൽ നിന്നാണ്. തോബിത്തിനെ തന്റെ ജീവിതയാത്രയിലെ വിഷമഘട്ടങ്ങളിൽ സഹായിച്ചിരുന്നത് റഫായേൽ മാലാഖയാണ്. ബെത്സയ്ദാ കുളത്തിലെ അത്ഭുതജലം ഇളക്കിയിരുന്നത് റഫായേൽ മാലാഖയായിരുന്നു. റഫായേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവം ശാന്തി നൽകുന്നു" എന്നാണ്.

*വിചിന്തനം:- "അക്കാലത്ത് നിന്റെ ജനത്തിന്റെ ചുമതല വഹിക്കുന്ന മഹാപ്രഭുവായ മിഖായേൽ എഴുന്നേൽക്കും. ജനത രൂപം പ്രാപിച്ചതു മുതൽ ഇന്നേവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടതകൾ അന്നുണ്ടാകും. എന്നാൽ ഗ്രന്ഥത്തിൽ പേരുള്ള നിന്റെ ജനം മുഴുവൻ രക്ഷപ്പെടും" (ദാനി. 12:1).*

## സെപ്റ്റംബർ 30 — വി. ജെറോം

എ.ഡി. 345-ൽ ദാൽമേഷ്യയിലെ സ്ടിഡോണിൽ വി. ജെറോം ജനിച്ചു. നാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം എട്ട്

www.malankaralibrary.com


വർഷക്കാലം റോമിൽ പ്രസംഗകലയിൽ പരിശീലനം നേടി. അതിനുശേഷം അകിലിയായിൽ ഒരു സന്യാസസഭ അദ്ദേഹം സ്ഥാപിച്ചു. സന്യാസസഭയുടെ തകർച്ചയ്ക്കുശേഷം അദ്ദേഹം കിഴക്കൻ നാടുകളിലേക്ക് യാത്രതിരിച്ചു. യാത്രാവേളയിൽ മാൽക്കസ് എന്ന വൃദ്ധസന്യാസിയെ പരിചയപ്പെട്ടു. വേദഗ്രന്ഥപഠനത്തിൽ മുഴുകി ജീവിക്കാൻ വിശുദ്ധന് ഉൾപ്രേരണ നൽകിയത് ഈ സന്യാസിയാണ്. അതിനുശേഷം അന്ത്യോക്യയിൽ തിരിച്ചുവന്ന് വിശുദ്ധൻ വൈദികപട്ടം സ്വീകരിച്ചു. തന്റെ വൈദികജീവിതത്തിൽ ഗ്രിഗറി നസിയാൻസനെയും നീസായിലെ ഗ്രിഗറിയേയും പരിചയപ്പെടാൻ വിശുദ്ധന് ഭാഗ്യം ലഭിച്ചു.

എ.ഡി. 382-ൽ പോപ്പ് ഡമാസസ്സിന്റെ പ്രൈവറ്റ് സെക്രട്ടറിയായി വി. ജെറോം നിയമിതനായി. പോപ്പിന്റെ നിർദ്ദേശപ്രകാരം സങ്കീർത്തന പുസ്തകത്തിന്റെയും പുതിയനിയമത്തിന്റെയും ലത്തീൻ വിവർത്തനം നടത്താൻ ആരംഭിച്ചു. അതീവശ്രദ്ധയോടും പാണ്ഡിത്യത്തോടും അദ്ദേഹം അത് നിർവ്വഹിച്ചു. വി. ഗ്രന്ഥം മുഴുവൻ ലത്തീൻ ഭാഷയിൽ പരിഭാഷപ്പെടുത്തിയത് വിശുദ്ധനാണ് (വുൾഗാത്ത). പോപ്പ് ഡമാസസ്സിന്റെ മരണശേഷം റോം വിട്ടുപോകാൻ ശത്രുക്കൾ അദ്ദേഹത്തെ നിർബന്ധിച്ചു. തുടർന്ന് അദ്ദേഹം ബെത്‌ലഹേമിലേക്ക് പോയി. എ.ഡി. 420-ൽ അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു.

*വിചിന്തനം: "ബൈബിളിനെ കുറിച്ചുള്ള അജ്ഞത യേശുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (വി. ജെറോം).*

www.malankaralibrary.com

# ഒക്ടോബർ
# (തെശ്രീൻ ക്ദീം)

## ഒക്ടോബർ 1 — വി. കൊച്ചുത്രേസ്യ

ലൂയി മാർട്ടിൻ, സെലിൻഗ്വരിൻ ദമ്പതികളുടെ 9-ാമത്തെ സന്താനമായി വി. കൊച്ചുത്രേസ്യ ജനിച്ചു. കൊച്ചുറാണി എന്നാണ് അപ്പൻ അവളെ വിളിച്ചിരുന്നത്. വി. കൊച്ചുത്രേസ്യായ്ക്ക് 4 വയസ്സുള്ള പ്പോൾ അവളുടെ മാതാവ് സെലിൻഗ്വരിൻ മരിച്ചു. തുടർന്ന് അവളുടെ ജ്യേഷ്ഠത്തിമാർ ശ്രദ്ധയോടെ അവളെ പരിപാലിച്ചു. പ്രത്യേകിച്ച് അവളുടെ സഹോദരി പൗളിൻ കൊച്ചുത്രേസ്യയെ പ്രത്യേകം ശ്രദ്ധിച്ച് ആത്മീയകാര്യങ്ങൾ പരിശീലിപ്പിച്ചു. ബനഡിക്ടൻ മഠം വക സ്കൂളിൽ അവളെ ചേർത്തു. 1884 മെയ് 8-ാം തീയതി ആദ്യമായി അവൾ വി. കുർബാന സ്വീകരിച്ചു. അവളുടെ സഹോദരി മരിയ, പൗളിൻ എന്നിവർ കർമ്മലമഠത്തിലും ലയോണി ക്ലാരമഠത്തിലും ചേർന്നു. 1887 ഏപ്രിൽ 9-ാം തീയതി ലെയോ മാർപാപ്പയുടെ പ്രത്യേക അനുവാദത്തോടെ കൊച്ചുത്രേസ്യ കർമ്മലമഠത്തിൽ ചേർന്നു. കർമ്മലമഠം അവൾക്ക് ഇഷ്ടപ്പെട്ടു. ഈശോയുടെ കളിപ്പന്ത് എന്നാണ് അവൾ സ്വയം വിശേഷിപ്പിച്ചത്. 1889 ജൂൺ 10-ന് അവൾ സന്യാസവസ്ത്രം ധരിച്ചു. 1890 സെപ്റ്റംബർ 8-ാം തീയതി വ്രതവാഗ്ദാനം നടത്തി ഉണ്ണീശോയുടെ കൊച്ചുത്രേസ്യ എന്ന പേര് സ്വീകരിച്ചു. അനേകം സഹനങ്ങളിലൂടെ കൊച്ചുത്രേസ്യ കടന്നുപോയി. അതെല്ലാം ഈശോയെ സ്വീകരിക്കാനുള്ള മാർഗങ്ങളാക്കി മാറ്റി. സ്വർഗത്തിലെത്താൻ ആദ്ധ്യാത്മിക ശിഷ്യത്വം എന്ന കുറുക്കുവഴി അവൾ കണ്ടെത്തി. സ്വർഗീയ പിതാവിന്റെ മടിയിൽ ശാന്തമായി ഉറങ്ങുന്ന കുഞ്ഞായി അവൾ സ്വയം വിഭാവനം ചെയ്തു. 1896 ഏപ്രിൽ 2 ഒരു പെസഹാവ്യാഴം രാത്രിയിൽ അവൾ രക്തം ഛർദ്ദിക്കുകയും ചുമയും ശ്വാസംമുട്ടലും മറ്റ് രോഗവും അവളെ അലട്ടി. അവളുടെ ആരോഗ്യനില വഷളായിക്കൊണ്ടിരുന്നു. 1897 സെപ്റ്റംബർ 30-ാം തീയതി രോഗം പെട്ടെന്ന് മൂർഛിച്ചു.

www.malankaralibrary.com



ക്രൂശിതരൂപത്തിൽ നോക്കി ഞാൻ അങ്ങയെ സ്നേഹിക്കുന്നു, എന്റെ ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്ന് പറഞ്ഞ് അവൾ തന്റെ സ്വർഗീയ സമ്മാനത്തിനായി പറന്നുയർന്നു. കൊച്ചുത്രേസ്യാ യുടെ കബറിടത്തിലേക്ക് ആളുകൾ ഓടിക്കൂടി. തീർത്ഥാടകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രവഹിച്ചു. 1925 ഏപ്രിൽ 27-ന് അവൾ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. 1927-ൽ 11-ാം പീയൂസ് മാർപാപ്പ അവളെ അഖില ലോക മിഷൻ മദ്ധ്യസ്ഥയായി പ്രഖ്യാപിച്ചു. 1997-ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയുടെ വേദപാരംഗതയായി പ്രഖ്യാപിച്ചു.

*വിചിന്തനം: "എന്റെ ദൈവവിളി സ്നേഹമാകുന്നു" (വി. കൊച്ചുത്രേസ്യ).*

## ഒക്ടോബർ 2 — കാവൽ മാലാഖമാർ

ഭൂമിയിലുള്ള ഓരോ മനുഷ്യനും ഒരു കാവൽമാലാഖയുണ്ട്. അത് നിരന്തരം അവനെ സഹായിക്കുകയും രക്ഷ അവകാശപ്പെടുത്താൻ സഹായിക്കുകയും ചെയ്യും. ജനിക്കുന്ന നിമിഷം മുതൽ ഓരോ വിശ്വാസികളോടൊപ്പം ഒരു കാവൽമാലാഖ ഉണ്ട്. ഈ സംരക്ഷണം ജീവിതകാലം മുഴുവനും നീണ്ടുനിൽക്കും. നമ്മുടെ ജോലിയിലും പഠനത്തിലും സഹായിച്ചും അപകടങ്ങളിൽ നിന്നും സംരക്ഷിച്ചും പരീക്ഷണങ്ങളിൽ സഹായിച്ചും അവർ നമുക്കൊപ്പമുണ്ട്. മത്താ. 18:10-ൽ ഈശോ ഇപ്രകാരം പറയുന്നു: "ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. സ്വർഗത്തിൽ അവരുടെ ദൂതന്മാർ എപ്പോഴും ദർശിച്ച് കൊണ്ടിരിക്കും". കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നു: "ജനനം മുതൽ മരണം വരെ മാലാഖമാരുടെ പ്രത്യേകിച്ച് കാവൽമാലാഖയുടെ സംരക്ഷണത്തിന്റെയും മദ്ധ്യസ്ഥതയുടെയും വലയത്തിലാണ് മനുഷ്യൻ ജീവിക്കുന്നത്. ജീവനിലേക്ക് നയിക്കപ്പെടുന്ന ഓരോ വിശ്വാസിയുടെയും സമീപത്ത് ഇടയനായും രക്ഷകനായും ഒരു മാലാഖ നിലയുറപ്പിച്ചിട്ടുണ്ട് (328, 326). കാവൽമാലാഖമാരുടെ സാന്നിധ്യം തിരിച്ചറിയാനും സഹായം അഭ്യർത്ഥിക്കാനും സഭ നമ്മെ പഠിപ്പിക്കുന്നു.

*വിചിന്തനം: "നിന്റെ എല്ലാ വഴികളിലും മാലാഖമാർ നിനക്ക് അകമ്പടി സേവിക്കുന്നുണ്ട് എന്ന് മനസ്സിലാക്കി ഓരോ പ്രവൃത്തിയും ചെയ്യേണ്ടത്*

www.malankaralibrary.com


*പോലെ ചെയ്യാൻ ജാഗരൂകരായിരിക്കുക. എവിടെ വസിച്ചാലും ഏത് മുക്കിലും മൂലയിലും അകപ്പെട്ടാലും നിന്റെ കാവൽ മാലാഖയെ ആദരവോടെ ഓർക്കുക" (വി. ബർണാഡ്).*

## ഒക്ടോബർ 3 — അരിയോപാഗസിലെ ദിവന്നാസിയോസ്

ഏഥൻസിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ഗ്രീക്കിൽ ആഴമായ അറിവ് ഉണ്ടായിരുന്ന അദ്ദേഹം ഈജിപ്തിൽ ജ്യോതിശാസ്ത്രം പഠിച്ചു. പൗലോസ് ശ്ലീഹായുടെ അരിയോപാഗസിലെ പ്രസംഗം കേട്ട് ദിവന്നാസിയോസ് മാനസാന്തരപ്പെടുകയും മാമോദീസാ സ്വീകരിക്കുകയും ചെയ്തു (അപ്പ. പ്രവ. 17:34). അതിനുശേഷം 3 വർഷം പൗലോസ് ശ്ലീഹായോടൊപ്പം ദൈവവചനം പ്രഘോഷിക്കാൻ ലോകത്തിൽ പല ഭാഗത്തും പോയി. അതിനുശേഷം ഏഥൻസിന്റെ മെത്രാനായി പൗലോസ് ദിവന്നാസിയോസിനെ തിരഞ്ഞെടുത്തു. മരിയഭക്തിയിൽ ആഴമായ അറിവുണ്ടായിരുന്നു ദിവന്നാസിയോസിന്.

പൗലോസ് ശ്ലീഹായുടെ മരണശേഷം സുവിശേഷം പ്രഘോഷിച്ച് റോമിലും ജർമ്മനിയിലും സ്പെയിനിലും അനേകരെ ക്രിസ്തുമതത്തിലേക്ക് ചേർത്തു. ഇതിൽ ദേഷ്യം പൂണ്ട ശത്രുക്കൾ അദ്ദേഹത്തെ ജയിലിൽ അടക്കുകയും ചെയ്തു. ജയിലിൽ ആയിരിക്കുമ്പോഴും മാലാഖമാരും ഒന്നിച്ച് അദ്ദേഹം വി. കുർബാന അർപ്പിച്ചിരുന്നു എന്ന് പാരമ്പര്യം പറയുന്നു. അദ്ദേഹത്തിന്റെ ചില പുസ്തകങ്ങൾ ഓർത്തഡോക്സ് സഭയിൽ വളരെ പ്രസിദ്ധമാണ്.

*വിചിന്തനം: "ഇപ്പോൾ എല്ലായിടത്തുമുള്ള സകല ജനങ്ങളും പശ്ചാത്തപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു" (അപ്പ. പ്രവ. 17:30).*

## ഒക്ടോബർ 4 — വിശുദ്ധ ഫ്രാൻസിസ് അസ്സീസി

അസ്സീസിയിലെ ഉംബ്രിയാ എന്ന സ്ഥലത്ത് ബെർണാർഡോൺ എന്ന ധനികനായ വസ്ത്രവ്യാപാരിയുടെ മകനായി 1181-ലാണ് വിശുദ്ധ ഫ്രാൻസിസ് ജനിച്ചത്. തന്റെ ആദ്യകാലങ്ങളിൽ ലോകത്തിന്റെ ഭൗതികതയിൽ മുഴുകി വി. ഫ്രാൻസിസ് ജീവിച്ചു.

തന്റെ 20-ാം വയസ്സിൽ അസ്സീയൻസും പെറുജിയൻസും തമ്മിലുള്ള യുദ്ധത്തിൽ തടവിലാക്കപ്പെട്ടു. ഈ അവസരത്തിൽ യേശുവിന്റെ ഒരു ദർശനം വിശുദ്ധന് ലഭിച്ചു. ഈ ദർശനം അദ്ദേഹ

www.malankaralibrary.com


ത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഇതുവരെയുള്ള ജീവിത ശൈലി ഉപേക്ഷിക്കുവാനും യേശുവിന്റെ പാത പിൻതുടരുവാനും വിശുദ്ധൻ തീരുമാനിച്ചു. തന്റെ സമ്പാദ്യം മുഴുവൻ ഉപേക്ഷിച്ച് ദാരിദ്ര്യം നിറഞ്ഞ ജീവിതം സ്വീകരിക്കാനുള്ള വിശുദ്ധന്റെ തീരുമാനത്തെ പിതാവ് കഠിനമായി എതിർത്തു.

1209-ൽ അദ്ദേഹം ഫ്രിയാർസ് മൈനർ (ഫ്രാൻസിസ്കൻസ്) എന്ന സന്യാസസഭ സ്ഥാപിച്ചു. 1212-ൽ അസ്സീസിയിലെ വി. ക്ലാരയുമായി ചേർന്ന് Poor Clares എന്ന് ഇന്ന് അറിയപ്പെടുന്ന പാവപ്പെട്ട മഹതികൾ എന്ന സന്യാസസഭ സ്ഥാപിച്ചു. അല്മായരെ ഉൾപ്പെടുത്തി അനുതാപത്തിന്റെ മൂന്നാം സഭ (The Third Order) അദ്ദേഹം രൂപം നല്കി. 1224-ൽ യേശുവിന്റെ അന്ത്യ തിരുമുറിവുകൾ ആദ്യമായി വിശുദ്ധന് ലഭിച്ചു. ഫ്രാൻസിസ് വൈദികപട്ടം പോലും സ്വീകരിക്കാതെ ഒരു ഡീക്കനായിട്ടാണ് ജീവിതകാലം മുഴുവനും കഴിഞ്ഞത്. ദൈവത്തിന്റെ സൃഷ്ടികളെ സഹോദര-സഹോദരി എന്നാണ് അദ്ദേഹം അഭിസംബോധന ചെയ്തത്. കഠിനാധ്വാനവും തപശ്ചര്യകളും കൊണ്ട് ഫ്രാൻസിസിന്റെ ശരീരം വളരെ ക്ഷീണിച്ചു. 1226 ഒക്ടോബർ 4-ാം തീയതി പോർച്ചുങ്കുള എന്ന സ്ഥലത്ത് വച്ച് വിശുദ്ധൻ ഇഹലോകവാസം വെടിഞ്ഞു. രണ്ട് വർഷത്തിനുശേഷം ഗ്രിഗറി ഒമ്പതാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*വിചിന്തനം:- "ഈ ലോകത്തിൽ നിന്നും വരുന്ന ഒന്നിനും നിന്റെ ഉള്ളിലുള്ള ദൈവസ്നേഹം കെടുത്തികളയാൻ സാധിക്കുകയില്ല എന്ന് നീ തിരിച്ചറിയുന്ന സമയമാണ് നിന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദം നൽകുന്ന സമയം" (വി. ഫ്രാൻസിസ് അസ്സീസി).*

## ഒക്ടോബർ 5 — വി. ഫൗസ്റ്റീനാ

1905 ആഗസ്റ്റ് 25ന് പോളണ്ടിലെ ലോഡ്സ് എന്ന സ്ഥലത്താണ് വിശുദ്ധ ജനിച്ചത്. ഹെലേന എന്ന ജ്ഞാനസ്നാനപ്പേരുള്ള ഫൗസ്റ്റീന ഒരു ദരിദ്ര കുടുംബത്തിലെ പത്ത് മക്കളിൽ ഒരാളായിരുന്നു. അവൾക്ക് 15 വയസ്സുള്ളപ്പോൾ കുടുംബത്തെ സഹായിക്കുന്നതിനായി പഠനം ഉപേക്ഷിച്ച് വീട്ടുജോലിക്ക് പോയി. അവൾക്ക് 18 വയസ്സായപ്പോഴേക്കും ക്രിസ്തുവിനെ സേവിച്ചുള്ള ജീവിതത്തിനായി ദൈവം തന്നെ വിളിക്കുകയാണെന്ന് അവൾക്കുറപ്പായി. പക്ഷേ അവളുടെ മാതാപിതാക്കൾ

www.malankaralibrary.com


അവളുടെ ഈ ആഗ്രഹത്തിനെതിരായിരുന്നതിനാൽ അവൾ ഈ ആഗ്രഹം തന്റെ മനസ്സിൽ നിന്നും ഉപേക്ഷിച്ചു. ഗ്രാമത്തിൽ ഒരു നൃത്തപരിപാടിയിൽ പങ്കെടുത്തു കൊണ്ടിരുന്ന ഫൗസ്റ്റീനാ ദുഃഖിതനും വേദനിക്കുന്നവനുമായ ക്രിസ്തുവിനെ കണ്ടു.

അടുത്ത ദിവസം ഒരു ചെറിയ ബാഗിൽ തന്റെ സാധനങ്ങളുമെടുത്ത് അവൾ തലസ്ഥാന നഗരിയായ വാഴ്സായിലേക്ക് പോവുകയും 'കാരുണ്യമാതാവിന്റെ സോദരിമാർ' എന്ന മഠത്തിൽ ചേരുകയും സിസ്റ്റർ മേരി ഫൗസ്റ്റിന എന്ന നാമം സ്വീകരിക്കുകയും ചെയ്തു. ഏതാണ്ട് 10 വർഷത്തിന് ശേഷം ഫൗസ്റ്റിനക്ക് ക്ഷയരോഗം പിടിപെട്ടു. തന്റെ ചുമതലയായ ഉദ്യാനപാലനത്തിനു പോലും കഴിയാത്തത്ര ക്ഷീണിതയായതിനാൽ അവൾക്ക് കവാട കാവൽക്കാരിയുടെ ജോലി നൽകപ്പെട്ടു.

തന്റെ പുതിയ സേവന മേഖലയെ അവൾ കരുണാർദ്രമാക്കി. ഭക്ഷണം ആവശ്യപ്പെട്ട് വരുന്ന പാവങ്ങളെ സഹായിക്കുന്നതിന് അവൾക്ക് സാധിച്ചു. ഒരിക്കൽ പാവപ്പെട്ട ഒരു യുവാവായി യേശു അവളുടെ വാതിൽക്കൽ വന്നു. അവൾ കൊടുത്ത സൂപ്പും ഭക്ഷണവും കഴിഞ്ഞപ്പോളാണ് അവൾക്ക് യേശുവിനെ മനസ്സിലായത്. അവളുടെ കാരുണ്യവും സ്നേഹവും നിമിത്തം വളരെയേറെ ആനന്ദം അനുഭവിച്ചെന്നും യേശു അവളോടു പറഞ്ഞു.

1931 ഫെബ്രുവരി 22-ന് ദിവ്യകാരുണ്യ നാഥനായ യേശു വിശുദ്ധയ്ക്ക് പ്രത്യക്ഷപ്പെട്ടു. തൂവെള്ള വസ്ത്രമണിഞ്ഞ, ചുവപ്പും വെളുപ്പും ഇടകലർന്ന പ്രകാശം വമിക്കുന്ന തിരുഹൃദയത്തോട് കൂടിയ ഈശോയെ അവൾ കണ്ടു. ഈ ചിത്രം വരയ്ക്കാൻ ഈശോ അവളോടാവശ്യപ്പെട്ടു. ക്രൂശിതനായ ക്രിസ്തുവിന്റെ മാറിടത്തിൽ നിന്നും ഒഴുകിയ രക്തത്തെയും വെള്ളത്തെയുമാണ് ഈ രശ്മികൾ പ്രതിനിധീകരിക്കുന്നത്.

യേശു തനിക്ക് പ്രത്യക്ഷപ്പെട്ട് നൽകിയ സംഭവത്തിൽ പലരും അവളെ ആദ്യം വിശ്വസിച്ചിരുന്നില്ല. പള്ളിയിലെ വേദപാരംഗതന്മാർപോലും അവളുടെ വാക്കുകളെ സംശയിച്ചിരുന്നു. അവളുടെ വിധേയത്വം തന്നെ പ്രീതിപ്പെടുത്തിയെന്നും അതിനാൽ തന്നെ അവസാനം തന്റെ പദ്ധതി അവളിലൂടെ തന്നെ നിറവേറ്റപ്പെടുമെന്നും യേശു അവളെ

www.malankaralibrary.com


അറിയിച്ചു. 1934 ജൂണിൽ ദിവ്യകാരുണ്യത്തിന്റെ ഈ ചിത്രം പൂർത്തിയാക്കി. അധികം താമസിയാതെ ഈ ചിത്രം ഭക്തിയുടെ കേന്ദ്രബിന്ദുവായി മാറി. ചിത്രത്തിന് താഴെയായി 'യേശുവേ, നിന്നിൽ ഞാൻ വിശ്വസിക്കുന്നു' എന്ന് ആലേഖനം ചെയ്തിരുന്നു. യേശുവിന്റെ പ്രത്യക്ഷപ്പെടലുകളെ കുറിച്ച് ഫൗസ്റ്റിന തന്റെ ഡയറിയിൽ നിരന്തരം രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ലോകത്തിന്റെ വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കാൻ ദൈവം ഫൗസ്റ്റീനയെ പഠിപ്പിച്ച പ്രാർത്ഥനയാണ് കരുണകൊന്ത. അത് ഇന്ന് ലോകത്തിൽ ശക്തിയുള്ള പ്രാർത്ഥനയായി നിൽക്കുന്നു.

1938 ഒക്ടോബർ 5-നു മുപ്പത്തിമൂന്നാം വയസ്സിൽ അവൾ ദൈവസന്നിധിയിലേക്ക് യാത്രയായി. 2000 ഏപ്രിൽ 30-ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഫൗസ്റ്റീനയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

*വിചിന്തനം:- "ഓ ദൈവത്തിനും ആത്മാക്കൾക്കും വേണ്ടി അധ്വാനിക്കുന്നത് എത്രയോ വലിയ കൃപയാണ്. ഈ യുദ്ധത്തിൽ ഞാനൊരു വിശ്രമം എടുക്കുകയില്ല. മർദ്ദനത്തെ ഞാൻ ഭയപ്പെടുന്നില്ല. കാരണം ദൈവമാണ് എന്റെ ആശ്രയം" (വി. ഫൗസ്റ്റീന).*

## ഒക്ടോബർ 7 — മാർ സർഗീസും മാർ ബാക്കോസും

പൗരസ്ത്യ സഭയിൽ പ്രധാനപ്പെട്ട രക്തസാക്ഷികൾ ആണ് സാർഗീസും ബാക്കോസും. നാലാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ പീഡിക്കപ്പെട്ട സമയത്ത് റോമൻ പട്ടാളത്തിലെ ഭടൻമാരായിരുന്നു ഇവർ. വിജാതീയ ക്ഷേത്രങ്ങളിൽ പ്രവേശിക്കേണ്ട അവസരത്തിൽ അവർ ക്രിസ്ത്യാനികൾ ആണെന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. ഇതിന്റെ ഫലമായി അനേകം പീഡനങ്ങൾ ഏറ്റുവാങ്ങി. 303-ൽ ഒക്ടോബർ 1-ന് ബാക്കോസ് മരണമടഞ്ഞു. അതിനുശേഷം ബാക്കോസ് സാർഗീസിന് പ്രത്യക്ഷപ്പെടുകയും പീഡനങ്ങൾ ഏൽക്കണമെന്ന് പറയുകയും ചെയ്തു. അങ്ങനെ അതേവർഷം ഒക്ടോബർ 7-ാം തീയതി സാർഗീസും മരണമടഞ്ഞു. മാറനൈറ്റ് സഭയിൽ ഈ വിശുദ്ധരെ ഒക്ടോബർ 7-ാം തീയതി അനുസ്മരിക്കുന്നു.

*വിചിന്തനം: "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമാ. 8:28).*

www.malankaralibrary.com



## ഒക്ടോബർ 9 ഗോത്രപിതാവായ അബ്രഹാം

നീതിമാനായ നോഹയുടെ വംശാവലിയിൽപ്പെട്ട തേരാഹിന്റെ പുത്രനാണ് അബ്രാഹാം. ക്രിസ്തുവിനുമുമ്പ് 19-ാം നൂറ്റാണ്ടിലാണ് അബ്രാഹാം ജീവിച്ചിരുന്നത്. കർദായരുടെ ഊർ എന്ന സ്ഥലത്താണ് അബ്രാഹാം ജനിച്ചത്. അബ്രഹാമിന്റെ കുലത്തൊഴിൽ ആടുവളർത്ത ലായിരുന്നു. പിതാവായ തേരാഹിനോടൊപ്പം അബ്രാഹാം ഹാരാനിൽ പോയി വാസമുറപ്പിച്ചു. അവിടെവച്ച് തേരാഹ് മരണമടഞ്ഞു. കർത്താവ് അബ്രാഹാമിനോട് ഇപ്രകാരം അരുളിച്ചെയ്തു: "നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്കു പോകുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തരമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും" (ഉല്പത്തി 12:1-2). കർത്താവ് കല്പിച്ചതനുസരിച്ച് അബ്രാഹാം കാനാൻ ദേശത്തേക്ക് യാത്ര പുറപ്പെട്ടു.

അബ്രാഹാം ഭാര്യയായ സാറായെയും സഹോദരപുത്രനായ ലോത്തിനെയും കാനാൻദേശത്തേക്ക് കൂടെക്കൊണ്ടുപോയി. ഹാരാനിൽവച്ച് തങ്ങൾ നേടിയ സമ്പത്തുമായിട്ടാണ് അവർ യാത്ര തിരിച്ചത്. അപ്പോൾ അബ്രാഹാമിന് എഴുപത്തഞ്ചു വയസ്സ് പ്രായ മായിരുന്നു. കാനാൻദേശത്തെത്തിയതിനുശേഷം വിവിധ സ്ഥലങ്ങളിലായി അബ്രഹാം മാറിമാറി താമസിച്ചു. തന്റെ പിൻതലമുറ കാനാൻദേശം കൈവശപ്പെടുത്തുമെന്ന് ഷെക്കെം എന്ന സ്ഥലത്തുവച്ച് അബ്രാഹാമിന് ദൈവത്തിന്റെ വാഗ്ദാനം ലഭിച്ചു (ഉല്പത്തി 12:7). തനിക്ക് വാഗ്ദാനം നല്കിയ ദൈവത്തിന് അബ്രാഹാം ബലിപീഠം പണിത് ബലിയർപ്പിച്ചു. അബ്രാഹാമിനെ വിളിക്കുന്നതിലൂടെയും അവന് വാഗ്ദാനങ്ങൾ നല്കുന്നതിലൂടെയും മനുഷ്യവംശത്തെ രക്ഷിക്കുവാനുള്ള തന്റെ ആഗ്രഹം ദൈവം വെളിപ്പെടുത്തി.

കാനാൻദേശത്ത് ഒന്നിച്ചു വസിച്ചിരുന്ന അബ്രഹാമും സഹോദര പുത്രനായ ലോത്തും കൂടുതൽ സൗകര്യങ്ങൾക്കായി വേർപിരിഞ്ഞു. ജോർദ്ദാന് സമീപം ഫലപുഷ്ടിയുള്ള സോദോം നഗരം ലോത്ത് തിരഞ്ഞെടുത്തു. അബ്രഹാം കാനാൻദേശത്തു താമസമാക്കി. തുടർന്നും ദൈവം തന്റെ വാഗ്ദാനം അബ്രഹാമിനോട് ഉറപ്പിക്കുന്നുണ്ട്:

www.malankaralibrary.com


"നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പര കൾക്കും എന്നേക്കുമായി ഞാൻ തരും. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പിക്കും" (ഉല്പത്തി 13: 15–16).

ലോത്തിനെ അവന്റെ സ്വത്തുക്കൾ സഹിതം ശത്രുക്കൾ പിടിച്ചെടുത്തു. ഇതറിഞ്ഞ അബ്രാഹാം തന്റെ ആളുകളെ കൂട്ടി അവരെ പിന്തുടർന്ന് ആക്രമിച്ചു തോല്പ്പിച്ചു. അങ്ങനെ അവർ ലോത്തിനെ രക്ഷിച്ചു. ശത്രുക്കളെ തോല്പിച്ചു തിരികെ വന്ന അബ്രാഹാമിനെ സാലേം രാജാവായ മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും കൊണ്ട് എതിരേറ്റു (ഉല്പത്തി 14:1–24).

സോദോം, ഗോമോറ എന്നീ നഗരങ്ങളെ അവയുടെ തിന്മമൂലം നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചു. ആ വിവരം ദൈവം അബ്രഹാമിനെ അറിയിച്ചു. ലോത്തിനെയും കുടുംബത്തെയും രക്ഷിക്കുവാൻ അബ്രാഹാം ദൈവത്തോട് അപേക്ഷിച്ചു. അതനുസരിച്ച് ലോത്തിനെയും കുടുംബത്തെയും ദൈവം രക്ഷിച്ചു (ഉല്പത്തി 19:1–9).

അബ്രഹാമിന് ദൈവം സന്തതിപരമ്പരകൾ വാഗ്ദാനം ചെയ്തുവെങ്കിലും വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നതിൽ താമസം നേരിട്ടു. അബ്രഹാമിന് നൂറുവയസ്സുള്ളപ്പോഴാണ് ഇസഹാക്ക് ജനിച്ചത്. "കർത്താവ് വാഗ്ദാനമനുസരിച്ച് സാറായെ അനുഗ്രഹിച്ചു. വൃദ്ധനായ അബ്രഹാമിൽനിന്ന് സാറാ ഗർഭം ധരിച്ച്, ദൈവം പറഞ്ഞ സമയത്തു തന്നെ പുത്രനെ പ്രസവിച്ചു. സാറായിൽ ജനിച്ച മകന് ഇസഹാക്ക് എന്ന് അബ്രാഹാം പേരിട്ടു" (ഉല്പത്തി 21:1–2).

ഒരിക്കൽ ദൈവം അബ്രാഹാമിന്റെ വിശ്വാസം പരീക്ഷിച്ചു. ദൈവം ഇപ്രകാരം അവനോട് ആവശ്യപ്പെട്ടു: "നീ സ്നേഹിക്കുന്ന നിന്റെ ഏകമകനായ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാദേശത്തേക്ക് പോകുക. അവിടെ ഞാൻ കാണിച്ചു തരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം". ദൈവം കല്പിച്ചതനു സരിച്ച് മകനെ ബലി കഴിക്കുവാൻവേണ്ടി അബ്രാഹാം പുറപ്പെട്ടു. പോകുന്ന വഴിക്ക് ഇസഹാക്ക് അബ്രഹാമിനോട് ഇപ്രകാരം ചോദിച്ചു: "തീയും വിറകുമുണ്ടല്ലോ? എന്നാൽ, ദഹനബലിക്കുള്ള കുഞ്ഞാടെ വിടെ?". അബ്രാഹാം മറുപടി പറഞ്ഞു: "ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തന്നെ തരും".

www.malankaralibrary.com


ദൈവം പറഞ്ഞ സ്ഥലത്ത് അബ്രാഹാം ഒരു ബലിപീഠം പണിതു. വിറകടുക്കിയതിനുശേഷം ഇസഹാക്കിനെ ബന്ധിച്ച് അതിന്മേൽ കിടത്തി. മകനെ ബലികഴിക്കുവാൻ അബ്രാഹാം കത്തി കൈയിലെടുത്തു. ഉടനെ ആകാശത്തുനിന്ന് കർത്താവിന്റെ ദൂതൻ അബ്രാഹാമിനോട് പറഞ്ഞു: “നീ കുട്ടിയുടെമേൽ കൈ വയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി”. അപ്പോൾ മുൾച്ചെടികൾക്കിടയിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെ അബ്രാഹാം കണ്ടു. അവൻ അതിനെ ഇസഹാക്കിനു പകരം ബലി കഴിച്ചു (ഉല്പത്തി 22:1-14). അബ്രാഹാമിന്റെ ശക്തമായ വിശ്വാസപ്രകടനമാണ് ഇവിടെ നാം കാണുന്നത്.

സാറായുടെ മരണശേഷം അബ്രാഹാം ഹെബ്രോനിൽ കുറേ ഭൂമി വാങ്ങി. സാറായുടെ മരണശേഷം അബ്രാഹാം കെത്തൂറായെ വിവാഹം കഴിച്ചു. നൂറ്റെഴുപത്തഞ്ചു വർഷം അബ്രാഹാം ജീവിച്ചു. മാക്പെലാ ഗുഹയിൽ സാറായുടെ ശവകുടീരത്തിനു സമീപം അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ സംസ്കരിക്കപ്പെട്ടു.

*വിചിന്തനം: “നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും” (ഉല്പ. 12:3).*

## ഒക്ടോബർ 10 — ദാനിയേൽ നിബിയ

“ദൈവം ഭരിക്കുന്നു” എന്നാണ് ദാനിയേൽ എന്ന വാക്കിന്റെ അർത്ഥം. നെബുക്കദ്നേസർ രാജാവ് ബാബിലോണിലേക്ക് പ്രവാസികളായി കൊണ്ടുപോയ യുവാക്കന്മാരിൽപ്പെട്ട ഒരാളാണ് ദാനിയേൽ. ബാബിലോണിയൻ രാജാവായ നെബുക്കദ്നേസറിന്റെ കൊട്ടാരത്തിൽ രാജസേവനത്തിനായി ദാനിയേലും കൂട്ടുകാരും തിരഞ്ഞെടുക്കപ്പെട്ടു. വിജാതീയ ആചാരങ്ങളും പരിശീലനവും നിർബന്ധമായിരുന്നിട്ടും യഹൂദാചാരങ്ങളിലും സത്യവിശ്വാസത്തിലും വീഴ്ച വരുത്താതെ ദാനിയേൽ കൊട്ടാരത്തിൽ വസിച്ചു. രാജാവിന്റെ സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്ത ദാനിയേൽ എല്ലാവരുടെയും മുമ്പിൽ ബഹുമാനിതനായി. എന്നാൽ, ദാനിയേലിന്റെ ഉയർച്ചയിൽ അസൂയ തോന്നിയ ചിലർ നെബുക്കദ്നേസറിന്റെ പിൻഗാമിയായ ദാരിയൂസ് രാജാവിനെ സമീപിച്ചു. ‘രാജാവിനെയല്ലാതെ മറ്റാരെയെങ്കിലും

www.malankaralibrary.com


ആരാധിക്കുന്നവരെ സിംഹക്കുഴിയിൽ എറിയുമെന്ന്' ഒരു നിയമം ഉണ്ടാക്കി. സത്യദൈവത്തെ മാത്രം ആരാധിച്ചിരുന്ന ദാനിയേലിനെ സിംഹക്കുഴിയിൽ എറിയുവാൻ അവർ ദാരിയൂസ് രാജാവിനെ പ്രേരിപ്പിച്ചു. ദാനിയേൽ സിംഹക്കുഴിയിൽ എറിയപ്പെട്ടു. എന്നാൽ, ദൈവമായ കർത്താവ് ദാനിയേലിനെ സിംഹങ്ങളുടെ വായിൽ നിന്നും രക്ഷിച്ചു. ദാനിയേൽ ഇപ്രകാരം പ്രാർത്ഥിച്ചു: "ദൈവമേ, അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല" (ദാനിയേൽ 14:38).

തികഞ്ഞ ദൈവവിശ്വാസിയായിരുന്നു ദാനിയേൽ. ദൈവമായ കർത്താവിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പേരിൽ ജീവൻ ബലികഴിക്കുവാൻ പോലും ദാനിയേൽ തയ്യാറായിരുന്നു.

*വിചിന്തനം: "ഇന്ന് അങ്ങയുടെ സന്നിധിയിൽ ഞങ്ങളുടെ ബലി ഇങ്ങനെയാണ്. ഞങ്ങൾ പൂർണഹൃദയത്തോടെ അങ്ങയെ അനുഗമിക്കും; എന്തെന്നാൽ, അങ്ങയിൽ ആശ്രയിക്കുന്ന ആരും ലജ്ജിക്കേണ്ടി വരികയില്ല" (ദാനിയേൽ 3:17).*

## ഒക്ടോബർ 11 — വി. ജോൺ ഇരുപത്തിമൂന്നാമൻ

ഇറ്റലിയിലെ ബെർഗോമയിലെ ദരിദ്ര കർഷക കുടുംബത്തിൽ ജിയോവാനിയുടെയും മരിയാന്നയുടെയും പതിമൂന്ന് മക്കളിൽ മൂന്നാമത്തെ സന്താനവും ആദ്യ ആൺകുട്ടിയുമായിട്ടാണ് റൊങ്കാളി ജനിച്ചത്. മറ്റ് കുട്ടികളിൽനിന്ന് വ്യത്യസ്തനാക്കുന്ന എന്തൊക്കെയോ ചില ഘടകങ്ങൾ കൊച്ച് റൊങ്കാളിയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് അവന്റെ സമവയസ്കരും പ്രിയപ്പെട്ടവരും അവനെ കൊച്ചച്ചൻ എന്ന ഓമനപ്പേരിട്ടു വിളിച്ചു. റൊങ്കാളി ഒരു വൈദികനായി തീരുമെന്ന് എല്ലാവർക്കും ഉറപ്പായിരുന്നു. അഞ്ചാം വയസ്സിൽ സോത്തോ ഇൻ മോന്തോയിലെ ഗ്രാമീണ വിദ്യാലയത്തിൽ തന്റെ പ്രാഥമിക പഠനത്തിനായ് ചേർന്നു. ഫാ. ലൂയിജി ബോനാർഡി, ഫാ. പിയേട്രോ എന്നിവരായിരുന്നു റൊങ്കാളിയുടെ ആദ്യകാല അധ്യാപകർ. ഇറ്റാലിയന്റെയും ലാറ്റിന്റെയും ആദ്യാക്ഷരങ്ങൾ പഠിച്ച ബാലനായ റൊങ്കാളി ലാറ്റിൻ പരീക്ഷ മികച്ച നിലയിൽ പാസ്സായി. ബ്രൂസിക്കോയിലെ സാന്താ മരിയ പള്ളിയിൽ വച്ച് ആദ്യമായി ദിവ്യകാരുണ്യ ഈശോയെ സ്വീകരിച്ചു. 1887-ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു.

www.malankaralibrary.com


സേലേനയിലെ വിദ്യാഭ്യാസകാലമാണ് റൊങ്കാളിയുടെ ജീവിതത്തിൽ നിർണ്ണായകമായ വഴിത്തിരിവ് ഉണ്ടാക്കിയത്. വി. ചാൾസ് ബൊറോമിയുടെ ജീവിതവും വി. ചാൾസിന്റെ ജീവിതവും റൊങ്കാളിയുടെ ജീവിതത്തെ ഏറെ സ്വാധീനിച്ചു. 11-ാം വയസ്സിൽ തനിക്ക് ഒരു വൈദികനാകണമെന്ന ആഗ്രഹം റൊങ്കാളി തന്റെ പിതാവായ ജിയോവാനിയോട് പറഞ്ഞു. പാടത്ത് പണിയിൽ ഏർപ്പെട്ടപ്പോഴാണ് ബാലനായ റൊങ്കാളി തന്റെ ആഗ്രഹം അറിയിച്ചത്. സെമിനാരിയിൽ ചേരാൻ ധാരാളം പണം ആവശ്യമായിരുന്ന അക്കാലത്ത് മകന്റെ ആഗ്രഹം സാധിക്കാനായി ആ ദരിദ്ര കുടുംബം ഏറെ ക്ലേശിച്ചു. മകന്റെ ആഗ്രഹം സാധിക്കാനായി മരിയാന്നയാണ് ഇറങ്ങിത്തിരിച്ചത്. സന്മനസ്സുള്ള പലരോടും ആവശ്യം പറഞ്ഞ് പണം മേടിച്ച് വൈകുന്നേരമായപ്പോൾ മരിയാന്ന തിരികെയെത്തി. പഠനത്തിനുള്ള ചെലവ് വഹിക്കാൻ മോൺ. മേർലാനി സന്നദ്ധനായതോടെ റൊങ്കാളിയുടെ സെമിനാരി പ്രവേശനത്തിനുള്ള വാതിൽ തുറക്കപ്പെട്ടു. 1892 നവംബർ മാസത്തിൽ ബർഗോമ രൂപതയ്ക്കുവേണ്ടി ബ്രദർ റൊങ്കാളി തന്റെ വൈദികപഠനം ആരംഭിച്ചു. തുടർന്നുള്ള 8 വർഷം അവിടെത്തന്നെ ആയിരുന്നു. കറയറ്റ വൈദികനെയും പിൽക്കാലത്ത് മാർപാപ്പയേയും രൂപപ്പെടുത്തിയെടുക്കാനുള്ള പരിശീലനം റൊങ്കാളിക്ക് അവിടെ ലഭിച്ചു. ജൂബിലി വർഷമായ 1900-ൽ സെമിനാരിക്കാരനായ റൊങ്കാളിക്ക് റോമിൽ തിയോളജി പഠിക്കാനുള്ള അവസരമുണ്ടായി. വത്തിക്കാനെ ആഴത്തിൽ മനസ്സിലാക്കാൻ റൊങ്കാളിക്ക് ഇത് ഒരു അവസരമായി.

നിർബന്ധിത സൈനിക സേവനത്തിന്റെ ഭാഗമായി റൊങ്കാളിയുടെ റോമിലെ പഠനത്തിന് ഒരു വർഷം മുടക്കം നേരിട്ടു. പട്ടാളസേവനത്തിലെ 12 മാസക്കാലം അച്ചടക്കത്തിന്റെ കാര്യത്തിൽ പിൽക്കാലത്ത് റൊങ്കാളിക്ക് ഏറെ പ്രയോജനപ്പെട്ടു. ആത്മാക്കളെക്കുറിച്ച് ദാഹമുള്ള റൊങ്കാളി യുദ്ധം അവസാനിച്ചപ്പോൾ സെമിനാരിയിലേക്ക് മടങ്ങിവന്നു. തിയോളജി പഠനം പൂർത്തിയാക്കിയ റൊങ്കാളി 1904 ഓഗസ്റ്റിൽ ബിഷപ്പ് കാപ്പെട്ടെല്ലിൽ നിന്നും റോമിലെ സാന്താ മരിയ പള്ളിയിൽ വെച്ച് വൈദികപട്ടം സ്വീകരിച്ചു. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ തന്റെ പ്രഥമ ദിവ്യബലി അർപ്പിച്ചു. റോമിലെ ദിവ്യബലി അർപ്പിച്ചതിനുശേഷം ഫാ. റൊങ്കാളി മിലാൻ വഴി

www.malankaralibrary.com


ബെർഗോമായിലേക്ക് പോയി. സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് പള്ളിയിൽ പ്രിയപ്പെട്ടവരെയും ബന്ധുക്കളെയും സാക്ഷിനിർത്തി ഫാ. റൊങ്കാളി ദിവ്യബലി അർപ്പിച്ചു. തുടർന്ന് ഉന്നതപഠനത്തിനായി ഫാ. റൊങ്കാളി റോമിലേക്ക് തന്നെ മടങ്ങിപ്പോയി. ഇക്കാലയളവിൽ വി. പത്താം പീയൂസ് മാർപാപ്പ ബെർഗോമ രൂപതയുടെ പുതിയ അദ്ധ്യക്ഷനായി ബിഷപ്പ് തെദെസകിയെ നിയമിച്ചു. 1905-ൽ ഫാ. റൊങ്കാളി ബിഷപ്പ് തെദെസകിയായയുടെ സെക്രട്ടറിയായി നിയമിതനായി. 1905-ൽ ഈ ചുമതല ഏറ്റെടുത്ത റൊങ്കാളി 1914 ആഗസ്റ്റ് 22-ന് ബിഷപ്പിന്റെ മരണംവരെ തൽസ്ഥാനത്ത് തുടർന്നു. 1925-ൽ ഫാ. റൊങ്കാളിയെ പീയൂസ് പതിനൊന്നാമൻ മാർപാപ്പ ബൽഗേറിയായിലെ അപ്പോസ് തോലിക് വിസിറ്റേറ്ററായി നിയമിച്ചു. റൊങ്കാളി അത് നിരസിച്ചു. എന്നാൽ പരി. ദൈവമാതാവിലും വി. യൗസേപ്പിലും ആശ്രയിച്ച് ഫാ. റൊങ്കാളി തന്റെ ദൗത്യം ഏറ്റെടുത്തു. 1925 മാർച്ച് 3-ന് അരിയാ പോളീസിലെ സ്ഥാനീയ മെത്രാനായും ബൽഗേറിയായിലെ അപ്പോസ് തോലിക് വിസിറ്റേറ്ററായും മാർപാപ്പ നിയമിച്ചു. 1925 മാർച്ച് 19-ന് അദ്ദേഹം മെത്രാനായി അഭിഷിക്തനായി. 1925 മുതൽ 1935 വരെ അദ്ദേഹം ബൾഗേറിയായിൽ സേവനം ചെയ്തു. ബൾഗേറിയായിലെ ദൗത്യം പൂർത്തീകരിച്ച ബിഷപ്പ് റൊങ്കാളിയെ 1935 മുതൽ 1945 വരെ തുർക്കിയുടെയും ഗ്രീസിന്റെയും പേപ്പൽ പ്രതിനിധിയായി മാർപാപ്പ നിയമിച്ചു. 1935 ജൂലൈ 28-ന് ബിഷപ്പ് റൊങ്കാളിയുടെ പിതാവ് ജിയോവാനി മരിച്ചു. 1939 ഫെബ്രുവരി 20-ന് അമ്മയുടെ മരണവും ബിഷപ്പ് റൊങ്കാളിക്ക് നഷ്ടങ്ങളുടെ വേദന സമ്മാനിച്ചു. പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ 1945 മുതൽ 1952 വരെ ബിഷപ്പ് റൊങ്കാളിയെ പാരീസിന്റെ അപ്പോസ്തോലിക് ന്യൂൺഷ്യോയായി നിയമിച്ചു.

ബിഷപ്പ് റൊങ്കാളിയുടെ അജപാലന ശുശ്രൂഷയുടെ മികവ് കണ്ട് 1952 നവംബർ 22-ന് അദ്ദേഹത്തിന് കർദ്ദിനാൾ പദവി ലഭിക്കുമെന്ന അറിയിപ്പ് വത്തിക്കാനിൽ നിന്ന് ഉണ്ടായി. 1953 ജനുവരി 12-ന് കർദ്ദിനാൾ പദവിയിലേക്ക് ബിഷപ്പ് റൊങ്കാളിയെ വത്തിക്കാൻ ഉയർത്തി. 1952 ഡിസംബർ 28 വെനീസിലെ പാത്രയാർക്കീസ് മോൺസിഞ്ഞോർ കാർലോ അഗോസ്റ്റിനി കാലം ചെയ്തതിനാൽ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ റൊങ്കാളിയെ വെനീസിലെ പാത്രിയാർക്കീസായി നിയമിച്ചു. 1955 മുതൽ 1983 വരെ

www.malankaralibrary.com



പാത്രിയാർക്കീസായി കർദ്ദിനാൾ റൊങ്കാളി വെനീസിൽ സേവനം ചെയ്തു. തന്റെ വെനീസിലെ ശുശ്രൂഷാ കാലയളവിലാണ് പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ കാലം ചെയ്യുന്നത്. മാർപാപ്പയുടെ മരണശേഷം പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാൻ കർദ്ദിനാൾ റൊങ്കാളി അവിടെനിന്ന് യാത്രയായി. 1958 ഒക്ടോബർ 28-ന് ദൈവനിയോഗപ്രകാരം വെനീസിലെ പാത്രിയർക്കീസ് കർദ്ദിനാൾ ആഞ്ചലോ ജൂസേപ്പേ റൊങ്കാളിയെ പുതിയ പാപ്പായായി കോൺക്ലേവ് തിരഞ്ഞെടുത്തു. ജോൺ ഇരുപത്തിമൂന്നാമൻ എന്ന നാമമാണ് അദ്ദേഹം സ്വീകരിച്ചത്. അഞ്ചു വർഷം നീണ്ടുനിന്ന ഇദ്ദേഹത്തിന്റെ പാപ്പാജീവിതം വഴി ലോകം മുഴുവനും സൗമ്യനും മാന്യനും ഊർജ്ജസ്വലനുമായ ഒരു നല്ല ഇടയന്റെ ചിത്രമാണ് സമ്മാനിച്ചത്. തടവുകാരെയും രോഗികളെയും സന്ദർശിക്കുക വഴി കാരുണ്യത്തിന്റെ ക്രിസ്തീയ മാതൃക അദ്ദേഹം ലോകത്തിന് തുറന്നു നല്കി. സഭയെ നവീകരിക്കാനായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടാൻ ദൈവം നിയോഗിച്ചത് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയെയാണ്. 1963 ജൂൺ 3-ാം തീയതി ജോൺ ഇരുപത്തിമൂന്നാം മാർപാപ്പ ഇഹലോകവാസം വെടിഞ്ഞു. 2014 ഏപ്രിൽ 27-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പയോടൊപ്പം ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

*വിചിന്തനം:- "നാമെല്ലാവരും ദൈവികഭവനത്തിലേക്ക് പോകേണ്ട വരാണ്. കർത്താവിന്റെ ഒരു പുരോഹിതന് ഇതിനെക്കാൾ നല്ലതായി ഇനിയൊന്നും കിട്ടാനില്ല. ഞാൻ തികച്ചും ശാന്തനാണ്, സംതൃപ്തനാണ്, ദൈവം എന്നിൽ നിന്ന് ആഗ്രഹിക്കുന്നതുപോലെ ഞാനെല്ലാം തയ്യാറാക്കി കഴിഞ്ഞു" (വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ).*

## ഒക്ടോബർ 11 — മാർ ഫീലിപ്പോസ് ശെമ്മാശൻ

ആദിമസഭയിൽ അപ്പസ്തോലന്മാരെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ട 7 ശെമ്മാശ്ശന്മാരിൽ ഒരാളായിരുന്നു ഫീലിപ്പോസ് ശെമ്മാശ്ശൻ (അപ്പ. പ്രവ. 6). ദരിദ്രരെ പരിപാലിക്കുക എന്നതായിരുന്നു അവരുടെ പ്രധാന ദൗത്യം. സ്തേഫാനോസിന്റെ രക്തസാക്ഷിത്വ ത്തിന് ശേഷം സമരിയായിലേക്ക് പോവുകയും അവിടെയുള്ളവരോട്

www.malankaralibrary.com


ക്രിസ്തുവിനെപ്പറ്റി പ്രഘോഷിക്കുകയും ചെയ്തു. ഫീലിപ്പോസിന്റെ കരങ്ങൾ വഴി ദൈവം അവിടെ അടയാളങ്ങൾ പ്രവർത്തിച്ചു. അനേകം രോഗികളും മുടന്തരും സൗഖ്യം പ്രാപിച്ചു. ഫീലിപ്പോസിന്റെ പ്രസംഗം മൂലം സമരിയായിലുണ്ടായിരുന്ന ശിമയോൻ എന്ന മന്ത്രവാദി ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചു.

ദൈവദൂതന്റെ പ്രത്യേക നിർദ്ദേശപ്രകാരം ഫീലിപ്പോസ് ജറുസലേമിൽ നിന്ന് ഗാസയിൽ എത്തി. അവിടെവച്ച് എത്യോപ്യാ രാജ്ഞിയുടെ ഭണ്ഡാര വിചാരിപ്പുകാരനായ ഷ്ണ്ഡനെ കണ്ടുമുട്ടി. അവൻ രഥത്തിലിരുന്ന് ഏശയ്യാ പ്രവാചകന്റെ പ്രവചനങ്ങൾ വായിക്കുകയായിരുന്നു. അവൻ സഞ്ചരിച്ചിരുന്ന രഥത്തിനോട് ചേർന്ന് നടക്കാൻ രഥത്തിന്റെ ആത്മാവ് ഫീലിപ്പോസിനോട് പറഞ്ഞു. അങ്ങനെ ഫീലിപ്പോസ് പ്രവർത്തിച്ചു. അവൻ വായിച്ചിരുന്ന വി. ഗ്രന്ഥത്തിന്റെ പൊരുൾ അദ്ദേഹത്തിന് അവൻ വ്യാഖ്യാനിച്ചു കൊടുക്കുകയും ആ ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ദൈവാത്മാവ് അവനെ സംവഹിച്ചുകൊണ്ട് അനോത്തോസിൽ എത്തിച്ചു. അവൻ എല്ലാ നഗരങ്ങളിലും സുവിശേഷം പ്രഘോഷിച്ചിട്ട് കേസറിയായിൽ തിരിച്ചെത്തി. അപ്പ. പ്രവ. 21:8–9–ൽ ജറുസലേമിലേക്കുള്ള യാത്രമദ്ധ്യേ പൗലോസും സഹകാരികൾക്കും ആതിഥ്യമരുളുന്ന ഫീലിപ്പോസിനെ നാം കണ്ടുമുട്ടുന്നു. പൗലോസും സഹകാരികളും ഫീലിപ്പോസിന്റെ വീട്ടിൽ താമസിച്ചു എന്നും ഫീലിപ്പോസിന് കന്യകമാരും പ്രവചനവരം ലഭിച്ച നാല് പുത്രിമാരും ഉണ്ടായിരുന്നുവെന്നും നാം ഇവിടെ വായിക്കുന്നു. സുവിശേഷപ്രസംഗകനായ ഫീലിപ്പോസ് എന്നാണ് അപ്പ. പ്രവ. 21:8–9–ൽ വിശേഷിപ്പിക്കുന്നത്. ചില പാരമ്പര്യങ്ങളിൽ ത്രാളസിലെ മെത്രാനായിരുന്നു എന്നും അദ്ദേഹം പറയപ്പെടുന്നു.

*വിചിന്തനം: "ഫീലിപ്പോസ് സമരിയായിലെ ഒരു നഗരത്തിൽ ചെന്ന് അവിടെയുള്ളവരോട് ക്രിസ്തുവിനെപ്പറ്റി പ്രഘോഷിച്ചു. ഫീലിപ്പോസിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്ത ജനക്കൂട്ടം അവൻ പറഞ്ഞ കാര്യങ്ങൾ ഏകമനസ്സോടെ ശ്രദ്ധിച്ചു" (അപ്പ. പ്രവ. 8:5–6).*

www.malankaralibrary.com


## ഒക്ടോബർ 13 കാർപ്പോസ്

പൗലോസ് ശ്ലീഹായുടെ പ്രേഷിത ശുശ്രൂഷയിലെ സഹായിയാണ് കാർപ്പോസ്. അനേകം വിജാതീയരെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹം മാക്സിഡോണിലെ മെത്രാൻ ആയിരുന്നു എന്നും പറയുന്നു. ദിവസവും അനേകം അത്ഭുതങ്ങൾ അദ്ദേഹം ചെയ്തിരുന്നു. ത്രോവോസിൽ അദ്ദേഹം പ്രസംഗിച്ചതായും പറയുന്നു. 2 തിമോത്തിയോസ് 4:13-ൽ അദ്ദേഹത്തിന്റെ സ്ഥാനം സഭയിൽ എത്രമാത്രം വലുതാണ് എന്ന് നമുക്ക് മനസ്സിലാവും.

*വിചിന്തനം: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28:20).*

## ഒക്ടോബർ 15 ആവിലായിലെ അമ്മത്രേസ്യ

1515-ൽ സ്പെയിനിലെ ആവില എന്ന സ്ഥലത്തു ഡോൺ അലോൻസോ സാഞ്ചെസ് സെപാഡയുടേയും ഡോണ ബിയാട്രിസ് ഡവീലയുടേയും മകളായാണ് ത്രേസ്യാ ജനിച്ചത്. തന്റെ ഏഴാമത്തെ വയസ്സിൽ യേശുവിന് വേണ്ടി രക്തസാക്ഷിത്വം വരിക്കുന്നതിനായി അവൾ ആഫ്രിക്കയിലേക്ക് പോയെങ്കിലും, അവളെ അവളുടെ അമ്മാവൻ തിരികെ കൊണ്ട് വന്നു. അവളുടെ 12-ാമത്തെ വയസ്സിൽ തന്റെ അമ്മയുടെ മരണത്തോടെ മാതൃതുല്യമായി തന്നെ കാത്ത് സൂക്ഷിക്കുന്നതിനായി അവൾ പരിശുദ്ധ മറിയത്തോട് നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നു. അമ്മയുടെ മരണശേഷം അവളെ അഗസ്തീനിയൻ കന്യാസ്ത്രീകളാണ് വളർത്തിയത്.

കന്യകാലയത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിൽ കിനിഞ്ഞിറങ്ങിയ ആത്മീയ ചിന്തകൾ ത്രേസ്യായെ സന്ന്യാസത്തിലേക്ക് ആകർഷിച്ചു. 1533-ൽ അവൾ കർമ്മല സഭയിലെ അംഗമായി ചേർന്നു. ഏതാണ്ട് പതിനെട്ട് വർഷത്തോളം ശാരീരിക വേദനയും അദ്ധ്യാത്മിക ബുദ്ധിമുട്ടുകളും അവളെ അലട്ടികൊണ്ടിരുന്നു. ദൈവിക പ്രചോദനത്താൽ പിയൂസ് നാലാമൻ മാർപാപ്പയുടെ അനുവാദത്തോടെ അവൾ കർമ്മല സഭയെ നവീകരിക്കുക എന്ന ദൗത്യം ഏറ്റെടുത്തു. കഠിനമായ എതിർപ്പു

www.malankaralibrary.com


കളും നിരന്തരം ബുദ്ധിമുട്ടുകളും തരണം ചെയ്ത വിശുദ്ധ ഏതാണ്ട് 32-ഓളം പുതിയ മഠങ്ങൾ സ്ഥാപിച്ചു.

അവസാനംവരെ കർമ്മനിരതയായിരുന്ന ത്രേസ്യാ, നവീകൃത സന്ന്യാസസമൂഹങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെട്ട് കിഴക്കൻ സ്പെയിനിലെ അൽബായിലേക്ക് നടത്തിയ വിഷമപൂർണമായ ഒരു യാത്രയ്ക്കിടയിൽ തീർത്തും അവശയായി. 1582 ഒക്ടോബർ 4-ന് "ദൈവമേ, ഞാൻ തിരുസഭയുടെ ഒരു മകളാണ്" എന്ന് ഉച്ചരിച്ചുകൊണ്ട് അവൾ മരിച്ചു. സ്പെയിനിലെ അൽബായിലുള്ള കർമ്മല പള്ളിയുടെ അൾത്താരയിലെ ഉന്നത പീഠത്തിൽ ആണ് അവളുടെ വിശുദ്ധ ശരീരം അടക്കം ചെയ്തത്. പതിനഞ്ചാം ഗ്രിഗോറിയോസ് മാർപാപ്പ 1622-ൽ ത്രേസ്യായെ വിശുദ്ധ പദവിയിലേക്കുയർത്തി. ആവിലായിലെ ത്രേസ്യയെ 'മാലാഖയെപ്പോൽ പരിശുദ്ധയായ കന്യക' എന്ന വിശേഷണത്തോട് കൂടിയാണ് സഭ ആദരിക്കുന്നത്. പരിശുദ്ധ പിതാക്കന്മാരാൽ നമുക്ക് അറിവായിട്ടുള്ളതും ക്രമരഹിതവും അവ്യക്തവും ആയ നിഗൂഢവുമായ ആന്തരിക ജീവിതത്തിന്റെ രഹസ്യങ്ങൾ ക്രമവും വ്യക്തവുമാക്കിയത് വിശുദ്ധയാണ്. അവളുടെ രചനകളെല്ലാം തന്നെ ആദ്ധ്യാത്മിക നിഗൂഢതയുടെ ഇതിഹാസങ്ങളാണ്. ഫ്രാൻസിസ് ഡി. സാലസ്, അൽഫോൺസ് ലിഗോരി തുടങ്ങിയ പിൽക്കാല വിദഗ്ധർ എല്ലാവരും തന്നെ വിശുദ്ധയുടെ ആദ്ധ്യാത്മികദർശന രീതിയെ അംഗീകരിച്ചിട്ടുണ്ട്.

*വിചിന്തനം:- 1. "സഹോദരസ്നേഹം സ്വാഭാവികമായ യാതൊരു പ്രേരണയും കൂടാതെ പരിശുദ്ധമായിരിക്കണം".*

*2. വിശുദ്ധിയാണ് ജീവിതത്തിന്റെ സുഗന്ധം (അവിലായിലെ അമ്മ ത്രേസ്യ).*

## ഒക്ടോബർ 17 സുവിശേഷകനായ വിശുദ്ധ ലൂക്കോസ്

സുവിശേഷം എഴുതിയ നാലു പേരിൽ ഒരാളും 'അപ്പസ്തോല പ്രവർത്തനങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ വിശുദ്ധ ലൂക്കായെകുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ കൊളോസോസ്സുകാർക്കുള്ള ലേഖനത്തിൽ 'ലൂക്കാ, പ്രിയങ്കരനായ വൈദ്യൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പൗരാണിക ലിഖിതങ്ങളിൽ നിന്നും പഴയ സഭാ ചരിത്രകാരന്മാരിൽ നിന്നും കുറച്ച് വിവരങ്ങൾ മാത്രമേ അദ്ദേ

www.malankaralibrary.com


ഹത്തിന്റെ ജീവിതത്തെ കുറിച്ച് നമുക്ക് അറിവായിട്ടുള്ളൂ. ഗ്രീക്ക് വംശജനായ അവിശ്വാസിയായിട്ടാണ് ലൂക്കാ ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.

ലൂക്കായുടെ സുവിശേഷത്തിൽ അദ്ദേഹം വിജാതീയരെ സുവിശേഷവൽക്കരിക്കുന്നതിനു കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നതായി കാണാം. നല്ല സമരിയാക്കാരന്റെ ഉപമ (ലൂക്കാ. 10:25-37). വിജാതീയ വിധവയുടെ വിശ്വാസത്തെ യേശു പുകഴ്ത്തുന്ന സംഭവം (ലൂക്കാ. 7:11-17), സിറിയാക്കാരനായ നാമാനെപ്പറ്റിയുള്ള പരാമർശം (ലൂക്ക. 4:27) എന്നിവ ഈ സുവിശേഷത്തിൽ മാത്രമേ നാം കാണുന്നുള്ളൂ.

പഴയ സഭാചരിത്രകാരനായ എവുസേബിയൂസിന്റെ അഭിപ്രായത്തിൽ ലൂക്ക സിറിയയിലെ അന്ത്യോക്യയിലാണ് ജനിച്ചത്. ഒരു വൈദ്യനായിരുന്നതിനാൽ അദ്ദേഹം സമ്പന്നനാണെന്ന് കരുതപ്പെടുന്നു. എന്നാൽ ലൂക്കാ ഒരു അടിമയായിട്ടാണ് ജനിച്ചതെന്ന് പണ്ഡിതന്മാർക്കിടയിൽ ഒരു അഭിപ്രായമുണ്ട്. വീട്ടിലിരുന്നു ചികിത്സിക്കുന്ന ഒരു വൈദ്യനായിരുന്നിരിക്കാം വിശുദ്ധ ലൂക്കാ.

വിശുദ്ധ പൗലോസ് ശ്ലീഹാ മാത്രമല്ല, ഏവുസേബിയൂസ്, വിശുദ്ധ ജെറോം, വിശുദ്ധ ഐറേനിയോസ് എന്നിവർ വിശുദ്ധ ലൂക്കായെ ഒരു വൈദ്യനായി പരാമർശിച്ചിട്ടുണ്ട്. ക്രിസ്തീയ വിശ്വാസത്തിലേക്കുള്ള അദ്ദേഹത്തിന്റെ പരിവർത്തനത്തെപ്പറ്റി കൃത്യമായ വിവരങ്ങളില്ല.

ലൂക്കാ വിശുദ്ധ പൗലോസ് ശ്ലീഹായുടെ വിശ്വസ്ത സഹപ്രവർത്തകൻ ആയിരുന്നു. പൗലോസ് ശ്ലീഹാ 61-ൽ റോമിൽ തടവിലാക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ലൂക്കാ തുടർന്നു. എല്ലാവരും പൗലോസ് ശ്ലീഹായെ ഉപേക്ഷിച്ചപ്പോൾ ലൂക്ക മാത്രമായിരുന്നു അവസാനംവരെ അദ്ദേഹത്തിന്റെ ഒപ്പം നിന്നത്. "ലൂക്ക മാത്രം എന്റെ ഒപ്പം ഉണ്ട്" (2 തിമോത്തി 4:1) എന്ന വചനത്തിൽ ഇത് സ്പഷ്ടമാണ്.

ലൂക്കായുടെ പ്രവർത്തനങ്ങൾക്കും സുവിശേഷങ്ങൾക്കും പ്രചോദനമായത് പൗലോസ് ശ്ലീഹായും അദ്ദേഹത്തിന്റേ സഹപ്രവർത്തകരുമായുള്ള ലൂക്കായുടെ അടുപ്പം ആയിരുന്നു. തന്റെ സവിശേഷത്തിന്റേ മുഖവുരയിൽ തന്നെ ലൂക്കാ ഇത് വ്യക്തമാക്കുന്നുണ്ട്. ക്രിസ്തുവിനെകുറിച്ചുള്ള ലൂക്കായുടെ വീക്ഷണം അദ്ദേഹത്തിന്റെ

www.malankaralibrary.com



സുവിശേഷത്തിലെ ആറു അത്ഭുതങ്ങളിലും പതിനെട്ടോളം ഉപമകളിലുമായി കാണാവുന്നതാണ്. ലൂക്കാ സാമൂഹ്യ നീതിയുടെയും പാവപ്പെട്ടവരുടെയും സുവിശേഷകനാണ്. ലാസറിന്റെയും അവനെ അവഗണിച്ച ധനികന്റെയും കഥ നമ്മോടു പറഞ്ഞത് ലൂക്കയാണ് (ലൂക്കാ. 16:19–31). "ദൈവം ശക്തിമാന്മാരെ സിംഹാസനത്തിൽ നിന്നും താഴെയിറക്കുകയും, പാവങ്ങളെ ഉയർത്തുകയും; വിശക്കുന്നവർക്ക് ഭക്ഷിക്കാൻ നൽകുകയും ധനികരെ ദരിദ്രരാക്കുകയും ചെയ്യും" (ലൂക്ക. 1:52–53) തുടങ്ങിയ കന്യകാമറിയത്തിന്റെ ദൈവസ്തുതികൾ നാം കേൾക്കുന്നത് ലൂക്കായുടെ സുവിശേഷത്തിൽ നിന്നുമാണ്. യേശുവിന്റെ ജീവിതവുമായി ബന്ധമുള്ള സ്ത്രീകളെകുറിച്ചുള്ള പരാമർശവും ലൂക്കായുടെ സുവിശേഷത്തിന്റെ പ്രത്യേകതയാണ് (ലൂക്ക. 8:1–3). തിരുകുമാരന്റെ ജനനത്തെകുറിച്ചുള്ള മംഗളവാർത്തയും, മേരി എലിസബത്തിനെ സന്ദർശിക്കുന്നതും, യേശുവിനെ ജെറുസലേം ദേവാലയത്തിൽ വച്ച് കാണാതാവുന്നതും മറ്റും ലൂക്കായുടെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്.

"നന്മ നിറഞ്ഞ മറിയമേ നിനക്ക് സ്തുതി, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു, അങ്ങയുടെ ഉദരത്തിന്റെ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു" എന്ന പ്രാർത്ഥനയ്ക്ക് നാം യഥാർത്ഥത്തിൽ ലൂക്കോയോടാണ് നന്ദി പറയേണ്ടത് (ലൂക്ക. 1:39–41). ലൂക്കായുടെ സുവിശേഷങ്ങൾ വായിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ സ്വഭാവം നമുക്കു മനസ്സിലാക്കാൻ സാധിക്കും. ദരിദ്രരെ സ്നേഹിക്കുന്ന, ദൈവരാജ്യത്തിന്റെ കവാടങ്ങൾ സകലർക്കുമായി തുറക്കണമെന്നാഗ്രഹിക്കുന്ന, സ്ത്രീകളെ ബഹുമാനിക്കുന്ന, സകലർക്കും മേൽ വർഷിക്കുന്ന ദൈവകാരുണ്യത്തിൽ പ്രതീക്ഷ അർപ്പിക്കുന്ന ലൂക്കായെ ദർശിക്കാനാവും.

വിശുദ്ധ പൗലോശ്ലീഹായുടെ മരണത്തിന് ശേഷമുള്ള ലൂക്കായുടെ ജീവിതത്തെകുറിച്ച് ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. ചില പഴയ എഴുത്തുകാരുടെ അഭിപ്രായത്തിൽ ലൂക്ക രക്തസാക്ഷിത്വം വരിച്ചതായി കാണുന്നു. വേറെ ചിലർ പറയുന്നത് അദ്ദേഹം വളരെയേറെ കാലം ജീവിച്ചതിന് ശേഷമാണ് മരിച്ചതെന്നാണ്. വേറെ ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം ഗ്രീസിൽ സുവിശേഷം പ്രസംഗിച്ചു എന്നും വേറെ ചിലർ ഗൗളിൽ സുവിശേഷം പ്രസംഗിച്ചു എന്നും വാദിക്കുന്നു.

www.malankaralibrary.com


പഴയ വിശ്വാസം അനുസരിച്ച് ഗ്രീസിൽ സുവിശേഷം എഴുതിക്കൊണ്ടിരിക്കെ തന്റെ 84-ാമത്തെ വയസ്സിൽ ബോയെട്ടിയ എന്ന സ്ഥലത്ത് വിശുദ്ധൻ മരണമടഞ്ഞു എന്നാണ് കരുതപ്പെടുന്നത്. മറ്റൊരു പാരമ്പര്യ വിശ്വാസമനുസരിച്ചു ലൂക്കാ ഒരു ചിത്രകാരനായിരുന്നു. ഈ വിശ്വാസംമൂലം ഇദ്ദേഹത്തെ ചിത്രകാരന്മാരുടെ മധ്യസ്ഥനായി ചിലർ വിശ്വസിക്കുകയും പരിശുദ്ധ മറിയത്തിന്റെ ചിത്രങ്ങൾ വരച്ചിട്ടുള്ളതായി കരുതുകയും ചെയ്യുന്നു. വൈദ്യന്മാരുടെ മധ്യസ്ഥനായാണ് വിശുദ്ധ ലൂക്കാ ആദരിക്കപ്പെടുന്നത്.

*വിചിന്തനം:- ''അതാകട്ടെ ആദിമുതൽ തന്നെ വചനത്തിന്റെ ദൃക്സാക്ഷികളും ശുശ്രൂഷകൻമാരും ആയിരുന്നവർ നമുക്ക് ഏൽപിച്ചു തന്നിട്ടുള്ളതനുസരിച്ചാണ്" (ലൂക്കാ. 1:2).*

## ഒക്ടോബർ 20 — ജോയേൽ നിബിയ

റൂബൻ ഗോത്രത്തിൽപ്പെട്ട ബഥുവേലിന്റെ മകനാണ് ജോയേൽ പ്രവാചകൻ. 'യഹോവ ദൈവം' എന്നാണ് ജോയൽ എന്ന വാക്കിന്റെ അർത്ഥം. ചെറിയ പ്രവാചകന്മാരിൽ രണ്ടാമത്തെ പ്രവാചകനാണ് ജോയേൽ.

മൂന്ന് അധ്യായങ്ങളായി ജോയേൽ പ്രവാചകന്റെ പുസ്തകത്തെ തിരിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ അവർ ചെയ്ത പാപങ്ങൾ നിമിത്തം ഇസ്രായേൽ ജനതയുടെ ദുരിതങ്ങളും ബാബിലോണിയൻ പ്രവാസവും ജോയേൽ പ്രവചിച്ചു. ദൈവം ഉപമയെ വിശുദ്ധീകരിക്കുകയും കർത്താവിനോട് നിലവിളിക്കുകയും ചെയ്യണമെന്ന് അവൻ ജനങ്ങളോട് ഉപവാസത്തിനും പുരോഹിതന്മാർ കണ്ണീരോടെ അനുതപിക്കുന്ന പ്രാർത്ഥനയ്ക്കും വിളിച്ചു (ജോയേൽ 1:14); "കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും യാഗപീഠത്തിനും ഇടയിൽ കരയട്ടെ" (ജോയേൽ 2:17). "കർത്താവിന്റെ ദിവസം അടുത്തുവരുന്നു'' (ജോയേൽ 1:15), മാനസാന്തരം ആവശ്യമാണ് എന്നതാണ് പുസ്തകത്തിന്റെ കേന്ദ്ര സന്ദേശം. സീയോനിൽ കാഹളം മുഴക്കണമെന്നും പർവതത്തിൽ വിളംബരം നടത്തണമെന്നും പ്രവാചകൻ ആവശ്യപ്പെടുന്നു. വരാനിരിക്കുന്ന ഇരുട്ടിനെ കുറിച്ചും എല്ലാവരെയും ബോധവാന്മാരാക്കണം. അവൻ കരുണയും കരുണയുള്ളവനുമായതിനാൽ ജനങ്ങളെ പൂർണഹൃദയത്തോടെ ദൈവത്തിങ്കലേക്ക്

www.malankaralibrary.com



തിരിയാൻ അവർ ആഹ്വാനം ചെയ്തു. പെന്തിക്കൊസ്തി നാളിൽ പരിശുദ്ധാത്മാവിന്റെ വരവിനെക്കുറിച്ചും (ജോയേൽ 2:28) നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ രക്ഷയും ശക്തിയും അവൻ മുൻകൂട്ടി പറഞ്ഞു (ജോയേൽ 2:32). ദൈവത്തിന്റെ ഭയാനകമായ ന്യായവിധിയെക്കുറിച്ച് അവൻ പ്രവചിക്കുകയും വിവരിക്കുകയും ചെയ്തു.

*വിചിന്തനം:- "എല്ലാവരുടെയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. യുവാക്കൾക്ക് ദർശനമുണ്ടാകും" (ജോയേൽ 2:28).*

## ഒക്ടോബർ 22 — വി. ജോൺ പോൾ രണ്ടാമൻ

1920 മെയ് 18-ന് എമിലിയ-കരോൾ വോയ്റ്റീവ എന്നീ ദമ്പതികളുടെ മകനായി പോളണ്ടിലെ വഡോവീസിലാണ് ജോൺപോൾ മാർപാപ്പയുടെ ജനനം. തന്റെ ബാല്യകാലത്തിൽ തന്നെ അനേകം വേദനകളിലൂടെ വിശുദ്ധൻ കടന്നുപോയി. തന്റെ ബാല്യകാല ജീവിതത്തിൽത്തന്നെ അദ്ദേഹത്തിന്റെ അമ്മയേയും മൂത്ത സഹോദരനേയും പിതാവിനെയും നഷ്ടപ്പെട്ടു.

തന്റെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1938 കാർകോവിൽ ജാഗല്ലോനിയൻ സർവകലാശാലയിൽ ചേർന്നു. 1939 നാസികൾ ഈ സർവകലാശാല അടച്ചപ്പോൾ ജർമ്മനിയിലേക്ക് നാടുകടത്തപ്പെടാതിരിക്കാൻ അടുത്തുള്ള ഒരു ഖനിയിൽ ജോലി ചെയ്തു ജീവിതം മുന്നോട്ടുകൊണ്ടുപോയി.

പൗരോഹിത്യജീവിതം ആഗ്രഹിച്ച അദ്ദേഹം അഡംസ്റ്റെഫാൻ സഫീഹാ മെത്രാപ്പോലീത്തായുടെ ഉപദേശപ്രകാരം ക്രാക്കോവിലെ സെമിനാരിയിൽ ചേർന്നു. 1946-ൽ ക്രാക്കോവിൽ വച്ച് അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം 1948-ൽ കർദ്ദിനാൾ സഫീഹായുടെ നിർദ്ദേശപ്രകാരം വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടാൻ റോമിലേക്ക് പോയി. പഠനം പൂർത്തീകരിച്ച അദ്ദേഹം 1948-ൽ പോളണ്ടിൽ തിരിച്ചു വരികയും നിയോഗോവിച്ച് ഇടവകയുടെ സഹവികാരിയായി നിയമിതനായി. തന്റെ പൗരോഹിത്യജീവിതത്തിൽ തത്ത്വശാസ്ത്രത്തിലും

www.malankaralibrary.com


ദൈവശാസ്ത്രത്തിലും ആഴമായ വിജ്ഞാനം നേടി. എല്ലാ വിഷയ ങ്ങളിലും ആഴമായ അറിവുണ്ടായിരുന്ന അദ്ദേഹം കാക്കോവിലെ സെമിനാരിയിലെ ധാർമ്മിക ദൈവശാസ്ത്ര അധ്യാപകനായി നിയമിത നായി. 1958 ജൂലൈ 4-ന് പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ ഫാദർ കരോളിനെ ക്രാക്കോവിലെ സഹായമെത്രാനായി നിയമിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ പോളിഷ് മെത്രാന്മാരുടെ പ്രതിനിധിയായി ബിഷപ് വോയിറ്റീവാ പങ്കെടുത്തു. കൗൺസിലിന്റെ എല്ലാ സമ്മേളന ങ്ങളിലും ക്രിയാത്മകമായി സംബന്ധിച്ചു. ഈ വത്തിക്കാൻ കൗൺ സിലിൽ 13 പ്രബന്ധങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ചർച്ചകളിൽ ചോദ്യങ്ങൾ ഉന്നയിച്ചും ആശയങ്ങൾ പങ്കുവച്ചും അദ്ദേഹം ശ്രദ്ധനേടി. "സഭ ആധുനികലോകത്തിൽ" എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ എഡിറ്റു ചെയ്തതും അദ്ദേഹമായിരുന്നു. പരിശുദ്ധാ ത്മാവിന്റെ സെമിനാരി എന്നാണ് അദ്ദേഹം വത്തിക്കാൻ കൗൺസിലിനെ വിളിച്ചത്. 1964 മാർച്ച് 8-ന് പോൾ ആറാമൻ മാർപാപ്പ അദ്ദേഹത്തെ കാർകോവിലെ ആർച്ചുബിഷപ്പായി നിയമിച്ചു. 1967 മെയ് 29-ന് അദ്ദേഹത്തെ പോൾ ആറാമൻ മാർപാപ്പ കർദ്ദിനാളായി ഉയർത്തി. 1978 ആഗസ്റ്റ് 7-ന് പോൾ ആറാമൻ മാർപാപ്പ ദിവംഗതനായതിനെ ത്തുടർന്ന് പുതിയ പാപ്പായെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് 1978 ആഗസ്റ്റ് 25-ന് തുടങ്ങി. ആഗസ്റ്റ് 26-ന് പുതിയ പാപ്പായെ തെരഞ്ഞെടുത്തു. ഇറ്റലിക്കാരായ ആൽബിൻ ലൂച്ചിയാനിയായിരുന്നു പുതിയ മാർപാപ്പ. അദ്ദേഹം ജോൺ പോൾ ഒന്നാമൻ എന്ന പേര് സ്വീകരിച്ചു. 33 ദിവസത്തെ സഭാശുശ്രൂഷയ്ക്ക് ശേഷം 1978 സെപ്റ്റംബർ 29-ന് ജോൺ പോൾ ഒന്നാമൻ മാർപാപ്പ കാലം ചെയ്തു. പുതിയ പാപ്പായെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് 1978 ഒക്ടോബർ 14-ാം തീയതി തുടങ്ങി. 1978 ഒക്ടോബർ 16-ന് കർദ്ദിനാൾ കരോൾ വൊയിറ്റീവ പുതിയ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. ജോൺ പോൾ രണ്ടാമൻ എന്ന പേര് സ്വീകരിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്ത വിശുദ്ധൻ സഭയുടെ അജപാലന ഭരണഘടനയുടെ നിർമ്മാണത്തിൽ പ്രധാന പങ്കുവഹിച്ചു. 1978 ഒക്ടോബർ 26-ാം തീയതി വിശുദ്ധനെ സഭയുടെ മാർപാപ്പയായി തിരഞ്ഞെടുത്തു. വി. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ തീക്ഷ്ണമായ അജപാലനശുശ്രൂഷ നടത്തി.

www.malankaralibrary.com


ലോക യുവജനദിനം സഭയിൽ ആരംഭിച്ചത് മൂലം ധാരാളം യുവാക്കളെയും യുവതികളെയും സഭയിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ലോകം മുഴുവനും പ്രേഷിത സന്ദർശനങ്ങൾ നടത്തിയ അദ്ദേഹം ശാരീരികമായി ക്ഷീണിച്ചു. 2005 ഏപ്രിൽ 2-ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ നിത്യസമ്മാനത്തിനായി ഈ ലോകത്തോട് വിടപറഞ്ഞു. ഏപ്രിൽ 8-ാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കായിലെ കല്ലറയിൽ അദ്ദേഹത്തെ അടക്കം ചെയ്തു. 2011 മെയ് 1-ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 2014 ഏപ്രിൽ 27-ന് ഫ്രാൻസിസ് മാർപാപ്പ ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ വിശുദ്ധനായി പ്രഖ്യാപിച്ചു.

വിശ്വതീർത്ഥാടകൻ എന്നാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ അറിയപ്പെട്ടിരുന്നത്. ലോകത്തിലുള്ള രാജ്യങ്ങളിൽ 5-ൽ മൂന്ന് രാജ്യങ്ങളിലും അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. 35 രാജ്യങ്ങളിൽ ഒന്നിലേറെ തവണ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ആ സന്ദർഭത്തിൽ വച്ച് കോട്ടയത്ത് 1986 ഫെബ്രുവരി 8-ന് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും അൽഫോൻസാമ്മയെയും വാഴ്ത്തപ്പെട്ട വരുടെ ഗണത്തിലേക്ക് ഉയർത്തി. അദ്ദേഹത്തിന്റെ മാർപാപ്പ ശുശ്രൂഷാ വേളയിൽ 180 ഓളം പേരെ കർദ്ദിനാളൻമാരും 2000-ൽ അധികംപേരെ മെത്രാന്മാരായും നിയമിച്ചിട്ടുണ്ട്. 1338 പേരെ വാഴ്ത്തപ്പെട്ടവരായും 482 പേരെ വിശുദ്ധരായും ഉയർത്തിയിട്ടുണ്ട്. പരി. അമ്മയോട് ബന്ധം പുലർത്തിയിരുന്ന മാർപാപ്പ ജപമാലയിൽ പ്രകാശത്തിന്റെ ദിവ്യരഹസ്യം കൂട്ടിച്ചേർത്തു.

*വിചിന്തനം:- "സഭയ്ക്കുവേണ്ടിയുള്ള മിശിഹായുടെ സ്നേഹ ബലിയുടെ മാതൃകയെന്ന നിലയിൽ വിശുദ്ധ കുർബാന സ്നേഹത്തിന്റ ഒരു നീരുറവയാണ്. ദിവ്യകാരുണ്യമെന്ന സ്നേഹദാനത്തിൽ ക്രിസ്തീയ കുടുംബം അതിന്റെ ഐക്യത്തിന്റെയും ഔന്നത്യ ത്തിന്റെയും അടിസ്ഥാനവും ആത്മാവും കണ്ടെത്തുന്നു. ദിവ്യകാരുണ്യ ഭോജനത്തിൽ പങ്കെടുത്തുകൊണ്ട്, ക്രിസ്തീയ കുടുംബത്തിലെ വിവിധ അംഗങ്ങൾ ഒരു ശരീരമായിത്തീരുന്നു; ഈ ഒരുമ സഭയുടെ വിശാലതരമായ ഐക്യത്തെ വെളിപ്പെടുത്തുകയും അതിൽ പങ്കുപറ്റുകയും ചെയ്യുന്നു" (വി. ജോൺ പോൾ രണ്ടാമൻ).*

www.malankaralibrary.com


## ഒക്ടോബർ 22 മാർ ഹിലറിയോൻ

പാലസ്തീനായിലെ താബാത്താ എന്ന പ്രദേശത്ത് വിജാതീയ മാതാപിതാക്കൻമാരിൽ നിന്ന് ഹിലരിയോൻ ജനിച്ചു. അലക്സാ ണ്ട്രിയായിൽ വച്ച് അദ്ദേഹം ക്രിസ്ത്യാനിയായി സ്നാനം സ്വീകരിച്ചു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനുശേഷം ലോകസുഖം ഉപേക്ഷിച്ച് താപസജീവിതം നയിച്ചു. ഈജിപ്തിലെ അന്തോണിയോസി നെക്കുറിച്ച് കേട്ടറിഞ്ഞതിനുശേഷം തന്റെ 15-ാം വയസ്സിൽ അദ്ദേഹം വി. അന്തോണിയോസിനോടൊപ്പം ജീവിക്കുന്നതിനായി മരുഭൂമിയി ലേക്ക് പോയി. അവിടെ 2 മാസത്തോളം താമസിച്ചതിനുശേഷം അദ്ദേഹം സ്വഭവനത്തിലേക്ക് തിരികേ പോന്നു. മാതാപിതാക്കളുടെ മരണശേഷം സ്വത്തുക്കളെല്ലാം തന്റെ സഹോദരങ്ങൾക്കും പാവങ്ങൾ ക്കും ദാനം ചെയ്തതിനുശേഷം മരുഭൂമിയിലേക്ക് പോയി. അദ്ദേഹം വളരെ കർശനമായ താപസജീവിതം നയിച്ചു. പ്രലോഭനങ്ങളെയും പാപസാഹചര്യത്തെയും മറികടക്കാൻ വളരെ വലിയ ത്യാഗ പ്രവൃത്തി കൾ അദ്ദേഹം ചെയ്തു. അദ്ദേഹം ഒരു കുടിലിൽ ആണ് 40 വർഷ ത്തോളം താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ പ്രശസ്തി സിറിയായിലും പാലസ്തീനായിലും വ്യാപിച്ചു. അനേകം ആളുകൾ അദ്ദേഹത്തിനോട് പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ആളുകളുടെ എണ്ണം വർദ്ധിച്ച പ്പോൾ അദ്ദേഹം പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി വിജന പ്രദേശങ്ങളിൽ മാറി മാറി താമസിച്ചു. അങ്ങനെ സൈപ്രസിൽ വച്ച് എ.ഡി. 381-ൽ അദ്ദേഹം മരണമടഞ്ഞു.

*വിചിന്തനം:- "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്താ. 5:4).*

## ഒക്ടോബർ 23 ഹിൽപെയുടെ പുത്രനായ യാക്കോബ്

പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായിരുന്നു ഹെൽപ്പെയുടെ പുത്ര നാണ് യാക്കോബ്. ചെറിയ യാക്കോബ് എന്ന് അറിയപ്പെടുന്നു. ചെറിയ യാക്കോബ് ഗലീലിയിലെ കഫർണാമിൽ ജനിച്ചു. ഹൽപ്പ എന്നായി രുന്നു ശ്ലീഹായുടെ പിതാവിന്റെ പേര്. അമ്മയുടെ പേര് മറിയം എന്നാ കാനാണ് സാധ്യത (മത്താ. 27:56).

www.malankaralibrary.com



യാക്കോബിന് 3 സഹോദരന്മാർ ഉണ്ടായിരുന്നു എന്നാണ് പരമ്പ രാഗതമായ വിശ്വാസം. മത്തായി, (മർക്കോ.) ജോസഫ് (യേസെ: മർക്കോ. 27, 56, മർക്കോ. 15:40), ശിമയോൻ എന്നിവരാണ്. ചുങ്കം പിരിക്കുന്ന തൊഴിലാണ് ഏർപ്പെട്ടിരിക്കുന്നത്. 12 പേരിലൊരുവനായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം മറ്റു ശ്ലീഹാന്മാരെപ്പോലെ ചെറിയ യാക്കോബും ഈശോയുടെ സന്തത സഹചാരിയായിരുന്നു. ശ്ലീഹാ പെന്തക്കോസ്താ ദിനത്തിൽ പരി. ആത്മാവിനെ സ്വീകരിച്ച് ജറുസ ലേമിലും തുടർന്ന് സിറിയായിലും സുവിശേഷം പ്രസംഗിച്ചു. ആദ്യത്തെ സാർവ്വത്രിക സുന്നഹദോസ് ജറുസലേമിൽ നടക്കുന്നത് യാക്കോബ് സഭാസമൂഹത്തിന്റെ നേതൃത്വം എടുത്തതിനുശേഷമാണ്.

സിറിയായിലും പ്രേഷിത പ്രവർത്തനം കഴിഞ്ഞ് ജറുസലേമിൽ തിരിച്ചെത്തിയ ശ്ലീഹായെ യഹൂദർ കല്ലെറിഞ്ഞു കൊന്നു എന്ന് പ്രബ ലമായ രക്തസാക്ഷിത്വം സംബന്ധിച്ചുള്ള വിശ്വാസം. സുറിയാനി സഭയിലെ പ്രവർത്തനത്തിനിടയിൽ ശത്രുക്കൾ ശ്ലീഹായെ കുരിശിൽ തറച്ചുകൊന്നു എന്ന പാരമ്പര്യവും നിലനിൽക്കുന്നു. ഒരു പ്രത്യേക രാജ്യത്തിന്റെയും മദ്ധ്യസ്ഥനായി അറിയപ്പെടാത്ത ശ്ലീഹാ പേരില്ലാ ത്തവരുടെ വിശുദ്ധനായാണ് വണങ്ങപ്പെടുന്നത്. യാക്കോബിന്റെ കാതോലിക്ക ലേഖനത്തിലൂടെ ഈശോയോടുള്ള വിശ്വാസത്തിൽ സ്ഥിരതയുള്ളവയായിരിക്കുവാൻ ശ്ലീഹാ ക്രിസ്ത്യാനികളെ ഉദ്ബോ ധിപ്പിക്കുന്നു.

*വിചിന്തനം: "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ. 6:36).*